# സഭയും സംവേദനവും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ദിവ്യബോധനം പബ്ലിക്കേഷൻസ്
ഓർത്തഡോക്സ് സെമിനാരി
കോട്ടയം - 686 001

വില: 100.00

(Malayalam)

**Sabhayum Samvedhanavum**

(Church, Media & Communication)

**Fr. Dr. John Thomas Karingattil**

Orthodox Seminary, Kottayam - 686001

| | | |
|---|---|---|
| Published by | : | **Divyabodhanam Publications**<br>Orthodox Seminary, P.B. 98, Kottayam |

Copyright reserved

| | | |
|---|---|---|
| First Published | : | January 2003 |
| Second Edition | : | November 2018 |
| Number of copies | : | 1000 |
| Available at | : | Orthodox Seminary and Other Christian Bookshops. |
| D.T.P. & Printing | : | Sophia Print House, Kottayam |

Price: **Rs. 100/-**

# പ്രസ്താവന

ജീവന്റെ സർവ്വതല സ്പർശിയായ സ്പന്ദനമാണ് സംവേദനം (Communication). ജീവജാലങ്ങൾക്കുണ്ടാകുന്ന എല്ലാവിധ അനുഭവങ്ങളും പരസ്പരമുള്ള എല്ലാ ജൈവ വിനിമയങ്ങളും സംവേദനത്തിന്റെ മേഖലയിൽ വരുന്നു.

ബോധപൂർവ്വമായ മനുഷ്യ സംവേദനത്തിലൂടെ സമൂഹത്തിനുണ്ടാകുന്ന മാറ്റങ്ങളും വ്യക്തികൾക്ക് അതിലുള്ള പങ്കും സവിശേഷമായ പഠനത്തിന് വിധേയമായിട്ടുണ്ട്. ഒരേ സമയം കലയും ശാസ്ത്രവുമായ സംവേദന പ്രക്രിയയുടെ മാധ്യമങ്ങൾ നിരവധിയാണ്. അവയുടെ സാമ്പത്തികവും സാങ്കേതികവുമായ മാനങ്ങളും ഇന്നത്തെ ആഗോളവൽകൃത ലോകത്തിൽ പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു.

സംവേദന കലയുടെ ക്രിസ്തീയവും നൈതികവുമായ വശങ്ങളാണ് ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ഇവിടെ മുഖ്യമായും ചർച്ച ചെയ്യുന്നത്. ഈ വിഷയത്തിൽ സുദൃഢമായ പരിശീലനവും പ്രതിബദ്ധതയുമുള്ള അച്ചൻ തയ്യാറാക്കിയ ഈ പുസ്തകം 'ദിവ്യബോധനം' ഡിഗ്രി തലത്തിൽ പാഠപുസ്തകമായിട്ടാണ് ഉദ്ദേശിച്ചതെങ്കിലും അതിനപ്പുറത്ത് വ്യാപകമായ പ്രചാരം ഇതിന് ലഭിക്കേണ്ടതാണ്. മലയാളത്തിൽ, ഈ വിഷയം സംബന്ധിച്ച് ഇത്ര സമഗ്രമായി ക്രിസ്തീയ വീക്ഷണത്തിൽ തയ്യാറാക്കിയ മറ്റൊരു ഗ്രന്ഥം ഉണ്ടെന്ന് തോന്നുന്നില്ല. നല്ല എഴുത്തുകാരനും സംവേദകനുമായ കരിങ്ങാട്ടിൽ അച്ചൻ ഈ വിഷയത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇപ്പോൾ ഉപരി ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണ്.

യേശുക്രിസ്തുവിൽ സംഭവിച്ച ദൈവത്തിന്റെ മനുഷ്യാവതാരത്തെ അതുല്യമായ ദിവ്യസംവേദനമായി സഭാപാരമ്പര്യം വ്യാഖ്യാനിക്കുന്നു. നമ്മുടെ ആരാധനാക്രമത്തിൽ പറയുന്നതുപോലെ സ്വർഗ്ഗത്തേയും ഭൂമിയേയും സ്വജാതിയേയും വിജാതിയേയും ആത്മാവിനേയും ശരീരത്തേയും തമ്മിൽ സംയോജിപ്പിച്ചത് ഈ ദിവ്യസംവേദനമാണ്. Communication എന്ന പദം ലത്തീൻ ഭാഷയിലെ Communio എന്ന വാക്കുമായി മൗലിക ബന്ധമുള്ളതാണ്. Communio എന്നാൽ ഗാഢമായ സംസർഗ്ഗമാണ്. വിശുദ്ധ കുർബാനാനുഭവത്തിനും സഭയുടെ ആഴമായ കൂട്ടായ്മയ്ക്കും വിശ്വാസികളുടെ സ്നേഹപൂർണ്ണമായ പാരസ്പര്യത്തിനും എല്ലാം ഈ വാക്കാണ് ഉപയോഗിക്കുന്നത്. ഇതേ അർത്ഥമാണ് വേദപുസ്തകത്തിൽ ഉപയോഗിക്കുന്ന Koinonia എന്ന ഗ്രീക്ക് പദത്തിന്.

മേൽപ്പറഞ്ഞ മൂന്നു പദങ്ങളുടെയും അന്തിമ ധർമ്മം (അതി ശ്രേഷ്ഠമായ) സമൂഹത്തെ (Community) സൃഷ്ടിക്കുക എന്നതാണ്. അപ്പോൾ നമ്മുടെ കാലഘട്ടത്തിൽ Communication (സംവേദനം) എന്ന പ്രക്രിയയെ വിലയിരുത്താൻ നാം ഉപയോഗിക്കേണ്ട അന്തിമ മാനദണ്ഡം, അത് എത്രമാത്രം സാമൂഹികവൽക്കരണത്തിനും മനുഷ്യാനുരഞ്ജന ത്തിനും സർവ്വ സൃഷ്ടിയുടെയും ഐക്യത്തിനും ഉതകുന്നു എന്നതാണ്. നമ്മുടെ ഭാഷണ ശൈലി തൊട്ട് ടെലിവിഷനും ഇന്റർനെറ്റും വരെയുള്ള സംവേദന സങ്കേതങ്ങളെയും മാധ്യമങ്ങളേയും വിലയിരുത്താനും തിരു ത്താനുമുള്ള നമ്മുടെ നൈതികായുധവും ഈ സമവായ സംവേദന ദർശ നമാണ്.

ഇത്രയും കുലീനമായ ഒരു ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ നമ്മുടെ സംവേദകരെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന കരിങ്ങാ ട്ടിലച്ചന്റെ ഈ പുസ്തകം സന്തോഷപൂർവ്വം ഞങ്ങൾ പ്രകാശനം ചെയ്യുന്നു.

**ഫാ. ഡോ. കെ. എം. ജോർജ്**

(പ്രസിഡന്റ്, ദിവ്യബോധനം)

പഴയസെമിനാരി
ജനുവരി 26, 2003

# പ്രസാധകക്കുറിപ്പ്

**മാ**ധ്യമങ്ങൾ സമൂഹത്തെ നയിക്കുവാൻ ശക്തി നേടിയിരിക്കുന്നു. മാധ്യമങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആധിപത്യം പുലർത്തുകയാണ്. അവയുടെ സ്വാധീനങ്ങൾ ഗുണപരവും നിഷേധപരവുമായി ധാരാളമുണ്ട്. മാധ്യമങ്ങളുടെ സ്വാധീനം എല്ലാ ആദ്ധ്യാത്മിക ജീവിതത്തെയും അതിശക്തമായി പരിവർത്തനപ്പെടുത്തുന്നു. സഭാജീവിതത്തിലും അജപാലന ശുശ്രൂഷയിലും മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സ്വാധീനവും വിള്ളലുകളും അനവധിയാണ്. മതം, സംസ്കാരം, ജീവിതം എന്നിവയിൽ മാധ്യമങ്ങൾ പുലർത്തുന്ന സമകാലിക സമീപനങ്ങൾ വിശകലനം ചെയ്യുന്ന പഠനമാണ് ദിവ്യബോധനം ഗ്രന്ഥാവലിയിലെ 29–ാമത്തെ പുസ്തകമായ 'സഭയും സംവേദനവും'.

നാലു യൂണിറ്റുകളിലായി സംവേദന പഠനത്തിന്റെ വിവിധ ദർശനങ്ങൾ ഇതിൽ സമഗ്രമായി അവതരിപ്പിച്ചിരിക്കുന്നു. സംവേദനത്തിന്റെ വിവിധ സമീപനങ്ങൾ, സംവേദനം: ക്രൈസ്തവ കാഴ്ചപ്പാടിൽ, സഭയും സംവേദനവും, സഭയും മാധ്യമങ്ങളും എന്നീ പ്രധാന വിഷയങ്ങൾ അടിസ്ഥാനമാക്കിയാണ് ഇരുപത്തിനാല് പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. സംവേദനത്തിന്റെ വേദശാസ്ത്രപരവും വേദപുസ്തകാധിഷ്ഠിതവുമായ ദർശനങ്ങൾ വിശദീകരിച്ച് സഭാജീവിതത്തിലും അജപാലന ശുശ്രൂഷാരംഗത്തും സംവേദനം എങ്ങനെ ക്രിയാത്മകവും ഫലപ്രദവുമായി ഉപയോഗിക്കാമെന്ന് വിശദീകരിക്കുന്നതോടൊപ്പം മാധ്യമങ്ങൾ സഭയിലും സമൂഹത്തിലും സംസ്കാരത്തിലും സൃഷ്ടിക്കുന്ന പുത്തൻ സ്വാധീനങ്ങളും രൂപപ്പെടുത്തുന്ന കമ്പോള മൂല്യങ്ങളും അവയോട് പ്രതികരിക്കേണ്ടതിന്റെ ആവശ്യകതയും ശക്തമായ ഭാഷയിൽ ഈ ഗ്രന്ഥത്തിൽ വിശകലനം ചെയ്തിട്ടുണ്ട്. മാധ്യമങ്ങളെ പുനർവായനയ്ക്കു വിധേയമാക്കി, അജപാലന സഭാ ശുശ്രൂഷാ രംഗത്ത് അവയെ വിമർശനപൂർവ്വം സമീപിക്കുവാനും ഗുണപരമായി പ്രയോജനപ്പെടുത്തുവാനും ബദൽ മാധ്യമ വിഭവങ്ങൾ രൂപപ്പെടുത്തുവാനും ഈ കൃതി ആഹ്വാനം ചെയ്യുന്നു.

ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനായ ബഹു. ജോൺ തോമസ് കരിങ്ങാട്ടിൽ അച്ചന്റെ നിരന്തരമായ പഠനത്തിന്റെ പ്രതിഫലനമാണ് ഇതിലെ ചിന്താധാരകൾ. സംവേദന പഠന രംഗത്ത് ഇത്തരത്തിൽ മലയാളത്തിലുണ്ടാകുന്ന ആദ്യ കൃതിയാണിത് (2003). ദിവ്യബോധനം പഠിതാക്കൾക്കും ദൈവശാസ്ത്ര ബിരുദ വിദ്യാർത്ഥികൾക്കും മാധ്യമ പഠിതാക്കൾക്കും പ്രയോജനപ്പെടത്തക്ക രീതിയിലാണ് ഇത് ആവിഷ്കരിച്ചിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ ആദ്യ പതിപ്പ് മുഴുവനും വായിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ ബഹു. ഡോ. റ്റി. ജെ. ജോഷ്വാ

അച്ചനോടുള്ള നന്ദി അറിയിക്കുന്നു. ഇത് പരിഷ്ക്കരിച്ചു വിപുലപ്പെടുത്തിയ പതിപ്പാണ്. ദിവ്യബോധനം പഠിതാക്കൾക്കും മാധ്യമ പഠന വിദ്യാർത്ഥികൾക്കും ഈ ഗ്രന്ഥം പ്രയോജനപ്പെടും.

ദിവ്യബോധനം പഠന പദ്ധതിയുടെ പ്രസിഡന്റും വൈദിക സെമിനാരി പ്രിൻസിപ്പലുമായ ബഹു. ഡോ. ഒ. തോമസ് അച്ചന്റെ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നന്ദിയോടെ സ്മരിക്കുന്നു. ദിവ്യബോധനം പദ്ധതിയുടെ മുഖ്യചുമതല നിർവ്വഹിക്കുന്ന സെമിനാരി ഫാക്കൽറ്റിക്കും രജിസ്ട്രാർക്കും നന്ദി. ഇതിന്റെ അച്ചടി നിർവ്വഹിച്ച സോഫിയാ പ്രിന്റ് ഹൗസിനോടുള്ള നന്ദി അറിയിക്കുന്നു. ദിവ്യബോധനം പഠിതാക്കൾക്കും മാധ്യമ പഠനം ഗൗരവമായെടുക്കുന്നവർക്കുമായി ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

**ഫാ. കെ. വി. ഏലിയാസ്**
(കോ-ഓർഡിനേറ്റർ, ദിവ്യബോധനം)

കോട്ടയം
ഒക്ടോബർ 30, 2018

# വാങ്മുഖം

സഭ, സമൂഹം, മാധ്യമം എന്നിവയുടെ പാരസ്പര്യത വിശകലനം ചെയ്യുന്ന ആമുഖ പഠനമാണ് 'സഭയും സംവേദനവും.' മാധ്യമങ്ങൾ സഭയിലും സമൂഹത്തിലും സൃഷ്ടിക്കുന്ന സ്വാധീനവും മാധ്യമ സംസ്കാര പശ്ചാത്തലത്തിൽ അർത്ഥവത്തായ സഭാ ദൗത്യവും ഇതിൽ അന്വേഷിക്കുന്നു. ആഗോളവത്കരണത്തിന്റെ സംക്രമണത്തിനും ഉത്തരാധുനിക സമൂഹത്തെ സൃഷ്ടിക്കുന്നതിനും ശക്തി പകരുന്നത് 'ആഗോള മാധ്യമങ്ങളാണ്.' മാധ്യമങ്ങളുടെ ആഗോളവത്കരണം വികസിത രാജ്യങ്ങളുടെ കുത്തകയാണ് ശക്തിപ്പെടുത്തുന്നത്. എന്നാൽ വികസ്വര രാജ്യങ്ങളിൽ പുത്തൻ സംവേദന ക്രമങ്ങൾ അസമത്വവും സംഘർഷവുമാണ് വളർത്തുന്നത്. വികസിത രാജ്യങ്ങളിലെ ഏകദിശാ സ്വഭാവമുള്ള സംവേദനക്രമം സാംസ്കാരിക അധീശത്വ മൂല്യങ്ങൾ അടിച്ചേൽപ്പിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ അന്തസ്സും മഹത്ത്വവും ആളത്ത്വവും മാധ്യമങ്ങൾ ശിഥിലമാക്കുന്നു. സാമൂഹിക മാധ്യമങ്ങൾ ശക്തിപ്പെട്ടതോടെ സംവേദന തലങ്ങൾ വിവിധ തരത്തിൽ ധ്രുവീകരിക്കപ്പെടുകയും വക്രീകരിക്കപ്പെടുകയും ചെയ്യുന്നു.

സംവേദനം ദൈവത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. ദൈവ – മനുഷ്യ കൂട്ടായ്മ നിലനിർത്തുന്നതിനായി ദൈവം മനുഷ്യനായി. അതിനാൽ മനുഷ്യാവതാര പ്രക്രിയയിൽ പങ്കുചേർന്ന് സഭാദൗത്യവും സാമൂഹിക ഇടപെടലും നീതിപൂർവ്വവും ഫലപ്രദവുമായി നിർവ്വഹിക്കുകയാണ് ക്രിസ്തീയ സംവേദനത്തിന്റെ ലക്ഷ്യം. ആളത്വത്തിന്റെയും സമൂഹത്തിന്റെയും സമ്പൂർണ്ണ വികസനവും വിമോചനവും രൂപാന്തരവും ശക്തീകരണവും സൃഷ്ടിക്കുന്ന (Social Transformation and empowerment) സംവേദന ദർശനവും മാതൃകയും സംവേദന പഠനത്തിൽ രൂപപ്പെടണം. അതിനുള്ള പ്രാഥമിക അന്വേഷണമാണ് ഈ ഗ്രന്ഥത്തിന്റെ അന്തർധാര. സാമൂഹിക ശാസ്ത്രവും വേദശാസ്ത്രവും സമന്വയിപ്പിച്ചുള്ള സംവേദന ദൈവശാസ്ത്രത്തിന്റെ അടിത്തറ രൂപപ്പെടുത്തുവാനുള്ള ദൗത്യമാണ് വേദശാസ്ത്ര സംവേദന പഠനത്തിനുള്ളത്.

ദിവ്യബോധനം പഠിതാക്കളെ ലക്ഷ്യമാക്കി തയ്യാറാക്കിയ ഈ ഗ്രന്ഥത്തിൽ സെറാംമ്പൂർ സർവ്വകലാശാലയുടെ ബി. ഡി. ബിരുദ തലത്തിലുള്ള പാഠ്യപദ്ധതിയാണ് സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ചില അദ്ധ്യായങ്ങൾ സാധാരണക്കാർക്ക് അപ്രസക്തവും അപ്രാപ്യവുമായി തോന്നാം. സാമൂഹികശാസ്ത്ര വിഷയങ്ങളും പ്രശ്നങ്ങളും സഭകൾ ഗൗരവമായി പരിഗണിക്കണമെന്ന ആഗ്രഹം കൊണ്ടാണ് അവ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സംവേദന പഠനങ്ങൾ വിശകലനം ചെയ്യുന്ന മലയാള ഗ്രന്ഥങ്ങൾ

അധികമില്ല. എന്നാൽ ഇംഗ്ലീഷിൽ നിരവധി ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്ന ചിന്തകൾ നിരവധി ഇംഗ്ലീഷ് പുസ്തകങ്ങൾ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയത്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സർവ്വേകളും വിശകലനങ്ങളും വിവിധ പഠനങ്ങൾക്കായി ലേഖകൻ തയ്യാറാക്കിയതിന്റെ സംക്ഷിപ്ത രൂപങ്ങളാണ്. ഭാഷ ലളിതമാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. വിഷയം അത്ര എളുപ്പം ലളിത മലയാളത്തിന് വഴങ്ങാത്ത സന്ദർഭങ്ങളിൽ സാങ്കേതിക ഭാഷാപ്രയോഗം ക്ലിഷ്ടത സൃഷ്ടിക്കുന്നുണ്ട്. വാക്കുകളുടെ ആവർത്തനം സമാനമായ പദങ്ങളുടെ അഭാവത്താൽ സംഭവിച്ചതാണ്. കൂടുതൽ പഠനത്തിനും വായനയ്ക്കുമായി പുസ്തകങ്ങളുടെ സംക്ഷിപ്ത പട്ടിക നല്കിയിട്ടുണ്ട്.

പഠനത്തെ നിരന്തരം പ്രോത്സാഹിപ്പിച്ച ഭാഗ്യസ്മരണാർഹനായ ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയെ (1938–2018) ഹൃദയപൂർവ്വം സ്മരിച്ച് ഈ കൃതിയുടെ പുതിയ പതിപ്പ് ആദരപൂർവ്വം സമർപ്പിക്കുന്നു. സംവേദന പഠനത്തിന് നിയോഗിച്ച കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ വന്ദ്യ ഗുരുക്കന്മാർ, സംവേദന ദർശനങ്ങൾ പകർന്ന മദ്രാസ് ക്രിസ്ത്യൻ കോളജിലേയും, മധുര തമിഴ്നാട് തിയോളജിക്കൽ സെമിനാരിയിലെയും അദ്ധ്യാപകർ, സംവേദനത്തിന്റെ സാമൂഹികശാസ്ത്രം വിശകലനം ചെയ്തുതന്ന ഡോ. രാജൻ ഗുരുക്കൾ, ഡോ. എ. കെ. രാമകൃഷ്ണൻ എന്നിവരോട് വളരെ കടപ്പെട്ടിരിക്കുന്നു.

ഈ പുസ്തകത്തിന്റെ രചനയ്ക്ക് പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ ഓർത്തഡോക്സ് സെമിനാരി മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. കെ. എം. ജോർജ്, ദിവ്യബോധനം മുൻ കോ-ഓർഡിനേറ്റർ ഫാ. സി. സി. ചെറിയാൻ എന്നിവരോട് നന്ദിയും ആദരവുമുണ്ട്. രണ്ടാം പതിപ്പിന്റെ പ്രസിദ്ധീകരണം സുഗമമാക്കിയ ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ്, ദിവ്യബോധനം കോ-ഓർഡിനേറ്റർ ഫാ. കെ. വി. ഏലിയാസ് എന്നിവർക്കും നന്ദി. ഇതിന്റെ പൂർത്തീകരണം നിർവ്വഹിച്ച ജോയ്സ് തോട്ടയ്ക്കാട്, പുസ്തകം ആകർഷകമാക്കുവാൻ സഹായിച്ച സഹധർമ്മിണി അഡ്വ. ഡോ. ജെയ്സി കരിങ്ങാട്ടിൽ, പ്രസിദ്ധീകരണം ഏറ്റെടുത്ത ദിവ്യബോധനം പബ്ലിക്കേഷൻസ് എന്നിവരോടുമുള്ള നന്ദി പ്രകാശിപ്പിച്ച് ഈ കൃതി സവിനയം സമർപ്പിക്കുന്നു.

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**

'ബോധി', പന്തളം
2 നവംബർ 2018

# ഉള്ളടക്കം


പ്രസ്താവന 3
പ്രസാധകക്കുറിപ്പ് 5
വാങ്മുഖം 7

**യൂണിറ്റ് 1 സംവേദനം: വിവിധ സമീപനങ്ങൾ**

1. ആശയ സംവേദനം: മുഖവുര 11
2. സംവേദന പ്രക്രിയയിലെ ഘടകങ്ങൾ 22
3. സംവേദന തലങ്ങൾ 33
4. ഭാഷാതീത സംവേദനം 48
5. സംവേദന ലക്ഷ്യങ്ങൾ 60
6. സംവേദന തടസ്സങ്ങളും പ്രതിവിധികളും 67

**യൂണിറ്റ് 2 സംവേദനം: ക്രൈസ്തവ കാഴ്ചപ്പാടിൽ**

1. സംവേദനം ബൈബിളിൽ 79
2. യേശുവിന്റെ സംവേദന സമ്പ്രദായങ്ങൾ 90
3. സംവേദന ദൈവശാസ്ത്രം 102
4. സംവേദനത്തിലെ ക്രിസ്തീയ തത്ത്വങ്ങൾ 113
5. സംവേദനം സഭയുടെ കാഴ്ചപ്പാടുകൾ 122
6. ആരാധനയിലെ സംവേദനശൈലികൾ 135

**യൂണിറ്റ് 3 സഭയും സംവേദനവും**

1. സംവേദനവും മനുഷ്യമഹത്ത്വവും 149
2. സംവേദനം പ്രസംഗകലയിൽ 158
3. സംവേദനവും വിദ്യാഭ്യാസവും 172
4. സഭയും മാധ്യമ ബോധനവും 184
5. സംവേദനവും നേതൃത്വവും 194
6. മലങ്കരസഭയും സംവേദനവും 204

**യൂണിറ്റ് 4 സഭയും മാധ്യമങ്ങളും**

1. ബഹുജനമാധ്യമങ്ങൾ 219
2. മാധ്യമങ്ങളും മൂല്യങ്ങളും 229
3. സഭയും മാധ്യമ സംസ്ക്കാരവും 240
4. മാധ്യമങ്ങളിലെ സ്ത്രീ പ്രതിച്ഛായ 249
5. ഉത്തരാധുനികതയും മാധ്യമങ്ങളും 258
6. മാധ്യമ സ്വാധീനം പുതു തലമുറയിൽ 273

**Select Bibliography** 291



# യൂണിറ്റ് 1

# സംവേദനം: വിവിധ സമീപനങ്ങൾ

## പാഠം 1

## ആശയസംവേദനം: മുഖവുര

❑ സംവേദനം: പദവിശകലനം ❑ സംവേദനം: നിർവ്വചനങ്ങൾ ❑ സംവേദന ധർമ്മങ്ങൾ

പ്രപഞ്ചത്തിന്റെ ഉത്പത്തി മുതൽ സംവേദനം ആരംഭിച്ചു. എല്ലാ തലമുറകളിലും അനുസ്യൂതം നടക്കുന്ന പ്രക്രിയയാണിത്. മനുഷ്യരും, മൃഗങ്ങളും, ജീവജാലങ്ങളും ഇതിൽ പങ്കുചേരുന്നു. സംവേദനം അവശ്യഘടകവും നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതവുമാണ്. മനുഷ്യജീവിതത്തിന് ഭക്ഷണം, പാർപ്പിടം, വസ്ത്രം, വെള്ളം, ശുദ്ധവായു എന്നതുപോലെ അനിവാര്യമായ ഒന്നാണ് സംവേദനം. ഇത് ജീവിതത്തെ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യ ബന്ധങ്ങൾ സൃഷ്ടിക്കുന്നതും പരിരക്ഷിക്കുന്നതും പരസ്പരമുള്ള സംവേദനം വഴിയാണ്. നൈസർഗ്ഗികമായി വികാര വിചാരങ്ങൾ വിനിമയം ചെയ്യുവാൻ ദൈവം നൽകിയിട്ടുള്ള വരസിദ്ധിയാണിത്.

സംവേദനത്തിന്റെ പ്രാരംഭം ദൈവത്തിൽ നിന്നുമാണ്. സൃഷ്ടി വിവരണത്തിൽ: 'ആഴത്തിന്മീതേ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു' (ഉത്പത്തി 1:2) എന്നു വെളിപ്പെടുത്തുന്നു. ഭാരതീയ പാരമ്പര്യത്തിൽ എല്ലാറ്റിനും മുമ്പെ വചനം (Word) കേൾക്കപ്പെട്ടതായി പഠിപ്പിക്കുന്നു. വചനം അഥവാ ഓം, 'ശബ്ദ ബ്രഹ്മൻ' ആണ്. ഇത് ദൈവിക വചനമാണ്. സംവേദനത്തിന്റെ ഉത്ഭവസ്ഥാനം മതങ്ങൾ നിർണ്ണയിക്കുന്നത് ദൈവത്തിൽ നിന്നുമാണ്. ആദിയിൽ കേൾക്കപ്പെട്ട വചനം സ്വീകരിച്ചത് ആരെന്ന് വ്യക്തമല്ലെങ്കിലും വചനം ദൈവികമായിരുന്നു. അതിന് ജീവനുണ്ടായിരുന്നു. ജീവൻ നൽകുവാനുള്ള ചാലക ശക്തിയും ലഭ്യമായിരുന്നു (യോഹ. 1:1).

സംവേദനം ജീവിതത്തെ നിലനിർത്തുകയും കർമ്മനിരതമാക്കുകയും ചെയ്യുന്നു. അത് സാമൂഹിക - സാംസ്കാരിക ആദ്ധ്യാത്മിക രംഗത്തേക്കുള്ള സർഗ്ഗശക്തിയും ആവിഷ്കാരവുമാണ്. മനുഷ്യ നിലനിൽപ്പു മുതൽ സർഗ്ഗാത്മകതയുടെ അത്യുച്ചതലം വരെ എല്ലാ വികാര വിചാര

ങ്ങളെയും സംക്രമിപ്പിക്കുവാൻ സംവേദനത്തിനു സാധിക്കുന്നു. പ്രാകൃത യുഗത്തിൽ മനുഷ്യർ തീപ്പന്തങ്ങൾ തെളിച്ചും പുകപടലങ്ങൾ ഉയർത്തിയും പെരുമ്പറകൾ മുഴക്കിയും സംവേദനം നടത്തി. പൊട്ടിച്ചിരികളും അട്ടഹാസങ്ങളും ആക്രോശങ്ങളും വിനിമയോപാധികളാക്കി. ക്രമേണ ആംഗ്യങ്ങൾക്കും ശബ്ദങ്ങൾക്കും അടുക്കും ചിട്ടയും വന്നതോടെ ഭാഷ രൂപംകൊണ്ടു. അതോടെ വിനിമയ സങ്കേതങ്ങൾക്ക് പുതിയ രൂപഭാവങ്ങളുണ്ടായി. പ്രാരംഭഘട്ടത്തിൽ സംവേദനം സാദ്ധ്യമായത് ചെറിയ ചെറിയ സമൂഹങ്ങളിലായിരുന്നു. ആംഗ്യത്തിലൂടെയും ചേഷ്ടകളിലൂടെയും സ്വരത്തിലൂടെയും നടത്തിയ സംവേദനം പിന്നീട് പുതിയ തലങ്ങളിലേക്കുയർന്നു.

പല നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ സംവേദനം ശബ്ദങ്ങളിൽ നിന്നും ചിഹ്നങ്ങളിലേക്കു മാറി. വിനിമയ പ്രക്രിയയിൽ വരകൾ, ചിത്രങ്ങൾ, അക്ഷരങ്ങൾ എന്നിവ സ്ഥാനം പിടിച്ചു. വാക്കുകൾ വാചകങ്ങളാകുവാനും അവയ്ക്ക് നിർദ്ദിഷ്ട രൂപങ്ങളുണ്ടാക്കി സംവേദനം ഏകീകരിക്കുവാനും ശ്രമങ്ങൾ നടന്നു.

വ്യാകരണ - ഭാഷാശാസ്ത്ര നിയമങ്ങൾ ഉണ്ടാകുന്നതും പദാവലികൾ ക്രോഡീകരിച്ച് നിഘണ്ടു നിർമ്മിക്കുന്നതും എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞാണ്. വാമൊഴി - വരമൊഴികളിൽ കൂടിയുള്ള സംവേദനത്തിന് പുത്തൻ രൂപവും ഭാവവും ലഭിക്കുന്നത് അച്ചടി യന്ത്രത്തിന്റെ വരവോടെയാണ്. ഇത് മതസമൂഹങ്ങളിൽ വ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിച്ചു. മതമേധാവികളും പുരോഹിതവർഗ്ഗങ്ങളും ആധിപത്യം ഉറപ്പിച്ചിരുന്ന വേദജ്ഞാനവും ധർമ്മശാസ്ത്ര വിജ്ഞാനവും അച്ചടിച്ച് സാധാരണക്കാരിൽ എത്തിച്ചതോടെ അവ ജനകീയ സ്വഭാവം നേടുവാൻ തുടങ്ങി. ജ്ഞാനം എല്ലാവർക്കും ലഭ്യമായത് സമൂഹത്തിൽ നവോത്ഥാന പ്രക്രിയയ്ക്ക് ആരംഭം കുറിച്ചു.

അച്ചടി മാധ്യമം, 'അറിവിന്റെ ലോകം' മാനവ സമൂഹത്തിന് വെളിപ്പെടുത്തി. ഇത് മതങ്ങളിൽ നവീകരണം സൃഷ്ടിച്ചു. സാമൂഹിക രാഷ്ട്രീയ രംഗത്ത് മാറ്റം വരുത്തിയ ഫ്രഞ്ച് വിപ്ലവം, സാഹിത്യ - സംസ്കാരങ്ങളിലുണ്ടായ 'ബോധദീപ്തി' പ്രസ്ഥാനങ്ങൾ, 'വ്യവസായ വിപ്ലവം' തുടങ്ങിയവ അച്ചടി മാധ്യമം വഴി സംവേദന രംഗത്തുണ്ടാക്കിയ വിപ്ലവകരമായ വ്യതിയാനങ്ങളാണെന്ന് സാമൂഹിക ശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നു.

18-ാം നൂറ്റാണ്ടു മുതൽ സംവേദന രംഗത്ത് നിരവധി കുതിച്ചു ചാട്ടങ്ങൾ നടന്നു. അച്ചടി, പത്രമാധ്യമം, റേഡിയോ, സിനിമ, വീഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയ പുതിയ

പുതിയ സങ്കേതങ്ങൾ വഴിയുള്ള സംവേദന പ്രക്രിയ സുസാധ്യമാക്കിയിരിക്കുകയാണ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളാണ് (1980 - 2010) സംവേദന കാലഘട്ടത്തിലെ ഏറ്റവും അതിശക്തമായ ഘട്ടം. അച്ചടി മാധ്യമത്തിൽ നിന്നും (1450) ഇന്റർനെറ്റ് (1995) തരംഗങ്ങളിലേക്ക് ആശയ വിനിമയ പ്രക്രിയ അതിശീഘ്രം എത്തിയപ്പോൾ വിജ്ഞാന വ്യാപനത്തിന് പ്രകാശ വേഗതയായി. ആഗോള കമ്പ്യൂട്ടർ ശൃംഖലകൾ ലോകത്തെ ചെറുതാക്കി. പ്രപഞ്ചത്തിനു ചുറ്റും നിർമ്മിച്ച 'കമ്പ്യൂട്ടർ വല' അറിയിപ്പ്, വിജ്ഞാനം, വിനോദം, വിശകലനം എന്നിവ എല്ലാം നിമിഷങ്ങൾക്കുള്ളിൽ ലഭ്യമാക്കുന്നു. സംവേദന രംഗത്തുണ്ടായ ഈ പ്രതിഭാസമാണ് 'മാധ്യമ സമൂഹ'ത്തെ സൃഷ്ടിക്കുന്നത്. സംവേദന രംഗത്ത് ജനകീയത സൃഷ്ടിച്ച സാമൂഹിക മാധ്യമങ്ങൾ 2010 മുതൽ അതിശക്തമായ സ്വാധീനമാണ് യുവജന-വിദ്യാർത്ഥികളിൽ സൃഷ്ടിച്ചിരിക്കുന്നത്.

പ്രാരംഭഘട്ടത്തിൽ വളരെ ചെറിയ തലങ്ങളിൽ മാത്രം നിലനിന്ന സംവേദനം ഇപ്പോൾ ആഗോള തലത്തിലായി. ഇതിന്റെ ഗുണഭോക്താക്കളായി വ്യക്തികൾ. സംവേദനം 'മനുഷ്യരാശിയുടെ ഉത്ഭവം മുതൽ നടക്കുന്ന പ്രക്രിയയാണ്.' എന്നാൽ ഇരുപത്തിയൊന്നാം നൂറ്റാണ്ട് എത്തിയതോടെ സംവേദനം, മനുഷ്യർ തമ്മിലുള്ള സമ്പർക്കത്തേക്കാൾ കമ്പ്യൂട്ടർ ശൃംഖലകളിലുള്ള യന്ത്ര വിനിമയ പ്രക്രിയകളായി രൂപാന്തരപ്പെട്ടു. സംവേദന രംഗത്ത് റോബോർട്ടുകളും മെഷിൻ ലേണിങ്ങും എല്ലാം പുത്തൻ സാന്നിധ്യമായി. ഇവിടെ സാങ്കേതികതയുടെ മധ്യവർത്തിത്വം ആവശ്യമായി വരുന്നു.

ഭൂരിപക്ഷം ജനങ്ങളും പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്ന ഇന്ത്യ പോലും കാളവണ്ടി യുഗത്തിൽ നിന്നും സൈബർ കമ്പോളത്തിലേക്ക് (Bullock Cart to Cyber Mart) കുതിക്കുകയാണെന്ന് പ്രശസ്ത മാധ്യമ നിരീക്ഷകരായ അരവിന്ദ് സിംഗാളും ഇ. എം. റോജേഴ്സും (2001) പറയുന്നുണ്ട്. അത്രമാത്രം ദ്രുതഗതിയായി സംവേദന പ്രക്രിയ. ഇന്ത്യയിൽ 'ഡിജിറ്റൽ ഇന്ത്യ' എന്ന മുദ്രാവാക്യത്തോടെ നടപ്പാക്കിയ പദ്ധതികൾ എല്ലാം ഇന്റർനെറ്റ് അധിഷ്ഠിതമായതാണ്. ജീവിതത്തിന്റെ സമസ്ത മേഖലയിലും നവീന സാങ്കേതിക സംവിധാനങ്ങൾ നിത്യ സാന്നിധ്യമായി. എന്നാൽ വേഗത, വ്യക്തത, സൂക്ഷ്മത എന്നിവ സൃഷ്ടിക്കുന്ന വിവരസാങ്കേതിക സംസ്കാരം ഗുരുതരമായ അസമത്വങ്ങളും അസന്തുലിതാവസ്ഥയും സംവേദനരംഗത്ത് നിലനിർത്തുന്നു. ഇവയുടെ സാധ്യതകളും പ്രശ്നങ്ങളും സൂക്ഷ്മമായി മാധ്യമ വിദഗ്ധർ പഠിക്കുന്നുണ്ട്.

## സംവേദനം - പദവിശകലനം

'കമ്മ്യൂണിക്കേഷൻ' എന്നത് മലയാള പദമായി തീർന്ന ഇംഗ്ലീഷ് വാക്കാണ്. ഇതിന്റെ ഉത്ഭവം 'കമ്മ്യൂണിസ്' (നാമം) - കമ്മ്യൂണിക്കേ (ക്രിയ) - എന്ന ലത്തീൻ പദത്തിൽ നിന്നാണ്. ഇതിന് താദാത്മ്യം, പൊരുത്തം, പൊതുഐക്യം, പൊതുവായത് എന്ന് അർത്ഥം. സംവാദം, സംവേദനം, സംഭാഷണം, പങ്കിടീൽ, സംസ്സർഗ്ഗം, കൂട്ടായ്മ, സാധാരണത്വം എന്നും വിവക്ഷിക്കാം.

സംവേദനം, ആശയ വിനിമയം, ആശയ സംവേദനം, വാർത്താവിനിമയം, ഗതാഗത വിനിമയം, ഭാവവിനിമയം എന്നും കമ്മ്യൂണിക്കേഷന് അർത്ഥം കല്പിക്കുന്നുണ്ട്. അതായത് രണ്ട് പേർ തമ്മിലോ, രണ്ടു സമൂഹവിഭാഗങ്ങൾ തമ്മിലോ ഉള്ള 'ആശയ പൊരുത്ത'മാണ് സംവേദനം അഥവാ കമ്മ്യൂണിക്കേഷൻ. ഇത് വെറും ആശയ വിനിമയമല്ല ഉദ്ദേശിക്കുന്നത്. പൊരുത്തപ്പെടുന്നതും താദാത്മ്യപ്പെടുന്നതുമായ തലമാണ് ഇതിൽ ഉൾക്കൊള്ളുന്നത്. സംവേദന പ്രക്രിയയിൽ ഇത് വർദ്ധിച്ചുകൊണ്ടിരിക്കുമ്പോഴാണ് വ്യക്തികൾ പരസ്പരം മനസ്സിലാക്കുന്നതും അറിയുന്നതും. ഈ പ്രക്രിയയിൽ പൊതുവായ ഭാഷ മാത്രം പോരാ. ആശയങ്ങൾ പരസ്പരം വിനിമയം ചെയ്യണം. പുതിയ സന്ദേശങ്ങളുടെ പശ്ചാത്തലത്തിൽ പുത്തൻ നടപടി ക്രമങ്ങൾ, ജീവിതരീതി, മെച്ചപ്പെട്ട ജീവിതസംവിധാനം, അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട സാമൂഹിക ക്രമീകരണം എന്നിവ സാധ്യമാകണം. ഇവിടെ സംവേദനം പുതിയ ദിശാബോധം പകരുന്നു. എന്നാൽ ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്കോ സമൂഹത്തിലേക്കോ സംവേദനം ഫലപ്രദമായി വിനിമയം ചെയ്യുവാൻ കഴിയുന്നില്ലെങ്കിൽ ആശയവിനിമയം നിലനിൽക്കുകയോ തുടരുകയോ ചെയ്യുന്നില്ല. ഫലപ്രദവും ഗുണപരവുമായി സംവേദനം തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്. ഇങ്ങനെ സാമൂഹികമായ വിവിധ മാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഫലപ്രദമായ സംവേദനം യാഥാർത്ഥ്യമാകുന്നത്. വിചാരം, വികാരം, വിജ്ഞാനം, മനോഭാവം, സാമൂഹിക - സാംസ്ക്കാരിക നിലവാരം എന്നിവയും സംവേദനത്തിൽ പങ്കുവെയ്ക്കുന്നു.

സംസ്കൃതത്തിൽ 'സാധാരണീകരൺ' (Sadharanikaran) എന്ന പദം പൊതുവായ, സാധാരണമായ എന്നീ അർത്ഥത്തിൽ ഉപയോഗിക്കുന്നു. സന്ദേശം സ്വീകരിക്കുവാൻ കഴിയുന്ന സഹൃദയരുള്ളപ്പോൾ സംഭവിക്കുന്ന സാമൂഹിക പ്രക്രിയയാണിത്. ഇവിടെ സന്ദേശം സ്വീകരിക്കുന്നവരുടെ സംസ്ക്കാരവും വിജ്ഞാനവുമാണ്, സഹൃദയത്വത്തിന് പ്രാധാന്യം. സംസ്കൃത സിദ്ധാന്തപ്രകാരം സംവേദനം പരസ്പരം മനസ്സിലാക്കി, പൊരുത്തം സൃഷ്ടിക്കുന്ന ബന്ധമാണ്.

ഗ്രീക്കിൽ 'പങ്കിടീൽ' എന്നർത്ഥം വരുന്ന കൊയ്നോണിയായുടെ മൂല പദം കൊയ്നോസ് (Koinos) എന്നാണ്. ഇതിന് സമാനമായ ഹോൾ (hol) എന്ന എബ്രായ പദത്തിന് സ്വതന്ത്രമാക്കുന്നു, പൊതുവിനായി കൈമാറുന്നു എന്നർത്ഥം നൽകാം. ഇതിന്റെ സെപ്റ്റ്ജിയന്റ് ഭാഷാന്ത രപ്രകാരം 'കൊയ്നോണിയ' എന്നാൽ ദൈവവും മനുഷ്യനും, മനു ഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പരബ ന്ധവും കൂട്ടായ്മയുമാണ്. പങ്കാളിത്തം, പങ്കിടീൽ, കൂട്ടായ്മ എന്നിവയിൽ ആശയങ്ങൾ സംവേദനം ചെയ്യുന്നതോടൊപ്പം വിഭവങ്ങളും സ്ഥാന ങ്ങളും പങ്കുവെയ്ക്കുന്നു. ഇത് സ്നേഹം, സ്വാതന്ത്ര്യം, സമത്വം, അംഗീ കാരം എന്നിവയുടെ പ്രതിഫലനം കൂടിയാണ്. ഇങ്ങനെ സംവേദന പ്രക്രി യയ്ക്ക് ദൈവികവും, മാനവികവും, സാമൂഹികവും പ്രാപഞ്ചികവുമായ തലങ്ങൾ രൂപപ്പെടുന്നു.

സംവേദനം അനുദിന ജീവിതത്തിൽ വിവിധ തരത്തിൽ സംഭവി ക്കുന്നു. വാക്കുകളും (verbal) ഭാവങ്ങളും (non-verbal) വരമൊഴികളും (written) ഈ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നു. ഫലപ്രദമായ സംവേദ നരീതികൾ സ്വായത്തമാക്കുവാൻ ശ്രമകരമായ അഭ്യസനം ആവശ്യമാണ്. അന്യഥപ്പെടുന്ന സംവേദനങ്ങൾ (miscommunication) വളരെ സങ്കീർണ്ണത കൾ സൃഷ്ടിക്കും.

**സംവേദനം: നിർവചനങ്ങൾ**

സാമൂഹിക ശാസ്ത്ര വിശകലനത്തിൽ സംവേദന പ്രക്രിയയ്ക്ക് വളരെ കൃത്യമായ ഒരു നിർവചനം രൂപപ്പെടുത്തിയിട്ടില്ല. വിവിധ പഠന ശാഖകളുടെ പശ്ചാത്തലത്തിൽ ക്രമപ്പെടുത്തിയ നിർവ്വചനങ്ങളാണധി കവും.

ഡെന്നീസ് മക്വയൽ സംവേദനം വിലയിരുത്തുന്നത് ഇപ്രകാരമാണ്: 'അർത്ഥപൂർണ്ണമായ സന്ദേശങ്ങൾ ഒരാൾ മറ്റൊരാളിലേക്ക് വിനിമയം ചെയ്യുന്നതാണ് സംവേദനം.' ഇത് വാമൊഴിയോ വരമൊഴിയോ ദൃശ്യാ വിഷ്ക്കാരപരമോ, ഘ്രാണപരമോ ആകാം. ഇവിടെ ആശയ സംവേദനം പങ്കിടീൽ പ്രക്രിയ ആണ്. അറിവും അനുഭവവും വികാരവും വിചാരവും ആശയവും പങ്കിടുന്നു. വ്യക്തികൾ പരസ്പരം സംവേദനം നടത്തി സാമൂ ഹിക ബന്ധം ഉറപ്പിക്കുന്നു. ഹെഡറിക് കരെമർ, 'മനുഷ്യരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഒന്നാണ് സംവേദനം. അത് മനുഷ്യർ തമ്മിലുള്ള പൊരുത്തപ്പെടലിനെ ദൃഢതരമാക്കുന്നു'വെന്ന് അഭിപ്രായപ്പെടുന്നു. ഡെറിക് വെബ്ർ (Derek Weber) സംവേദനം 'സമൂ ഹത്തെ സൃഷ്ടിക്കുന്നുവെന്നും അത് മനുഷ്യബന്ധങ്ങൾ നിലനിർത്തു കയും പരിരക്ഷിക്കുകയും' ചെയ്യുന്നുവെന്നും തെളിയിക്കുന്നു.

സംവേദന പഠനരംഗത്ത് ലഭ്യമായ നിർവ്വചനങ്ങൾ വിശകലനം ചെയ്യുമ്പോൾ വെളിപ്പെടുന്ന മുഖ്യമായ സംവേദന സ്വഭാവങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്കോ സമൂഹത്തിലേക്കോ പങ്ക് വയ്ക്കുന്ന ചിന്തകൾ, ആശയങ്ങൾ, വിചാരങ്ങൾ, സ്വഭാവങ്ങൾ എന്നിവയാണ് സംവേദനം.

2. സംവേദനത്തിന് അനുസൃതമായി പ്രതികരണം ലഭിക്കുവാനായി പ്രേരിപ്പിക്കപ്പെടുന്ന പ്രക്രിയയാണിത്. ഇതിനായി ചിലപ്പോൾ ബോധപൂർവ്വം പ്രചോദിപ്പിക്കുകയും ചെയ്യും.

3. സംവേദന പ്രക്രിയ സജീവമാകുമ്പോൾ സന്ദേശം സ്വീകരിക്കുകയോ, ത്യജിക്കുകയോ, നിസ്സംഗത പുലർത്തുകയോ (Non - reacted) ചെയ്യാം.

4. സംവേദനം വഴി സംഭാഷണം, പങ്കിടീൽ, പരസ്പര ധാരണ, സഹവർത്തിത്വം, കൂട്ടായ്മ എന്നിവ സംജാതമാകുന്നു. ഇതിൽ സ്വാതന്ത്ര്യം, സമത്വം, അന്തസ്സ് എന്നിവ പരിരക്ഷിക്കപ്പെടുന്നു. സംവേദനം ഒരു തുടർ പ്രക്രിയയായി തീരുന്നു.

5. സംവേദനം ഏകദിശാപരമല്ല (One Way). ഇരുദിശകളിലേക്കുമുള്ള (Two-Way process) പ്രക്രിയയാണ്. ബഹുദിശകളിലേക്കും (Multi-Way process) ഉള്ളതായിരിക്കണം.

6. സംവേദന തലങ്ങൾ ജനസമൂഹത്തെ ഗുണപരമായി രൂപാന്തരപ്പെടുത്തുവാനും ശക്തീകരിക്കുവാനും കഴിവുള്ളതാകണം.

7. സംവേദനം മനുഷ്യബന്ധവും കൂട്ടായ്മയും സൃഷ്ടിക്കുന്നതും ഏവർക്കും അർഹമായ സംവേദന സ്വാതന്ത്ര്യം നൽകുന്നതും വിമോചക ശക്തി പകരുന്നതുമായ പ്രക്രിയ ആയിരിക്കണം.

മാധ്യമങ്ങളും ഇലക്ട്രോണിക്ക് സംവേദനങ്ങളും ശക്തിപ്പെട്ടതിനാൽ സംവേദന നിർവ്വചനങ്ങൾ ഇപ്പോൾ പുനർനിർവ്വചിക്കപ്പെടുന്നുണ്ട്. ശബ്ദം, വെളിച്ചം, ചിഹ്നം, ദൃശ്യം, ബിംബം എന്നിവ വഴി ഒരു സമയം ബഹുജനങ്ങളിലേക്ക് ആശയ സംക്രമണം നടത്തുവാൻ തക്ക വശ്യത അത്തരം നിർവ്വചനങ്ങളിൽ ചേർത്തു വായിക്കണം.

സംവേദനവും (Communication) വിവര സംവേദനവും (information) ഒന്നായി ഗണിക്കരുത്. സംവേദനത്തിൽ സന്ദേശങ്ങൾ സ്വീകരിക്കുകയും പങ്കിടുകയും മാത്രമല്ല ചെയ്യുന്നത്; അതൊരു അനുഭവമാക്കുന്നു. ഇത് മനുഷ്യബന്ധങ്ങൾ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

അർത്ഥവത്തായ സാമൂഹിക ഘടനയെ രൂപപ്പെടുത്തുവാൻ ശക്തിയുള്ളതുമാണ്. എന്നാൽ വിവര സംവേദനം വാമൊഴിയൊ വരമൊഴിയൊ ദൃശ്യപരമോ ആയുള്ള വിവര വിജ്ഞാനങ്ങളുടെ ശ്രേണി മാത്രമാണ്. 'വിവര – വിജ്ഞാനങ്ങൾ' ചരക്കുകളായി (Commodity) കമ്പോളങ്ങളിൽ വിപണനം ചെയ്യുകയാണ്. മനുഷ്യബന്ധത്തിന്റെ സുഗന്ധം ഇവിടെ വേണ്ടത്ര ലഭ്യമാകുന്നില്ല. വിവര – വിജ്ഞാനങ്ങളെ വാണിജ്യവൽക്കരിച്ച് ലാഭം കൊയ്യുകയാണ് ബഹുരാഷ്ട്ര കമ്പനികൾ. മാധ്യമങ്ങൾ, ഇന്റർനെറ്റ് എന്നിവ വഴി ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഇത്തരം ലാഭം ലക്ഷ്യമാക്കിയുള്ള വിവര – വിജ്ഞാന ഉല്പന്നങ്ങളാണ്. ബിസിനസ്സ് രംഗത്ത് കൈമാറ്റം ചെയ്യപ്പെടുന്ന ഉല്പന്നങ്ങളായിത്തീരുന്നു വിവര സംവേദനം.

## സംവേദന ധർമ്മങ്ങൾ

മനുഷ്യൻ സാമൂഹിക ജീവിയാണ്. ആശയസംവേദനം സാമൂഹിക – സാംസ്കാരിക ജീവിതത്തിന് അത്യാന്താപേക്ഷിതമാണ്. ആരോടും സംസാരിക്കുവാൻ കഴിയാതെ ഒരു മുറിയിൽ പൂട്ടിയിട്ടിരിക്കുന്ന അവസ്ഥ എത്ര ദുഷ്കരമായിരിക്കും. ആരും ഇത്തരം സാഹചര്യം ഇഷ്ടപ്പെടുന്നില്ല. വ്യക്തികൾ വിവിധതരത്തിൽ പരസ്പരം ആശയസംവേദനം നടത്തും. ഇത് പ്രകൃതിയുടെ നിയമമാണ്. മനുഷ്യനിലെ നൈസ്സർഗ്ഗികമായ സിദ്ധിയും ധർമ്മവുമാണിത്.

ആശയങ്ങളും സന്ദേശങ്ങളും സംവേദന പ്രക്രിയയിൽ പങ്കുവെയ്ക്കുന്നു. ഇതിന്റെ അർത്ഥം സമഗ്രമായി വിലയിരുത്തുമ്പോൾ സാമൂഹിക വ്യവസ്ഥയിൽ സംവേദനത്തിന് മുഖ്യമായ ധർമ്മങ്ങൾ അനുഷ്ഠിക്കുവാനുണ്ടെന്ന് വ്യക്തമാകുന്നു. ഇത് കൃത്യതയോടെ പരിപാലിക്കപ്പെടണം. വ്യക്തിബന്ധങ്ങളിലെ സംവേദനം, കുടുംബത്തിലെ ഫലപ്രദമായ വിനിമയം, സാമൂഹിക തലങ്ങളിലെ വിനിമയ തലങ്ങൾ, സഭകൾക്ക് ആശയ വിനിമയ ഉപാധികളോടുള്ള സമീപനം എന്നിവ പ്രാധാന്യം അർഹിക്കുന്നു. വ്യക്തി, കുടുംബം, സമൂഹം, സമുദായം എന്നീ തലങ്ങളിൽ ആശയസംവേദന പ്രക്രിയ നീതിപൂർവ്വവും ജനാധിപത്യപരവുമാക്കി തീർക്കേണ്ടതുണ്ട്. ഇതിന് വിശാല കാഴ്ചപ്പാടും പരസ്പര ആശ്രയത്വവും ഉണ്ടാകണം.

ജീവിതത്തിന്റെ നാനാർത്ഥങ്ങളിൽ ആശയസംവേദനത്തിന്റെ ചില വിശാലമായ ധർമ്മങ്ങൾ:

### 1. താദാത്മ്യപ്പെടൽ

സംവേദനത്തിന്റെ അടിസ്ഥാന താല്പര്യം താദാത്മ്യപ്പെടലാണ്. മറ്റുള്ളവരുമായി ഏകീഭവിക്കുകയും പൊരുത്തപ്പെടുകയും ചെയ്യുമ്പോൾ

സംവേദനം സജീവമാകും. പരസ്പരം താദാത്മ്യപ്പെടുമ്പോൾ ഇത് കൂടുതൽ സംവേദന ക്ഷമത കൈവരിക്കും. വാക്കുകളും ഭാവങ്ങളും എങ്ങനെയുള്ളതെന്ന് വായിച്ചറിയുവാൻ പെട്ടെന്ന് സാധിക്കും. അതിന്റെ നിലവാരം അനുസരിച്ചായിരിക്കും സാധാരണ നിലയിൽ സംവേദന പ്രക്രിയ സജീവമോ നിർജ്ജീവമോ ആയിത്തീരുന്നത്. സംവേദകന് മറ്റുള്ളവരുമായി താദാത്മ്യപ്പെടുവാനുള്ള കഴിവ് അനിവാര്യമാണ്. വിശാലമായ കാഴ്ചപ്പാടും സന്മനസ്സും സഹൃദയത്വവും ഇതിന് ഉണ്ടാകണം.

**2. സംഭാഷണം**

സംവേദനം ആത്മഗതമായ (Monologe) ഒന്നല്ല. വിചാര - വികാരങ്ങളുടെ പങ്കുവെയ്ക്കലാണ്, സംഭാഷണമാണ്. സന്ദേശം സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നു. ഇത് ഒരു ദിശയിലേക്കു മാത്രമാകരുത്. പറയുന്നവർ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയും കേൾക്കുന്നവർ കേൾക്കുവാൻ മാത്രം വിധിക്കപ്പെട്ടവരായി തീരുകയും ചെയ്യരുത്. കേൾവിക്കാർക്ക് പറയുവാൻ കൂടി അവസരം ലഭിക്കണം. സംവേദനത്തിലെ ജനാധിപത്യ സ്വഭാവത്തിന്റെ ആരംഭമാണിത്. സമയം, സന്ദർഭം, സാഹചര്യം, എന്നിവ തിരിച്ചറിഞ്ഞ് ഇരു ദിശയിലേക്കുമുള്ള സംഭാഷണപ്രക്രിയ വളരെ ഫലപ്രദമാക്കണം. ഇതിൽ ചർച്ച, വിമർശനം, വിചിന്തനം എന്നിവ ഉൾക്കൊള്ളണം.

**3. വിവര വിനിമയം**

സംവേദനത്തിൽ മുഖ്യമായും പങ്കുവെയ്ക്കുന്നത് അറിവുകളാണ്. വാർത്ത, വിവരണം, വിജ്ഞാനം എന്നിവയും ഉൾപ്പെടുന്നുണ്ട്. വ്യക്തിപരമായ വിവരവിനിമയം മുതൽ ദേശീയവും അന്തർദേശീയവുമായ സ്ഥിതിഗതികൾ വരെ പങ്കുവെയ്ക്കുകയും അറിയിക്കുകയും ചെയ്യുന്നു. സംവേദന പ്രക്രിയയിൽ സാങ്കേതികവിദ്യ ശക്തിപ്പെട്ടതോടെ ഇത് മാധ്യമങ്ങളിൽ അധിഷ്ഠിതമായി. വാർത്തകൾ, വിവരങ്ങൾ, ചിത്രങ്ങൾ, വസ്തുതകൾ, സന്ദേശങ്ങൾ, അഭിപ്രായങ്ങൾ, വിമർശനങ്ങൾ എന്നിവയുടെ ശേഖരണം, സംഭരണം, ക്രമീകരണം, വിതരണം എന്നിവയാണ് വിവരവിനിമയത്തിൽ വിവക്ഷിക്കുന്നത്. എന്നാൽ വിവര വിനിമയത്തിൽ വക്രീകരണവും ബോധപൂർവ്വം സൃഷ്ടിക്കുന്നു.

**4. വിശകലനം**

സംവേദനത്തിൽ പങ്കുവെയ്ക്കുന്നവ വിശകലനം ചെയ്യുവാൻ സ്വീകർത്താവി (Receiver) ന് അവകാശമുണ്ട്. ഇതിലെ സത്യസന്ധതയും ആത്മാർത്ഥതയും പൊരുൾ തിരിച്ചെടുക്കുവാൻ അധികം സമയം വേണമെന്നില്ല. സ്വീകരിക്കുന്ന സന്ദേശങ്ങൾ വിമർശനപൂർവ്വം വിശകലനം

ചെയ്യുവാൻ കഴിയുമ്പോൾ സംവേദകന്റെ വ്യക്തിത്വവും മനോഭാവവും മനസ്സിലാക്കുവാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ സന്ദേശത്തെ സ്വീകരിക്കുകയോ പുറന്തള്ളുകയോ ചെയ്യും. ഇത് നൈസർഗ്ഗികമായി തന്നെ സംഭവിക്കുന്നു. മനുഷ്യർ തമ്മിലുള്ള സംവേദനത്തിലെ പ്രതികരണം പെട്ടെന്നുതന്നെ ഉണ്ടാകുന്നു. എന്നാൽ മാധ്യമങ്ങൾ വളർത്തുന്ന പുത്തൻ സംവേദനതലങ്ങളിൽ വിശകലനത്തിനുള്ള സമയവും സാഹചര്യവും ലഭിക്കാതെ പോകുന്നു. സാമൂഹിക മാധ്യമങ്ങളുടെ വളർച്ചയും സ്വാധീനവും വിശകലനങ്ങൾക്കും പ്രതികരണങ്ങൾക്കും ജനകീയത സൃഷ്ടിച്ചു.

### 5. പ്രചോദനം

വ്യക്തിയെയും സമൂഹത്തെയും പ്രചോദിപ്പിക്കുവാനും സ്വാധീനിക്കുവാനും സംവേദന പ്രക്രിയയ്ക്ക് കഴിയണം. സംവേദനം വഴി വ്യക്തിയിലും സമൂഹത്തിലും വിവിധങ്ങളായ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയണം. ഓരോ സമൂഹത്തിന്റെയും താൽക്കാലികവും ആത്യന്തികവുമായ ലക്ഷ്യങ്ങളെ ഉദ്ദീപിപ്പിക്കുവാനും പ്രചോദിപ്പിക്കുവാനും സാധിക്കണം. സമൂഹത്തിന്റെയും വ്യക്തിയുടെയും പൊതുഗുണത്തെ ലക്ഷ്യമാക്കിയുള്ള പ്രചോദനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. എന്നാൽ നിഷേധമായ സ്വാധീനങ്ങളാണ് സംവേദനങ്ങളിൽ പ്രതിഫലിക്കുന്നത്.

### 6. പരസ്പരം മനസ്സിലാക്കൽ

സംവേദനം കൂടുതൽ ക്രിയാത്മകമാകുന്നത്, പരസ്പരം മനസ്സിലാക്കുമ്പോഴാണ്. പരസ്പരം അറിയുവാനും ഉൾക്കൊള്ളുവാനും കഴിയുന്ന തലമാണ് സംവേദനം. എന്നാൽ വ്യക്തിബന്ധങ്ങളിലും സാമൂഹിക തലങ്ങളിലും വർദ്ധിച്ചുവരുന്ന വിള്ളൽ പരസ്പരം മനസ്സിലാക്കുവാനുള്ള കരുത്തില്ലായ്മയാണ്. പരസ്പരം അംഗീകരിക്കുവാനും സ്നേഹിക്കുവാനും പൊരുത്തപ്പെടുവാനും കഴിഞ്ഞെങ്കിലേ മനസ്സിലാക്കുവാനുള്ള സാഹചര്യം സംജാതമാകൂ. സംവേദന രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി ആർക്കും പരസ്പരം മനസ്സിലാക്കുവാൻ കഴിയുന്നില്ലാ എന്നുള്ളതാണ്. അതിനുള്ള സമയവും സാഹചര്യവും സാവധാനതയും സഹിഷ്ണുതയും പുലർത്തുവാനും ആർക്കും കഴിയുന്നില്ല. ഇത് സംവേദന രംഗത്ത് സങ്കീർണ്ണത വർദ്ധിപ്പിക്കുകയാണ്.

### 7. മനുഷ്യബന്ധവും കൂട്ടായ്മയും

മനുഷ്യബന്ധവും കൂട്ടായ്മയും ശക്തിപ്പെടുത്തുവാൻ ഉപകരിക്കുന്നതാണ് സംവേദനം. ഏതു തരത്തിലുള്ള സംവേദനവും മനുഷ്യർ തമ്മിൽ പുലർത്തേണ്ട ഫലപ്രദമായ ബന്ധവും കൂട്ടായ്മയുമാണ്. എന്നാൽ

മാധ്യമ സംവേദനം ശക്തിപ്പെട്ടതോടെ മനുഷ്യബന്ധങ്ങളിലെ കൂട്ടായ്മയും സഹവർത്തിത്വവും നഷ്ടപ്പെട്ടു. സംവേദനതലങ്ങളിൽ വിവര-സാങ്കേതിക രംഗത്തെ വളർച്ചയും വികസനവും മനുഷ്യരെ ഏകാന്തതയിലേക്ക് നയിക്കുന്നു. ടെലിവിഷൻ ചാനലും ഇന്റർനെറ്റും മാനവസമൂഹത്തെ അവമാനവീകരിക്കുകയും അണുപ്രേക്ഷകരാക്കുകയും ചെയ്യുന്നു. സമൂഹത്തിൽ നിന്നും കുടുംബങ്ങളിൽ നിന്നും ഒറ്റപ്പെടുന്ന ദ്വീപുകളായി തീരുകയാണ് വ്യക്തികൾ. മനുഷ്യബന്ധവും കൂട്ടായ്മയും വിച്ഛേദിക്കുന്ന സമീപനമാണ് വളർന്നു വരുന്നത്.

### 8. സംവേദന സ്വാതന്ത്ര്യം

ഒരു പൗരന്റെ മൗലികാവകാശമാണ് അഭിപ്രായം പ്രകടിപ്പിക്കുവാനും സംവേദനം നടത്തുവാനുമുള്ള സ്വാതന്ത്ര്യം (Freedom of Speech and expression). ഇത് ഇന്ത്യൻ ഭരണഘടനയിലെ 19-ാം അനുച്ഛേദത്തിൽ ഉറപ്പുനൽകിയിട്ടുള്ളതാണ്. എന്നാൽ എല്ലാവരുടെയും ശബ്ദം കേൾക്കപ്പെടുന്നില്ല. പൊതുവേദികളിലും മാധ്യമങ്ങളിലും ഏവർക്കും ശബ്ദം ലഭ്യമാകുന്നില്ല. സമൂഹത്തിലെ വരേണ്യവർഗ്ഗത്തിന്റെ ശബ്ദവും ദൃശ്യവുമാണ് വെളിപ്പെടുന്നത്. അധികാരം, സമ്പത്ത്, വിഭവകുത്തക എന്നിവയ്ക്കാണ് സംവേദന സ്വാതന്ത്ര്യവും അവസരങ്ങളും വഴിയൊരുക്കുന്നത്. ദലിത് - ആദിവാസികൾ, സ്ത്രീകൾ, ദരിദ്രർ, ഭിന്നശേഷിക്കാർ, ഭിന്നലിംഗർ എന്നിവർ എന്നും സംവേദനപ്രക്രിയയിൽ ശബ്ദമില്ലാത്തവരാണ്. കുടുംബപശ്ചാത്തലത്തിൽ പോലും സംവേദനം; പണം, അധികാരം, സൗന്ദര്യം എന്നിവ കൈയടക്കിയവരിൽ കേന്ദ്രീകൃതമാണ്. ഏവർക്കും സംവേദന സ്വാതന്ത്ര്യം നൽകി മനുഷ്യന്റെ അന്തസ്സ് പരിരക്ഷിക്കപ്പെടണം.

### 9. വിമോചന മുന്നേറ്റം

വിമോചന ശക്തി പകരുന്നതിനും ജനകീയ മുന്നേറ്റങ്ങൾ നടത്തുന്നതിനും സംവേദന പ്രക്രിയയ്ക്ക് കരുത്തുണ്ട്. വിമോചനം പ്രദാനം ചെയ്യുന്നതാണ് സംവേദനം. വിവിധങ്ങളായ അടിച്ചമർത്തൽ, വേർതിരിവ്, ചൂഷണം എന്നിവയെ ചെറുക്കുന്നതിനും വിമോചന ദർശനം പകരുന്നതിനും സംവേദന പ്രക്രിയയ്ക്ക് കഴിയുന്നു. ജനകീയ സമരങ്ങളും പ്രതിഷേധങ്ങളും ശക്തിപ്പെടുന്നത് സംവേദനം ഫലപ്രദമാകുമ്പോഴാണ്. സാമൂഹിക ഘടനയിൽ ഉത്തരവാദിത്വമുള്ള ഒരു പൗരൻ മൗനം ദീക്ഷിക്കുമ്പോൾ ജീർണ്ണിക്കുന്നത് ജനാധിപത്യ സ്വഭാവമാണ്. ഇത് ആധിപത്യ പ്രവണത തുടർന്നുപോകുവാനുള്ള മൗനാനുമതിയായി തീരുന്നു. സംവേദന തലങ്ങൾ മനസ്സിലാക്കുമ്പോൾ നമുക്ക് മൗനമായിരിക്കുവാൻ യാതൊരു അധികാരവും ലഭിക്കുന്നില്ല. സംവേദനം ഗുണപരവും വിമോചനപരവുമാക്കുവാനുള്ള ഉത്തരവാദിത്വം ഏവർക്കും ഉണ്ട്.

## 10. രൂപാന്തരപ്പെടുത്തലും ശക്തീകരണവും

സംവേദനത്തിന്റെ ആത്യന്തിക ലക്ഷ്യം വ്യക്തികൾക്ക് രൂപാന്തരവും ശക്തീകരണവും നൽകുകയാണ്. സാമൂഹിക ഘടനയിലേക്കുള്ള ഒരു ഇടപെടലാണിത്. സമൂഹത്തിലെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവയെ അപ നിർമ്മീകരിക്കുന്ന (De - Construction) ധർമ്മമാണിത്. സംവേദന ത്തിന് ശ്രോതാക്കളെയും പ്രേക്ഷകരേയും രൂപാന്തരപ്പെടുത്തുവാനും പൊതുവായ ലക്ഷ്യങ്ങൾക്കായി ശക്തീകരിക്കുവാനും കഴിയും. വാക്കു കൾ, ദൃശ്യങ്ങൾ, ശബ്ദങ്ങൾ, പ്രതിച്ഛായകൾ, എന്നിവയ്ക്ക് ഗുണപര മായ ഉത്തേജകശക്തി നൽകുവാൻ സാധിക്കും. സംവേദകന്റെ സത്യ സന്ധതയും പ്രതിബദ്ധതയും ഇതിന് അവശ്യ ഘടകമാണ്.

## ഉപസംഹാരം

സംവേദനത്തിന്റെ അർത്ഥതലങ്ങൾ നിരവധിയാണ്. ഗുണപരവും ദോഷകരവുമായി അവയെ മാറ്റുവാൻ കഴിയും. സംവേദന ധർമ്മങ്ങൾ പാലിക്കപ്പെടുമ്പോൾ സമൂഹത്തെ രൂപാന്തരപ്പെടുത്തുവാനും ശക്തീക രിക്കുവാനും കഴിയും. ഇത് സമൂഹത്തിൽ മാത്രമല്ല സഭയിലും ഉണ്ടാ കണം. കുടുംബ സംവിധാനങ്ങളിലും രൂപപ്പെടണം. സംവേദനത്തിന്റെ ശക്തിയും അശക്തിയും തിരിച്ചറിയുകയും സ്വതന്ത്രമായ സംവേദനത്തെ തടസ്സപ്പെടുത്തുന്നവ എന്തെന്ന് കണ്ടുപിടിക്കുകയും ചെയ്യണം.

❑

പാഠം 2

# സംവേദന പ്രക്രിയയിലെ ഘടകങ്ങൾ

❑ സംവേദന ദർശനങ്ങൾ ❑ സംവേദന ഘടകങ്ങൾ ❑ സംവേദനം: ഭാരതീയ കാഴ്ചപ്പാട്

സംവേദനം ഒരു പങ്കിടീൽ പ്രക്രിയയാണ്. വിനോദം, വിജ്ഞാനം, വിവേകം, വികാരം, വിചാരം എന്നിങ്ങനെ എത്രയോ അനുഭവങ്ങളാണ് പങ്കിടുന്നത്. ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് സന്ദേശങ്ങൾ വിനിമയം ചെയ്യുന്നു. ഈ പ്രക്രിയ പൂർത്തിയാകുന്നതിന് കുറഞ്ഞത് രണ്ട് വ്യക്തികളെങ്കിലും ഉണ്ടായിരിക്കണം. രണ്ട് വ്യക്തികളല്ലെങ്കിൽ രണ്ട് സമൂഹങ്ങളുമാകാം. അതുമല്ലെങ്കിൽ രണ്ട് യന്ത്രങ്ങൾ. യന്ത്രങ്ങൾ തമ്മിലുള്ള സംവേദനമാണെങ്കിലും അത് നിയന്ത്രിക്കുന്നത് വ്യക്തികളായിരിക്കും.

സംവേദനം യഥാർത്ഥത്തിൽ ഇരുദിശയിലേക്കുമുള്ള പ്രക്രിയയാണ്. ഒരാൾ ഒരു സന്ദേശം പകരുമ്പോൾ മറ്റൊരാൾ അതു സ്വീകരിക്കുന്നു. സ്വീകരിക്കുന്ന സന്ദേശത്തെക്കുറിച്ചുള്ള പ്രതികരണം സ്വീകർത്താവ് ഉടൻതന്നെ സന്ദേശം നൽകിയ വ്യക്തിയ്ക്ക് പങ്കുവെയ്ക്കുന്നു. ഇത് വാക്കുകൾ കൊണ്ടോ ഭാവം കൊണ്ടോ പ്രകടിപ്പിക്കുന്നു. മനുഷ്യജീവിതത്തിൽ വ്യക്തികൾ വിവിധ തലങ്ങളിൽ സംവേദനം നടത്തിക്കൊണ്ടിരിക്കും. ഇത് പ്രകൃതി നിയമം ആണ്. മനുഷ്യനിലെ നൈസ്സർഗ്ഗികമായ വരപ്രസാദമാണിത്.

സംവേദനത്തിൽ പങ്കിടുന്ന സന്ദേശം മറ്റൊരാൾ സ്വീകരിക്കുവാൻ ഇല്ലെങ്കിൽ അതൊരു സംവേദന പ്രക്രിയ ആകുന്നില്ല. സംവേദന പ്രക്രിയയിൽ ദാതാവും സ്വീകർത്താവും ഉണ്ടായിരിക്കുകയും സന്ദേശത്തിന് അർഹമായ രീതിയിലുള്ള പ്രതികരണം ലഭിക്കുകയും ചെയ്യുമ്പോഴാണ് സംവേദനം ഫലപ്രദമാകുന്നത്. സന്ദേശത്തിന് പ്രതികരണം വാക്കിലും ഭാവത്തിലും ഇല്ലാതെ വന്നാൽ സംവേദന പ്രക്രിയ ബലഹീനവും വിരുദ്ധവുമാകും.

സന്ദേശം സ്വീകരിക്കുകയും അതിനനുസൃതമായി പ്രതികരിക്കുകയും ചെയ്യുമ്പോഴാണ് ഫലപ്രദമായ സംവേദനം (Effective communication) ആരംഭിക്കുന്നത്. ഇതിന് സന്ദേശകനേക്കാൾ ശ്രദ്ധിക്കേണ്ടത് സ്വീകർത്താവാണ്. ദാതാവിനെ ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യണം. സന്ദേശം ദാതാവിൽ നിന്നും സ്വീകർത്താവിൽ എത്തുന്നതിന് ഒരു മാധ്യമം (Medium) ആവശ്യമാണ്. മാധ്യമം കൂടാതെ സന്ദേശത്തിന് സ്വയം സഞ്ചരിക്കുവാൻ കഴിയുകയില്ല. വായു ഒരു മാധ്യമമാണ്. വായു ഉള്ളതുകൊണ്ടാണല്ലോ ശബ്ദം കേൾക്കുന്നത്. ഇതിനായി

വിവിധ സാമഗ്രികൾ ഉപയോഗിക്കാവുന്നതാണ്. സന്ദേശം നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന പശ്ചാത്തലവും (Context) വളരെ പ്രധാന പ്പെട്ടതാണ്. സാഹചര്യങ്ങൾക്കനുസൃതമാണ് സന്ദേശത്തിന്റെ അർത്ഥം രൂപപ്പെടുന്നത്. ആശയസംവേദനം ഫലപ്രദമാകുമ്പോൾ വ്യക്തി സമൂ ഹത്തിലേക്കും സമൂഹം രാജ്യത്തിലേക്കും രാജ്യം ലോകത്തിലേക്കും പങ്കുചേരുന്നു. വ്യക്തി - സമൂഹം - രാജ്യം - ലോകം എന്നിവ പരസ്പരം ബന്ധിതവും പരസ്പരം സംവേദനക്ഷമത നിറഞ്ഞതുമായിത്തീരുന്നു. ഇവിടെ ലംബവും തിരശ്ചീനവുമായ സംവേദനം ശക്തിപ്പെടുകയും 'പൊരുത്തവും' 'ഐക്യവും' ഉണ്ടാകുകയും ചെയ്യുന്നു. അതിനാൽ സംവേദന തത്ത്വത്തിൽ ഗ്രഹിതാവില്ലാതെ സംവേദന പ്രക്രിയ നടക്കു ന്നില്ല എന്ന് പഠിപ്പിക്കുന്നു. ഒരു സമാഗമവും (Encounter) വിനിമയവും (Exchange) ഇല്ലാതെ സംവേദനം സാദ്ധ്യമല്ല. അതിനാൽ സംവേദനം ഇരുദിശയിലേക്കുമുള്ള പ്രക്രിയയായി തീരണമെന്ന് നിഷ്കർഷിക്കുന്നു.

**സംവേദനത്തിലെ വിവിധ ദർശനങ്ങൾ**

സംവേദനത്തിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നിരവധി ദർശനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം വിവിധ മാതൃകകളും രൂപകല്പന ചെയ്തിട്ടുണ്ട്. സംവേദനത്തിലെ ദർശനങ്ങൾ, മാതൃകകൾ, സിദ്ധാന്തങ്ങൾ എന്നിവ പാശ്ചാത്യചിന്തകളും സാഹചര്യങ്ങളും രൂപ പ്പെടുത്തിയവയാണ്. ഇന്ത്യയിലും അവ പകർത്തുവാനാണ് ശ്രമിച്ചിട്ടു ള്ളത്. പലതും ഇലക്ട്രോണിക്ക് ടെലിക്കമ്മ്യൂണിക്കേഷൻ മാതൃകക ളിൽ നിന്നും ഉണ്ടായവയാണ്. പാശ്ചാത്യ മാതൃകകളുടെ അടിസ്ഥാനം അരിസ്റ്റോട്ടിലിന്റെ (ബി. സി. 384-322) 'റട്ടറിക്' (Rhetoric) എന്ന പ്രാമാ ണിക ഗ്രന്ഥമാണ്. ദാതാവ് (speaker), സന്ദേശം (speach), ഗ്രഹിതാവ് (listener) എന്നീ ഘടകങ്ങളാണ് സംവേദനത്തിൽ ഉണ്ടാകേണ്ടതെന്ന് അരിസ്റ്റോട്ടിൽ പറയുന്നു. 'സംവേദനം വശീകരണകല' (Art of persuasion) ആയതിനാൽ ലഭ്യമായ സാധ്യതകൾ എല്ലാം ഉപയോഗപ്പെടുത്ത ണമെന്നും നിർദ്ദേശിക്കുന്നു.

സംവേദന ദർശനങ്ങളിലെ പ്രധാന മാതൃക രൂപപ്പെടുത്തിയത് പ്രൊഫ. ഹരോൾഡ് ലാസ് ഡി. വെല്ലിന്റെ (1948 - Harold D. Lasswell) പഞ്ചമുഖ സമീപനമാണ് (Five point approach). ആശയസംവേദനത്തിലെ പഞ്ചമുഖ സമീപനത്തിൽ അഞ്ചു ചോദ്യങ്ങളാണ് ഉന്നയിക്കുന്നത്. ആര് (Who), എന്തു പറഞ്ഞു (Says what), ഏതു മാധ്യമത്തിൽ (In which channel), ആരോട് (to whom), എന്തു ഉദ്ദേശ്യത്തിൽ (with what effect). ഈ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നുവെങ്കിൽ സംവേദനത്തിൽ അഞ്ച് ഘടകങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് വ്യക്തമാകുന്നു. വിൽബർ ഷ്രാം (Wilber Schramm - 1955) ആശയസംവേദനത്തിന് ദാതാവ് (Sender),

സന്ദേശം (Message), ഗ്രഹിതാവ് (Receiver) എന്നീ ഘടകങ്ങൾ ഉണ്ടാകുമെന്ന് വിശദീകരിച്ചു. ഇവിടെ സന്ദേശത്തിന്റെ സഹായത്തോടെ ദാതാവും ഗ്രഹിതാവും തമ്മിൽ സ്ഥാപിച്ചെടുക്കുന്ന ബന്ധമാണ് സംവേദനം.

1960–ൽ ഡേവിഡ് കെ. ബിർലോ (David K. Berlo) രൂപപ്പെടുത്തിയ മാതൃകയാണ് എസ്. എം. സി. ആർ. (SMCR). ഇതിൽ സാമൂഹിക ഘടനയുടെയും സംസ്കാരത്തിന്റെയും പശ്ചാത്തലം ഉൾക്കൊള്ളുന്നു. ഈ മാതൃകയിലെ മുഖ്യ ഘടകങ്ങൾ ദാതാവ് (Sender), സന്ദേശം (Message), മാധ്യമം (Channel), ഗ്രഹിതാവ് (Receiver) എന്നിവയാണ്. ലാസ്വെല്ലിന്റെ സംവേദന സമീപനത്തോട് തത്ത്വത്തിൽ ഐക്യമുള്ള മാതൃകയാണിത്. എന്നാൽ ഇതിൽ രേഖീയമായ രീതി അവലംബിച്ചിരിക്കുന്നതിനാൽ സംവേദന പ്രക്രിയ പൂർത്തിയാക്കുകയോ തുടരുകയോ ചെയ്യുന്നില്ല. സന്ദേശത്തോട് ഗ്രഹിതാവിന്റെ പ്രതികരണം ഇവിടെ വ്യക്തമാക്കപ്പെടുന്നില്ല.

കഴിഞ്ഞ നൂറ്റാണ്ടിൽ സംവേദനത്തിലെ വിവിധ ഘടകങ്ങളെക്കുറിച്ച് നിരവധി സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവയെല്ലാം സംക്ഷേപിച്ചെടുത്താൽ ലഭിക്കുന്നതാണ് ആശയസംവേദനത്തിലെ ഷഡ്ദർശനങ്ങൾ. ദാതാവ്, ഗ്രഹിതാവ്, സന്ദേശം, മാധ്യമം, പ്രതികരണം, പശ്ചാത്തലം എന്നീ ആറ് ഘടകങ്ങളാണ് സംവേദന പ്രക്രിയയെ നിയന്ത്രിക്കുന്നത്. ഇവ ഒന്നിച്ചു പ്രവർത്തിക്കുമ്പോഴാണ് സംവേദനം യഥാർത്ഥമാകുന്നത്. ഇവയിൽ ഏതെങ്കിലും ഒന്നോ രണ്ടോ അതിലധികമോ ഘടകങ്ങൾ സജീവമായാൽ സംവേദനം നടക്കില്ല. സന്ദേശം മാത്രം ഉണ്ടായാലും സംവേദനമാകുകയില്ല. ആറു ഘടകങ്ങളും ഒന്നിച്ചു പ്രവർത്തിക്കണം. ഓരോ ഘടകവും ഒന്ന് ഒന്നിനേക്കാൾ ശ്രേഷ്ഠമോ അതിശ്രേഷ്ഠമോ അല്ല. എല്ലാ ഘടകങ്ങൾക്കും തുല്യപ്രാധാന്യമാണ്. ഈ ഘടകങ്ങൾ ഒരു സമയം പ്രവർത്തിക്കുമ്പോഴാണ് സംവേദനം യാഥാർത്ഥ്യമാകുന്നത്. ഈ ഘടനകളുടെ അവതരണ വൈവിധ്യവും സ്വീകരണ സാഹചര്യവും, സന്ദേശ സ്വഭാവവും ആശയസംവേദനത്തെ ഫലപ്രദമാക്കുന്നുവെന്നു മാത്രം. ചിലപ്പോൾ ഇത് നിഷ്ഫലവുമാക്കും. അതിനാൽ സംവേദനത്തിലെ പ്രധാന ഘടകങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

### 1. ദാതാവ് (Sender)

സംവേദന പ്രക്രിയയിൽ സന്ദേശം അയയ്ക്കുന്ന വ്യക്തിയാണ് ദാതാവ്. സന്ദേശത്തിന്റെ ഉറവിടം ദാതാവിൽ നിന്നാണ് ആരംഭിക്കുന്നത്. ഇത് വ്യക്തികൾ, ഒരു കൂട്ടം ആളുകൾ, സംഘടനകൾ, യന്ത്രങ്ങൾ

എന്നിവ ആകാം. വാമൊഴി, വരമൊഴി, രേഖാചിത്രം, അടയാളം, ശരീരഭാഷ (Body Language), ബിംബങ്ങൾ എന്നിവ വഴി സന്ദേശം സംവേദിപ്പിക്കുന്നു. സംവേദനപ്രക്രിയ ഫലപ്രദമാക്കുന്നതിൽ മുഖ്യപങ്ക് ദാതാവിനുള്ളതാണ്. ദാതാവിന്റെ സംവേദന വൈദഗ്ദ്ധ്യം (communication skill) ഈ പ്രക്രിയയെ സജീവപ്പെടുത്തുന്നു.

ഒരു നല്ല ദാതാവിന് സംവേദനലക്ഷ്യം, പ്രേക്ഷകർ, സന്ദേശം, ഉചിതമായ മാധ്യമം, കഴിവുകൾ, പരിമിതികൾ എന്നിവയിൽ നല്ല അവബോധം ഉണ്ടായിരിക്കണം. പ്രേക്ഷകരോട് സംവേദിക്കുമ്പോൾ സംവേദന നൈപുണ്യം വളർത്തുന്നതിനും ശ്രോതാക്കളെ മനസ്സിലാക്കുന്നതിനും ശ്രമിക്കണം. സന്ദേശം തെരഞ്ഞെടുക്കുന്നതും പ്രതിപാദിക്കുന്നതും അവതരിപ്പിക്കുന്നതും പ്രത്യേകം പ്രാഗൽഭ്യത്തോടെയായിരിക്കണം. ശ്രോതാക്കളുടെ പ്രതികരണത്തെക്കുറിച്ച് തത്സമയം തിരിച്ചറിവുണ്ടാവുകയും ചെയ്യണം. ശ്രോതാക്കൾക്ക്, പ്രേക്ഷകർക്ക് അഥവാ ഗ്രഹിതാക്കൾക്ക് സന്ദേശം ഫലപ്രദമായി വിനിമയം ചെയ്യുവാൻ ദാതാവ് ബോധപൂർവ്വം പരിശ്രമിക്കേണ്ടതുണ്ട്. ചിലർക്കിത് നൈസർഗ്ഗികമായി കഴിയുമെങ്കിലും അധികം പേരും പരിശീലനം കൊണ്ട് നേടിയെടുക്കുന്നതാണ് അവതരണ പാടവം. ഗ്രഹിതാക്കളുടെ സാമൂഹികവും സാംസ്കാരികവും ബൗദ്ധികവുമായ നിലവാരവും ദാതാവ് മനസ്സിലാക്കുമ്പോൾ ഫലപ്രദമായ സംവേദനം നടത്തുവാൻ കഴിയും.

പരമ്പരാഗത തത്ത്വപ്രകാരം സംവേദന പ്രക്രിയയിലെ ദാതാവിന് സ്വഭാവ വൈശിഷ്ട്യം, ഇച്ഛാശക്തി, വിവേചനശക്തി എന്നിവ ഉണ്ടാകണം. ഫലപ്രദമായ സംവേദനത്തിന് ദാതാവിന്റെ വിശ്വാസ്യത, അംഗീകാരം, ധാർമ്മികമൂല്യം എന്നിവയും അനിവാര്യമാണ്. ദൃശ്യമാധ്യമങ്ങളിലെ ദാതാവിന് ശാരീരിക സൗന്ദര്യത്തിനാണ് മുഖ്യപ്രാധാന്യം.

ദാതാവ്, ഉറവിടം, പ്രേക്ഷകൻ, പ്രസംഗകൻ, അഭിനേതാവ്, ഗ്രന്ഥകാരൻ, ആശയസംവേദകൻ എന്നിങ്ങനെയും അറിയപ്പെടുന്നു. ആശയസംവേദന പ്രക്രിയയിൽ ദാതാവിന്റെ ഉത്തരവാദിത്വവും കടമകളും അനവധിയാണ്. അവ പൂർത്തീകരിച്ചെങ്കിലേ സംവേദനം ഫലപ്രദമാകൂ.

### 2. സന്ദേശം (Message)

സംവേദനത്തിൽ ദാതാവ് ഗ്രഹിതാവിന് നൽകുന്നതാണ് സന്ദേശം. സന്ദേശം പങ്കിടുമ്പോൾ സ്വീകരിക്കുക, മനസ്സിലാക്കുക, അംഗീകരിക്കുക, പ്രവൃത്തിപഥത്തിലാക്കുക എന്നിവ ഗ്രഹിതാവ് ചെയ്യണമെന്ന് ദാതാവ് ആഗ്രഹിക്കുന്നു. സന്ദേശം എന്നത് അറിവ്, വിജ്ഞാനം, അനുഭവം, അപേക്ഷ, ആശയം, അഭിപ്രായം തുടങ്ങി എന്തുമാകാം.

ഗ്രഹിതാക്കൾക്ക് പ്രയോജനകരവും മനസ്സിലാക്കേണ്ടതുമായവ സന്ദേശമായി രൂപപ്പെടുത്തുവാൻ കഴിയും. ഇത് വാമൊഴി, വരമൊഴി, ദൃശ്യ - ശ്രാവ്യ - ഭാവ ഭാഷകളിൽ കൂടി വിനിമയം ചെയ്യാം.

സന്ദേശം ഫലപ്രദമാകണമെങ്കിൽ അവ വ്യക്തവും ലളിതവും ആകർഷകവുമാകണം. ഗ്രഹിതാക്കൾക്ക് സന്ദേശം താല്പര്യമുളവാക്കണം. സന്ദേശം ഫലപ്രദമാകുന്നത് അത് അവതരിപ്പിക്കുന്ന രീതി അടിസ്ഥാനപ്പെട്ടിരിക്കും. എല്ലാ സംവേദനങ്ങൾക്കും സന്ദേശം ഉണ്ടായിരിക്കും. അവയുടെ അർത്ഥങ്ങൾ വ്യത്യാസപ്പെട്ടിരിക്കുമെന്ന് മാത്രം. സന്ദേശം വിനിമയം ചെയ്യുമ്പോഴും അർത്ഥവ്യതിയാനങ്ങൾ സംഭവിക്കാം. ദാതാവ് അർത്ഥമാക്കുന്നത് ഒരർത്ഥം. അത് പങ്കുവെച്ചപ്പോൾ വേറൊരർത്ഥം. ഗ്രഹിതാവ് സന്ദേശം സ്വീകരിച്ചപ്പോൾ അതിന് മറ്റൊരർത്ഥം ആകുന്നു. ഇങ്ങനെ ആശയ സംവേദന പ്രക്രിയയിൽ ദാതാവ് പങ്കുവയ്ക്കുന്ന സന്ദേശത്തിന് വിവിധ രീതിയിൽ അർത്ഥവ്യതിയാനങ്ങൾ സംഭവിക്കുന്നു. ദാതാവിന്റെയും ഗ്രഹിതാവിന്റെയും മാനസികവും ബുദ്ധിപരവുമായ വ്യത്യാസമാണ് ഇതിന് നിദാനം. സന്ദേശത്തിന്റെ സ്വഭാവം നിർണ്ണയിക്കുവാനുള്ള അവകാശം ദാതാവിനാണ്. ഒരു സന്ദേശത്തെ ബുദ്ധിപരവും യുക്തിപരവും വികാരപരവുമാക്കി തീർക്കുവാൻ കഴിയും. ഇവയിൽ ഏതു വിഭാഗത്തിൽ കൂടി സന്ദേശം പങ്കിടണമെന്ന് നിശ്ചയിക്കുന്നത് ദാതാവാണ്.

സംവേദനം ഒരു പ്രചോദനകലയായി തീരുന്നത് സന്ദേശത്തിന്റെ സ്വാധീനം വഴിയാണ്. ദാതാവിന്റെ വീക്ഷണത്തിന് അനുസൃതമായി ഗ്രഹിതാവിനെ എത്തിക്കുന്നത് സന്ദേശത്തിന്റെ പ്രേരണാശക്തി മൂലമാണ്. അതിനാൽ സന്ദേശത്തിന്റെ വിനിമയ പ്രക്രിയയിൽ ദാതാവിന്റെയും ഗ്രഹിതാവിന്റെയും മാനസിക മനോഭാവങ്ങൾ മുഖ്യപങ്കു വഹിക്കുന്നു. സന്ദേശം സ്വീകരിക്കുവാൻ തക്കവിധം ഗ്രഹിതാവ് ബുദ്ധിപരമായും മാനസികമായും ഒരുങ്ങണം. എത്ര ശക്തവും സ്വാധീനപരവുമായ രീതി ഉപയോഗിച്ചാലും ദാതാവ് നൽകുന്ന സന്ദേശം പൂർണ്ണരൂപത്തിൽ ഗ്രഹിതാക്കളിൽ എത്തിച്ചേരുകയില്ല.

### 3. മാധ്യമം (Channel)

സന്ദേശം വിനിമയം ചെയ്യുന്നതിനുള്ള ഉപാധിയാണ് മാധ്യമം. ദാതാവിനെയും ഗ്രഹിതാവിനെയും ബന്ധിപ്പിക്കുന്നത് മാധ്യമമാണ്. സന്ദേശത്തെ ഗ്രഹിതാവിൽ എത്തിക്കുന്ന മുഖ്യ മാധ്യമം ഭാഷയാണ്. മുഖാമുഖമുള്ള സംവേദനത്തിലും വ്യക്ത്യാന്തരവും വ്യക്തികൾ തമ്മിലുമുള്ള സംവേദനത്തിലും വാമൊഴിയാണ് പ്രധാന മാധ്യമം. വിവിധ സംവേദന തലങ്ങളിൽ ഏറ്റവും പഴക്കമുള്ളതും സ്വാധീനവത്തുമായ ഒന്നാണിത്.

വ്യക്തിതല സംവേദനഭാഷയിൽ മാധ്യമം എന്നത് പഞ്ചേന്ദ്രിയങ്ങളെ കുറിക്കുന്നതാണ്. കാഴ്ച്ച, കേൾവി, സ്പർശനം, ഘ്രാണം, രുചി എന്നീ ഇന്ദ്രീയാനുഭവങ്ങൾ സന്ദേശത്തെ വിനിമയം ചെയ്യുന്ന മാധ്യമങ്ങളാണ്. ഗ്രഹിതാവ് സന്ദേശം സ്വീകരിക്കുന്നത് പഞ്ചേന്ദ്രിയങ്ങൾ വഴിയാണ്. ഒരു സമയം ഒന്നിലധികം ഇന്ദ്രിയങ്ങളെ സ്വാധീനിക്കുവാൻ കഴിയുമ്പോൾ സന്ദേശം മനസ്സിലാക്കുവാൻ വേഗത ഉണ്ടാകും. ഒരോരുത്തർക്കും വ്യത്യസ്തങ്ങളായ അഭിരുചികളാകും, സന്ദേശം സ്വീകരിക്കുമ്പോൾ ലഭ്യമാകുന്നത്. ഇതിന് മുഖ്യഘടകമാകുന്നത് 'മാധ്യമ'ങ്ങളാണ്.

ചെവി കൊണ്ട് 20%, കണ്ണുകൊണ്ട് 40%, ചെവിയും കണ്ണും ഉപയോഗിച്ച് 60%, കണ്ണും ചെവിയും ശാരീരിക പങ്കാളിത്തവും വഴി 90% വും കാര്യങ്ങൾ ഗ്രഹിക്കുവാൻ ഒരാൾക്ക് കഴിയുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. കേൾക്കുന്നതിൽ 20% വും കാണുകയും കേൾക്കുകയും ചെയ്യുന്നതിൽ 50% വും ഒരാൾ ഓർത്തിരിക്കും. അതിനാൽ ഇന്ദ്രിയങ്ങളിൽ കാഴ്ച്ചയ്ക്കാണ് പ്രാധാന്യം. മാധ്യമ സമൂഹത്തെ 'കാഴ്ച്ചയുടെ സമൂഹം' എന്ന് ഇതിനാൽ വിശേഷിപ്പിക്കുന്നു. വരമൊഴിയും സംവേദന മാധ്യമങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നു. പുസ്തകം, മാസിക, ദിനപ്പത്രം, പരസ്യം, ലഘുലേഖ, എഴുത്തുകൾ, ചുമർ പരസ്യം, ചുമർ പത്രം, ചിത്രങ്ങൾ, രേഖാചിത്രം എന്നിവ വരമൊഴി മാധ്യമങ്ങളാണ്.

വാമൊഴി, വരമൊഴി, ദൃശ്യങ്ങൾ എന്നിവ സമന്വയിപ്പിച്ചുള്ള മാധ്യമങ്ങളാണ് ടെലിവിഷൻ, ഇന്റർനെറ്റ് ചാനലുകളിൽ ശക്തിപ്രാപിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള മാധ്യമങ്ങളിൽ സംവേദനം ദ്രുതഗതിയിലുള്ളതും സ്വാധീനപരവുമായി തീരുന്നു. ഗ്രഹിതാക്കളുടെ സ്വഭാവവും അഭിരുചിയും അനുസരിച്ച് മാധ്യമം തെരഞ്ഞെടുക്കുന്നു. വ്യത്യസ്തങ്ങളായ മാധ്യമങ്ങൾ വഴി ഒരു സന്ദേശത്തിന്റെ തുടർച്ചയായ വിനിമയത്തിന് ഇന്ന് വളരെ പ്രാധാന്യം നൽകുന്നുണ്ട്. ഒരു സന്ദേശം ഗ്രഹിതാക്കളിൽ ആഴത്തിൽ വേരുറപ്പിക്കുന്നതിന് ഇതു സഹായിക്കുന്നു.

എല്ലാ ഗ്രഹിതാക്കളിലേക്കും എല്ലാവിധ സന്ദേശങ്ങളും ഒരു മാധ്യമം വഴി സംവേദിപ്പിക്കുവാൻ കഴിയില്ല. സന്ദേശത്തിന്റെയും ഗ്രഹിതാക്കളുടെയും വൈവിധ്യം അനുസരിച്ച് മാധ്യമങ്ങൾ മാറ്റി മാറ്റി ഉപയോഗിക്കുവാൻ ദാതാവിനു കഴിയണം. ഒരു സമയം ഒന്നിലധികം മാധ്യമങ്ങളുടെ ഉപയോഗമാണ് സന്ദേശത്തെ ഫലപ്രദമാക്കുവാൻ സഹായിക്കുന്നത്. മാധ്യമങ്ങൾ വഴി സമുചിതമായി സന്ദേശത്തെ ക്രമപ്പെടുത്തുവാൻ ദാതാവിന് വരസിദ്ധി അനിവാര്യമാണ്. മാധ്യമമില്ലാതെ ഒരു സന്ദേശവും ഗ്രഹിതാക്കളിൽ എത്തിച്ചേരുന്നില്ല.

## 4. പശ്ചാത്തലം (Environment)


സംവേദന പ്രക്രിയയിൽ വളരെ പ്രാധാന്യമുള്ളതാണ് ദാതാവിന്റെയും ഗ്രഹിതാവിന്റെയും സാമൂഹിക പശ്ചാത്തലം. വ്യക്തിപരമായ ഘടകങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. സ്ഥലം, സമയം, ബന്ധം, മനോഭാവം, വിജ്ഞാനം, സാമൂഹിക സമ്പ്രദായങ്ങൾ, സംസ്കാരം എന്നിവയാണ് ഈ പശ്ചാത്തലത്തിന്റെ വിധികർത്താക്കൾ. സംവേദനത്തിന്റെ ഫലപ്രാപ്തി, പശ്ചാത്തലങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ഉണ്ടാകുന്നത്.

സംവേദന പശ്ചാത്തലം ഹൃദ്യമോ വിദ്വേഷപരമോ ആകാം. ഉചിതമോ അനുചിതമോ ആയ സാഹചര്യങ്ങളാവാം. ഇവ പ്രത്യക്ഷമായും പരോക്ഷമായും സന്ദേശത്തിന്റെ സംവേദന പ്രക്രിയയെ സ്വാധീനിക്കും. നിഷേധ സമീപനങ്ങളാകുമ്പോൾ സംവേദനം നിഷ്ഫലമാകും. സംവേദനവും സംവേദന പശ്ചാത്തലവും ഫലപ്രദമാക്കണം. സാംസ്കാരികവും സാമൂഹികവും സമകാലികവുമായ പശ്ചാത്തലത്തെക്കുറിച്ച് ദാതാവിന് അവബോധം ഉണ്ടായിരിക്കണം.

ശൂന്യതയിൽ നടക്കുന്നതല്ല സംവേദനം. വിവിധങ്ങളായ ചുറ്റുപാടുകൾക്ക് സംവേദനത്തെ സ്വാധീനിക്കുവാൻ കഴിയുന്നു. സംവേദന പ്രക്രിയ ആരംഭിക്കുന്ന തലങ്ങളിലെ സാമൂഹികം, മനഃശാസ്ത്രം, സാംസ്കാരികം, രാഷ്ട്രീയം, സാമ്പത്തികം തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളുവാൻ കഴിയണം. സന്ദേശത്തിന്റെ വിനിമയം, സ്വീകരണം, വ്യാഖ്യാനം എന്നിവയിൽ സംവേദന പശ്ചാത്തലം മുഖ്യപങ്ക് വഹിക്കുന്നു. ദാതാവിന്റെയും ഗ്രഹിതാവിന്റെയും പശ്ചാത്തലങ്ങൾ വ്യത്യസ്തമായിരുന്നാലും സംവേദന പ്രക്രിയയിൽ അറിവിന്റെ ഒരു ചെറിയ തലം രൂപപ്പെടുന്നു. അതാണ് സന്ദേശമായി രൂപപ്പെടുന്നത്.

ഗ്രഹിതാവ് സന്ദേശത്തെ വ്യാഖ്യാനിക്കുന്നതും ദാതാവ് സന്ദേശം രൂപപ്പെടുത്തുന്നതും അവരവരുടെ അർത്ഥത്തിലും വീക്ഷണത്തിലുമായിരിക്കും. അതിനു വിവിധങ്ങളായ പ്രതീകാത്മക സാഹചര്യങ്ങൾ (Symbolic environments) ഉണ്ടായിരിക്കും. ദാതാവിനെയും ഗ്രഹിതാവിനെയും സമഗ്രമായി മനസ്സിലാക്കണമെങ്കിൽ ഈ പ്രതീകാത്മക സാഹചര്യങ്ങൾ, പശ്ചാത്തലങ്ങൾ എന്തെല്ലാമെന്ന് തിരിച്ചറിയണം.

സംവേദന പ്രക്രിയയിലെ ഘടകങ്ങൾ ചിത്രത്തിലാക്കുമ്പോൾ അതിന്റെ ഘടന കൂടുതൽ മനസ്സിലാക്കുവാൻ കഴിയും. അത് ഇപ്രകാരമാണ്:




S. ദാതാവ് (Sender)
M. സന്ദേശം (Message)
C. മാധ്യമം (Channel)
E. പശ്ചാത്തലം (Environment)
R. ഗ്രഹിതാവ് (Receiver)
F. പ്രതികരണം (Feed back)

**5. ഗ്രഹിതാവ് (Receiver)**

സംവേദന പ്രക്രിയയിൽ സന്ദേശം സ്വീകരിക്കുന്ന വ്യക്തിയാണ് ഗ്രഹിതാവ്. ഇത് വ്യക്തിയോ, സമൂഹമോ, സംഘടനയോ, യന്ത്രമോ ആകാം. സന്ദേശം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. രണ്ടിലും ഗ്രഹിതാവ് അഥവാ സ്വീകർത്താവ് ആവശ്യമാണ്. ഗ്രഹിതാവ് സ്ത്രീ, പുരുഷൻ, യുവാവ്, യുവതി, വൃദ്ധർ, വിദ്യാർത്ഥികൾ, തൊഴിലാളികൾ, കൃഷിക്കാർ, നഗരനിവാസികൾ ഗ്രാമീണർ, ആദിവാസികൾ ആരുമാകാം. സംവേദന പ്രക്രിയയുടെ വിജയം സന്ദേശത്തോട് എങ്ങനെ ഗ്രഹിതാക്കൾ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. സന്ദേശം വ്യാഖ്യാനിക്കുന്നതും ഉൾക്കൊള്ളുന്നതും ഗ്രഹിതാക്കളുടെ മാനസിക നിലവാരം അനുസരിച്ച് വ്യത്യാസപ്പെടുകയും ചെയ്യും.

സംവേദകന്, ഗ്രഹിതാക്കളുടെ സാമൂഹികവും സാംസ്കാരികവുമായ സ്വഭാവങ്ങൾ വിവേചിച്ചറിയുവാൻ കഴിയണം. സന്ദേശം ഗ്രഹിതാക്കളിൽ ഫലപ്രദമാക്കുവാൻ ഇതു സഹായിക്കുന്നു. ഗ്രഹിതാക്കളുടെ പ്രായം, വീക്ഷണം, രീതി, ബൗദ്ധികതലം, വൈദഗ്ധ്യം, സാമ്പത്തിക - സാമൂഹിക - സാംസ്കാരിക നിലവാരം എന്നിവ മനസ്സിലാക്കിയാൽ ആശയ സംവേദനം സജീവമായ പ്രക്രിയയാക്കുവാൻ കഴിയും. ഗ്രഹിതാക്കളെ മനസ്സിലാക്കി സംവേദനം നടത്തുവാൻ കഴിയണം. ദാതാവിനുള്ളതുപോലെ ഗ്രഹിതാക്കൾക്കും പ്രത്യേകം താല്പര്യങ്ങൾ, ദർശനങ്ങൾ, വീക്ഷണങ്ങൾ എന്നിവ ഉണ്ടായിരിക്കും. അതിനാൽ ഗ്രഹിതാക്കളുടെ സമൂഹം പലപ്പോഴും ഏകജാതീയമായിരിക്കില്ല (Homogeneous). ഗ്രഹിതാക്കൾ ഒന്നിലധികമാകുമ്പോൾ ബഹുജാതീയ സ്വഭാവം വർദ്ധിക്കും. എന്നാൽ ഏകജാതീയ സ്വഭാവമുള്ള ഗ്രഹിതാക്കൾ കൂടുതൽ ഉണ്ടാകുമ്പോൾ സംവേദന പ്രക്രിയ വളരെ ഫലപ്രദമാകും.

ഗ്രഹിതാക്കൾ സ്വന്തം താല്പര്യം അനുസരിച്ചേ സന്ദേശങ്ങൾ സ്വീകരിക്കുകയുള്ളൂ. നിരവധി സന്ദേശങ്ങൾ ഉണ്ടായാലും അവയിൽ നിന്നും

തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഗ്രഹിതാവിനുള്ളതാണ്. മാനസികമായ ഈ തെരഞ്ഞെടുപ്പ് (Psychological Selectivity) ഗ്രഹിതാവിന്റെ ആവശ്യവും താല്പര്യവും അനുസരിച്ചുള്ളതായിരിക്കും. സന്ദേശത്തിന്റെ സത്തയും ഭാഷയും ഉൾക്കൊള്ളുവാനുള്ള ഗ്രഹിതാവിന്റെ കഴിവും പ്രധാന ഘടകമാണ്. സന്ദേശത്തോട് ചിലപ്പോൾ തത്ക്ഷണം പ്രതികരിച്ചെന്നിരിക്കും. ഗ്രഹിതാവിന്റെ പ്രതികരണം ദാതാവിനോടും സന്ദേശത്തോടും ഉള്ളതാകാം. അറിവ് നേടുക, മനസ്സിലാക്കുക, സ്വഭാവത്തിൽ മാറ്റം വരുത്തുക, സന്ദേശം സ്വീകരിക്കുക, നിരാകരിക്കുക എന്നിവ എല്ലാം ഗ്രഹിതാവിന്റെ യുക്തി അനുസരിച്ച് വ്യത്യാസപ്പെട്ടു കൊണ്ടിരിക്കും. എന്നാൽ സംവേദന പ്രക്രിയയിൽ ഗ്രഹിതാവില്ലാതെ സംവേദനം സംഭവിക്കുന്നില്ല എന്നതാണ് പൊതു തത്ത്വം.

### 6. പ്രതികരണം (Feed back)

പ്രതികരണം എന്നത് സന്ദേശത്തോടുള്ള ഗ്രഹിതാവിന്റെ സമീപനമാണ്. ഇത് പ്രതികരണമോ പ്രത്യാഘാതമോ ആകാം. സന്ദേശത്തോടോ ദാതാവിനോടോ ഉള്ള സ്വീകരണവും നിരാകരണവും പ്രതികരണമാണ്. ഇത് വിവിധ തരത്തിൽ സംഭവിക്കുന്നു. വ്യക്തികൾ തമ്മിലുള്ള സംവേദന പ്രക്രിയയിൽ പ്രതികരണം ദ്രുതഗതിയിലുള്ളതും നേരിട്ടുള്ളതുമാകും. പ്രഭാഷണവേളയിൽ ഗ്രഹിതാക്കൾ പെട്ടെന്ന് കൈയടിക്കുന്നതും പൊട്ടിച്ചിരിക്കുന്നതും സന്ദേശത്തോടുള്ള പ്രതികരണമാണ്.

പ്രതികരണമില്ലാതെ സംവേദനചക്രം പൂർണ്ണമാകുന്നില്ല. ഇതാണ് സംവേദനപ്രക്രിയയുടെ താളം നിയന്ത്രിക്കുന്നത്. പ്രതികരണത്തിന്റെ അസാന്നിധ്യം ദാതാവിലും ഗ്രഹിതാവിലും സംശയങ്ങൾ സൃഷ്ടിക്കും. സന്ദേശത്തിന് അനുസൃതമായ പ്രതികരണങ്ങൾ ദാതാവിൽ സംവേദനത്തിനുള്ള പ്രോത്സാഹനമായിതീരും. പ്രതികരണം ഇരുദിശയിലേക്കും ഉണ്ടാകണം. വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുവാനും നിലനിർത്തുവാനും ഇത് വഴി ഒരുക്കുന്നു.

വ്യക്തികൾ തമ്മിലുള്ള സംവേദനപ്രക്രിയയിൽ സന്ദേശത്തോടുള്ള പ്രതികരണം, അഭിപ്രായങ്ങൾ, മനോഭാവങ്ങൾ എന്നിവ പെട്ടെന്നു വെളിപ്പെടുത്തുന്നു. ഇത്തരം പ്രതികരണങ്ങൾ തിരിച്ചറിയുമ്പോൾ ദാതാവിന് സന്ദേശം, മാധ്യമം എന്നിവ ആകർഷകമായ രീതിയിൽ പുനഃക്രമീകരിക്കുവാൻ കഴിയുന്നു. ഹ്രസ്വകാലത്തുള്ളതും (short - term) ദീർഘകാലത്തുള്ളതുമായ (long - term) പ്രതികരണങ്ങളുണ്ട്. ഗ്രഹിതാക്കളുടെ ജ്ഞാനം, മനോഭാവം, സ്വഭാവരീതികൾ, വൈദഗ്ധ്യം എന്നിവയിൽ ഉണ്ടാകുന്ന മാറ്റമാണ് ആദ്യത്തേത്. ജനകീയ മുന്നേറ്റത്തിലേക്ക് (People's action) നയിക്കുന്നതാണ് ദീർഘകാല പ്രതികരണം. സന്ദേശം

ലഭിച്ചുകഴിഞ്ഞു നാളുകൾ കഴിയുമ്പോഴാണ് ഈ ബഹുജനമുന്നേറ്റത്തിന് പ്രാരംഭം കുറിക്കുന്നത്. ആശയസംവേദനം നിശ്ചലതയിലുള്ളതല്ല (Not Static). സന്ദേശങ്ങൾ പങ്കുവയ്ക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. ഗ്രഹിതാവ് നിഷ്ക്രിയമാകരുത്. സ്വീകരിക്കുന്ന സന്ദേശത്തോട് പ്രതികരിക്കുവാനുള്ള ഉത്തരവാദിത്വം ഉണ്ട്. പ്രതികരണമില്ലെങ്കിൽ സംവേദനതലം രേഖീയമായി തീരും (Linear Model). അതിന് ചാക്രിക സ്വഭാവം ലഭ്യമാകുമ്പോഴാണ് സംവേദനം ഒരു പ്രക്രിയയാകുന്നത്.

സന്ദേശത്തോടോ ദാതാവിനോടോ ഉള്ള നിശബ്ദതയും ശക്തമായ പ്രതികരണമായി കണക്കാക്കുവാൻ കഴിയും. അതിനാൽ സംവേദന പ്രക്രിയയിൽ പ്രതികരണം എപ്പോഴും ഉണ്ടായിരിക്കും. സംവേദന പ്രക്രിയ ചാക്രികമായി (Circular process) തുടരുവാൻ പ്രതികരണം സഹായിക്കുന്നു.

## സംവേദനത്തിലെ ഭാരതീയ കാഴ്ചപ്പാടുകൾ

ഭാരതീയ കാഴ്ചപ്പാടുകളിൽ സംവേദന ദർശനങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ബി.സി. രണ്ടാം നൂറ്റാണ്ടു മുതൽ എ. ഡി. ഒന്നാം നൂറ്റാണ്ടു വരെയുള്ള ഭാരതീയ കാവ്യകലയിലാണ് സംവേദന തത്ത്വങ്ങൾ കണ്ടെത്തിയിരിക്കുന്നത്. സൗന്ദര്യശാസ്ത്ര ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാചീനമായ നാട്യശാസ്ത്രത്തിൽ (ബി.സി. 300 - എ. ഡി. 150) സംവേദന തത്ത്വത്തിൽ *സാധാരണീകരണം* (Sadharanikaran) പൊതുവായ, പൊരുത്തം, ഐക്യം എന്നീ ആന്തരാർത്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ഈ പ്രക്രിയ സഫലമാക്കുന്നത് ആസ്വാദക ഹൃദയത്തിലാണ്. കാവ്യാസ്വാദനം ചെയ്യുവാൻ കഴിവുള്ള വ്യക്തിയാണ് സഹൃദയൻ. കാവ്യം പൂർണ്ണമായും ആസ്വദിക്കുമ്പോഴാണ് കവിയും (Sender) സഹൃദയനും (Receiver) തമ്മിലുള്ള ബന്ധം ദൃഢമാകുന്നത്. സംവേദനം ഫലപ്രദമാകുന്നത് ഗ്രഹിതാവിന്റെ മനോധർമ്മവും സഹൃദയത്വവുമാണ്.

സഹൃദയൻ ശാന്തനും ദേശ ഭാഷാ വിജ്ഞനും, കലാശില്പ വിചക്ഷണനും പ്രബുദ്ധനും ആയിരിക്കണമെന്ന് ഭരതമുനി അനുശാസിക്കുന്നു. കലയിൽ ആവിഷ്കൃതമാകുന്ന വികാരം അതേപടി അനുഭവിക്കുവാൻ സഹൃദയനു കഴിയണം. കലാസൃഷ്ടിയുടെ യഥാർത്ഥ സൗന്ദര്യം ഉൾക്കൊള്ളുവാൻ സഹൃദയനു മാത്രമേ കഴിയൂ എന്ന് ഭരതമുനി പഠിപ്പിക്കുന്നു. സഹൃദയന്റെ പ്രായം, നൈസ്സർഗ്ഗിക പ്രവണത, ശാരീരിക - മാനസികാവസ്ഥ എന്നിവ ആസ്വാദനത്തിന് പ്രചോദന ഘടകങ്ങളാണ്. വിജ്ഞാനപാടവം, ഗ്രഹണശക്തി, ഏകാഗ്രത, താദാത്മ്യം പ്രാപിക്കുവാനുള്ള കഴിവ് എന്നിവയും സഹൃദയനുണ്ടാകണം. ഇത്തരം

യോഗ്യതയുള്ള സഹൃദയരെ 'സുമനസ്സർ' എന്നു ഭരതമുനി വിളിക്കുന്നു. ശരീര സ്വസ്ഥതയും മാനസികാരോഗ്യവും സഹൃദയത്വത്തിന് ആവശ്യ മാണ്. ഇതിന് നിരന്തരമായ അഭ്യസനം വേണം. ഫലപ്രദമായി സംവേ ദനം നടത്തുവാൻ ദാതാവ് വൈദഗ്ധ്യം നേടുന്നതുപോലെ ഗ്രഹിതാവും സഹൃദയത്വം വളർത്താൻ നിപുണത പ്രാപിക്കണം. അപ്പോൾ ദാതാ വിന്റെ മാനസിക ഭാവങ്ങൾ അതേ ഭാവത്തിൽ അനുഭവിക്കുവാൻ ഗ്രഹി താവിനു കഴിയുന്നു. ഇതാണ് ഹൃദയ സംവാദമെന്ന് ഭാരതീയർ വിശേ ഷിപ്പിക്കുന്നത്. സഹൃദയൻ എന്ന പദത്തിന് 'ഹൃദയമുള്ളവൻ' എന്ന് അർത്ഥം കല്പിക്കാം. കാവ്യരസത്തെ അനുഭവിക്കുവാൻ കഴിയുന്ന ഹൃദ യത്തോടു കൂടിയവനാണ് സഹൃദയൻ. സഹൃദയന്റെ താദാത്മ്യവും അനു പേക്ഷണീയമാണ്. 'ഹൃദയസംവാദഃ ആസ്വാദഃ' എന്നാണ് ഭാരതമതം. അതായത് ആസ്വാദക ഹൃദയം സംവാദ സജ്ജമായിരിക്കണം എന്ന ർത്ഥം.

സംവേദന പ്രക്രിയയിലെ തത്ത്വങ്ങളും മാതൃകകളും പാശ്ചാത്യ സ്വാധീനമുള്ളതാണ്. ഇലക്ട്രോണിക് സംവേദന തത്ത്വങ്ങളായതിനാൽ മിക്ക മാതൃകകളും രേഖീയ സ്വഭാവമുള്ളതാണ്. അതിനാൽ വികസ്വര രാഷ്ട്രങ്ങൾ ചാക്രിക സ്വഭാവമുള്ള മാതൃകകൾ രൂപപ്പെടുത്തുവാൻ തുട ങ്ങി. ഇവിടെ സംവേദനം ഒരു പ്രക്രിയയായി അവതരിപ്പിക്കുന്നു. ഇത് അനസ്യൂതം തുടരുന്നതാണ്.

**ഉപസംഹാരം**

മനുഷ്യേതര മധ്യവർത്തികൾ ആധിപത്യം പുലർത്തുന്ന പല പാശ്ചാത്യ മാതൃകകളും തിരുത്തി എഴുതുന്നത് മനുഷ്യന് പ്രാധാന്യം നൽകിയാണ്. സംവേദനം മനുഷ്യവർഗ്ഗത്തിന്റെ കൂട്ടായ്മയും പരസ്പ രാശ്രയത്വവും വികസനവും ലക്ഷ്യമാക്കുന്നു. ഇവിടെ മനുഷ്യരുടെ പങ്കാ ളിത്തമാണ് മുഖ്യമായും ഉണ്ടാകേണ്ടത്. മുകളിൽ നിന്നും താഴേക്കു ണ്ടാകുന്ന (top - down) സംവേദന പ്രക്രിയയെ താഴെ നിന്നും മുകളി ലേക്കും (bottom - up) താഴെ നിന്നും താഴേക്കും (bottom - bottom) പുന ക്രമീകരിക്കുന്ന ദർശനമാണ് വികസനപ്രക്രിയയെ സഹായിക്കുന്നതെന്ന് അനുശാസിക്കുന്നു. ഇവിടെ ലംബവും തിരശ്ചീനവുമായി സംവേദനം നടക്കുന്നു. മനുഷ്യനിൽ കേന്ദ്രീകൃതവും പങ്കാളിത്തപൂർണ്ണവുമായ മാതൃകയാണിത്. പരസ്പരം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന വ്യക്ത്യാന്തരസംവേദന (Interpersonal communication) ത്തിനാണ് പ്രാധാന്യം. അവികസിത മേഖലകളിലും ഗ്രാമങ്ങളിലും വളരെ സ്വാധീനവത്തും ഫലപ്രദവുമായ രീതിയിൽ ചാക്രിക മാതൃക യിലുള്ള സംവേദനരീതികൾ വിജയകരമായി നടക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ❑

## പാഠം 3

# സംവേദന തലങ്ങൾ

❑ വ്യക്തിതല സംവേദനം ❑ വ്യക്താന്തര സംവേദനം ❑ സമൂഹ സംവേദനം ❑ ബഹുജന സംവേദനം ❑ പരമ്പരാഗത സംവേദനം ❑ സംവേദന വൈവിധ്യങ്ങൾ

സംവേദനത്തിന് വൈവിധ്യമാർന്ന മുഖങ്ങളുണ്ട്. സാഹചര്യങ്ങൾക്കനുസൃതമായി സംവേദന ശൈലിക്ക് മാറ്റം വരുത്തുവാൻ കഴിയും. ഒന്നിലധികം സംവേദനതലങ്ങൾ ഒരു സംവേദന പ്രക്രിയയിൽ ആവിർഭവിക്കുകയും ചെയ്യും. സംവേദനം ഏറ്റവും ഫലവത്താക്കിത്തീർക്കുവാൻ ശ്രമിക്കുമ്പോൾ വിവിധ പദ്ധതികൾ ദാതാവ് ആവിഷ്കരിക്കുന്നു. ആശയ സംക്രമണം വിവിധ പന്ഥാവിൽക്കൂടിയാണ് ഗ്രഹിതാവിൽ എത്തിച്ചേരുന്നത്. സംവേദനതലങ്ങളിൽ ഇവയുടെ ഘടനയോ വിനിമയ രീതികളോ അറിയുവാൻ ശ്രമിക്കാറില്ല. എന്നാൽ വിവിധ സംവേദന തലങ്ങളും അവയുടെ സാധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞാൽ സംവേദന പ്രക്രിയയെ സമീപിക്കുവാൻ എളുപ്പമായിരിക്കും.

'സംവേദന പഠനത്തിൽ' ആശയ വിനിമയത്തിന്റെ വ്യത്യസ്ത തലങ്ങൾ വിശദീകരിക്കുന്നുണ്ട്. ഒരോന്നിനെക്കുറിച്ചുള്ള വിശദമായ അറിവ് ഫലപ്രദമായ സംവേദനത്തെ സഹായിക്കും.

### 1. വ്യക്തിതല സംവേദനം (Intrapersonal Communication)

ഒരു വ്യക്തിയിൽ തന്നെ ( within oneself) നടക്കുന്ന സംവേദന തലമാണിത്. സന്ദേശം ആരംഭിക്കുന്നതും സന്ദേശം എത്തിച്ചേരുന്നതും ഒരാളിൽ തന്നെ ആയിരിക്കും. 'ചിന്തിക്കുക', 'അനുഭവിക്കുക' എന്നിവയാണ് മുഖ്യഘടകങ്ങൾ. മൗനത്തിന്റെയും ധ്യാനത്തിന്റെയും പശ്ചാത്തലം വ്യക്തിതല സംവേദനത്തിന് ആഴങ്ങൾ വർദ്ധിപ്പിക്കുന്നു. അതീന്ദ്രിയ ജ്ഞാനത്തിന്റെ ആഗമന - ബഹിർഗമന തലങ്ങൾ ഒരാളിൽ സൃഷ്ടിക്കുവാൻ സാധിക്കും. വ്യക്തിതല സംവേദന പ്രക്രിയയിൽ പഞ്ചേന്ദ്രിയങ്ങൾ നിഷ്ക്രിയമാകുമെങ്കിലും മനസ്സ് സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കും. ഒരു തരത്തിൽ മനസ്സ് മാത്രമായിരിക്കും സംവേദന പ്രക്രിയയിൽ മുഴുകുന്നത്. ഇത് സുബോധത്തിൽ നടക്കുന്ന സംവേദന തലമാണ്. ഒരു വിഷയത്തെക്കുറിച്ച് ഗാഢമായി ചിന്തിക്കുന്നത് വ്യക്തിതല സംവേദനമാണ്. ഇവിടെ പ്രചോദനവും (stimuli) പ്രതികരണവും (response) മനസ്സിൽ തന്നെ സംഭവിക്കുന്നു. സ്വാനുഭവങ്ങളുടെ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനം വ്യക്തിതല സംവേദനത്തിലുണ്ടാകും. അനുഭവിച്ചറിഞ്ഞ മൂല്യങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ

എന്നിവയിൽ നിന്നും അഭിമുഖീകരിക്കേണ്ട വെല്ലുവിളികളിൽ നിന്നും രൂപം പ്രാപിക്കുന്നതായിരിക്കും പ്രചോദനവും പ്രതികരണവും. ചിന്ത, ഭാവന, ധ്യാനം, മനനം എന്നിവ ഇതിനായി ഉൾപ്പെടുത്തുന്നു. ഇവിടെ സാഹചര്യങ്ങളുടെ സ്വാധീനത്തിന് പ്രാധാന്യം ഉണ്ട്.

വാമൊഴിയായി ഒന്നും ഉച്ചരിക്കപ്പെടുന്നില്ലെങ്കിലും നിരവധി ആശയങ്ങൾ മനസ്സിൽ ശക്തിപ്പെടുകയായിരിക്കും. വാക്കുകൾ പുറത്തുവരാത്തതിനാൽ ഇതിനെ സംവേദന നിഷേധമായി കരുതുവാൻ സാധിക്കുകയില്ല. ഉച്ചരിക്കപ്പെടാത്ത വാക്കുകളും ആശയങ്ങളും മനസ്സിൽ ഗർഭം ധരിക്കുക യാണ്. ഇതിന്റെ രൂപഭാവ വ്യതിയാനങ്ങൾ 'ദാതാവിന്റെ' മുഖഭാവത്തിലൂടെയും ശരീരഭാഷയിലൂടെയും (Body Language) തിരിച്ചറിയുവാൻ കഴിയും. ബോധ വ്യവഹാരങ്ങൾ ഭാവങ്ങളായി മാത്രം സംവേദിക്കുന്നു. അവ പൂർണ്ണമായും തിരിച്ചറിയുവാൻ കഴിയുകയില്ല.

വ്യക്തിതല സംവേദനം ആന്തരിക ഭാഷണമാണ്. വ്യക്തിയോടുള്ള പ്രതികരണമാകാം, വ്യക്തി ബന്ധങ്ങളോടോ സാഹചര്യങ്ങളോടോ ഉള്ള പ്രതിസ്പന്ദനവുമാകാം. മനസ്സിലും ബുദ്ധിയിലും മാത്രം വ്യാപരിക്കുന്ന പ്രക്രിയയാണ്. ഇത് സൃഷ്ടിക്കുവാനും നിയന്ത്രിക്കുവാനും വ്യക്തിക്കു മാത്രമേ സാധിക്കുകയുള്ളൂ. ബാഹ്യമായ ഇടപെടലുകൾ വ്യക്തിതല സംവേദനക്രമത്തെ ഭഞ്ജിക്കുവാൻ ഇടയാക്കും.

വ്യക്തിതല സംവേദനത്തെ അതീന്ദ്രിയ ധ്യാനമായും (Transcendental) അതിമാനുഷിക സംവേദനമായും (Transpersonal) ഭാരതീയ പഠനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. മതപാരമ്പര്യത്തിൽ അന്തർജ്ഞാനം (Intuition) പ്രാപിക്കുവാൻ ഋഷിതുല്യമായ മനനം അനിവാര്യമെന്ന് വിധിക്കുന്നു. വ്യാസനും, വാല്മീകിയും ഇതിഹാസങ്ങൾ തപസ്സുകൊണ്ടറിഞ്ഞു. 'യോഗസ്ഥനിയായിത്തീർന്ന് ജ്ഞാനം കൊണ്ട് സർവ്വവും അന്തരാ ദർശിച്ചു.' ഈ പാരമ്പര്യത്തെ നിലനിർത്തുവാൻ കഴിയുന്നതാണ് വ്യക്തിതല സംവേദനം. ഇതിന് നിരന്തരമായ ധ്യാനവും മനനവും ആവശ്യമാണ്.

ഭാരതീയ പാരമ്പര്യത്തിൽ ഋഷിമാർ മനനത്തിലൂടെ അദ്ധ്യാത്മികമായി വളർന്നു. ബുദ്ധഭിക്ഷുക്കൾ മനനത്തിലൂടെ ജ്ഞാനം സംവേദിപ്പിച്ചു. പൗരസ്ത്യ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ ആന്തരിക നിശ്ചലതയിലൂടെ (deep inner quietness) ജ്ഞാനദീപ്തി പ്രാപിക്കുന്നു. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ദൃശ്യവും ശബ്ദവും പുത്തൻ സംസ്ക്കാരത്തിൽ വ്യക്തിതല സംവേദനത്തിന്റെ ആഴവും വേരും നഷ്ടപ്പെടുത്തുകയാണ്. ഒരു വ്യക്തി തന്നോടു തന്നെ സംവേദിക്കുന്ന അനുഭവതലം വളർത്തിയെടുക്കണം.

ഏതു തലത്തിലുള്ള സംവേദന പ്രക്രിയ ആരംഭിച്ചാലും വ്യക്തിതല സംവേദനം ഒരു പരിധി വരെ ഉണ്ടാകുന്നു. അതിനുശേഷമാണ് മറ്റ് സംവേദന തലങ്ങളിലേക്ക് ഉയരുന്നത്. സംവേദനം ആരംഭിക്കുന്നതിനു മുമ്പ് വ്യക്തിയുടെ ബുദ്ധിയിലും മനസ്സിലുമുണ്ടാകുന്ന നിരവധി ചോദ്യോത്തരങ്ങളാണിത്. ഇത് വാക്കുകളായി പുറത്തു വരാറില്ല. വ്യക്തികൾ തമ്മിലുള്ള സംഭാഷണപ്രക്രിയയിലും, വ്യക്തിതല സംവേദനം ആന്തരികമായി ഉണ്ടായിക്കൊണ്ടിരിക്കും. അതനുസരിച്ച് വാക്കുകളും ശബ്ദങ്ങളും വ്യതിയാനപ്പെടുകയും ചെയ്യും. സംഭാഷണ പ്രക്രിയയിൽ ഇവ ക്ഷണികവും ദ്രുതഗതിയിലുള്ളതുമായിരിക്കും. അതിനാൽ ആന്തരിക തലങ്ങളുടെ വിവിധ വശങ്ങൾ അന്വേഷിക്കുവാൻ സമയം കണ്ടെത്താറില്ല.

വ്യക്തിതല സംവേദനം സ്വയമായും, മറ്റുള്ളവരുമായും ബന്ധപ്പെടുവാനുള്ള മുഖാന്തരം സജ്ജമാക്കുന്നു. ഇതര വ്യക്തികളുമായി താദാത്മ്യപ്പെടുവാനും പൊരുത്തപ്പെടുവാനുമുള്ള മനസ്സും മനോഭാവവും സൃഷ്ടിച്ചെടുക്കുന്നു. വ്യക്തിതല സംവേദനം ഒരുവനിൽ ആത്മവിശ്വാസം സൃഷ്ടിക്കുകയും അതു നിലനിർത്തുകയും ചെയ്യുന്നു. താൻ ആരെന്നും എന്തെന്നും എവിടെയെന്നും തിരിച്ചറിയത്തക്കവിധം 'സ്വയം കണ്ടെത്തലിനുള്ള' മാർഗ്ഗരേഖയാണ് – വ്യക്തിതല സംവേദനം. ഇത് ബോധപൂർവ്വം പരിശീലിക്കുകയും പരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. അവധാനപൂർവ്വം വ്യക്തിതല സംവേദനത്തെ സമീപിച്ചില്ലെങ്കിൽ സംവേദന പ്രക്രിയ നിഷ്ഫലമായി തീരും.

**2. വ്യക്ത്യാന്തര സംവേദനം (Inter - Personal Communication)**

സംവേദനരംഗത്തെ ഏറ്റവും ശക്തമായ തലമാണ് വ്യക്താന്തര സംവേദനം. ഇത് സ്വതന്ത്രവും നൈസർഗ്ഗികവുമായ സമീപനമാണ്. പരസ്പരമുള്ള മുഖാമുഖ സംവേദനത്തിൽ ഇരു ദിശയിലേക്കും സംവേദനം നടക്കുന്നു. ഒരു വ്യക്തിക്കു പറയുവാനും മറ്റൊരു വ്യക്തിക്ക് ശ്രദ്ധിക്കുവാനും കഴിയുന്നു. തുടർന്ന്, ശ്രദ്ധിച്ച വ്യക്തിക്ക് പറയുവാനും പറഞ്ഞ വ്യക്തിക്ക് ശ്രദ്ധിക്കുവാനും സാധിക്കും. സന്ദേശം ഉൾക്കൊണ്ട് തത്സമയം പ്രതികരിക്കുവാൻ കഴിയുന്ന വിനിമയ പ്രക്രിയയാണിത്. വാക്കുകളും ഭാവങ്ങളും സംവേദനത്തെ ശക്തിപ്പെടുത്തുന്നു. വ്യക്തികൾ തമ്മിലുള്ള സാമീപ്യം സംവേദനത്തിന്റെ പ്രതികരണം (feed back) വർദ്ധിപ്പിക്കും.

വ്യക്ത്യാന്തര സംവേദനത്തിൽ ഒന്നിലധികം വ്യക്തികൾക്ക് പങ്കുചേരാം. ഇത് സംഭാഷണമോ സംവാദമോ ആകാം. ഒരു യന്ത്രത്തിന്റെയോ വ്യക്തിയുടെയോ സാഹചര്യങ്ങളുടെയോ ബോധപൂർവ്വമായ ഇടപെടൽ ഇല്ലാത്തപ്പോൾ ഇത് ഭാവങ്ങൾ കൊണ്ടും വാക്കുകൾ കൊണ്ടുമുള്ള

സംവേദന പ്രക്രിയയാണ്. വാക്കുകളോ ആംഗ്യങ്ങളോ വഴി കൈമാറുന്ന ആശയങ്ങളും വികാരങ്ങളുമാണ് ഈ സംവേദനം. ആശയങ്ങൾക്കൊപ്പം വികാരങ്ങളും വിനിമയം ചെയ്യുന്നു. ഇതിന്റെ അളവും തരവും അനുസരിച്ച് ബന്ധം വർദ്ധിപ്പിക്കുകയോ തകർക്കുകയോ ചെയ്യാം. ഈ വിനിമയ പ്രക്രിയയിൽ ചോദനയും (stimulus) പ്രതികരണവും (response) ഉണ്ടായിരിക്കും. സംവേദന പ്രക്രിയയിൽ കഴിയുന്നത്ര സമയം ആശയങ്ങളും വികാരങ്ങളും പങ്കിടുവാൻ ശ്രമിക്കണം. വ്യക്തിബന്ധം രൂഢമൂലമാക്കിയാൽ നൈസർഗ്ഗികമായ ആശയങ്ങൾ സംവേദിക്കപ്പെടും. പരസ്പരം മനസ്സിലാക്കുവാനും ബഹുമാനിക്കുവാനും സ്നേഹിക്കുവാനും കഴിയുമ്പോൾ വ്യക്താന്തരബന്ധം ഹൃദയ സംവേദനമായിത്തീരും. ഇത് വ്യക്തിപരവും നേരിട്ടുള്ളതുമാണ്. ധാരാളം സമയം പരസ്പരബന്ധത്തിന് ലഭ്യമായാൽ ആഴവും ആത്മാർത്ഥവുമായ കൂട്ടായ്മ സൃഷ്ടിക്കുവാൻ കഴിയും.

വ്യക്തികൾ തമ്മിൽ നടത്തുന്ന സംവേദനത്തിൽ ആന്തരികമായ സംഘർഷങ്ങൾ, ചിന്തകൾ, സ്വകാര്യ ദുഃഖങ്ങൾ, സ്വപ്നങ്ങൾ, കഴിവുകൾ, കഴിവുകേടുകൾ തുടങ്ങി എത്രയോ കാര്യങ്ങളിൽ ഹൃദയം തുറക്കുവാൻ കഴിയും. പരസ്പര താല്പര്യവും അഗാധമായ വ്യക്തിബന്ധവും രൂപപ്പെടുമ്പോഴാണ് വ്യക്ത്യാന്തര സംവേദനം ശക്തിപ്പെടുന്നത്. സംവേദന നിയന്ത്രണവും പങ്കിടീലും വ്യക്തികളിൽ കേന്ദ്രീകൃതമായിരിക്കും. അവരുടെ താല്പര്യവും സന്മനസ്സും സംവേദനത്തെ ഭാഷ കൊണ്ടും ഭാഷാതീതമായ ഭാവങ്ങൾ കൊണ്ടും (non - verbal) ത്വരിതപ്പെടുത്തുവാൻ കഴിയും. പങ്കു വെയ്ക്കുന്ന സന്ദേശത്തോട് താല്പര്യമുളവാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ സംവേദനം വിച്ഛേദിക്കുകയോ മറ്റൊരു വിഷയത്തിലേക്ക് തിരിച്ചുവിടുകയോ ചെയ്യാം. ഇത് വ്യക്തികൾ തമ്മിലുള്ള ബന്ധം അടിസ്ഥാനപ്പെടുത്തിയേ നിർണ്ണയിക്കുവാൻ കഴിയൂ. വ്യക്താന്തര സംവേദനം രണ്ടു തരത്തിൽ ഉണ്ട്. ഒന്ന്. വ്യക്തിപരമായ സംവേദനം. രണ്ട്. ഔദ്യോഗികമായ സംവേദനം.

## A. വ്യക്തിപരമായ സംവേദനം (Interaction)

വ്യക്തിപരമായ സംവേദനം സ്വകാര്യമായ സംഭാഷണമാണ്. സുഹൃത്തുക്കൾ, സ്നേഹിതർ, കമിതാക്കൾ, കുടുംബാംഗങ്ങൾ എന്നിവർ നടത്തുന്ന സംവേദനമാണ്. ഇതിൽ സാമൂഹികമായ യാതൊരു നിയമങ്ങളും സംവേദനത്തെ തടസ്സപ്പെടുത്തുകയില്ല. തികച്ചും സ്വതന്ത്രവും വൈകാരിക തീവ്രത നിറഞ്ഞതുമായിരിക്കും. വാക്കുകളും ഭാവങ്ങളും ഉപയോഗിച്ച് വ്യക്തികൾ പരസ്പരം പ്രചോദിപ്പിക്കപ്പെടുന്നു. ഇവ നിയതമായ അർത്ഥങ്ങളിൽ സംവേദിതമാകുന്നതല്ല. ഇത് സന്ദർഭം അനുസരിച്ച് അർത്ഥങ്ങൾ സൃഷ്ടിക്കുന്നവയാണ്. പ്രധാന ലക്ഷ്യങ്ങൾ നേടുന്നതിനും

പരസ്പരം പിൻതാങ്ങുന്നതിനുമായി സംവേദനം പ്രചോദിപ്പിക്കപ്പെടുന്നു. സംവേദനത്തിൽ വ്യക്തിപരമായ പൊതു ഐക്യവും പൊരുത്തവും വളരെ ആയിരിക്കും. സ്വകാര്യവും വ്യക്തിപരവുമായ ബന്ധം ഉറപ്പിക്കുന്ന സംവേദനതലമാണിത്. എല്ലാ വ്യക്താന്തര സംവേദനങ്ങളും വ്യക്തിപരമായ പരാമർശത്തിൽ നിന്നുമാണ് ആരംഭിക്കുന്നത്. തുടർന്ന് ആവശ്യാനുസൃതം സംവേദന തലങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നു.

### B. ഔദ്യോഗിക സംവേദനം (Transaction)

പൊതുരംഗത്ത് വ്യക്തികൾ തമ്മിൽ നടത്തുന്ന സംവേദനമാണിത്. സാമൂഹിക നിയമങ്ങളും മര്യാദകളും സംഭാഷണത്തിൽ പാലിക്കപ്പെടുന്നു. നിയമങ്ങൾ അനുസരിക്കുവാൻ വ്യക്തികൾ ബാധ്യസ്ഥരാണ്. ഔദ്യോഗിക സംവേദന തലങ്ങളിൽ വ്യക്തികൾ, നടപടി ക്രമങ്ങൾ, നിയമങ്ങൾ, ഭാവ പ്രകടനങ്ങൾ എന്നിവയിൽ എല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. വാക്കുക ളിലും ഭാവപ്രകടനങ്ങളിലും ഔദ്യോഗികതയുടെ രീതികൾ സൃഷ്ടിക്കപ്പെടും. ഇത് സാഹചര്യങ്ങൾക്കനുസൃതമായി വ്യത്യാസപ്പെടുന്നു.

വ്യക്തികളുടെ സംഭാഷണങ്ങൾക്ക് പൊതുനന്മയെ ലക്ഷ്യമാക്കിയുള്ള സംവേദന ശൈലിക്കായിരിക്കും പ്രാധാന്യം. ഇതിൽ അധികാരമുള്ളവരായിരിക്കും സംവേദനം നയിക്കുന്നതും നിയന്ത്രിക്കുന്നതും. പലപ്പോഴും സാധാരണക്കാരുടെ സംവേദന ശൈലിക്ക് മൂർച്ചയും ശക്തിയും നഷ്ടപ്പെടുന്നതായും കാണുന്നു. വ്യക്താന്തര സംവേദനത്തിന് പ്രധാനമായും മൂന്ന് തലങ്ങളുണ്ട്. 1. പ്രകാശന തലം 2. സ്വകാര്യ തലം 3. സൗഹൃദ തലം.

### 1. പ്രകാശനതലം (Phatic stage)

വ്യക്ത്യാന്തര സംവേദനത്തിലെ പ്രഥമ തലമാണിത്. വാക്കുകൾ വഴിയുള്ള പ്രകാശനമാണ്. ഇത് ആരംഭിക്കുന്നത് ഹൈ, ഹലോ, എന്തുണ്ട് വിശേഷം, നമസ്ക്കാരം, വണക്കം, സുഖമാണോ തുടങ്ങിയ വാക്കുകളിലായിരിക്കും. ഇത് ആശയ വിനിമയത്തിന്റെ പ്രാരംഭം മാത്രം. വാക്കുകൾ, ആംഗ്യങ്ങൾ, ഭാവപ്രകടനങ്ങൾ എല്ലാം പ്രകാശന തലത്തിൽ ഉണ്ടാകുന്നു. വാക്കുകളുടെ ആക്ഷരിക അർത്ഥം ഉൾക്കൊള്ളാറില്ല. ആശംസകളായോ ഉപചാരവാക്കുകളായോ മാത്രം ഗണിക്കുന്നു. സാഹചര്യവും പശ്ചാത്തലവും അനുസരിച്ച് ഇവയുടെ അർത്ഥവും ഔചിത്യവും പ്രാധാന്യം അർഹിക്കുന്നു. സാമൂഹികവും സാംസ്കാരികവുമായ നിയമങ്ങളും അനുഷ്ഠാനങ്ങളും സംവേദനത്തിന്റെ പ്രകാശന തലത്തിൽ ഉണ്ടാകുന്നു. അവ കാലദേശാനുസൃതം വ്യത്യസ്തവുമാണ്.

## 2. സ്വകാര്യതലം (Personal stage)

സംവേദനത്തിലെ പ്രകാശനതലം ഫലപ്രദമായി വിനിമയം ചെയ്യു ന്നെങ്കിൽ മാത്രമേ സ്വകാര്യതലം ആരംഭിക്കൂ. ഇതിൽ സ്വകാര്യ ജീവി തത്തിന്റെ വിവിധ വശങ്ങൾ സംഭാഷണത്തിൽ ചേർക്കുവാൻ ദാതാവ് ഇഷ്ടപ്പെടുന്നു. കുടുംബ കാര്യങ്ങൾ, ജോലി, ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ സംഭാഷണത്തിൽ എത്തിച്ചേരുന്നു. ഇത് പരസ്പരം പങ്കുവെ യ്ക്കുന്നു. ബിസിനസ്സ് സംഭാഷണങ്ങൾ സ്വകാര്യതലങ്ങളിലേക്ക് അധികം എത്താറില്ല. എന്നാൽ സ്വകാര്യ ആവശ്യങ്ങൾക്ക് സംതൃപ്തി നൽകുന്നവ ഊതിവീർപ്പിച്ച് അവതരിപ്പിക്കുവാൻ ശ്രമിക്കുന്നു. ഗുണഭോ ക്താക്കളിൽ സ്വകാര്യതാല്പര്യം സൃഷ്ടിക്കുവാൻ ബോധപൂർവ്വമുള്ള ശ്രമം നടത്താറുണ്ട്. സ്വകാര്യ സംഭാഷണത്തിലെ മുഖ്യഘടകങ്ങളായി തീരുന്നതുവഴി വ്യക്തിബന്ധം ശക്തീകരിക്കുവാൻ കഴിയുന്നു.

## 3. സൗഹൃദതലം (Intimate stage)

വ്യക്ത്യാന്തര സംവേദനം ഫലപ്രദമാകുന്നത് സൗഹൃദം സൃഷ്ടിക്കു മ്പോഴാണ്. സൗഹൃദതലത്തിൽ സംവേദനം എത്തുമ്പോൾ വ്യക്തിബ ന്ധവും പരസ്പരാശ്രയത്വവും വർദ്ധിക്കും. വാക്കുകളിൽ വിവരിക്കുവാൻ കഴിയാത്ത സൗഹൃദത്വം സൃഷ്ടിക്കപ്പെടും. ഈ സാഹചര്യങ്ങളിൽ ആന്തരിക ചിന്തകളും വികാരങ്ങളും പങ്കുവെയ്ക്കുവാൻ കഴിയുന്നു. വേദ നകളും നിരാശകളും സങ്കടങ്ങളും സന്തോഷങ്ങളും യാതൊരു വൈമ നസ്യവുമില്ലാതെ സംവേദിക്കുന്നു. അദൃശ്യമായ ഏതോ കണ്ണികൾ വ്യക്തികളെ ബന്ധിക്കുന്ന പ്രതീതിയാണ് ഉണ്ടാകുന്നത്. സംവേദനം സൃഷ്ടിക്കുന്ന ഈ ബന്ധമാണ് കൗൺസലിങ്ങിലും മറ്റും പ്രശ്നവിശ കലനത്തിന് വേദിയാകുന്നത്. വ്യക്തികൾ തമ്മിലുള്ള സൗഹൃദതലം ഫലപ്രദമായി വളർത്തിയെടുക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങളുണ്ടാ കണം. ഇന്നത്തെ പല വ്യക്ത്യാന്തര സംവേദനങ്ങളും പ്രകാശനതല ത്തിലുള്ളതായിത്തീരുന്നു. ഒരു തരം ഹൈ, ഹൈ ബന്ധം! പരസ്പരം മനസ്സിലാക്കുവാനോ സൗഹൃദം വളർത്തുവാനോ ആരും സന്മനസ്സ് കാണിക്കുന്നില്ല.

വ്യക്ത്യാന്തര സംവേദനം ഏതു സമൂഹത്തിന്റെയും ജീവരക്തമാണ്. ഇത് ഹൃദയങ്ങളെ തൃപ്തിപ്പെടുത്തുകയും വ്യക്തിത്വം വികസിപ്പിക്കു കയും സ്വപ്നങ്ങൾക്ക് ചിറകു നൽകുകയും ചെയ്യുന്നു. പരസ്പര താല്പ ര്യവും വ്യക്തിബന്ധവും ഇതിന് അനിവാര്യമാണ്. വ്യക്തികൾ തമ്മിൽ അവരവരുടെ അവബോധം (perception), ഉദ്ദേശ്യം (intention), മൂല്യങ്ങൾ (values) എന്നിവ പങ്കുവെയ്ക്കുമ്പോൾ വ്യക്ത്യാന്തര സംവേദനം ചല നാത്മകവും പ്രചോദനാത്മകവും പരസ്പരാശ്രയത്വം നിറഞ്ഞതുമാ

കുന്നു. ഭാഷ പങ്കുവയ്ക്കുവാനും മനസ്സിലാക്കുവാനും ചിന്തിക്കുവാനും സംവേദിക്കാനുമുള്ള പാടവം വ്യക്ത്യാന്തര സംവേദനം വഴി ലഭ്യമാകുന്നു. ഇത് വളർത്തിയെടുക്കേണ്ട കഴിവും (skill) സ്വഭാവവും ആയിരിക്കണം.

### 3. സമൂഹ സംവേദനം (Group Communication)

വ്യക്ത്യാന്തര സംവേദന സ്വഭാവമുള്ളതാണ് സമൂഹ സംവേദനം. ഒന്നിലധികം വ്യക്തികൾ മുഖാമുഖം നടത്തുന്ന സംവേദന പ്രക്രിയ ആണിത്. ഒരു കൂട്ടം വ്യക്തികൾ മറ്റൊരു കൂട്ടം വ്യക്തികളോട് നടത്തുന്ന ആശയ വിനിമയവും സമൂഹ സംവേദനമായി കണക്കാക്കാം.

പൊതുവായ ലക്ഷ്യത്തിൽ ഒരുമിച്ച് പ്രവർത്തിക്കുകയും സ്വയം വളരുകയും മറ്റുള്ളവരെ വളർച്ചയിൽ സഹായിക്കുകയും ചെയ്യുന്ന ഏതാനും വ്യക്തികളുടെ കൂട്ടായ്മയാണ് സമൂഹ സംവേദനത്തിലുള്ളത്. അതായത് പരസ്പരാശ്രിതത്വത്തിൽ (Inter dependence) സംവേദനം നടത്തുന്ന വ്യക്തികളുടെ സംഘമാണിത്. ഒരേ ലക്ഷ്യപ്രാപ്തിക്കായുള്ള രണ്ടോ അതിലധികമോ വ്യക്തികളുടെ കൂട്ടായ്മയാണ് ഈ സംഘം. നിശ്ചിത നിയമങ്ങളും ചട്ടങ്ങളും ഉൾക്കൊണ്ട് പരസ്പരം സ്വാധീനിക്കുന്ന സംഘമായിരിക്കണം ഇത്. ഇത്തരം സമൂഹങ്ങൾ ബോധപൂർവ്വം രൂപീകരിക്കുവാൻ കഴിയും. സാഹചര്യങ്ങളും ആവശ്യങ്ങളും അനുസരിച്ച് ഇവ സ്വയം രൂപപ്പെടുകയും ചെയ്യും.

സമൂഹ സംവേദനത്തിൽ വിവിധ സ്വഭാവങ്ങളിലുള്ളവർ ഉണ്ടാകും. ഏകജാതീയരും ബഹുജാതീയ സ്വഭാവക്കാരും വളരെ ആയിരിക്കും. ഔപചാരികവും അനൗപചാരികവുമായ സാമൂഹിക ഘടനയിൽ സമൂഹ സംവേദനം നടക്കും. സമൂഹത്തിന്റെ സ്വഭാവവും വലിപ്പവും വർദ്ധിക്കുന്നതനുസരിച്ച് സംവേദന സ്വഭാവം മാറും. ചിലപ്പോൾ സംവേദനം ഒരാളിൽ കേന്ദ്രീകരിക്കപ്പെടുകയും ആത്മഭാഷണമായി (monologue) തീരുകയും ചെയ്യും. വ്യക്തികൾക്ക് സംവേദനത്തിൽ ക്രിയാത്മകമായി പങ്കുചേരുവാൻ കഴിയാതെ വരും. പ്രായം, ഭാഷ, മതം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങിയവയിൽ വൈവിധ്യമുള്ള സമൂഹം ആകുമ്പോഴും സംവേദനം ഫലപ്രദമാകുകയില്ല. ഏകജാതീയ സമൂഹ സംഘങ്ങളിലാണ് സംവേദനപ്രക്രിയ ദ്രുതഗതിയിൽ ഫലപ്രദമായി തീരുന്നത്.

സമൂഹ സംവേദനത്തിൽ വ്യക്തികൾ പരസ്പരം അറിയുവാനും കാണുവാനും സമൂഹത്തിന്റെ ഭാഗമായി തീരുവാനും സാധിക്കുന്നു. വിവിധ തരത്തിലുള്ള സമൂഹ സംവേദന തലങ്ങൾ ഉണ്ട്.

### 1. പ്രാഥമിക സമൂഹം (Primary Group)

സമൂഹ സംവേദനം ഫലപ്രദമായി വിനിയോഗിക്കാവുന്ന തലമാണ് ഇത്. ഏറ്റവും ചെറിയ സമൂഹമായിരിക്കും. ആവശ്യാനുസരണമുള്ള ബന്ധങ്ങൾ സൃഷ്ടിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുവാനുള്ള അവസരം പ്രാഥമിക സമൂഹസംവേദനത്തിൽ ലഭ്യമാകുന്നു. ഇതിലെ വ്യക്തികൾ ഏകജാതീയ സ്വഭാവത്തിൽപ്പെടുന്നവരായിരിക്കും. വളരെ അടുത്ത ബന്ധം ഇവരുമായി രൂപപ്പെടുത്തുവാൻ കഴിയും. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, ചാർച്ചക്കാർ തുടങ്ങിയവർ തമ്മിലുള്ള സംവേദനം ആഴമായ പങ്കാളിത്തവും സമഗ്രമായ കാഴ്ച്ചപ്പാടുകളും വിനിമയം ചെയ്യുന്നു. ഒരു സമൂഹത്തിൽ പ്രാഥമിക സമൂഹ സംവേദനം ശക്തിപ്പെടുത്തുവാൻ കഴിയുമെങ്കിൽ ഭദ്രമായ സാമൂഹിക സ്ഥിതി സൃഷ്ടിക്കുവാൻ സാധിക്കും.

### 2. ദ്വിതീയ സമൂഹം (Secondary Group)

സമൂഹസംവേദന പ്രക്രിയയിൽ ദ്വിതീയ സമൂഹം മുഖ്യപങ്ക് വഹിക്കുന്നുണ്ട്. പ്രമാണികസംഘ സ്വഭാവം (Reference group) ഉൾക്കൊള്ളുന്ന ജനവിഭാഗത്തിൽ പെടുന്നവരാണ് അധികവും. ദ്വിതീയ സമൂഹ സംവേദനത്തിൽ, വിശ്വാസം, മൂല്യങ്ങൾ, അനുഷ്ഠാനങ്ങൾ, പ്രമാണങ്ങൾ എന്നിവയിൽ അധിഷ്ഠിതമായി സംവേദനം നടത്തുകയും ആത്മാർത്ഥമായ കൂട്ടായ്മയ്ക്ക് താല്പര്യം കാണിക്കാതിരിക്കുകയും ചെയ്യും. അവ്യക്തിപരത (impersonal) വളരെ കൂടുതൽ ഉള്ള സംവേദന സമൂഹമാണിത്.

### 3. ഔദ്യോഗിക സമൂഹം (Formal Group)

നിയതമായ ചട്ടങ്ങളും പ്രമാണങ്ങളും അനുശാസിക്കുന്ന സമൂഹമാണിത്. വിവിധ കമ്മിറ്റികൾ, സംഘടനകൾ, സർക്കാർ സമിതികൾ, രാഷ്ട്രീയ - മത സംഘടനകൾ എന്നിവയ്ക്ക് വളരെ ഔദ്യോഗികതയുള്ളതാണ്. ഇത്തരം സമൂഹത്തിലെ സംവേദനം അധികാരവും നിയമവും ഉൾക്കൊള്ളുന്ന അധീശത്വ സംവേദന ശൈലിയുള്ളതായിത്തീരും. ഇവിടെയും സംവേദനത്തിന്റെ പൊതുതത്ത്വമായ 'പൊരുത്തം', 'താദാത്മ്യം' എന്നിവ സംരക്ഷിക്കുവാൻ കഴിയുന്നില്ല. ഔദ്യോഗികത വർദ്ധിക്കുന്തോറും സംവേദനക്ഷമതയുടെ ആഴം കുറഞ്ഞുപോകും.

### 4. അനൗദ്യോഗിക സമൂഹം (Informal Group)

സമൂഹത്തിന്റെ അടിയന്തര ആവശ്യഘട്ടങ്ങളിൽ രൂപീകൃതമാകുന്നതാണ് അനൗദ്യോഗിക സമൂഹം. സാമൂഹിക ആവശ്യങ്ങൾ, പൊതുതാല്പര്യങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ വ്യക്തികൾ വികാരങ്ങളും

അഭിപ്രായങ്ങളും പ്രകടിപ്പിക്കുവാനും പൊതു താല്പര്യത്തിനായി ഒന്നിച്ചു പ്രവർത്തിക്കുവാനും സന്മനസ്സ് പ്രകടിപ്പിക്കുന്നു. പൊതുലക്ഷ്യം അഥവാ പ്രഖ്യാപിത താല്പര്യം നേടുന്നതിനായി അംഗങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയും പരസ്പരം കേൾക്കുകയും സംവേദിക്കുകയും ചെയ്യുന്നു. ഇത്തരം സമൂഹത്തിലെ സംവേദനശൈലി ഫലസിദ്ധിക്കു ശേഷം താൽക്കാലികമായി തീരുന്നു.

സമൂഹസംവേദനം എന്തിനുവേണ്ടിയാണ്? മനുഷ്യജീവിതം അനവരതം വിവിധ സംഘങ്ങളുമായി (groups) ചേർന്നു പ്രവർത്തിക്കുവാനുള്ളതാണ്. പരസ്പരം അറിയുക, പൊതു താല്പര്യങ്ങൾ സംരക്ഷിക്കുക, നിയമകാര്യങ്ങൾ പങ്കുവെയ്ക്കുക, വ്യക്തിബന്ധങ്ങൾ ഉറപ്പിക്കുക തുടങ്ങിയ നിരവധി കർത്തവ്യങ്ങൾ ഇതുവഴി നിർവ്വഹിക്കുന്നു. സമൂഹ സംവേദനത്തിൻ നിന്നും വ്യക്തികൾ അനവധി കാര്യങ്ങൾ ഗ്രഹിക്കുന്നു.

1. അപരിചിതരുമായി സമ്പർക്കത്തിൽ ഏർപ്പെട്ട് സൗഹൃദം സൃഷ്ടിക്കുവാനുള്ള വഴികൾ പഠിക്കുന്നു.
2. സ്വന്തം വികാരവിചാരങ്ങൾ മനസ്സിലാക്കുവാനും അവ മറ്റുള്ളവരുമായി പങ്കു വെയ്ക്കുവാനും സാധിക്കുന്നു.
3. സാമൂഹിക തലങ്ങളിൽ നേതൃത്വം ഏറ്റെടുക്കുവാനുള്ള കഴിവും മാന്യമായി പെരുമാറുവാനുള്ള സ്വഭാവരീതികളും മനസ്സിലാക്കുന്നു.
4. വ്യക്തികളിലെ കഴിവുകൾ തിരിച്ചറിയുവാനും ആത്മവിശ്വാസവും ആത്മാഭിമാനവും വർദ്ധിപ്പിക്കുവാനും സാധിക്കുന്നു.
5. സമാന ചിന്താഗതി ഉള്ളവരുമായി ക്രിയാത്മകമായി സംവേദനം നിലനിർത്തുവാനും വിവിധ തരക്കാരുമായി കൂട്ടായ്മ വളർത്തുവാനും പരിശീലിക്കുന്നു.

ആധുനിക മാധ്യമങ്ങളുടെ സ്വാധീനം പുതിയ തലമുറയിൽ പെട്ടവർക്ക് സാമൂഹിക സംവേദന പ്രക്രിയയിൽ പങ്കുചേരുന്നതിനോട് വൈമുഖ്യം വർദ്ധിപ്പിക്കുകയാണ്. അവർ ഏകാന്ത തുരുത്തുകളായി കമ്പ്യൂട്ടറുകൾക്ക് മുമ്പിൽ സാമൂഹിക ജീവിതം ഹോമിക്കുന്ന ഒരു തലമുറയായി തീരുന്നു. ഇന്റർനെറ്റും മാധ്യമങ്ങളുടെ ആഗോളവൽക്കരണവും സൃഷ്ടിച്ച സാമൂഹിക മാധ്യമങ്ങൾക്ക് അടിമപ്പെടുന്ന പുത്തൻ തലമുറ നിരവധി ആശങ്കകൾ സൃഷ്ടിക്കുന്നുണ്ട്. സമൂഹ സംവേദനത്തിന്റെ ബലവും ബലഹീനതയും ഒരു പരിധി വരെ ഏവരും തിരിച്ചറിയണം.

## 4. ബഹുജന സംവേദനം (Mass Communication)

ആധുനിക ശാസ്ത്ര സാങ്കേതികത ഉപയോഗിച്ച് ബഹുജനങ്ങളോട് നടത്തുന്ന സംവേദനമാണിത്. ബഹുജന സംവേദനത്തിന് ഉപയോഗിക്കുന്നവയാണ് ബഹുജന മാധ്യമങ്ങൾ. ഈ പ്രക്രിയയിൽ ഒന്നോ അതിലധികമോ വ്യക്തികൾ ഒറ്റയ്ക്കും കൂട്ടായും പങ്കുചേരുന്നു. ഇത് ഒരു നിശ്ചിത സ്ഥലത്തുനിന്നും ബഹുജനങ്ങളിലേക്ക് ഇലക്ട്രോണിക് മാധ്യമങ്ങളുപയോഗിച്ച് നടത്തുന്ന സംവേദന പ്രക്രിയയാണ്. ഒരേ സമയം ബഹുസഹസ്രം ജനങ്ങൾക്ക് സന്ദേശം ലഭ്യമാകുന്നു. ഇവിടെ പ്രേക്ഷകർ, ശ്രോതാക്കൾ, വായനക്കാർ എന്നിവരെ വ്യക്തമായി തിരിച്ചറിയുവാൻ സാധിക്കില്ല. അതിനാൽ അവ്യക്തരായ പ്രേക്ഷകർ, ശ്രോതാക്കൾ, വായനക്കാർ എന്നും പാഠഭേദമുണ്ട്. ടെലിവിഷൻ, റേഡിയോ, പത്രം തുടങ്ങിയവയാണ് ബഹുജന സംവേദന പ്രക്രിയയിലെ മുഖ്യ മാധ്യമങ്ങൾ.

സംപ്രേഷണ മാധ്യമങ്ങൾ (Broadcast media) അസംപ്രേഷണ മാധ്യമങ്ങൾ (Non - Broadcast media), അച്ചടി മാധ്യമങ്ങൾ (print media) എന്നിങ്ങനെ ബഹുജന സംവേദന മാധ്യമങ്ങളെ, പൊതുവായി തിരിച്ചിട്ടുണ്ട്. റേഡിയോ, ടെലിവിഷൻ എന്നിവ സംപ്രേഷണ വിഭാഗത്തിലും വീഡിയോ, സിനിമ, ഇന്റർനെറ്റ് തുടങ്ങിയവ അസംപ്രേഷണ വിഭാഗത്തിലും പെടുന്നു. അച്ചടിയുടെ കണ്ടുപിടുത്തത്തോടെയാണ് ബഹുജനസംവേദന പ്രക്രിയ ആരംഭിക്കുന്നത്. മാധ്യമങ്ങൾ അതിൽ തന്നെ വിനിമയോപാധികളാകുന്നില്ല. അതായത് റേഡിയോ, ടെലിവിഷൻ, സിനിമ, പത്രം എന്നിവയിലൂടെ വരുന്ന പരിപാടികൾ - പ്രഭാഷണം, സംഗീതം, നാടകം സിനിമ, ചിത്രീകരണം, സീരിയൽ, വാർത്തകൾ, ചർച്ചകൾ എന്നിവ പ്രേക്ഷകരിൽ എത്തുമ്പോൾ മാത്രമേ സംവേദന ഉപാധിയായി തീരൂ. ഇവയുടെ സാങ്കേതികശേഷി മാത്രം വിനിമയമാകുന്നില്ല. ബഹുജന മാധ്യമങ്ങളിലെ സന്ദേശം സ്വകാര്യമല്ല. അവ ബഹുജനങ്ങൾക്കായുള്ള പൊതുസന്ദേശമാണ്. മാധ്യമങ്ങളുടെ ലക്ഷ്യം പൊതുജനങ്ങളാണ്.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം വ്യാവസായിക സമൂഹത്തെ (Industrial Society) വിവര സമൂഹമാക്കി (Information Society) പരിവർത്തിപ്പിച്ചു. വിവര - വിജ്ഞാന വിനിമയ സമ്പ്രദായങ്ങളിൽ ഉണ്ടായ കുതിച്ചുചാട്ടം ബഹുജന സംവേദന രംഗത്തെ വ്യവസായമാക്കി. വിവര - വിജ്ഞാന വിനോദ ഉത്പന്നങ്ങളുടെ വ്യവസായം (Information Industry) രൂപപ്പെടുകയും അവ ലാഭകരമായി വിറ്റഴിക്കുകയും ചെയ്യുന്നവർ ഏറ്റവും ശക്തന്മാരായി ലോകകമ്പോളങ്ങളിൽ അറിയപ്പെടുവാൻ തുടങ്ങി. അതിനാൽ ദാതാവും (sender) മാധ്യമവും (medium) ഗ്രഹിതാ

ക്കളിൽ ശക്തമായ സ്വാധീനം ചെലുത്തുന്നതിനാൽ സംവേദനത്തിന്റെ മറ്റ് എല്ലാ തലങ്ങളേയും നിഷ്പ്രഭമാക്കി. ഇവിടെ ഒരു ദൃശ്യ - ശ്രാവ്യ സംസ്ക്കാരം തന്നെ രൂപപ്പെട്ടു. കമ്പ്യൂട്ടർവൽകൃതമായ ആധുനിക സാങ്കേതികതയാണ് ഈ കർമ്മത്തിൽ വിധിനിർണ്ണായകമായി തീരുന്നത്. അതിനാൽ ബഹുജനസംവേദനം പൊതുവും (public) ദ്രുതവും (rapid) ക്ഷണികവും (transient) ആയിത്തീരുന്നു. ഗ്രഹിതാക്കൾക്ക് സംവേദന പ്രക്രിയയിൽ യാതൊരു സ്വാധീനവും അംഗീകാരവും ലഭ്യമാകുന്നില്ല.

ബഹുജനമാധ്യമങ്ങൾക്ക് സമൂഹത്തിന്റെ വികസനപ്രക്രിയയിൽ ശക്തമായി സ്വാധീനിക്കുവാൻ കഴിയും. ചെറുതും വലുതും സങ്കീർണ്ണവുമായ ഏതൊരു സമൂഹത്തെയും നിയന്ത്രിക്കുവാനും ചിന്തിപ്പിക്കുവാനും ബഹുജനമാധ്യമങ്ങൾക്ക് കഴിയുന്നു. ജാഗ്രത (surveillance), വ്യാഖ്യാനം (interpretation), മൂല്യവിനിമയം (Transmission of values), വിനോദം (Entertainment), വിജ്ഞാനം (Information), വിദ്യാഭ്യാസം (Education) തുടങ്ങിയവയാണ് ബഹുജന സംവേദന ലക്ഷ്യങ്ങൾ.

ബഹുജനമാധ്യമങ്ങൾ വഴിയുള്ള സംവേദന പ്രക്രിയ ഒറ്റയ്ക്ക് ആരംഭിക്കുക പ്രയാസമാണ്. അതിന് നിരവധി സങ്കീർണ്ണമായ ഘടനകളുണ്ട്. ദാതാവിന് അജ്ഞാതമായ ഗ്രഹിതാക്കളിലേക്കാണ് (Anonymous Audience) സംവേദനം നടക്കുന്നത്. അവർ സ്വഭാവത്തിൽ ബഹുജാതീയ (Hetrogenous) സമൂഹങ്ങളുമാണ്. എങ്കിലും ബഹുജനമാധ്യമങ്ങൾ വളരെ ശക്തമായി ജനസമൂഹങ്ങളെ സ്വാധീനിക്കുവാൻ കഴിയുന്നുണ്ട്. ബഹുജന മാധ്യമങ്ങളുടെ വളർച്ചയും സംവേദന തന്ത്രങ്ങളും മതമൂല്യങ്ങളേയും പരമ്പരാഗത സങ്കല്പങ്ങളേയും തകിടം മറിക്കുന്നു. എന്നാൽ സഭകളോ മതസമൂഹങ്ങളോ ബഹുജന സംവേദനത്തിന്റെ സ്വാധീനങ്ങളും സാദ്ധ്യതകളും വേണ്ടത്ര തിരിച്ചറിയുവാൻ ശ്രമിച്ചിട്ടില്ല.

### 5. സാമൂഹിക മാധ്യമങ്ങൾ (Social Media)

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇൻഫർമേഷൻ ടെക്നോളജി, ഒപ്റ്റിക്കൽ ഫൈബർ കേബിൾസ്, റോബോട്ടിക്കിസ്, നാനോ ടെക്നോളജി എന്നിവയുടെ സംയോജനം വഴി (Convergence) സംവേദന പ്രക്രിയയ്ക്ക് ജനകീയതയും ബഹുജന പ്രാപ്യതയും നൽകുന്നതാണ് സാമൂഹികമാധ്യമങ്ങൾ. റേഡിയോ, ടെലിവിഷൻ, പത്രം തുടങ്ങിയ ബഹുജനമാധ്യമങ്ങൾ ഇന്റർനെറ്റ് വഴി ലഭ്യമാകുമ്പോൾ സാമൂഹികമാധ്യമങ്ങളിൽ ഉൾപ്പെടുന്നു. അവ വെബ് റേഡിയോ, വെബ് ടെലിവിഷൻ, വെബ് ന്യൂസ്പേപ്പർ എന്നിങ്ങനെ അറിയപ്പെടുന്നു. ഇപ്പോൾ ഇവ സോഷ്യൽ മീഡിയ (Social Media) എന്ന ഗണത്തിൽ പൊതുവായി ഉൾപ്പെടുന്നു. ഇന്റർനെറ്റ് മൊബൈൽ ഫോണുമായി സാങ്കേതികമായി സംയോജിപ്പിക്കുവാൻ കഴിഞ്ഞത് സംവേദന പ്രക്രിയയിൽ വിപ്ലവകരമായ പ്രാപ്യത ലഭ്യമാക്കി. റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, പത്രം, പുസ്തകം, ഡിജിറ്റൽ

ശേഖരം, ലൈബ്രറി എന്നിവ എല്ലാം ഒരു വേദിയിൽ (Platform) ലഭ്യമാകുന്ന 'സാമൂഹിക മാധ്യമം' അനന്തമായ സാധ്യതകൾ ഒരുക്കുന്നു.

ഇന്റർനെറ്റിൽ ഉൾക്കൊള്ളുന്ന വിവിധങ്ങളായ വെബ് സൈറ്റുകൾ, ഇ-മെയിൽ ഗ്രൂപ്പുകൾ, ഓൺലൈൻ കമ്മ്യൂണിറ്റീസ്, ഗൂഗിൾ, വിവിധങ്ങളായ സോഷ്യൽ നെറ്റ് വർക്കുകൾ അതിൽ പ്രചാരമേറിയ ഫേസ് ബുക്ക്, ടിിറ്റർ, യൂ ട്യൂബ് എന്നിവയിലൂടെ എന്തും (Any thing) എവിടെയും (Any where) എപ്പോഴും (Any time) ലഭ്യമാകുന്നു. മാധ്യമ മുതലാളിമാരുടെയോ പത്രാധിപരുടെയോ നിയന്ത്രണമില്ലാതെ എന്തു സർഗ്ഗ സൃഷ്ടിയും പ്രസിദ്ധീകരിക്കുവാനും പ്രചരിപ്പിക്കുവാനും കഴിയുന്ന ബ്ലോഗുകൾക്ക് (Blogging) ഇന്റർനെറ്റിൽ വ്യാപകമായ പ്രസിദ്ധി ലഭിച്ചു കഴിഞ്ഞു. പരമ്പരാഗത മാധ്യമ കുത്തക തകർക്കുന്ന മാധ്യമപ്രവർത്തനമാണിത്. നിമിഷങ്ങൾക്കുള്ളിൽ സാമൂഹിക മാധ്യമങ്ങളിൽ വിവര വിജ്ഞാനം എത്തിക്കുവാൻ കഴിയുന്നു.

ഇന്റർനെറ്റ് സാങ്കേതികതയിൽ നാനോ ടെക്നോളജിയുടെ അതിശക്തമായ സ്വാധീനം ഉണ്ടായപ്പോൾ വലിയ യന്ത്രങ്ങൾ എല്ലാം വളരെ ചെറുതായി. 'നാനോ' എന്ന ഗ്രീക്ക് പദത്തിന് 'കുള്ളൻ' എന്നർത്ഥം. ഒരു മില്ലീമീറ്ററിന്റെ പത്തുലക്ഷത്തിൽ ഒരംശമാണ് ഒരു നാനോ മീറ്റർ. ഹൃസ്വകണികകൾ ഉപയോഗിച്ചുള്ള സാങ്കേതിക വിദ്യയായതിനാൽ 'നാനോ ടെക്നോളജി' എന്ന് വിളിക്കുന്നു. ഇത് ശാസ്ത്രത്തിന്റെ എല്ലാ മേഖലകളെയും അതിശീഘ്രം മാറ്റി മറിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് സാമൂഹികമാധ്യമങ്ങളിൽ. വിവിധങ്ങളായ മാധ്യമങ്ങൾ ഒരു ചെറിയ 4ജി, 5ജി മൊബൈൽ ഫോണിൽ ലഭ്യമാകുന്നു.

സാമൂഹികമാധ്യമങ്ങളുടെ ഏറ്റവും പുതുമയാർന്നതും സ്വാധീനവത്തതുമായ സാമൂഹികമാധ്യമമായി മൊബൈൽ ഫോൺ! മൊബൈൽ ക്യാമറകൾ ചലച്ചിത്ര രംഗത്തും മാധ്യമരംഗത്തും പുത്തൻ തരംഗങ്ങൾ സൃഷ്ടിക്കുന്നു. പരമ്പരാഗതമായ ജേർണലിസത്തിന്റെ അന്ത്യം സംഭവിച്ചു കഴിഞ്ഞു (End of Journalism). ഇപ്പോൾ സെൽഫോൺ ജേർണലിസം (Cell Phone Journalism) എന്ന ഒരുവിഭാഗം തന്നെ വികസിച്ചു. അതിനാൽ സാമൂഹിക മാധ്യമങ്ങളെ (Social Media) 'ആറാം ഇന്ദ്രിയം' (Sixth Sense) എന്നാണ് വിളിക്കുന്നത്. സാമൂഹികമാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുതുലോകത്തെ 'മായികലോകം' (Virtual Reality), 'സൈബർ സ്പെയ്സ്' (Cyber Space), 'ഉത്തരാധുനിക പൊതുസമൂഹം' (Post Modern Public Sphere), 'ആഗോള പൊതുസമൂഹം' (Global Public Sphere) എന്നും വിളിക്കുന്നു. ഇന്റർനെറ്റിന്റെ വരവോടെ പൗരൻ (Citizen) എന്ന സങ്കല്പം മാറ്റി എഴുതി. ഇന്റർനെറ്റിൽ ജീവിക്കുന്നവരെ ഇന്റർനെറ്റ്

പൗരൻ (Netizen), എന്ന് അറിയപ്പെടുന്നു. സംവേദന സമ്പ്രദായങ്ങൾക്ക് നൂതനമായ മാറ്റം സൃഷ്ടിച്ച സാമൂഹിക മാധ്യമങ്ങൾ സമൂഹത്തെ ഒരു വഴിത്തിരിവിൽ എത്തിച്ചിരിക്കുന്നു. പ്രിന്റ്, പ്രക്ഷേപണ, ബ്രോഡ്കാസ്റ്റ് തലങ്ങളിലുള്ള ബഹുജന മാധ്യമങ്ങൾ ഇന്റർനെറ്റ് വഴി ഓൺലൈനിൽ സെൽഫോണിൽ ലഭ്യമാകുന്നു. നവസാങ്കേതികതയുടെ വിവിധങ്ങളായ സംയോജനവും സംവേദനവുമാണ് സാമൂഹിക മാധ്യമങ്ങൾ യാഥാർത്ഥ്യ മാക്കിയത്. ജനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ ഞൊടിയിടയിൽ കമ്പ്യൂട്ടർ സ്ക്രീനിലോ മൊബൈൽ ഫോണിലോ ലഭ്യമാകുന്നു.

പത്രം. റേഡിയോ, ടെലിവിഷൻ തുടങ്ങിയ പരമ്പരാഗത മാധ്യമങ്ങൾ ലംബമായി (top-down) വിനിമയം ചെയ്യുമ്പോൾ ലഭ്യമാകുന്നത് മാധ്യമ മുതലാളിമാരുടെ അഭിരുചിക്ക് അനുസൃതമായ വിഭവങ്ങളാണ്. ആ വിഭ വങ്ങൾ 'മാധ്യമ കാഴ്ചപ്പാടുകൾക്ക് അനുസൃതമായി അരിച്ച് (filter), തിരിച്ച്, വ്യാഖ്യാനിച്ച് ബഹുജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കും. ഇവിടെയാണ് സാമൂഹിക മാധ്യമങ്ങൾ വിപ്ലവം സൃഷ്ടിച്ചത്. ആർക്കും ഏതുസമയത്തും എവിടെയിരുന്നും ആരുടെയും നിയന്ത്രണമോ നിർദ്ദേ ശമോ ഇല്ലാതെ സ്വതന്ത്രമായി വിഭവങ്ങൾ ആഗോളതലത്തിൽ പങ്കു വെയ്ക്കാം. സാമൂഹിക മാധ്യമങ്ങളിൽ സ്ഥലകാല പരിധികൾക്കപ്പുറ ത്തേക്കുള്ള അറിവിന്റെ സ്വതന്ത്രമായ ഒഴുക്ക് (flow of information) സാധ്യ മാക്കി. മാധ്യമ മേലാളന്മാരുടെയോ മാധ്യമ ഭീമന്മാരുടെയോ സഹായവും ഇടപെടലും ഇല്ലാതെ സ്വതന്ത്രമായി വിഭവങ്ങൾ ആഗോളതലത്തിൽ എവിടെയും ലഭ്യമാകുന്നു. എപ്പോൾ വേണമെങ്കിലും താല്പര്യമുള്ള വിഭവങ്ങൾ തെരഞ്ഞെടുക്കുകയും അവയോട് പ്രതികരിക്കുകയും ചെയ്യാം. ഏകദിശപരമായ വൻകിട ബഹുജന മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങളിൽ ഇരുദിശാപരമായി (two-way) സംവേദനത്തെ ജനകീയ വൽക്കരിച്ചു. സംവാദം (dialogue), ചർച്ച (discussion), വ്യക്തിബന്ധം (realationship) എന്നിവ സൃഷ്ടിച്ച് സംവേദനം 'കണ്ടും കേട്ടും' ദൃഢതര മാക്കുന്നു

## 6. പരമ്പരാഗത സംവേദനം (Alternative communication)

മാധ്യമങ്ങളും സംവേദനത്തിലെ നൂതന പ്രവണതകളും ഉണ്ടാകു ന്നതിന് മുൻപ് നിലനിന്നിരുന്നവയാണ് പരമ്പരാഗത സംവേദനം. ഇതിനെ 'ബദൽ സംവേദന' മാധ്യമങ്ങൾ എന്നും പറയുന്നു. പരമ്പരാഗത ബദൽ മാധ്യമങ്ങളെ വിവിധ തരത്തിൽ നിർവചിച്ചിട്ടുണ്ട്. ഉള്ളടക്കം, അവത രണം, വിതരണം എന്നിവയിൽ ബഹുജന, മുഖ്യധാരാ മാധ്യമങ്ങളേ ക്കാൾ വ്യത്യസ്ത പുലർത്തുന്നവയാണ് ബദൽ മാധ്യമങ്ങൾ. ബഹുജന മാധ്യമങ്ങളിൽ തമസ്ക്കരിക്കപ്പെടുന്ന വാർത്തകൾക്കും ദൃശ്യങ്ങൾക്കും

ഇതിൽ പ്രാധാന്യം നൽകുന്നു. എന്നാൽ നൂതനമായ ടെക്നോളജികൾ ഉപയോഗിക്കാതെ ജനകീയ കലകളിൽ കേന്ദ്രീകൃതമായുള്ള സംവേദനവും പരമ്പരാഗത മാധ്യമങ്ങളിൽപെടുന്നു. ബഹുജന മാധ്യമങ്ങളിൽ ഉള്ളടക്കത്തിലും അവതരണത്തിലും സാമൂഹ്യ പരിവർത്തനത്തിനും, മാനവ സൗഹാർദത്തിനും വിശാല ഐക്യത്തിനും പ്രാധാന്യം നൽകി ശബ്ദമില്ലാത്തവരുടെ ശബ്ദമായി വിമോചന ദർശനവും പങ്കാളിത്ത ജനാധിപത്യ ശൈലികളും ഉൾക്കൊള്ളുമ്പോൾ ബദൽ മാധ്യമ ദർശനം സൃഷ്ടിക്കുന്നു. ഇത് കൂടുതൽ മനുഷ്യത്വമാർന്ന സംവേദന മാതൃകയാണ്. പരമ്പരാഗത നാടോടി മാധ്യമങ്ങൾ പൊതുവെ ബദൽ മാധ്യമങ്ങളാണ്.

മുഖ്യധാരാ മാധ്യമങ്ങളിൽ പുറന്തള്ളപ്പെടുന്ന സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന നാടൻ കലാരൂപങ്ങളിൽ പങ്കാളിത്ത സ്വഭാവും ജനകീയതയും പ്രകടമാകുന്നു. ബഹുജനമാധ്യമങ്ങൾ അധീശത്വവും ഏകദിശാ വിനിമയവും പ്രകടിപ്പിച്ച് ലാഭം ലക്ഷ്യമാക്കി വരേണ്യവർഗ്ഗത്തെ പ്രീതിപ്പെടുത്തുമ്പോൾ, പരമ്പരാഗത മാധ്യമങ്ങൾ ചെലവു കുറഞ്ഞതും ലാഭേച്ഛയില്ലാത്തതുമാണ്. ആത്മപ്രകാശനത്തിനും പ്രബുദ്ധതയ്ക്കും സാമൂഹിക മാറ്റത്തിനും ഇത് ഉപയോഗിക്കുന്നു.

ബഹുജന മാധ്യമങ്ങളുടെ ചൂഷണത്തിന് എതിരെ പൊതുജനങ്ങളുടെ ശബ്ദവും സന്ദേശവും പ്രചരിപ്പിക്കാൻ ബദൽ മാധ്യമങ്ങൾക്ക് സാധിക്കും. കൊടികൾ, ബലൂൺ സന്ദേശങ്ങൾ, ചുവരെഴുത്തുകൾ, ലഘുലേഖകൾ, വാർത്താപത്രികകൾ, ലഘു ചിത്രങ്ങൾ, ചിത്രകഥകൾ, ടെലിഫോൺ വാർത്തകൾ, വീഡിയോ, ഇന്റർനെറ്റ്, ഇ മെയിൽ, കമ്മ്യൂണിറ്റി റേഡിയോ, പ്രാദേശിക ചാനലുകൾ, വാട്ട്സാപ്പ് ഗ്രൂപ്പുകൾ എന്നിവയും തെരുവു നാടകങ്ങൾ, നാടൻ കലാരൂപങ്ങൾ, പരമ്പരാഗത മാധ്യമങ്ങൾ എന്നിവയും ബദൽ സംവേദന മാതൃകകളായി രൂപപ്പെടുത്തുവാൻ കഴിയും.

മുഖ്യധാരാ മാധ്യമങ്ങളിൽ നിന്നും വിസ്മൃതമാക്കപ്പെടുമ്പോൾ ബദൽ മാധ്യമങ്ങളുടെ ചാലകശക്തി തിരിച്ചറിയുവാനും അവ കൃത്യമായി ഉപയോഗിക്കുവാനും കഴിയണം. ബദൽ സംവേദനം ഒരു പ്രതിസംസ്ക്കാരമായി രൂപപ്പെടുത്തുവാൻ സാധിക്കും. സംവേദനം ജനസമക്ഷം എത്തിച്ചേരുന്ന പ്രക്രിയയാണ്. ഇതിനായി ഏതു മാധ്യമ തലവും തെരഞ്ഞെടുക്കാം. മനുഷ്യരുടെ സംവേദനത്തിൽ ഒന്നിൽ അധികം തലങ്ങൾ സമന്വയിക്കപ്പെടുന്നു. വാമൊഴി, വരമൊഴി, ഭാവവൈചിത്ര്യങ്ങൾ എന്നിവ സംവേദനത്തിൽ പങ്കുചേരുന്നതോടൊപ്പം ഗ്രഹിതാക്കളെ സ്വാധീനിക്കുകയും ചെയ്യുന്നു. ഇത് ഗുണമോ ദോഷമോ ആയിത്തീരാം. സമൂഹത്തെ രൂപപ്പെടുത്തുവാൻ മാധ്യമങ്ങൾക്ക് കഴിയും എന്നതിൽ തർക്കം

ആവശ്യമില്ല. സാമൂഹിക മാധ്യമങ്ങൾ ശക്തിപ്പെട്ടതോടെ ബദൽ മാധ്യമ സംസ്ക്കാരത്തിന് ജനകീയത ലഭ്യമായി. വൻകിട മാധ്യമങ്ങൾ തമസ്ക്കരിക്കുന്ന വാർത്താ വിഭവങ്ങൾ തൽസമയം സാമൂഹിക മാധ്യമങ്ങൾ അവതരിപ്പിച്ച് ജനകീയ സ്വഭാവം വ്യാപകമാക്കുന്നു. ഇതിന് അത്യഭൂതമായ ജനപ്രീതിയാണ് ലഭിക്കുന്നത്.

**ഉപസംഹാരം**

മനുഷ്യജീവിതത്തിന് ശക്തിയും ജീവനും നൽകുന്നത് സംവേദനമാണ്. വ്യക്തികൾ സമൂഹവുമായുള്ള ബന്ധം നിലനിർത്തുന്നതും സംവേദനത്തിലൂടെയാണ്. ഇതിനായി ഏതു തരം സംവേദനതലങ്ങളും സ്വീകരിക്കാം. ബഹുജന മാധ്യമ സംവേദനത്തേക്കാൾ ഫലപ്രദമായി വ്യക്തികൾ തമ്മിലുള്ള സംവേദനതലം വികസിപ്പിക്കുവാൻ കഴിയണം. ഇവിടെ സന്ദേശങ്ങൾ ഇരുദിശയിലേക്കും വിനിമയം ചെയ്യപ്പെടുന്നു. മുഖാമുഖമായുള്ള സംവേദന പ്രക്രിയയിൽ പ്രതികരണത്തിന്റെ സ്ഥാനം വളരെ ഉന്നതമാണ്. സ്വഭാവത്തെയും വിശ്വാസത്തെയും രൂപാന്തരപ്പെടുത്തുവാൻ വ്യക്ത്യാന്തര സംവേദനത്തിന് കഴിയും. അതിനാൽ ഇന്നത്തെ രാഷ്ട്രീയ പ്രചരണ തന്ത്രങ്ങൾക്കും വിശ്വാസപ്രഘോഷണങ്ങൾക്കും പകരം ഭവനങ്ങൾ കേന്ദ്രീകരിച്ച് വ്യക്ത്യാന്തര സംവേദന മാതൃകകൾ വികസിപ്പിക്കുകയാണ് ചെയ്യുന്നത്. സഭാ ശുശ്രൂഷയിലും ഇത്തരം സമീപനങ്ങൾ കാര്യക്ഷമമാക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

❑

## പാഠം 4

# ഭാഷാതീത സംവേദനം

❑ ദൃശ്യതല സംവേദനം ❑ ശബ്ദതല സംവേദനം ❑ ശബ്ദ - ദൃശ്യതല സംവേദനം

സംവേദനപ്രക്രിയയിൽ വാക്കുകളും ഭാവങ്ങളും ഒരു യാഥാർത്ഥ്യത്തിന്റെ രണ്ടു വശങ്ങളാണ്. വാമൊഴി, വരമൊഴി രൂപത്തിൽ സംവേദനം നടക്കുന്നു. എന്നാൽ വാമൊഴിക്കൊപ്പം സമാന്തരമായി വിനിമയം ചെയ്യുന്നതാണ് ഭാവങ്ങൾ. ഇതിനായി നിരവധി ചിഹ്നങ്ങളും, ആംഗ്യങ്ങളും ഉപയോഗിക്കുന്നു. സംവേദനതലങ്ങളിൽ സന്ദേശങ്ങൾക്കൊപ്പം വിനിമയ ചിഹ്നങ്ങളും ഭാവങ്ങളും കൂടി സംവേദിക്കപ്പെടുന്നു. ഈ സംവേദന പ്രക്രിയ സ്വതന്ത്ര ഘടകങ്ങളാക്കി മാറ്റുവാനോ അടർത്തിയെടുത്തു വിശകലനം ചെയ്യുവാനോ കഴിയുകയില്ല. കാരണം ഇവ സംവേദന പ്രതിഭാസത്തിലെ അവിഭാജ്യ ഘടകങ്ങളാണ്. കാലദേശഭേദമെന്യേ ഏവരിലും വ്യത്യസ്ത അനുപാതത്തിൽ ഇവയുടെ സാന്നിധ്യം ഉണ്ട്.

മനുഷ്യൻ സ്വന്തം ആവശ്യങ്ങളും വികാരങ്ങളും വെളിപ്പെടുത്തുന്നതിന് ശരീരഭാഗങ്ങൾ ഉപയോഗിച്ചു. സംവേദനത്തിന്റെ പ്രാരംഭ ദശയിൽ തന്നെ ശരീരഭാഷയും (Body language) അവാച്യ ഭാഷകളും മുഖ്യഘടകങ്ങളായി തീർന്നു. മുഖത്ത് ദൃശ്യമാകുന്ന ആശയാവിഷ്ക്കാരം, ആംഗ്യങ്ങൾ, പ്രതിരൂപങ്ങൾ, നിശബ്ദത തുടങ്ങി നിരവധി കാര്യങ്ങൾ ഇക്കൂട്ടത്തിൽപ്പെടുന്നു. ആശയസംവേദനത്തിനുള്ള ഏക ഉപാധിയായി ഭാഷയെ കണക്കാക്കാവുന്നതല്ല. എന്നാൽ സംവേദന ഘടനയ്ക്ക് അവശ്യഘടകമാണ് ഭാഷ. മിക്കപ്പോഴും വാക്കുകൾക്ക് മുമ്പ് രൂപപ്പെടുന്ന പ്രതിഭാസമാണ് 'ഭാവങ്ങൾ.' ഇവയെ ഭാഷാതീത സംവേദനമെന്ന് (Non - verbal communication) വിശേഷിപ്പിക്കുന്നു. പ്രതീക ഭാഷ (Sign - language), വസ്തുഭാഷ (Object Language), ക്രിയാഭാഷ (action language) എന്നും തരം തിരിച്ചുള്ള പഠനങ്ങളുണ്ട്.

ഭാഷാതീത ഭാവങ്ങൾ സംവേദന പ്രക്രിയയിൽ സ്വതന്ത്ര ഘടകങ്ങളല്ല. അവ സംവേദന തലത്തെ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള സമാന്തര സംവേദനങ്ങളാണ്. വാമൊഴി സംവേദനത്തിൽ ശേഷിയും സ്വാധീനവും പകരുകയാണ് ഭാഷാതീത ഭാവങ്ങളുടെ ധർമ്മം. സംവേദന പ്രക്രിയയിൽ ശബ്ദ പ്രതീകങ്ങളില്ലാതെ സന്ദേശത്തിന്റെ അർത്ഥവിനിമയത്തിലുള്ള പങ്കുചേരലാണിത്. ഒരർത്ഥത്തിൽ മൗനഭാഷയാണിത് (Silent language). ഇവയ്ക്ക് ഗ്രഹിതാക്കളുടെ മനസ്സിൽ ചിത്രങ്ങളായും (Visual), സ്വരങ്ങളായും (auditory), വികാരങ്ങളായും പരിചിതഭാവങ്ങ

ളുണർത്തുവാൻ കഴിയുന്നു. 'ആകാശത്തിലെ പക്ഷികളെ നോക്കൂ! അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു' (മത്താ 6:26). ഇത് കാണുകയും കേൾക്കുകയും സ്പർശിക്കുകയും രുചിക്കുകയും മണക്കുകയും ചെയ്യാവുന്ന വാക്കുകളിലാണ് ആശയം സംവേദിപ്പിച്ചിരിക്കുന്നത്. വാമൊഴിയിലും ഭാഷാതീത സ്വാധീനങ്ങൾ കണ്ടെത്തുവാൻ കഴിയും. ഇന്ദ്രിയപരമായ ദൃശ്യങ്ങൾ സൃഷ്ടിക്കുവാൻ വാക്കുകൾക്കും കഴിയുന്നു. അതിനാൽ വാക്കുകളും ഭാവങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

ദൃശ്യ - ശ്രാവ്യ സംസ്കാരത്തിലും ഭാഷാതീത സംവേദന ഘടകങ്ങൾക്ക് പ്രാധാന്യം വർദ്ധിക്കുന്നു. ദൃശ്യഭാഷയിൽ തന്നെ ഭാഷാതീത സംവേദനമാണുള്ളത്. ഒരു സംവേദനതലം സമഗ്രമായി വിശകലനം ചെയ്യണമെങ്കിൽ ദാതാവ് സംവേദിപ്പിക്കുന്ന ഭാവങ്ങൾ കൂടി തിരിച്ചറിയണം. കൗൺസലിങ്ങ് ഘട്ടങ്ങളിൽ കക്ഷിയുടെ (cliant) വാമൊഴി ഭാഷയ്ക്ക് ഒപ്പം കൗൺസിലർ ശ്രദ്ധിക്കേണ്ട തലമാണ് ഭാഷാതീതഭാവങ്ങൾ. വാക്കുകളും ഭാവങ്ങളും തമ്മിൽ സമന്വയിക്കുന്നതും വിരുദ്ധമാക്കുന്നതും കൗൺസലർക്ക് തിരിച്ചറിയുവാൻ കഴിയണം.

കൗൺസലിങ്ങ് ഘട്ടത്തിൽ മാത്രമല്ല നിത്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ഭാഷാതീത സംവേദനങ്ങൾ സൃഷ്ടിക്കുന്ന ഭാവങ്ങൾ ഉൾക്കൊള്ളുവാൻ കഴിയണം. ആശയ സംവേദനത്തിന്റെ പൂർണ്ണമായ രൂപം ഗ്രഹിക്കണമെങ്കിൽ ഇവയുടെ വിവിധ ഘടകങ്ങൾ മനസ്സിലാക്കണം. ഭാഷാതീത സംവേദന തലങ്ങളെ വിവിധ ഘട്ടങ്ങളായി തരംതിരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്:

## I. ദൃശ്യതല ഭാഷാതീത സംവേദനം (Visual non - verbal Communication)

സംവേദന തലത്തെ ദൃശ്യവൽക്കരിക്കുന്നതിന് സഹായിക്കുന്ന ഭാഷാതീത ഘടകങ്ങളാണിത്. ദാതാവിന്റെ ശരീരമായിരിക്കും മുഖ്യമായും ദൃശ്യതല സംവേദനത്തിലെ പ്രധാന ഘടകം. ഇവ ഇപ്രകാരം വിഭജിച്ചിരിക്കുന്നു.

### A. ശരീരഭാഷ (Body Language)

ഒരു വ്യക്തിയുടെ ശരീരം വിവിധ തരത്തിൽ സ്വയമായി ആശയസംവേദനം നടത്തുന്നു. പൊതുവായി ഇതിനെ ശരീര ഭാഷ എന്നു വിളിക്കുന്നു. ആംഗ്യങ്ങൾ (gestures), ശരീര ചലനങ്ങൾ (Movements of the body), മുഖഭാവങ്ങൾ (facial expressions), കണ്ണുകളുടെ സ്വഭാവം (eye

behaviour), നിൽപ്പ് (posture) എന്നിവയിൽകൂടി ശരീരം സംവേദന പ്രക്രിയയിൽ ഏർപ്പെടുന്നു. ഈ സംവേദനത്തിന്റെ അർത്ഥതലങ്ങൾ കാലദേശങ്ങൾക്കും സംസ്ക്കാരങ്ങൾക്കും അനുസൃതമായി വ്യത്യാസപ്പെട്ടിരിക്കും. പാശ്ചാത്യ സംസ്കാരത്തിലെ പല ശരീരഭാഷകളും ഇന്ത്യൻ സംസ്ക്കാരത്തിൽ ഉൾക്കൊള്ളുവാനും മനസ്സിലാക്കുവാനും പ്രയാസമാണ്. അതിനാൽ ശരീരഭാഷ സംസ്ക്കാരങ്ങൾക്കുള്ളിൽ സൃഷ്ടിക്കപ്പെട്ടവയാണ്. അവയ്ക്ക് ഒരു പരിധി വരെയേ ഫലപ്രദമായി സംവേദിക്കുവാൻ കഴിയൂ.

ശരീരഭാഷയെ ശരീരത്തിന്റെ മുഴുവൻ ആകൃതിതലത്തിലും ശരീരാവയവങ്ങൾ എന്ന തലത്തിലും തിരിച്ച് സംവേദനക്രമങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്.

**a. ശരീര പ്രകൃതം (Appearance):** മനുഷ്യന്റെ ശാരീരിക പ്രകൃതമാണ് ഇവിടെ അർത്ഥമാക്കുന്നത്. വസ്ത്രങ്ങൾ, ഫാഷൻ, അലങ്കാരഭൂഷണങ്ങൾ എന്നിവ വ്യക്തിത്വത്തെ ബാഹ്യമായി ആകർഷകമാക്കുന്നു. ശരീരത്തിന്റെ നിറം, തലമുടിയുടെ ഫാഷൻ, വിവിധ തരം വസ്ത്രങ്ങൾ, ആഭരണങ്ങൾ എന്നിവയും ഇക്കൂട്ടത്തിൽപ്പെടുന്നു. ശരീരത്തെ മുഴുവനായി എങ്ങനെയെല്ലാം ആകർഷകമാക്കിയിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി സംവേദനശൈലി അപഗ്രഥിക്കുന്ന രീതിയാണ്. ഇതും സംസ്ക്കാരങ്ങൾക്ക് അനുസൃതമായി സംവേദന വ്യതിയാനങ്ങൾ ഉണ്ടാക്കുന്നു.

**b. ചേഷ്ടകൾ (Posture):** ഒരു വ്യക്തിയുടെ സ്വഭാവചേഷ്ടകൾ, നിൽപ്പ്, ഇരിപ്പ് എന്നിവ ഇതിൽപ്പെടുന്നു. ദേശ വ്യത്യാസമനുസരിച്ച് മനുഷ്യ ചേഷ്ടകൾക്ക് വിവിധ അർത്ഥങ്ങളാണുള്ളത്. ഇവ ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്നില്ല. പ്രാദേശിക സംസ്കാരങ്ങളുടെ സ്വാധീനം മനുഷ്യ ചേഷ്ടകളിൽ വെളിപ്പെടുന്നു.

**c. ചലനങ്ങൾ (Motion):** മനുഷ്യന്റെ ഭാവം, ചേഷ്ട എന്നിവയ്ക്കൊപ്പം സംവേദന പ്രക്രിയയിൽ ശരീരം എങ്ങനെ ചലിക്കുന്നു എന്ന് നിരീക്ഷിക്കുന്നു. എല്ലാ ശരീരവും വിവിധ തരത്തിൽ ചലിക്കുന്നവയാണ്. ഓരോരുത്തരുടെയും സ്വഭാവ വൈചിത്ര്യമനുസരിച്ച് ശരീര ചലനങ്ങളിലും മാറ്റം ഉണ്ടാകുന്നു.

## B. ശരീരാവയവങ്ങളുടെ ചലനം (Parts of the Body)

സംവേദന പ്രക്രിയയിൽ മനുഷ്യ ശരീരത്തിന്റെ ഓരോ അവയവത്തിനും നിർണ്ണായകമായ പങ്കു വഹിക്കുവാനുണ്ട്. അവ ഗുണപരമായി സംവേദന പ്രക്രിയയിൽ പങ്കുചേരുമ്പോൾ ആശയത്തിന്റെ അർത്ഥ

ത്തിന് കൂടുതൽ പ്രകാശം ലഭ്യമാകുന്നു. ആശയസംവേദനത്തിൽ പങ്കെടുക്കുന്ന ശരീരാവയവങ്ങളുടെ രീതികൾ താഴെപ്പറയുന്നവയാണ്:

**a. ആംഗ്യങ്ങൾ (Gestures):** മനുഷ്യന്റെ കൈ, തല, പാദം തുടങ്ങിയ അവയവങ്ങൾ മുഖാന്തരമുള്ള സംവേദനമാണ് ആംഗ്യങ്ങളിൽ ഉൾപ്പെടുന്നത്. വാമൊഴി സംവേദനത്തിൽ എപ്പോഴും പ്രകടമാകുന്നത് കൈ ചലനങ്ങളാണ് (hand gestures). ഇവയുടെ ഉപയോഗമില്ലാതെ വാമൊഴി സംഭാഷണങ്ങൾ പൂർണ്ണമാകുകയില്ല. ഇത്തരം ആംഗ്യ പ്രകടനങ്ങൾ നൈസർഗ്ഗികമായി ബഹിർഗമിക്കുന്നതായിരിക്കണം. ബോധപൂർവ്വം ആംഗ്യങ്ങൾ സൃഷ്ടിക്കുമ്പോൾ ചില സന്ദർഭങ്ങളിലെങ്കിലും അരോചകമായി തീരും.

**b. മുഖഭാവം (Facial Expression):** സംവേദന പ്രക്രിയയിലെ ഏറ്റവും പ്രധാന ഭാഗമാണ് മുഖം. പ്രത്യേകിച്ച് കണ്ണുകൾ, കൺപുരികങ്ങൾ എന്നിവ. ഒരു വ്യക്തിക്കുണ്ടാകുന്ന വിവിധങ്ങളായ ഭാവ വ്യതിയാനങ്ങൾ തൽക്ഷണം മുഖഭാവത്തിലൂടെ മനസ്സിലാക്കുവാൻ കഴിയും. കൺപുരികങ്ങൾ ഉയർത്തുന്നത് അതിശയോക്തിയെ ദ്യോതിപ്പിക്കുന്നു. കരച്ചിൽ, ചിരി, വിഷാദം തുടങ്ങിയ എല്ലാ വികാരങ്ങളും മുഖഭാവത്തിലൂടെ തിരിച്ചറിയാം. സന്തോഷത്തിന്റെ സന്ദേശമാണെങ്കിലും, ആന്തരിക സംഘർഷത്തിന്റേതാണെങ്കിലും അവ മുഖഭാവത്തിലൂടെ കണ്ടെത്താം. അതിനാൽ മുഖഭാവം ഒരാളുടെ മനോഭാവം, വികാരം, വിചാരം എന്നിവ പ്രകടമാക്കുന്നു. സംവേദനത്തിലെ ആത്മാർത്ഥതയും സൗഹൃദത്വവും മുഖഭാവത്തിലുണ്ട്.

**c. തലയാട്ടം (Head - nods):** ഭാഷാതീത സംവേദന മാർഗ്ഗത്തിന്റെ അടയാളമാണിത്. ഇത് സാംസ്കാരിക തലങ്ങളിൽ വ്യത്യസ്തമായി പ്രകടിപ്പിക്കുന്നു. പാശ്ചാത്യ രാജ്യത്തെ രീതികൾ പൗരസ്ത്യദേശങ്ങളിൽ സ്വീകരിക്കപ്പെടാറില്ല. തിരിച്ചും സംഭവിക്കും. ഇന്ത്യയിൽ സമ്മതം എന്നതിന് തിരശ്ചീനമായി തലയാട്ടും. എന്നാൽ യൂറോപ്യൻ സംസ്കാരത്തിൽ ലംബമായി തലയാട്ടും.

**d. നോട്ടം (Looking):** സംവേദന പ്രക്രിയയിൽ ഏറ്റവും ശക്തമായി വിനിമയം ചെയ്യുന്നതാണ് 'നോട്ടം.' വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും ദാതാവിന്റെ മനോഭാവം തിരിച്ചറിയുന്നതിനും മുഖഭാവം സഹായിക്കും. ദാതാവിന്റെ മുഖത്ത് മിന്നിമറയുന്ന എല്ലാ രസങ്ങളും കണ്ണുകളുടെ ഭാവങ്ങളും ഗ്രഹിതാവ് മനസ്സിലാക്കും. സംവേദനത്തിൽ കണ്ണുകൾ തമ്മിൽ കഥകൾ കൈമാറുന്നു. ഭാവങ്ങൾ വിനിമയം ചെയ്യുന്നു.

## II സാമീപ്യങ്ങൾ (Proxemics)

സംവേദനത്തിൽ സാമീപ്യങ്ങൾ എന്നു പറയുന്നത് സ്ഥലം, സമയം, ബന്ധം എന്നിവയിലെ അടുപ്പമാണ്. ഇതിൽ വ്യക്തികൾ തമ്മിലുള്ള അകലം, നിൽപ്പിലും ഇരിപ്പിലും പ്രത്യേകം ശ്രദ്ധിക്കുന്നു. അകലം വർദ്ധിക്കുന്തോറും സംവേദനം വേണ്ടത്ര ഫലപ്രദമാകില്ല. അതിനാൽ സാമീപ്യങ്ങൾ പ്രാധാന്യം അർഹിക്കുന്നു.

സ്വകാര്യ സംഭാഷണങ്ങളും വ്യക്തിബന്ധങ്ങളും ആരംഭിക്കുന്നതും നിലനിർത്തുന്നതും ദാതാവും ഗ്രഹിതാവും തമ്മിലുള്ള സാമീപ്യത്തിലാണ്. വിവിധ തരത്തിലുള്ള ബന്ധങ്ങളുടെ നിലനിൽപ്പിനും അർത്ഥപൂർണ്ണമായ സംവേദനത്തിനും വ്യത്യസ്തമായ ദൂരപരിധി നിർദ്ദേശിക്കുന്നുണ്ട്.

### 1. സൗഹൃദ ദൂരം (Intimate distance)

സംവേദനത്തിന്റെ ഏറ്റവും ശക്തമായ തലമാണ് ആശ്ലേഷിക്കുകയും ചുംബിക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്നത്. വികാര വിചാരങ്ങൾ ഒരു സമയം ഭാഷാതീതമായി സംവേദിക്കപ്പെടുന്നു. ഇത് സംരക്ഷണത്തിന്റെയും ആശ്വസിപ്പിക്കുന്നതിന്റെയും ഭാവമാണ്. സൗഹൃദ ദൂരത്തിന്റെ ഏറ്റവും വലിയ പരിധി നിർണ്ണയിച്ചിരിക്കുന്നത് ആറു മുതൽ 18 ഇഞ്ച് വരെ മാത്രമാണ്. ഗ്രഹിതാവിന്റെ ശരീരത്തിൽ ഒരു കൈകൊണ്ട് സ്പർശിക്കുവാൻ കഴിയുന്നത്ര ദൂരം. ഏറ്റവും അടുത്ത് നിന്നുള്ള സംവേദനമാണിത്. സംവേദനം സൗഹൃദമായി തീരുന്നത് ദൂരം കുറയുന്തോറുമാണ്. ഭാര്യാ ഭർത്താക്കന്മാർ, കമിതാക്കന്മാർ, മാതാപിതാക്കൾ എന്നിവരും മാതാപിതാക്കളും മക്കളും തമ്മിലുള്ള സൗഹൃദ ഭാവങ്ങൾ, ബന്ധുമിത്രാദികൾ തമ്മിലുള്ള ഭാവങ്ങൾ എന്നിവയിലെല്ലാം സൗഹൃദ ദൂരം കുറഞ്ഞുകൊണ്ടിരിക്കും. ബന്ധത്തിന്റെ ആഴവും തീവ്രതയും അനുസരിച്ച് ദൂരത്തിന് വൈവിധ്യം ഉണ്ടാകും.

### 2. സ്വകാര്യദൂരം (Personal distance)

വ്യക്തികൾ തമ്മിലുള്ള സ്വകാര്യ സംഭാഷണത്തിൽ നിലനിർത്തേണ്ട ദൂരപരിധിയാണിത്. ഏറ്റവും അടുത്ത ദൂരം ഒന്നര മുതൽ രണ്ടര അടി വരെയാണ്. ഇതിന്റെ അകന്ന ദൂരം രണ്ടര മുതൽ നാല് അടി വരെ മാത്രം.ഒരു കൈ ദൂരത്തിൽ കൂടരുത്. സംഭാഷണം കേൾക്കുവാനും ശ്രദ്ധിക്കുവാനും, ശരീരഭാഷ ഉൾക്കൊള്ളുവാനും കഴിയുന്നു. ദാതാവും ഗ്രഹിതാവും പരസ്പരം ക്രിയാത്മകമായി സംവേദനം നടത്തുന്നതിൽ സ്വകാര്യ ദൂരം പ്രധാന പങ്ക് വഹിക്കുന്നു. ഒരു മേശയുടെ രണ്ട് തലയ്ക്കലുമായി ഇരുന്ന് സംഭാഷണം നടത്തുന്ന കൗൺസലിങ്ങ്

സെഷനുകളിൽ പാലിക്കപ്പെടുന്നത് സ്വകാര്യ ദൂരമാണ്. ഈ ദൂരം വർദ്ധിച്ചാൽ സംവേദനം അവ്യക്തവും ശരീരഭാഷ ഉൾക്കൊള്ളുവാൻ കഴിയാത്തതും ആയിത്തീരും.

### 3. സാമൂഹിക ദൂരം (Social distance)

സംവേദന പ്രക്രിയയിലെ ഏറ്റവും അടുത്ത സാമൂഹിക ദൂരം നാലു മുതൽ ഏഴ് അടി വരെയാണ്. അകന്നത് ഏഴു മുതൽ 12 അടി വരെയും. ക്ലാസ്സ് മുറികളിലും മറ്റുമുള്ള സംവേദന ദൂരം ഇതിന്റെ പരിധിയിൽ വരും. ദൂരം വർദ്ധിക്കുന്തോറും സംവേദനം നിഷ്ഫലമാകും. അവ്യക്തിതലത്തിലേക്ക് (impersonal) സംവേദനം തിരിയുകയും ചെയ്യും.

### 4. പൊതു ദൂരം (Public distance)

പൊതുദൂര പരിധിയിൽ ഏറ്റവും അടുത്തത് 12 മുതൽ 25 അടി വരെയാണ്. അകന്നത് 25 മുതൽ 30 അടി വരെയും. പൊതുകാര്യ സംബന്ധമായ സംവേദനത്തിൽ അകലം വർദ്ധിക്കും. പ്രധാനപ്പെട്ട പൊതുസമ്മേളനങ്ങളിൽ അതിവിശിഷ്ട വ്യക്തികൾ സംബന്ധിക്കുമ്പോൾ ബോധപൂർവ്വം പൊതുദൂരം സൃഷ്ടിക്കാറുണ്ട്. എന്നാൽ സംവേദനം ഫലപ്രദമാക്കുവാനായി നിരവധി ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കും. ഇക്കാര്യത്തിൽ മൈക്ക് പ്രധാന ഘടകമാണ്. ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷനും പൊതുദൂരത്തെ കുറയ്ക്കുവാൻ സഹായിക്കുന്നു.

സംവേദന പ്രക്രിയയിൽ സാമീപ്യങ്ങൾക്കാണ് ശക്തിയും സൗന്ദര്യവും. ദൂരം വർദ്ധിക്കുമ്പോൾ ഭാഷാതീത സംവേദനങ്ങൾ തിരിച്ചറിയുവാൻ കഴിയാതെ വരും. ദൂരപരിധിയുടെ പശ്ചാത്തലം തന്നെ സംവേദനത്തിന്റെ വിവിധ തലങ്ങൾ നിശ്ചയിക്കുന്നു. ഭാഷാതീതമായി അവ സംവേദിച്ചുകൊണ്ടിരിക്കും. ദാതാവ്, സന്ദേശം, ഗ്രഹിതാവ് എന്നിവ സാമീപ്യങ്ങളുടെ അളവ് നിശ്ചയിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നു. രാജ്യങ്ങളും സംസ്കാരങ്ങളും മാറുന്നതിനനുസരിച്ച് സാമീപ്യങ്ങളുടെ തോതും വ്യത്യാസപ്പെടും.

## III സ്ഥലകാലങ്ങൾ (Chronemics)

ഭാഷാതീത സംവേദനത്തിൽ സ്ഥലവും കാലവും (Time) പ്രാധാന്യം അർഹിക്കുന്നു. സംവേദനം നടത്തുന്ന സ്ഥലവും അതിനുള്ള സമയവും ഭാഷാതീതമായി വിനിമയ പ്രക്രിയയിൽ പങ്കുചേരുന്നു. സമയം രണ്ടു തരത്തിൽ പ്രാധാന്യം അർഹിക്കുന്നു: ഒന്ന്. ഏകകാലിക (Mono chronic) സ്വഭാവമുള്ളത്. ഇവിടെ ഒരു കാര്യം ഒരു സമയത്ത് നടത്തുന്നു. രണ്ട് ബഹുകാലിക (Poly chronic) സ്വഭാവമുള്ളത്. ഇവിടെ ഒരു സമയം

ബഹുവിധമായ കാര്യങ്ങൾ സംവേദിപ്പിക്കുന്നു. ടെലിവിഷൻ പരസ്യങ്ങളിൽ ചിലത് ബഹുകാലികത നിറഞ്ഞതാണ്. 30 സെക്കൻഡ് പരസ്യത്തിൽ കുറഞ്ഞത് മുപ്പതു സീനുകൾ മാറ്റി മാറ്റി കൊടുക്കുന്നു. ശബ്ദവും ദൃശ്യവും വളരെ പെട്ടെന്ന് മാറ്റി കാണിക്കുന്ന രീതിയാണിത്. സ്ഥലകാലങ്ങൾ രൂപപ്പെടുന്നതിന് വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു:

**1. അവതരണ രീതി (Performance code):** ശരീരഭാഷയിൽ കൂടിയാണ് അവതരണങ്ങൾ പ്രതിഫലിപ്പിക്കുന്നത്. ശബ്ദഭാവം, മുഖഭാവം, കരചലനങ്ങൾ എന്നിവയും അവതരണ പദ്ധതിയിൽപ്പെടുന്നു.

**2. കരകൗശല രീതി (Artifactual code):** ഒരു വസ്തുവിനെ അണിയിച്ചൊരുക്കുന്ന രീതിയാണിത്. വസ്ത്രാഭരണങ്ങൾ കൊണ്ട് അണിയിച്ചൊരുക്കുന്നത് യാഥാർത്ഥ്യത്തിൽ നിന്നും വ്യത്യസ്തമായ ഭാവം സംവേദിപ്പിക്കുന്നു.

**3. മദ്ധ്യവർത്തകരീതി (Mediatory code):**ഒരു വസ്തുവിൽ ചിത്രങ്ങൾ, രേഖാചിത്രങ്ങൾ, ശബ്ദസംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിക്കുന്നെങ്കിൽ അവ മദ്ധ്യവർത്തക രീതിയായി തീരുന്നു. സ്ഥലകാലത്തിന് ഭാഷാതീതമായി പുതിയ അർത്ഥങ്ങൾ ലഭ്യമാകുന്നു.

**4. സ്ഥലകാലരീതി (Spatio - temporal):** സ്ഥലം (Space), സമയം (Time) എന്നിവ സംവേദന പ്രക്രിയയിൽ ഭാഷാതീത സ്വാധീനങ്ങൾ വരുത്തുന്നു. സ്ഥലം ഭൗതികമായിട്ടുള്ളത് മാത്രമല്ല ആദർശപരവുമാണ്. സാഹചര്യങ്ങളുടെ പരസ്പരബന്ധം, ക്രമീകരണം എന്നിവയും ഉൾക്കൊള്ളുന്നു.

സംവേദന പ്രക്രിയയിൽ സ്ഥലകാലങ്ങൾക്ക് ഭാഷാതീതമായി സന്ദേശങ്ങൾ സംക്രമിപ്പിക്കുവാൻ കഴിയും. ഫലപ്രദമായ സംവേദനത്തിന് ഇവ യുക്തമായി ഉപയോഗിക്കുവാൻ ദാതാവ് പരിശീലിക്കണം.

## IV സ്പർശനം (Haptics)

സംവേദനത്തിലെ സ്പർശന ഭാഷയാണിത് (Language of touch). ഇത് സംവേദന ഉപാധികളിൽ ഏറ്റവും ശക്തവും ശ്രദ്ധാപൂർവ്വം ക്രമീകരിക്കേണ്ടതുമാണ്. ആർക്ക് ആരെ സ്പർശിക്കാം? എങ്ങനെ? ഇത് സംസ്കാരങ്ങൾക്ക് അനുസൃതമായി വ്യത്യാസപ്പെട്ടിരിക്കും. സ്റ്റാൻലി ഇ. ജോൺസ് 1990-ൽ ബിരുദതല വിദ്യാർത്ഥികളിൽ നടത്തിയ ഗവേഷണം 18 തരത്തിലുള്ള അർത്ഥങ്ങൾ 'സ്പർശന ഭാഷയ്ക്ക്' കണ്ടെത്തി. അവയെ ഏഴു തരത്തിലുള്ള സ്പർശനങ്ങളായി തരംതിരിച്ചിട്ടുണ്ട്.

**1. സാമാന്യ സ്പർശനം (Positive touch):** പിന്തുണയുടെ അടയാള മാണ്. അഭിനന്ദനം, വാത്സല്യം, പ്രോത്സാഹനം എന്നിവയും സാമാന്യ സ്പർശനത്തിൽ ഉൾക്കൊള്ളുന്നു.

**2. വിനോദ സ്പർശനം (Playful touch):** സംവേദനം കൂടുതൽ രസ കരവും ദൃഢതരവുമാക്കുവാൻ ഇത്തരം സ്പർശനങ്ങൾക്ക് കഴിയും. ശരീ രത്തിൽ സ്പർശിച്ച് കാര്യങ്ങൾ പറയുന്ന രീതിയാണിത്.

**3. നിയന്ത്രണ സ്പർശനം (Control touch):** ഗ്രഹിതാവിന്റെ ശ്രദ്ധ ലഭിക്കുന്നതിനായി ബോധപൂർവ്വം നടത്തുന്ന സ്പർശനം. അധികാര സ്വഭാവം പുലർത്തുന്നവരിൽ ഇത് അധികമായി കാണുന്നു.

**4. ആചാര സ്പർശനം (Ritualistic touch):** മത – ആചാരാനുഷ്ഠാന ങ്ങളിൽ നടക്കുന്ന സ്പർശനം അലൗകിക ഭാവം പകരുന്നു. വിടവാ ങ്ങൽ ആശ്ലേഷണവും ആശംസാ സ്പർശനവും ആചാര സ്പർശ നത്തിൽ പെടുന്നു.

**5. സങ്കര സ്പർശനം (Hybrid touch):** മനസ്സിൽ നിന്നുദിക്കുന്ന സങ്കീർണ്ണ ഭാവങ്ങളിൽ നിന്നുള്ള സ്പർശനമാണിത്. വാത്സല്യം പ്രക ടിപ്പിക്കുവാനും സംവേദനം ആരംഭിക്കുവാനും ചിലപ്പോൾ സംഭാഷണം അവസാനിപ്പിക്കുവാനും ഇത് ഇടയാക്കുന്നു.

**6. കർത്തവ്യ സ്പർശനം (Task related touch):** ഒരു കർത്തവ്യം ചെയ്യുന്നതിനുള്ള സ്പർശനമാണിത്. ശരീരത്തിലെ ഏതെങ്കിലും ഭാഗം പ്രദർശിപ്പിച്ചോ, സ്പർശിച്ചോ കർത്തവ്യം നടത്തുന്നു. ഇത് ദാതാവിന്റെ ഉത്തരവാദിത്വത്തിലുള്ളതാണിത്.

**7. അവിചാരിത സ്പർശനം (Accidental touch):** സംവേദന പ്രക്രിയ യിൽ അവിചാരിതമായി സംഭവിക്കുന്ന സ്പർശനമാണ്. ദാതാവും ഗ്രഹി താവും വേണ്ടവിധം ഇത് തിരിച്ചറിയുകയില്ല.

ഭാഷാതീത സംവേദനത്തിൽ സ്പർശന ഭാഷ സജീവമാണ്. കുട്ടി കൾ ശൈശവത്തിൽ നിരവധി കാര്യങ്ങൾ അറിയുന്നത് സ്പർശനത്തി ലൂടെയാണ്. സ്പർശനം സ്നേഹത്തിന്റെ വളർച്ചയാണ്. നവജാത ശി ശുക്കൾക്ക് സ്പർശനം ആവശ്യമാണ്. മാതൃസ്പർശനം ലഭിക്കാത്ത കുഞ്ഞുങ്ങൾ അശക്തരാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. സ്പർശി ക്കുവാനും സ്പർശിക്കപ്പെടുവാനും അവസരം ഉണ്ടാകണം. ദാമ്പത്യ ബന്ധത്തിൽ സ്പർശനം സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രതീകമാണ്. മറ്റുള്ളവരെ തൊട്ട് സംവേദനത്തെ ശക്തീകരിക്കാറുണ്ട്.

സ്പർശനം സന്ദേശ പ്രവാഹിയാണ്. ശക്തമായ വിചാര വികാരങ്ങ

ളുടെ ബാഹ്യാവിഷ്കാരമാണ്. വ്യക്തികൾ തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകമായ സ്പർശനം സുഖകരമായ ഇന്ദ്രിയാനുഭൂതി ലഭ്യമാക്കുന്നു. വികാര വിചാരങ്ങൾ പങ്കിടുവാൻ കഴിയുന്ന തീവ്രമായ ഉപാധിയാണിത്. സ്പർശനം സ്വന്തം സാന്നിദ്ധ്യബോധം ഉളവാക്കുന്നു. ഫലപ്രദമായ സംവേദനത്തിൽ സ്പർശന ഭാഷ സാമാന്യ സ്വഭാവം ഉൾക്കൊള്ളുന്നതാണ്. നിഷേധാർത്ഥങ്ങൾ സ്പർശന ഭാഷയ്ക്കുണ്ടാകുമ്പോൾ സംവേദനം വികലമാകും. അർത്ഥതലങ്ങൾ വ്യത്യാസപ്പെടും. അതിനാൽ സംവേദകർ സ്പർശന ഭാഷയിലെ തെറ്റും ശരിയും തിരിച്ചറിയണം.

## V വസ്തുഭാഷ (Language of Things)

പ്രകൃതിയിൽ ലഭ്യമാകുന്ന ഓരോ വസ്തുവിനും അതിന്റേതായ ഭാഷാതീത സംവേദന ശക്തിയുണ്ട്. എല്ലാ വസ്തുക്കളും ചില അടയാളങ്ങളും പ്രതീകങ്ങളുമാണ്. അവ ഭാഷാതീതമായി സംവേദിച്ചുകൊണ്ടിരിക്കും. സ്ഥലകാലങ്ങൾ മാറുന്നതനുസരിച്ച് അർത്ഥവ്യതിയാനവും സംഭവിക്കാറുണ്ട്.

വിവിധതരം വസ്തുക്കൾ (Objects), കരകൗശലങ്ങൾ (artefacts), നിറങ്ങൾ (Colour) എന്നിവയ്ക്ക് നിരവധി അർത്ഥങ്ങൾ നൽകുന്നു. ഈ അർത്ഥങ്ങൾ പ്രാദേശികമായി മാത്രം നിലനിൽക്കുന്നു. ചില അർത്ഥങ്ങൾ ആഗോളമായി അംഗീകരിക്കപ്പെടുന്നവയാണ്. വസ്തുഭാഷ ഭാഷാതീതമായി വിനിമയം ചെയ്യപ്പെടുന്നവയാണ്. സംവേദനത്തിന്റെ സമഗ്രത ഉൾക്കൊള്ളുവാൻ വസ്തു ഭാഷകൾ വായിച്ചറിയണം.

## II. ശബ്ദതല സംവേദനം
### (Audio non - verbal Communication)

വിവിധ തരത്തിലുള്ള ഭാഷാതീത സംവേദനങ്ങൾ കാണുക മാത്രമല്ല കേൾക്കുകയും പറയുകയും ചെയ്യുമ്പോൾ ശബ്ദതലങ്ങൾ പ്രകടമാകുന്നു. ശബ്ദത്തിന് വാച്യാർത്ഥത്തേക്കാൾ വ്യംഗാർത്ഥങ്ങളുണ്ട്. ശബ്ദതലങ്ങൾ സംവൃതമാണ്. കേൾക്കുന്നതിനേക്കാൾ അധികം കാര്യങ്ങൾ വ്യംഗ്യാർത്ഥമാണ്. മണി മുഴങ്ങുമ്പോൾ, നാദത്തെ പിന്തുടർന്ന് ധാര മുറിയാതെ പ്രതിദ്ധ്വനി കേൾക്കുന്നതുപോലെ വാച്യാർത്ഥത്തെ അനുഗമിക്കുകയാണ് വ്യംഗാർത്ഥം. ഇത് രണ്ടു തരത്തിൽ സംവേദിക്കുന്നു.

### 1. സമാന്തര ഭാഷ (Para language)

സംവേദന പ്രക്രിയയിൽ എന്തു വിനിമയം ചെയ്തു എന്ന അർത്ഥത്തിലല്ല സമാന്തര ഭാഷ. എങ്ങനെ പറഞ്ഞു എന്ന് ശബ്ദ സ്വഭാവവും സ്വരോച്ചാരണവും (Vocalization) അടിസ്ഥാനപ്പെടുത്തി ചിന്തിക്കുന്നു.

ഇവിടെ വിവിധ ഭാവങ്ങളാണ് പുറത്തു വരുന്നത്. ഭാവത്തിൽ നിന്നാണ് രസം ഉണ്ടാകുന്നത്. ഉത്പാദക രസങ്ങളും ഉത്പാദ്യ രസങ്ങളുമുണ്ട്. ശൃംഗാരം, രൗദ്രം, വീരം, ബീഭത്സം എന്നിവ ഉത്പാദക രസങ്ങളാണ്. ശൃംഗാരത്തിൽ നിന്നും ഹാസ്യവും രൗദ്രത്തിൽ നിന്നു കരുണവും വീരത്തിൽ നിന്ന് അത്ഭുതവും ബീഭത്സത്തിൽ നിന്നും ഭയാനകവും ജനിക്കുന്നു. ശൃംഗാരം, കരുണം, വീരം, രൗദ്രം, ഹാസ്യം, ഭയാനകം, ബീഭത്സം, അത്ഭുതം, ശാന്തം എന്നിവയാണ് ഒൻപതു രസങ്ങൾ. ഇവ സമാന്തര ഭാഷയിൽ കൂടിയാണ് തിരിച്ചറിയുന്നത്.

വാമൊഴിയിൽ സംക്രമിക്കപ്പെടുന്ന ഭാഷാതീത ഭാവങ്ങളാണ് 'സമാന്തര ഭാഷ' എന്ന് നിർവചിക്കാം. സന്ദേശത്തെ ഗ്രഹിതാവ് (Receiver) എങ്ങനെ വ്യാഖ്യാനിക്കണമെന്നും അർത്ഥമാക്കണമെന്നും സമാന്തര ഭാഷയുടെ ധ്വനിയാണ് നിശ്ചയിക്കുന്നത്. വാക്കുകൾ ഒരിക്കലും നിഷ്പക്ഷമല്ല (never neutral). അതിനാൽ സമാന്തരഭാഷ ശബ്ദം, ഭാവം, ഊന്നിപ്പറയൽ എന്നിവ ധ്വനിപ്പിക്കുന്നു. സംവേദനത്തിലുണ്ടാകുന്ന സമാന്തര ഭാഷയുടെ വിവിധ ഭാവങ്ങൾ ഏതെല്ലാമെന്ന് ദാതാവും ഗ്രഹിതാവും ഒരു പരിധിവരെ അറിയണം.

**2. നിശബ്ദത (Silence)**

നിശബ്ദത (മൗനം) അറിവിന്റെയും അജ്ഞതയുടെയും അടയാളമാണ്. സമ്മതത്തിന്റെയും നിഷേധത്തിന്റെയും. നിശബ്ദതയുടെ ഭാഷാതീതമായ അർത്ഥങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നത് സാഹചര്യങ്ങളുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിലാണ്.

മൗനം അതിൽ തന്നെ ഒരു സന്ദേശമാണ്. ഇത് ബാഹ്യശബ്ദത്തിന്റെ അസാന്നിധ്യമാണ്. നിശബ്ദതയുടെ ഭാഷ സാമൂഹിക - സാംസ്കാരിക പശ്ചാത്തലത്തിലേ വ്യഖ്യാനിക്കുവാൻ കഴിയൂ.

## III ശബ്ദ - ദൃശ്യ തല സംവേദനം (Audio visual non - verbal Communication)

ഭാഷാതീത സംവേദന പ്രക്രിയയിൽ ശബ്ദ - ദൃശ്യ തലങ്ങൾക്ക് പ്രാധാന്യമുണ്ട്. ഇവിടെ ശബ്ദം സമാന്തര ഭാഷയിലും ദൃശ്യം ശരീര ഭാഷയിലും കേന്ദ്രീകരിച്ചുള്ളതാണ്. മാധ്യമ സംസ്കാരത്തിൽ ഇത്തരം ശബ്ദ-ദൃശ്യങ്ങളുടെ പ്രാധാന്യം വർദ്ധിക്കുകയാണ്. ദൃശ്യവത്ക്കരണവും സൗന്ദര്യവത്ക്കരണവും നടത്തുന്ന വസ്തുക്കളോടാണ് സമൂഹത്തിന് താല്പര്യമുള്ളത്. അതിനാൽ ശബ്ദ-ദൃശ്യ തലങ്ങളുടെ ഭാഷ പ്രത്യേകം പഠനം അർഹിക്കുന്നു. ഭാഷ, ശബ്ദം, ധ്വനി, ചിഹ്നം, വാക്ക്, ആഖ്യാനം, ഉച്ചാരണം എന്നിവയും സംസ്കാരങ്ങളുടെ സ്വാധീനവും പ്രാധാന്യം അർഹിക്കുന്നു. കണ്ണ്, നാക്ക്, മൂക്ക്, ത്വക്ക്, ചെവി തുടങ്ങിയ പഞ്ചേന്ദ്രി

യങ്ങളാൽ തിരിച്ചറിയുന്നവയാണ് ഭാഷാതീത സംവേദനം. ഇവയുടെ പ്രധാന സ്വഭാവങ്ങൾ താഴെപ്പറയുന്നവയാണ്:

**1. സംവേദന ക്ഷമത:** ഭാഷാതീത സംവേദനം ഏതൊരു സംവേദനത്തിലും അനിവാര്യമാണ്. ഇത് മറച്ചുവയ്ക്കുവാനോ നിഷേധിക്കുവാനോ കഴിയുകയില്ല. വാക്കുകൾ നിർത്തിയാലും ശരീരഭാഷ വിനിമയം ചെയ്തുകൊണ്ടിരിക്കും. ഇത് വാക്കുകൾക്ക് അതീതമായി എപ്പോഴും സംവേദന ക്ഷമതയുള്ളതാണ്.

**2. വികാര വിചാരങ്ങൾ:** ബുദ്ധിപരമായ അറിവുകളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിന് വാക്കുകൾ ഉപയോഗിക്കുമ്പോൾ വികാര - വിചാരങ്ങൾ സംക്രമിപ്പിക്കുന്നതും ധ്വനിപ്പിക്കുന്നതും ഭാഷാതീത സംവേദനത്തിലൂടെയാണ്.

**3. ഉള്ളടക്കപരം:** സംവേദിതമാകുന്ന വാക്കുകളുടെ വാച്യാർത്ഥത്തേക്കാൾ വ്യംഗ്യാർത്ഥം കണ്ടെത്തുവാൻ ഉള്ളടക്കം സഹായിക്കുന്നു. വാക്കുകളെക്കാൾ ഭാവ വിനിമയത്തിലൂടെയാണ് ഉള്ളടക്കത്തിന്റെ പൂർണ്ണരൂപം ഗ്രഹിക്കുവാൻ കഴിയുന്നത്.

**4. വിശ്വാസ്യപരം:** വാമൊഴിയേക്കാൾ വിശ്വാസ്യയോഗ്യമായതാണ് ഭാവ വിനിമയം. 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന് പറയുമ്പോൾ ശരീരഭാഷ അതിന്റെ സത്യാവസ്ഥ നൈസർഗ്ഗികമായി പ്രതിഫലിപ്പിക്കുന്നു.

**5. ഭാവ വിനിമയം:** ഭാഷാതീത സംവേദനത്തിൽ ഭാവങ്ങൾ വിനിമയം ചെയ്യപ്പെടുന്നു. നവരസങ്ങൾ ശരീര ഭാഷയിലൂടെ പ്രതിഫലിക്കുന്നു. വാമൊഴിക്ക് വാച്യ - വ്യംഗ്യാർത്ഥങ്ങൾ ആഴത്തിൽ കണ്ടെത്തുവാൻ ഇവ സഹായിക്കുന്നു.

സംവേദന പ്രക്രിയയിൽ പഞ്ചേന്ദ്രിയങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. ഒരു സംവേദനം മനസ്സിലാക്കുന്നത് 83% വും കാഴ്ചയിലൂടെയാണ്. കേൾവി 11%, ഘ്രാണം 3.5%, സ്പർശനം 1.5%, രുചി 1%, എന്നിങ്ങനെയാണ് സംവേദനശക്തി അളന്നിരിക്കുന്നത്. സംവേദനത്തിൽ 90% ഓർത്തിരിക്കുന്നത് ഒരുമിച്ച് കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങളാണ്. കാഴ്ച 70%, കേൾവി 20%, വായന 10% എന്നിങ്ങനെയാണ് അളവുകൾ നിശ്ചയിച്ചിരിക്കുന്നത്. അതിനാലാണ് ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ സംവേദന രംഗത്ത് ആധിപത്യം ഉറപ്പിച്ചത്.

## ഉപസംഹാരം

സംവേദനത്തിൽ ഭാഷാതീത തലങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. മാധ്യമങ്ങൾ ക്യാമറ കണ്ണുകൾ ഉപയോഗിച്ച് ഭാവ വിനിമയങ്ങൾ കൂടുതൽ ദൃശ്യവൽക്കരിക്കുന്നു. വ്യക്ത്യാന്തര സംവേദനത്തിൽ (Inter-

personal communication) ഏറ്റവും ഫലപ്രദമായി തിരിച്ചറിയേണ്ടവയാണ് ഭാഷാതീത സംവേദനം. സംവേദനത്തിൽ പ്രതികരണം (Feed back) ഏറ്റവും വേഗം പ്രതിഫലിപ്പിക്കുന്നത് ശരീര ഭാഷയിലൂടെയാണ്. കൗൺസലിങ്ങ് സെഷനുകളിൽ ശരീര ഭാഷയുടെയും ഭാഷാതീത സംവേദനത്തിന്റെയും വിവിധ മാർഗ്ഗങ്ങൾ മനസ്സിലാക്കണം. ഫലപ്രദമായ സംവേദനം നടത്തുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഭാഷാതീത സംവേദന മാർഗ്ഗങ്ങൾ പാഠമായിരിക്കണം.

❑

പാഠം 5

# സംവേദന ലക്ഷ്യങ്ങൾ

❑ സംവേദന ലക്ഷ്യങ്ങൾ ❑ സംവേദനം: മൗലിക തത്വങ്ങൾ ❑ സംവേദനകലയുടെ പത്തു കല്പനകൾ

സംവേദന രംഗത്ത് വിപ്ലവകരമായ പരിവർത്തനങ്ങളാണ് അനുദിനം സംഭവിക്കുന്നത്. വ്യക്തിതല, സാമൂഹികതല സംവേദനങ്ങൾ ശക്തമെങ്കിലും സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള സംവേദന പ്രക്രിയ പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കുന്നു.

വ്യക്തികൾ തമ്മിലുണ്ടായിരുന്ന സംവേദനം ഇപ്പോൾ വിവരസാങ്കേതികതയിൽ (Information Technology) കേന്ദ്രീകൃതമായി. മൂന്നാം സഹസ്രാബ്ദത്തിലെ സംവേദന പ്രക്രിയയെ നയിക്കുന്നതും നിയന്ത്രിക്കുന്നതും വിജ്ഞാന - വിനോദ മാധ്യമങ്ങളും ഇന്റർനെറ്റുമാണ്. ഇത് മനുഷ്യർ തമ്മിലുള്ള കൂട്ടായ്മയും നൈസ്സർഗികമായ സംവേദനത്വവും അന്യമാക്കുന്നു. പരസ്പര സഹായം, പങ്കുവെയ്ക്കൽ, കൂട്ടായ്മ, പരിപോഷണം, ത്യാഗം, ശുശ്രൂഷ തുടങ്ങിയ സംവേദന മൂല്യങ്ങൾ ജീവിതത്തിൽ നിന്നും അടർന്നു മാറുകയാണ്.

ആഗോളതലത്തിൽ സംവേദനത്തിന് നിരവധി മാർഗങ്ങളും സമ്പ്രദായങ്ങളും ഉപയോഗിക്കുമെങ്കിലും പ്രാദേശികമായി മനുഷ്യർ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുകയാണ്. സാമൂഹിക ബന്ധങ്ങളും സംവേദനങ്ങളും സൃഷ്ടിക്കുവാനും പരിരക്ഷിക്കുവാനും പുത്തൻ തലമുറയ്ക്ക് താല്പര്യം കുറയുകയാണ്. പരസ്പര ധാരണയും വ്യക്തിബന്ധത്തിന്റെ ദൃഢതയും സംവേദനത്തിന്റെ മൗലിക തത്വമാണ്. ബഹുജന മാധ്യമ രംഗത്തുണ്ടായ അഭൂതപൂർവ്വമായ മുന്നേറ്റം സംവേദനത്തിന്റെ എല്ലാ തലങ്ങളെയും പരിമിതപ്പെടുത്തി. പരസ്പര സംഭാഷണവും കൂട്ടായ്മയും കുടുംബ ബന്ധങ്ങളിൽ നിന്നു പോലും പടിയിറങ്ങി. മനുഷ്യത്വത്തിന്റെ സത്താപരവും സാമൂഹികപരവുമായ ബോധം നഷ്ടപ്പെടുത്തുംവിധം പുത്തൻ സംവേദനം മനുഷ്യ മനസ്സിൽ ആധിപത്യം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ സംവേദനത്തിന്റെ ലക്ഷ്യങ്ങൾ വീണ്ടെടുക്കേണ്ടതുണ്ട്. എന്തെല്ലാമാണ് സംവേദന ലക്ഷ്യങ്ങൾ?

## 1. വിവര വിനിമയ പ്രക്രിയ (Information function)

ഏതൊരു സംവേദന പ്രക്രിയയിലും അറിവ്, വിജ്ഞാനം, വിവരം എന്നിവ വിനിമയം ചെയ്യുന്നു. എല്ലാ സംവേദനവും വ്യക്തികൾക്കോ സമൂഹങ്ങൾക്കോ അറിവ് പകരുന്നതായിരിക്കും. ലംബമായും

(Vertical) തിരശ്ചീനമായും (Horizontal) ഇരുദിശയിലേക്കും (Two-way) വിവര വിനിമയം നടത്താം. അറിവു പകരുകയും സ്വീകരിക്കുകയും സംവേദനത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. വിവര വിനിമയത്തിന്റെ സ്വീകരണവും സംവേദനവും ബാഹ്യമായും ആന്തരികമായും നടക്കും.

### 2. ബോധന പ്രക്രിയ (Instructive function)

സംവേദനത്തിൽ വിജ്ഞാനം പകരുകയും ബോധനം നടത്തുകയും ചെയ്യുന്നു. മാധ്യമ ലക്ഷ്യങ്ങളിലും പ്രധാനമായ ഒന്നാണ് വിദ്യാഭ്യാസം. സംവേദന ക്രിയ വിവിധ തരത്തിൽ ബോധന പ്രക്രിയയിൽ പങ്കു ചേരുന്നു. വ്യക്തികളെയും സമൂഹത്തെയും പഠിപ്പിക്കുകയും മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യുന്നത് സംവേദനത്തിലൂടെയാണ്. വ്യക്തി കളെയും ചെറു സംഘങ്ങളെയും കേന്ദ്രീകരിച്ചും സംവേദന പ്രക്രിയ ക്രമീകരിക്കുന്നെങ്കിൽ വളരെ സ്വാധീനം ചെലുത്തുവാൻ കഴിയും.

### 3. പ്രേരണ പ്രക്രിയ (Persuasive function)

സംവേദന പ്രക്രിയയുടെ ലക്ഷ്യം മുഖ്യമായും പ്രേരിപ്പിക്കലാണെന്ന് വാദിക്കുന്നവരുണ്ട്. ബോധപൂർവ്വം നടത്തുന്ന സംവേദനം വ്യക്തികളുടെ സ്വഭാവം, ചിന്താധാര, കാഴ്ചപ്പാട് എന്നിവയിൽ മാറ്റങ്ങൾ സൃഷ്ടിക്കു വാൻ സാധിക്കും. വ്യക്തികളെയും സമൂഹത്തെയും ആന്തരികമായും ബാഹ്യമായും പരിവർത്തിപ്പിക്കുവാനും വശപ്പെടുത്തുവാനും പ്രേരണ പ്രക്രിയയിലൂടെ സാധിക്കുന്നു. പറഞ്ഞു വിശ്വസിപ്പിക്കുകയും അനുന യിക്കുകയുമാണിത്. തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യാം. മാധ്യമങ്ങളിലെ പരസ്യ കലയിലെ ദൃശ്യങ്ങൾ പ്രേരണ പ്രക്രിയ ലക്ഷ്യമാക്കിയുള്ള താണ്.

### 4. സമന്വയ പ്രക്രിയ (Integrative function)

സംവേദിക്കപ്പെടേണ്ടവ സമന്വയിപ്പിച്ച് ഫലപ്രദമായി അവതരിപ്പി ക്കുന്ന പ്രക്രിയയാണിത്. വിവിധങ്ങളായ വിവരം, വിജ്ഞാനം, വിനോദം എന്നിവ മനസ്സിലാവുന്ന തരത്തിൽ പ്രതിഫലിപ്പിക്കുവാനും സമന്വയി പ്പിക്കാനുമുള്ളതാണ് സംവേദനം. ആശയ വിനിമയത്തിൽ എവിടെയെ ങ്കിലും അസമന്വയമുണ്ടായാൽ സംവേദനം തടസ്സപ്പെടുകയും തെറ്റിദ്ധ രിക്കപ്പെടുകയും ചെയ്യും.

### 5. മൂല്യ നിർണ്ണയ പ്രക്രിയ (Evaluative function)

സംവേദനത്തിൽ യുക്തിയും ബുദ്ധിയും നിർണ്ണയിക്കുന്ന പ്രക്രിയ യാണിത്. ഇവിടെ സംവേദിക്കപ്പെടുന്ന സന്ദേശം അവലോകനം ചെയ്ത് മൂല്യനിർണ്ണയം നടത്തുവാനുള്ള കരുത്ത് നേടുകയാണ്. സംവേദിക്കുന്ന

ചിന്തകൾ, നേടിയെടുത്ത ലക്ഷ്യങ്ങൾ, രൂപപ്പെടുത്തിയ മാതൃകകൾ തുടങ്ങിയവ സമഗ്രമായി പരിശോധിക്കുകയും വിമർശനപൂർവം നിരീക്ഷിക്കുകയും ചെയ്യുന്നു. വ്യക്തിപരവും സാമൂഹികപരവുമായ പ്രവൃത്തികൾക്ക് ഇത് ബാധകമാണ്.

സംവേദന ലക്ഷ്യങ്ങൾ ദാതാവിന്റെ താൽപര്യ പ്രകാരം വ്യത്യാസപ്പെട്ടിരിക്കും. അത് സാഹചര്യങ്ങളും കാലങ്ങളും അനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഒരു സംഘടനയിലോ സ്ഥാപനത്തിലോ ഉള്ള സംവേദന ലക്ഷ്യമല്ല വ്യക്തിബന്ധങ്ങളിലുള്ളത്. കുടുംബ പശ്ചാത്തലത്തിലുള്ള സംവേദനം അല്ല, സാമൂഹിക - രാഷ്ട്രീയ - മത രംഗങ്ങളിൽ നടക്കുന്നത്. ഓരോന്നിനും വ്യക്തമായ ലക്ഷ്യങ്ങളും പ്രേരണകളും ഉണ്ട്. അവ എന്തെന്നും എങ്ങനെ സംവേദനത്തിൽ സന്നിവേശിക്കുന്നുവെന്നും ഗ്രഹിതാക്കൾ (Receivers) മനസ്സിലാക്കണം.

## ഫലപ്രദ സംവേദനത്തിലെ മൗലിക തത്വങ്ങൾ

സാമൂഹിക പശ്ചാത്തലത്തിലുള്ള സംവേദന പ്രക്രിയ ഇരുദിശയിലേക്കുമുള്ളതാകണം (Two-way). ദാതാവും ഗ്രഹിതാവും സംവേദന തത്വങ്ങൾ മനസ്സിലാക്കുകയും പ്രായോഗിക പരിശീലനം നേടുകയും വേണം. പ്രതികരണത്തിന്റെ അഭാവവും സന്ദേശവും ചിഹ്നങ്ങളും (decoding of signs) മനസ്സിലാക്കുവാൻ ഗ്രഹിതാവിനുള്ള അപ്രാപ്യതയും സംവേദനത്തെ ഫലപ്രദമാക്കില്ല. ഗ്രഹിതാക്കളെയും അവരുടെ സാമൂഹിക - സാംസ്കാരിക പശ്ചാത്തലത്തെയും മനസ്സിലാക്കുവാൻ ദാതാവിനു കഴിയണം.

സംവേദനത്തിൽ ഗ്രഹിതാക്കളുടെ താൽപര്യം വർദ്ധിക്കത്തക്ക രീതിയിൽ സന്ദേശം രൂപശില്പം ചെയ്യുന്നു. ഗ്രഹിതാവും ദാതാവും പരസ്പരം പങ്കിടുന്ന ചിഹ്നങ്ങൾ (signals) മനസ്സിലാക്കുവാൻ കഴിയണം. ഗ്രഹിതാക്കളിൽ സന്ദേശത്തിന്റെ ആവശ്യം ഉദ്ദീപിപ്പിക്കുകയും അവയ്ക്ക് സംവേദനത്തിൽ തൃപ്തികരമായ മറുപടി നൽകുകയും വേണം. ഇക്കാര്യങ്ങൾ ഹൃദിസ്ഥമാക്കുവാൻ സംവേദനത്തിലെ മൗലിക തത്വങ്ങൾ ഗ്രഹിക്കണം.

### 1. വിശ്വാസ്യത (Credibility)

സംവേദനം ആരംഭിക്കുന്നത് വിശ്വാസത്തിന്റെ സാഹചര്യത്തിലാണ്. ഇത് ശക്തീകരിക്കുന്നത് ദാതാവാണ്. ഗ്രഹിതാവിന് ദാതാവിലുള്ള വിശ്വാസ്യത വർദ്ധിക്കുന്തോറും സംവേദനം കൂടുതൽ ഫലപ്രദമാകും. ഗ്രഹിതാവ് ശ്രദ്ധയോടെ സന്ദേശം സ്വീകരിക്കുകയും താൽപര്യത്തോടെ സമീപിക്കുകയും ചെയ്യും. ദാതാവിൽ വിശ്വാസ്യത നഷ്ടപ്പെട്ടാൽ ഗ്രഹിതാ

ക്കൾ ഇല്ലാതെയാകും. പുത്തൻ മാധ്യമ - സംസ്കാരത്തിൽ - ദൃശ്യ മാധ്യമങ്ങളിലും അച്ചടി മാധ്യമങ്ങളിലും - വിശ്വാസ്യത ചോർന്നുപോകുകയാണ്. വാർത്തകളും വിശകലനങ്ങളും എന്തിന് ദൃശ്യങ്ങളും പക്ഷപാതപരവും വളച്ചൊടിക്കുന്നതുമാണ്.

**2. സാഹചര്യം (Context)**

സന്ദേശത്തിന് ഗ്രഹിതാവിൽ അർത്ഥങ്ങൾ സൃഷ്ടിക്കുവാൻ കഴിയണം. ദാതാവ് വിനിമയം ചെയ്യുന്ന അതേ അർത്ഥം തന്നെ ഗ്രഹിതാവ് ഉൾക്കൊള്ളണം. സന്ദേശത്തിന്റെ യഥാർത്ഥതലം സംവേദിക്കപ്പെടുമ്പോൾ സംവേദന സാഹചര്യം ദാതാവ് ശ്രദ്ധിക്കണം. കൃത്യമായ സമയത്തും സന്ദർഭത്തിലുമുള്ള സന്ദേശം കൂടുതൽ ഫലപ്രദമാക്കുവാൻ സാധിക്കും. സംവേദകൻ ഗ്രഹിതാവിന്റെ സാമൂഹിക - സാംസ്കാരിക മത പശ്ചാത്തലങ്ങൾ അറിഞ്ഞിരിക്കണം.

**3. വ്യക്തത (Clarity)**

സന്ദേശത്തിന് വ്യക്തത ഉണ്ടാകണം. ലളിതവും ഋജുവുമാകണം. സന്ദേശം രൂപപ്പെടുത്തുവാനുപയോഗിക്കുന്ന വാക്കുകൾ, ശൈലികൾ, സാങ്കേതിക പദാവലികൾ എന്നിവ ഗ്രഹിതാവിന് മനസ്സിലാക്കുവാൻ കഴിയണം. സംവേദന ഭാഷയ്ക്ക് വ്യക്തത ലഭിക്കണം. ആശയം, വിവരണം, അഭിപ്രായം എന്നിവയിലും വ്യക്തത അനുഭവിക്കുവാൻ ഗ്രഹിതാവിന് കഴിയണം. സന്ദേശം ഫലപ്രദമാകുന്നത് വ്യക്തതയുടെ അടിസ്ഥാനത്തിലാണ്. ഗ്രഹിതാവിന് സന്ദേശത്തിൽ അവ്യക്തതയും ദുരൂഹതയും ഉണ്ടാകരുത്.

**4. അനുസ്യൂതത (Continuity)**

സംവേദന പ്രക്രിയയിൽ ചിന്തയുടെ അന്യുസൂതത ഉണ്ടാകണം. സന്ദേശത്തിന് തുടർച്ച വേണം. വ്യത്യസ്തങ്ങളായ സന്ദേശങ്ങളും വിവരണങ്ങളും സമ്മിശ്രമായി അവതരിപ്പിക്കരുത്. സന്ദേശത്തിന് അനുസ്യൂതത ലഭ്യമാകുമ്പോൾ സംവേദനം ഫലപ്രദമാക്കുവാൻ കഴിയും. വിനിമയം ചെയ്യേണ്ട കാര്യങ്ങൾ അടുക്കും ചിട്ടയോടും കൂടി മനസ്സിൽ ഉൾക്കൊണ്ടാൽ അനുസ്യൂതത നഷ്ടപ്പെടാതിരിക്കുവാൻ കഴിയും.

**5. ഉപാധികൾ (Channels)**

സന്ദേശം വിനിമയം ചെയ്യുന്നതിന് വിവിധ ഉപാധികൾ, മാധ്യമങ്ങൾ ഉപയോഗിക്കുന്നു. സംവേദന ഉപാധികൾ ഓരോന്നിനും വ്യത്യസ്ത സ്വാധീനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. വ്യക്ത്യാന്തര തലങ്ങളിൽ വാമൊഴി, വരമൊഴി, ഭാവ വിനിമയം എന്നിവ സംവേദന ഉപാധികളാണ്.

ഇവ വിവിധ ഘട്ടത്തിൽ വിവിധ തലങ്ങളിൽ സ്വാധീനിക്കുന്നു. സന്ദേശം ഫലപ്രദമായി വിനിമയം ചെയ്യുവാനുള്ള ഉപാധികൾ ദാതാവ് മനസ്സിലാക്കണം. ഗ്രഹിതാവിനും ഉപാധികളെ തിരിച്ചറിയുവാൻ കഴിയണം.

**6. പ്രാപ്യത (Capability)**

സംവേദനത്തിൽ സ്വീകർത്താക്കൾക്ക് വലിയ സ്ഥാനമുണ്ട്. ആർക്കാണ് സന്ദേശം നൽകുന്നതെന്ന് ദാതാവ് വ്യക്തമായി അറിയണം. സന്ദേശം സ്വീകരിക്കുന്നവരുടെ മാനസിക, സാമൂഹിക, ബൗദ്ധിക തലങ്ങളും കഴിവുകളും തിരിച്ചറിയണം. സന്ദേശം സ്വീകരിക്കുന്നവരുടെ പ്രാപ്യതയ്ക്ക് അനുസൃതമായി സംവേദനം രൂപപ്പെടുത്തുവാൻ കഴിയണം. സ്വീകർത്താക്കളില്ലെങ്കിൽ സംവേദനം നടക്കുകയില്ല.

**7. ഉള്ളടക്കം (Content)**

സംവേദനത്തിന്റെ ഉള്ളടക്കം ഗ്രഹിതാക്കൾക്ക് താല്പര്യം ഉളവാക്കുന്നതും പ്രസക്തിയുള്ളതുമായിരിക്കണം. ഉള്ളടക്കത്തിന്റെ മൂല്യം നിർണ്ണയിക്കുന്നത് സ്വീകർത്താക്കളാണ്. സന്ദേശം സംവേദിപ്പിക്കുന്ന രീതിയിലും ഉള്ളടക്കത്തിന് പ്രാധാന്യം ലഭ്യമാകും. ശബ്ദസംവിധാനം, ഉച്ചാരണം, ധ്വനി എന്നിവ ഉള്ളടക്കത്തിന് ഹൃദ്യത പകരും. ഉള്ളടക്കത്തിൽ എന്തു തെരഞ്ഞെടുക്കണമെന്നും പ്രായോഗികമാക്കണമെന്നുമുള്ള കാര്യങ്ങൾ സ്വീകർത്താക്കളാണ് നിശ്ചയിക്കുന്നത്.

**8. സമന്വയം (Integration)**

സംവേദന സന്ദേശങ്ങൾക്ക് സമന്വയ സ്വഭാവം ഉണ്ടാകണം. വൈവിധ്യവും സങ്കീർണ്ണവുമായ കാര്യങ്ങൾ വിനിമയം ചെയ്യുമ്പോഴും സമന്വയതലം അന്തർധാരയായി പ്രതിഫലിക്കണം. വൈവിധ്യതകൾ വർദ്ധിക്കുന്തോറും സമന്വയ പ്രക്രിയ ക്ലേശകരവും സന്ദേശം സങ്കീർണ്ണവും ആകും. സന്ദേശം ചങ്ങലപോലെ കോർത്തിണക്കുവാൻ ബോധപൂർവ്വം ശ്രമിക്കണം. അപ്പോൾ സന്ദേശത്തിന് ഉദ്ഗ്രഥനം സാധ്യമാകും.

**9. ഇരുദിശാപരം (Two - way)**

സംവേദനം ഒരു പ്രക്രിയയായി തീരുന്നത് ഇരു ദിശയിലേക്കും ഉണ്ടാകുമ്പോഴാണ്. സംഭാഷണത്തിൽ, പറയുന്ന ആളിന് കേൾക്കുവാനും കേൾക്കുന്ന ആളിന്, പറയുവാനും അവസരം ലഭിക്കുമ്പോഴാണ് സംവേദനം ഇരുദിശാപരവും ചാക്രികവുമാകുന്നത്. എത്രമാത്രം സംവേദനം ഇരുദിശാപരമാകുന്നുവോ അത്ര മാത്രം ഫലപ്രദമായി തീരുന്നു. ഇന്ന് സന്ദേശം മുകളിൽ നിന്നും താഴേക്കാണ് പ്രവഹിക്കുന്നത് (Top - down). ആഗോള സംവേദന രംഗത്ത് ഈ ആധിപത്യം അനുദിനം ശക്തിപ്പെടുകയാണ്.

## 10. പ്രതികരണം (Feed back)

സന്ദേശത്തോടോ, സംവേദകനോടോ ചിലപ്പോൾ മാധ്യമത്തോടോ ഉള്ള പ്രതികരണമാണിത്. സംവേദന പ്രക്രിയയിൽ ഗ്രഹിതാക്കളുടെ പ്രതികരണം മനസ്സിലാക്കുവാൻ സംവേദകനു കഴിയണം. പ്രോത്സാഹനപരവും നിഷേധപരവുമായ പ്രതികരണങ്ങൾ പ്രതീക്ഷിക്കാം. ഗ്രഹിതാക്കളുടെ പശ്ചാത്തലം, ശരീരഭാഷ എന്നിവ വഴി പ്രതികരണം തിരിച്ചറിയാം. സംവേദനം ശ്രദ്ധിക്കുവാൻ പ്രേരിപ്പിക്കുന്ന തരത്തിൽ സംവേദനം സൃഷ്ടിക്കേണ്ടത് സംവേദകനാണ്.

സംവേദനം മിക്കപ്പോഴും പക്ഷപാതപരമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. സംവേദകന്റെ സാമൂഹിക - രാഷ്ട്രീയ - ബൗദ്ധിക - അധികാര സ്വഭാവമായിരിക്കും സംവേദനത്തെ നിയന്ത്രിക്കുന്നതും പക്ഷാപാതപരമാക്കിത്തീർക്കുന്നതും. ഇത്തരത്തിലുള്ള നിഷേധപരമായ ഏഴു സ്വഭാവങ്ങൾ താഴെപ്പറയുന്നവയാണ്:

1. സംവേദനം എപ്പോഴും ലംബമായിരിക്കും (Vertical rather than cyclical). ചാക്രികമാകാറില്ല. അതായത് ഒരു ദിശയിലേക്കു മാത്രമായിരിക്കും സന്ദേശം പ്രവഹിക്കുന്നത്. 2. സംവേദകനിൽ ആശ്രിതത്വം സൃഷ്ടിക്കുവാൻ ബോധപൂർവ്വം ശ്രമിക്കുന്നു. പരസ്പരാശ്രിതത്വ മനോഭാവം സംവേദനത്തിൽ പുലർത്താറില്ല. 3. സംവേദനത്തിൽ ഗ്രഹിതാക്കളുടെ ബഹുവിധ പശ്ചാത്തലങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാറില്ല. 4. സംവേദനത്തിന്റെ പ്രാഥമികമായ ലക്ഷ്യം പ്രേരണാപരമായിരിക്കും. പരസ്പരം മനസ്സിലാക്കുവാനോ ഉൾക്കൊള്ളുവാനോ ശ്രമിക്കാറില്ല. 5. സംവേദനം വ്യക്തികളിൽ മാനസികമായ പ്രതിഫലനം സൃഷ്ടിക്കുമെങ്കിലും സാമൂഹിക സ്വാധീനവും വ്യക്തിബന്ധങ്ങളും അധികമായി രൂപപ്പെടുത്താറില്ല. 6. സംവേദകന്റെ വിശ്വാസ-ദർശനങ്ങൾക്ക് ഹേതുവായിരിക്കും സംവേദനം. സംവേദനത്തിൽ കാര്യകാരണങ്ങളുടെ പാരസ്പര്യത പ്രകടിപ്പിക്കാറില്ല. 7. സംവേദകന്റെ താല്പര്യങ്ങളും ലക്ഷ്യങ്ങളും നേടിയെടുക്കുവാനായി സന്ദേശത്തെ വക്രീകരിക്കുവാനും, വളച്ചൊടിക്കുവാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

സംവേദന പ്രക്രിയയിൽ പക്ഷപാത സമീപനങ്ങൾ ഇപ്പോൾ വളരെ വർദ്ധിക്കുകയാണ്. സംവേദനത്തിൽ ഇരുദിശാ സ്വഭാവം ഉണ്ടാകണമെന്ന് മാധ്യമ വിദഗ്ധർ അഭിപ്രായപ്പെടുന്നുണ്ട്.

## സംവേദന കലയുടെ പത്തു കല്പനകൾ

1. സംവേദനത്തിനു മുമ്പായി സന്ദേശത്തെക്കുറിച്ചും ഗ്രഹിതാക്കളെക്കുറിച്ചും വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

2. സംവേദന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് തിരിച്ചറിയുകയും അതനുസരിച്ച് സന്ദേശം രൂപപ്പെടുത്തുകയും ചെയ്യണം.
3. സംവേദന തലത്തിലെ സാമൂഹിക - സാംസ്കാരിക - ബൗദ്ധിക - മനശാസ്ത്രപരമായ പശ്ചാത്തലങ്ങൾ മനസ്സിലാക്കി സന്ദേശം ചിട്ടപ്പെടുത്തണം.
4. സമഗ്രമായ പഠനങ്ങളും വിശകലനങ്ങളും സ്വാംശീകരിച്ച് ലളിതവും ഹൃദ്യവുമായ രീതിയിൽ സന്ദേശം രൂപശിൽപ്പം ചെയ്യണം.
5. സംവേദനത്തിലുണ്ടാകുന്ന ഭാഷാപരവും, സന്ദേശപരവും, ഭാവവിനിമയപരവുമായ (body language) തടസ്സങ്ങൾ കഴിവതും ഇല്ലായ്മ ചെയ്യണം.
6. ശ്രോതാക്കൾക്ക് താല്പര്യം ജനിപ്പിക്കുന്നതും പ്രയോജനപ്രദവുമാകുന്ന രീതിയിൽ സംവേദനം നടത്തണം.
7. സംവേദന പ്രക്രിയ താല്ക്കാലികമാക്കാതെ, ദീർഘകാല ലക്ഷ്യങ്ങൾ വളർത്തുവാൻ പ്രേരിപ്പിക്കുന്നതാകണം.
8. സംവേദനത്തിൽ ഗ്രഹിതാക്കളിലുണ്ടാവുന്ന പ്രതികരണങ്ങൾ തത്സമയം മനസ്സിലാക്കി അതിനനുസൃതമായി സംവേദനം പുനഃക്രമീകരിച്ചുകൊണ്ടിരിക്കണം.
9. സംവേദകനിൽ ഗ്രഹിതാക്കൾക്ക് വിശ്വാസ്യത ഉണ്ടാകുകയും വാക്കുകൾ പോലെ തന്നെ പ്രവർത്തിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യണം.
10. സംവേദകന് നല്ല കേൾവിക്കാരൻ (listener) ആകുവാനും ഗ്രഹിതാക്കളേയും സാഹചര്യങ്ങളേയും വായിച്ചറിയുവാനും കഴിവുണ്ടായിരിക്കണം.

## ഉപസംഹാരം

സംവേദനം ഏകദിശയിലേക്കുള്ളതല്ല. അതിനെ ചാക്രികമാക്കുവാനും ഫലപ്രദമാക്കുവാനും കഴിയണം. സംവേദകനും ഗ്രഹിതാവും ഈ പ്രക്രിയയിൽ തുല്യപങ്കാളിത്തമാണ് തത്വത്തിൽ വഹിക്കുവാനുള്ളത്. എന്നാൽ ദാതാവിന്റെ ബോധപൂർവ്വമായ ഇടപെടൽ സംവേദന പ്രക്രിയയെ ഫലപ്രദമാക്കും. സംവേദനം ഫലപ്രദമാക്കുന്നതിന് നിരന്തരപരിശീലനം നേടണം.

❑

## പാഠം 6

# സംവേദന തടസ്സങ്ങളും പ്രതിവിധികളും

❑ ഘടനപരം ❑ പദാർത്ഥപരം ❑ വ്യക്തിപരം ❑ മനഃശാസ്ത്രപരം ❑ സാഹചര്യപരം ❑ സാങ്കേതികം ❑ ദാതാവിന്റെയും ഗ്രഹിതാവിന്റെയും പരിമിതികൾ

മനുഷ്യജീവിതത്തിൽ സംവേദനത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് അധികം പ്രാധാന്യം കല്പ്പിക്കാറില്ല. സംസാരിക്കുക, കേൾക്കുക, കാണുക, എഴുതുക, വായിക്കുക തുടങ്ങിയവ സംവേദന ക്രിയകളാണ്. ഒരു പരിധി വരെ ഇക്കാര്യങ്ങൾ എല്ലാവർക്കും ചെയ്യുവാൻ കഴിയുന്നു. ഇതിനായി വിവിധ ഉപാധികൾ സ്വീകരിക്കുകയും ചെയ്യും. ഈ സർഗ്ഗ ശക്തിയുടെ പ്രാധാന്യം തിരിച്ചറിയുന്നത് സംവേദനശേഷി നഷ്ടപ്പെടുമ്പോഴാണ്! സംവേദനശേഷി നഷ്ടപ്പെട്ടവരെ കണ്ടുമുട്ടുമ്പോഴും അവരുമായി സംവേദനം നടത്തേണ്ടിവരുമ്പോഴും നമ്മിലെ സംവേദന ശക്തി ബോധ്യപ്പെടും.

സംവേദന പ്രക്രിയയിലെ പ്രധാന ഉപാധി വാമൊഴിയും വരമൊഴിയും ആണ്. വ്യക്തികളിൽ നിന്നും വ്യക്തികളിലേക്കും, വ്യക്തികളിൽ നിന്നും സമൂഹത്തിലേക്കും സമൂഹത്തിൽ നിന്നും വ്യക്തികളിലേക്കും സമൂഹത്തിൽ നിന്നും സമൂഹത്തിലേക്കും തലമുറകളിൽ നിന്നും തലമുറകളിലേക്കുമുള്ള സംവേദനം നടക്കുന്നു. ഇവിടെ ചിന്തകൾ, ആശയങ്ങൾ എന്നിവ മനസ്സിലാക്കുവാനും പങ്കിടുവാനും അവസരം ലഭിക്കുന്നു. ആശയാവിഷ്ക്കാരങ്ങൾ ഫലപ്രദമായി സംവേദിപ്പിക്കുവാനും സ്വത്വം നിലനിർത്താനും ശക്തിപ്പെടുത്തുവാനും കഴിയുന്നു. വികാരങ്ങൾ, വിവരങ്ങൾ, ആശയങ്ങൾ, വിജ്ഞാനങ്ങൾ, വൈദഗ്ദ്ധ്യങ്ങൾ എന്നിവ സംവേദനത്തിൽ പങ്കുവെയ്ക്കുന്നു. ജീവിതത്തിന്റെ വ്യത്യസ്ത ഘടകങ്ങൾ സംവേദനത്തിൽ കൂട്ടിയിണക്കുന്നു. സംവേദനം മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിനു അർത്ഥവും ആശയവും നൽകുന്നു. അതിനാൽ സംവേദനം ജീവിതത്തിലെ നിർണ്ണായക ഘടകമായി തീരുന്നു.

സംവേദന പ്രക്രിയയിൽ ആദ്യം ഒരാൾ മറ്റൊരാളുമായി സംസാരിക്കുകയോ, ചെറിയ സംഘമായി തമ്മിൽ സംസാരിക്കുകയോ ചെയ്യും. രണ്ട് അവസരത്തിലും ഒരു വ്യക്തി മറ്റ് ഓരോ വ്യക്തിയോടുമാണ് സംവേദിക്കുന്നത്. സംവേദനം നടത്തുന്ന വ്യക്തിയ്ക്കാണ് പ്രാധാന്യം. ദാതാവിന്റെ സംവേദനപരിചയവും പ്രാഗൽഭ്യവുമാണ് വിനിമയ പ്രക്രിയ ഫലപ്രദമാക്കുന്നത്.

സംവേദന പ്രക്രിയയ്ക്ക് നിരവധി മാർഗ്ഗങ്ങളും സാങ്കേതികതയും ഉപയോഗിക്കുന്നുണ്ട്. ഇവയെല്ലാം കൃത്യമായി ഉപയോഗിച്ചാലും ഒരു സംവേദനവും നൂറു ശതമാനം ഫലപ്രദമാകുകയില്ല എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ബഹുവിധങ്ങളായ ഉപാധികൾ സംവേദനത്തിൽ ഉപയോഗിക്കുന്നതു വഴി ഒരു പരിധി വരെ തടസ്സങ്ങൾ (barriers) ഒഴിവാക്കാം. എന്നാൽ സമ്പൂർണ്ണമായ സംവേദനം പ്രായോഗികമല്ല. അതിന്റെ പിന്നിൽ നിരവധി പ്രശ്നങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്നു. എന്തുകൊണ്ടാണ് സംവേദനം പൂർണ്ണമായും ഫലപ്രദമാകാത്തത്? സംവേദനത്തിൽ ആവിർഭവിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണ്.

## സംവേദന തടസ്സങ്ങൾ (Communication Barriers)

സംവേദന പ്രക്രിയയിൽ ഉണ്ടാകുന്ന വിഘ്നവും പ്രതിബന്ധവുമാണ് തടസ്സങ്ങൾ (barriers). ദാതാവിൽ നിന്നും സന്ദേശം ഗ്രഹിതാവിൽ എത്തിച്ചേരുമ്പോഴുണ്ടാകുന്നതാണ് തടസ്സങ്ങൾ. സംവേദന മാർഗ്ഗം അവ്യക്തവും ദുർഘടവുമാകുമ്പോൾ ഇത് സംഭവിക്കുന്നു. സന്ദേശം ദുർഗ്രാഹ്യവും ഗ്രഹിതാക്കളിൽ എത്താതിരിക്കുന്നതും വിവിധ തരത്തിലുള്ള സംവേദന തടസ്സമാണ്. സാങ്കേതിക ഭാഷയിൽ ഇതിനെ 'ഒച്ചപ്പാട്' (Noise) എന്നു വിവക്ഷിക്കുന്നു. സംവേദനത്തിന്റെ സ്വതന്ത്രമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ബാഹ്യവും ആന്തരികവുമായ ഏതു ഘടകത്തെയും 'ഒച്ചപ്പാട്' എന്ന് വിവക്ഷിക്കാം. സംവേദന തടസ്സങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കുവാൻ ദാതാവ് പ്രത്യേകം ശ്രദ്ധിക്കണം.

## I ഘടനാപരമായ തടസ്സങ്ങൾ (Organisational barriers)

സംഘടനകളുടേതോ സ്ഥാപനങ്ങളുടേതോ ഘടനാപരമായ കർത്തവ്യങ്ങളും ദർശനങ്ങളും കൃത്യമായി വിശദീകരിക്കാതിരിക്കുമ്പോൾ സംവേദന പ്രക്രിയയിൽ മുഖ്യമായ തടസ്സങ്ങൾ ഉണ്ടാകുന്നു. ഇവ വിവിധ തലങ്ങളിൽ പ്രകടമാകുന്നു.

### 1. നയം (Policy)

ഒരു സംഘടനയെയോ സ്ഥാപനത്തേയോ നയിക്കുന്നത് അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും നയങ്ങളുമാണ്. ആ നയങ്ങൾ എല്ലാവരും പാലിക്കണം. ഇവ ലിഖിത രൂപത്തിലുണ്ടാകും. പക്ഷേ പലയിടത്തും വേണ്ടത്ര പരിജ്ഞാനം ഇക്കാര്യത്തിൽ കാണില്ല. ലംബവും തിരശ്ചീനവുമായ തലങ്ങളിൽ സംവേദന പ്രവാഹം ഉണ്ടാകുമ്പോൾ സംവേദന ഘടനയിലെ നയങ്ങൾ പ്രോത്സാഹനകരമല്ലെങ്കിൽ സംവേദന തടസ്സങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ദാതാവ് നയങ്ങൾ തിരിച്ചറിഞ്ഞ് സംവേദനം

രൂപപ്പെടുത്തണം. നയങ്ങൾക്കു വിരുദ്ധമായ സംവേദന ശ്രമം വിഘ്ന ങ്ങൾ സൃഷ്ടിക്കുന്നു.

### 2. നിയമങ്ങളും ചട്ടങ്ങളും (Rules and Regulations)

സംവേദനത്തെ നിയന്ത്രിക്കുന്നതും സ്വതന്ത്രമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതും നിയമങ്ങളും ചട്ടങ്ങളുമാണ്. ഇവിടെ സംവേദന പ്രക്രിയ യഥാർത്ഥ പാതയിലൂടെ വിനിമയം ചെയ്യും. സ്വതന്ത്രവും ഉദാത്തവുമായ സമീപനമോ കൂട്ടായ്മയോ സംവേദനത്തിലുണ്ടാവുകയില്ല. അധികാരത്തിന്റെയും നിയമ നിർമ്മാണത്തിന്റെയും സാന്നിധ്യം പ്രത്യക്ഷമായും പരോക്ഷമായും സംവേദന സ്വഭാവത്തിൽ പ്രതിധ്വനിക്കും. കർക്കശവും ഔദ്യോഗികവുമായ ഇത്തരം സംവേദനത്തിൽ ആശയങ്ങളുടെ സ്വതന്ത്ര പ്രവാഹം നഷ്ടപ്പെടുകയും സന്ദേശം അടിച്ചേല്പിക്കുകയും ചെയ്യും.

### 3. പദവിയും അധികാരവും (Status and Position)

പദവിയും അധികാരവും സംവേദനത്തെ തടസ്സപ്പെടുത്തുന്നു. അധികാരത്തിലിരിക്കുന്നവർ കീഴ്സ്ഥാനികളിലേക്ക് സംവേദനം സംക്രമിപ്പിക്കുകയാണ്. എന്നാൽ കീഴ്സ്ഥാനികളുമായി ബന്ധം സൃഷ്ടിക്കുവാനോ (Superior - Subordinate Relationship) ചോദ്യങ്ങൾക്ക് കൃത്യമായി ഉത്തരം നൽകുവാനോ അവരെ ശ്രദ്ധിക്കുവാനോ ശ്രമിക്കാറില്ല. അധികാരികളുടെ ഇഷ്ടപ്രകാരം സന്ദേശത്തെ വളച്ചൊടിയ്ക്കുകയും സന്ദേശം കൃത്യമായി സംവേദിക്കാതിരിക്കുകയും ചെയ്യും. സംവേദന കുത്തക എപ്പോഴും അധികാരികളിൽ കേന്ദ്രീകരിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്നു.

### 4. സങ്കീർണ്ണമായ ഘടന (Complex Organisation)

എല്ലാ സംഘടനകളും സ്ഥാപനങ്ങളും ഘടനയിൽ സങ്കീർണ്ണമായ വ്യവസ്ഥകൾ നിർണ്ണയിക്കും. ഇത് സംവേദനത്തിന് നിരവധി തടസ്സങ്ങൾ സൃഷ്ടിക്കും. പല തലങ്ങളിൽക്കൂടി സംവേദനം കയറിയിറങ്ങി വേണം താഴേക്കു പ്രവഹിക്കുവാൻ. ഓരോ ഘട്ടത്തിലും സന്ദേശത്തിന് വിവിധങ്ങളായ രൂപ പരിണാമങ്ങൾ സംഭവിക്കുന്നു. സന്ദേശം തന്നെ ചിലപ്പോൾ മാറിപ്പോകും. ലളിതമായ വ്യവസ്ഥയും ഘടനയും സന്ദേശം ഫലപ്രദമായി വിനിമയം ചെയ്യുവാൻ സഹായിക്കുന്നു.

### 5. സൗകര്യങ്ങൾ (Facilities)

അത്യാവശ്യ സൗകര്യങ്ങൾ ഫലപ്രദമായ സംവേദനത്തിന് ഉണ്ടാവണം. എന്നാൽ പലയിടത്തും വേണ്ടത്ര സൗകര്യങ്ങൾ ക്രമീകരിക്കാ

റില്ല. സംവേദനത്തിന് അത്യന്താധുനിക സാങ്കേതികത ലഭ്യമാണെങ്കിലും അവ ഭംഗിയായും കൃത്യമായും ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. സ്വതന്ത്രവും കൃത്യവും സമയോചിതവുമായ സംവേദനത്തിന് അത്യാവശ്യ സംവേദനോപാധികൾ ക്രമീകരിക്കണം.

## II. പദാർത്ഥപരമായ തടസ്സങ്ങൾ (Semantic Barriers)

ഭാഷാപരമായ തടസ്സമാണിത്. ദാതാവിന് ഭാഷാ വിജ്ഞാനീയവും പദസമ്പത്തും എഴുതുവാനും പറയുവാനും ഉണ്ടാകണം. വാമൊഴിയിലും വരമൊഴിയിലും പദാർത്ഥപരമായുണ്ടാകുന്ന തടസ്സങ്ങൾ അനവധിയായിരിക്കും.

ചിഹ്നം എന്നർത്ഥമുള്ള സെമിയാൺ (semeion) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് സെമിയോളജി എന്ന പദം നിഷ്പന്നമാകുന്നത്. വ്യാകരഘടനയുടെയും സംവേദന ഭാഷയുടെയും സംയുക്ത സംജ്ഞയായി അർത്ഥവിജ്ഞാനത്തെ (semantics) കണക്കാക്കുന്നു. പദാവലികളുടെ അർത്ഥാന്വേഷണവും അവ രൂപപ്പെടുന്നത് എങ്ങനെയെന്നും അന്വേഷിക്കുന്നു. ഒരു തരത്തിൽ പദാവലികളുടെ അർത്ഥവും വ്യാകരണവും അന്വേഷിക്കുന്ന സമീപനമാണിത്. സംവേദന പ്രക്രിയയിൽ ഇവ വിവിധ തരത്തിൽ സംഭവിക്കുന്നു:

### A. അവ്യക്തപരം (Badly Expressed Message)

സംവേദനം അവ്യക്തമാകുന്നതിന്റെ പ്രധാന കാരണം ഭാഷയാണ്. സംവേദന മാധ്യമം മാത്രമല്ല ഭാഷ. ആശയങ്ങൾ ഭാഷയിലൂടെയാണ് പ്രവഹിക്കുന്നത്. ആശയം ഭാഷയാണ്. ശബ്ദാകൃതി ലഭിക്കുന്നതിനു മുമ്പുള്ള ഹൃദയഭാഷ നിർവ്വചിക്കുവാൻ ഭാരതീയർ ശ്രമിച്ചിട്ടുണ്ട്. 'വാക്ക് ബ്രഹ്മം തന്നെയെന്ന്' ബൃഹദാരണ്യകോപനിഷത്ത് മന്ത്രിക്കുന്നു. പ്രപഞ്ച സൃഷ്ടിയിൽ ദൈവത്തിനുള്ള സ്ഥാനമാണ് സംവേദനത്തിൽ ഭാഷയ്ക്കുള്ളത്. വചനം ദൈവമായിരുന്നു (യോഹ. 1:2) വെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു.

ഹൃദയത്തിൽ രൂപപ്പെടുന്ന സന്ദേശം പരമാവധി വ്യക്തമായി വിനിമയം ചെയ്യണം. അർത്ഥമറിയാതെ വാക്കുകൾ അസ്ഥാനത്തു പ്രയോഗിക്കുക, വികലമായ വാക്യഘടന, വളരെ കൂടുതൽ ആശയങ്ങൾ ഒറ്റ വാക്യത്തിൽ കുത്തി നിറയ്ക്കുക, നീണ്ടും വളഞ്ഞും പുളഞ്ഞുമുള്ള സങ്കീർണ്ണ വാക്യങ്ങൾ തുടങ്ങിയവ സംവേദനത്തെ അവ്യക്തമാക്കുന്നു. ഇത്തരത്തിലുള്ള ഭാഷയിൽ പ്രയോഗ വൈകല്യങ്ങളും ഘടനാപരമായ തെറ്റുകളും കടന്നുകൂടി ആശയക്ലിഷ്ടത വർദ്ധിപ്പിക്കും.

അളന്നു മുറിച്ച് തയ്യാറാക്കിയ വാക്കുകൾ കോർത്തിണക്കിയ ചെറിയ

ചെറിയ വാക്യങ്ങളാണ് ശ്രോതാവിന് ലഭിക്കേണ്ടത്. ലളിതമായ വാക്യങ്ങളും പ്രസന്നമായ ശൈലിയുമാണ് സംവേദനം ആകർഷകവും വ്യക്തവും ആക്കിത്തീർക്കുന്നത്.

**B. അർത്ഥ വൈവിധ്യം (Faculty of Translation)**

സംവേദന പ്രക്രിയയിൽ ദാതാവും ഗ്രഹിതാവും തമ്മിൽ പൊരുത്തപ്പെടണം. ഭാഷാപരമായി ഇരുവരും ഒരു അർത്ഥമുൾക്കൊള്ളണം. അല്ലാതെ വന്നാൽ സംവേദനം പരാജയപ്പെടും. കലാസൗന്ദര്യം അപഗ്രഥിച്ച് ഐ. എ. റിച്ചാർഡ്സ് ഭാഷയ്ക്ക് പ്രതീതി (sense), അനുഭൂതി (feeling), ധ്വനി (tone), ഉദ്ദേശ്യം (intention) എന്നീ നാലു അർത്ഥങ്ങൾ നൽകുന്നു.

ദാതാവ് പറയുന്ന അതേ അർത്ഥം ശ്രോതാവിൽ എത്തുമ്പോൾ പ്രതീതിയും, സംവേദനത്തിലെ വൈകാരിക അനുഭവം ദാതാവിൽ നിന്നും ശ്രോതാവിൽ എത്തുമ്പോൾ അനുഭൂതിയുമാകുന്നു. ദാതാവ് ശ്രോതാവിനെ അംഗീകരിക്കുന്നത് ധ്വനിയും, ലക്ഷ്യം പൂർണ്ണമായും വിനിമയം ചെയ്യുന്നത് ഉദ്ദേശ്യവുമാകുന്നു. ഈ നാലു ധർമ്മങ്ങളും സംവേദന ഭാഷയിൽ വിജയിക്കണം. സംവേദന ഭാഷയിലെ അർത്ഥ വൈവിധ്യം തിരിച്ചറിയണം. അർത്ഥഭേദ രീതികൾ വിവിധ തരത്തിലുണ്ട്.

**1. അർത്ഥ വികാസം:** ഒരു പ്രത്യേക കാലഘട്ടത്തിൽ സങ്കുചിതാർത്ഥത്തിൽ ഉപയോഗിച്ച പദങ്ങൾക്ക് പിന്നീട് അർത്ഥം വികസിക്കുന്നു.

**2. അർത്ഥ സങ്കോചം:** അർത്ഥ വികാസത്തിന്റെ വിപരീതമാണിത്. ഒരു കാലത്ത് സാമാന്യാർത്ഥത്തിൽ ഉപയോഗിച്ച പദങ്ങൾക്ക് അർത്ഥം ചുരുങ്ങുന്നു.

**3. അർത്ഥാതിശയം:** സാധാരണ പദങ്ങൾക്ക് കൂടുതൽ ശക്തിയുള്ള അർത്ഥം ലഭ്യമാകുന്നത് അർത്ഥാതിശയം. ഉദാ: 'തട്ടിക്കളയുക' – മറിച്ചിടുക എന്നർത്ഥം. എന്നാൽ 'തട്ടിക്കളയും' എന്നു പ്രയോഗിക്കുമ്പോൾ കൊല്ലുക എന്ന് സൂചിതമാകും.

**4. അർത്ഥ ന്യൂനത:** ശക്തമായ ആശയം ഉണ്ടായിരുന്ന പദത്തിന് അത്രയും ശക്തി കൂടാതെ ഉപയോഗിക്കുമ്പോൾ അർത്ഥന്യൂനത. 'മരിച്ചു പഠിക്കുന്നു', 'ചത്തു പഠിക്കുന്നു' എന്നിവയിൽ മരിച്ചു, ചത്തു എന്നീ പദങ്ങൾക്ക് 'കഠിനമായി അദ്ധ്വാനിക്കുക' എന്ന അർത്ഥ ന്യൂനത സംഭവിച്ചിരിക്കുന്നു.

**5. അർത്ഥാധകരണം:** ഉയർന്ന അർത്ഥമുണ്ടായിരുന്ന പദങ്ങൾ താഴ്ന്ന ആശയത്തെ കുറിക്കുമ്പോൾ അർത്ഥാധകരണം. സാധു

എന്നാൽ സജ്ജനം എന്നർത്ഥം. മലയാളത്തിൽ ദരിദ്രൻ, വിഡ്ഢി എന്ന് അർത്ഥാധകരണം സംഭവിച്ചു. ഉദാ: ചട്ടമ്പി (മുഖ്യ വിദ്യാർത്ഥി). ഇപ്പോൾ അഹങ്കാരി എന്നർത്ഥം; മാടം = കൊട്ടാരം. ഇപ്പോൾ കുടിൽ.

**6. അർത്ഥോന്നതി:** പ്രത്യേക കാലങ്ങളിലും സന്ദർഭങ്ങളിലും പദങ്ങൾക്ക് അർത്ഥത്തിൽ കവിഞ്ഞ മാന്യത ഉണ്ടാകുന്നതാണ് അർത്ഥോന്നതി. ഉദാ: കള്ളൻ (മോഷ്ടാവ്) – വാത്സല്യത്തോടെ കുട്ടികളെ 'കൊച്ചു കള്ളൻ' എന്നു വിളിക്കുമ്പോൾ 'കള്ളൻ' എന്ന പദത്തിന് മാന്യത കൂടുന്നു.

സംവേദകന് ഭാഷയിൽ ഉണ്ടാകുന്ന വിവിധങ്ങളായ അർത്ഥഭേദങ്ങളെക്കുറിച്ച് ബോധ്യമുണ്ടാകണം. അർത്ഥഭേദം സ്ഥലകാല – സംസ്കാരങ്ങൾക്കനുസൃതമായി വ്യത്യാസപ്പെടും.

## C. ഗൂഢ ഭാഷ (Esoteric Language)

പ്രത്യേക സംസ്ക്കാരത്തിലും മത പശ്ചാത്തലത്തിലും മാത്രം മനസ്സിലാകുന്ന ഭാഷാ സംവേദനമാണിത്. ചിലർക്കു മാത്രം ഗ്രഹിക്കാവുന്ന പദാവലികൾ ഭാഷയിൽ ഉണ്ടാകുന്നു. പ്രത്യേകിച്ച് മതപശ്ചാത്തലങ്ങളിൽ. ഇത് ബഹുജനങ്ങൾക്ക് സമഗ്രമായി മനസ്സിലാക്കുവാൻ കഴിയില്ല. പ്രത്യേകിച്ച് ദാതാവ് പ്രയോഗിച്ച അർത്ഥത്തിൽ! ഇത് വിവിധ തരത്തിൽ ഭാഷയിൽ പ്രകടമാകുന്നു.

### 1. മതഗ്രന്ഥങ്ങളിലെ ഭാഷ (language of scriptures)

എല്ലാ മതങ്ങളിലും നിരവധി വാക്കുകൾ മതഗ്രന്ഥങ്ങളിൽ നിന്നും ആരാധനാ ക്രമങ്ങളിൽ നിന്നും ഭാഷാന്തരപ്പെടുത്താതെ ഉപയോഗിക്കുന്നുണ്ട്. ഉദാ: സംസ്കൃതം: കർമ്മാ (പ്രവൃത്തി), സമ്പ്രദായ (പാരമ്പര്യം), യജ്ഞാ (ബലി).

അറബി: മുള്ള (പുരോഹിതൻ), ബിസ്മില്ലാഹ് (അള്ളാഹുവിന്റെ പേര്), നിസ്സ്കാർ (പ്രാർത്ഥന). ഗ്രീക്ക്: സുന്നഹദോസ് (മതനേതാക്കളുടെ സംഘം), എപ്പിസ്ക്കോപ്പാ (തിരുമേനി), ത്രോണോസ് (സിംഹാസനം). സുറിയാനി: കുർബ്ബാന (ബലി), ഹൂസോയോ (പാപമോചനം), മദ്ബഹാ (ശുദ്ധ സ്ഥലം).

### 2. സ്വകാര്യ തലങ്ങളിലെ ഭാഷ (Language of Particular Circle)

ദീർഘനാളത്തെ പ്രയോഗം കൊണ്ട് ചില സ്വകാര്യ തലങ്ങളിലും പ്രദേശങ്ങളിലും മാത്രം പ്രയോഗിക്കുന്ന ഭാഷ. ഇവയ്ക്ക് ചരിത്രപരവും മതപരവുമായ പ്രത്യേക അർത്ഥങ്ങൾ ലഭ്യമാകുന്നു. ഇവ ഇതര സ്ഥലവാസികൾക്കും മതസ്ഥർക്കും അപരചിതമാകും.

### 3. അസാധാരണത്വമുള്ള മതഭാഷ (Language of Specific Religious Concept)

ഒരു വിഭാഗം മതസമൂഹത്തിൽ മാത്രം അസാധാരണമായി ഉപയോഗിക്കുന്ന പദാവലികളുണ്ട്. ഇവയുടെ അർത്ഥം മറ്റ് മതങ്ങളിൽ വ്യത്യസ്തമായിട്ടാണ് ഉൾക്കൊള്ളുന്നത്. ഉദാ: 'രക്ഷിക്കപ്പെടുന്നു' എന്നത് ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നു വിഭിന്നമായിട്ടാണ് ഹിന്ദു - മുസ്ലീം മതങ്ങൾ പഠിപ്പിക്കുന്നത്. ഇതിന്റെ അർത്ഥത്തിന് ക്രിസ്തീയ സഭാ വിഭാഗങ്ങളിൽ പോലും പൊരുത്തമില്ല. മനുഷ്യാവതാരം, രക്ഷകൻ, ശരീര - രക്തങ്ങൾ, ബലി, ബലിപീഠം, പാപം തുടങ്ങിയ പദങ്ങൾക്ക് വ്യത്യസ്ത അർത്ഥങ്ങളാണ് മതങ്ങളിൽ ലഭ്യമാകുന്നത്.

### 4. സാങ്കേതികത്വം നിറഞ്ഞ ഭാഷ (Jargon Language)

സംവേദനത്തിൽ സാങ്കേതിക പദങ്ങൾ പ്രയോഗിക്കുമ്പോൾ ഭാഷ കൃത്രിമം ആകും. അതിൽ സംവേദനത്വം നഷ്ടപ്പെടും. ശ്രോതാക്കളിലേക്ക് ദാതാവിന്റെ സാങ്കേതിക പദങ്ങൾ വേണ്ടത്ര എത്തിച്ചേരുകയില്ല. ഡോക്ടർ, വൈദികൻ, വക്കീൽ, ശാസ്ത്രജ്ഞൻ തുടങ്ങിയ സാങ്കേതിക പദാവലികൾ സംഭാഷണങ്ങളിൽ കൂടുതൽ ഉപയോഗിക്കുമ്പോൾ സംവേദനം അവ്യക്തമാകും. സാങ്കേതിക വാക്കുകളും സങ്കീർണ്ണ ശൈലികളും സംഭാഷണത്തിൽ കഴിവതും വർജ്ജിക്കണം. ഭാഷ ലളിതവും ഹൃദ്യവുമാക്കണം.

## D. ഉച്ചാരണഭാഷ (Pronunciation)

ഉച്ചാരണ വൈകല്യം സംവേദനത്തെ തടസ്സപ്പെടുത്തും. ഭാഷയുടെ ജീവഭാവമാണ് ഉച്ചാരണം. ഉച്ചാരണ സ്ഫുടത വേണം. എഴുതുന്നതു പോലെ വായിക്കുകയും വായിക്കുന്നതുപോലെ എഴുതുകയും വേണം. പറയുന്നതു പോലെയും എഴുതണം. ഗ, ജ, ഡ, ദ, ബ, സ, യ, ര, ല, ശ, ക്ഷ, റ എന്നീ മലയാള അക്ഷരങ്ങളിൽ തുടങ്ങുന്ന പദങ്ങൾ പലതും ഗെ, ജെ, ഡെ, ദെ, ബെ, സെ, യെ, രെ, ലെ, ശെ, ക്ഷെ, റെ എന്ന ക്രമത്തിലാണ് ഉച്ചരിക്കുന്നത്.

ഉച്ചാരണശുദ്ധി വരുത്തുവാൻ കഠിനമായ പദങ്ങളും പ്രയോഗങ്ങളും ഉച്ചരിച്ചു പഠിക്കണം. സംവേദനത്തിൽ വ്യക്തമായ ആവിഷ്ക്കാരവും ചാരുതയാർന്ന അവതരണവും ഉണ്ടാകണം. ശബ്ദത്തിന്റെ ആരോഹണാവരോഹണം സ്വാഭാവികമാകണം. നാടകീയമാക്കരുത്.

## III. വ്യക്തിപരമായ തടസ്സങ്ങൾ (Personal Barriers)

ഒരു സംഘടനയിലോ സ്ഥാപനത്തിലോ ആകുമ്പോൾ സംവേദന

ത്തിൽ നിരവധി വ്യക്തിപരമായ തടസ്സങ്ങൾ ഉണ്ടാകുന്നു. കീഴ്സ്ഥാനികളോടും മേൽസ്ഥാനികളോടുമുള്ള മനോഭാവത്തിന്റെ അടിസ്ഥാനത്തിലാണ് തടസ്സങ്ങൾ ആവിർഭവിക്കുന്നത്. സംവേദന വിഘ്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ചില കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

1. സംവേദകരോടുള്ള നിഷേധമായ പരിഗണനയും മനോഭാവവും അനുസരിച്ച് ആശയവിനിമയം തടസ്സപ്പെടുന്നു.
2. അധികാരക്കുത്തക നിലനിർത്തണമെന്ന് ആഗ്രഹിക്കുമ്പോൾ സംവേദനം തടസ്സപ്പെടും.
3. മേൽസ്ഥാനികൾ വേണ്ടവിധം സന്ദേശം, ആശയം, വിവരം എന്നിവ കൃത്യമായി പങ്കിടാതിരുന്നാൽ സംവേദനം തടസ്സപ്പെടും.
4. കീഴ്സ്ഥാനികളോടുള്ള അവഗണനയുടെ ഫലമായി സന്ദേശം കൃത്യമായി വിനിമയം ചെയ്യാതിരിക്കുമ്പോൾ സംവേദനം തടസ്സപ്പെടും.
5. മുൻവിധിയോടു കൂടി ഗ്രഹിതാവിനെ സമീപിക്കുമ്പോൾ സംവേദനം തടസ്സപ്പെടും.
6. തീവ്രമായ അവിശ്വാസം (Distrust) ഗ്രഹിതാവിനോടുണ്ടാകുമ്പോൾ സംവേദനം തടസ്സപ്പെടും.
7. അഹന്തയും സ്വയ പ്രശംസയും വർദ്ധിക്കുമ്പോൾ സംവേദനം തടസ്സപ്പെടും.
8. സമയത്തിന്റെ ദൗർലഭ്യം (lack of time) സംവേദനത്തെ തടസ്സപ്പെടുത്തും.
9. വ്യക്തമായ ഉപാധികൾ വഴി സന്ദേശം വിനിമയം ചെയ്യുവാൻ കഴിയാതെ വരുമ്പോൾ സംവേദനം തടസ്സപ്പെടും.
10. സന്ദേശത്തിന്റെ അതിധാരാളിത്തവും (message overload) സംവേദനം തടസ്സപ്പെടുത്തും.

## IV. മനശാസ്ത്രപരമായ തടസ്സങ്ങൾ (Psychological Barriers)

സംവേദനത്തിൽ നിരവധി മനശാസ്ത്രപരമായ ഘടകങ്ങൾ ഉണ്ട്. കേൾക്കുന്നതും കാണുന്നതും, സന്ദേശം നൽകുന്നതും സന്ദേശം സ്വീകരിക്കുന്നതും സംവേദകന്റെയും ഗ്രഹിതാവിന്റെയും മനശാസ്ത്രപരമായ കാഴ്ചപ്പാടുകൾ അനുസരിച്ച് വ്യത്യാസപ്പെടും. ഓരോരുത്തർക്കും വൈവിധ്യമാർന്ന കാഴ്ചപ്പാടുകളും ദർശനങ്ങളും ഉണ്ട്. അത് അനുസരിച്ചാണ് മനോഭാവം, വിശ്വാസം, അനുഭവം എന്നിവ ബാല്യം മുതൽ രൂപീകൃതമാകുന്നത്. താഴെപ്പറയുന്നവയാണ് സംവേദനത്തിലെ പ്രധാനപ്പെട്ട മനശാസ്ത്രപരമായ തടസ്സങ്ങൾ:

**1. അവിശ്വസ്തത (Distrust)**

സംവേദകനിലുള്ള അവിശ്വസ്തവും ഏകപക്ഷീയവുമായ നിഗമനം സംവേദനത്തെ ഫലപ്രദമാക്കുകയില്ല. ചിന്തകളും ആശയങ്ങളും സംയുക്തപരവും വേണ്ടത്ര പഠനം നടത്താത്തതാകുമ്പോഴും ഇതു സംഭവിക്കുന്നു. സംവേദകൻ ആദ്യം സ്വയം മനസ്സിലാക്കണം. സന്ദേശം മനസ്സിൽ ലയിപ്പിക്കുകയും അതിൽ പൂർണ്ണ വിശ്വാസം ഉണ്ടാക്കുകയും വേണം. എന്നാൽ മാത്രമേ സംവേദിക്കുന്ന കാര്യങ്ങൾ കേൾവിക്കാർക്ക് മനസ്സിലാകൂ. പറയുന്നവയിൽ അവിശ്വസ്തത ജനിപ്പിക്കരുത്. ആത്മാർത്ഥതയും സത്യസന്ധതയും പ്രസരിപ്പിക്കണം.

**2. അശ്രദ്ധ (Inattention)**

സംവേദനപ്രക്രിയയിൽ ശ്രദ്ധിക്കണമെങ്കിൽ മാനസികമായ ഉത്സാഹം ഉണ്ടാകണം. സംവേദന സമയത്ത് മനസ്സ് ഇതര കാര്യങ്ങളിൽ വ്യാപരിച്ചാൽ സന്ദേശം ഉൾക്കൊള്ളുവാൻ കഴിയുകയില്ല. ശ്രദ്ധിക്കുന്നത് ഒരു കലയാണ് (Art of listening). പത്തു മിനിറ്റ് സംഭാഷണത്തിൽ രണ്ടര മിനിറ്റേ ഒരു വ്യക്തിക്ക് ശ്രദ്ധിക്കാൻ കഴിയൂ. ഫലപ്രദമായ സംവേദനത്തിന് പറയുന്നതിനേക്കാൾ 50% ശ്രദ്ധ ആവശ്യമാണ്.

മനുഷ്യൻ പറയുന്നതിനേക്കാൾ അധികം ശ്രദ്ധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ശ്രദ്ധിക്കുവാൻ രണ്ടു ചെവികൾ. പറയുവാൻ ഒരു വായ് (mouth) മാത്രം! കുറച്ചു സംസാരിക്കുക, കൂടുതൽ കേൾക്കുക. 'രണ്ടു ചെവികളും ഒരു വായും' അർത്ഥമാക്കുന്നത് ശ്രദ്ധിച്ചു കേൾക്കണം എന്നാണ്. ശരീരഭാഷ കൊണ്ട് കേൾക്കുകയും വായിക്കുകയും ശ്രദ്ധിക്കുകയും ചെയ്യണം.

**3. താല്പര്യമുള്ള തെരഞ്ഞെടുപ്പ് (Communication Selectivity)**

സംവേദനത്തിൽ ഗ്രഹിതാവിന് താല്പര്യമുള്ളതു മാത്രം തെരഞ്ഞെടുക്കുകയും അതനുസരിച്ച് ശ്രദ്ധിക്കുകയും ചെയ്യുന്നു. കാണുവാൻ താല്പര്യമുള്ളത് കാണുകയും കേൾക്കുവാൻ താല്പര്യമുള്ളത് കേൾക്കുകയും ചെയ്യുന്നു. ആവശ്യമുള്ള രീതിയിൽ സന്ദേശത്തെ വ്യാഖ്യാനിക്കുകയും ഓർത്തിരിക്കേണ്ടതു മാത്രം ഓർക്കുകയും ചെയ്യും. ഇവിടെ പഞ്ചേന്ദ്രിയങ്ങളെ നമുക്കാവശ്യമുള്ള രീതിയിൽ സംവേദിപ്പിക്കുന്നു. ഗ്രഹിതാവിന് അപ്രസക്തമെന്ന് തോന്നുമ്പോൾ സംവേദനത്തിൽ നിന്ന് ബോധപൂർവ്വം അകലുന്നു. ശ്രദ്ധിക്കാതിരിക്കുകയും സംവേദനത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. താല്പര്യമുള്ളത് തെരഞ്ഞെടുത്ത് ശ്രദ്ധിക്കുന്നവരെ വിവിധ തരത്തിൽപ്പെടുത്തിയിരിക്കുന്നു:

**a. അശ്രദ്ധർ (Non - Listener):** ദാതാവിനെ ശ്രദ്ധിക്കുന്നില്ല. സംവേദനത്തിൽ പങ്കുചേരുകയും മറ്റു പലതും കേൾക്കുകയും ചെയ്യുന്നു. യഥാർത്ഥമായ സംവേദനത്തോട് മുഖം തിരിക്കുകയും അശ്രദ്ധരാകുകയും ചെയ്യുന്നു.

**b. ഭാഗികമായി ശ്രദ്ധിക്കുന്നവർ (Marginal Listener):** ഉപരിപ്ലവമായി ചിലതു കേൾക്കും. മറ്റു ചിലതു ശ്രദ്ധിക്കും. താല്പര്യം ഉണ്ടാകുന്നതിൽ ബോധപൂർവ്വം ശ്രദ്ധിക്കുവാൻ ശ്രമിക്കും. ഒന്നും ആഴമായി മനസ്സിലാക്കുന്നില്ല.

**c. വിലയിരുത്തി ശ്രദ്ധിക്കുന്നവർ (Evaluvative Listner):** സംവേദനം ശ്രദ്ധിച്ചു കേൾക്കുകയും മൂല്യനിർണ്ണയം നടത്തുവാൻ തക്കവിധം ഉൾക്കൊള്ളുകയും ചെയ്യും. ഇക്കൂട്ടർ ആദിയോടന്തം സന്ദേശം ശ്രദ്ധിക്കും.

**d. സജീവമായി ശ്രദ്ധിക്കുന്നവർ (Active Listner):** സംവേദനം സമഗ്രമായി ശ്രദ്ധിക്കും. ആദിയോടന്തം സജീവമായി ശ്രദ്ധിക്കുകയും വിമർശനപൂർവ്വം ആശയങ്ങളെ സമീപിക്കുകയും ചെയ്യും. വാക്കുകളും ശരീരഭാഷകളും നിരീക്ഷിക്കുന്നു. വാക്കുകൾക്കിടയിലും അക്ഷരങ്ങൾക്കിടയിലും വായിക്കുവാൻ കഴിയുന്നു. സംവേദനത്തിലെ സജീവമായ സാന്നിധ്യമാണിത്.

സംവേദനത്തിൽ മെഹർബിയാൻ (Mehrabian) നടത്തിയ പഠനത്തിൽ വാക്കുകൾ വഴി ഏഴു ശതമാനം അർത്ഥമേ വിനിമയം ചെയ്യുന്നുള്ളൂ. സംഭാഷണത്തിൽ ബാക്കിയുള്ള 93% അർത്ഥവും പങ്കുവയ്ക്കുന്നത് ശരീരഭാഷയിൽ കൂടിയും (55%) ശബ്ദവിന്യാസത്തിൽ (38%) കൂടിയുമാണ്. ഇവ ശ്രദ്ധിക്കുവാനും ഉൾക്കൊള്ളുവാനും കഴിയുന്നത് ഗ്രഹിതാവിന്റെ മാനസിക കഴിവ് അനുസരിച്ചായിരിക്കും.

### 4. അപക്വമായ വിലയിരുത്തൽ (Premature Evaluation)

സംവേദനം ആരംഭിക്കുന്നതിനു മുമ്പേ വിലയിരുത്തുവാൻ ഗ്രഹിതാവിന്റെ മനസ്സ് ആഗ്രഹിക്കുന്നു. സംവേദനം അവസാനിക്കുന്നതിനു മുമ്പ് വേണ്ടവിധം ഗ്രഹിക്കാതെ മൂല്യനിർണ്ണയത്തിന് ശ്രമിക്കുമ്പോൾ അപക്വമായി തീരുന്നു. സംവേദകനോടോ സന്ദേശത്തോടോ ഉള്ള പക്ഷപാതം ഒരു പരിധി വരെ അപക്വമായ വിലയിരുത്തലിന് ഇടയാക്കുന്നു.

## V. സാഹചര്യ തടസ്സങ്ങൾ (Environmental Barriers)

ഏകാന്തതയിൽ സംവേദനം നടക്കുന്നില്ല. വിവിധ സാഹചര്യ പശ്ചാത്തലത്തിലാണ് എല്ലാ സംവേദനങ്ങളും ആരംഭിക്കുന്നതും തുടരുന്നതും അവസാനിക്കുന്നതും. ബഹുവിധമായ സാഹചര്യങ്ങളാണ് ഉള്ളത്.

സാമൂഹികം, സാംസ്ക്കാരികം, രാഷ്ട്രീയം, സാമ്പത്തികം, പാരിസ്ഥിതികം, മതപരം എന്നിങ്ങനെ എത്രയോ തരത്തിലുള്ള പശ്ചാത്തലങ്ങൾ. ഓരോന്നും ഒന്നിലധികം സാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കും.

സംവേദന സാഹചര്യങ്ങൾ ബാഹ്യവും ആന്തരികവുമായ തലത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കാറുണ്ട്. അവ കാല - ദേശങ്ങൾ അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. സംവേദകൻ അവ എന്തെല്ലാമെന്ന് തിരിച്ചറിയുകയും പ്രതിവിധികൾ കണ്ടെത്തുകയും ചെയ്യണം.

## VI. സാങ്കേതിക തടസ്സങ്ങൾ (Mechanical Barriers)

സംവേദന രംഗം അധികവും ഇന്ന് സാങ്കേതികതയിൽ കേന്ദ്രീകൃതമായിത്തീരുന്നു. സന്ദേശം ഫലപ്രദമായി വിനിമയം ചെയ്യുവാൻ നിരവധി ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ടെലിഫോൺ (1876) മുതൽ ഇന്റർനെറ്റ് വരെയുള്ള (1995) ഘട്ടത്തിൽ എത്രയോ സംവേദന ഉപാധികളാണ് വികസിതമായത്. വിജ്ഞാനത്തിന്റെ ഉൽപ്പാദനം, ശേഖരണം, വിന്യാസം, വിതരണം എന്നിവയിൽ ഡിജിറ്റൽ സാങ്കേതികത ഉപയോഗിച്ചതോടെ വിവര സാങ്കേതികത (Information Technology) എന്ന പുതിയ വിജ്ഞാനശാഖ തന്നെ രൂപപ്പെട്ടു. മാഗ്നറ്റിക്ക് ഡിസ്ക്കുകൾ, സി. ഡി. റോമുകൾ, കോടിക്കണക്കിന് വെബ്സൈറ്റുകൾ എന്നിവ ഇലക്ട്രോണിക് സംവേദന രംഗത്ത് കുതിച്ചുചാട്ടം സൃഷ്ടിച്ചു. സംവേദന രംഗത്ത് ആഗോള കമ്പ്യൂട്ടർശൃംഖലകൾ വരെ ഉണ്ടെങ്കിലും നിരവധി സാങ്കേതിക തടസ്സങ്ങളുമുണ്ടാകുന്നു. സാങ്കേതിക - വൈദ്യുതി തകരാറുകൾ സംവേദനത്തെ വിഘ്നപ്പെടുത്തുന്നു. ഇവയെ ‘മാധ്യമ തടസ്സങ്ങൾ’ (channel noise) എന്നും പറയുന്നു.

## VII. ദാതാവിന്റെയും ഗ്രഹിതാവിന്റെയും പരിമിതികൾ (Limitations of the Sender’s and Receiver’s Capacity)

ദാതാവിന് സന്ദേശം ഗ്രഹിതാവിൽ ഫലപ്രദമായി എത്തിക്കുവാൻ കഴിയാതെ വരും. സംവേദന ഉപാധി മാത്രമല്ല ഭാഷയും അവതരണവും തടസ്സങ്ങൾ സൃഷ്ടിക്കുന്നു. വാമൊഴിയിലും വരമൊഴിയിലും ദാതാവിന്റെ ഭാഷാ-വിജ്ഞാന-അവതരണപരമായ പരിമിതികൾ സംവേദനം തടസ്സപ്പെടുത്തുന്നു. ദാതാവിലെ വിനിമയ പ്രക്രിയയിലുണ്ടാകുന്ന തടസ്സങ്ങൾ ശ്രോതാവിലും കണ്ടെത്താം. ദാതാവിന്റെ സന്ദേശം സജീവമായി ശ്രദ്ധിക്കുകയും ഭാഷയിലും വിജ്ഞാനത്തിലും പുലർത്തുന്ന പാടവം ഉൾക്കൊള്ളുവാൻ ശ്രമിക്കുകയും ചെയ്യണം.

ദാതാവിനെപ്പോലെ സ്വീകർത്താവിനും ഏതെങ്കിലും തരത്തിൽ പരിമിതികൾ ഉണ്ടാകുമ്പോൾ സംവേദന തടസ്സം ഉണ്ടാകുന്നു. ദാതാവിന്റെ

ആവിഷ്ക്കാരത്തിലേക്ക് ഗ്രഹിതാവും ഉയരണം. സംവേദന അനുഭവത്തോടും സന്ദേശത്തോടും ഗ്രഹിതാവ് പൊരുത്തപ്പെടണം. അപ്പോഴാണ് പൗരസ്ത്യ കാവ്യ സങ്കല്പത്തിലെ സഹൃദയത്വം രൂപപ്പെടുന്നത്. നല്ല സഹൃദയത്വം സംവേദന പ്രക്രിയ സജീവമാക്കുവാൻ സഹായിക്കുന്നു.

## ഉപസംഹാരം

സംവേദന തടസ്സങ്ങൾ നിരന്തരമായ പരിശീലനത്തിലൂടെ പരിഹരിക്കുവാൻ കഴിയും. വ്യക്തമായും ആകർഷകമായും സന്ദേശം വിനിമയം ചെയ്യുവാൻ ബോധപൂർവ്വം ശ്രമിക്കണം. ഗ്രഹിതാവിനെ സമഗ്രമായി അറിയുകയും വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ സംവേദനത്തിന് പുത്തൻ അർത്ഥതലങ്ങൾ ലഭ്യമാകും. സംവേദകനിലും സ്വീകർത്താവിലും ഉണ്ടാകുന്ന പ്രതികരണങ്ങൾ തത്സമയം ഇരുവരും തിരിച്ചറിയണം. ഏതു തരം സംവേദനമായാലും സ്വാഭാവികമായ തടസ്സങ്ങൾ ഉണ്ടാകാം. ബോധപൂർവ്വം സംവേദന പ്രക്രിയയിൽ തടസ്സങ്ങളുണ്ടാക്കരുത്. സംഭവിക്കാവുന്ന തടസ്സങ്ങളെ പരമാവധി പരിമിതിപ്പെടുത്തുവാൻ കഴിയണം. സംവേദന തടസ്സങ്ങൾ എത്രമാത്രം കുറയുന്നുവോ അത്രമാത്രം സംവേദനം ഫലപ്രദമാകും.

❑

## യൂണിറ്റ് 2

# സംവേദനം: ക്രൈസ്തവ കാഴ്ചപ്പാടിൽ

### പാഠം 1

## സംവേദനം ബൈബിളിൽ

❑ സംവേദനം വേദപുസ്തക കാഴ്ചപ്പാട് ❑ ദൈവിക സംവേദന സ്വഭാവങ്ങൾ ❑ ദൈവിക സംവേദന സമ്പ്രദായങ്ങൾ

വിശുദ്ധ വേദപുസ്തകം (Bible) സംവേദനത്തിന്റെ പ്രാരംഭം അവതരിപ്പിക്കുന്നു: 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു' (ഉല്പത്തി 1: 1–2).

ശൂന്യവും പാഴും അന്ധകാരവുമായിരുന്ന ഭൂമിയിൽ ആദ്യമായി സംവേദന പ്രക്രിയ ആരംഭിക്കുന്നത് ദൈവമാണ്. ഭൂമി, ആകാശം, പ്രകൃതി, ജീവജാലങ്ങൾ, മനുഷ്യർ തുടങ്ങി എല്ലാത്തിന്റെയും സൃഷ്ടികർമ്മം ദൈവത്തിൽ നിന്നും ഉത്ഭവിക്കുന്നു. വർണ്ണരഹിതമായ ആകാശവും ആകാരരഹിതമായ ഭൂമിയും നക്ഷത്രങ്ങളും സങ്കല്പങ്ങൾക്കപ്പുറമാണ്. തികച്ചും രഹസ്യാത്മകമായ (mysterious) സങ്കേതങ്ങളാണ് സൃഷ്ടി വിവരണത്തിലുള്ളത്.

ദൈവം സൃഷ്ടി കർമ്മം ആരംഭിച്ചതോടെ സംവേദന പ്രക്രിയയും ആരംഭിച്ചു. 'വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി' (ഉല്പ. 1:3). ദൈവം കല്പിച്ചു (1:3), ഉണ്ടാകട്ടെ (1:6, 14), കൂടട്ടെ (1:9), കാണട്ടെ (1:9), മുളച്ചു വരട്ടെ (1:11), ഉതകട്ടെ (1:14), ജനിക്കട്ടെ (1:20), പറക്കട്ടെ (1:20), പെരുകട്ടെ (1:22), ഉളവാകട്ടെ (1:24), വാഴട്ടെ (1:26) തുടങ്ങിയ ക്രിയാപദങ്ങളാണ് സൃഷ്ടികർമ്മത്തിന് ഉപയോഗിക്കുന്നത്. ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു (1:26–27) എന്നും സൃഷ്ടിയുടെ ഒന്നാം വിവരണത്തിലും; യഹോവവായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു (2:7) എന്ന് രണ്ടാം വിവരണത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചത് ദൈവമാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. എന്തിന്

വേണ്ടിയാണ് ദൈവം സൃഷ്ടി കർമ്മം നടത്തിയത്? അതിന്റെ ആത്യന്തിക ലക്ഷ്യം എന്തായിരുന്നു.

ദൈവവും മനുഷ്യനുമായുള്ള സംവേദന പ്രക്രിയയ്ക്കുവേണ്ടിയാണ് എല്ലാ സൃഷ്ടികളും നിർവ്വഹിച്ചത്. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ, പ്രകൃതിയോടും, ജീവജാലങ്ങളോടുമുള്ള പാരസ്പര്യം, കൂട്ടായ്മ, സൗഹൃദം എന്നിവ വളർത്തുന്നു. സൃഷ്ടി കർമ്മം പ്രപഞ്ചത്തിന് പുതിയ ജീവൻ നൽകി. ദൈവം പകർന്ന ജീവശ്വാസം അനുസ്യൂതം തുടരുകയാണ്. ആധിപത്യം, കുത്തക മനോഭാവം, ചൂഷണം എന്നിവയല്ല സൃഷ്ടി കർമ്മത്തിൽ ദൈവം ആഗ്രഹിച്ചത്. സൃഷ്ടി മുഴുവൻ പരസ്പര സൗഹാർദ്ദത്തിലും സ്നേഹത്തിലുമുള്ള പരസ്പര ശുശ്രൂഷയും ഫലപ്രദമായ സംവേദനവുമാണ് ലക്ഷ്യമാക്കുന്നത്.

ദൈവ – മനുഷ്യ ബന്ധവും ഫലപ്രദമായ സംവേദനവും ആഴമാക്കുന്നതിനായി ദൈവം മനുഷ്യന് 'തുണ'യെ സൃഷ്ടിക്കുന്നു. അനന്തരം യഹോവയായ ദൈവം 'മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. ഞാൻ അവനു തക്കതായ തുണയെ ഉണ്ടാക്കിക്കൊടുക്കുമെന്ന് അരുളിച്ചെയ്തു' (ഉല്പ. 2:18). അങ്ങനെ സ്ത്രീ–പുരുഷന്മാർ സൃഷ്ടിയിൽ ഉണ്ടാകുന്നു. പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായി തീരുമെന്ന് (ഉല്പ. 2:24) വാഗ്ദാനവും ചെയ്തു. മനുഷ്യൻ കൂട്ടായ്മയിലും സംവേദനത്തിലും കഴിയണമെന്ന് ദൈവം ആഗ്രഹിച്ചു.

ദൈവവും മനുഷ്യനും, മനുഷ്യനും ദൈവവും, മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഗാഢമായ കൂട്ടായ്മയും ശുശ്രൂഷയും സംവേദനവുമാണ് സൃഷ്ടിയിൽ കൂടി ദൈവം ആഗ്രഹിച്ചത്. ദൈവം പകർന്ന ജീവന്റെ ചൈതന്യമാണ് ഇതിൽ രൂഢമൂലമായിരിക്കുന്നത്. ജീവൻ പകരുകയും ജീവൻ പരിപോഷിപ്പിക്കുകയും ചെയ്യുന്നതാണ് ഈ കൂട്ടായ്മയും സംവേദനവും. മാനവ സമൂഹത്തിന് നഷ്ടപ്പെട്ടിരിക്കുന്നത് ആദ്യ സൃഷ്ടിയിൽ ഉണ്ടായിരുന്ന കൂട്ടായ്മയും ഫലപ്രദമായ സംവേദനവുമാണ്.

ദൈവ – മനുഷ്യ സംവേദനം നഷ്ടപ്പെടുത്തുന്നത് 'പാപ'മാണ് (ഉല്പ. 3:7). ദൈവത്തോടുള്ള ഫലപ്രദമായ സംവേദന പ്രക്രിയയിൽ നിന്നുള്ള അകൽച്ചയാണ്, ആദാമിനെയും ഹവ്വായെയും പാപം ചെയ്യുവാൻ പ്രേരിപ്പിച്ചത് (ഉല്പ. 3:1–6). അതിനാൽ ദൈവത്തോടുള്ള സംവേദനത്തിൽ നിന്നുമുള്ള അകൽച്ചയാണ് പാപം. സംവേദന പ്രക്രിയയിലുണ്ടാക്കുന്ന തടസ്സങ്ങൾ ഏദനിൽ നിന്നും ആരംഭിക്കുന്നു. സംവേദനത്വം നഷ്ടമായപ്പോൾ ആദ്യ മനുഷ്യർ ഏദൻതോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ

ഒളിച്ചു (ഉല്പ. 3:8). ഈ അകൽച്ച വിവിധ തരത്തിൽ ഇന്നും തുടരുന്നു.

ഫലപ്രദമായ സംവേദന മാതൃകകൾ വേദപുസ്തകത്തിൽ ആദ്യം വെളിപ്പെടുന്നത് ഏദനിലാണ്. എന്നാൽ സംവേദന പ്രക്രിയയിലെ മുഖ്യ മായ തടസ്സങ്ങളുടെ ആരംഭവും ഏദനിലാണ്. ഏദനിൽ ആരംഭിച്ച സംവേ ദന തടസ്സങ്ങൾ ലഘൂകരിക്കുകയാണ്, വേദപുസ്തകത്തിലെ തുടർന്നുള്ള സംഭവ ചരിത്രങ്ങൾ.

## സംവേദനം: വി. വേദപുസ്തക കാഴ്ചപ്പാടിൽ

'സംവേദനം' (communication) എന്ന പദം വി. വേദപുസ്തകത്തിൽ ഉപയോഗിക്കുന്നില്ലെങ്കിലും വിവിധ തരത്തിലുള്ള സംവേദനങ്ങളുടെ ദീർഘമായ വിവരണങ്ങൾ ഉൾക്കൊള്ളുന്നു. മാനവ സമൂഹവും ദൈവ വുമായുള്ള സംവേദനമാണ് വി. വേദപുസ്തകം. ദൈവം മനുഷ്യരോട് വിവിധ കാലഘട്ടങ്ങളിൽ നടത്തിയ സംവേദന ചരിത്രമാണിത്. 'ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് അരുളിചെയ്തിട്ടുള്ളതും യേശുക്രിസ്തു വഴി വെളി പ്പെടുത്തിയതുമായ സംഗതികളുടെ മഹത്തായ വിവരണമാണ് വി. വേദ പുസ്തകം. അതിനാൽ വേദപുസ്തകത്തിന്റെ മുഖ്യധാര മനുഷ്യവർഗ്ഗ ത്തോടുള്ള ദൈവത്തിന്റെ സംവേദന പ്രക്രിയയാണ്. പ്രവചനം, വചനം (logos), മർത്തീകരണം (Incarnation), വെളിപ്പാട് (revelation), പങ്കിടീൽ (koinonia) തുടങ്ങിയ അതിപ്രധാനങ്ങളായ മാർഗ്ഗങ്ങളിലൂടെ ദൈവിക സംവേദനം മനുഷ്യവർഗ്ഗത്തിൽ എത്തിച്ചേരുന്നു. അതിനാൽ വേദ പുസ്തകത്തിന്റെ അടിസ്ഥാന സത്തതന്നെ ദൈവിക സംവേദനമാണ്.

സംവേദനത്വമാണ് ദൈവം മനുഷ്യനു നൽകിയ മഹത്തായ ഗുണം. സ്വയമായും ദൈവത്തോടും ഇതര മനുഷ്യരോടും പ്രപഞ്ചത്തോടുമുള്ള സംവേദനം ഓരോ മനുഷ്യനും ലഭ്യമാകുന്നു. അതിനാൽ മനുഷ്യൻ ദൈവത്തോടും, ദൈവം മനുഷ്യനോടും സംവേദനം നടത്തുന്നു. ഇത് ദൈവവുമായുള്ള സംഭാഷണവും സംവാദവുമാണ് (Dialouge).

വേദപുസ്തകത്തിലെ അതിശക്തമായ ചിന്താധാരയാണ് സംവേദനം. ദൈവത്തിന്റെ രക്ഷാകരമായ പ്രക്രിയ നടത്തുന്നതു സംവേദനത്തിൽ കൂടിയാണ്. ദൈവം സംവേദകനായിത്തീർന്നു. മർത്ത്യാവതാരത്തിലൂടെ മനുഷ്യവർഗ്ഗത്തിന് സമീപസ്ഥനായി. സൃഷ്ടിയുടെ ആരംഭം മുതൽ ഉണ്ടായിരുന്ന കൂട്ടായ്മ (Communion), പങ്കാളിത്തം (Participation), പങ്കി ടീൽ (Sharing) എന്നിവ വേദപുസ്തകത്തിൽ തുടർച്ചയായി വെളിപ്പെ ടുന്നു. വ്യക്തവും ഫലപ്രദവുമായ സംവേദനത്തിന്റെ ഉറവിടം ദൈവ മാണ്. പിതാവ് - പുത്രൻ - പരിശുദ്ധാത്മാവ് എന്നിവയുടെ സത്താപര മായ സവിശേഷത അവിഭാജിതമായ കൂട്ടായ്മയാണ്. എന്നാൽ സത്ത

യിൽ പരസ്പരം പങ്കാളിത്തവും സ്നേഹവും പങ്കിടീലുമുണ്ട്. അതിന്റെ പ്രതിഫലനമാണ് സൃഷ്ടികർമ്മം. ദൈവത്വത്തിന്റെ ഐക്യവും (Unity) കൂട്ടായ്മയും (Communion) വെളിപ്പെടുത്തുന്നതാണ് ദൈവിക സംവേദനം.

ഗ്രീക്കിലെ 'കൊയ്നോസും' (Koinos) എബ്രായ ഭാഷയിലെ 'ഹോൾ' (hol) ഉം അർത്ഥത്തിൽ സമാനത പുലർത്തുന്നവയാണ്. സ്വതന്ത്രമാക്കുക (to free), പൊതുവിനായി കൈമാറുക (to hand over for common use) എന്നർത്ഥം. 'കൊയ്നോണിയ' (Koinonia) എന്ന ഗ്രീക്കു പദത്തിന് പൊതുവായത്, പങ്കിടുക, ബന്ധപ്പെടുക എന്നീ അർത്ഥങ്ങൾ ലഭ്യമാകുന്നു. 'കമ്മ്യൂണീസ്' എന്ന ലാറ്റിൻ പദത്തിൽ നിന്നും ഉണ്ടായ കമ്മ്യൂണിക്കേഷനും (Communication) ഈ അർത്ഥങ്ങളാണുള്ളത്. വേദപുസ്തകപരമായ പങ്കിടീൽ (Koinonia) സംവേദനമാണ് (Communication). ഇത് മനുഷ്യനും ദൈവവുമായും (1. യോഹ. 1:3, 6, 7a), ദൈവവും മനുഷ്യനുമായും (1 കൊരി. 1:9, 7:24, 2. കൊരി. 13:13, റോമ. 6:10, 11), മനുഷ്യനും മനുഷ്യനുമായുള്ള (1 യോഹ. 7:7b, അപ്പോ. 2:42, 44, ഫിലി. 2:1) അഗാധ ബന്ധമായി വ്യാഖ്യാനിച്ചിട്ടുണ്ട്.

പുതിയനിയമത്തിൽ 47 പ്രാവശ്യം 'പങ്കിടീൽ' എന്നർത്ഥം വരുന്ന പദങ്ങൾ ഉണ്ട്. ഇവയുടെ അർത്ഥം മൂന്നു തരത്തിൽ വിശദീകരിക്കാം.

**1. പൊതുവിലുള്ള പങ്കാളിത്തം (Partnership in Common Enterprise):** ക്രിസ്തീയ പ്രവർത്തനം (2 കൊരി. 8:23), പീഡനം (എബ്രാ. 10:33, വെളി. 1:9), കഷ്ടത (2 കൊരി. 9:7, ഫിലി. 3:10), ആരാധന (1 കൊരി. 10:18) എന്നീ പൊതു അനുഭവങ്ങൾ പങ്കിടുന്നു.

**2. പങ്കിടീൽ (Giving of a Share):** ആന്തരികമായ അദ്ധ്യാത്മിക വളർച്ച വെളിപ്പെടുത്തുന്നതിനായി ഭൗതിക സമ്പത്തുകളും വിഭവങ്ങളും പങ്കിടുന്നു (2. കൊരി. 9:13, ഫിലി. 1:5, റോമ. 15:26).

**3. കൂട്ടായ്മയും പങ്കാളിത്തവും (Fellowship and Participation):** പൊതുവായതിൽ (Commonness) നിന്നും വ്യക്തിപരമായതിൽ നിന്നും വളർന്നു വരുന്ന കൂട്ടായ്മയും പങ്കാളിത്തവുമാണിത്. മറ്റുള്ളവരുടെ ആവശ്യങ്ങളിലും കൂട്ടായ്മയിലും പങ്കാളിത്തം പ്രകടിപ്പിക്കുന്നു (ഗലാ. 2:9, 1 തീമോ. 5:22, എബ്രാ. 2:14).

വി. വേദപുസ്തകം സംവേദനത്തെക്കുറിച്ച് നിരവധി കാര്യങ്ങൾ വെളിപ്പെടുത്തുന്നു. വേദപുസ്തക കാഴ്ചപ്പാടിൽ സംവേദനം ആശയങ്ങൾ, വിശ്വാസങ്ങൾ, ചിന്തകൾ, വികാരങ്ങൾ, മനോഭാവങ്ങൾ എന്നിവയുടെ വിനിമയം മാത്രമല്ല; വിഭവങ്ങളും സ്ഥാനങ്ങളും പരസ്പരം പങ്കിടുന്ന

പ്രക്രിയയാണ്. പങ്കാളിത്തവും (Participation), പങ്കിടീലുമാണ് (Sharing) വിഭാവനം ചെയ്യുന്നത്. ഇവ ഇരു ദിശയിലേക്കുമുള്ള പ്രക്രിയയാണ് (Two - way process). ഇത് സ്നേഹം, സമത്വം, സ്വാതന്ത്ര്യം, അംഗീകാരം എന്നിവ വെളിപ്പെടുത്തുകയും എല്ലാവിധമായ അകൽച്ചകളെയും നീക്കുകയും ചെയ്യുന്നു.

## ദൈവിക സംവേദന സ്വഭാവങ്ങൾ

'ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു' (യോഹ. 1:1) എന്ന വേദഭാഗം 'ആദിയിൽ സംവേദനം ഉണ്ടായിരുന്നു. സംവേദനം ദൈവത്തോടു കൂടിയായിരുന്നു. സംവേദനം ദൈവമായിരുന്നു' എന്ന് പുനർവായന നടത്താവുന്നതാണ്. ആദി മുതൽ ഉണ്ടായിരുന്ന ദൈവിക സംവേദനത്തിന് നിരവധി സ്വഭാവ സവിശേഷതകൾ ഉള്ളതാണ്. പ്രധാനപ്പെട്ട സംവേദന സ്വഭാവങ്ങൾ:

### 1. സംവേദനത്തിനായി ദൈവം സ്വയം വെളിപ്പെടുത്തുന്നു

ദൈവത്തിന്റെ ഏറ്റവും വലിയ സ്വഭാവങ്ങളിൽ ഒന്നാണ് സംവേദനത്വം. ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ പതിനൊന്നു പ്രാവശ്യം ദൈവം കല്പിച്ചു (God said) എന്ന ശൈലി ഉപയോഗിക്കുന്നു. ദൈവത്തിന്റെ ത്രിത്വസ്വഭാവം സൃഷ്ടികർമ്മത്തിൽ വെളിപ്പെടുത്തുന്നു. 'നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക' (ഉല്പത്തി 1:26) എന്ന് ത്രിത്വത്തിലെ ആളത്വങ്ങൾ പരസ്പരം സംവേദിക്കുന്നു. മനുഷ്യസൃഷ്ടിയിൽ കൂടി ദൈവം സ്വയം വെളിപ്പെടുകയാണ് (സങ്കീർത്തനം 8: 5). ഇത് ഭാഗികമായിരുന്നെന്നു മാത്രം. പഴയ നിയമ ചരിത്രം മുഴുവൻ സംവേദനത്തിനായി ദൈവം വെളിപ്പെടുത്തുന്ന മുഖാന്തിരങ്ങളാണ് വിവരിക്കുന്നത്.

### 2. ദൈവിക സംവേദനം വെളിച്ചം പകരുന്നു

ദൈവിക സംവേദനത്തിന്റെ ആദ്യ വാമൊഴി രൂപമാണ് 'വെളിച്ചം ഉണ്ടാകട്ടെ' (ഉല്പത്തി 1:3) എന്നുള്ള കല്പന. ശൂന്യവും പാഴും അന്ധകാരവുമായിരുന്നിടത്ത് വെളിച്ചം പ്രഭ പരത്തി. വെളിച്ചം ജ്ഞാനത്തിന്റേയും ബോധത്തിന്റേയും പ്രതീകമാണ്. തിന്മയും അജ്ഞതയും നീക്കി ഫലപ്രദമായ സംവേദനത്തിന്റെ പശ്ചാത്തലം സൃഷ്ടിക്കുകയാണ്. വെളിച്ചം പകരുന്ന അനുഭവമാണ് ദൈവിക സംവേദനം.

### 3. ദൈവം സംവേദനത്തിന്റെ ഉറവിടമാണ്

പ്രപഞ്ചത്തിന്റെ പ്രാരംഭം മുതലുള്ള വിവരണങ്ങൾ ശ്രദ്ധിച്ചാൽ സംവേദനത്തിന്റെ ഉറവിടം ദൈവത്തിൽ നിന്നുമാണ്. പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ എന്നിവരോട് വാമൊഴിയായി ദൈവം

കല്പിക്കുന്നു. 'എന്തു പറയണം, എങ്ങനെ പറയണം, എപ്പോൾ പറയണം' എന്നെല്ലാം ദൈവം നിർദ്ദേശങ്ങൾ നല്കുന്നു. ദൈവം മോശയോട് പറയുന്നു: 'നീ ചെല്ലുക; ഞാൻ നിന്റെ വായോടു കൂടിയിരുന്ന് നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ചു തരും എന്ന് അരുളിച്ചെയ്തു' (പുറപ്പാട് 4:12). സംവേദന പ്രക്രിയയ്ക്ക് പ്രേരണയും പ്രചോദനവും ദൈവത്തിൽ നിന്നും ലഭ്യമാകുന്നു.

### 4. ദൈവിക സംവേദനത്തിൽ ബന്ധങ്ങൾ സൃഷ്ടിക്കുന്നു

ദൈവിക സംവേദനം അഗാധമായ ബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഏദനിൽ പാപം വഴി നഷ്ടപ്പെട്ട മനുഷ്യ - ദൈവ ബന്ധം പുനഃക്രമീകരിക്കുന്നതിനായി ദൈവം ആഗ്രഹിച്ചു. ദൈവത്തിന്റെ സംവേദന രഹസ്യം ദൈവ - മനുഷ്യബന്ധം പുനഃസൃഷ്ടിക്കുക എന്നതാണ്. അതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. ദൈവത്തിന്റെ വെളിപ്പെടുത്തലുകളും മാനവ ചരിത്രവും തമ്മിലുള്ള പാരസ്പര്യം അനവധി സംവേദന ബന്ധങ്ങളിലുള്ളതാണ്. ദൈവം രാജ്യങ്ങളോടും ജനങ്ങളോടും സുവ്യക്തമായ ബന്ധം നിലനിർത്തി. ദൈവം സന്ദേശവും ഉപാധിയും (medium) ആയിരുന്നു.

### 5. ദൈവിക സംവേദനം സുഗ്രാഹ്യമായിരുന്നു

പഴയനിയമ ചരിത്രത്തിൽ നിരവധി രീതികളിൽ ദൈവം വെളിപ്പെടുന്നുണ്ട്. സാധാരണക്കാരുടെ ജീവിത യാഥാർത്ഥ്യങ്ങളിൽ ദൈവം ഇടപെടുന്നു. അത് അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. സുഗ്രാഹ്യമായ സംവേദന പ്രക്രിയയായിരുന്നു അത്. ദൈവത്തിന്റെ ഇടപെടൽ തിരിച്ചറിയുവാൻ കഴിയുന്നവിധം വ്യക്തമായിരുന്നു. വാമൊഴി, വരമൊഴി, ഭാവമൊഴി, ദൃശ്യമൊഴി തുടങ്ങി വിവിധ സങ്കേതങ്ങൾ സംവേദനത്തിന് ഉപയോഗിച്ചെങ്കിലും അവ ഏവർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞു.

### 6. ഉപാധികൾ നിറഞ്ഞതായിരുന്നു ദൈവിക സംവേദനം

ദൈവം ബാഹ്യമായും ആന്തരികമായും സംവേദന പ്രക്രിയയിൽ പങ്കു ചേർന്നു. ഇതിനായി നിരവധി സംവേദന ഉപാധികൾ ഉപയോഗിച്ചിരുന്നു. എല്ലാം പരമ്പരാഗത മാർഗ്ഗങ്ങളായിരുന്നു. ഇവ പ്രതീകങ്ങൾ, അടയാളങ്ങൾ, ബിംബങ്ങൾ, കല്പനകൾ, ഉപമകൾ, കഥകൾ, ദർശനങ്ങൾ, സ്വപ്നങ്ങൾ എന്നിവയായിരുന്നു. ഇവയെല്ലാം മനുഷ്യന്റെ സംവേദന തലങ്ങളിൽപ്പെടുന്നവയാണ്. മനുഷ്യരിലും പ്രപഞ്ചത്തിലും പക്ഷിമൃഗജാലങ്ങളിലും ദൈവിക വെളിപ്പെടുത്തലുകൾ നടന്നു.

### 7. ദൈവിക സംവേദനം സഹൃദയരെ അറിഞ്ഞുള്ളതായിരുന്നു

ജനങ്ങളുടെ ഭാഷയും സംസ്ക്കാരവും ഉൾക്കൊണ്ടാണ് ദൈവിക സംവേദനം നടന്നത്. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവിക വെളിപാടുകൾ എബ്രായ, ഗ്രീക്ക്, റോമൻ സംസ്ക്കാരങ്ങളിലുള്ളതാണ്. അവിടെയുള്ള ജനങ്ങളുമായി സംവേദനം ശക്തിപ്പെട്ടിരുന്നു. ഓരോ ജന വിഭാഗത്തെയും, വ്യക്തികളെയും അറിഞ്ഞുള്ളതും അവരുടെ വിശ്വാസം, മൂല്യങ്ങൾ, വ്യക്തിബന്ധങ്ങൾ എന്നിവയിൽ കേന്ദ്രീകരിച്ചുള്ളതുമായിരുന്നു ദൈവിക സംവേദനം.

### 8. ദൈവിക സംവേദനം സംവാദപരമായിരുന്നു

ദൈവിക സംവേദനം ഒരിക്കലും അറിയിപ്പുകളോ കല്പനകളോ തീരുമാനങ്ങളോ അല്ലായിരുന്നു. ദൈവം മനുഷ്യരുമായി സംവാദവും സംവേദനവും നടത്തി. ഇത് ഇരുദിശയിലേക്കുമുള്ള സംവേദനമായിരുന്നു. ദൈവം വ്യക്തിയോടു പറയുന്നു, വ്യക്തി ദൈവത്തോടു പറയുന്നു. പരസ്പരം ചിന്തകളും പരിവേദനകളും ദർശനങ്ങളും പങ്കിട്ടു. 'വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം' എന്ന് യഹോവ അരുളിച്ചെയ്യുന്നു (യശയ്യ 1:18). അതിനാൽ ദൈവിക സംവേദനം സംവാദപരമായിരുന്നു.

### 9. ദൈവിക സംവേദനം സ്വയാവബോധം നൽകി

ദൈവിക സംവേദനം മനുഷ്യർക്ക് സുബോധവും സ്വയാവബോധവും (Self - consciousness) നൽകുന്നു. സ്വഭാവത്തിലും ജീവിതക്രമത്തിലും സംക്രമിക്കുന്ന തെറ്റായ മാതൃകകളെ തിരുത്തുവാനും അവ കണ്ടെത്തുവാനും ദൈവിക സംവേദനം വഴി സാധിക്കുന്നു. സൃഷ്ടി കഥയിൽ ആദം, ഹവ്വാ എന്നിവർക്ക് ഉണ്ടാകുന്ന സ്വയാവബോധം സുവ്യക്തമാണ്. വ്യക്തികളും സമൂഹങ്ങളും ധാർമ്മികമായി അധഃപതിക്കുമ്പോൾ ദൈവം ബോധന പ്രക്രിയയ്ക്കായി സംവേദിക്കുന്നു. ദൈവത്തിന്റെ ഇത്തരത്തിലുള്ള ഗംഭീരമായ ശബ്ദമാണ് പ്രവചന പുസ്തകങ്ങളിൽ ലഭ്യമാകുന്നത്.

### 10. ദൈവിക സംവേദനം സമൂഹത്തെ സൃഷ്ടിക്കുന്നു

ദൈവിക സംവേദനം എല്ലായ്പ്പോഴും സമൂഹത്തെ സൃഷ്ടിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. ഉല്പത്തി പുസ്തകത്തിലെ ആദ്യസൃഷ്ടി വിവരണത്തിൽ മാനവികതയിലെ സ്ത്രീ പുരുഷ ബന്ധത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ദൈവിക സംവേദനം ദൈവിക സ്വരൂപത്തിലുള്ള സ്ത്രീ പുരുഷ സമൂഹത്തിന്റെ സൃഷ്ടിയാണ്. രണ്ടാം വിവരണത്തിൽ മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ലെന്ന് കണ്ട് തക്കതായ

തുണയെ സൃഷ്ടിക്കുന്നു (ഉല്പ. 2:18). കൂട്ടായ്മയും സൗഹൃദവും സൃഷ്ടിക്കുന്നതാണ് ദൈവിക സംവേദനം. അത് നഷ്ടപ്പെടുമ്പോൾ ലഭിക്കുന്നത് ഏകാന്തതയാണ്. ദൈവം അത് ഇഷ്ടപ്പെടുന്നില്ല.

വിശുദ്ധ വേദപുസ്തകാടിസ്ഥാനത്തിൽ ദൈവിക സംവേദനം വ്യക്തികളിലും സമൂഹങ്ങളിലും നിരവധി തലങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ നടന്നു. സൃഷ്ടി ദൈവത്തിന്റെ സത്താപരമായ പങ്കുവെയ്ക്കലായിരുന്നു. ചരിത്രത്തിൽ നടന്ന ദൈവിക സംവേദനത്തിന്റെ ലിഖിത രൂപമാണ് വി. വേദപുസ്തകം. ദൈവിക സംവേദനത്തിന്റെ ഇതിഹാസമാണ് ഇതിൽ പ്രതിഫലിക്കുന്നത്.

## ദൈവിക സംവേദന സമ്പ്രദായങ്ങൾ

വി. വേദപുസ്തകത്തിൽ ദൈവം വിവിധ മാർഗ്ഗങ്ങൾ സംവേദനത്തിനായി ഉപയോഗിക്കുന്നു. ലഭ്യമായ എല്ലാ സമ്പ്രദായങ്ങളും ദൈവിക സംവേദന പ്രക്രിയയിൽ ഉണ്ട്. ഇവയെ പ്രധാനമായും മൂന്നു തരത്തിൽ വിഭജിക്കാം.

### 1. വാമൊഴി സംവേദനം (Oral)

വി. വേദപുസ്തകത്തിലെ പ്രധാന സംവേദകൻ ദൈവമാണ്. സൃഷ്ടിയുടെ പ്രാരംഭം മുതൽ ആരംഭിക്കുന്ന സംവേദന പ്രക്രിയ തലമുറകളിലൂടെ തുടരുകയാണ്. ജനങ്ങളുമായുള്ള സംവേദനത്തിന് ഓരോ കാലഘട്ടത്തിലും വ്യത്യസ്ത വ്യക്തികളെ ദൈവം കണ്ടെത്തി അവർ മുഖേന സംവേദനം ശക്തിപ്പെടുത്തുന്നു. ആദാം (ഉല്പ. 3:9), നോഹ (ഉല്പ. 6:13-22), അബ്രഹാം (ഉല്പ. 12:1-4, 17:1-13), മോശ തുടങ്ങി ധാരാളം വ്യക്തികളോട് വാമൊഴിയായി സംവേദനം നടത്തുന്നു. ദർശനങ്ങളും സ്വപ്നങ്ങളും പ്രധാനപ്പെട്ട സംവേദന ഉപാധികളായിരുന്നു. രാജാക്കന്മാർ, പ്രവാചകന്മാർ, പുരോഹിതന്മാർ എന്നിവരോടും ദൈവം വിവിധ കാലങ്ങളിൽ സംവേദിക്കുന്നു.

ദൈവിക സംവേദനത്തിന് പ്രവാചകന്മാരാണ് പ്രധാനമായും മുഖ്യ പങ്ക് വഹിച്ചത്. ഗ്രീക്കു ഭാഷയിലെ പ്രോ (Pro), ഫീം (Pheme) എന്നീ പദങ്ങൾ ചേർന്നാണ് പ്രോഫറ്റ് (Prophet) ആയത്. ഗ്രീക്കിൽ പ്രോ എന്നാൽ വേണ്ടി (for), മറ്റൊരാൾക്കു വേണ്ടി (On behalf of) എന്നർത്ഥം. ഫീം എന്നതിന് പറയുക (to speek), വക്താവ് (spokesman) എന്നർത്ഥം.

പ്രവാചകൻ എന്നതിന്റെ എബ്രായ പദമാണ് നാബി. അതിന് വിളിക്കുക (To call), നിലവിളിച്ചു പറയുക (to cry out), പ്രവചിക്കുക (to speak forth) എന്നർത്ഥം. പ്രവാചകൻ എന്നതിന് പ്രഖ്യാപിക്കുക (Proclaim), പ്രസംഗിക്കുക (preach), സംവേദിക്കുക (communicate) എന്ന അർത്ഥവും ഉൾക്കൊള്ളുന്നു. പ്രവാചകൻ ഒരു നാമപദം എന്ന നിലയിൽ

വക്താവും സംവാദകനുമാണ്. പ്രവചനം പ്രഖ്യാപനവും സംവേദനവും (Communication) ആണ്. ഇത് ദൈവത്തിനുവേണ്ടി നടത്തുന്ന പ്രക്രിയ യാണ്.

പ്രവചനത്തെക്കുറിച്ച് വ്യക്തമായി ദൈവം മോശയ്ക്ക് വെളിപ്പെടു ത്തുന്നു. 'ഞാൻ യഹോവ ആകുന്നു; ഞാൻ നിന്നോടു കല്പിക്കുന്ന തൊക്കെയും നീ മിസ്രയിം രാജാവായ ഫറവോനോടു പറയണം. ....” (പുറ. 6:28 – 7:6). 'ഞാൻ നിന്റെ വായോടും അവന്റെ വായോടും കൂടെ ഇരിക്കും. നിങ്ങൾ ചെയ്യേണ്ടതു ഉപദേശിച്ചു തരും' (പുറ. 4:15). ഇതിൽ നിന്നു പ്രവാചകൻ ദൈവത്തിന്റെ വക്താവാണെന്നും ദൈവത്തിനും ജന ങ്ങൾക്കുമിടയിലെ സംവേദകനാണെന്നും മനസ്സിലാക്കാം.

പഴയനിയമ പ്രവചനങ്ങൾ ആരംഭിക്കുന്നത് പ്രത്യേകം ശൈലിയി ലാണ്. യഹോവ അരുളിച്ചെയ്യുന്നു; യഹോവായുടെ അരുളപ്പാട് എനി ക്കുണ്ടായത് എന്തെന്നാൽ; യഹോവാ ഇപ്രകാരം അരുളിച്ചെയ്യുന്നു, ദൈവവചനം ശ്രദ്ധിച്ചാലും; യഹോവ അരുളിച്ചെയ്തു; യഹോവ കല്പി ച്ചത്, ഞാൻ യഹോവ അരുളിച്ചെയ്യുന്നു എന്നീ മാതൃകകൾ പ്രവചന ത്തിന്റെ വിശ്വാസ്യതയും ദൈവിക വെളിപ്പെടുത്തലുകളും വ്യക്തമാ ക്കുന്നു. ദൈവം വ്യക്തികളിലൂടെയും പ്രവാചകന്മാരിലൂടെയും സംവേ ദനം ചെയ്തു.

യേശുക്രിസ്തുവിന്റെ സംവേദന ശൈലിയും വാമൊഴി രൂപത്തിലാ യിരുന്നു. യേശുവിന്റെ പ്രഭാഷണങ്ങളും പഠിപ്പിക്കലുകളും എല്ലാം വാമൊഴി സംവേദനമായിരുന്നു. ആദിമസഭയുടെ ചരിത്രത്തിലും വാമൊ ഴിയായി ചരിത്രവും സാക്ഷ്യവും തലമുറകൾക്ക് കൈമാറി. തലമുറകൾ വഴി കൈമാറി വന്ന വാമൊഴി സംവേദനമാണ് 'പാരമ്പര്യ'മായി അറിയ പ്പെടുന്നത്.

## 2. വരമൊഴി സംവേദനം (Verbal)

സംവേദനത്തിന്റെ ലിഖിത രൂപമാണിത്. ദൈവിക സംവേദനങ്ങൾ ക്രോഡീകരിക്കപ്പെട്ടത് നിരവധി തലങ്ങളിലൂടെയാണ്. ദൈവം ലിഖിത രൂപത്തിൽ നേരിട്ട് ഒന്നും ജനങ്ങൾക്ക് നൽകിയിട്ടില്ല. യേശുവും സംവേ ദന പ്രക്രിയയിൽ വരമൊഴിയായി ഒന്നും പങ്ക് വെച്ചില്ല. എന്നാൽ ദൈവിക വെളിപ്പെടുത്തലുകളും സംവേദനങ്ങളും തലമുറകൾക്കായി രൂപപ്പെടു ത്തുന്നത് ലിഖിത രൂപം ആർജ്ജിക്കുമ്പോഴാണ്.

വരമൊഴിയായി സംവേദനം രൂപപ്പെടുന്നതിൽ ദൈവികമായ വെളി പ്പെടുത്തലുകൾ നിരവധിയാണ്. വേദപുസ്തക ചരിത്രങ്ങൾ വളരെ കാലങ്ങൾക്കു ശേഷം ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതാണ്. അവയുടെ

മൂല്യങ്ങളും തനിമയും ചോർന്നു പോകാതെ കാലദേശാനുസൃതമായി എഴുതുവാൻ സഹായിച്ചതിലും ദൈവത്തിന്റെ ശക്തമായ സ്വാധീനം ഉണ്ട്. നിരവധി എഴുത്തുകാരുടെ നിസ്തന്ദ്രമായ കഠിനാദ്ധ്വാനമാണ് ദൈവിക സംവേദനത്തിന് വരമൊഴി രൂപം നൽകിയത്.

ദൈവം വരമൊഴിയായി ഒന്നും സംവേദനം ചെയ്തില്ലെങ്കിലും അവയുടെ ക്രോഡീകരണത്തിൽ ചാലക ശക്തിയായി വർത്തിച്ചു. അതിനാൽ വേദപുസ്തകം ദൈവിക സംവേദനത്തിന്റെ ചരിത്രം വിശദീകരിക്കുന്നു. ചരിത്രത്തിന്റെ വെളിപ്പെടുത്തലുകളും ആലോചനകളും ആവശ്യാനുസൃതം എഴുത്തുകാർ അനുഭവിച്ചറിയുന്നു. യേശുവിന്റെ ശിഷ്യനായ യോഹന്നാൻ സാക്ഷിക്കുന്നത് ഇപ്രകാരമാണ്: 'യേശു ചെയ്ത മറ്റു പലതും ഉണ്ട്. അതു ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല (യോഹ. 21:25).

## 3. അവ്യക്തിപര സംവേദനം (Impersonal)

ദൈവിക സംവേദനം വസ്തുക്കളിലൂടെയും പ്രകൃതിയിലൂടെയും വെളിപ്പെട്ടു. യിസ്രായേൽ ജനം ദൈവിക സാന്നിധ്യവും സംവേദനവും പകൽ മേഘസ്തംഭമായും രാത്രി അഗ്നി തൂണായും തിരിച്ചറിഞ്ഞു. എരിയുന്ന മുൾപ്പടർപ്പ്, മഴവില്ല്, പുക, കൊടുങ്കാറ്റ്, ഇടിമുഴക്കം, മിന്നൽ, ഇളം കാറ്റ്, ഭൂമി കുലുക്കം, കാഹളധ്വനി തുടങ്ങി നിരവധി ദൃശ്യങ്ങളിലൂടെ ദൈവിക സംവേദനം വെളിപ്പെടുത്തുന്നു. ഇത്തരം അവ്യക്തിപര ദൃശ്യങ്ങളിലും പ്രതീകങ്ങളിലും ദൈവം വഴികാട്ടിയായി വർത്തിച്ചു. ഇത്തരം പ്രതീകങ്ങളും അടയാളങ്ങളും ദൈവം നൽകിയ വാഗ്ദാനങ്ങളുടെ വിശ്വാസ്യതയാണ്.

ദൈവിക സംവേദനം അവ്യക്തിപരമായ (Impersonal) രീതിയിൽ വിവിധ സന്ദർഭങ്ങളിൽ വെളിപ്പെടുത്തുന്നു. ഇവ ദൈവിക സാന്നിധ്യത്തിന്റേയും സംവേദനത്വത്തിന്റെയും പ്രതീകങ്ങളാണ്.

## 4. വ്യക്തിപര സംവേദനം (Personal)

ദൈവിക സംവേദനം വ്യക്തിപരമാണ്. യിസ്രായേൽ ജനതയോട് മനുഷ്യവർഗ്ഗത്തിന്റെ ലക്ഷ്യം വെളിപ്പെടുത്തുന്നു (ആവ. 28:9-10). അനവധി വ്യക്തികളെ പേരു പേരായി വിളിച്ചു സംവേദന പ്രക്രിയയിൽ പങ്ക് ചേർക്കുന്നു.

രാജ്യങ്ങളോടും ദൈവം സംവേദനം നടത്തുന്നതായി വേദപുസ്തകം പഠിപ്പിക്കുന്നു: ഈജിപ്റ്റ് (പുറ. 9:13-17), അസ്സീറിയ (യെശ. 10:12-19), ബാബിലോൺ (യിര. 50:1-16), അലക്സാന്ത്രിയാ (ദാനി. 8), റോമാ (ദാനി. 7:7, 23) എന്നിവിടങ്ങളിലെ പ്രശ്നങ്ങളിൽ ദൈവം ഇടപെടുകയും ജനത്തെ നയിക്കുകയും ചെയ്യുന്നു.

വേദപുസ്തക വിവരണങ്ങളിൽ ദൈവത്തിന് മനുഷ്യരൂപവും വികാരങ്ങളും (Anthropomorphism) ധ്വനിപ്പിക്കുന്നു. മനുഷ്യശരീര ഭാഗങ്ങൾ ദൈവത്തിനും ഉണ്ടെന്നുള്ള ചിഹ്നങ്ങൾ ശ്രദ്ധേയമത്രെ: കൈകൾ (1 ശമു. 5:11, 2:10; യശ. 64:2; ഏബ്രാ. 1:10), വിരലുകൾ (പുറ. 8:19; 31:18), ഭുജം (53:1; 63:12), ചെവി (സങ്കീ. 71:2; 2 ശമു. 22:7; നെഹ. 1:6; സങ്കീ. 34:15), കണ്ണുകൾ (സങ്കീ. 33:18; ഇയ്യോ. 36:7; 1 രാജാ. 8:29; 2 ദിന. 16:9), മുഖം (ഉല്പ. 3:8; സങ്കീ. 8:6), വായ് (ആവ. 8:3), നടക്കുന്ന ഒച്ച (ഉല്പ. 3:8), ഘ്രാണം (ഉല്പ. 8:21) എന്നിവ ദൈവത്തിന്റെ വ്യക്തിപരമായ സാമീപ്യത്തെ വിളിച്ചറിയിക്കുന്നു. ദൈവത്തിന്റെ താല്പര്യം, അധികാരം, പ്രവർത്തനം എന്നിവ ഇത്തരം വിവരണത്തിലൂടെ വെളിപ്പെടുന്നു. ദൈവത്തിന്റെ വ്യക്തിത്വം (God's personality) മനുഷ്യവർഗ്ഗത്തിന് സംവേദനം ചെയ്യുവാൻ കണ്ടെത്തിയ മുഖാന്തിരങ്ങളാണിവ.

### 5. മർത്തീകരണ സംവേദനം (Incarnational)

ദൈവിക സംവേദനത്തിന്റെ ഏറ്റവും അന്ത്യമായ വെളിപ്പെടുത്തലാണ് മർത്തീകരണം. ദൈവം മനുഷ്യനായി. 'വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു' (യോഹ. 1:14). ഇതുവഴി മനുഷ്യ-ദൈവ ബന്ധവും ഫലപ്രദമായ സംവേദനവും പുനഃസൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം.

ദൈവം ഭാഗികമായി വിവിധ രീതിയിൽ വെളിപ്പെടുത്തിയ സംവേദനം വ്യക്തിപരവും പൂർണ്ണവുമായ രീതിയിൽ മർത്തീകരണത്തിലുണ്ടായി. ഇത് ദൈവത്തിന്റെ സത്താപരമായ അനുഭവത്തിലേക്കുള്ള പങ്കുചേരലും വ്യക്തിബന്ധം സൃഷ്ടിക്കലുമാണ്. മർത്തീകരണം ദൈവിക സംവേദനത്തിന്റെ വ്യക്തിപരമായ തലമാണ്. സൃഷ്ടിക്ക് മുമ്പേ നിലനിന്ന വചനം മാനവ ചരിത്രത്തിൽ മർത്യനായി (യോഹ. 1:1,14,18). ജഡമായ വചനത്തെ കാണുവാനും കേൾക്കുവാനും സ്പർശിക്കുവാനും കഴിയുന്നു (1 യോഹ. 1:1-3). ദൈവത്തെ കാണുവാനും (visible) കേൾക്കുവാനുംവിധം (audible) കാണപ്പെട്ടു (tangible). അദൃശ്യനായ ദൈവം ദൃശ്യനായി. അതിശായിയായ ദൈവം സമീപസ്ഥനായി. ദൈവിക സംവേദനം ഫലപ്രദമാക്കുവാൻ ദൈവം മനുഷ്യനായിത്തീർന്നു.

വേദപുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്ന ദൈവിക സംവേദനത്തിന്റെ കേന്ദ്രം യേശുക്രിസ്തുവിലാണ്. സംവേദനത്തിന്റെ പൂർണ്ണമായ തലങ്ങളിലേക്ക് എത്തിച്ചേരുവാൻ യേശുവിന്റെ സാന്നിധ്യം സുസാധ്യമാക്കി. ദൈവിക സംവേദനത്തിന്റെ ഫലപ്രദമായ മാർഗ്ഗം യേശുക്രിസ്തു വഴി ആരംഭിക്കുന്നു.

❑

## പാഠം 2

# യേശു ക്രിസ്തുവിന്റെ സംവേദന സമ്പ്രദായങ്ങൾ

❑ യേശുവിന്റെ സംവേദന തത്വങ്ങൾ ❑ യേശുവിന്റെ സംവേദന രീതി ശാസ്ത്രം

സംവേദന പ്രക്രിയയിൽ യേശുവിന്റെ രീതിശാസ്ത്രം പ്രത്യേകം പഠനം അർഹിക്കുന്നു. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ലഭ്യമായിരുന്ന എല്ലാ ഉപാധികളും വാമൊഴി സംവേദനത്തിൽ യേശു ഫലപ്രദമായി വിനിയോഗിക്കുന്നു.

യേശുവിന്റെ സംവേദന രീതികൾ സമഗ്രമായിരുന്നുവോ? ക്രിസ്തു ഒരു ഫലപ്രദമായ സംവേദകനോ? (Was Christ the Perfect Communicator) എന്ന ചോദ്യം വെർജീന സ്റ്റം ഓൻസ് (Virginia Stem Owens) 1984-ൽ ഉന്നയിച്ചിട്ടുണ്ട്. ഇതേ തുടർന്ന് നിരവധി സംവാദങ്ങൾ സജീവമായി. ശാസ്ത്രിമാരോടും പരീശന്മാരോടും യേശു പുലർത്തിയ സമീപനം, യഹൂദ ആശയങ്ങളോടുള്ള അക്രമാസക്തമായ പെരുമാറ്റം, കൃത്യമായി ഉത്തരം നൽകാതിരിക്കൽ എന്നിവ യേശുവിന്റെ സംവേദന ശൈലിയിലെ നിഷേധ രീതികളായി തരംതിരിക്കുന്നു. എന്നാൽ യഹൂദ സമുദായത്തിലെ ജീർണ്ണിച്ച സമ്പ്രദായങ്ങളോടും ആശയങ്ങളോടും യേശു ഏറ്റു മുട്ടിയപ്പോഴുണ്ടായതാണ് ഈ സംവേദന പ്രശ്നങ്ങൾ. 'വാഴ്ചകളോടും' 'അധികാരങ്ങളോടും' യേശു എതിർത്തു നിന്നു. സാധാരണക്കാരായ ജനങ്ങളെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. സംവേദന പ്രക്രിയയിൽ യേശു വളരെ ശക്തമായ സമീപനമാണ് സ്വീകരിച്ചത്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ചൂണ്ടിക്കാണിച്ച് യേശുവിന്റെ സംവേദന ശൈലിയെ പരിമിതപ്പെടുത്തുവാൻ സാധിക്കുകയില്ല.

യേശുവിന്റെ സംവേദനം ഫലപ്രദമായിരുന്നുവോ? യേശുവിന്റെ സംവേദനശൈലി പൂർണ്ണമായി ഫലപ്രദമായിരുന്നു എന്നതാണ് പ്രധാന ഉത്തരം. എന്തായിരുന്നു അതിന്റെ പ്രത്യേകതകൾ? യേശുവിന്റെ സംവേദന രീതികൾ എന്തെല്ലാമാണ്?

യഹൂദ - യവനായ സംവേദന സമ്പ്രദായങ്ങളിൽ നിലവിലിരുന്ന എല്ലാ രീതികളും യേശു ഉൾക്കൊണ്ടു. അവ ലളിതമായി ശ്രോതാക്കൾക്ക് വിശദീകരിച്ചു കൊടുക്കുവാൻ കഴിവതും പരിശ്രമിച്ചു. യേശുവിന്റെ സംവേദന ശൈലി ശക്തവും (Powerful), ഫലപ്രദവും (effective), ലളിതവും (simple), വ്യക്തിപരവും (personal) ആയിരുന്നു. യേശു ഉപയോഗിച്ച

മുഖ്യമായ മാധ്യമം വാക്കുകളായിരുന്നു. വാമൊഴി സംവേദനത്തിൽ ദൃശ്യങ്ങൾ സൃഷ്ടിക്കുവാൻ (Visual images) യേശുവിന് കഴിഞ്ഞു. യേശുവിന്റെ സംവേദന തത്ത്വങ്ങൾ ശ്രദ്ധേയമത്രെ:

### 1. യേശുവിന്റെ സംവേദനം ശ്രോതാക്കളെ മനസ്സിലാക്കിയായിരുന്നു

യേശുവിന്റെ ശ്രോതാക്കൾ ആരായിരുന്നു? അധികവും സാധാരണക്കാർ! 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും' മുഖ്യ ശ്രോതാക്കളായി. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അടർത്തി മാറ്റപ്പെട്ട സ്ത്രീ - പുരുഷന്മാരും കുട്ടികളും ആയിരുന്നു ഏറ്റവും കൂടുതൽ.

യേശുവിനെ ശ്രവിച്ച ജനതയ്ക്ക് മനസ്സിലാകുന്ന ഭാഷയിൽ സംവേദനം ക്രമീകരിച്ചു. മീൻപിടുത്തക്കാരോട് യേശു മീൻപിടിക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. കൃഷിക്കാരോട് കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ചും വിശദീകരിച്ചു. നിലമൊരുക്ക്, വിത, കൊയ്ത്ത്, പതിരു നീക്കൽ, തോട്ടക്കാരൻ തുടങ്ങി കാർഷിക മേഖലയുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾക്ക് യേശു പുത്തൻ അർത്ഥവും ആശയവും നൽകി വിശദീകരിച്ചു. യേശു ഉപയോഗിച്ച ഉപമകൾക്ക് (Parables) ജീവിതത്തിന്റെ ഗന്ധവും സൗന്ദര്യവും ഉണ്ടായിരുന്നു.

യേശു ജനങ്ങളെ മനസ്സിലാക്കി. അവരുടെ ഭാഷയും ജീവിതവും ഉൾക്കൊണ്ടു. യേശുവിനെ സമീപിച്ച സമൂഹത്തോട് താദാത്മ്യപ്പെട്ടു. ജനങ്ങളുടെ നിത്യ ജീവിതവുമായി അഗാധബന്ധം പുലർത്തിയ യേശു അവരോടൊത്ത് സംഘാലയം, പൊതുനിരത്ത്, കല്യാണ വിരുന്ന് തുടങ്ങി എല്ലായിടത്തും പങ്കുചേർന്നു. ആർക്കും യേശുവിനെ സമീപിക്കുവാൻ കഴിഞ്ഞു. ജ്ഞാനികൾ, ശാസ്ത്രിമാർ, പരീശന്മാർ, സ്ത്രീകൾ, കുട്ടികൾ, കൃഷിക്കാർ, മീൻപിടുത്തക്കാർ, ധനികർ, ദരിദ്രർ, രോഗികൾ തുടങ്ങി ജീവിതത്തിന്റെ വിവിധ രംഗത്തുള്ള എത്രയോ വ്യക്തികളാണ് യേശുവിനെ സമീപിച്ചത്. യേശു അവരെ മനസ്സിലാക്കി അവരുടെ 'ഭാഷയിലും ചിന്തയിലും' ആശയങ്ങൾ പങ്കിട്ടു. ശ്രോതാക്കളെ മനസ്സിലാക്കി സംവേദനം ക്രമീകരിക്കുന്ന രീതി യേശുവിൽ നിന്നും എക്കാലത്തും ഉൾക്കൊള്ളുവാൻ കഴിയും.

### 2. യേശുവിന്റെ സംവേദനം വ്യക്തിപരമായിരുന്നു

യേശു ശ്രോതാക്കളെ മനസ്സിലാക്കി സംവേദനം വ്യക്തിപരമാക്കി. യേശുവിന്റെ സംവേദനം വ്യക്തി ബന്ധങ്ങൾ സൃഷ്ടിക്കുന്നതാണ്. യേശു സാമൂഹിക സമ്പ്രദായങ്ങളിൽ നിലനിന്നിരുന്ന ഘടനകൾക്ക് വിരുദ്ധമായി വ്യക്തിബന്ധങ്ങൾ സൃഷ്ടിച്ചു.

അവമാനവികരും അവകാശരഹിതരും തിരസ്കൃതരുമായ ജനതയെ യേശു അന്വേഷിച്ചു. അവരുടെ പക്ഷം ചേർന്നു. മനുഷ്യന്റെ വ്യക്തിത്വവും അന്തസ്സും ഹനിക്കുന്ന എല്ലാ ജാതീയ ക്രമങ്ങളെയും യേശു നിശിതമായി വിമർശിച്ചു. സർവ്വലോകത്തിനും, സർവ്വജാതിക്കുമെന്ന പുതിയ സമവാക്യം യേശു പ്രഖ്യാപനം ചെയ്തു. 'തിരഞ്ഞെടുക്കപ്പെട്ട ജനത' എന്ന പഴയനിയമ സങ്കല്പം അതിവിശാലമാക്കി. യേശു സർവ്വ ജനതയ്ക്കും അവകാശപ്പെട്ടതായി. നിയമത്തിന്റെയും പ്രമാണത്തിന്റെയും സ്ഥാനത്ത് യേശു സ്നേഹത്തിന്റെ മൂല്യം പ്രതിഷ്ഠിക്കുന്നു. യേശു ഏവരേയും സ്നേഹിക്കുന്നു. ചുങ്കക്കാരും പാപികളും (ലൂക്കോ. 5:27-32; 15:1-2) യേശുവിന്റെ സഹയാത്രികരായി; പാപികളെ കൈക്കൊണ്ടു. അവരോടു കൂടി ഭക്ഷണം കഴിച്ചു. പാപികളെ വ്യക്തിപരമായി സ്നേഹിക്കുന്ന പുതിയ സംവേദനക്രമം യേശു സൃഷ്ടിച്ചു.

യേശു കാണാതെ പോയവരെയും (Lost) എളിയവരെയും (Least) ദരിദ്രരെയും (Last) ഉൾക്കൊള്ളുന്നു. യേശുവിൽ സാർവ്വലൗകികമായ ബന്ധം സൃഷ്ടിക്കപ്പെടുന്നു. യേശുവിന്റെ സാന്നിദ്ധ്യം ദൈവത്തെ വ്യക്തിപരമായി മനസ്സിലാക്കുന്നതിന് സാധ്യത നൽകി. മനുഷ്യാവതാരത്തിലൂടെ ദൈവം ദൃശ്യമായി. ഇത് മനുഷ്യ - ദൈവ ബന്ധം പുനഃസൃഷ്ടിക്കുന്നതിന് അവസരം നൽകി. യേശുവിന്റെ സംവേദനം വ്യക്തിപരമായിരുന്നു. ഓരോരുത്തരോടും ഹൃദയപൂർവ്വം സംവേദിച്ചു. സന്തോഷ-സന്താപങ്ങളിൽ പങ്കുചേർന്ന്, ആശ്വാസത്തിന്റെ സ്പർശനം പകർന്നു.

### 3. യേശുവിന്റെ സംവേദനം സ്വതന്ത്രമായിരുന്നു

യേശുവിന്റെ സന്ദേശങ്ങൾ സ്വതന്ത്രവും പുരോഗമനപരവുമായിരുന്നു (Radical). യഹൂദ-യവന സംസ്കാരം, സാമൂഹിക-ആചാരക്രമം, ജീവിതശൈലി, രാഷ്ട്രീയ സംവിധാനം എന്നിവയിൽ നിന്നും യേശു ആശയങ്ങൾ ഉൾക്കൊണ്ടു. അവയ്ക്കു പുത്തൻ ഭാഷ്യം നൽകി ജീവിതവുമായി ബന്ധിപ്പിച്ചു. യേശുവിന്റെ ഓരോ സന്ദേശവും പുത്തനുണർവ് പകർന്നു. ഇവ ശ്രോതാക്കളിൽ അടിച്ചേല്പിക്കുവാൻ യേശു ശ്രമിച്ചില്ല.

സന്ദേശങ്ങൾ രൂപപ്പെടുത്തിയത് സംഭാഷണ രൂപത്തിലാണ്. യവന തത്വശാസ്ത്രങ്ങളുടെ രൂപശില്പത്തിന്റെ രീതി യേശു ഉൾക്കൊണ്ടു. എന്നാൽ അവ ലളിതമായി ആഖ്യാനം ചെയ്തു. യേശുവിന്റെ സംവേദനം ബഹുദിശാ രീതിയിലുള്ളതായിരുന്നു. യേശുവിനോട് ചോദിക്കുവാനും പറയുവാനും അവസരമുണ്ടായിരുന്നു.

യേശു പറയുന്നത് അപ്രകാരം തന്നെ ഉൾക്കൊള്ളണമെന്ന് ശാഠ്യം പിടിച്ചില്ല. സന്ദേശം സ്വീകരിക്കുവാനും നിരാകരിക്കുവാനുമുള്ള

സ്വാതന്ത്ര്യം ശ്രോതാക്കൾക്കു നൽകി: 'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ' (മർക്കോ. 4:9) എന്ന് യേശു പറയുന്നുണ്ട്.

യേശുവുമായുള്ള സംവേദനത്തിൽ ശ്രോതാക്കളുടെ ആശയങ്ങളെ യേശു ഉൾക്കൊള്ളുന്നുണ്ട്. ശമര്യാക്കാരി സ്ത്രീയോടുള്ളതും (യോഹ. 4:5–42) നിക്കോദിമോസിനോടുള്ളതുമായ (യോഹ. 3:1–3) സംഭാഷണങ്ങൾ ശ്രോതാക്കളെ വേണ്ടവിധം ഉൾക്കൊള്ളുന്നതായി വെളിപ്പെടുന്നു. ശ്രോതാക്കളുടെ വ്യക്തിത്വവും ആശയവും അംഗീകരിച്ച് സംവേദനം ശക്തീകരിക്കുന്ന തത്ത്വം യേശു വെളിപ്പെടുത്തി. സംവേദനത്തിലൂടെ ആവശ്യമായ തിരുത്തലുകൾ നിർവ്വഹിക്കപ്പെടുവാൻ അവസരം ലഭ്യമാകുന്നു.

## 4. യേശുവിന്റെ സംവേദനം വിശ്വാസ്യമായിരുന്നു

യേശുവിന്റെ സംവേദനത്തിന്റെ സംക്രമണ ശക്തി അതിന്റെ വിശ്വാസ്യതയാണ് (Credible identity). യേശു ഗിരിപ്രഭാഷണം (മത്താ. 5–7) പറഞ്ഞു കഴിഞ്ഞപ്പോൾ ജനം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. 'ശാസ്ത്രിമാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ യേശു അവരോടു ഉപദേശിച്ചത്' (മത്താ. 7:28–29).

യേശുവിന്റെ പഠിപ്പിക്കൽ കണ്ട് യഹൂദന്മാർ ആശ്ചര്യപ്പെട്ടു. വിദ്യാഭ്യാസം ചെയ്യാത്ത യേശു ശാസ്ത്രം അറിഞ്ഞത് എങ്ങനെ? (യോഹ. 7:15). വേദവിജ്ഞാനീയത്തിന്റെ അഗാധതലങ്ങൾ വിശദീകരിക്കുവാനുള്ള കരുത്ത് യേശു പന്ത്രണ്ടു വയസ്സായപ്പോൾ തന്നെ തെളിയിച്ചു. അവന്റെ വാക്കു കേട്ടവർക്കെല്ലാം അവന്റെ വിവേകത്തിലും ഉത്തരത്തിലും വിസ്മയം തോന്നി (ലൂക്കോ. 2:47). യേശുവിന്റെ വായിൽ നിന്നും പുറപ്പെട്ട ലാവണ്യവാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു (ലൂക്കോ. 4:22). അവന്റെ ഉപദേശത്തിൽ അവർ വിസ്മയിച്ചു. യേശു അധികാരമുള്ളവനായി അവരെ ഉപദേശിച്ചു (മർക്കോ. 1:22).

യേശുവിന്റെ പരിജ്ഞാനത്തിലും ഉപദേശത്തിലും അത്ഭുതപ്പെട്ടവരോട് പറയുന്നു. 'എന്റെ ഉപദേശം, എന്റേതല്ല. എന്നെ അയച്ചവന്റേതത്രേ' (യോഹ. 7:16, 17). യേശുവിന് ലഭിച്ച പരിജ്ഞാനം പിതാവാം ദൈവത്തിൽ നിന്ന് ലഭിച്ചതായി പറയുന്നു (യോഹ. 8:26–29, 12:49–50, 14:10). പിതാവാം ദൈവം യേശുവിനെ പഠിപ്പിച്ചതിന്റെയും നയിച്ചതിന്റെയും സൂചനകളുണ്ട് (മർക്കോ. 1:9–11, ലൂക്കോ. 3:21–22, യോഹ. 12:18, മർ. 14:32–35, ലൂക്കോ. 22:39–43). യേശുവിന്റെ സംവേദനം ജനങ്ങൾക്ക് വിശ്വാസ്യത പകരുവാൻ കഴിഞ്ഞു. അതിനാൽ ജീവിതത്തിന്റെ എല്ലാ തലങ്ങളിൽ നിന്നുമുള്ള ബഹുഭൂരിപക്ഷത്തേയും യേശുവിന്റെ പ്രഭാഷണത്തിലേക്ക് ആകർഷിച്ചു.

## 5. യേശുവിന്റെ സംവേദനം പങ്കാളിത്തപരമായിരുന്നു

സംവേദന ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് പങ്കാളിത്തം. പറയുന്ന ആളിന് കേൾക്കുവാനും കേൾക്കുന്ന ആളിന് പറയുവാനും അവസരം ലഭിക്കുന്നതാണ് സംവേദന പങ്കാളിത്തം. ഇത് ക്രിയാത്മകവും ഫലപ്രദവുമാകുമ്പോൾ കൂടുതൽ സംവേദന സാധ്യതകൾ ഉണ്ടാകുന്നു. സംവേദനം വ്യക്തിബന്ധത്തിലേക്കും സമൂഹസൃഷ്ടിയിലേക്കും ഇതുവഴി വികസിപ്പിക്കുവാൻ കഴിയുന്നു.

യേശുവിന്റെ സംവേദനം ശ്രോതാക്കൾക്ക് പങ്കാളിത്തം നൽകി. അവർ ചോദിച്ചില്ലെങ്കിൽ യേശു അവരോടു ചോദിക്കും. വെറും കേൾവിക്കാരായി തീരുവാൻ യേശു ഇഷ്ടപ്പെട്ടില്ല. നിർബന്ധപൂർവ്വം ശ്രോതാക്കളെ സംവേദന പ്രക്രിയയിൽ യേശു പങ്കുകാരാക്കുന്നുണ്ട്. ശ്രോതാക്കളുമായി ചേർന്ന് യേശു സംവേദനത്തിന്റെ രീതിശാസ്ത്രങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി. അവയിൽ പ്രധാനപ്പെട്ട ശൈലികൾ താഴെപ്പറയുന്നവയാണ്.

### A. ചോദ്യങ്ങൾ ചോദിക്കുന്നു (Asking Questions)

യേശുവിന്റെ സംവേദനക്രമം ചോദ്യോത്തരങ്ങളിലായിരുന്നു. എപ്പോഴും ശ്രോതാക്കൾക്ക് ചോദിക്കുവാൻ അവസരം ഉണ്ടായിരുന്നു. ചോദ്യങ്ങൾ വഴി യേശുവിനെ കുടുക്കുവാൻ ശ്രമിച്ച ശാസ്ത്രിമാർക്കും പരീശന്മാർക്കും യേശു ചോദ്യങ്ങൾക്കുള്ള അവസരം നിഷേധിച്ചിട്ടില്ല.

യേശുവിനോട് ശിഷ്യന്മാർ ധാരാളം ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അവയ്ക്ക് യേശു ലളിതമായ ഉത്തരം നൽകുന്നു. ചോദ്യങ്ങൾ ഇല്ലാത്ത അവസരത്തിൽ യേശു ശിഷ്യന്മാരോടു ചോദിക്കും. അവരെക്കൊണ്ട് ഉത്തരം പറയിക്കും. ചോദിച്ചും പറഞ്ഞുമുള്ള 'സംഭാഷണ - സംവേദന' ശൈലി യേശുവിന്റെ പ്രത്യേകതയായിരുന്നു. യേശുവിനോട് അധികം ചോദ്യങ്ങളും ഉന്നയിച്ചിട്ടുള്ളത് ശാസ്ത്രിമാരും പരീശന്മാരും ആയിരുന്നു. യേശുവിനോട് തർക്കിക്കുകയും വാദിക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം. അവരുടെ ചോദ്യങ്ങൾക്ക് യേശു നൽകുന്ന ഉത്തരം വളരെ മൂർച്ചയേറിയതാണ്.

ചോദ്യോത്തരങ്ങൾ വഴി സന്ദേശം ക്രോഡീകരിക്കുന്ന സംവേദന ശൈലി യേശുവിലും പ്രകടമാകുന്നു. ഇത് യവന തത്ത്വ ചിന്തയുടെ ഭാഗമായി വളർന്നുവന്ന സംവേദന ശൈലിയാണ്. സോക്രട്ടീസ് (470-399 ബി.സി.), പ്ലേറ്റോ (428-348 ബി. സി.), അരിസ്റ്റോട്ടിൽ (384-322 ബി.സി.) തുടങ്ങിയവരുടെ തത്ത്വ ചിന്തകൾ വിശകലനം ചെയ്തിരിക്കുന്നത് ചോദ്യോത്തര രീതിയിലാണ്. യേശുവിന്റെ സംവേദന പ്രക്രിയയിൽ നിരവധി ചോദ്യ ശൈലികളുണ്ട്.

### 1. പ്രഭാഷണ ചോദ്യങ്ങൾ (Rhetorical Questions)

യേശു പ്രഭാഷണം നടത്തുമ്പോൾ ചോദ്യങ്ങൾ ഉന്നയിക്കുന്നു. അതിന്റെ ഉത്തരവും ഉടൻ തന്നെ നൽകുന്നു. പ്രഭാഷണത്തിൽ ആശയങ്ങൾ കൂടുതൽ വ്യക്തമാക്കുന്നതിനുള്ള തന്ത്രമാണിത്. ചോദ്യവും ഉത്തരവും പ്രഭാഷകൻ തന്നെ നൽകുന്നു. യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ ഇത്തരം ചോദ്യങ്ങളുണ്ട്. ഉത്തരവും യേശു തന്നെ നൽകുന്നു (മത്താ. 5:13; 6:26, 27, 28; 7:3-5, 17). യേശു ഉപമകൾ വിശദീകരിക്കുമ്പോഴും ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. 'ഈ മൂവരിൽ ഏവൻ കൂട്ടുകാരനായിത്തീർന്നു എന്ന് നിനക്കു തോന്നുന്നു?' (ലൂക്കൊ. 10:36). ഇത്തരം ചോദ്യോത്തരങ്ങൾ ആശയങ്ങൾ കൂടുതൽ ഗ്രഹിക്കുന്നതിന് സഹായിക്കുന്നു (ലൂക്കോ. 6:39).

### 2. ബദൽ ചോദ്യങ്ങൾ (Counter Questions)

യേശുവിനോട് ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ അവയ്ക്ക് പെട്ടെന്ന് ഉത്തരം നൽകുന്ന പതിവ് സ്വീകരിച്ചിരുന്നില്ല. ചോദ്യങ്ങൾക്ക്, ബദൽ ചോദ്യങ്ങൾ യേശു ഉന്നയിച്ചിരുന്നു. എന്തിനു വേണ്ടിയാണ് ബദൽ ചോദ്യങ്ങൾ? ശ്രോതാക്കൾ കൂടുതൽ ചിന്തിക്കുന്നതിനും പഠിക്കുന്നതിനുമായി ബദൽ ചോദ്യങ്ങൾ രൂപപ്പെടുത്തി.

കൈസ്സർക്ക് കരം കൊടുക്കുന്നത് വിഹിതമോ എന്ന് ചോദിച്ചപ്പോൾ, നാണയത്തിലെ സ്വരൂപവും മേലെഴുത്തും ആരുടേത് എന്ന ബദൽ ചോദ്യം യേശു ഉന്നയിച്ചു (മത്താ. 20:20). യേശു ദേവാലയത്തിൽ ഉപദേശിച്ചപ്പോൾ നീ എന്ത് അധികാരം കൊണ്ട് ഇതു ചെയ്യുന്നു എന്ന് മഹാപുരോഹിതന്മാരും മൂപ്പന്മാരും ചോദിച്ചപ്പോൾ യോഹന്നാന്റെ സ്നാനം എവിടെ നിന്ന്? സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ എന്ന് മറുചോദ്യം ഉന്നയിച്ചു (മത്താ. 21:23-27). ഒന്നിലധികം ബദൽ ചോദ്യങ്ങൾ ഒരു സമയം യേശു ഉന്നയിച്ചിട്ടുണ്ട്. അവയ്ക്ക് മിക്കപ്പോഴും മറുപടി ലഭിച്ചിരുന്നില്ല (മത്താ. 21:27-28).

### 3. അപേക്ഷാ ചോദ്യങ്ങൾ (Request Questions)

യേശു ശാന്ത ഭാവത്തിൽ ഉന്നയിക്കുന്നതാണ് അപേക്ഷാ ശൈലിയിലുള്ള ചോദ്യങ്ങൾ. നിങ്ങൾ എന്നെ ആരെന്നു പറയുന്നു (മത്താ. 16:15) വെന്ന് ശിഷ്യന്മാരോട് ചോദിക്കുന്നു. ഗത്സമനയിൽ യേശു വികാര ഭാവത്തിൽ 'എന്നോടു കൂടെ ഒരു നാഴിക പോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയൊ' എന്ന് ചോദിക്കുന്നു (മത്താ. 26:40). ഗന്നേസരെത്ത് തടാകത്തിൽ ശീമോന്റെ പടകിൽ കയറി യേശു, കരയിൽ നിന്ന് അല്പം നീക്കണമെന്ന് അപേക്ഷിച്ചു (ലൂക്കോ. 5:3). അപേക്ഷകളും

അപേക്ഷാ ശൈലിയിലുള്ള ചോദ്യങ്ങളും ശിഷ്യന്മാരുമായുള്ള സംവേദനത്തിലാണ് കാണുന്നത്.

### 4. നേരിട്ടുള്ള ചോദ്യങ്ങൾ (Direct Questions)

യേശുവിന്റെ ചോദ്യങ്ങളിൽ മൂർച്ചയേറിയവയാണ് നേരിട്ടുള്ള ചോദ്യങ്ങൾ. ഇവ നേരിട്ട് ഹൃദയത്തിലേക്കു തുളച്ചുകയറുവാൻ പര്യാപ്തമാണ്. 'എന്റെ വസ്ത്രത്തിൽ തൊട്ടത് ആർ' (മർക്കൊ. 5:31). 'അവനെ വെച്ചതു എവിടെ' (യോഹ. 11:34). 'ഈ തലമുറയിലെ മനുഷ്യരെ ആരോടു ഉപമിക്കേണ്ടു?' (ലൂക്കോ. 7:31). 'നിങ്ങളുടെ ഹൃദയം കടുത്തിരിക്കുന്നുവോ? കണ്ണുണ്ടായിട്ടും കാണുന്നില്ലയോ?, ചെവി ഉണ്ടായിട്ടും കേൾക്കുന്നില്ലയോ?' (മർക്കോ. 8:17–18). 'ഒരു കള്ളന്റെ നേരെ എന്ന പോലെ നിങ്ങൾ എന്നെ പിടിപ്പാൻ വാളും വടിയുമായി പുറപ്പെട്ടു വന്നുവോ?' (മർക്കൊ. 14:48). 'മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചതു ആർക്കാകും?' (ലൂക്കോ. 12:20).

യേശു ഉന്നയിക്കുന്ന ചില നേരിട്ടുള്ള ചോദ്യങ്ങൾക്ക് വിശദീകരണം നൽകുന്നുവെങ്കിലും മിക്ക ചോദ്യങ്ങളും ശ്രോതാക്കളുടെ ഹൃദയങ്ങളിൽ സംഘർഷം സൃഷ്ടിക്കുന്നവയാണ്. യേശു ഉന്നയിക്കുന്ന ചോദ്യങ്ങളുടെ വിവിധ മാനങ്ങൾ പ്രത്യേകം പഠിക്കേണ്ടവയാണ്.

## B. പ്രസ്താവനകൾ രൂപപ്പെടുത്തുന്നു (Making Statements)

ശിഷ്യന്മാരുമായുള്ള സംവേദനത്തിലൂടെ രൂപപ്പെടുത്തിയവയാണ് യേശുവിന്റെ പ്രസ്താവനകൾ. യേശുവിനോട് ഒത്ത് സംവേദന പ്രക്രിയയിൽ പങ്കുചേരുവാൻ ശിഷ്യന്മാരെ നിരന്തരം പ്രചോദിപ്പിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തു. പുതിയ പ്രസ്താവനകൾ രൂപപ്പെടുത്തുകയും നിലവിലുള്ളവയ്ക്ക് പുതിയ ഭാഷ്യം നൽകി പുനഃക്രമീകരിക്കുകയും ചെയ്തു. യേശുവിന്റെ പ്രസ്താവനകൾ വിവിധ തരത്തിൽപ്പെടുന്നവയാണ്:

### 1. നേരിട്ടുള്ള പ്രസ്താവനകൾ (Direct Statements)

സുവിശേഷങ്ങളിൽ യേശു നടത്തിയ നിരവധി പ്രസ്താവനകളുണ്ട്. നേരിട്ടുള്ളവയും ധാരാളമുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് 'ഞാൻ' എന്നു തുടങ്ങുന്ന ഏഴു പ്രസ്താവനകൾ: 'ഞാൻ ജീവന്റെ അപ്പമാകുന്നു' (യോഹ. 6:35); 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' (യോഹ. 8:12); 'ഞാൻ വാതിലാകുന്നു' (യോഹ. 10:11); 'ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു' (യോഹ. 11:25); 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു' (യോഹ. 14:6); 'ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു' (യോഹ. 15:1).

പ്രസ്താവനകൾ രൂപപ്പെടുത്തുന്നത് ദീർഘമായ വിശദീകരണങ്ങളോടെയാണ്. ഇവയുടെ ചിന്താരൂപീകരണത്തിൽ ശിഷ്യന്മാരും പങ്കുചേരുന്നു. യേശുവും ശിഷ്യന്മാരുമായുള്ള സംവേദന പ്രക്രിയയുടെ ഫലമായി രൂപപ്പെടുന്നവയാണ് പ്രസ്താവനകൾ. അവ ലളിതവും സംക്ഷിപ്തവുമായ രീതിയിൽ യേശു അവതരിപ്പിക്കുന്നു.

### 2. പ്രകോപനപരമായ പ്രസ്താവനകൾ (Provocative Statements)

യേശു പ്രകോപനപരമായ നിരവധി പ്രസ്താവനകൾ നടത്തിയിട്ടുണ്ട്. ഇവ യേശു പുരുഷാരത്തോടും ശിഷ്യന്മാരോടും പറഞ്ഞവയാണ്. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ജീവിത ശൈലികളും ആചാരാനുഷ്ഠാനങ്ങളും വിമർശനപൂർവ്വം നിരീക്ഷിക്കുന്നതിൽ നിന്നും പ്രതിഫലിക്കുന്നവയാണ് ഈ പ്രസ്താവനകൾ. 'കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം' (മത്താ. 23:13, 14, 23, 25, 27, 29) എന്നു പറഞ്ഞു കൊണ്ടാണ് പ്രസ്താവനകൾ ആരംഭിക്കുന്നത്.

### 3. മുന്നറിയിപ്പിന്റെ പ്രസ്താവനകൾ (Warning Statements)

യേശുവിന്റെ പ്രഭാഷണങ്ങളിൽ മുന്നറിയിപ്പു നൽകുന്ന പ്രസ്താവനകളുണ്ട്. മരണം, ഉയിർത്തെഴുന്നേൽപ്പ്, ലോകാവസാനം എന്നിവയെക്കുറിച്ച് മുന്നറിയിപ്പുകൾ നൽകുന്നു.

'നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കുമെന്ന്' (മത്താ. 26:21) യൂദായെക്കുറിച്ചും 'കോഴി കൂകും മുമ്പേ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും' (മത്താ. 26:34) എന്ന് പത്രോസിനെക്കുറിച്ചും യേശു മുന്നറിയിപ്പു നൽകുന്നു. മത്തായി 24, 25 അദ്ധ്യായങ്ങളിൽ ലോകാവസാനത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ഉണ്ട്.

### 4. വൈവിധ്യമായ പ്രസ്താവനകൾ (Contrasting Statements)

രണ്ട് വ്യത്യസ്തകളെ ചേർത്തു യോജിപ്പിച്ച് അവതരിപ്പിക്കുന്നവയാണ് വൈവിധ്യമാർന്ന പ്രസ്താവനകൾ. 'ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ' (മത്താ. 10:16). 'ചെന്നായും', 'ആടും', 'പാമ്പും', 'പ്രാവും' വ്യത്യസ്ത പുലർത്തുന്നെങ്കിലും അവയെ പരസ്പരം യോജിപ്പിച്ച് പുതിയ അർത്ഥം കല്പിച്ചിരിക്കുകയാണ്.

'നിന്റെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറ്റേതും തിരിച്ചു കാണിക്കുക' (മത്താ. 5:39). 'അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും

തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിപ്പിക്കുകയും ചെയ്യുന്നുവല്ലോ' (മത്താ. 5:45). 'വലത്തെ ചെകിട്', 'ഇടത്തെ ചെകിട്', 'ദുഷ്ടന്മാർ', 'നല്ലവർ', 'നീതിമാന്മാർ', 'നീതികെട്ടവർ' എന്നിങ്ങനെയുള്ള പരാമർശങ്ങളോടു കൂടിയ പ്രസ്താവനകൾ സംവേദന പ്രക്രിയയിൽ ചിന്തകളുടെ താരതമ്യ പഠനങ്ങൾ സൃഷ്ടിക്കുന്നു.

### 5. പ്രചോദിപ്പിക്കുന്ന പ്രസ്താവനകൾ (Encouraging Statements)

പ്രചോദനവും പ്രോത്സാഹനവും നൽകുന്ന പ്രസ്താവനകൾ യേശു നടത്തിയിട്ടുണ്ട്. 'കനാന്യ സ്ത്രീയോട്: നിന്റെ വിശ്വാസം വലിയത്. നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ' (മത്താ. 15:28). ദരിദ്രയായ വിധവ 'ഒരു പൈസായ്ക്കു ശരിയായ രണ്ട് കാശ്' ഇട്ടപ്പോൾ (മർക്കോ. 12:42) യേശു അവളുടെ പ്രവൃത്തിയെ അഭിനന്ദിക്കുന്നു. രക്തസ്രാവക്കാരി സ്ത്രീയോട് യേശു പറയുന്നു: 'മകളെ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോകുക' (ലൂക്കോ. 8:48). യേശു ക്രൂശിൽ വെച്ച് ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തനോട്: 'ഇന്നു നീ എന്നോടു കൂടെ പറുദീസായിൽ ഇരിക്കും' (ലൂക്കോ. 23:43) എന്നു പറഞ്ഞു. യേശുവിന്റെ സംവേദനത്തിൽ ഏവരേയും പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന ശൈലികളുണ്ട്.

## C. ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നത് (Force to Think)

യേശുവിന്റെ സംവേദനത്തിന്റെ പ്രത്യേകതയായിരുന്നു ശ്രോതാക്കളെ സ്വയം അപഗ്രഥിക്കുവാൻ പ്രേരിപ്പിക്കുന്നത്. വിശദീകരണങ്ങളും വിശകലനങ്ങളും നൽകിയിട്ട് അവയുടെ ഗൂഢാർത്ഥം ഗ്രഹിക്കുവാനായി ശ്രോതാക്കളോട് യേശു ആവശ്യപ്പെടുകയാണ്. പറയുന്നത് അതു പ്രകാരം ശ്രദ്ധിച്ച് ഉൾക്കൊള്ളുന്നതിനോട് യേശുവിന് യോജിപ്പില്ലായിരുന്നു. ശ്രോതാക്കൾ അവരവരുടെ പ്രാപ്തിക്കനുസരിച്ച് അപഗ്രഥന പ്രക്രിയയിൽ പങ്കുചേരണമെന്ന് യേശു ആഗ്രഹിച്ചു. കൈസ്സർക്ക് കരം കൊടുക്കുന്നതും (മർക്കോ. 12:14) നല്ല ശമര്യാക്കാരന്റെ കഥയും (ലൂക്കോ. 10:36) തോട്ടത്തിൽ പണിയെടുക്കുന്ന മക്കളും (മത്താ. 21:31) ശ്രോതാക്കളുടെ വിചിന്തനത്തിനായി യേശു വിട്ടു കൊടുക്കുന്നു.

യേശുവിന്റെ സംവേദന പ്രക്രിയയിൽ ഉപയോഗിച്ച പഴമൊഴികൾ (proverbs), ഉദ്ധരണികൾ (quotations), ഉപമകൾ (parables), സാദൃശ്യങ്ങൾ (metaphers) എന്നിവ എല്ലാം കൂടുതൽ ആലോചിക്കുന്നതിനും ചിന്തിക്കുന്നതിനുമായി രൂപപ്പെടുത്തിയവയാണ്. ഇവ എല്ലാം അന്നത്തെ പലസ്തീൻ പശ്ചാത്തലത്തിൽ സുപരിചിതവും വളരെ വേഗത്തിൽ

ഹൃദിസ്ഥമാക്കുവാൻ പര്യാപ്തവുമായിരുന്നു. മത – സാംസ്ക്കാരിക ജീവിതത്തിൽ നിന്നും അടർത്തിയെടുത്തവയാണ് ഇവ. എല്ലാ ഉപമകളും പ്രതീകങ്ങളും അന്നത്തെ ജനതയ്ക്ക് പൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിഞ്ഞതായി പഠനങ്ങൾ തെളിയിക്കുന്നു.

## d. പങ്കുചേരുവാൻ പ്രേരിപ്പിക്കൽ (Forcing Involvement)

യേശുവിന്റെ സംവേദനത്തിന്റെ പരമമായ ലക്ഷ്യങ്ങളിൽ ഒന്നാണ് ക്രിയാത്മകമായ പങ്കുചേരൽ. പ്രഭാഷണം കൊണ്ട് നിശബ്ദമായിരിക്കുവാനോ നിഷ്ക്രിയമാകുവാനോ യേശു ഇഷ്ടപ്പെടുന്നില്ല. ഏവരും ദൈവരാജ്യത്തിന് വേണ്ടി അദ്ധ്വാനിക്കുവാനുള്ള ആഹ്വാനം ഉൾക്കൊള്ളണം. ഇതിനായി എഴുപതു പേരെ നിയമിച്ചു. താൻ ചെല്ലുവാനുള്ള ഓരോ പട്ടണത്തിലും സ്ഥലത്തും അവരെ തനിക്കു മുമ്പായി ഈരണ്ടായി അയച്ചു (ലൂക്കോ. 10:1–2). അന്ത്യശാസനം നൽകി (മത്താ. 28:19–20), ലോകത്തിലേയ്ക്കു അയക്കുന്നു.

ദൗത്യനിർവ്വഹണത്തിനു അയയ്ക്കുന്നതിനു മുമ്പേ ശിഷ്യന്മാർക്ക് യേശു ആവശ്യമായ പരിശീലനവും നൽകിയിരുന്നു. ദേവാലയ ശുദ്ധീകരണം (യോഹ. 2:13–17), ശിഷ്യന്മാരുടെ കാൽകഴുകൽ (യോഹ. 13:4–17), കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കൽ (യോഹ. 2:1–11), ലാസറിനെ ഉയർപ്പിക്കുന്നത് (യോഹ. 11:44) തുടങ്ങിയ സംഭവങ്ങളിലെല്ലാം ദൗത്യനിർവ്വഹണത്തിന്റെ വിവിധ വശങ്ങൾ കാണിച്ചുകൊടുക്കുന്നു.

## e. ജീവിത യാഥാർത്ഥ്യങ്ങളെ നേരിടുവാൻ പരിശീലിപ്പിക്കുന്നു (Force to Face Real Issues)

ലോകത്തിന്റെ അറ്റത്തോളം ശിഷ്യന്മാർ സാക്ഷികളാകുന്നതിനു പരിശീലനം യേശു നൽകുന്നു. ജീവിത യാഥാർത്ഥ്യങ്ങളെ എങ്ങനെ നേരിടണമെന്ന് യേശു പഠിപ്പിച്ചു. രാജാക്കന്മാർക്ക് കരം കൊടുക്കുന്നതിനായി കടലിലേക്ക് ചൂണ്ടൽ ഇടുവാൻ അയയ്ക്കുന്നു (മത്താ. 17:27). യേശുവിന്റെ പ്രസംഗം കേട്ടിരുന്നവരെ ആഹാരം വാങ്ങുവാനായി പറഞ്ഞയക്കണമെന്നു പറഞ്ഞപ്പോൾ യേശു പറയുന്നു: 'നിങ്ങൾ തന്നെ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ' (ലൂക്കോ. 9:13). എഴുപതു പേരെ അയയ്ക്കുമ്പോൾ പ്രത്യേകം നിർദ്ദേശിക്കുന്നു. 'സഞ്ചിയും പൊക്കണവും ചെരിപ്പും എടുക്കരുത്' (ലൂക്കോ. 10:4). പന്ത്രണ്ടു പേരെ അയയ്ക്കുമ്പോഴും ഇതു പറയുന്നു (മത്താ. 10:10). ഇങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ ജീവിത യാഥാർത്ഥ്യങ്ങളെ നേരിടുവാൻ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. യേശുവിന്റെ സംവേദന പ്രക്രിയ ജീവിതത്തിന്റെ വൈവിധ്യങ്ങളെ അഭിമുഖീകരിക്കുവാൻ പരിശീലിപ്പിച്ചു.

## F. പരീക്ഷ (Testing)

യേശുവിന്റെ സംവേദനം ശ്രോതാക്കൾക്ക് ഉൾക്കൊള്ളുവാൻ കഴിയുമോ എന്ന് യേശു തന്നെ പരീക്ഷിച്ചു നോക്കാറുണ്ട്. പ്രഭാഷണങ്ങളും അത്ഭുതപ്രവൃത്തികളും മനസ്സിലാക്കിയ പട്ടണങ്ങൾ മാനസ്സാന്തരപ്പെടാഞ്ഞപ്പോൾ അവയെ യേശു ശാസിച്ചു (മത്താ. 11:20). യേശു പറഞ്ഞ ഉപമകൾ പിന്നീട് വിശദീകരിച്ചു പഠിപ്പിക്കുന്നു (മത്താ. 13:36-43). ഉപമകൾ പറഞ്ഞിട്ട് അവ ശിഷ്യന്മാർ ഗ്രഹിച്ചുവോ എന്ന് യേശു അന്വേഷിക്കുന്നുണ്ട് (മത്താ. 13:51).

യേശുവിന്റെ സംവേദനലക്ഷ്യം ആശയം പൂർണ്ണമായും പങ്കിടലായിരുന്നു. അതിനായി ലളിതവും ഹൃദ്യവുമായ ശൈലിയും ഉപമകളും സ്വീകരിച്ചു. വാമൊഴിയിലെ സാധ്യമായ എല്ലാ സമ്പ്രദായങ്ങളും യേശു ഉൾക്കൊണ്ടു. യേശുവിന്റെ സംവേദനം ശിഷ്യന്മാരിൽ സമഗ്രമായ രൂപാന്തരം സൃഷ്ടിക്കുവാൻ ശക്തിയുള്ളതായിരുന്നു. സംവേദനത്തിൽ നിന്നും ക്രിയാത്മകമായ പ്രവർത്തനമാണ് യേശു വിഭാവനം ചെയ്തത്.

വാമൊഴിയായുള്ള യേശുവിന്റെ സംവേദനം സജീവമാക്കി തീർത്തത് ദൃശ്യബിംബങ്ങളും പ്രകൃതിയിൽ നിന്നുള്ള വസ്തുക്കളുമാണ്. എത്രയെത്ര പ്രകൃതി ദൃശ്യങ്ങളാണ് പ്രഭാഷണത്തിൽ യേശു കോർത്തിണക്കിയത്. സംവേദനത്തിന് പുതിയ ദിശയും വ്യാഖ്യാനവും നൽകുവാൻ ഇത്തരം ദൃശ്യങ്ങൾക്കു കഴിയുന്നു.

ആകാശത്തിലെ പറവകളും വയലിലെ പുല്ലും താമരയും മുന്തിരിവള്ളിയും (മത്താ. 6:26-30, യോഹ. 15:1) പരിജ്ഞാനത്തിന്റെ പുതിയ മേഖലകൾ വെളിപ്പെടുത്തുന്നു. ഇരുളും വെളിച്ചവും, സൂര്യനും മഴയും, പക്ഷികളും പുഷ്പങ്ങളും, കല്ലും അപ്പവും, മീനും പാമ്പും, ആടും ചെന്നായും, മരവും പഴവും, ഗോതമ്പും കളയും, പറവകളും പ്രാവുകളും, പവിഴവും സമുദ്രവും, കാറ്റും വെള്ളവും എല്ലാം യേശുവിന്റെ സംവേദനത്തിൽ പ്രാമുഖ്യം നേടി. ദൈവരാജ്യത്തിന്റെ മഹത്ത്വവും ശുശ്രൂഷയും വിശദീകരിക്കുവാൻ പ്രകൃതി വിഭവങ്ങളെയും യേശു ഉപയോഗിച്ചു.

### ഉപസംഹാരം

യേശുവിന്റെ സംവേദന സമ്പ്രദായങ്ങളിൽ ഏറ്റവും അധികം ഉപയോഗിച്ചത് ഉപമകളായിരുന്നു (മർക്കോസ് 4:33-34). ഉപമകളിലെ പ്രതീകങ്ങൾ, ഭാഷ, രൂപം, അർത്ഥം എന്നിവ അക്കാലഘട്ടത്തിലെ ജനവിഭാഗത്തിന് നിഷ്പ്രയാസം ഉൾക്കൊള്ളുവാൻ പര്യാപ്തമായിരുന്നു. ഇവ സാമൂഹികവും സാംസ്ക്കാരികവുമായ വിശകലനം ചെയ്താണ് യേശു പുനർവായന നടത്തിയത്.

യേശുവിന്റെ സംവേദന ശൈലി മനുഷ്യ ജീവിതവുമായി അഗാധ മായി ബന്ധപ്പെട്ടിരുന്നു. വ്യക്തി ബന്ധങ്ങളിൽ കേന്ദ്രീകൃതമായി വളർന്നു വികസിച്ചതായിരുന്നു യേശുവിന്റെ സംവേദന തലം. ശക്തവും രൂപാ ന്തരപ്പെടുത്തുന്നതുമായ യേശുവിന്റെ സംവേദനത്വം വ്യക്തിതല ബന്ധ ങ്ങളിൽ നിന്നും രൂപപ്പെട്ടു. അതിനാൽ കൂട്ടായ പ്രവർത്തനത്തിനും സാമൂഹിക മാറ്റത്തിനും യേശുവിന്റെ സംവേദനം ശക്തി പകർന്നു. അനു ദിന ജീവിതത്തിലും ബോധന സമ്പ്രദായങ്ങളിലും യേശു പകർന്ന സംവേദനത്തിന്റെ തലങ്ങൾ ഉൾക്കൊള്ളുവാൻ കഴിയണം. യേശു ഉപ യോഗിച്ച ബോധനശൈലികൾ എല്ലാംതന്നെ ഇപ്പോഴും വളരെ പ്രസ ക്തമാണ്.

❑

## പാഠം 3

# സംവേദന വേദശാസ്ത്രം

❑ വേദശാസ്ത്രവും സംവേദനവും ❑ സംവേദന വേദശാസ്ത്ര ധാരകൾ ❑ ത്രിത്വദർശനം ❑ വെളിപാടിന്റെ ദർശനം ❑ മർത്തീകരണ ദർശനം ❑ പ്രഖ്യാപന ദർശനം

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ വളർന്നു വികസിച്ച ശാഖയാണ് സംവേദന ശാസ്ത്രം. ശാസ്ത്ര സാങ്കേതികതയുടെ നിരന്തരമായ സമ്പർക്കവും സമന്വയവും സംവേദന പ്രക്രിയയിൽ സംക്രമിച്ചപ്പോൾ സംവേദന തലങ്ങളുടെ ചക്രവാളങ്ങൾ വികസിതമായി. ദൈവശാസ്ത്ര പഠനത്തിലും സംവേദന പഠനങ്ങൾ ഉൾക്കൊള്ളിച്ചു. സഭകൾ സംവേദന സാദ്ധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞു. വളർന്നുവന്ന മാധ്യമ സമൂഹ പശ്ചാത്തലത്തിൽ ക്രിസ്തീയ സാക്ഷ്യം ഫലപ്രദമാക്കുവാൻ 'സംവേദന'വും മാധ്യമവും അനിവാര്യവും നിർണ്ണായകവുമാണ്. ഇത്തരം സാഹചര്യത്തിൽ സംവേദന ദൈവശാസ്ത്രത്തെക്കുറിച്ചുള്ള അന്വേഷണം ശക്തിപ്പെട്ടു.

ദൈവശാസ്ത്രവും സംവേദനവും പരസ്പര പൂരകങ്ങളാണ്. പ്രത്യേകിച്ച് ക്രിസ്തീയ ദൈവശാസ്ത്രത്തിൽ. എന്നാൽ ഇവയുടെ ദൗത്യനിർവ്വഹണങ്ങൾ വേറിട്ട് അപഗ്രഥിച്ചിട്ടില്ല. മൂന്നാം സഹസ്രാബ്ദത്തിൽ സംവേദന ശാസ്ത്രം എല്ലാ വിഷയങ്ങളിലും ആധിപത്യം ഉറപ്പിച്ച് ആഗോള തലത്തിൽ പുത്തൻ സ്വാധീനങ്ങളും ദർശനങ്ങളും രൂപപ്പെടുത്തുവാൻ ശ്രമിക്കുകയാണ്. സംവേദന കലയും ശാസ്ത്രവും നിർണ്ണായക ശക്തിയായി, സ്വതന്ത്രമായ നിലയിൽ വിജ്ഞാന മേഖലകളിലേക്ക് പോകുകയാണ്. ചരിത്രത്തിൽ സംവേദന ശാസ്ത്രവും സമ്പ്രദായങ്ങളും വിജ്ഞാന ശാഖകളിൽ തഴയപ്പെടുകയോ തമസ്കരിക്കപ്പെടുകയോ ചെയ്തിരുന്നു. സ്വതന്ത്രമായ സത്തയും വ്യക്തിത്വവും സംവേദന പഠനങ്ങൾക്ക് ലഭിച്ചിട്ടുമില്ല. ഇപ്പോൾ സംവേദന കാഴ്ചപ്പാടിൽ വിവിധ വിഷയങ്ങൾ വിശകലനം ചെയ്യുവാനും ഓരോ വിഷയത്തിന്റെയും സംവേദനത്വം പുനഃനിർവ്വചിക്കുവാനും ശ്രമിക്കുന്നുണ്ട്.

രണ്ടായിരം വർഷമായി വളർന്നു വികസിച്ച ക്രിസ്തീയ വേദശാസ്ത്ര ശാഖകൾക്ക് സംവേദനത്വം എത്രമാത്രം ഉണ്ട്? വേദശാസ്ത്ര സംവേദനം ഫലപ്രദമാകുന്നുണ്ടോ? സംവേദനവും വേദശാസ്ത്രവും തമ്മിലുള്ള ബന്ധം എപ്രകാരമാണ്. സംവേദന വേദശാസ്ത്രം എങ്ങനെ നിർണ്ണയിക്കാം. ക്രിസ്തീയ സംവേദന കാഴ്ചപ്പാടുകൾ എന്തെല്ലാമായിരിക്കണം തുടങ്ങിയ വിഷയങ്ങൾ സംവേദന വേദശാസ്ത്രത്തിൽ വളരെ ശക്തമായി അന്വേഷിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

## വേദശാസ്ത്രവും സംവേദനവും (Theology and Communication)

മാനവ സമൂഹത്തോട് ദൈവത്തിന്റെ നിരന്തരമായ സംവേദനവും യേശു ക്രിസ്തുവിൽ കൂടിയുള്ള ദൈവ മനുഷ്യ ബന്ധത്തിന്റെ പുന സൃഷ്ടിയുമാണ് ദൈവശാസ്ത്ര പഠനത്തിന്റെ അടിസ്ഥാനം. ദൈവത്തെ ക്കുറിച്ചുള്ള ശാസ്ത്രീയമായ കാഴ്ചപ്പാടിൽ ഇത് വിശകലനം ചെയ്യുന്നു. മനുഷ്യനും മനുഷ്യനും, ദൈവവും മനുഷ്യനും തമ്മിൽ സംവേദനം പുനഃസൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതാണ് വേദ ശാസ്ത്രം. ഇത് ദൈവത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം എന്നതിനേ ക്കാൾ ദൈവവും മനുഷ്യ സമൂഹവും തമ്മിലുള്ള സംവേദന പ്രക്രിയ യെക്കുറിച്ചുള്ള വിശകലനം എന്ന് പുനർവായന നടത്തണം.

ക്രിസ്തു മതത്തിന്റെ മുഖമുദ്ര സംവേദനമാണ്. വേദപുസ്തകത്തിൽ ഉല്പത്തി മുതൽ വെളിപാടു വരെയുള്ള എഴുത്തുകളിൽ ദൈവം മാന വരാശിയോടു നടത്തിയ വിവിധങ്ങളായ സംവേദനത്തിന്റെ ഇതിഹാസ മാണ്. ദൈവം ചരിത്രത്തിൽ ഇടപെട്ട് സംവേദിച്ചു. സമൂഹത്തെ രൂപാ ന്തരപ്പെടുത്തുന്ന സംവേദനശൈലിയും, മാനവസമൂഹത്തോട് ഇട പെടുന്ന പ്രവണതകളും ദൈവത്തിന്റെ സംവേദനത്വം തിരിച്ചറിയുവാൻ സഹായിക്കുന്നു. ദൈവം മനുഷ്യവർഗ്ഗത്തോടു നടത്തിയ സംവേദന ചരി ത്രമാണ് വേദപുസ്തകം. യേശുക്രിസ്തുവിലൂടെ ദൈവിക സംവേദന ത്തിന്റെ പൂർണ്ണത വെളിപ്പെടുത്തി. ക്രിസ്തുമതം സംവേദനത്തെ ദൗത്യ നിർവ്വഹണത്തിന്റെ അടിസ്ഥാന സമ്പ്രദായമായി സ്വീകരിച്ചു. ക്രിസ്തീയ സാക്ഷ്യം, സുവിശേഷീകരണം, കാര്യവിചാരകത്വം, വിദ്യാഭ്യാസം, മിഷൻ എന്നിവ സംവേദന ശൈലിയുടെ വിവിധ തലങ്ങളായി രൂപപ്പെട്ടു.

ക്രിസ്തീയ ദൗത്യം സംവേദനത്തിലൂടെ തലമുറകൾക്കു പകർന്നു. സുവിശേഷ പ്രഖ്യാപനം, സുവിശേഷീകരണം, പ്രഭാഷണം, വിശ്വാസ പാഠം, മതബോധനം എന്നിവയിലെല്ലാം അടിസ്ഥാന ഘടകം 'സംവേ ദന'മാണ്. അതിനാൽ സംവേദനം വിസ്മരിച്ചുള്ള ദൗത്യനിർവ്വഹണം ക്രിസ്തീയ സഭകളിൽ ഉണ്ടായിട്ടില്ല. ഇപ്പോൾ ഫലപ്രദമായ സംവേദന ത്തിന്റെ വിവിധ വശങ്ങളാണ് സഭകൾ അന്വേഷിക്കുന്നത്. സംവേദനം കൂടുതൽ ക്രിയാത്മകവും ഫലപ്രദവുമാക്കിത്തീർക്കുകയാണ് ലക്ഷ്യം.

ദൈവികതയുടെ ഉള്ളടക്കം വ്യക്തവും സുന്ദരവുമായ ഭാഷയിൽ വിനി മയം ചെയ്യുകയാണ് വേദശാസ്ത്രം. ഇത് സംവേദനത്തിന്റെ തലമാണ്. ഇതിനായി മാർഗ്ഗം, മാതൃക, ഘടന, സാംസ്കാരികത എന്നിവ മറ്റ് മാന വിക സാമൂഹിക ശാഖകളിൽ നിന്നും സ്വീകരിക്കുന്നു.

ക്രിസ്തീയ സഭയുടെ സംവേദന ചരിത്രം അതിവിശാലമാണ്. വിവിധ

കാലഘട്ടങ്ങളിൽ രൂപപ്പെട്ട സംവേദന ശൈലികളെ സ്വീകരിക്കുവാൻ സഭകൾ മടികാണിച്ചിരുന്നില്ല. മാറിവരുന്ന സംവേദന സമ്പ്രദായങ്ങൾ സഭയുടെ സ്വഭാവം, സന്ദേശം, ദൗത്യം എന്നിവയെ സ്വാധീനിക്കും എന്ന് തിരിച്ചറിഞ്ഞതിനാൽ അവയെ ഗുണപരമായി ഉപയോഗിക്കുവാൻ ശ്രമിച്ചു. ക്രിസ്തുമതത്തിന്റെ വാമൊഴി (Oral tradition) പാരമ്പര്യം മുതൽ ഇന്നു വരെയുള്ള സംവേദന ചരിത്രം ഇത് വ്യക്തമാക്കുന്നു. അതിനാൽ ദൈവശാസ്ത്രവും സംവേദനവും അഗാധമായി ബന്ധപ്പെട്ടിരിക്കുന്നു.

ദൈവശാസ്ത്ര വിശകലനത്തിനുള്ള സിദ്ധാന്തം, മാർഗ്ഗം, മാതൃക, ഘടന എന്നിവയുടെ തത്ത്വങ്ങൾ സംവേദന ശാസ്ത്രത്തിൽ നിന്നും കടമെടുത്തിട്ടുണ്ട്. സംവേദനവും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധത്തിന്റെ ആഴങ്ങൾ തിരിച്ചറിഞ്ഞ പോൾ സുകൂപ്പ് (Paul Soukup, 1983; *Communication and Theology*) മതങ്ങളുടെ സ്വയാവബോധം, സംവേദനങ്ങളോടുള്ള മനോഭാവം, സഭകൾക്ക് പ്രയോജനപ്രദമായ സംവേദനം, സംവേദന ധർമ്മം എന്നിവയിൽ പ്രാഥമികമായ വേദശാസ്ത്ര വിചിന്തനം ആവശ്യമാണെന്നു നിർദ്ദേശിക്കുന്നു. വേദശാസ്ത്രത്തിലെ ഭാഷ, സൗന്ദര്യം, സംസ്കാരം, സംവാദം, വിനിമയം, വിദ്യ എന്നിവ സംവേദന പ്രതീകങ്ങളാണെന്നും എന്നാൽ വേദശാസ്ത്രം ഫലപ്രദമായി വിനിമയം ചെയ്യുന്നതിൽ വിജയിക്കുന്നില്ലെന്നും പറയുന്നു. അതിനാൽ ഫലപ്രദമായ സമ്പ്രദായങ്ങൾ വേദശാസ്ത്രത്തിൽ പുനഃരാവിഷ്ക്കരിക്കുവാൻ കഴിയണം എന്നും സംവേദനത്തോട് ദൈവശാസ്ത്രവും ദൈവശാസ്ത്രത്തിൽ സംവേദനവും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന പുത്തൻ ദർശനം വളർത്തിയെടുക്കുവാൻ കഴിയണമെന്ന് നിർദ്ദേശിക്കുന്നു. വാൻ ഡർ മെയ്ഡൻ (Van - der Meiden, 1981) ദൈവശാസ്ത്രവും സംവേദനവും തമ്മിലുള്ള ബന്ധങ്ങൾ തരംതിരിക്കുന്നത് ഇപ്രകാരമാണ്.

1. വിശാലമായ അർത്ഥത്തിൽ സംവേദന ഫലമാണ് വേദശാസ്ത്രം.
2. വേദശാസ്ത്രത്തിന്റെ ലക്ഷ്യം മാനവ വർഗ്ഗത്തോട് ദൈവം നടത്തിയ സംവേദനമാണ്.
3. വേദശാസ്ത്രം വെളിപ്പെടുന്നത് സംവേദന മാതൃകകളിലാണ്.
4. വേദശാസ്ത്രത്തിന്റെ ഉപാധിയാണ് (tool) സംവേദനം.

വേദശാസ്ത്രം സംവേദനത്തിന്റെ അവിഭാജ്യഘടകമാണ്. ഫലപ്രദമായി സംവേദനം ചെയ്യപ്പെടാൻ സാധിക്കാത്തത് യഥാർത്ഥ വേദശാസ്ത്രമല്ല എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

## വേദശാസ്ത്രത്തിന്റെ സംവേദനത്വം (Communicative Theology)

വേദശാസ്ത്രവും സംവേദനവും തമ്മിലുള്ള പരസ്പര പ്രവർത്തനമാണ്

വേദശാസ്ത്ര സംവേദനത്വം. വേദശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന 'ദൈവത്തെ' എങ്ങനെ വ്യക്തവും യുക്തവുമായ ഭാഷയിൽ അവതരിപ്പിക്കുന്നു എന്നതാണ് പ്രാഥമിക ലക്ഷ്യം. വേദശാസ്ത്രത്തിലെ സംവേദന സിദ്ധാന്തങ്ങൾ, മാതൃകകൾ, മാർഗ്ഗങ്ങൾ എന്നിവയും അന്വേഷിക്കുന്നു. വേദശാസ്ത്രത്തിന്റെ സംവേദനത്വം വിശകലനം ചെയ്യുന്ന ആനി വാൻഡർ മെയ്ഡൺ ഇതിന്റെ അടിസ്ഥാനപരമായ അർത്ഥ വിജ്ഞാനീയം (semantic) വിശകലനം ചെയ്യുന്നു:

'സംവേദനത്തിന്റെ വേദശാസ്ത്രമല്ല വേദശാസ്ത്രത്തിന്റെ സംവേദനത്വം. ഇത് സംവേദന കേന്ദ്രീകൃതവും (communication centered) സംവേദനപരവുമായ വേദശാസ്ത്രമാണ് (communication oriented theology). ഇതിൽ സംവേദനം ഉൾക്കൊള്ളുന്നതിനാൽ സംവേദനത്തിന്റെ വേദശാസ്ത്രമെന്ന് മാത്രം (theology of communication) പറയുവാൻ സാധിക്കില്ല. അതിനാൽ മനുഷ്യന്റെ സംവേദനത്വം, മാധ്യമ പരിജ്ഞാനം, സന്ദേശവിനിമയ പ്രശ്നങ്ങൾ, സന്ദേശം സൃഷ്ടിക്കുന്ന സ്വാധീനങ്ങൾ, സന്ദേശസ്വീകരണത്തിലെ പ്രശ്നങ്ങൾ, മാധ്യമ ലോകം, മാധ്യമ ഉള്ളടക്കം എന്നിവയെ കുറിച്ചുള്ള പഠനങ്ങൾ വേദശാസ്ത്ര സംവേദന സമീപനങ്ങളിൽ വികസിപ്പിച്ചെടുക്കണം. വേദശാസ്ത്ര സംവേദനത്തിലും വേദശാസ്ത്രരൂപീകരണത്തിലും ചിട്ടപ്പെടുത്തലിലും ഇവയുടെ ബന്ധം കണ്ടെത്തുവാൻ കഴിയണം.

ചിന്ത, ഭാഷ, എഴുത്ത് എന്നിവയിൽ സാംസ്കാരിക സ്വാധീനങ്ങൾ ഉണ്ടാകും. സമൂഹത്തിന്റെ വിവിധ ഘടനയിൽ ഉണ്ടാകുന്ന വൈവിധ്യങ്ങൾ ദൈവത്തെക്കുറിച്ചുള്ള അന്വേഷണത്തിലും അവതരണത്തിലും പ്രകടമാകും. അതിനാൽ വേദശാസ്ത്ര രൂപശില്പത്തിൽ സംസ്ക്കാരത്തിന്റെ സ്വാധീനങ്ങളും മാതൃകകളും ഉണ്ടാകും. അവ കണ്ടെത്തുകയും സംവേദനത്വം സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

വേദശാസ്ത്ര സംവേദനത്വം - വേദശാസ്ത്രത്തിലെ സംവേദന വ്യാപ്തി തിട്ടപ്പെടുത്തുവാൻ ശ്രമിക്കുകയും അവ സംവേദിപ്പിക്കുകയും ചെയ്യുന്നു. മാതൃക, ഘടന, മാർഗ്ഗം തുടങ്ങിയ സംവേദന ശാസ്ത്രത്തിലെ ഘടകങ്ങൾ പര്യവേഷണം നടത്തുന്നു. വേദശാസ്ത്രത്തിലെ ഉള്ളടക്കം എങ്ങനെ വിനിമയം ചെയ്യുന്നുവെന്നും ഉള്ളടക്കം എങ്ങനെ വികസിപ്പിച്ചുവെന്നും വേദശാസ്ത്ര സംവേദനത്തിൽ അന്വേഷിച്ചറിയുന്നു.

സംവേദിക്കുന്ന ദൈവശാസ്ത്രത്തിന്റെ സ്വഭാവം, ദൈവശാസ്ത്രത്തിൽ കണ്ടെത്തുന്ന സംവേദന സ്വഭാവം, ദൈവശാസ്ത്രത്തിൽ ഉൾക്കൊള്ളുന്ന സംവേദന ഘടകങ്ങൾ ഇവ എപ്രകാരം, എങ്ങനെ അർത്ഥ വിനിമയം നടത്തുന്നു എന്ന് വിശദമായി അന്വേഷിക്കുന്നു.

## സംവേദനത്തിന്റെ വ്യവസ്ഥാപരമായ ദൈവശാസ്ത്രം (Systematic Theology of Communication)

സംവേദന ചക്രവാളത്തിൽ സംവേദന വേദശാസ്ത്രം സിദ്ധാന്തവും പ്രയോഗവും നിലനിർത്തുന്നു. സമകാലിക സംവേദന സമ്പ്രദായങ്ങളും അവയുടെ തന്ത്രങ്ങളും സംവേദന വേദശാസ്ത്രവും വിശകലനം ചെയ്യുന്നു.

സംവേദനത്തിന്റെ സിദ്ധാന്തപരവും വ്യവസ്ഥാപരവുമായ വേദ ശാസ്ത്ര അന്വേഷണം നിശ്ചിതമായ ശാഖയിലോ (specific discipline) വ്യവസ്ഥാപരമായ വേദശാസ്ത്രത്തിലോ അന്വേഷിക്കുന്നതാണ് 'സംവേ ദനത്തിന്റെ വ്യവസ്ഥാപരമായ വേദശാസ്ത്രം.' ഉദാഹരണത്തിന് ക്രിസ്തു വിജ്ഞാനീയം, സഭാവിജ്ഞാനീയം, ആരാധനാവിജ്ഞാനീയം എന്നിവയിൽ ഏതെങ്കിലും ഒന്നിലുള്ള വ്യവസ്ഥാപരമായ സംവേദന വേദ ശാസ്ത്രം വിശകലനം ചെയ്യുന്നത് ഇത്തരത്തിലുള്ള പഠനമാണ്.

ഓരോ ശാഖയിലുമുള്ള ഘടകങ്ങൾ, നിരീക്ഷണമാതൃകകൾ, അന്വേ ഷണം, സമർത്ഥനം എന്നിവ വഴി സംവേദനത്തിന്റെ വ്യവസ്ഥാപരമായ വേദശാസ്ത്രം വിശകലനം ചെയ്യുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. വെളിപാട് (Revelation), ത്രിത്വം (Trinity), മർത്തീകരണം (Incarnation) തുടങ്ങിയ സിദ്ധാന്തങ്ങൾ കേന്ദ്രീകരിച്ചും പഠനങ്ങളുണ്ട്.

ജോൺ മിൽസ് (John Mills, 1981) സൃഷ്ടി, മനുഷ്യപ്രകൃതി, മർത്തീ കരണം എന്നിവ സംവേദന വേദശാസ്ത്രത്തിന്റെ അടിസ്ഥാനവിഷയ ങ്ങളായി കണക്കാക്കുന്നു. എബ്രായ ലേഖനത്തിന്റെ പ്രാരംഭ വരികൾ അടിസ്ഥാനമാക്കി സിദ്ധാന്തപരമായി ഗാസ്റ്റൺ റോബേർജ് (Gaston Roberge, 1982) ഇത് വിശകലനം ചെയ്യുന്നു. അദൃശ്യനായ ദൈവത്തിന്റെ ദൃശ്യരൂപമായ ക്രിസ്തു, ദൈവത്തിന്റെ പ്രതിരൂപമായ മനുഷ്യൻ, ബിംബ ങ്ങളിലും സാദൃശ്യങ്ങളിലുമുള്ള ദൈവ പ്രത്യക്ഷത, ഭാഷാ രഹിതവും, വാക്കുകൾക്ക് അതീതവും അടയാളരഹിതവുമായ സംവേദനം എന്നിവ പഠന വിധേയമാക്കുന്നു.

വേദപുസ്തകപരവും താത്ത്വികവുമായി സംവേദന വേദശാസ്ത്രം റോബർട്ട് ഇ. വെബ്ബർ (Robert E. Webber: 1980) ആറു വിഭാഗങ്ങളിലായി നിർണ്ണയിച്ചിട്ടുണ്ട്.

1. സംവേദനത്തിന്റെ അടിസ്ഥാനം ദൈവവും സൃഷ്ടിയുമാണ്.
2. ചരിത്രം, ഭാഷ, ദർശനം എന്നിവയാണ് സംവേദന മാതൃകകൾ.
3. മർത്തീകരണമാണ് യഥാർത്ഥ സംവേദന മാതൃക.
4. സംവേദന തടസ്സം മനുഷ്യന്റെ പാപമാണ്.

5. ക്രിസ്തുവിൽ കൂടിയുള്ള വീണ്ടെടുപ്പാണ് ശിഥിലമായ സംവേദനത്തിന്റെ പുനഃക്രമീകരണം.

ഇവ സമകാലിക സംവേദന പ്രശ്നങ്ങളോട് ആഭിമുഖ്യം പുലർത്തുന്നില്ല എന്ന് സിദ്ധാന്തപരമായുള്ള സംവേദനശാസ്ത്രത്തെ വിമർശിക്കുന്നവർ ആക്ഷേപിക്കുന്നു. എങ്കിലും സംവേദന വേദശാസ്ത്രത്തിന്റെ വേദാധിഷ്ഠിത ദർശനമിതാണ്.

## സംവേദനത്തിന്റെ പ്രായോഗിക വേദശാസ്ത്രം (Practical Theology of Communication)

സംവേദനത്തിന്റെ പ്രായോഗിക തലങ്ങൾക്ക് (practical) പ്രാധാന്യം നൽകുന്ന പഠനങ്ങളാണിത്. ഇതിനെ സംവേദനത്തിന്റെ അജപാലന ദൈവശാസ്ത്രമെന്നും പറയുന്നു. പ്രായോഗിക ദൈവശാസ്ത്രത്തിലെ മുഖ്യവിഷയം അജപാലന ധർമ്മവും പരിപാലന സമ്പ്രദായങ്ങളുമാണ്. വിവിധ തരത്തിലുള്ള അജപാലന ശുശ്രൂഷ, വിശ്വാസപാഠങ്ങൾ, പ്രഭാഷണം, കൗൺസലിങ്ങ് എന്നിവ ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

സംവേദന മാർഗ്ഗങ്ങൾ, സമ്പ്രദായങ്ങൾ, തീരുമാനങ്ങൾ എന്നിവ വേദപുസ്തകപരവും സഭാശാസ്ത്രപരവുമായി വിശകലനം ചെയ്ത് ഫലപ്രദമായ സംവേദന ലക്ഷ്യങ്ങളും പദ്ധതികളും സൃഷ്ടിക്കുകയാണ് സംവേദനത്തിന്റെ പ്രായോഗിക വേദശാസ്ത്ര ലക്ഷ്യം. ഇതിന്റെ രീതിശാസ്ത്രം നിർണ്ണയിക്കുന്നത് രണ്ടു തരത്തിലാണ്.

1. പ്രാദേശിക സഭകളിൽ നിലവിലിരിക്കുന്ന സംവേദന സമ്പ്രദായങ്ങൾ, സാംസ്കാരിക കലാ രൂപങ്ങൾ, ഭാഷാ രീതികൾ എന്നിവ വഴിയുള്ള സംവേദനം (Traditional media). ഇത് ബഹുജന മാധ്യമങ്ങളേക്കാൾ (mass media) ശക്തവും ഫലപ്രദവുമാണ്.

2 സഭയിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നതും ഉപയോഗിക്കുന്നതുമായ സംവേദന സമ്പ്രദായങ്ങൾ. ഇവ ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളിൽ അധിഷ്ഠിതമായിരിക്കും. സാഹചര്യമനുസരിച്ച് ഇവ ഫലപ്രദമായി ഉപയോഗിക്കുന്നു.

## സംവേദനത്തിന്റെ ക്രിസ്തീയ ധാർമ്മിക ദർശനം (Christian Moral Vision of Communication)

ധാർമ്മിക ദൈവശാസ്ത്രത്തിന്റെ (Moral Theology) മേഖലയിൽ നിന്നുള്ള സംവേദന വിശകലനമാണിത്. സംവേദനത്തിന്റെ പ്രയോഗങ്ങളും നയരൂപീകരണങ്ങളും പ്രാഥമികമായി വിമർശനപൂർവ്വം അന്വേഷിക്കുന്നു. ധാർമ്മികമായി സംവേദനത്തിലെ തെറ്റും ശരിയും ഇതിൽ നിർണ്ണയിക്കുന്നു.

സഭയിലെ സംവേദന നയങ്ങളും പ്രയോഗങ്ങളും ധാർമ്മികമായി വിശകലനം ചെയ്യുക, മാനവ സമൂഹത്തെ ആക്രമിക്കുന്ന സദാചാരവിരുദ്ധമായ സംവേദന പ്രവണതയെ പൊതുവായി നിയന്ത്രിക്കുക, വിമർശിക്കുക, എന്നിവയാണ് മുഖ്യമായ ധർമ്മങ്ങൾ.

സംവേദന പ്രക്രിയയിൽ സഭകൾ ആദ്യം മുതലേ പങ്കുചേർന്നെങ്കിലും മാധ്യമങ്ങളോട് സഭകൾക്ക് നിഷേധ മനോഭാവമായിരുന്നു. ഇതിന് മാറ്റമുണ്ടാകുന്നത് രണ്ടാം വത്തിക്കാൻ കൗൺസിലോടെയാണ്. സംവേദനവും മാധ്യമങ്ങളും ദൈവത്തിന്റെ ദാനവും രക്ഷാപദ്ധതിക്കുള്ള മുഖാന്തിരങ്ങളുമാണെന്ന് കത്തോലിക്കാ സഭ പഠിപ്പിച്ചതോടെ (1962–1965) സംവേദന രംഗത്ത് പുതിയ ഉണർവ് ഉണ്ടായി. സംവേദനത്തിലെ വിവിധ പ്രശ്നങ്ങളും ധാർമ്മിക കാഴ്ചപ്പാടുകളും വിശകലനം ചെയ്യുവാൻ തുടങ്ങിയതിന്റെ പ്രാരംഭം ഇങ്ങനെയാണ്.

രണ്ട് മുഖ്യമായ ദർശനങ്ങളാണ് ഈ ചിന്താധാരയ്ക്ക് ഉള്ളത്. ഒന്ന്, നിലവിലുള്ള മാധ്യമ സമ്പ്രദായങ്ങളിലെ സദാചാര വിരുദ്ധ പ്രവണതകളെയും ധാർമ്മിക അധഃപതനങ്ങളെയും വിമർശനപൂർവ്വം നിരീക്ഷിക്കുക; ഒപ്പം ഇവയെ ചെറുക്കുവാനായി മാധ്യമ നയ രൂപീകരണ പദ്ധതികളിലും സമിതികളിലും പങ്കാളിയാവുക.

രണ്ട്, സഭയിലും സമൂഹത്തിലും സംവേദനം അടിസ്ഥാനപരമായി മൗലികാവകാശവും ഉത്തരവാദിത്വവുമായതിനാൽ, സംവേദനത്തെ ജനാധിപത്യപരവും പങ്കാളിത്തപരവുമാക്കിത്തീർക്കണം. ദേശീയ – അന്തർദേശീയ തലത്തിലുള്ള സംവേദന സമ്പ്രദായങ്ങളിലും ഈ തത്ത്വം പാലിക്കപ്പെടണം. ഇത്തരത്തിലുള്ള പരിശീലനവും ബോധവൽക്കരണവുമാണ് സംവേദനത്തിന്റെ ക്രിസ്തീയ ധാർമ്മിക ദർശനം അർത്ഥമാക്കുന്നത്.

## സംവേദനത്തിന്റെ സാമൂഹിക രൂപാന്തര ദൈവശാസ്ത്രം (Social Transformation Theology of Communication)

വേദശാസ്ത്രം രൂപപ്പെടുന്നത് മനുഷ്യ വേദനകളിൽ നിന്നാവണമെന്ന് പുതിയ പഠനങ്ങൾ നിർദ്ദേശിക്കുന്നു. മനുഷ്യനും സമൂഹവും വേദശാസ്ത്രത്തിന്റെ മുഖ്യധാരയിൽ എത്തിക്കഴിഞ്ഞു. ബുദ്ധിപരമായ വിജ്ഞാന വിശകലനങ്ങളിൽ നിറഞ്ഞു നിന്നിരുന്ന ദൈവശാസ്ത്ര ധാരകൾ ഇപ്പോൾ സമൂഹത്തിന്റെ വേദനകളിൽ പക്ഷംചേരുന്ന സമീപനവും, സാമൂഹിക നീതി, സമാധാനം, സ്വാതന്ത്ര്യം, മനുഷ്യമഹത്വം, തുല്യ പങ്കാളിത്തം, സാമൂഹിക കൂട്ടായ്മ എന്നിവ പരിരക്ഷിക്കുന്ന കാഴ്ചപ്പാടുകളും ശക്തിപ്പെടുത്തുകയാണ്.

വേദശാസ്ത്രത്തിന്റെ മുഖ്യ ധർമ്മം മനുഷ്യവർഗ്ഗത്തിന്റേയും സമൂഹത്തിന്റേയും രൂപാന്തര പ്രക്രിയയെ ത്വരിതപ്പെടുത്തുകയാണ്. അനീതി നിറഞ്ഞ ഘടനകളെയും ജീർണ്ണിച്ച സാമൂഹിക ക്രമങ്ങളെയും വിമർശനപൂർവ്വം തിരിച്ചറിയുകയും ചെയ്യുന്നു.

ആളത്വത്തിന്റെ സമ്പൂർണ്ണ വികസനവും വിമോചനവും രൂപാന്തരവും സൃഷ്ടിക്കുന്ന സംവേദന വേദശാസ്ത്രം രൂപപ്പെടണം. മാനവികതയുടെ ഐക്യവും മനുഷ്യന്റെ സമഗ്ര വിമോചനവും രൂപാന്തരവും വെളിപ്പെടുത്തുന്നതാണ് ദൈവിക സംവേദനം. നവലോക വിവര – സംവേദന ക്രമത്തിന്റെ (New World Information and Communication Order) നയരൂപീകരണത്തിൽ പങ്ക് ചേർന്നുള്ള സാമൂഹിക രൂപാന്തരത്തിന്റെ സംവേദന ദൈവശാസ്ത്രം ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ അനിവാര്യമാണ്. സംവേദനത്തിന്റെ ജനാധിപത്യവൽക്കരണവും അറിവിന്റെ സ്വതന്ത്രമായ ഒഴുക്കും തടയുന്ന ഏത് പ്രവണതയും സംവേദന വേദശാസ്ത്രത്തിന്റെ പുത്തൻ വെല്ലുവിളികളാണ്.

## സംവേദന വേദശാസ്ത്രധാരകൾ

എല്ലാ വേദശാസ്ത്രത്തിന്റെയും അടിസ്ഥാന ദർശനം സംവേദന പ്രക്രിയയാണ്. അതിനാൽ സംവേദനം ഒരു വേദശാസ്ത്ര തത്ത്വമാണ്. സൃഷ്ടികർമ്മം മുതൽ വെളിപ്പെടുന്ന സംവേദനം ദൈവത്തിന്റെ ദാനമാണ്. സീനായ് മലയിലും (പുറപ്പാട് 19:16–20, 26) പെന്തിക്കോസ്തി പെരുന്നാളിലും (അപ്പോ. 2:1–47) ദൈവിക സംവേദനത്തിന്റെ ദൃശ്യമായ ഉടമ്പടിയുടെ അടയാളം വെളിപ്പെടുന്നു. കാർലോ എം. മാർട്ടിനി (1990) പെന്തിക്കോസ്തി പെരുനാളിനെ 'സംവേദനത്തിന്റെ സുവിശേഷം' (Gospel of Communication) എന്നു വിശേഷിപ്പിക്കുന്നു. ബാബേൽ ഗോപുരത്തിൽ (ഉല്പത്തി 11:1–9) വെച്ചുണ്ടായ സംവേദന തടസ്സങ്ങൾ പെന്തിക്കോസ്തിയിൽ നീക്കപ്പെടുന്നു. ഇവിടെ മനുഷ്യനും ദൈവവുമായുള്ള പുതിയ സംവേദന തലം സൃഷ്ടിക്കുന്നു. സംവേദന വേദശാസ്ത്രത്തിന് പ്രധാനമായും നാല് ധാരകൾ വിശദീകരിക്കുന്നുണ്ട്.

### 1. ത്രിത്വദർശനം (Trinitarian Vision)

സംവേദന വേദശാസ്ത്രത്തിന്റെ അടിസ്ഥാന ദർശനം വെളിപ്പെടുന്നത് ത്രിത്വത്തിലാണ്. പിതാവ് പുത്രനോട് സംസാരിക്കുന്നു, പുത്രൻ 'പിതാവേ' എന്നു വിളിക്കുകയും സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുറപ്പെട്ട് പിതാവിനോടും പുത്രനോടും സംവേദിക്കുന്നു. ഇവിടുത്തെ സംവേദന തത്ത്വം സ്വതന്ത്രവും ബഹുദിശയിലേക്കുള്ളതുമാണ്. സംവേദനത്തിൽ ആരും ആധിപത്യം പുലർത്തുന്നില്ല.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരുടെ ഐക്യവും കൂട്ടായ്മയും സംവേദനവും നിത്യ രഹസ്യമാണ്. എന്നാൽ ഭാഗികമായ വെളിപ്പെടുത്തലുകൾ വേദപുസ്തകം സാക്ഷിക്കുന്നുണ്ട് (മത്താ. 11:27, യോഹ. 5:19; 6:57; 8:29; 10:30, 38; 11:41; 13:49; 14:9, 16, 26; 15:26). മനുഷ്യരെ ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചതിനാൽ മനുഷ്യർ സംവേദനത്വം ഉള്ളവരാണ്. ദൈവിക സംവേദനത്തെ തടസ്സപ്പെടുത്തുന്നതാണ് പാപം. അതിനാൽ പാപം അസംവേദന (non-communication) ചിഹ്നമാണ്.

## 2. വെളിപ്പാടിന്റെ ദർശനം (Revelation Vision)

ത്രിത്വത്തിലുള്ള സംവേദനത്വം ദൈവം മനുഷ്യരിലേക്കു ദാനമായി നൽകി. ദൈവം പറുദീസയിൽ ആദാമിനോടും ഹവ്വയോടും സംവേദിച്ചു. പഴയനിയമത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ, പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ എന്നിവരോടും വിവിധ കാലഘട്ടങ്ങളിൽ സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സൃഷ്ടികളോട് സംവേദിക്കുന്ന പങ്കാളിയായി ദൈവം പഴയനിയമത്തിൽ വെളിപ്പെടുന്നു.

ദൈവിക വെളിപ്പാടുകൾ അടയാളം, വിവരം, സ്വപ്നം എന്നിവയുടെ സംവേദനം മാത്രമല്ലായിരുന്നു. അത് ദൈവത്തിന്റെ കൃപയും രക്ഷണ്യ പ്രവർത്തനങ്ങളും വെളിപ്പെടുത്തിയ സംവേദനമായിരുന്നു. രക്ഷാകര പദ്ധതിയിലുള്ള ദൈവ - മനുഷ്യ പങ്കുചേരലായിരുന്നു ദൈവിക വെളിപ്പാടുകൾ. ദൈവിക വെളിപ്പെടുത്തലുകളും സംവേദനവും ഇന്ദ്രിയഗോചരമായിരുന്നുവെന്ന് വി. യോഹന്നാൻ വ്യക്തമാക്കുന്നു (1 യോഹ. 1:1–3).

ദൈവിക സംവേദനത്തിന്റെ ആറു പ്രത്യേകതകൾ കാർലോ എം. മാർട്ടീനി (1990) വിശദീകരിക്കുന്നു.

1. ദൈവിക മൗനത്തിലും രഹസ്യത്തിലുമാണ് ദൈവിക സംവേദനം ക്രമപ്പെടുത്തുന്നത് (റോമ. 16:25; എഫേ. 3:9).
2. മനുഷ്യരോടുള്ള ദൈവിക സംവേദനം പുരോഗമനപരവും (progressive) ചരിത്രപരവുമായിരുന്നു.
3. ദൈവിക സംവേദനം (self - communication) ഭാഷാപരമായിരുന്നു (dialectic way).
4. ദൈവിക സംവേദനം ഭൂമിയിൽ സമഗ്രമായി യേശുക്രിസ്തു വഴി വെളിപ്പെട്ടിരിക്കുന്നു.
5. ദൈവിക സംവേദനം വ്യക്തിപരമായിരുന്നു.
6. ദൈവിക സംവേദനത്തിന് വ്യക്ത്യാന്തര സംവേദനത്വം (Inter personal) ഉള്ളതായിരുന്നു.

പഴയനിയമത്തിലെ ദൈവിക വെളിപ്പാടുകൾ യേശുക്രിസ്തുവിൽ വെളിപ്പെടാനുള്ള സംവേദനത്തിന്റെ മുൻകുറികളായിരുന്നു.

### 3. മർത്തീകരണ ദർശനം (Incarnational Vision)

പഴയ നിയമത്തിൽ ഭാഗികമായി വെളിപ്പെട്ട ദൈവം (എബ്രാ. 1:1–3) പുതിയനിയമത്തിൽ യേശു ക്രിസ്തുവിൽ വെളിപ്പെട്ടു. വചനം ജഡമായിത്തീർന്നു. വികാരങ്ങളും വിചാരങ്ങളും പങ്കുവെയ്ക്കുന്നതിലുപരിയായി ദൈവസ്നേഹം മർത്തീകരണത്തിലൂടെ വെളിപ്പെട്ടു. യേശു ക്രിസ്തുവിന്റെ സംവേദന തലങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം:

1. യേശുവിന്റെ ലളിതമായ ജീവിതക്രമവും ജീവിതസാഹചര്യങ്ങളും സംവേദനപരമായിരുന്നു.
2. പർവ്വതം, പട്ടണം, ദേവാലയം, സംഘാലയം തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിച്ചു.
3. ഭാവ മൊഴിയായും വാമൊഴിയായും പാലസ്തീൻ സംസ്കാര പശ്ചാത്തലത്തിൽ സംവേദനം നടത്തി.

യേശുവിന്റെ സംവേദനം പിതാവാം ദൈവത്തിലും പ്രാർത്ഥനയിലും അടിസ്ഥാനപ്പെട്ടിരുന്നു. ജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങൾ വിശദീകരിച്ചു. ന്യായപ്രമാണത്തിലും പഴയനിയമ ഉടമ്പടികളിലും തന്റെ സന്ദേശം എപ്രകാരം ഉൾക്കൊള്ളുന്നുവെന്ന് പഠിപ്പിച്ചു. ചോദ്യോത്തര രൂപത്തിൽ പ്രഭാഷണ ശൈലി കോർത്തിണക്കി ജീവിതമായി പകർത്തിക്കൊടുത്തു. ദൈവിക ബന്ധവും മാനവ സാഹോദര്യവും പരിരക്ഷിക്കുവാൻ ആഹ്വാനം ചെയ്തു. യേശു നടത്തിയ പല അത്ഭുതങ്ങളും സംവേദനത്വം പുനഃസൃഷ്ടിക്കുന്നതായിരുന്നു. കാഴ്ച്ച നൽകൽ, ചെവി കേൾപ്പിക്കൽ, നടക്കുവാനുള്ള കഴിവ് നൽകൽ (ലൂക്കോ. 8:27; 11:14; മർക്കോ. 2:22) എന്നിവ പ്രത്യേകം ശ്രദ്ധേയമത്രേ.

### 4. പ്രഖ്യാപന ദർശനം (Kerygmatic Vision)

ദൈവിക വെളിപാട്, ത്രിത്വത്തിലെ സംവേദനം, മർത്തീകരണം എന്നിവ സഭയിൽ കൂടിയുള്ള പ്രക്രിയയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് സഭയിൽ സംവേദനം ഗുണപരമാക്കുന്നത്. സഭയുടെ പ്രധാനപ്പെട്ട അഞ്ച് സംവേദന ഉത്തരവാദിത്തങ്ങൾ ശ്രദ്ധേയമാണ്.

**A. പ്രഭാഷണം (Kerygma):** സാമൂഹിക ജീവിതത്തിൽ യേശുവിന്റെ ദൗത്യം വിവിധ തരത്തിൽ വിശദീകരിക്കുന്നു. സംവേദനത്തിന്റെ ശക്തവും ഫലപ്രദവുമായ മാതൃകയാണിത്.

**B. ശുശ്രൂഷ (Diakonia):** ലോകത്തെ ശുശ്രൂഷിക്കുന്ന മനോഭാവം.

ഇത് സംവേദനത്തിന്റെ ശുശ്രൂഷാമുഖമാണ്. സ്നേഹം, ത്യാഗം, സമർപ്പണം എന്നീ മൂല്യങ്ങളോടെ ശുശ്രൂഷിക്കുന്ന ജീവിതശൈലിയാണിത്.

**C. കൂട്ടായ്മ (Koinonia):** ദൈവജനത്തിന്റെ കൂട്ടുത്തരവാദിത്തമാണ് കൂട്ടായ്മ. പരിശുദ്ധാത്മാവിൽ ലഭ്യമാകുന്ന സത്യത്തിന്റെയും അനുകമ്പയുടെയും ജീവിത കൂട്ടായ്മയാണിത് (Fellowship of life).

**D. പങ്കീടിൽ (Eucharistia):** ആരാധനാപരമായ സംവേദനമാണിത്. പ്രഭാഷണത്തിലൂടെ മാത്രമല്ല ജീവിതത്തിലൂടെയും മുറിക്കപ്പെടുവാൻ കഴിയണം. ഇത് ദൈവിക സാന്നിധ്യത്തിൽ നിന്ന് ലഭ്യമാകുന്നു.

**C. സംവാദം (Dialogue):** സഭകൾ മതേതര സംവാദത്തിലും സാംസ്ക്കാരിക സംവേദനത്തിലും പങ്കുചേരുന്നു. ശമര്യാക്കാരി സ്ത്രീ, നിക്കോദിമോസ് എന്നിവരുമായി യേശു നടത്തിയ സംവാദത്തിൽ ഇത് വ്യക്തമാക്കുന്നു. കാലിക പ്രശ്നങ്ങളെ വ്യാഖ്യാനിക്കാനും വിശദീകരിക്കുവാനും സഭകൾക്കു ദൗത്യം ഉണ്ട്.

**ഉപസംഹാരം**

സംവേദന വേദശാസ്ത്രത്തിന്റെ ഉണ്മ ദൈവത്തിൽ നിന്നും ആരംഭിക്കുന്നു. പൂർണ്ണമായും ഫലപ്രദമായും സംവേദനത്തിന് ദൈവം നൽകിയിട്ടുള്ള കഴിവുകൾ പ്രയോജനപ്പെടുത്തണം. ദൈവിക സാന്നിധ്യം സംവേദന പ്രക്രിയയിലൂടെ പങ്കുവെച്ച് സമൂഹത്തെ സമഗ്രമായി രൂപാന്തരപ്പെടുത്തുവാനുള്ള ശക്തീകരണമാണ് സംവേദന വേദശാസ്ത്രത്തിന്റെ അടിസ്ഥാനം. ശബ്ദമില്ലാത്തവരുടെ ശബ്ദത്തെ (Voice of the Voiceless) നിശബ്ദമാക്കപ്പെട്ടവരുടെ ശബ്ദമാക്കി (Voice of the silenced) രൂപാന്തരപ്പെടുത്തുവാൻ കഴിയണം. ഇത് പ്രവാചകത്വം നിറഞ്ഞതും ദൈവരാജ്യ മൂല്യങ്ങളിൽ അധിഷ്ഠിതവുമായ സംവേദനമായിരിക്കണം.

❑

## പാഠം 4

# സംവേദനത്തിലെ ക്രിസ്തീയ തത്ത്വങ്ങൾ

❑ ക്രിസ്തീയ സംവേദന സമീപനങ്ങൾ ❑ സംവേദനം: ക്രിസ്തീയ തത്ത്വങ്ങൾ.

സംവേദന തത്ത്വങ്ങൾ വിവിധ തരത്തിൽ വിശദീകരിക്കുന്ന സിദ്ധാന്തങ്ങളുണ്ട്. മതപശ്ചാത്തലത്തിലും വിവിധ നിർവ്വചനങ്ങൾ നല്കുന്നു. സംവേദനം ക്രിസ്തീയമെന്നോ ഹൈന്ദവമെന്നോ തിരിച്ചുള്ള വിശകലനങ്ങളല്ല അർത്ഥമാക്കുന്നത്. ചില മത തത്ത്വചിന്തകളുടെ അടിസ്ഥാനത്തിൽ സംവേദനത്തെ വിവക്ഷിക്കുക മാത്രമാണ്. ക്രിസ്തു ദർശനങ്ങളുടെ വീക്ഷണത്തിൽ സംവേദനത്തെ അപഗ്രഥിക്കുന്നതാണ് സംവേദനത്തിലെ ക്രിസ്തീയ തത്ത്വങ്ങൾ. ബഹുമത പശ്ചാത്തലത്തിൽ ഇവ എപ്രകാരം ഫലപ്രദമാക്കി തീർക്കാമെന്നുള്ള അന്വേഷണവുമുണ്ട്. മൂന്നു തരത്തിൽ 'ക്രിസ്തീയ സംവേദന'ത്തെ സമീപിക്കണം.

### 1. ദൈവിക വീക്ഷണത്തിൽ

ദൈവിക സംവേദനം ചലനാത്മകമാണ്. രൂപാന്തരപ്പെടുത്തുന്നതാണ്. ദൈവ - മനുഷ്യ സംവേദനത്തിൽ സംഭാഷണം, ചർച്ച, സംവാദം, പങ്കിടീൽ എന്നിവ വിവിധ തരത്തിൽ പ്രകടമാക്കി. ദൈവം മനുഷ്യരോട് വിവിധ തലത്തിൽ സംവേദിച്ച് കൂട്ടായ്മ സൃഷ്ടിച്ചു. വിമോചന പ്രക്രിയയുടെ (liberating act) ശക്തമായ സാന്നിധ്യമാണ് ദൈവിക സംവേദനം. പാപത്തിൽ നിന്നുള്ള മോചനം മനുഷ്യരെ വിവിധ അടിമത്തങ്ങളിൽ നിന്നും രക്ഷിക്കുന്നു. മനുഷ്യാവതാരം മനുഷ്യന്റെ സമഗ്രമായ വിമോചനം പ്രഖ്യാപിക്കുന്നു. ദൈവിക വീക്ഷണത്തിൽ സംവേദനം ഏകത്വം, അനുരഞ്ജനം, സമത്വം, നീതി, സ്വാതന്ത്ര്യം, സൗഹാർദ്ദം, സമാധാനം, സ്നേഹം തുടങ്ങിയ മൂല്യങ്ങൾ പുനഃസൃഷ്ടിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമുള്ളതായിരുന്നു. 'സംവേദനത്തിലെ ദൈവികത' ഈ മൂല്യങ്ങൾ പുലർത്തുമ്പോൾ ലഭ്യമാകുന്നു.

### 2. ക്രിസ്തീയ വീക്ഷണത്തിൽ

ദൈവിക സംവേദനം നിലനിർത്തുന്ന ദൗത്യമാണ് ക്രിസ്തീയ വീക്ഷണത്തിലുള്ളത്. യേശുക്രിസ്തുവിന്റെ ദൗത്യനിർവ്വഹണ ശൈലിയോടുള്ള താദാത്മ്യമാണുണ്ടാകേണ്ടത്. യേശു വിമോചന ദൗത്യമാണ് പ്രഖ്യാപിക്കുന്നത് (ലൂക്കോ. 4:18-19). യേശുവിന്റെ സംവേദനം ജീവിതം, കുരിശ്, ഉയിർപ്പ്, പ്രവൃത്തി, വചനം എന്നിവയിൽ വെളിപ്പെടുന്നു. ഇത്

സമാധാനം (shalom), കൂട്ടായ്മ (koinonia), നീതി (justice) എന്നിവയിൽ നിറഞ്ഞു നിന്നു. രാഷ്ട്രീയ അടിച്ചമർത്തൽ, സാമൂഹിക അനീതി, സാമ്പത്തിക ചൂഷണം, സാംസ്കാരിക മേധാവിത്വം എന്നിവയ്ക്കെതിരെ ശബ്ദിക്കുന്ന സംവേദന പ്രക്രിയ ക്രിസ്തീയ വീക്ഷണത്തിൽ രൂപപ്പെടണം.

### 3. സഹൃദയ വീക്ഷണത്തിൽ

സഹൃദയരെ മനസ്സിലാക്കിയുള്ള സംവേദന ശൈലിയാണിത്. സാംസ്കാരിക തനിമയും ജനജീവിതവും ഉൾക്കൊണ്ട് സംവേദനത്തെ ക്രമപ്പെടുത്തുന്നു. എങ്ങനെയായിരിക്കണം ദൗത്യം ലോകത്തിൽ പങ്കുവെയ്ക്കേണ്ടതെന്ന് യേശു പഠിപ്പിക്കുന്നു (മത്താ. 28:18-20). എന്നാൽ ബഹുമത സാംസ്കാരിക - രാഷ്ട്രീയ പശ്ചാത്തലത്തിൽ ദൗത്യം പുനർവായന നടത്തി പുതിയ സമീപനങ്ങൾ സൃഷ്ടിക്കുവാൻ കഴിയണം.

ഏവരേയും ഉൾക്കൊള്ളുന്ന (inclusive approch) ദൗത്യശൈലി വികസിപ്പിച്ചത് സഹൃദയ വീക്ഷണത്തിലാണ്. ബഹുമത പശ്ചാത്തലത്തിൽ ക്രിസ്തീയ ദൗത്യം എങ്ങനെ ഫലപ്രദമാക്കുവാൻ കഴിയും എന്നുള്ള അന്വേഷണമാണിത്. അതായത് സഹൃദയരുടെ ബഹുവിധമായ പശ്ചാത്തലങ്ങൾ മനസ്സിലാക്കിയുള്ള സംവേദനം.

ക്രിസ്തീയ സംവേദനത്തിന്റെ ആറ് അടിസ്ഥാന തത്ത്വങ്ങൾ 1986-ൽ വിശകലനം ചെയ്ത് അവതരിപ്പിച്ചത് ലണ്ടൻ കേന്ദ്രമാക്കി പ്രവർത്തിച്ച വേൾഡ് അസോസിയേഷൻ ഫോർ ക്രിസ്ത്യൻ കമ്മ്യൂണിക്കേഷനാണ് (WACC). എന്നാൽ വിവിധ പ്രാമാണിക രേഖകളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ സംവേദനത്തിലെ പത്ത് ക്രിസ്തീയ തത്ത്വങ്ങൾ സംക്ഷിപ്തമായി ഇവിടെ വിശകലനം ചെയ്യുന്നു. ഇവ ക്രിസ്തീയ മൂല്യങ്ങളിൽ അടിസ്ഥാനപ്പെട്ടതാണെങ്കിലും മതാതീതമായ സമീപനം പുലർത്തുന്നവയാണ്. ഏതു തരത്തിലുള്ള സംവേദനത്തിലും ഉണ്ടാകേണ്ട മൗലിക തത്ത്വങ്ങളായും ഇവ ഉൾക്കൊള്ളാവുന്നതാണ്:

### 1. സംവേദനം ആത്മത്യാഗത്തിന്റേതാകണം (Communication is Self giving)

ക്രിസ്തീയ സംവേദനത്തിന്റെ ഏറ്റവും അടിസ്ഥാനതത്ത്വം ദൈവത്തിന്റെ മർത്തീകരണ മാതൃക (Incarnational Model) ആണ്. ഇത് ആത്മത്യാഗത്തിന്റെ അടയാളമാണ്. 'ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസ രൂപമെടുത്ത' (ഫിലി. 2:7) മാതൃകയാണ്.

മനുഷ്യവർഗ്ഗത്തിന്റെ വിമോചനത്തിനായി ദൈവം പരിമിതനായി. ദൈവം മനുഷ്യാവതാരം ചെയ്ത സ്ഥലം കാലിത്തൊഴുത്താണ്

(ലൂക്കോ. 2:7, 13). ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവാണിത്. സമൂഹത്തോട് താദാത്മ്യപ്പെടുന്ന ആത്മത്യാഗത്തിന്റെ മുഖമാണ്.

യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നത് (യോഹ. 13:14) സംവേദന ശുശ്രൂഷയ്ക്കുള്ള ശൂന്യവത്ക്കരണമാണ് (self - denial) പ്രഖ്യാപിക്കുന്നത്. ഇത് പരസ്പരം അംഗീകരിക്കുന്ന മനോഭാവമാണ്. അഹങ്കാരവും സ്വാർത്ഥതയും നിഗ്രഹിച്ചെങ്കിൽ മാത്രമേ ഫലപ്രദമായ സംവേദനം ശക്തിപ്പെടുകയുള്ളൂ. ആത്മത്യാഗത്തിൽ കൂടി ലഭ്യമാകുന്ന സന്തോഷവും ആഹ്ലാദവുമാണ് ക്രിസ്തീയ സംവേദനത്തിന്റെ മഹത്വം. സ്നേഹത്തിൽകൂടി ഇത് വളരണം.

സുവിശേഷ മൂല്യങ്ങൾ ജീവിതത്തിൽ ഉൾക്കൊണ്ട് സമൂഹത്തിൽ ഉത്തമദൗത്യം നിർവഹിക്കാനുള്ള ആഹ്വാനമാണ് ക്രിസ്തീയ സംവേദനം. ഇതിന്റെ പരിപോഷണത്തിന് ആത്മപരിത്യാഗം അനിവാര്യമാണ്. ഇതു നഷ്ടപ്പെട്ടാൽ ആധിപത്യ പ്രവണതയും കുത്തക മനോഭാവവും സംവേദന പ്രക്രിയയിൽ ശക്തിപ്പെടും. ഇതാണ് മാധ്യമങ്ങൾ പുലർത്തുന്ന സമീപനം.

## 2. സംവേദനം പങ്കാളിത്തത്തിന്റേതാകണം (Communication is Participatory)

സംവേദനം സാമൂഹിക ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും ആശയങ്ങൾ പങ്കിടുന്നതിനുമുള്ള മൗലികാവകാശമാണ്. അതിനാൽ സംവേദനം ബഹുദിശാപരമാകണം. പങ്കിടുന്ന വിചാരം, വികാരം, വിവരം, വിനോദം എന്നിവയിൽ പങ്കാളികളാവുന്ന അനുഭവം സംവേദനത്തെ സജീവമാക്കുന്നു.

യേശുവിന്റെ സംവേദന പ്രക്രിയ പങ്കാളിത്തപരമായിരുന്നു. ആശയങ്ങൾ പങ്കിട്ട് ബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽ യേശു പ്രത്യേകം ശ്രദ്ധിച്ചു. വ്യക്തിത്വങ്ങളെ അംഗീകരിച്ചെങ്കിൽ മാത്രമേ പങ്കിടീൽ സാധ്യമാകൂ. പങ്കാളിത്തപരമായ സംവേദനം സമൂഹത്തിലെ അധികാരഘടനകളെ വിമർശനപൂർവ്വം നിരീക്ഷിക്കുവാനുള്ള കരുത്തുണ്ടാക്കും. ജനത്തിന് പുതിയ സമീപനം, മഹത്വം, അനുഭവം, കൂട്ടായ്മ എന്നിവ പ്രദാനം ചെയ്യുവാൻ പങ്കാളിത്തപരമായ സംവേദനം സഹായിക്കും.

പങ്കാളിത്തപരമായ സംവേദനത്തിൽ മുകളിൽ നിന്നും താഴേക്കും (top to bottom), താഴെ നിന്നും മുകളിലേക്കും (bottom to top) ആശയപ്രവാഹം ഉണ്ടാക്കും. അറിവിൽ സമ്പന്നർ (Information rich) എന്നും അറിവിൽ ദരിദ്രർ (Information poor) എന്നും വേർതിരിവ് സൃഷ്ടിക്കു

കയില്ല. എന്നാൽ മാധ്യമങ്ങൾ സാമൂഹിക വേർതിരിവുകൾ സൃഷ്ടിക്കുന്ന ഡിജിറ്റൽ ഡിവൈഡിന്റെ (digital divide) അതിരുകൾ വർദ്ധിപ്പിക്കുകയാണ്. മാധ്യമ സംവേദനത്തിൽ പങ്കാളിത്ത സ്വഭാവം പ്രകടമല്ല. സാമൂഹിക മാധ്യമങ്ങളുടെ സാന്നിധ്യം മാധ്യമ സംവേദന ശൈലികൾ ഉടച്ചു വാർത്തിട്ടുണ്ട്. സാമൂഹിക മാധ്യമങ്ങളിൽ ജനാധിപത്യ സ്വഭാവം അനുദിനം വർദ്ധിക്കുകയാണ്.

### 3. സംവേദനം സമൂഹത്തെ സൃഷ്ടിക്കണം (Communication Creates Community)

സംവേദനം ജനങ്ങളെ ഒരുമിപ്പിക്കുന്നു. പുറംതള്ളുന്നതും ഒറ്റപ്പെടുന്നതുമായ സമീപനമല്ല സംവേദനം. ഏവരേയും ഉൾക്കൊള്ളുന്ന തുറന്ന സമീപനം സമൂഹത്തെ സൃഷ്ടിക്കുന്നു. വർഗ്ഗം, ലിംഗം, ജാതി, സമ്പത്ത്, അധികാരം തുടങ്ങിയ രീതികളിൽ സമൂഹം വിഭജിതമാകുമ്പോൾ സംവേദനം എല്ലാ അകൽച്ചകളേയും വേർതിരിവുകളെയും നീക്കുന്നു.

സാമൂഹിക സൗഹാർദ്ദം പുലരുമ്പോൾ നൈസർഗ്ഗിക സംവേദനം ആരംഭിക്കുന്നു. ഇത് സാമൂഹിക സൗഹാർദ്ദത്തെ രൂപപ്പെടുത്തുവാനും സഹായിക്കും. സംഘർഷം, അകൽച്ച, ഒറ്റപ്പെടൽ, സാമൂഹിക അരക്ഷിതാവസ്ഥ എന്നിവ ശക്തിപ്പെടുമ്പോൾ സംവേദനം സമ്പൂർണ്ണമാക്കുവാൻ കഴിയുകയില്ല. യേശു ജാതി-മത-സംസ്കാരിക വേർതിരിവുകൾക്ക് അതീതമായി സംവേദനം ചെയ്തു. യേശുവിന്റെ അതിശക്തമായ സംവേദനത്തിൽ അനേകർ ആകൃഷ്ടരായി. അതിനാൽ സമൂഹത്തെ രൂപപ്പെടുത്തുവാൻ കഴിഞ്ഞു. ആധുനിക മാധ്യമങ്ങൾ മനുഷ്യരെ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തി ചാനലുകൾക്ക് മുമ്പിൽ എത്തിക്കുകയാണ്. മാധ്യമങ്ങളുടെ ശക്തമായ സ്വാധീനം മനുഷ്യ കൂട്ടായ്മയുടെ ആത്മാവ് (Community spirit) നഷ്ടപ്പെടുത്തുന്നു. സ്മാർട്ട് ഫോണുകളുടെ വരവോടെ ഇത് വ്യാപകമായി.

### 4. സംവേദനം വിമോചനാത്മകമാണ് (Communication Liberates)

ക്രിസ്തീയ ദർശനങ്ങളിൽ പ്രധാനപ്പെട്ടതാണ് വിമോചനം. യേശുക്രിസ്തു പങ്കിട്ട വിമോചന ദൗത്യത്തിൽ ക്രിയാത്മകമായി പങ്കു ചേർന്ന് ജീവിതത്തെ പുതുക്കുന്ന അനുഭവമാണ് ക്രിസ്തീയ ജീവിതം. വിമോചകന്റെ പാതയാണിത്. സാമൂഹിക - സാമ്പത്തിക - സാംസ്കാരിക - രാഷ്ട്രീയ - മത രംഗത്തെ വിവിധ തരത്തിലുള്ള അടിമത്തങ്ങളെ യേശു ശക്തമായി അപലപിച്ചു. വിവിധ രംഗത്തുണ്ടായ ജീർണ്ണതകളെ വിമർശിക്കുകയും വിമോചന സന്ദേശം പകരുകയും ചെയ്തു. എന്നാൽ

സഭയിലും സാമൂഹിക ജീവിതത്തിലും സംവേദനക്രമങ്ങളിൽ വേണ്ടത്ര വിമോചന സ്വഭാവം പുലർത്തുന്നില്ല. സാമൂഹിക രംഗത്തെ മാലിന്യങ്ങളിൽ നിഷ്ക്രിയത്വവും നിശബ്ദതയും പാലിക്കുകയാണ്. ഇവിടെ സംവേദനം അശക്തമായി തീരുന്നു.

സാമൂഹികവും വ്യക്തിപരവുമായ തലങ്ങളിൽ ക്രിസ്തീയ സംവേദനം വിമോചന പ്രക്രിയയിൽ പങ്കുചേരണം. എല്ലാവിധ കുത്തക പ്രവണതകളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കണം. എങ്കിലേ സ്വതന്ത്രമായ തലങ്ങളിലെ സംവേദനത്തിന് ചാലകശക്തി ലഭിക്കുകയുള്ളൂ. ഇവിടെ സംവേദനത്തിൽ ശക്തമായും പൂർണ്ണമായും ജനങ്ങൾ പങ്കുചേരുകയാണ്. മാധ്യമങ്ങൾ അടിച്ചേല്പിക്കുന്ന മൂല്യങ്ങൾ, ദൃശ്യങ്ങൾ, സംസ്കാരങ്ങൾ, അഭിരുചികൾ എന്നിവയെ വിമർശനപൂർവ്വം സമീപിക്കുകയും, ആധിപത്യ പ്രവണതകളിൽ നിന്നും വിമോചനം നേടുകയും ചെയ്യണം. അതിനുള്ള പരിശീലനം ജനങ്ങൾക്ക് നൽകുകയും വേണം.

### 5. സംവേദനം: സംസ്കാരങ്ങൾ സംരക്ഷിക്കണം (Communication Develops Cultures)

വിവിധ സംസ്ക്കാരങ്ങളുടെ സമന്വയമാണ് ഏതൊരു രാജ്യത്തിനും ഉള്ളത്. ചെറുതും വലുതുമായ നിരവധി സംസ്ക്കാരങ്ങളും സാംസ്ക്കാരിക സവിശേഷതകളും ഉണ്ടായിരിക്കും. അവ ഉൾക്കൊള്ളുവാനും പരിരക്ഷിക്കുവാനും കഴിയണം. ക്രിസ്തു നൽകുന്നതും ഈ മാതൃകയാണ്.

ദൈവം മനുഷ്യാവതാരം ചെയ്തത് ഒരു പ്രത്യേക സംസ്ക്കാരത്തിലും സമയത്തിലും ആയിരുന്നു. ആ സംസ്ക്കാരങ്ങളെ യേശു ഉൾക്കൊണ്ടു. സംവേദന പ്രക്രിയയിൽ ഉദ്ധരിച്ച ആശയങ്ങളും പ്രതീകങ്ങളും പാലസ്തീൻ സംസ്ക്കാരത്തിൽ നിന്നും രൂപപ്പെടുത്തിയതാണ്. യഹൂദ – യവന സംസ്ക്കാരത്തിന്റെ സ്വാധീനവും യേശുവിലുണ്ട്. തനതായ സംസ്ക്കാരങ്ങളോട് യേശു ക്രിയാത്മകമായി സമീപിച്ചു. സംസ്ക്കാരങ്ങളെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും ശ്രമിച്ചു.

ബഹുമത സംസ്ക്കാര പശ്ചാത്തലത്തിൽ യേശു നൽകുന്ന മാതൃകയെ സ്വീകരിക്കുവാൻ കഴിയണം. സംസ്ക്കാരം, ഭാഷ, അനുഷ്ഠാനം, വർഗ്ഗം എന്നിവയെ കടന്നാക്രമിക്കുന്ന പ്രതിഭാസമാണ് മാധ്യമങ്ങളിലൂടെ നടക്കുന്നത്. ആഗോളവൽക്കരണം സൃഷ്ടിക്കുന്ന മാധ്യമ സംസ്ക്കാരം ഏകജാതീയ സംസ്ക്കാരത്തെ (homogenious Culture) അടിച്ചേൽപ്പിക്കുകയാണ്. മാധ്യമങ്ങൾ വഴി ലോകം മുഴുവൻ ഒരു സംസ്കാരമാക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. സംസ്കാരങ്ങളെ വിഴുങ്ങുന്ന ആഗോള മാധ്യമ (Global Media) സമീപനം തികച്ചും അനീതിയുടെ ഘടനയാണ്.

### 6. സംവേദനം പ്രവാചകത്വമാകണം (Communication for prophetic voice)

സമകാലിക യഥാർത്ഥ്യങ്ങളെ വ്യാഖ്യാനിക്കുവാനും വിമർശിക്കുവാനും കഴിയുന്നത് ക്രിസ്തീയ സംവേദനത്തിന്റെ ദൗത്യ നിർവ്വഹണമാണ്. ദൈവശബ്ദം ഉൾക്കൊണ്ട് സാമൂഹിക ചലനങ്ങളെ നിരീക്ഷിക്കുവാൻ കഴിയുന്ന പ്രവാചകത്വം സംവേദനത്തിൽ രൂപപ്പെടണം.

പ്രവാചകത്വം നിറഞ്ഞ സംവേദനത്തിൽ വാക്കും പ്രവൃത്തിയും (Words & deeds) സംയോജിക്കണം. ഇത് തിന്മയ്ക്കും അസത്യത്തിനും എതിരെയുള്ള പോരാട്ടമാണ്. അധികാരത്തിലും വാഴ്ചയിലുമുള്ള പൊള്ളത്തരങ്ങളും അനീതികളും വെളിച്ചത്തു സംവേദിപ്പിക്കണം. യേശുവിന്റെ സംവേദന ശൈലിയിൽ പ്രവാചകത്വം നിറഞ്ഞിരുന്നു. വാക്കുകൾക്ക് ശക്തിയേറിയ മൂർച്ച ഉണ്ട്. വ്യക്തിയേയും സമൂഹത്തെയും രൂപാന്തരപ്പെടുത്തുവാൻ യേശുവിന്റെ സംവേദന ശൈലിക്കു സാധിച്ചു.

മാധ്യമങ്ങൾ പങ്കിടുന്ന സംവേദനത്തിൽ പ്രവാചക ശബ്ദമില്ല. പണം, അധികാരം, സൗന്ദര്യം എന്നിവയുടെ ദൃശ്യവൽക്കരണമാണ്. ശബ്ദവും ദൃശ്യവും സമന്വയിപ്പിക്കുന്ന മാധ്യമങ്ങൾ സത്യവും ധർമ്മവും തമസ്ക്കരിക്കുന്നു. മാധ്യമങ്ങളുടെ നയ നിലപാടുകളിൽ അടിസ്ഥാനപ്പെട്ടാണ് 'പ്രവാചകത്വം' പങ്കിടുന്നത്. ഇവിടെയും സത്യം തിരിച്ചറിയുവാൻ കഴിയുന്നില്ല.

### 7. സംവേദനം മനുഷ്യ അന്തസ്സ് പരിരക്ഷിക്കണം (Communication Respects Human Dignity)

മനുഷ്യർ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടതാണ്. വരദാനമായി മനുഷ്യനു നൽകിയതാണ് സംവേദന ശക്തി. വർഗ്ഗ വർണ്ണ സാംസ്കാരിക വ്യത്യാസമെന്യേ മാനവ കൂട്ടായ്മ സൃഷ്ടിക്കുകയാണ് ലക്ഷ്യം. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, സമാധാനം, അംഗീകാരം എന്നിവ ഉൾക്കൊണ്ടുള്ള പരസ്പര ശുശ്രൂഷയുടെ കൂട്ടായ്മ വളർത്തുകയാണ് സംവേദനത്തിന്റെ ആത്യന്തിക ലക്ഷ്യം.

യേശുവിന്റെ സംവേദനത്തിൽ എല്ലാ മനുഷ്യരുടെയും അന്തസ്സ് ഉൾക്കൊണ്ടിരുന്നു. കുഷ്ഠരോഗികൾ, അംഗഹീനർ, ദരിദ്രർ, വിധവകൾ, ചുങ്കക്കാർ, മീൻപിടുത്തക്കാർ, വേശ്യകൾ, സ്ത്രീകൾ, കുട്ടികൾ തുടങ്ങി എല്ലാ വിഭാഗം ആളുകളുടെയും അന്തസ്സും വ്യക്തിത്വവും യേശു അംഗീകരിച്ചു.

മാധ്യമ സംവേദനം പലപ്പോഴും മനുഷ്യ അന്തസ്സ് ശിഥിലീകരിക്കുകയാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ അന്തസ്സ് മാധ്യമങ്ങളിൽ ചൂഷണം

ചെയ്യുന്നു. മനുഷ്യനിലെന്നും സ്ഥിതിചെയ്യുന്ന ദൈവസാദൃശ്യവും (image), പാപംകൊണ്ട് നഷ്ടപ്പെടുന്നതും കൃപയാൽ വീണ്ടെടുക്കാവുന്നതുമായ സാരൂപ്യവും (likeness) മാധ്യമങ്ങളിൽ കീറിമുറിക്കുന്നു. ദൈവസാദൃശ്യത്തിലുള്ള മനുഷ്യശരീരം ആഗോള കമ്പോളങ്ങൾക്ക് പ്രദർശന വസ്തുവാക്കുവാൻ മാധ്യമങ്ങൾ മത്സരിക്കുന്നു.

## 8. സംവേദനം മാനവ സൗഹാർദ്ദം സൃഷ്ടിക്കണം (Communication Creates Human Relationships)

സംവേദനം ബന്ധങ്ങൾ സൃഷ്ടിക്കുന്നു. പൊതുവായ ഐക്യം, താദാത്മ്യപ്പെടൽ എന്നീ അർത്ഥങ്ങൾ സംവേദനത്തിൽ പൂർണ്ണമാക്കപ്പെടണമെങ്കിൽ വേർതിരിവുകൾ ഇല്ലാത്ത സംവേദനം വളരണം. ജാതി - വർഗ്ഗ വിഭജനങ്ങൾ ഒഴിവാക്കിയുള്ള കാഴ്ചപ്പാടുണ്ടാകണം. അപരൻ അപൂർണ്ണനും അവിശുദ്ധനുമാണ് എന്നുള്ള 'മിഷനറി സമീപന'വും സംവേദനവും മാനവ സൗഹാർദ്ദത്തിന് വിഘാതം സൃഷ്ടിക്കുന്നു.

യേശുവിന്റെ സൗഹാർദ്ദം അതിവിശാലമായിരുന്നു. പാപികൾ, പുറന്തള്ളപ്പെട്ടവർ, പാളയത്തിന് പുറത്ത് കഷ്ടം അനുഭവിച്ചവർ, ദലിത് വിഭാഗങ്ങൾ എന്നിവരുടെ കൂടെയുള്ള കൂട്ടായ്മയാണ് മാനവ സൗഹാർദ്ദത്തിന്റെ കാതൽ. ഇതിൽ സ്ത്രീ - പുരുഷ വ്യത്യാസങ്ങളില്ല.

പരസ്പര ബഹുമാനം (Mutual respect), അവേർതിരിവ് (Non- discrimination), സംവാദം (dialogue), സൗഹൃദപരമായ അനുരഞ്ജനം (settlement of tensions by peaceful means), മാനവ സാഹോദര്യത്തിനായി മതാന്തര സഹകരണം (Inter religious co-operation in service to community) എന്നിവ വിശാലമായ മാനവ സൗഹാർദ്ദത്തിന് ഉണ്ടാകേണ്ട പഞ്ചശീലങ്ങളായി ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് നിർദ്ദേശിക്കുന്നുണ്ട്.

മാധ്യമങ്ങളിലൂടെയുള്ള സംവേദനം ഇപ്പോൾ മതമൗലിക വാദവും ജാതീയ ഉച്ചനീചത്വവും ശക്തിപ്പെടുത്തുകയാണ്. സാമൂഹിക ഘടനയിൽ മാനവികതയുടെ വികലവും വിരുദ്ധവുമായ ദൃശ്യങ്ങളാണ് ആവിഷ്ക്കരിക്കുന്നത്.

## 9. സംവേദനം ശബ്ദമില്ലാത്തവരുടെ ശബ്ദമാകണം (Communication for the Voice of Voiceless)

സംവേദന പ്രക്രിയയിൽ ഏവർക്കും അവസരം ലഭിക്കണം. സമൂഹത്തിലെ വരേണ്യ വർഗ്ഗത്തിന്റെയും അധികാര നേതൃത്വത്തിന്റെയും ശബ്ദമായിത്തീരുന്നു സംവേദനം. സ്വതന്ത്രവും നീതിപൂർവ്വകവുമായ സംവേദനം സൃഷ്ടിക്കുവാൻ കഴിയണം. സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുവാൻ കഴിയാത്തവരുടെ ശബ്ദവും ഉൾക്കൊള്ളണം. മാധ്യമങ്ങളിൽ അവമാനവികരും അവകാശരഹിതരും തിരസ്കൃതരുമായ

ജനതയുടെ ശബ്ദമുണ്ടാകണം. സംവേദന പ്രക്രിയയിൽ സ്വാതന്ത്ര്യം, സമത്വം, മനുഷ്യ സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ കേന്ദ്രീകൃതമാകണം. ആത്മാഭിമാനം നഷ്ടപ്പെട്ട് അന്യവത്ക്കരിക്കപ്പെട്ടവരും നികൃഷ്ടരുമായ ജനതയുടെ വിമോചന ധ്വനിയായി സംവേദനം രൂപപ്പെടണം. ശബ്ദമില്ലാത്തരോട് സംവേദിക്കുവാനും താദാത്മ്യപ്പെടുവാനും കഴിയണം.

യേശുവിന്റെ സംവേദന ശൈലി ശബ്ദമില്ലാത്തവരുടെ പക്ഷം ചേർന്നുള്ളതായിരുന്നു. ജാതി വ്യവസ്ഥയുടെ ജീർണ്ണതയും മതാനുഷ്ഠാനങ്ങളുടെ ഭാരവും ശക്തിപ്പെട്ടിരുന്ന കാലത്ത് യേശു സമൂഹത്തിന്റെ ഏറ്റവും താഴ്ന്ന തലങ്ങളിലേക്ക് എത്തി അവരുമായി സംവേദിക്കുവാൻ തയ്യാറായി. സുവിശേഷ മൂല്യങ്ങൾ പാവങ്ങളുടെ ഭാഷയിൽ പുനർവ്യാഖ്യാനിച്ചു. മാധ്യമങ്ങളിൽ മുഴങ്ങുന്ന ശബ്ദവും തെളിയുന്ന ദൃശ്യവും ശബ്ദമുള്ളവരുടെ ശബ്ദമാണ്. നിശബ്ദമാക്കപ്പെട്ട ബഹുഭൂരിപക്ഷവും ചാനൽ സ്ക്രീനിൽ പ്രത്യക്ഷപ്പെടാറില്ല.

### 10. സംവേദനം സമൂഹത്തെ രൂപാന്തരപ്പെടുത്തണം (Communication for Social Transformation)

സംവേദനത്തിന്റെ ആത്യന്തിക ലക്ഷ്യം രൂപാന്തരമാണ്. വ്യക്തിപരവും സാമൂഹികപരവുമായ മാറ്റത്തിന് സാക്ഷ്യം വഹിക്കുവാൻ കഴിയണം. സംവേദനത്തിൽ വർഗ്ഗം, വർണ്ണം, ഭാഷ, ധനം, അധികാരം എന്നീ ശക്തികൾക്കതീതമായി ശക്തി സംഭരിക്കണം. ക്രിസ്തീയ സംവേദനത്തിന്റെ സാന്നിധ്യം രൂപാന്തരത്തെ ത്വരിതപ്പെടുത്തുന്നതാകണം. ഇത് ദൈവരാജ്യത്തിന്റെ പൂർത്തീകരണത്തിന് സാക്ഷ്യം വഹിക്കുന്നു.

പുതിയ അവബോധം (new consciousness), പുതിയ മൂല്യങ്ങൾ (new set of values), പുതിയ ബന്ധം (new sense of relationship) എന്നിവ ക്രിസ്തീയ സംവേദനം വഴി പങ്കിടുവാൻ കഴിയും. യേശുവിന്റെ സംവേദനത്തിൽ ചിന്തയ്ക്കും പ്രവൃത്തിക്കും സമഗ്രമായ രൂപാന്തരം സൃഷ്ടിക്കുവാൻ കഴിയുംവിധം ആശയങ്ങൾ സംവേദിപ്പിക്കുവാൻ കഴിഞ്ഞു. പരിചിതമായ പ്രതീകങ്ങളും സന്ദേശങ്ങളും പുതിയ തലങ്ങളിൽ വ്യാഖ്യാനിക്കുവാൻ യേശുവിനു സാധിച്ചു. ഈ വ്യാഖ്യാനത്തിൽ ഏകീഭാവം (solidarity), പ്രതിഷേധം (protest), പരിലാളനം (protect) എന്നിവയും പ്രകടമായി. ദൈവരാജ്യത്തിന്റെ മാതൃകയെ പുനഃസൃഷ്ടിക്കുവാൻ ക്രിസ്തീയ സംവേദനത്തിന് കഴിയണം.

യേശുവിന്റെ സംവേദന ശക്തി രൂപാന്തപ്പെടുത്തുന്നതാണ്. സമഗ്രമായ സാമൂഹിക വ്യതിയാനമാണ് അത് ആവശ്യപ്പെടുന്നത്. സാമൂഹിക - രാഷ്ട്രീയ - സാമ്പത്തിക - സഭാ രംഗങ്ങളിൽ പുത്തൻ സാമൂഹിക

ക്രമത്തിനുള്ള ദർശനമാണിത്. മാധ്യമങ്ങൾ സമൂഹത്തെ രൂപാന്തരപ്പെടുത്തുന്നതിനു പകരം ഇപ്പോൾ വിഭജിക്കുകയാണ് (divide). വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രവും ജനങ്ങളും അനുദിനം വിഭജിതമായിതീരുന്നു.

**ഉപസംഹാരം**

ക്രിസ്തീയ സംവേദനം വ്യക്തി ബന്ധങ്ങളിലാണ് ശക്തീകരിക്കുന്നത്. വ്യക്താന്തര ബന്ധങ്ങളാണ് സംവേദനത്തിന്റെ അതിശ്രേഷ്ഠമായ തലം. ക്രിസ്തീയ സംവേദന ദർശനങ്ങൾ എക്കാലവും അനിവാര്യമാണ്. സംവേദനം ഇലക്ട്രോണിക് മാധ്യമങ്ങളിലാകുമ്പോൾ വ്യക്തിബന്ധങ്ങൾ നഷ്ടപ്പെടും. അവയിൽ ജീവിതത്തിന്റെ വിയർപ്പും രക്തവും ബന്ധപ്പെടാറില്ല. മനുഷ്യ ബന്ധങ്ങളുടെ സുഗന്ധമാകണം സംവേദനത്തിൽ നിറയേണ്ടത്.

❑

## പാഠം 5

# സംവേദനം സഭയുടെ കാഴ്ചപ്പാടുകൾ

❑ ആദിമ സഭയുടെ സംവേദനം ❑ അച്ചടിയുടെ ആവിർഭാവം ❑ ഇലക്ട്രോണിക് ചർച്ച് ❑ സംവേദന കാഴ്ചപ്പാടുകൾ ❑ സഭയും പ്രസിദ്ധീകരണങ്ങളും ❑ സഭയും ചാനലുകളും.

സംവേദനവും സഭയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ പ്രധാന ദൗത്യം സംവേദനമാണ്. യേശു ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷമാണ് സഭയുടെ സംവേദന ദൗത്യം. ആദിമ സഭയുടെ കാലം മുതൽ സഭയ്ക്ക് സംവേദന ദൗത്യം നിർവ്വഹിക്കുവാൻ സാധിച്ചു.

### ആദിമസഭയുടെ സംവേദനം

ആദിമസഭ സംവേദന പ്രക്രിയയിൽ യേശു ക്രിസ്തുവിന്റെ ശൈലിയാണ് ഉൾക്കൊണ്ടത്. പ്രാരംഭ കാലത്ത് വാമൊഴി സംവേദന ശൈലിയായിരുന്നു, സഭയുടെ പ്രധാന പ്രചരണ മാധ്യമം. ആരാധന, ദൗത്യം, പങ്കിടീൽ എന്നിവയിൽ കേന്ദ്രീകരിച്ചായിരുന്നു സംവേദനം രൂപപ്പെടുത്തിയത് (അപ്പോ. 2: 44-47).

ആരാധന, ആദിമ സഭയുടെ ജീവനാഡിയായിരുന്നു. സ്നേഹം, സന്തോഷം, കൂട്ടായ്മ, സാഹോദര്യം എന്നിവ ഈ ആരാധനാ സമൂഹം അനുഭവിച്ചറിഞ്ഞു. യേശുവിന്റെ ഗിരിപ്രഭാഷണം (മത്താ: 5-7), ദൗത്യ പാഠം (മത്താ. 28:19-20; യോഹ. 20:21) എന്നിവ ആദിമ സഭ പൂർണ്ണമായും ഉൾക്കൊണ്ടു. യെറുശലേമിൽ വച്ച് പെന്തിക്കൊസ്തിയിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിൽ നിറഞ്ഞു. യെറുശലേമിൽ നിന്നും ഭൂലോകത്തിന്റെ അറ്റത്തോളം സുവിശേഷം സംവേദിപ്പിച്ചു. ഇത് വെറും സംവേദനം അല്ലായിരുന്നു. സുവിശേഷ ദൗത്യം ഉൾക്കൊണ്ട ജീവിതശൈലിയായിരുന്നു. കൂട്ടായ്മയും പങ്കിടീലും സംവേദനത്തെ ശക്തിപ്പെടുത്തിയതിനാൽ ആദിമ സഭ സുസ്ഥിരമായ അടിസ്ഥാനത്തിൽ വളർന്നു.

ആദിമസഭയുടെ സംവേദനത്തിന്റെ മഹത്ത്വം എന്തായിരുന്നു? അത് വ്യക്തിതല സംവേദനമായിരുന്നു (Interpersonal Communication). പങ്കുവെയ്ക്കുന്ന സന്ദേശം മനസ്സിലാക്കി, പഠിക്കുകയും ഓർമ്മിക്കുകയും ചെയ്തിരുന്നു. ആവശ്യാനുസൃതം സന്ദേശം പങ്കിടുകയും ജീവിതത്തെ പുതുക്കത്തിന്റെ അനുഭവത്തിലേക്ക് ഉയർത്തുകയും ചെയ്തു. സംവേദകനും സന്ദേശവും തമ്മിൽ അഗാധബന്ധം ഉണ്ടായിരുന്നു. പ്രസംഗിക്കുന്നത് ജീവിതത്തിലൂടെ വെളിപ്പെടുത്തി. ആരാധന, പഠിപ്പിക്കൽ, പ്രഭാഷണം എന്നിവ വ്യക്തി ബന്ധത്തിൽ നിറഞ്ഞുനിന്നു. അവ വാമൊഴി

യായി തലമുറകളിൽ നിന്നും തലമുറകളിലേക്ക് കൈമാറി. ഇന്നും വാമൊഴി സംവേദനം സഭയുടെ പ്രധാന ശുശ്രൂഷയാണ്.

ആദിമ സഭ ക്രിസ്തീയ ദൗത്യനിർവ്വഹണത്തിന് നിരവധി സമ്പ്രദായങ്ങൾ രൂപീകരിച്ചു. വിവിധ ആരാധനാനുഷ്ഠാനങ്ങൾ, നാടോടി കഥകൾ, പ്രതീകങ്ങൾ, ചിഹ്നങ്ങൾ, ചിത്രരചനകൾ, ചുവർചിത്രങ്ങൾ, ചിത്രാക്ഷരങ്ങൾ എന്നിവ സംവേദനത്തിന് സഹായകമായി. പ്രഭാഷണം, ആരാധന, പാട്ട്, പ്രാർത്ഥന, സംഗീതം, വാസ്തു കല, പെയിന്റിംഗ് എന്നിവയും ആദിമ സഭയുടെ സംവേദന സമ്പ്രദായങ്ങളിൽ പ്രധാന പങ്കുവഹിച്ചു.

## അച്ചടിയുടെ ആവിർഭാവം

ജോഹൻ ഗുട്ടൻബർഗിന്റെ അച്ചടി പ്രചരിച്ചതോടെ (എ. ഡി. 1450) സംവേദന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ആരംഭിച്ചു. അറിവും വിജ്ഞാനവും ജനകീയമാക്കുവാൻ അച്ചടി സഹായിച്ചു. അതുവരെ സംവേദന കുത്തകവകാശവും (monopoly) വിജ്ഞാനത്തിന്റെ നിയന്ത്രണവും മതമേധാവികളിലും ഭരണാധികാരികളിലും നിക്ഷിപ്തമായിരുന്നു. രാജകീയ വൃന്ദങ്ങളും മതനേതാക്കളും ഇക്കാര്യത്തിൽ ആധിപത്യം പുലർത്തി. അച്ചടി വ്യാപകമായതോടെ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും സുലഭമായി. മതപുരോഹിതന്മാർ മാത്രം വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്ത ബൈബിൾ സാധാരണക്കാരന് ലഭ്യമായി. ഇത് ബഹുജനസംവേദനത്തിൽ ശക്തമായ ചലനങ്ങൾ സൃഷ്ടിച്ചു.

അച്ചടിയുടെ ആവിർഭാവം മതരംഗത്ത് വലിയ മാറ്റങ്ങൾ വരുത്തി. പുരോഹിതർ, രാഷ്ട്രീയക്കാർ, വിജ്ഞാനികൾ, എഴുത്തുകാർ എന്നിവരുടെ കുത്തകാവകാശത്തെ അച്ചടി തകർത്തതായി മാധ്യമ നിരീക്ഷകരായ മെൽവിൻ ഡിഫ്ളറും ഹെറോൾഡ് എ. ഇന്നിസും തെളിയിക്കുന്നു. മതാദ്ധ്യക്ഷരും സന്യാസാശ്രമങ്ങളും ബൈബിളിലും വേദശാസ്ത്രത്തിലും പുലർത്തിയ നിയന്ത്രണം ഇതോടെ നഷ്ടമായി. ഇത് സാമൂഹിക ഘടനയിൽ മാറ്റം സൃഷ്ടിച്ചു. സഭകളിൽ നവീകരണവും, സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ വ്യതിയാനവും സാഹിത്യത്തിലും സംസ്കാരത്തിലും ബോധോദയവും സാമ്പത്തിക ക്രമത്തിൽ വ്യവസായ വിപ്ലവവും രാഷ്ട്രീയ ഘടനയിൽ പുതിയ ചിന്താധാരകളും സൃഷ്ടിച്ചു. ആധുനികതയുടെ വളർച്ചക്ക് അച്ചടി മാധ്യമങ്ങൾ മുഖ്യപങ്ക് വഹിച്ചു. അച്ചടി വിപ്ലവത്തോട് സഭയും പ്രതികരിച്ചു. പ്രസിദ്ധീകരണ രംഗത്തും വേദശാസ്ത്ര രംഗത്തും പുതിയ മേഖലകളിലേക്ക് സഭകൾ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു.

ആരാധനാക്രമങ്ങളും പുതിയ ആരാധനാ സമ്പ്രദായങ്ങളും അച്ചടിച്ച് പുനഃക്രമീകരിച്ചു. വേദപുസ്തകവും ആരാധനാക്രമങ്ങളും ഭാഷാന്തരപ്പെടുത്തുകയും അച്ചടിച്ച് ഏവർക്കും ലഭ്യമാക്കുകയും ചെയ്തു. ഗ്രീക്ക്, ഹീബ്രു, ലാറ്റിൻ, സുറിയാനി തുടങ്ങിയ പ്രാചീന ഭാഷകളിൽ നിന്നും വേദപുസ്തകം വിവിധ ഭാഷകളിലേക്ക് തർജ്ജമ ചെയ്തു. ഇത് 'വിശ്വാസ ബോധനത്തിൽ വേദപുസ്തകം മാത്രം' എന്ന പുതിയ മുദ്രാവാക്യത്തിന് പ്രേരണ നൽകി (sola scriptura). മതരംഗത്ത് അച്ചടി നടത്തിയ സംക്രമണത്തെ അതിജീവിക്കുവാൻ സഭകൾക്ക് കഴിഞ്ഞു. വേദപുസ്തകത്തിന് പുതിയ വ്യാഖ്യാനങ്ങളും ഗവേഷണ പഠനങ്ങളും ഉണ്ടാക്കുവാൻ പ്രേരകമായത് അച്ചടിയുടെ ആവിർഭാവമാണ്.

## ഇലക്ട്രോണിക് ചർച്ച്

കമ്പ്യൂട്ടർ ടെക്നോളജി ഉപയോഗിച്ചുള്ള സംവേദന സമ്പ്രദായങ്ങൾ ആവിഷ്ക്കരിച്ചതോടെ 'മാധ്യമ യുഗം' (Media Age) ആരംഭിച്ചു. ആധുനിക ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ഉപയോഗിച്ചുള്ള സുവിശേഷപ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. 'ഇലക്ട്രോണിക് ന്യൂസ് പേപ്പറും', 'ഇലക്ട്രോണിക് ചർച്ചും' മാധ്യമരംഗത്ത് ശ്രദ്ധിക്കപ്പെട്ടു. ഇപ്പോൾ സമൂഹം ഇന്റർനെറ്റ് യുഗത്തിൽ എത്തിയിരിക്കുകയാണ്. ഗൂഗിൾ ലോകം എന്നും പറയുന്നു.

സഭയുടെ ദൗത്യനിർവ്വഹണ പരിസ്ഥിതി തികച്ചും മാധ്യമങ്ങളാൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുവാൻ തുടങ്ങി. അതിനാൽ മാധ്യമങ്ങളെ ഗുണപരമായി രൂപപ്പെടുത്തി സുവിശേഷദൗത്യത്തിനുള്ള സാധ്യതകൾ അന്വേഷിക്കുവാൻ ആരംഭിച്ചു. കത്തോലിക്കാ – പ്രൊട്ടസ്റ്റന്റ് സഭകളാണ് മാധ്യമ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ളത്. 2002 നവംബർ 17-ന് ലോകമാധ്യമ ദിനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നടത്തിയ പ്രഭാഷണം 'ഇന്റർനെറ്റ്: സുവിശേഷ ഘോഷണത്തിനുള്ള പൊതുവേദി' എന്ന വിഷയം കേന്ദ്രീകരിച്ചായിരുന്നു. അദ്ദേഹം പറയുന്നു:

"സംവേദനത്തിന്റെയും പങ്കാളിത്തത്തിന്റെയും ദൃഢൈക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും സംസ്കാരത്തെ അനുകൂലിക്കാൻ ഇന്റർനെറ്റിന് കഴിയുമെന്നു സഭ വിശ്വസിക്കുന്നു. അതു സംഭവിക്കുമെന്ന് ഉറപ്പു വരുത്തുവാൻ ഈ പുതിയ പൊതുവേദിയിൽ പ്രവേശിക്കാൻ സഭ തീരുമാനിച്ചു. സമാധാന രാജപുത്രനായ ക്രിസ്തുവിന്റെ സുവിശേഷമാകുന്ന ആയുധമണിഞ്ഞു പ്രവേശിക്കാൻ തീരുമാനിച്ചു.

ഭൂഗോളത്തിനു ചുറ്റും ദശലക്ഷക്കണക്കിനു കമ്പ്യൂട്ടർ മോണിറ്ററുകളിൽ ബില്യൺ കണക്കിനു ചിത്രങ്ങൾ ഇന്റർനെറ്റു പ്രദർശിപ്പിക്കുന്നു.

ക്രിസ്തുവിന്റെ മുഖം കാണപ്പെടുകയും അവിടുത്തെ ശബ്ദം ശ്രവിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ നമ്മുടെ രക്ഷയുടെ സന്തോഷപ്രദമായ വാർത്തകൾ ലോകം അറിയുകയുള്ളൂ. ഇതാണ് സുവിശേഷവത്ക്കരണത്തിന്റെ ലക്ഷ്യം. ഇതാണ് ഇന്റർനെറ്റിനെ യഥാർത്ഥ മാനുഷികതയുള്ള മണ്ഡലമാക്കുന്നത്. എന്തെന്നാൽ ക്രിസ്തുവിനു സ്ഥാനമില്ലെങ്കിൽ മനുഷ്യനു സ്ഥാനമില്ല. അതുകൊണ്ട്, ഈ ലോക മാധ്യമ ദിനത്തിൽ, ഈ പുതിയ പടിവാതിൽ ധൈര്യപൂർവ്വം കടക്കുവാൻ ഞാൻ സഭയെ ആഹ്വാനം ചെയ്യുന്നു. ഇന്റർനെറ്റിനെ ആഴത്തിലേക്ക് ഇറക്കുവാൻ ആഹ്വാനം ചെയ്യുന്നു."

മാധ്യമങ്ങൾ എങ്ങനെ സുവിശേഷ പ്രഘോഷണത്തിന് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും? മാധ്യമങ്ങളും ഇന്റർനെറ്റും സാധ്യമാക്കി തീർത്തിരിക്കുന്ന 'മാധ്യമലോകത്തിൽ' എങ്ങനെ ക്രിസ്തീയ സാന്നിധ്യം പണിതുയർത്തുവാൻ കഴിയും? ഇലക്ട്രോണിക് ചർച്ചിന്റെ സാധ്യതകൾ ഏതെല്ലാം? ഇക്കാര്യങ്ങളിൽ പുതിയ പഠന-ഗവേഷണങ്ങൾ നടക്കുകയാണ്.

### സംവേദന കാഴ്ചപ്പാടുകൾ

സഭയുടെ സംവേദന കാഴ്ചപ്പാടുകൾ രൂപപ്പെടുത്തിയതിൽ ലോക സഭാകൗൺസിൽ (WCC), കത്തോലിക്കാ സഭ, ലോക ക്രിസ്ത്യൻ കമ്മ്യൂണിക്കേഷൻ സമിതി (WACC) എന്നിവ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. പല പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ ഓരോ സമിതിയും വിവിധ കാലത്ത് നിരവധി 'സംവേദന പ്രസ്താവന'കൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സഭകൾ മാധ്യമങ്ങളോട് നിഷേധമായ സമീപനം പുലർത്തിയിരുന്നു. അച്ചടി മാധ്യമത്തിന്റെ സ്വാധീനവും സാധ്യതകളും സഭകൾ തിരിച്ചറിയുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്തു. എന്നാൽ ഇലക്ട്രോണിക് മാധ്യമങ്ങൾ വളർന്നുവന്നപ്പോൾ അവ സ്വീകരിക്കുവാനോ ഉൾക്കൊള്ളുവാനോ സഭകൾ തയ്യാറായില്ല. അവയോട് നിഷേധ സമീപനം പരസ്യമായി പുലർത്തുകയും ചെയ്തു.

ലോക സഭാ കൗൺസിലിന്റെ ആദ്യസമ്മേളനം ആംസ്റ്റർഡാമിൽ നടന്നപ്പോൾ (1948) 'മതങ്ങളുടെ സംവേദന സ്വാതന്ത്ര്യ'ത്തെക്കുറിച്ച് പുതിയ പാഠം അവതരിപ്പിച്ചു. സഭയുടെ സംവേദന പ്രക്രിയയിൽ പ്രഭാഷണം, പത്രം, റേഡിയോ, ചലച്ചിത്രം, കല എന്നിവ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണമെന്ന് നിർദ്ദേശിച്ചു. ഇവ സംവേദന രംഗത്ത് സഭകൾക്ക് പുത്തൻ ഉൾക്കാഴ്ച പകർന്നു.

ലോക സഭാ കൗൺസിലിന്റെ (WCC) ഡൽഹിയിൽ നടന്ന മൂന്നാം ലോക സമ്മേളനം (1961) 'സംവേദനവും മാധ്യമങ്ങളും' പ്രത്യേകം പഠന വിധേയമാക്കി. സംവേദന തലങ്ങളെ മനസ്സിലാക്കുവാനും അവയുമായി താദാത്മ്യപ്പെടുവാനും സുവിശേഷ സംവേദകർക്ക് കഴിവും സന്മനസ്സും ഉണ്ടാകണമെന്ന് സമ്മേളനം വ്യക്തമാക്കി. യുവജനങ്ങൾ, തൊഴിലാളികൾ, ബുദ്ധി ജീവികൾ എന്നിവരുടെ ഭാഷയും താല്പര്യങ്ങളും ഉൾക്കൊള്ളുവാനും സംവേദനത്തിൽ പത്രം, മാസിക, ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ സഭകൾക്ക് ഉപയോഗിക്കുവാൻ കഴിയണമെന്നും നിർദ്ദേശിച്ചു.

ഉപ്സാലായിൽ 1968-ൽ നടന്ന ലോക ക്രൈസ്തവ സമ്മേളനത്തിൽ 'സഭയും മാധ്യമങ്ങൾ വഴിയുള്ള ബഹുജന സംവേദനവും' എന്ന വിഷയം പ്രത്യേകം പഠിച്ചു. 'മാധ്യമങ്ങൾക്ക് ശക്തമായ സ്വാധീനം ചെലുത്തുവാനും വഴിതെറ്റിക്കാനുമുള്ള ചാലകശക്തിയുണ്ടെന്ന് ഈ സമ്മേളനം വിലയിരുത്തി. സഭകൾ മാധ്യമങ്ങളുടെ ഘടന, പ്രവർത്തനം എന്നിവ മനസ്സിലാക്കി പൂർണ്ണമായും ഇതിൽ പങ്കുചേരണമെന്നും സംവേദനത്തിന്റെ ദൈവശാസ്ത്ര കാഴ്ചപ്പാടുകൾ വിലയിരുത്തണമെന്നും നിർദ്ദേശിച്ചു.

നെയ്റോബിയിൽ 1975-ൽ നടന്ന ലോക ക്രൈസ്തവ സമ്മേളനവും മാധ്യമങ്ങളെക്കുറിച്ച് പ്രത്യേക പഠനം നടത്തി. വാക്കിലും പ്രവൃത്തിയിലും ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുവാൻ ഇടവക, സമൂഹം, വ്യക്തി എന്നിവയ്ക്ക് കഴിയണമെന്നും അതിനായി പരമ്പരാഗത സംവേദന മാധ്യമങ്ങൾ (Traditional methods of communication) ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുമെന്നും വിലയിരുത്തി.

ഡബ്ലിയു.സി.സി. യുടെ വാൻകൂവറിൽ 1983-ൽ നടന്ന ആറാം സമ്മേളനം 'വിശ്വാസപരമായ സംവേദനം' (Communicating credibly) എന്ന പ്രമാണരേഖ അവതരിപ്പിച്ച് സംവേദന പഠനങ്ങൾക്ക് പുതിയ ദിശാബോധം സൃഷ്ടിച്ചു. അജപാലനപരം (pastoral), സുവിശേഷപരം (evangelical), പ്രവാചകപരം (Prophetic) എന്നീ മൂന്നു തരത്തിൽ സഭകൾക്ക് മാധ്യമങ്ങൾ ഉപയോഗിക്കുവാൻ കഴിയുമെന്ന് സമ്മേളനം നിർദ്ദേശിച്ചു. ഇലക്ട്രോണിക് മാധ്യമങ്ങളും പരമ്പരാഗത സംവേദന മാധ്യമങ്ങളും (Alternative forms of communication) ഒരുപോലെ ഉപയോഗിക്കുന്നതിനെ സമ്മേളനം പ്രോത്സാഹിപ്പിച്ചു.

നീതി, സമാധാനം, സൃഷ്ടിയുടെ സമഗ്രത എന്നിവ സംവേദിപ്പിക്കാനും സ്നേഹത്തോടും ശ്രദ്ധയോടും സത്യത്തെ വിനിമയം ചെയ്യുന്നതിനും സഭകൾക്ക് കഴിയണമെന്ന് 1991-ൽ കാൻബറായിൽ നടന്ന

ഡബ്ലിയു.സി.സി. യുടെ ഏഴാം സമ്മേളനം വിലയിരുത്തി. ഹരാരേയിൽ നടന്ന എട്ടാം സമ്മേളനം (1998) മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ആഗോള പ്രശ്നങ്ങളെ വിമർശനപൂർവ്വം നിരീക്ഷിക്കുന്നു: "ആഗോള മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സാംസ്കാരിക ആധിപത്യം, ഏക സംസ്കാരം (mono-culture), ഉപഭോഗ സംസ്കാരം എന്നിവയ്ക്ക് എതിരെ സഭകൾ കണ്ണു തുറക്കുകയും വിമർശനപൂർവ്വം പ്രതികരിക്കുകയും ചെയ്യണം." വ്യക്തികളിലും സംസ്കാരങ്ങളിലും ആധിപത്യം പുലർത്തുന്ന മാധ്യമ സംസ്കാരത്തിനെതിരെ ശബ്ദമില്ലാത്തവരുടെ ശബ്ദമായിത്തീരാൻ സഭകൾക്കുള്ള ദൗത്യം ഹരാരെ സമ്മേളനം വെളിപ്പെടുത്തുന്നു.

ലോക ക്രൈസ്തവ സമിതിയുടെ പ്രഥമ സമ്മേളനമായ ആംസ്റ്റർഡാം (1948) മുതൽ എട്ടാം സമ്മേളനമായ ഹരാരേ (1998) വരെയുള്ള പഠനങ്ങൾ, മാധ്യമ രംഗത്തുണ്ടായ വളർച്ച സഭയിലും സമൂഹത്തിലും സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്തു.

ക്രൈസ്തവ ദൗത്യനിർവ്വഹണത്തിൽ മാധ്യമ സാധ്യതകൾ ശക്തമായി അന്വേഷിച്ചത് കത്തോലിക്കാ സഭയാണ്. 20-ാം നൂറ്റാണ്ടിലെ ആദ്യ സംവേദനരേഖ 1936-ൽ തയ്യാറാക്കിയത് കത്തോലിക്കാ സഭയാണ്. സിനിമയുടെ സ്വാധീനവും ശക്തിയും വിലയിരുത്തുന്ന ഈ രേഖ വിജിലാന്റി കൂറാ (Vigilanty cura) എന്ന് അറിയപ്പെടുന്നു. ഇതിൽ സഭയും വ്യക്തികളും ചലച്ചിത്രത്തെ വിമർശനപൂർവ്വം കാണുകയും നല്ല സിനിമകൾ സംവിധാനം ചെയ്തു ചലച്ചിത്ര രംഗത്തേക്ക് എത്തിയ്ക്കണമെന്നും ആഹ്വാനം ചെയ്യുന്നു. മാധ്യമങ്ങൾ സമൂഹത്തിലും സഭാ ജീവിതത്തിലും അതിശക്തമായ സ്വാധീനം ചെലുത്തുവാൻ കഴിവുറ്റ ഉപാധികളാണെന്ന് ആദ്യമായി തിരിച്ചറിഞ്ഞ് മാധ്യമങ്ങൾക്ക് അനുകൂലമായി ഒരു സമീപനം രൂപപ്പെടുത്തിയ 20-ാം നൂറ്റാണ്ടിലെ ആദ്യത്തെ ക്രൈസ്തവ നേതാവാണ് പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പാ (Pius XII, 1939-58). ബഹുജന മാധ്യമങ്ങളുടെ അനന്ത സാധ്യതകളെക്കുറിച്ച് അദ്ദേഹം പ്രബോധിപ്പിച്ചു.

മാധ്യമങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തിയ രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-65) സാമൂഹിക സംവേദനത്തിന് പുതിയ പാത തെളിയിച്ചു. ഇന്റർ മിർഫിക്കാ (Inter Mirfica, 1963) എന്നിത് അറിയപ്പെടുന്നു. സാമൂഹിക സംവേദനത്തെക്കുറിച്ച് 1971-ലും 1992-ലും പൊന്തിഫിക്കൽ കൗൺസിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ സംവേദന രംഗത്തും മാധ്യമ പഠന രംഗത്തും ക്രിയാത്മകമായ ചലനങ്ങൾ സൃഷ്ടിച്ചു.

ലണ്ടൻ കേന്ദ്രമാക്കിയുള്ള വേൾഡ് അസോസിയേഷൻ ഫോർ ക്രിസ്ത്യൻ കമ്മ്യൂണിക്കേഷൻ (WACC) 1986 മുതൽ 'മാധ്യമ സംവേദന' രംഗത്ത് പഠനങ്ങളും നിരീക്ഷണങ്ങളും രൂപപ്പെടുത്തുന്നു. സംവേദന

ത്തിലെ ക്രിസ്തീയ തത്ത്വങ്ങൾ (Christian Principals of Communication, 1986), സംവേദനം സമൂഹത്തിന് (Communication for Community, 1989) എന്ന മലീനാ പ്രഖ്യാപനവും, സോൾ മാനിഫെസ്റ്റോയും (1989), സംവേദനവും മനുഷ്യാവകാശവും എന്ന വിൻഡോക് പ്രഖ്യാപനവും (1991), സംവേദനം മനുഷ്യന്റെ അന്തസ്സിന് (Communication for Human Dignity, 1995) എന്ന 'മെക്സിക്കോ വിളംബര'വും പുതിയ നൂറ്റാണ്ടിൽ മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് പഠിക്കുവാൻ സഹായിക്കുന്ന പ്രാമാണിക രേഖകളാണ്.

വിവിധ സഭകളും സംഘടനകളും രൂപപ്പെടുത്തിയ സംവേദന രേഖകൾ വിശകലനം ചെയ്താൽ പ്രധാനമായും മൂന്നു സമീപനങ്ങൾ വെളിപ്പെടുന്നു:

1. പരമ്പരാഗത സംവേദന സമ്പ്രദായങ്ങളായ പ്രഭാഷണം, ആരാധന എന്നിവ കൂടുതൽ ഫലപ്രദമായും മാധ്യമങ്ങൾ വഴിയായും സംവേദനം ചെയ്യുന്നതിനുള്ള സാധ്യതകളുടെ അന്വേഷണം.
2. ആഗോള മാധ്യമ നയങ്ങൾ മാനവ സമൂഹത്തിൽ സൃഷ്ടിക്കുന്ന ധാർമ്മികവും സാംസ്ക്കാരികവുമായ പ്രശ്നങ്ങൾ വിശകലനം ചെയ്യുക.
3. മാധ്യമങ്ങളെയും അവ ഉയർത്തുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങളെയും ക്രിസ്തീയ വീക്ഷണത്തിൽ വിലയിരുത്തി വേദശാസ്ത്രപരമായ സമീപനം രൂപപ്പെടുത്തുക.

മാധ്യമ രംഗത്തുണ്ടായ ക്രിസ്തീയ വീക്ഷണത്തിലുള്ള പഠനങ്ങളും കാഴ്ചപ്പാടുകളും സഭകളിൽ പുത്തൻ അവബോധം സൃഷ്ടിച്ചു. മാധ്യമങ്ങൾ വഴി ശുശ്രൂഷ നിർവ്വഹിക്കുവാൻ കഴിയുമെന്ന് സഭകൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നു. ഈ രംഗത്ത് കത്തോലിക്കാ സഭയും പ്രൊട്ടസ്റ്റന്റ് സഭകളും വളരെ മുൻപന്തിയിലാണ്. ഒറ്റപ്പെട്ട ചില ഗ്രൂപ്പുകളും പ്രസ്ഥാനങ്ങളും മാധ്യമങ്ങൾ വഴി നടത്തുന്ന സഭാ ശുശ്രൂഷകൾ വളരെയാണ്. എന്നാൽ ഓർത്തഡോക്സ് സഭകൾ ഈ രംഗത്ത് വേണ്ടത്ര താല്പര്യം ഇന്നും പുലർത്തുന്നില്ല!

## സഭയും പ്രസിദ്ധീകരണങ്ങളും

ജനകീയ സർവ്വകലാശാലയായ പ്രസിദ്ധീകരണങ്ങൾ അറിവും അറിയിപ്പുകളും വിജ്ഞാന - വിനോദങ്ങളും പങ്കിടുന്ന പൊതുതാല്പര്യങ്ങളുടെ കലവറയാണ്. സാമൂഹിക താല്പര്യങ്ങളുടെ സംരക്ഷകരും (gate keepers) കാവൽക്കാരുമാകുന്ന (watch dogs) മാധ്യമങ്ങൾ ബഹുജന സംവേദന ഉപാധിയാണ്. സമൂഹത്തോടും മനുഷ്യരാശിയോടുമുള്ള

ഉത്തരവാദിത്വവും പ്രതിബദ്ധതയും ഏറ്റെടുക്കേണ്ടവയാണ് ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ. എന്നാൽ വിവിധ സഭകളും വ്യക്തികളും നടത്തുന്ന പ്രസിദ്ധീകരണങ്ങൾ ഉള്ളടക്കത്തിലും അവതരണത്തിലും ഫലപ്രദമല്ല.

മലയാള ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം.

### A. മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ

മുഖ്യധാരാ (mainline churches) സഭകളുടെ പ്രസിദ്ധീകരണമാണിത്. എല്ലാ മുഖ്യധാരാ സഭകൾക്കും മുഖപത്രം ഉണ്ട്. അതതു സഭയുടെ ചരിത്രം, വേദശാസ്ത്രം, വിശ്വാസ പ്രബോധനങ്ങൾ, മേലദ്ധ്യക്ഷന്മാരുടെ ഇടയലേഖനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. ഇവ സഭയുടെ വിശ്വാസവും പാരമ്പര്യവും പഠിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നു. എന്നാൽ ഒരേ ആശയത്തിൽ വൈവിധ്യവും സങ്കീർണ്ണതയും സൃഷ്ടിക്കുന്നു. ചരിത്രത്തിലെ ഓരോ സംഭവവും അതതു സഭകളുടെ വീക്ഷണത്തിലും ദർശനത്തിലുമാണ് അവതരിപ്പിക്കുന്നത്. അതിനാൽ വിശ്വാസ്യത (credibility) ഇവയിൽ നഷ്ടപ്പെടുന്നു. മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾക്ക് കേന്ദ്രീകൃതവും സംഘടിതവുമായ ശൈലിയും പദ്ധതികളുമുണ്ട്.

### B. സെക്ടേരിയൻ പ്രസിദ്ധീകരണങ്ങൾ

ബൈബിൾ പഠനവും സുവിശേഷവും കേന്ദ്രീകരിച്ചുള്ള ഉള്ളടക്കമാണ് സെക്ടേരിയൻ സഭാ പ്രസിദ്ധീകരണങ്ങളിൽ ഉള്ളത്. ക്രിസ്തുവിൽ ലഭ്യമാകുന്ന ആത്യന്തിക രക്ഷ, യുഗാന്ത്യം, വിശ്വാസ വിഷയങ്ങൾ, ഹൃദയ പരിവർത്തനം, രോഗശാന്തി തുടങ്ങി മനുഷ്യഹൃദയങ്ങളെ സ്പർശിക്കുന്ന 'സെൻസേഷണൽ ജേർണലിസ'മാണിത്. വായനക്കാരുടെ പ്രതികരണങ്ങൾ, ഇന്റർവ്യൂകൾ, റിപ്പോർട്ടുകൾ, ഫീച്ചറുകൾ എന്നിവയുമുണ്ട്. ഭാഷാശൈലി ലളിതവും അവതരണം ആകർഷകവുമാണ്.

### C. എക്യുമെനിക്കൽ പ്രസിദ്ധീകരണങ്ങൾ

എക്യുമെനിക്കൽ ദർശനം സ്ഫുരിക്കുന്നവയാണിത്. നിഷ്പക്ഷമായ വീക്ഷണവും ചിന്തയും ഉള്ളവർ ഒന്നിക്കുന്ന വേദി. കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ, സാഹിത്യ സംവാദങ്ങൾ, ബൈബിൾ പഠനങ്ങൾ, വേദശാസ്ത്രം, സാമൂഹിക ധർമ്മശാസ്ത്രങ്ങൾ എന്നിവ ഇതിൽ പങ്കുവെയ്ക്കുന്നു. വിവിധ സഭാംഗങ്ങളുടെ രചനകളുടെ സമന്വയമാണ്. എല്ലാ തലങ്ങളിലുമുള്ളവർക്ക് സംവേദിക്കുവാനും ആസ്വദിക്കുവാനും കഴിയുന്നു. രാജ്യത്തിന്റെ അഖണ്ഡത, സഭകളുടെ ഐക്യം,

മതേതരത്വം, അഴിമതി, ചൂഷണം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾ തനിമയോടെ അവതരിപ്പിക്കാറുണ്ട്.

### D. സ്വതന്ത്ര ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ

വ്യക്തികളോ സംഘടനകളോ സമൂഹങ്ങളോ നടത്തുന്ന ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ. ഇത് ഒരു സഭയുടെയും ചട്ടക്കൂട്ടിൽ ഒതുങ്ങുന്നില്ല. വീക്ഷണത്തിലും അവതരണത്തിലും സ്വതന്ത്ര ചിന്തയാണ്. ഇതിനും ഉള്ളടക്കത്തിൽ സെക്ടേരിയൻ പ്രസിദ്ധീകരണങ്ങളുടെ ശൈലിയാണ്. ഇലക്ട്രോണിക് മാധ്യമ ടെക്നോളജി പ്രസിദ്ധീകരണത്തിൽ ഉപയോഗപ്പെടുത്തുന്നതിനാൽ 'കെട്ടും മട്ടും' ആകർഷകമാണ്. വിതരണത്തിൽ സെക്കുലർ മാസികക്കൊപ്പം ആണ് കോപ്പികൾ. ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും കൂടുതൽ വായനക്കാരുള്ളതും ഇത്തരം പ്രസിദ്ധീകരണങ്ങൾക്കാണ്.

### E. പ്രതിസഭാ പ്രസിദ്ധീകരണങ്ങൾ

മുഖ്യധാരാ സഭകൾക്കെതിരെയുള്ള പ്രതിഷേധമാണ് ഇതിൽ പ്രതിഫലിക്കുന്നത്. സഭയിലെ ഭരണക്രമങ്ങൾ, സമ്പ്രദായങ്ങൾ, ശൈലികൾ, അഴിമതികൾ, കറപിടിച്ച നയങ്ങൾ, വിരുദ്ധോപദേശങ്ങൾ എന്നിവയ്ക്കെതിരെ ശക്തവും മൂർച്ചയേറിയതുമായ ഭാഷയിലുള്ള വിമർശനമാണ് പങ്കുവയ്ക്കുന്നത്. നിഷ്പക്ഷരായ ദാർശനികരും ബുദ്ധിജീവികളും ഇതിനെ പിൻതുണയ്ക്കുന്നു. പ്രതിസഭാ പ്രസിദ്ധീകരണങ്ങൾ (Counter Church Journals) 'ജനകീയ പ്രസിദ്ധീകരണ'മെന്ന് അവകാശപ്പെടുന്നു.

ഇങ്ങനെ, ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കു വൈവിധ്യമുള്ള ശൈലിയും ദർശനവുമാണ്. ഓരോന്നിലും നല്ല വശങ്ങളുണ്ടെങ്കിലും മാതൃകാപരമായ ഒരു ക്രൈസ്തവ പ്രസിദ്ധീകരണവും എടുത്തു കാട്ടുക പ്രയാസമാണ്. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിലധികവും സ്ത്രീകളാണെങ്കിലും പ്രസിദ്ധീകരണ രംഗത്ത് അവരുടെ സംഭാവന ശുഷ്ക്കമാണ്. ഒരു സഭയും സ്ത്രീകൾക്ക് പത്രാധിപ സമിതികളിൽ വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല. സ്ത്രീകളുടെ രചനകളും പരിമിതമാണ്. യുവജനങ്ങളും ഈ രംഗത്ത് ക്രിയാത്മകമല്ല. ഇവിടെയെല്ലാം മാറ്റങ്ങൾ അനിവാര്യമാണ്. ബാലാരിഷ്ടതകളോടെ രണ്ടായിരം കോപ്പിയുമായി പ്രസിദ്ധീകരണ രംഗത്തേക്കു കുതിക്കുന്ന പത്രപ്രവർത്തനമാണ് സഭകളുടെ ശാപം.

### പ്രശ്നങ്ങൾ പ്രതിവിധികൾ

സെക്കുലർ മാധ്യമങ്ങളുടെ വെല്ലുവിളി ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കും ബാധകമാണ്. ഇവയുടെ സ്വാധീനത്തെ ചെറുത്തു നിൽക്കു

വാൻ പരിശീലനവും സാമഗ്രികളും നേടി സംവേദനത്തിന്റെ പുതിയ പാത തെളിയിക്കണം. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ ബഹുജന മാധ്യമങ്ങളായിത്തീരണം (mass media). ആയിരം പേരിൽ 100 പേർക്കെങ്കിലും ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ ലഭ്യമാകണം. നിലവിലുള്ള സമ്പ്രദായങ്ങളിൽ മൂന്നു തരത്തിലുള്ള മാറ്റം അനിവാര്യമാണ്.

**1. ഘടനാപരമായ മാറ്റം**

സഭയിലെ ഒരു കൂട്ടം ആളുകളാണ് പ്രസിദ്ധീകരണങ്ങളെ നയിക്കുന്നതും നിയന്ത്രിക്കുന്നതും. സംവേദന പ്രക്രിയയിലെ ഈ മേൽക്കോയ്മക്കറുതി വരണം. ജനങ്ങൾക്കു പങ്കാളിത്തം ലഭിക്കത്തക്ക ഘടനാ സംവിധാനമുണ്ടാകണം. ആധിപത്യ സ്വഭാവമുള്ളതും ഉള്ളടക്കത്തിൽ കൗശല വിദ്യയുള്ളതും അടിച്ചേൽപിക്കുന്നതുമായ മാധ്യമ സംവേദന നയം മാറണം. ദൈവശബ്ദത്തോടൊപ്പം ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ 'ജനങ്ങളുടെ ശബ്ദവും' പ്രതിധ്വനിക്കണം. ആന്തരഘടനയിൽ (Infra-structure) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു അച്ചടിയും ലേ-ഔട്ടും കമനീയമാക്കണം.

**2. പ്രവർത്തന ശൈലിയിലുള്ള മാറ്റം**

സമൂഹത്തിന്റെ നാഡീസ്പന്ദനം ജനങ്ങളിൽ എത്തിക്കുന്ന ദൗത്യം എല്ലാ പ്രസിദ്ധീകരണങ്ങൾക്കുമുണ്ട്. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ ജനങ്ങളുടെ വേദനകൾ ദാരിദ്ര്യം, അനീതി, അക്രമം, ചൂഷണം, ദളിത് പീഡനം, പരിസ്ഥിതി പ്രശ്നങ്ങൾ, ഉച്ചനീചത്വങ്ങൾ എന്നിവ വേദപുസ്തകാടിസ്ഥാനത്തിൽ അപഗ്രഥിച്ച് ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കും അഭിവൃദ്ധിക്കുമുള്ള സമ്പ്രദായങ്ങൾ സ്വീകരിക്കണം. സാഹചര്യങ്ങളുടെ പര്യവേക്ഷണം, സമൂഹങ്ങളുടെ അന്യോന്യബന്ധം, സാമൂഹിക പൈതൃകങ്ങളുടെ സംപ്രേക്ഷണം, വിജ്ഞാനം, വിനോദം, വിദ്യാഭ്യാസം എന്നിവ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലും ലഭ്യമാകണം. സമകാലിക വിഷയങ്ങളിൽ ഗവേഷണങ്ങളും സർവ്വേകളും നടത്തി ജനങ്ങളെ പ്രബോധിപ്പിക്കണം.

**3. വിപണന ശൈലിയിലുള്ള മാറ്റം**

ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ സമ്പൂർണ്ണമായും ബഹുജന മാധ്യമമാകണം. ഇതിന് കേന്ദ്രീകൃതവും സംഘടിതവുമായ വിപണന സമ്പ്രദായ ശൈലി ഉണ്ടാകണം. ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾക്ക് എത്തിച്ചേരാൻ കഴിയാത്ത മേഖലയാണ് മാർക്കറ്റിംങ്ങ്. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ ഓരോന്നും അത് ലക്ഷ്യമിടുന്ന വായനക്കാരിൽ എത്തിക്കാനുള്ള സരണികളും ചാനലുകളും കണ്ടെത്തണം. ബഹുജന

പങ്കാളിത്തം കൂടുതൽ ലഭ്യമാക്കണം. ജനങ്ങൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ എന്നതിലുപരി 'ജനങ്ങളുടെ പ്രസിദ്ധീകരണം' എന്ന നിലയിലേക്കുയർത്തുവാൻ കഴിയണം.

പ്രസിദ്ധീകരണങ്ങളിലെ അധികാര മേൽക്കോയ്മ, സാമ്പത്തിക ഭദ്രതയ്ക്കു വേണ്ടിയുള്ള ആശ്രിതത്വം, മാധ്യമ പ്രവർത്തകരുടെ അഭാവം, സഭകളുടെ അതിരു കടന്ന നിയന്ത്രണം, മാധ്യമ നടത്തിപ്പിനെക്കുറിച്ചുള്ള അജ്ഞത, ആധുനിക സാങ്കേതികതയുടെ അഭാവം, സെക്കുലർ മാധ്യമങ്ങളോടുള്ള അലർജി, സഭകൾ തമ്മിലുള്ള ഗ്രൂപ്പിസം എന്നിവയെല്ലാം ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ വളർച്ചയെ അതിരൂക്ഷമായി തടസ്സപ്പെടുത്തുന്നു. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് മുഖ്യ ദൗത്യം.

**നവമാധ്യമങ്ങളും ഇടയശുശ്രൂഷയും**

സഭാ ശുശ്രൂഷയിൽ സാമൂഹിക മാധ്യമങ്ങളുടെ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം. പുതുതലമുറ സാമൂഹിക മാധ്യമങ്ങളിൽ കേന്ദ്രീകൃത ജീവിതശൈലി രൂപപ്പെടുത്തുകയാണ്. ഇടവകകളിൽ യുവജനങ്ങളുടെ ക്രിയാത്മക ഇടപെടലുകളും സാന്നിദ്ധ്യവും അന്യമാകുന്നു. വ്യക്തിബന്ധങ്ങൾക്കോ സാമൂഹിക പ്രവർത്തനങ്ങൾക്കോ യുവജനങ്ങളെ ലഭ്യമാകുന്നില്ല. യുവജനങ്ങളുടെ സമഗ്രമായ വളർച്ചയും അപ്രത്യക്ഷമാകുന്നു. ഇത്തരം സാഹചര്യത്തിൽ ഇടവകതലത്തിൽ ഫലപ്രദമായ ഇടയശുശ്രൂഷയുടെ അനന്തസാധ്യതകൾ കൂട്ടായ ചർച്ചയിലൂടെ കണ്ടെത്തേണ്ടതാണ്. പുതിയ വാർത്താവിതരണ സംവിധാനങ്ങൾ വഴി ജീവന്റെയും നന്മയുടെയും സത്വാർത്ത ലോകത്തിന്റെ അറ്റത്തോളം അറിയിക്കുവാൻ കഴിയണം. ഇതിന് പരമ്പരാഗത മാർഗ്ഗങ്ങൾക്ക് ഒപ്പം സോഷ്യൽ നെറ്റ്വർക്കിങ്ങിലെ ടിറ്റർ, യു ട്യൂബ്, ഫേസ് ബുക്ക്, ടിറ്റർ, ഇൻസ്റ്റഗ്രാം തുടങ്ങിയവ ഉപയോഗപ്രദമാക്കുവാൻ കഴിയണം. 'വേൾഡ് വെബ്' എന്ന ആഗോള വിവരവിതരണ ശൃംഖല അനുദിനം മാറുകയാണ്. സ്മാർട്ട് ഫോണുകളുടെ വരവോടെ 'വിവിധോദ്ദേശ്യ സേവനങ്ങളുടെ പൊതുസ്ഥലം' എന്നനിലയിൽ സമ്പർക്ക സമ്പ്രദായങ്ങൾക്ക് മാറ്റം വന്നു. ചാറ്റു മുതൽ പരസ്പരം കണ്ട് സംസാരിക്കാവുന്ന വീഡിയോ ചാറ്റിങ്ങ് വരെ സ്മാർട്ട് ഫോണിന്റെ അവിഭാജ്യ ഘടകമായി. വാട്ട്സാപ്പ് വഴി മുഖാമുഖം കണ്ട് സംസാരിക്കാവുന്ന സംവിധാനവും ലഭ്യമായി. നവസാങ്കേതിക രംഗത്തെ അഭൂതപൂർവ്വമായ വളർച്ചക്കൊപ്പം സഞ്ചരിക്കുവാനും 'നന്മയും തിന്മയും' വിവേചിച്ചു പഠിപ്പിക്കുവാനും ഇടയശുശ്രൂഷയ്ക്ക് കഴിയണം.

1. സംവേദന നൈപുണ്യമുള്ളവരുടെ സംഘടിതവും കേന്ദ്രീകൃതവുമായ മാധ്യമ ശുശ്രൂഷാസംവിധാനം സഭകൾക്ക് ഉണ്ടാകണം. ഇതിനായി അത്മായ-വൈദിക കൂട്ടായ്മ വേണം.

2. അനുനിമിഷം വിവരവിജ്ഞാനങ്ങൾ Upload ചെയ്യുവാനുള്ള സാങ്കേതിക മികവുള്ള സ്റ്റുഡിയോ സംവിധാനം ഉണ്ടാകണം.

3. സാമൂഹിക മാധ്യമങ്ങളുടെ മുഖ്യ target audience 40 വയസ്സ് വരെയുള്ള യുവജനങ്ങളാണ്. യുവജനങ്ങളുടെ അഭിരുചിക്കനുസൃതമായ വിഭവങ്ങൾ കേന്ദ്രീകൃതമായ സംവിധാനങ്ങളിൽ ഫലപ്രദമായി നൽകുവാൻ കഴിയണം.

4. സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള ഫലപ്രദമായ ഇടയശുശ്രൂഷയ്ക്കുള്ള പ്രബോധനങ്ങൾ, ശില്പശാലകൾ, വിശ്വാസപ്രബോധന സംഘങ്ങൾ, മാധ്യമ ബോധനം എന്നിവ വിവിധ തലങ്ങളിൽ വികസിപ്പിക്കണം. 'നവമാധ്യമ സാക്ഷരത' (New media literacy) ഇടവകതലത്തിൽ ഫലപ്രദമാക്കണം. മാധ്യമ സാക്ഷരതയിൽ മാധ്യമങ്ങളിലെ നന്മതിന്മകളെ തിരിച്ചറിയുകയാണ്

5. മലങ്കരസഭയുടെ വേദശാസ്ത്രം, ചരിത്രം, വിശ്വാസം, വേദവ്യാഖ്യാനം എന്നിവ നവമാധ്യമങ്ങളിലൂടെ സംവേദിക്കപ്പെടുവാനുള്ള സംവിധാനങ്ങൾ (Net working forms) ഫലപ്രദമായി ആവിഷ്ക്കരിക്കണം. 'മാധ്യമ ലഹരിക്ക്' അടിമയാകുന്നവർക്കുള്ള കൗൺസലിങ്ങും (Media de-addiction programme) ഉണ്ടാകണം

**ഉപസംഹാരം**

സാമൂഹിക മാധ്യമങ്ങളുടെ സാധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ഇടയ ധർമ്മം ഫലപ്രദമാക്കിതീർക്കുവാൻ കഴിയണം. ആഗോളവൽക്കരണം സൃഷ്ടിച്ച വിപ്ലവകരമായ സാമൂഹിക പരിവർത്തനത്തിന്റെ മദ്ധ്യേയാണ് ഇടയ ശുശ്രൂഷ. മാധ്യമങ്ങളുടെ ഗുണപരമായ സാദ്ധ്യതകൾ ഇടയശുശ്രൂഷയിൽ പ്രയോജനപ്പെടുത്തണം. ബുദ്ധിപരമായി അവയുടെ നന്മകൾ ഉൾക്കൊണ്ട് ഇടയശുശ്രൂഷയുടെ നവീനമായ വെല്ലുവിളികളെ നേരിടുവാനുള്ള പര്യാപ്തത നേടണം. ഇടയശുശ്രൂഷയിൽ സ്ഥലകാലങ്ങൾക്കതീതമായ അനന്തസാദ്ധ്യതകളാണ് സാമൂഹിക മാധ്യമങ്ങൾ വഴിതുറക്കുന്നത്. ഡിജിറ്റൽ യുഗത്തിൽ യുവതലമുറയ്ക്ക് ആവശ്യമായ ഫലപ്രദമായ ഇടയപരിപാലനം നിർവ്വഹിക്കുവാനുള്ള സാധ്യതകൾ ശാസ്ത്രീയമായി കണ്ടെത്തേണ്ടതുണ്ട്.

'സഭയുടെ കാഴ്ചപ്പാടിൽ' സംവേദന രംഗത്തു പുതിയ സമീപനം ഉണ്ടാകണം. അതിനായി സഭകൾ ആഗോളതലത്തിൽ രൂപപ്പെടുത്തിയ

നിരവധി കർമ്മരേഖകൾ ഇടവക തലത്തിൽ പ്രായോഗികമാക്കുവാൻ കഴിയണം. മാധ്യമങ്ങളോടു പുലർത്തുന്ന തെറ്റായ സമീപനം ഒഴിവാക്കുക, ജനങ്ങളുടെ ഭാഷയും സംസ്കാരവും മനസ്സിലാക്കുക, സഹൃദയരുടെ സാമൂഹിക - രാഷ്ട്രീയ - മതപരമായ അനുഭവങ്ങളെ തിരിച്ചറിയുക, സാമൂഹിക പ്രശ്നങ്ങളെ അപഗ്രഥിക്കുക, സംവേദന അഭിരുചിയുള്ളവരെ കണ്ടെത്തി പരിശീലിപ്പിക്കുക, ഫലപ്രദമായി മാധ്യമങ്ങൾ ഉപയോഗിക്കുവാൻ അവസരങ്ങൾ കണ്ടെത്തുക തുടങ്ങിയവ ഒരു വെല്ലുവിളിയായി സ്വീകരിക്കുവാൻ സഭകൾക്ക് കഴിയണം.

❑

പാഠം 6

# ആരാധനയിലെ സംവേദന ശൈലികൾ

❑ ആരാധനയിലെ സംവേദനം ❑ ആരാധനയിലെ സംവേദന സ്വഭാവം ❑ വി. കുർബ്ബാനയിലെ സംവേദനം

ആദിമ സഭയിൽ സംവേദനത്തിന്റെ മുഖ്യമാധ്യമം ആരാധനയായിരുന്നു. മനുഷ്യ സംവേദനത്തിന്റെ വിവിധ തലങ്ങളിൽ നിന്നും വ്യത്യസ്തമായുള്ളതാണ് ആരാധനയിലെ സംവേദനം. ഇത് ദൈവിക സാന്നിധ്യം അനുഭവിച്ചറിയുന്ന സംവേദന ശൈലിയാണ്. ദൈവം മനുഷ്യനോടും മനുഷ്യൻ മാനവ സമൂഹത്തോടും സമസ്ത തലങ്ങളോടും പൊതുവായും നേരിട്ടും സംവേദിക്കുന്നു.

## ആരാധനയിലെ സംവേദനം

ആരാധനയിലെ സംവേദനം വ്യക്തികളിൽ കേന്ദ്രീകൃതമല്ല. സഭ മുഴുവനായി ആരാധനയിലെ സംവേദനത്തിൽ പങ്കുചേരുന്നു. ദൈവജനത്തിന്റെ 'ഐക്യത്തിന്റെ കൂദാശയായ' ആരാധനയിൽ ഏവരും ഒന്നിച്ചുവന്ന് ദൈവത്തോട് സംവേദിക്കുന്നു. കാർമ്മികനും ജനങ്ങളും, ജനങ്ങളും കാർമ്മികനും തമ്മിലും, കാർമ്മികനും ജനങ്ങളും ഒന്നിച്ചു ദൈവത്തോടും, ദൈവം കാർമ്മികനോടും ജനങ്ങളോടും നടത്തുന്ന ഹൃദയപൂർവ്വമായ സംവേദനമാണ് ആരാധനയിൽ പങ്കിടുന്നത്. ഇത് ഒരേ സമയം വിവിധ തലത്തിൽ അനുസ്യൂതം സംഭവിക്കുന്നു. സംവേദന തലം ഫലപ്രദമാകാതെ വരുമ്പോൾ ആരാധന നിർജ്ജീവവും യാന്ത്രികവുമായിത്തീരും

ആരാധനയും ക്രമങ്ങളും ജനങ്ങൾക്കുള്ളതാണ്. ജനങ്ങൾ ആരാധനയ്ക്കു മാത്രമുള്ളതല്ല. സംവേദനത്തിനായി ആരാധനാക്രമങ്ങൾ ജനങ്ങൾ ഉപയോഗിക്കുന്നു. ആരാധനയുടെ അർത്ഥവും വ്യാപ്തിയും ഭാഷയിലും വാക്കുകളിലും പങ്കിടുന്നു. ഇവയ്ക്ക് മനുഷ്യജീവിതത്തിന്റെ നിറവും മണവും ലഭിക്കുമ്പോൾ ആരാധനയിലെ സംവേദനം ശക്തമായിത്തീരും. ആരാധനയിൽ വ്യക്തികളായും സമൂഹമായും പ്രാർത്ഥനയിൽ പങ്കുചേരുന്നു. ആരാധനയിൽ ദൈവിക സംസർഗ്ഗം സജീവമായി തീരുമ്പോൾ പ്രത്യേകമായ അനുഭവം സംവേദനത്തിൽ രൂപപ്പെടുന്നു. ആരാധനയിലെ സംവേദനത്തിന്റെ അടിസ്ഥാനം വിശ്വാസമാണ്. ഈ അടിത്തറയിലാണ് സംവേദന ഘടകങ്ങൾ വെളിപ്പെടുന്നത്. വ്യക്തി - സമൂഹം (സഭ), കാർമ്മികൻ (പുരോഹിതൻ), ദൈവം ഈ തലങ്ങളിലാണ് ആരാധനയിലെ സംവേദന മാതൃക നിലനിൽക്കുന്നത്. പരസ്പരവും നേരിട്ടും പൊതുവായും ബന്ധപ്പെടുന്ന സംവേദന മാതൃകയാണിത്. ആരാധന

യിൽ പങ്കുചേരുന്നവർക്കെല്ലാം പരസ്പരം സംവേദനത്തിനും കാർമ്മികനു മായുള്ള സംവേദനത്തിനും ദൈവിക സംവേദനത്തിനും അവസരം ലഭി ക്കുന്നു. ദൈവത്തിൽ നിന്നും കാർമ്മികനിൽ നിന്നും സഭയിൽ നിന്നും സന്ദേശത്തെ സ്വീകരിക്കുവാനും പങ്കിടുവാനുമുള്ള അവസരം ലഭ്യമാ കുന്നു. ഇവ പ്രായോഗികമായിത്തീരുന്നത് ആരാധനയിലും തുടർന്നുള്ള ജീവിത സാക്ഷ്യത്തിലുമാണ്.

### ആരാധനാ സംവേദനതലങ്ങൾ

ആരാധനയിൽ വ്യക്തിതലത്തിലും (Intera personal), വ്യക്ത്യാന്തര തലത്തിലും (Inter-personal), സമൂഹതലത്തിലും സംവേദനം നടക്കുന്നു. വാമൊഴിയായ സംവേദന ശൈലിയാണ് ആരാധനയിൽ നിറഞ്ഞു നിൽക്കുന്നത്. എന്നാൽ നിരവധി ഭാഷാതീത സംവേദന (non-verbal methods) മാതൃകകളും ആരാധനയിൽ ഉണ്ട്.

ആരാധനയിൽ വ്യക്തിതലത്തിലുള്ള സംവേദനമാണ് ഏറ്റവും പ്രധാ നമായിട്ടുള്ളത്. ധ്യാനം, ഏകാഗ്രത, മൗനം എന്നിവയിലൂടെ സ്വയം ശുദ്ധീ കരിക്കുവാനും സംവേദിക്കാനുമുള്ള സംവേദന തയ്യാറെടുപ്പ് നടക്കുന്നത് ഈ തലത്തിലാണ്. അതീന്ദ്രിയവും ഭാഷാതീതവുമായ സംവേദനം വ്യക്തികൾക്ക് സ്വയം സംവേദിക്കുവാനും ആത്മീയതയുടെ ആഴങ്ങൾ തിരിച്ചറിയുവാനും സഹായിക്കുന്നു.

വ്യക്ത്യാന്തര സംവേദനത്തിൽ ആരാധനയിൽ കാർമ്മികനും ജന ങ്ങളുമായി നേരിട്ടും വ്യക്തിപരമായും ആത്മീയമായും സംവേദിക്കുന്നു. ഇതിൽ പരമാവധി വാക്കുകളും ആംഗ്യങ്ങളും പ്രതീകങ്ങളും ഉപയോ ഗിക്കുന്നു. ആരാധനയിൽ സ്വതന്ത്രമായ സംവേദനത്തിന് അവസരമില്ല. എന്നാൽ ആരാധനക്രമങ്ങളിൽ ജീവിതത്തിന്റെ അനുഭവങ്ങൾ സ്വയം ഉൾക്കൊള്ളിച്ച് സംവേദനത്തെ വ്യക്തിപരമാക്കിത്തീർക്കുവാൻ കഴിയു മ്പോൾ ലഭ്യമാകുന്ന ചാലക ശക്തി അഭൗതികമായിരിക്കും (meta physi- cal). അപ്പോൾ ആരാധന ശക്തമായ ഉപാധിയായിത്തീരും.

ആരാധനയിലെ സമൂഹ സംവേദനം സജീവമാകുമ്പോൾ പരസ്പരം മനസ്സിലാക്കുവാനും ക്ഷമിക്കുവാനും സ്നേഹിക്കുവാനും കഴിയുന്നു. ആരാധനയിൽ കൂടി സൃഷ്ടിക്കുന്ന സ്നേഹത്തിന്റെ കൂട്ടായ്മയാണിത്. ആരാധനാ സമൂഹത്തിന്റെ സ്വഭാവം, രീതി, വലിപ്പം എന്നിവ അനുസ രിച്ച് സംവേദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. ചെറിയ സമൂഹ ത്തിലാണ് സംവേദനം ശക്തിപ്പെടുന്നത്. ആരാധനാ സമൂഹത്തിലെ എണ്ണം വർദ്ധിക്കുമ്പോൾ പരസ്പര സംവേദനം അശക്തവും നിഷ്ക്രി യവും ആകും. ആരാധനയിലെ സംവേദനവും ഒരു പ്രക്രിയയാണ്. ഇത് അവസാനിക്കുന്നില്ല. ദൈവത്തോടുള്ള സംവേദനം 'ദൈവജനം' അന വരതം തുടരണം എന്നർത്ഥം.

ഒരു സംവേദന പ്രക്രിയയ്ക്കുള്ള എല്ലാ ഘടകങ്ങളും ആരാധനയിലും ഉണ്ടാകണം. എങ്കിൽ മാത്രമേ അതു ഫലപ്രദമാകൂ. ആരാധനയിൽ ദാതാവ് (source) കാർമ്മികനാണ് (celebrant). ആരാധനയിൽ മുഖ്യമായും പങ്കിടുന്ന സന്ദേശം (message) യേശുക്രിസ്തുവിന്റെ രക്ഷാകരമായ വീണ്ടെടുപ്പിന്റേതാണ്. ആരാധനയിലെ സംവേദനത്തിനായി നിരവധി ഉപാധികൾ (channels) വാമൊഴിയായും ഭാഷാതീതമായും (verbal and non verbal strategies) ഉപയോഗിക്കുന്നു. ആരാധനാ പശ്ചാത്തലം ദൈവിക സാന്നിധ്യം അനുഭവിച്ചറിയുന്ന (Enviourment: the divine presence) ദൈവജനമാണ് ആരാധനയിലെ ഗ്രഹിതാക്കൾ (receiver: congrigation with people of God) ആരാധനാ സമൂഹമാണ്. ആരാധനയിൽ നിന്നും ലഭ്യമാകുന്ന പ്രതികരണം (Feed back: transformation and enpowerment) ജീവിതരൂപാന്തരത്തിനും ക്രിസ്തീയ ജീവിതം ശക്തീകരിക്കുന്നതിനും സഹായിക്കണം. ആരാധനയിലെ സംവേദന തലം പരസ്പരാശ്രിതവും ബന്ധിതവുമാണ്. വ്യക്തിപരമായ തലങ്ങളിൽ ദൈവിക സാന്നിധ്യ ബോധത്തിൽ നടക്കുന്ന ദൈവികമായ സംവേദന സ്വഭാവമാണ് ആരാധനയിലുള്ളത്.

സംവേദനം പങ്കാളിത്തപരമാണെന്ന് പോൾ ടില്ലിക്ക് പറയുന്നു. ക്രിയാത്മകമായ പങ്കാളിത്തമില്ലെങ്കിൽ സംവേദനമില്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ആരാധനയിൽ ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും, മനുഷ്യനും ദൈവവും, മനുഷ്യനും സമൂഹവും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ സംവേദനം സൃഷ്ടിക്കുന്നു.

## ആരാധനയിലെ സംവേദന സ്വഭാവം

ആരാധന, ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയാണ്. ക്രിസ്തീയ ജീവിതത്തിന്റെ സാക്ഷ്യവും സന്ദേശവും പൂർണ്ണമായും രൂപശില്പം ചെയ്തിരിക്കുന്നത് 'ആരാധനയുടെ ആരാധനയായ' വി. കുർബ്ബാനയിലാണ്. സഭയുടെ അടിസ്ഥാന കൂദാശയായ വി. കുർബ്ബാനയ്ക്ക് 'അപ്പം മുറിക്കൽ' (the breaking of bread) എന്നാണ് ആദ്യമായി പേര് രേഖപ്പെടുത്തിരിക്കുന്നത് (ലൂക്കോ. 12:19; 24:35; അ. പ്ര. 2:42; 1 കൊരി. 10:16; 11:20-34). സ്തോത്രാർപ്പണമെന്നും (Eucharist) എന്നും വിളിച്ചിരുന്നു. യേശുവാണ് വി. കുർബ്ബാനയുടെ ആദ്യ സംവേദകൻ. യേശുവിന്റെ അന്ത്യഅത്താഴത്തിൽ ശിഷ്യന്മാർക്ക് അപ്പം നുറുക്കി നൽകിക്കൊണ്ട് പറഞ്ഞു: 'ഇതെന്റെ ശരീരം ആകുന്നു.' വീഞ്ഞു പകർന്നുകൊണ്ട്: 'ഇതെന്റെ രക്തമാകുന്നു' (മർക്കോ. 14: 22-25, മത്താ. 26:26-29, ലൂക്കോ. 22:15-20, 1 കൊരി. 11:23-26). ഈ കർമ്മത്തിൽ യേശു അപ്പം എടുത്തു, വാഴ്ത്തി, നുറുക്കി, ശിഷ്യന്മാർക്ക് കൊടുത്തു.

വി. കുർബ്ബാനയിൽ എടുത്തു, വാഴ്ത്തി, നുറുക്കി, കൊടുത്തു എന്നീ നാല് അടിസ്ഥാന ക്രിയകളാണുള്ളത്. പ്രാരംഭകാലത്ത് ഇത് ഭവനങ്ങളിൽ വച്ച് ആഘോഷിച്ചു (അപ്പോ. 2:42-46; 20: 7-11; 27:35; 1 കൊരി. 11:20-34). പിന്നീട് കാലാനുസൃതമായി പ്രാർത്ഥനകൾ, ഗാനങ്ങൾ, അനുഷ്ഠാനങ്ങൾ, കർമ്മങ്ങൾ, പ്രതീകങ്ങൾ, ആംഗ്യങ്ങൾ, ചലനങ്ങൾ എന്നിവ സ്വീകരിച്ചു. സഭയുടെ വിശ്വാസം, ദൈവിക സാന്നിധ്യബോധം, വി. കുർബ്ബാനയുടെ പ്രാധാന്യം എന്നിവ ഫലപ്രദവും ആകർഷകവുമായി വിശ്വാസികളിൽ സംവേദിപ്പിക്കുകയായിരുന്നു ലക്ഷ്യം.

ആരാധനയിലെ സംവേദന ശാസ്ത്രം സമഗ്രമായി വിശകലനം നടത്തേണ്ടതുണ്ട്. ആരാധനയിലെ ഭാഷാതീത (non-verbal) ഘടകങ്ങളുടെ രാഷ്ട്രീയവും സാമൂഹികവുമായ പ്രാധാന്യവും സംവേദനത്വവും ഗവേഷണപഠനം അർഹിക്കുന്നുണ്ട്. ആരാധനയിലെ സംവേദന ശൈലികളിലേക്കുള്ള ആമുഖം മാത്രമാണിത്.

**വി. കുർബ്ബാനയിലെ സംവേദനത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ**

വി. കുർബ്ബാനയിൽ സംവേദന സ്വഭാവം വെളിപ്പെടുന്നു. യേശുവിന്റെ രക്ഷാപദ്ധതിയായ ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, രണ്ടാംവരവ് തുടങ്ങിയവ ആരാധനയിൽ കൂടി സംവേദിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നു. അതിനാൽ ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം വി. കുർബ്ബാനയാണ്. വി. കുർബ്ബാനയിലെ സംവേദനത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ താഴെ പറയുന്നവയാണ്.

**1. വി. കുർബ്ബാന പങ്കിടീലാണ് (Eucharist is Sharing)**

വി. കുർബ്ബാനയിലെ സംവേദന തത്ത്വത്തിന്റെ അടിസ്ഥാനം പങ്കിടീലാണ്. ഇത് കൂട്ടായ്മയുടെയും അപ്പം നുറുക്കലിന്റേതുമാണ് (അപ്പോ. 2:44). ആരാധനയിലും ജീവിതത്തിലും ഈ പങ്കിടീൽ അർത്ഥപൂർണ്ണമാകണം. ഒരപ്പത്തിന്റെ അംശികളാകുന്ന വിശ്വാസികൾ ദൈവത്തിന്റെ ശരീരത്തിൽ പങ്കുചേരുന്നു. സാമൂഹിക ക്രമത്തിലും കൂട്ടായ്മയും പങ്കിടീലും ആവശ്യപ്പെടുന്നു.

സ്വർണ്ണനാവുകാരനായ ഈവാനിയോസ് (St. John Chrysostom) വി. കുർബ്ബാനയെ 'ദരിദ്രരുടെ കൂദാശ'യെന്നും 'സഹോദരീ സഹോദരങ്ങളുടെ കൂദാശ'യെന്നും വിശേഷിപ്പിച്ച് ഏവർക്കും വിഭവങ്ങൾ പങ്കുവെയ്ക്കുവാൻ കഴിയണമെന്ന് നിർദ്ദേശിക്കുന്നു. ദൈവത്തോടും മാനവ സമൂഹത്തോടുമുള്ള അർത്ഥവത്തായ സംവേദന ശൈലിയാണിത്. വി. കുർബ്ബാനയെ പങ്കിടീലിന്റെ കൂദാശയായും (The sacrament of sharing) പഠിപ്പിക്കുന്നു. സംവേദനത്തിന്റെ അടിസ്ഥാനം പങ്കിടീലാണ്. വി. കുർബ്ബാനയുടേതും പങ്കിടീലിന്റെ അനുഭവമാണ്.

## 2. വി. കുർബ്ബാന കൂട്ടായ്മ സൃഷ്ടിക്കുന്നതാണ് (Eucharist builds community)

വി. കുർബ്ബാനയിൽ തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നത് 'ക്രിസ്തുവിന്റെ ശരീരമായി' തീരുവാനാണ് (1 കൊരി. 10:16-17; 1 കൊരി. 12:13). ഓരോ കുർബ്ബാനാ സമൂഹവും (Eucharistic community) ത്രിത്വത്തിന്റെ മാതൃകയാവണം. ത്രിത്വത്തിൽ പിതൃ-പുത്ര-പരിശുദ്ധാത്മാവിന്റെ ഐക്യവും സ്നേഹവും കൂട്ടായ്മയും വെളിപ്പെടുന്നു. ഈ ഐക്യം സ്നേഹത്തിന്റേതാണ്. ആരാധനയുടെ പ്രധാന ഘടകമാണ് കൂടിവരവ്. വി. അത്താനാസിയോസ് സഭയെ 'കൂടിവരവിന്റെ സമൂഹം' എന്നു വിളിക്കുന്നു. ഇതിന്റെ ആരംഭം സീനായ് മലയുടെ ചുവട്ടിലാണ് (പുറ. 19:24). യഹോവ വിളിച്ചു ചേർത്ത കൂട്ടായ്മയിൽ വസിക്കുകയും (പുറ. 19: 17-18) നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു (ആവ. 4:12-13). യേശുവിന്റെ രക്തത്താൽ ഈ ഉടമ്പടി ശക്തിപ്പെടുത്തി പാപപരിഹാരം നൽകി. 'കൂടിവരുന്നവരെ വിഭജിക്കാതെ, വിഭജിക്കപ്പെട്ടവർക്ക് കൂടിവരുവാനുള്ളതാണ് സഭ' യെന്ന് വി. ഈവാനിയോസ് പറയുന്നു. വി. കുർബ്ബാനയിൽ പങ്കുചേരുന്നവർ പരസ്പര കൂട്ടായ്മ വളർത്തണം. സംവേദനത്തിന്റെ ലക്ഷ്യമാണ് കൂട്ടായ്മ. ആദിമസഭയിൽ ഈ മാതൃക കണ്ടെത്താം (അപ്പോ. 2:43-47, 12:42-47, 5:12). മാനവസമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്ന എല്ലാ വേർതിരിവുകളും ഇല്ലാതാക്കി സൗഹൃദത്തോടെ സാമൂഹികമായി ജീവിക്കുവാൻ കഴിയണം.

## 3. വി. കുർബ്ബാന പങ്കാളിത്തപരമാണ് (Eucharist is participatory)

ക്രിസ്തു ശരീരത്തിൽ പങ്കാളിയായി തീരുന്നതാണ് വി. കുർബ്ബാന. ഇത് ഏകദിശാപരമല്ല. വിശ്വാസികളും കാർമ്മികനും ഒരുമിച്ച് ദൈവത്തിന് സ്വയം സമർപ്പിച്ച് തിരുശരീരരക്തങ്ങൾ ദാനമായി സ്വീകരിക്കുന്നു. വി. കുർബ്ബാനയിൽ കാർമ്മികനും വിശ്വാസികളും തമ്മിൽ ബന്ധം സൃഷ്ടിക്കുകയും അത് തുടർന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.

വി. കുർബ്ബാനക്രമം രൂപശില്പം ചെയ്തിരിക്കുന്നത് സംവാദ - സംഭാഷണ ശൈലിയിലാണ്. വാക്യ പ്രതിവാക്യങ്ങൾ സംവേദനത്തെ ശക്തിപ്പെടുത്തുന്നു. വിശ്വാസികളുടെ സജീവമായ സാന്നിധ്യത്തിനായി ആരാധനാ ഗീതങ്ങളും പ്രതിവാക്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. ആരാധനാ ഘടനയിൽ പ്രാർത്ഥനകൾ, അംഗവിക്ഷേപങ്ങൾ, ചലനങ്ങൾ, പ്രദക്ഷിണം, സംഗീതം തുടങ്ങിയവയുണ്ട്. ആരാധനയിൽ സജീവ പങ്കാളിത്തത്തിനായി ആദിമസഭകളിൽ വാചാ പ്രാർത്ഥനകൾ നടത്തുവാൻ അത്മായ ക്കാരെ അനുവദിച്ചതായി ഡോ. പൗലോസ് മാർ ഗ്രീഗോറി

യോസ് ചൂണ്ടിക്കാട്ടുന്നുണ്ട്. ആന്തരികമായ ഭയഭക്തിയും, ബഹുമാനത്തോടു കൂടിയ പങ്കാളിത്തവും ആരാധനയെ സജീവമാക്കുമെന്നും അദ്ദേഹം പറയുന്നു. ആരാധനാ വേദശാസ്ത്രത്തിന്റെ സത്ത വിശ്വാസികളുടെ ക്രിയാത്മകമായ സാന്നിധ്യം ആരാധനയിൽ ഉണ്ടാകുന്നതാണ്. എന്നാൽ ഇത് ആധിപത്യപരമായ പ്രവണതകളെ നീക്കി ജനപങ്കാളിത്തം പരമാവധി സൃഷ്ടിക്കുവാൻ ആഹ്വാനം ചെയ്യുന്നു. അതിനാൽ ആരാധനയിൽ വിശ്വാസികളുടെ പങ്കാളിത്തവും, മനുഷ്യജീവിതത്തിന്റെ സമഗ്രതയുടെ പുതിയ അനുഭവവും പങ്കുവെയ്ക്കുവാൻ കഴിയണം.

### 4. വി. കുർബ്ബാന പ്രഖ്യാപനമാണ് (Encharist is proclamation)

ആരാധനാ സമൂഹമായ സഭയുടെ ലക്ഷ്യം യേശു ക്രിസ്തുവിൽ ദൈവം വെളിപ്പെടുത്തിയ സുവാർത്ത സംവേദിപ്പിക്കുകയാണ്. ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയുടെ പ്രഖ്യാപനമാണ് വി. കുർബ്ബാന (1 കൊരി. 11:26). അതിനാൽ സഭയുടെ ദൗത്യം (mission), സാക്ഷ്യം (witness), ശുശ്രൂഷ (service) എന്നിവ ആരാധനാ കേന്ദ്രീകൃതമായിരിക്കണമെന്ന് വാൻകൂവറിൽ നടന്ന ലോക സഭാ കൗൺസിൽ (WCC) ആഹ്വാനം ചെയ്യുന്നു.

ആരാധനയിലെ പ്രഖ്യാപനങ്ങളും ക്രിയകളും ദൃശ്യമാക്കുന്നതിനായി നിരവധി ശൈലികൾ ഉപയോഗിക്കുന്നുണ്ട്. ഓരോ കുർബ്ബാനയിലും ക്രിസ്തു ശരീരമായ സഭ അതിന്റെ പൂർണ്ണതയിൽ കാതോലികവും അപ്പോസ്തോലികവുമായ ഐക്യത്തിലും വിശുദ്ധിയിലും ദൃശ്യമായി തീരുന്നു. വി. കുർബ്ബാനയിലെ വിവിധ ഘടനയിൽ കൂടി പ്രഖ്യാപനം ചെയ്യുന്നത് ക്രിസ്തുവിന്റെ ജീവിതവും സാക്ഷ്യവും ആണ്. അതിൽ സമ്പൂർണ്ണമായി പങ്കുചേർന്ന് ക്രിസ്തീയ ജീവിതം നയിക്കുവാനും വി. കുർബ്ബാന പ്രചോദിപ്പിക്കുന്നു. ക്രിസ്തീയ ജീവിതത്തിന്റെ സമഗ്രമായ സാക്ഷ്യവും സാന്നിധ്യവും പ്രഖ്യാപനം ചെയ്യുന്നതാണ് വി. കുർബ്ബാന.

## വി. കുർബ്ബാനയിലെ സംവേദനം

വി. കുർബ്ബാനയിൽ സംവേദനം മുഖ്യമായും രണ്ടു തരത്തിലുള്ളതാണ്. ഒന്ന്, വാമൊഴി. രണ്ട്, ഭാവമൊഴി (non-verbal). ഇവ ഓരോന്നും വളരെ വിശദീകരിക്കേണ്ടവയാണ്. ഏകദേശമായ ഒരു വിവരണമാണ് ഇവിടെ ചേർക്കുന്നത്.

### 1. വാമൊഴി സംവേദനം

ആരാധനയിൽ വാമൊഴി രൂപങ്ങൾക്കാണ് പ്രാധാന്യം. അത് പ്രത്യേകമായ താളത്തിലും ലയത്തിലും ചൊല്ലി ആകർഷകമാക്കുന്നു. പ്രാർത്ഥനകൾ, ഗീതങ്ങൾ, വായനകൾ എന്നിവ വാമൊഴി തലത്തിലുള്ളവയാണ്. ആരാധനയിൽ വാമൊഴി സംവേദനം രണ്ട് തരത്തിൽ ഉള്ളതാണ്.

**a. വചന ശുശ്രൂഷ (Liturgy of the Word):** ആരാധനയിൽ വേദ ഭാഗത്തു നിന്നും വായനകളുണ്ട്. പ്രാർത്ഥനകൾ വേദപുസ്തകത്തിൽ നിന്നും രൂപപ്പെടുത്തിയവയാണ്. പഴയനിയമത്തിൽ നിന്നും മൂന്നും പുതിയനിയമത്തിൽ നിന്ന് രണ്ടും ഭാഗങ്ങൾ വായിപ്പിച്ചിട്ടാണ് കാർമ്മികൻ സുവിശേഷഭാഗം വായിക്കുന്നത്. ദൈവം ജനങ്ങളോട് സംസാരിക്കുന്നു എന്ന പ്രതീതി ഉളവാക്കുന്നതിനായി 'ദൈവവചനം' ആരാധനയിൽ വായിക്കുന്നു. സുവിശേഷം വായിച്ചാലുടൻ പ്രസംഗിക്കുന്ന പതിവ് ആദിമകാലം മുതൽ നിലനിന്നിരുന്നു. പ്രസംഗം ആരാധനയുടെ അവിഭാജ്യ ഘടകമാണ്.

**b. മേശ മേലുള്ള ശുശ്രൂഷ (Liturgy of the Table):** കാർമ്മികൻ ബലിയർപ്പണം നടത്തുന്ന ഘട്ടമാണിത്. അപ്പ വീഞ്ഞുകളെ, യേശു ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കുന്ന ശുശ്രൂഷയാണ്. അനാഫോറാ (Anaphora) എന്ന ഗ്രീക്കു പദത്തിന് അർപ്പണം, ബലി എന്നർത്ഥം. വി. കുർബ്ബാന അർപ്പണത്തിൽ കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനകൾക്ക് 'അനാഫോറാ' എന്നു പറയുന്നു. തക്സാ (ക്രമം) എന്ന സുറിയാനി പദത്തിനും ഈ അർത്ഥമാണുള്ളത്. ആരാധനയ്ക്കായി 100-ൽ അധികം വ്യത്യസ്ത കുർബ്ബാന തക്സാകൾ നിലവിലുണ്ട്.

ആരാധനയിലെ പ്രാർത്ഥനകൾ ഓരോന്നിലും അർച്ചന, സ്തുതിപ്പ്, അപേക്ഷ, സ്ഥിരീകരണം, നന്ദി പ്രകടനം എന്നീ ഘടകങ്ങൾ ഉണ്ടായിരിക്കും. ആരാധനാ ഭാഷ ആലങ്കാരികമാണ്. ഇതിൽ പ്രതീകാത്മകത, ബിംബാത്മകത, കല്പനാ വൈചിത്ര്യങ്ങൾ, പുരാവൃത്തങ്ങൾ, ആദിരൂപങ്ങൾ എന്നിവ നിറഞ്ഞുനിൽക്കുന്നു. സുറിയാനി, ഗ്രീക്ക്, സംസ്കൃതം എന്നീ ഭാഷകളിൽ നിന്നുമുള്ള നിരവധി പദങ്ങൾ ആരാധനാക്രമങ്ങളിലുണ്ട്.

**2. ഭാഷാതീത സംവേദനം**

വിശുദ്ധ കുർബ്ബാനയിൽ സംവേദന കർമ്മത്തിൽ നിരവധി ഭാഷാതീതതലങ്ങൾ ഉൾക്കൊള്ളുന്നു. ഇവയുടെ ചരിത്ര - സാമൂഹിക സംവേദനദർശനങ്ങൾ അപഗ്രഥിക്കേണ്ടതുണ്ട്. പലതും വിഭിന്ന സംസ്കാരത്തിൽ നിന്നും ലഭ്യമായവയാണ്. അവ ആരാധനയിൽ വ്യത്യാസം വരുത്താതെ പിൻതുടരുകയാണ്. പ്രധാനമായും ഭാഷാതീത സംവേദനത്തെ ആരാധനാഗതികൾ, ആരാധനാഭാവങ്ങൾ, ആരാധനാ പ്രതീകങ്ങൾ, ഇന്ദ്രിയ സംവേദന ഭാവങ്ങൾ എന്നിങ്ങനെ നാലായി തിരിച്ച് പഠനം നടത്താം.

### 1. ആരാധനാ ഗതികൾ (Liturgical Movements)

ആരാധനയിൽ നിരവധി ഗതികൾ അഥവാ ചലനങ്ങൾ ഉണ്ട്. കാർമ്മികന്റെ ശരീരവുമായി ബന്ധപ്പെട്ടാണ് ആരാധനാഗതികൾ നിലനിൽക്കുന്നത്. ഇതിനെ ശരീരഭാഷ എന്നും പറയുന്നു. ശരീരത്തിന്റെ ചലനങ്ങൾ, മുഖഭാവം, ദൃഷ്ടിഭാവം, നിൽപ്പ് (posture) എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇവ പരസ്പരം സംവേദന ക്രിയയിൽ ബന്ധപ്പെട്ടവയാണ്.

ആരാധനയിലെ ഗതികൾ വിശ്വാസത്തിന്റെ അർത്ഥവും വ്യാപ്തിയും സംവേദിപ്പിക്കുവാനും ക്രിയാത്മകമായ പങ്കാളിത്തം സൃഷ്ടിക്കുവാനും സഹായിക്കുന്നു. ഇവ രണ്ട് തരത്തിൽപെടുന്നു.

**a. ആഘോഷപരമായ ഗതികൾ (Processional Movements):** യഹൂദ - ക്രൈസ്തവ പാരമ്പര്യത്തിൽ വേരൂന്നിയതാണ് ആഘോഷപരമായ പ്രയാണങ്ങൾ (പുറ. 12, യോശുവ 6:1-16, ലൂക്കോ. 19:18-40). ആരാധനയുടെയും അനുഷ്ഠാനത്തിന്റെയും പശ്ചാത്തലത്തിലുള്ള പ്രയാണങ്ങൾ വ്യക്തിതലങ്ങളാകുന്നു. ഓർത്തഡോക്സ് ആരാധന ആരംഭിക്കുന്നത് പ്രദക്ഷിണത്തിലൂടെയാണ്. നിർവ്വഹണപരവും (functional) സാധാരണപരവും (ordinary) അസാധാരണപരവുമായ (Extra ordinary) പ്രദക്ഷിണങ്ങൾ ഉണ്ട്. ആരാധനയിലെ പ്രയാണങ്ങൾ നിർവ്വഹണപരമാണ്. ആരാധനാ കലണ്ടർ പ്രകാരമുള്ള അനുഷ്ഠാനങ്ങളിൽ പെടുന്നവയാണ് സാധാരണ പ്രയാണങ്ങൾ (ഉദാ. ഓശാന, ദുഃഖവെള്ളി, ഈസ്റ്റർ ദിവസങ്ങളിലെ പ്രദക്ഷിണം). സുവിശേഷം വായിക്കുന്നത് ആഘോഷമായി പടിഞ്ഞാറോട്ട് വന്നാണ്. ധൂപക്കുറ്റി വാഴ്വിന് ശേഷം പടിഞ്ഞാറോട്ട് വരുന്നതും, തിരുശരീരക്തങ്ങൾ എഴുന്നള്ളിക്കുന്നതും ആഘോഷപരമായ യാത്രയാണ്. ഇതിൽ സംഗീതം, പ്രതീകങ്ങൾ, ഭാവചലനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. സ്വർഗ്ഗത്തെ നോക്കിയുള്ള ആഘോഷപരമായ യാത്രയാണ് ആരാധനയിൽ സംവേദനം ചെയ്യുന്നത്.

**b. താളാത്മകഗതികൾ (Rhythmic movements):** ആരാധനയിലെ പ്രദക്ഷിണങ്ങൾക്ക് ഒരു താളമുണ്ട്. ശരീരം, ഭാവം, സംഗീതം, ആത്മീയത എന്നിവ ഇതിൽ സമന്വയിക്കുന്നു. ധൂപക്കുറ്റി വാഴ്വ്, സമാധാന ചുംബനം, ശോശപ്പാ ആഘോഷം, സ്ഥാപനവചനങ്ങൾ, റൂഹാ ക്ഷണം, കൈകൾ ആവസിപ്പ്, രഹസ്യങ്ങളുടെ ആഘോഷം, ആശീർവാദം എന്നിവയിൽ താളാത്മകമായ പ്രയാണമാണുള്ളത്.

ആരാധന ചൊല്ലുന്നത് താളത്തിലാണ്. ആത്മീയ നിറവിലുള്ള താളാത്മകതയാണ് ഓർത്തഡോക്സ് ആരാധന. ആരാധന അർപ്പണം, ആരാധനാ സമൂഹത്തിന്റെ വലിപ്പം, സാമൂഹികാവസ്ഥ, ആരാധനാ നിയമം

എന്നിവ ആരാധനയിലെ താളാത്മക ഗതികളെ നിർണ്ണയിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു.

## 2. ആരാധനാ ഭാവങ്ങൾ (Liturgical Expressions)

ആരാധനയിലെ അനുഷ്ഠാനങ്ങൾ നിരവധി ഭാഷാതീത ഭാവങ്ങൾ കൊണ്ടു നിറഞ്ഞവയാണ്. കാർമ്മികന്റെ ശരീരം, കൈകൾ, തല, മുഖം, ശരീരഭാഗങ്ങൾ എന്നിവ വഴി പ്രതീകാത്മകമായി സന്ദേശം സംവേദിക്കുന്നു. ശരീരം മുഴുവൻ ആരാധനയിൽ പങ്കുചേരുന്നു. ശരീരവും മനസ്സും ആരാധനയിൽ താദാത്മ്യപ്പെടുന്നു. ആരാധനയിലെ സംവേദനം ഹൃദ്യവും അനുഭവപൂർണ്ണവുമാക്കുവാൻ ഇവ സഹായിക്കുന്നു. ആരാധനാ ഭാവങ്ങൾ മൂന്നു തരത്തിൽപ്പെടുന്നു.

### A. ദേഹഭാവം (Postures)

ശരീരം നിയതമായ സമയ പരിധിയിൽ പ്രത്യേക അവസ്ഥയിൽ നിലനിർത്തുന്ന സംവേദന തലമാണ് ദേഹഭാവം. ആരാധനയിൽ നിൽപ്പ്, ഇരിപ്പ്, കുമ്പിടീൽ, സാഷ്ടാംഗപ്രണാമം എന്നിവ പ്രാധാന്യം അർഹിക്കുന്നു. ആദരവ്, ബഹുമാനം, ഭയഭക്തി, ആരാധന, അഭ്യർത്ഥന എന്നീ മനോഭാവങ്ങൾ ദേഹ ഭാവത്തിൽ ഉൾക്കൊള്ളുന്നു. ഇത് ഭാഷാതീതമായ സംവേദന ക്രിയയുടെ ദൃശ്യഭാവമാണ്. പ്രധാനപ്പെട്ട ദേഹ ഭാവങ്ങൾ താഴെപ്പറയുന്നവയാണ്.

**a. നിൽപ്പ്:** ആരാധനയിലെ പ്രാഥമികമായ ദേഹഭാവമാണിത്. ആരാധനയിൽ യഹൂദ ക്രിസ്തീയ പാരമ്പര്യത്തിന്റെ പ്രതീകമാണ് ബഹുമാനപൂർവ്വം നിന്നുകൊണ്ട് ആരാധനയിൽ പങ്കെടുക്കുന്നത് (പുറ. 20:21, 33:10, നെഹ. 8:5, 9:5, എസ്ക്കി. 2:1, ദാനി. 10:11). ഇത് സന്നദ്ധതയുടെയും (readiness, പുറ. 12:11) ഉയിർപ്പിന്റെയും ദൈവോന്മുഖതയുടെയും പ്രതീകമാണ്. യുഗാന്ത്യത്തിനായുള്ള തയ്യാറെടുപ്പിന്റെ അടയാളവുമാണ്. യേശു നിന്നുകൊണ്ടുള്ള പ്രാർത്ഥനയെക്കുറിച്ച് പറയുന്നുണ്ട് (മർക്കോ. 11:25, ലൂക്കോ. 18:11-13). ഓർത്തഡോക്സ് ആരാധനയുടെ സവിശേഷമായ പ്രാധാന്യം വെളിപ്പെടുത്തുന്നതാണ് നിൽപ്പ്. നിന്നുകൊണ്ട് കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നത് ആദ്യ നൂറ്റാണ്ടുകളിലെ പ്രത്യേകതയായിരുന്നു.

**b. കുമ്പിടീൽ:** അനുതാപം, പ്രായശ്ചിത്തം, താഴ്മ, ദുഃഖം എന്നിവ വെളിപ്പെടുത്തുന്ന അടയാളമാണ് കുമ്പിടീൽ. ഇത് രഹസ്യപ്രാർത്ഥനയുടെ ഭാവവുമാണ്. യേശുവും (ലൂക്കോ. 22:41), സ്തേഫാനോസും (അപ്പോ. 7:60), പത്രോസും (അപ്പോ 9:40), പൗലോസും (അപ്പോ. 20:30), പ്രാർത്ഥനയിൽ കുമ്പിടീൽ സ്വീകരിച്ചിട്ടുണ്ട്. കുർബ്ബാനയിൽ

കാർമ്മികൻ മൂന്നു പ്രാവിശ്യം കുമ്പിട്ട് രഹസ്യപ്രാർത്ഥന ചൊല്ലുന്നു. കുമ്പിടീൽ, ഭൂമിയിലേക്ക് മുഖം കുനിക്കുന്ന ഭാവമാണ്. ഇതു വഴി വീഴ്ചയും മരണവും മൂലം ഉണ്ടായ വിവിധ കഷ്ടതകൾ കാർമ്മികൻ സ്വയം പ്രതീകവൽക്കരിക്കുന്നു.

**c. ഇരുപ്പ്:** അധികാരവും ശക്തിയും വെളിപ്പെടുത്തുന്ന അവസ്ഥയാണ് ഇരുപ്പ്. ആരാധനയിൽ ദൈവസാന്നിധ്യം അനുഭവിച്ചറിയുന്നതിനാലാണ് വിശ്വാസികൾ ഇരിക്കാത്തത്. എന്നാൽ ആരാധനയിൽ പ്രസംഗം, മദ്ധ്യസ്ഥപ്രാർത്ഥന, ധ്യാനം, അറിയിപ്പുകൾ എന്നീ അവസരങ്ങളിൽ ഇരിക്കുവാൻ അനുവദിക്കുന്നു. യേശു ഇരുന്നു പഠിപ്പിച്ചു (മർക്കോ. 14:62, മത്താ. 5:1, ലൂക്കോ. 4:20). ശ്രദ്ധാപൂർവ്വം കേൾക്കുന്നതിനും മനസ്സിലാകുന്നതിനും ഇത് സഹായിക്കുന്നു.

**d. സാഷ്ടാംഗ പ്രണാമം:** ആരാധനയിൽ പഴയ-പുതിയനിയമ കാലത്ത് ഇത് അനുഷ്ഠിച്ചിരുന്നു (ഉല്പ. 17:3, ആവ. 9:18, നെഹ. 8:6, മർക്കോ. 17:6, മത്താ. 26:39, വെളി. 4:10). ആദിമസഭയുടെ ആരാധനയിലും ഇത് നിലനിന്നു. പൗരസ്ത്യ ദേശത്ത് സാഷ്ടാംഗ പ്രണാമം തീവ്രമായ ആദരവിന്റെയും അർച്ചനയുടേതുമാണെങ്കിൽ പാശ്ചാത്യ വീക്ഷണത്തിൽ ഇത് പ്രായശ്ചിത്തത്തിന്റേതും അനുതാപത്തിന്റെയും അടയാളമാണ്. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചപ്പോഴുണ്ടായ അസൗകര്യമാകാം ഇപ്പോൾ ഇത് ആരാധനയിൽ നിന്നും വിസ്മൃതമായത്.

**B. ആംഗ്യങ്ങൾ (Gestures)**

ശരീരത്തിലെ ചലനങ്ങളാണ് അംഗവിക്ഷേപങ്ങൾ. ആരാധനയിലെ ആംഗ്യങ്ങൾ വ്യക്തികളോടോ വസ്തുക്കളോടോ ആഭിമുഖ്യം പുലർത്തുന്നവയായിരിക്കും. വാമൊഴി സംവേദനത്തോടൊപ്പം ആംഗ്യങ്ങളും വെളിപ്പെടുന്നു. കാർമ്മികന്റെ ആംഗ്യങ്ങൾ വാമൊഴിക്കൊപ്പം ഉണ്ടാകുന്നു. ആരാധനയുടെ അർത്ഥം കൂടുതൽ ഉൾക്കൊള്ളുന്നതിന് ഇത് സഹായിക്കുന്നു.

ആരാധനയിലെ ആംഗ്യങ്ങൾക്ക് വേദപുസ്തക പശ്ചാത്തലം ഉണ്ട്. എന്നാൽ മിക്കവയും വിവിധ സാംസ്കാരിക സ്വാധീനത്തിൽ നിന്നും സ്വാംശീകരിച്ചവയാണ്. പ്രത്യേകിച്ച് യഹൂദ, റോമാ, ബൈസന്റയിൻ പാരമ്പര്യത്തിൽ നിന്നും. ആരാധനയിൽ വാക്കുകൾ അപര്യാപ്തമാകുന്നിടത്ത് ആംഗ്യങ്ങളുടെ സാന്നിധ്യം സംവേദനത്തെ സജീവമാക്കുന്നു. പ്രധാനമായും ആരാധനയിലെ ആംഗ്യങ്ങൾ നാലു വിഭാഗത്തിൽപ്പെടുത്താം.

**a. ആവസിപ്പ് (Epicletic):** പരിശുദ്ധാത്മാവിന്റെ ആവാസത്തിനുള്ള പ്രാർത്ഥനകൾ ചൊല്ലുമ്പോൾ കാർമ്മികൻ കൈകൾ ആവസിപ്പിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ആവാസം സൂചിപ്പിക്കുവാനാണിത്. പ്രാവ് പറന്നിറങ്ങുന്ന രീതിയിലാണ് കൈകൾ ആവസിപ്പിക്കുന്നത്. ആരാധനകളിൽ മുഖ്യമായ ആംഗ്യമാണ് കൈ ആവസിപ്പ്.

**b. പ്രകടനപരം (Demonstrative):** കുരിശുവരയ്ക്കുക, അനുതാപസൂചകമായി നെഞ്ചത്ത് ഇടിക്കുക, വിശുദ്ധ വസ്തുക്കളെ ചുംബിക്കുക, കണ്ണുകളും കൈകളും ഉയർത്തുക തുടങ്ങിയവ പ്രകടനപരമായ ആംഗ്യങ്ങളാണ്. ആരാധനയുടെ സ്വഭാവവും വിശ്വാസിയുടെ മനോഭാവവും ഇവ വെളിപ്പെടുത്തുന്നു.

**c. സംയോജകം (Unitive):** കൈകളുടെ ആംഗ്യത്താൽ മറ്റുള്ളവരുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതാണ് സംയോജകം. സമാധാന ചുംബനം, പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു (മത്താ. 5:23; റോമ. 16:16; 1 കൊരി. 16:20; 1 പത്രോ. 5:14).

**d. അഭിവാദനം (Salutatory):** വി. കുർബ്ബാന ത്രിത്വനാമത്തിലുള്ള ആശീർവാദത്തോടെ ആരംഭിച്ച്, ആശീർവാദത്തോടെ അവസാനിക്കുന്നു. 'സമാധാനത്താലെ പോകുവിൻ' എന്ന് അഭിവാദനം പറഞ്ഞ് ആരാധനയിൽ വിശ്വാസികളെ പിരിച്ചുവിട്ടിരുന്നു. കൈമുത്തിച്ച് അഥവാ കുരിശ് മുത്തിച്ച് വിശ്വാസികളെ പിരിച്ചുവിടുന്ന രീതി പിൽക്കാലത്തു വന്നതാണ്.

**C. കർമ്മങ്ങൾ (Actions)**

ആരാധനയിൽ കാർമ്മികനും വിശ്വാസികളും ഒന്നിച്ചും പ്രത്യേകമായും നടത്തുന്ന നിരവധി കർമ്മങ്ങളുണ്ട്. ഇവയ്ക്ക് ആത്മീയവും സാംസ്കാരികവുമായ അർത്ഥങ്ങൾ ഉണ്ട്.

തല വണങ്ങുക, കിഴക്കോട്ട് അഭിമുഖമായി പ്രാർത്ഥിക്കുക (മലാഖി 4:2, എസ്ക്കി. 43:1, 27, മത്താ. 2:2, 24, 27, ദാനി. 6:10), കൈകൾ കഴുകുക, അപ്പം മുറിക്കുക, കൈകൾ ഉയർത്തുക തുടങ്ങി നിരവധി കർമ്മങ്ങൾ ആരാധനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കാലദേശാനുസൃതം ഇവയുടെ അവതരണത്തിലും അർത്ഥത്തിലും വ്യതിയാനങ്ങൾ സംഭവിക്കാറുണ്ട്.

## 3. ആരാധനയിലെ പ്രതീകങ്ങൾ (Liturgical Symbolism)

ആരാധനയിൽ അടയാളങ്ങളും പ്രതീകങ്ങളും ധാരാളം ഉണ്ട്. ഇവ ആന്തരിക യഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുവാൻ കഴിവുറ്റതാണ്. ദൈവിക വെളിപ്പാടുകൾ പ്രതീകങ്ങൾ വഴി ആവിഷ്ക്കരിക്കുന്നു. സാധാരണക്കാർ ദൈവിക രഹസ്യങ്ങൾ ഉൾക്കൊള്ളുവാൻ അപ്രാപ്യരാകുമ്പോൾ പ്രതീകങ്ങൾ അതിന് സഹായിക്കുന്നു. ദൈവികതയിലേക്കുള്ള

ഒരു വളർച്ചാഘട്ടത്തെ സഹായിക്കുന്നവയാണ് പ്രതീകങ്ങൾ. പ്രതീകങ്ങളിലെ തനിമയും സാർവ്വത്രികമായ ബാഹ്യമുഖവും മനുഷ്യനെ ദൈവത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നു.

ആരാധനയിലെ പ്രതീകങ്ങൾ ക്രിസ്തീയ വെളിപാടുകളുടെ ഫലമായിട്ടുള്ളതാണ്. ദൈവിക രഹസ്യങ്ങളിലേക്ക് ആത്മീയമായി സംവേദിക്കുവാൻ വിശ്വാസികളെ സഹായിക്കുകയാണ് പ്രതീകങ്ങളുടെ ലക്ഷ്യം. ബുദ്ധിപരമായ അഭ്യസനത്തിലൂടെ പ്രതീകങ്ങളുടെ അർത്ഥ വിശകലനം സാധ്യമല്ല. ധ്യാനവും മനനവും പ്രാർത്ഥനയും പ്രതീകങ്ങളെ മനസ്സിലാക്കുവാൻ സഹായിക്കുന്നു.

പ്രതീക ഘടനയും പ്രതീക വസ്തുക്കളും ആരാധനയിലെ അവിഭാജ്യ ഘടകങ്ങളാണ്. വിശ്വാസികളുടെ സമൂഹം പ്രതീക ഘടനയാണ്. ആരാധനാലയങ്ങൾ വിശ്വാസികളുടെ കൂടിവരവിനെ സഹായിക്കുന്നു (1 രാജ. 8:10-13, റോമ. 8:9-11, 1 കൊരി. 3:16-17, എഫേ. 2:19-22, 1 പത്രോ. 2:5). ആരാധനാലയം സ്വർഗ്ഗത്തെയും ഭൂമിയെയും പ്രതീകവൽക്കരിക്കുന്ന ഘടനയാണ്. പ്രതീക വസ്തുക്കൾ മൂന്നു തരത്തിൽപ്പെടുന്നു.

**A. അനുഷ്ഠാന വസ്തുക്കൾ (Performance objects):** കാർമ്മികൻ, മുഖം, കൈകൾ, ശരീരഭാഗങ്ങൾ എന്നിവ വഴി അനുഷ്ഠാന കർമ്മങ്ങൾ നിർവ്വഹിക്കുന്നു. പൗരസ്ത്യ ആരാധന 'ക്രമത്തിൽ' കൂടിയല്ല; അനുഷ്ഠാനത്തിലൂടെയാണ് സംവേദിക്കുന്നതും അനുഭവിച്ചറിയുന്നതും.

**B. കൃത്രിമ വസ്തുക്കൾ (Artifactual objects):** ആരാധനയിൽ നിരവധി വസ്തുക്കൾ പ്രതീകങ്ങളായിട്ടുണ്ട്. ത്രോണോസ്, വിരിക്കൂട്ട്, തബ്ലൈത്താ, കാസ്സാക്കൂട്ട്, കാപ്പാക്കൂട്ട് എന്നിവ ആരാധനയ്ക്കായി നിർമ്മിച്ചിട്ടുള്ളവയാണ്. വെള്ള, ചുമപ്പ്, പച്ച തുടങ്ങിയ നിറങ്ങളുടെ കൂട്ടാണ് ആരാധനയിൽ വർണ്ണശോഭ പകരുന്നത്.

**C. മദ്ധ്യവർത്തി വസ്തുക്കൾ (Mediatory objects):** ചിത്രങ്ങൾ, ഐക്കൺ, വരകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് മദ്ധ്യവർത്തി വസ്തുക്കൾ വഴി വിശ്വാസികളിൽ ആത്മീകവും ഭൗതികവുമായ സമന്വയം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ആദിമകാലം മുതൽ പ്രതീകങ്ങൾ ഉപയോഗിച്ചിരുന്നു. മണി, മെഴുകുതിരി, കുരിശ്, കാസ, ആൽഫാ, ഒമേഗാ, ജാമിതീയ വസ്തുക്കളായ വൃത്തം, ത്രികോണം, ചതുരം തുടങ്ങിയവ ആരാധനയിൽ പ്രതീകവൽക്കരിക്കുന്നു. ചുമർ ചിത്രങ്ങളുടെ സാന്നിധ്യം പഴയ ദേവാലയങ്ങളുടെ പ്രത്യേകതയാണ്.

### 4. ഇന്ദ്രിയാനുഭവങ്ങൾ (sensory experiences)

കുന്തിരിക്കത്തിന്റെ സുഗന്ധം, തിരുശരീര രക്തങ്ങളിലുള്ള അനുഭവം

തുടങ്ങിയവ ആരാധനയെ ഇന്ദ്രിയാനുഭവങ്ങളിലേക്ക് നയിക്കുന്നു. വി. കുർബ്ബാന അനുഭവിക്കുന്നതു വഴി പഞ്ചേന്ദ്രിയങ്ങൾക്ക് ആരാധന പൂർണ്ണമായും അനുഭവമായി തീരുന്നു. കണ്ണ്, മൂക്ക്, നാക്ക്, ചെവി, ത്വക്ക് തുടങ്ങിയ ഇന്ദ്രിയങ്ങൾക്ക് അനുഭവമാക്കുന്ന സംവേദനത്വം ആരാധനയെ സമ്പൂർണ്ണമാക്കുന്നു.

വി. കുർബ്ബാന അർത്ഥസമ്പുഷ്ടവും അനുഭവവേദ്യവുമായിത്തീരുന്ന ധന്യനിമിഷമാണ് വി. കുർബ്ബാനാനുഭവം (Holy Communion). എന്നാൽ വിശ്വാസികൾ കുർബ്ബാന അനുഭവിക്കുന്നതിൽ നിന്നും പിന്നോട്ടു പോകുകയാണെന്നു പഠനങ്ങൾ തെളിയിക്കുന്നു.

കേരളത്തിലെ ഭദ്രാസനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ ഒരു സർവ്വേയിൽ വി. കുർബ്ബാനയിൽ വിശ്വാസികൾ പുലർത്തുന്ന സമീപനം വെളിപ്പെടുന്നു. വി. കുർബ്ബാന പതിവായി അനുഭവിക്കുന്ന വിശ്വാസികൾ 8.5% മാത്രമാണ്. വർഷത്തിൽ ഒരു പ്രാവശ്യം കുർബ്ബാന അനുഭവിക്കുന്നവരാണ് അധികവും (77.25%). അതിൽ ഭൂരിപക്ഷം വിശ്വാസികൾക്കും പ്രത്യേക അവസരങ്ങളിൽ മാത്രം വി. കുർബ്ബാന അനുഭവിക്കുവാനാണ് (56%) താൽപ്പര്യം. മാസത്തിൽ ഒന്നിലധികം തവണ വി. കുർബ്ബാന അനുഭവിക്കുന്നവരുമുണ്ട് (10.25%). വർഷങ്ങളായി കുർബ്ബാനാനുഭവത്തിൽ നിന്നും അകന്നു നിൽക്കുന്ന ഒരു വിഭാഗവും (5%) ഉണ്ടെന്ന് സർവ്വേ വ്യക്തമാക്കുന്നു.

പ്രത്യേക ദിവസങ്ങളിലെങ്കിലും വി. കുർബ്ബാന അനുഭവിക്കണമെന്ന ചിന്ത വളർന്നിട്ട് അധിക കാലമായില്ല. ജന്മദിനം, ഓർമ്മദിനം, വിവാഹ വാർഷികം, പെരുന്നാളുകൾ എന്നിവയ്ക്ക് പ്രാധാന്യം വർദ്ധിച്ചതും അടുത്ത കാലത്താണല്ലോ. കുമ്പസാരത്തിന്റെ (ഹൂസോയോ) അനിവാര്യത, ഉപവസിക്കുവാനുള്ള ക്ലേശങ്ങൾ, ഭൗതികതയിൽ നിന്നും വേർപെടാനുള്ള ബുദ്ധിമുട്ട്, വ്യക്തിത്വ ശുദ്ധീകരണത്തിന്റെ കുറവ്, നിത്യ ജീവനെക്കുറിച്ചുള്ള ബോധ്യക്കുറവ് തുടങ്ങി നിരവധി പ്രശ്നങ്ങളാണ് കുർബ്ബാനാനുഭവത്തിൽ നിന്നും വിശ്വാസികളെ അകറ്റി നിർത്തുന്നത്.

വി. കുർബ്ബാനയെക്കുറിച്ച് ഓർത്തഡോക്സ് സഭകൾ തമ്മിൽ നടത്തിയ ആശയ രൂപീകരണത്തിൽ (Inter - Orthodox Consultation, 1991, Romania) വി. കുർബ്ബാനാനുഭവത്തിന്റെ പ്രാധാന്യം വിശ്വാസികളെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിശ്വാസികൾ കുർബ്ബാനാനുഭവത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നതിന്റെ കാരണങ്ങൾ ഓരോ സഭയും പഠിക്കണമെന്നും പറഞ്ഞിട്ടുണ്ട്.

വി. കുർബ്ബാനയിലെ സമ്പൂർണ്ണ പങ്കാളിത്തം എല്ലാവരും ഒരപ്പത്തിന്റെ അംശികളാകുമ്പോഴാണ്. ഇത് ആരാധനയിലെ ആദ്ധ്യാത്മിക നിറവാണ്.

ഇടവകജനങ്ങളിൽ ശക്തവും തീഷ്ണവുമായ കൂട്ടായ്മകൾ (Fellowship) സൃഷ്ടിക്കുന്നതിന് കുർബ്ബാനാനുഭവം അനിവാര്യമാണ്.

### ഉപസംഹാരം

ഓർത്തഡോക്സ് സഭകൾ ആരാധനാനുഷ്ഠാനങ്ങളിൽ മുഖ്യസ്ഥാനം വിശുദ്ധ കുർബ്ബാനയ്ക്ക് നൽകുന്നു. സഭയുടെ വേദശാസ്ത്രത്തിന്റെ അടിസ്ഥാനമാണ് വിശുദ്ധ കുർബ്ബാന. സഭാപിതാക്കന്മാരുടെ വേദാപഗ്രന്ഥനങ്ങളിലും വി. കുർബ്ബാനയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു. സകല ആരാധനകളുടെയും പൂർത്തീകരണം ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനങ്ങളിൽ പങ്കുചേരുന്ന അനുഭവമാണ്. ആരാധനയിൽ ആശയസംവേദനത്തിന്റെ സകല സമ്പ്രദായങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. അവ കാലോചിതവും സംസ്ക്കാരത്തിന് ഉചിതവുമായ രീതിയിൽ പുനഃക്രമീകരിക്കേണ്ടതാണ്.

❑

# യൂണിറ്റ് 3

# സഭയും സംവേദനവും

## പാഠം 1

## സംവേദനവും മനുഷ്യമഹത്ത്വവും

❑ സാംസ്കാരിക മേൽക്കോയ്മ ❑ മാധ്യമ വിപ്ലവത്തിലെ മനുഷ്യ മഹത്വം ❑ പുത്തൻ മാധ്യമ സമീപനങ്ങൾ

ഇൻഫർമേഷൻ ടെക്നോളജിയുടെ വളർച്ച വിവര സമൂഹത്തെ (Information Society) അഥവാ വിജ്ഞാനസമൂഹത്തെ (Knowledge Society) സൃഷ്ടിച്ചു. മാധ്യമ സംസ്കാരം ശക്തി പ്രാപിച്ച് വൻകിട വ്യവസായമായി. ആശയവിനിമയ വ്യവസായം നൂതന സാങ്കേതിക വിദ്യകൾ പിടിച്ചടക്കിയതോടെ ചാലകശക്തിയായി തീർന്നു. വാർത്താ വിഭവങ്ങളുടെ ഉൽപാദനവും വിതരണവും വിവര വിനിമയത്തിന്റെ രാജപാത (Information Super Highway) തെളിയിച്ചു.

സംവേദനത്തിലെ ആഗോള കൂട്ടായ്മയും ചലനാത്മകമായ പ്രവർത്തനവും മനുഷ്യരാശിയെ സങ്കരസംസ്ക്കാരത്തിൽ (Hybride Culture) എത്തിച്ചു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നവ "നാനാ നാദം ഒരേ ലോകം" (Many Voices, One World) ആകണമെന്ന് നിഷ്കർഷിക്കുന്നെങ്കിലും, യഥാർത്ഥത്തിൽ "കുറെ നാദം, നാനാ ലോകം" (Few Voices, Many Worlds) ആയി.

ആഗോള മാധ്യമ കൂട്ടായ്മയുടെ പരിണിതഫലം ആഗോളവൽക്കരണം (Globalization) ത്വരിതമാക്കി. വികസിത രാഷ്ട്രങ്ങളുടെ മേൽക്കോയ്മയും അടിച്ചമർത്തലും വികസ്വര രാഷ്ട്രങ്ങളെ ഭീകരമായി ബാധിക്കുന്നുണ്ട്. അതിൽ പ്രധാനമായത് മനുഷ്യന്റെ മഹത്ത്വത്തെ (Human Dignity) ഹനിക്കുന്നതാണ്. മനുഷ്യരെ അടക്കി ഭരിക്കുന്ന കമ്പ്യൂട്ടർ സംസ്ക്കാരത്തിന്റെ ആധിപത്യത്തിൽ മനുഷ്യന്റെ അന്തസ്സും കുലീനതയും കളങ്കമാകുന്നതിൽ ധാർമ്മികതയുണ്ടോ?

മാധ്യമങ്ങളിൽ പ്രസരിതമാകുന്ന ദൃശ്യങ്ങളിൽ പാപാസക്തിയും പ്രലോഭനവും ശക്തമായി സ്വാധീനിക്കുന്നില്ലേ? ദൈവസാദൃശ്യമുള്ള മനുഷ്യന്റെ മഹത്ത്വത്തെ വികൃതമാക്കുന്ന മാധ്യമ സ്വാധീനത്തെ പ്രതിരോധിക്കുവാനുള്ള പരിശീലനവും സമീപനവും സഭകൾക്ക് വേണ്ടത്രയില്ല. പുതിയ മാധ്യമ പ്രശ്നങ്ങൾ ഗൗരവമായി സഭകൾ കാണുന്നുമില്ല.

## സാംസ്ക്കാരിക മേൽക്കോയ്മ

ആഗോള സംവേദന രംഗത്തെ മുന്നേറ്റം ആഗോളവാണിജ്യവും വിഭവങ്ങളുടെ വിപണനവുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മാധ്യമ വിപ്ലവം ഉപഭോക്തൃ സംസ്കാരത്തിനും സാംസ്കാരിക മേൽക്കോയ്മയ്ക്കും വഴി ഒരുക്കി.

ലോക സമ്പത്തിന്റെ പത്ത് ശതമാനം വാർത്താ വിനിമയവും ആശയസംവേദനവും കേന്ദ്രീകരിച്ചുള്ളതായി ലോകത്തെ ഏറ്റവും വലിയ വ്യവസായമായി മാധ്യമങ്ങൾ വളർന്നു. മനുഷ്യരെ അടക്കി ഭരിക്കുന്ന കമ്പ്യൂട്ടർ സംസ്ക്കാരത്തിന്റെ മേൽക്കോയ്മ വളരെയധികം ശക്തി നേടി. ഇതൊരു സാംസ്കാരിക ആഘാതത്തിനിടയാക്കുമെന്നു (Cultural Shock) ആൽവിൻ ടോഫ്ളർ എൺപതുകളിൽ പ്രവചിച്ചത് ഇപ്പോൾ യാഥാർത്ഥ്യമായി.

വികസിതരാജ്യങ്ങളുടെ ആഗോളവൽക്കരണവും സാംസ്കാരിക മേൽക്കോയ്മയും മനുഷ്യന്റെ മഹത്ത്വവും സാംസ്കാരിക തനിമയും നഷ്ടപ്പെടുത്തുന്നു. കമ്പോളവൽക്കരണത്തിൽ സമ്പദ്ഘടന ബൃഹത്താക്കണമെന്ന വ്യഗ്രതയിൽ മാധ്യമങ്ങളിൽ ഉല്പ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. പരസ്യങ്ങളിൽ 'സ്ത്രീ ശരീരം' ഉല്പ്പന്നങ്ങളുടെ മഹിമ വിളിച്ചു പറയുന്നു. ഇവിടെ നഷ്ടപ്പെടുത്തുന്നത് സ്ത്രീത്വത്തിന്റെ മഹത്ത്വവും മഹിമയുമല്ലേ....?

മാധ്യമ വിപ്ലവത്തിന്റെ വൻതോതിലുള്ള ഇടപെടൽ ഇന്ത്യയിൽ വിപുലമായ സ്വാധീനവും മാറ്റവുമാണ് വരുത്തിയത്. പുത്തൻ സാങ്കേതിക വിദ്യയുടെ കടന്നുകയറ്റവും പ്രചാരവും ആഗോളവൽക്കരണത്തിനും കമ്പോളസമ്പദ് വ്യവസ്ഥയുടെ അധീശത്വത്തിനും ഇടയാക്കുന്നു. ആഗോള കൂട്ടായ്മയുടെ പുത്തൻ പ്രവണത വികസ്വര രാഷ്ട്രങ്ങളെ വീണ്ടും പാരതന്ത്ര്യത്തിലാക്കും. മാധ്യമ സംസ്ക്കാരത്തിൽ വികസിത രാഷ്ട്രങ്ങൾ വളരെക്കാലമായി ആധിപത്യം പുലർത്തുന്നു.

വികസ്വര രാഷ്ട്രങ്ങളിലേക്ക് കയറ്റി അയക്കുന്ന വാർത്താ വിഭവങ്ങളെ നിയന്ത്രിക്കുന്നത് ഏ. പി. (Associated press of America), റോയിറ്റർ (Reuters in Great Britan), യു.പി.ഐ. (United Press International), ഏ.എഫ്.പി. (Agence France Press) തുടങ്ങിയ നാല് അന്താരാഷ്ട്ര വാർത്താ ഏജൻസികളാണ്. ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ വാർത്താ ശേഖരണത്തിന് മുഖ്യമായും ആശ്രയിക്കുന്നത് ആഗോള വാർത്താ ഏജൻസികളെയാണ്. പ്രതിദിനം നാല്പത് ദശലക്ഷം വാക്കുകളാണ് അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നിവിടങ്ങളിലെ വാർത്താ ഏജൻസികൾ അയയ്ക്കുന്നത്. ഇതിൽ ദരിദ്ര രാജ്യങ്ങളിലെ

വാർത്തകൾ വളരെ കുറവായിരിക്കും. ഏതെങ്കിലും വാർത്ത വന്നാൽ വികസിത രാജ്യങ്ങളുടെ വീക്ഷണത്തിലുള്ളതായിരിക്കും. ഇവിടെയും വികസ്വര രാഷ്ട്രങ്ങളിലെ മനുഷ്യ സമൂഹത്തിന്റെ അന്തസ്സും മഹത്ത്വവും ഹനിക്കുന്ന പ്രവണതകളാണ് ശക്തിപ്പെടുന്നത്.

## മാധ്യമ വിപ്ലവത്തിലെ മനുഷ്യമഹത്ത്വം

മാധ്യമ വിപ്ലവത്തിലെ കൂട്ടായ്മയും വാർത്താവിതരണവും സാമൂഹിക പ്രക്രിയയിൽ സജീവ പങ്കാളിത്തമുള്ള മനുഷ്യന്റെ വിവിധ ജീവിത പശ്ചാത്തലത്തിൽ അധിഷ്ഠിതമായതാണ്. ഇത് കേവലം ഒരു ആശയ വിനിമയമല്ല. വർഗ്ഗ, വർണ്ണ, സാംസ്ക്കാരിക വ്യത്യാസമെന്യെ 'മനുഷ്യ കൂട്ടായ്മ' സജീവമാക്കുന്ന 'പുതിയ മാനവിക ദർശനം' മാധ്യമങ്ങളിൽ നഷ്ടപ്പെടുന്നു. യഥാർത്ഥമായ ആശയ വിനിമയം സമൂഹത്തിന്റെ സജീവവും ആഴവുമായ കൂട്ടായ്മയാണ്. സമത്വം, സ്വാതന്ത്ര്യം, നീതി, സാഹോദര്യം, സമാധാനം എന്നിവ ഉൾക്കൊള്ളുന്ന പരസ്പര ശുശ്രൂഷയുടെ കൂട്ടായ്മയാണ് വേണ്ടത്. ഇവിടെ ആഗോള ഗ്രാമമല്ല (Global Village) സംഘടിതമായ കൂട്ടായ്മാ ഗ്രാമമാണ് (Community Village) യാഥാർത്ഥ്യമാകുന്നത്. ഇത് സമൂഹത്തിലെ എല്ലാ ആധിപത്യ സമ്പ്രദായങ്ങളെയും (Authoritarian Structures) തകർക്കും. പകരം പരസ്പര ശുശ്രൂഷയും ജനപങ്കാളിത്തവും സംസ്ക്കാര സംരക്ഷണവും ഉൾക്കൊള്ളുന്ന പുത്തൻ സമൂഹത്തെ സൃഷ്ടിക്കും. ദൈവസാദൃശ്യത്തിലുള്ള മനുഷ്യന്റെ സംവേദന ദൗത്യം പൂർത്തീകരിക്കപ്പെടുന്നത് കൂട്ടായ്മയിലേക്കു നയിക്കുന്ന പുത്തൻ സമൂഹത്തെ (New Humanity) സൃഷ്ടിക്കുമ്പോൾ മാത്രമാണ്. ഇവിടെ മനുഷ്യ മഹത്ത്വം നഷ്ടപ്പെടുത്തുവാൻ സാധിക്കത്തില്ല.

നന്മയുടെ നിറവും ധാർമ്മിക പൂർണ്ണതയും ഉൾക്കൊള്ളേണ്ട മനുഷ്യവർഗ്ഗത്തെ പ്രലോഭിപ്പിക്കുന്നതും പാപത്തിലേക്കു നയിക്കുന്നതുമായ ശൈലികൾ നഗ്നമായി പ്രദർശിപ്പിക്കുമ്പോൾ മാധ്യമങ്ങൾ മനുഷ്യന്റെ അന്തസ്സിനെ ചോദ്യം ചെയ്യുന്നു. മനുഷ്യനിലെന്നും സ്ഥിതി ചെയ്യുന്ന ദൈവസാദൃശ്യവും (Image), പാപം കൊണ്ട് നഷ്ടപ്പെടാവുന്നതും പരിശുദ്ധാത്മ കൃപയാൽ വീണ്ടെടുക്കാവുന്നതുമായ സാരൂപ്യവും (Likeness) അന്ധകാരത്തിലേക്കെറിയപ്പെടുന്നു.

ദൈവസാദൃശ്യത്തിലുള്ള മനുഷ്യശരീരം ആഗോള കമ്പോള സമ്പദ്ഘടനയെ താങ്ങി നിർത്തുന്നതിനും പരസ്യ വിപണനം നടത്തുന്നതിനുമുള്ള മുഖ്യ ഉപാധിയായി തീരുന്നു. ഇത് നാൾക്കു നാൾ പുതുക്കം പ്രാപിക്കേണ്ട മനുഷ്യനെ പാപാസക്തനാക്കുന്നു.

മനുഷ്യന്റെ സർഗ്ഗാത്മകവും രചനാത്മകവുമായ ഗുണങ്ങളെ വിസ്മരിപ്പിച്ച് 'നിഷേധമായ മനുഷ്യ ദൃശ്യങ്ങളാണ്' മാധ്യമങ്ങളിലെത്തുന്നത്.

സ്ത്രീ-പുരുഷ ബന്ധത്തിന്റെ അതിവിശുദ്ധ സാമീപ്യങ്ങൾക്ക് നൈർമ ല്യവും സ്നേഹത്തിന്റെ സുഗന്ധവുമില്ല. സ്ത്രീ – പുരുഷ സിരകളിൽ പടർത്തി കയറ്റുന്നത്, തിന്മയുടെ ആത്മാവാണ്.

മനുഷ്യന്റെ അന്തസ്സിനെ നിഷേധിക്കലും നന്മയുടെ നിറവിലേക്കുള്ള വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കലുമാണ് മാധ്യമങ്ങളുടെ പുത്തൻ സമീ പനം. "ശാസ്ത്രവും സാങ്കേതികതയും മനുഷ്യനെ നന്മയിലേക്കു വള ർത്തി മാനവരാശിയുടെ ദൈവീകരണമാണ് ഉണ്ടാക്കേണ്ടതെന്നു" ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ശക്തമായി വാദിച്ചിട്ടുണ്ട്. മാധ്യമ സംസ്ക്കാരത്തിന്റെ കടന്നാക്രമണം മാനവരാശിയുടെ ദൈവീകരണവും പരസ്പര ആശ്രിതത്വവും മനുഷ്യബന്ധങ്ങളുടെ കൂട്ടായ്മയും അന്യ മാക്കുന്നു.

### ഒരു ലോകം ഒരു വിപണി

വിവര സാങ്കേതികതയും ആശയ സംവേദന ശൃംഖലകളും ചേർത്ത് ലോകത്തെ ഗ്രാമത്തിൽ (Global Village) നിന്നും ലോകനഗരത്തിലേക്കും (Global City) ലോക വിപണിയിലേക്കും (Global Market) നയിച്ചു. 'ഒരു ലോകം, ഒരു വിപണി' (One World, One Market) എന്ന സമവാക്യം വ്യാപ കമാകുന്നു. ഭൂഗോളത്തെ സാങ്കേതിക വിദ്യയാൽ കൈക്കുമ്പിളിലൊ തുക്കുന്നതിന് വികസിത രാജ്യങ്ങൾക്ക് കഴിയുന്നു.

മാധ്യമ വിപ്ലവത്തിന്റെ വൻതോതിലുള്ള വിതരണ ശൃംഖല നിയ ന്ത്രിക്കുന്നത് അമേരിക്കയും ബ്രിട്ടനുമാണ്. വികസ്വര രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്ന വാർത്താ വിനോദ – വിജ്ഞാന വിഭവങ്ങൾ വൻകിട രാഷ്ട്രങ്ങളുടേതാണ്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങൾ വാർത്താശേഖരണത്തിന് മുഖ്യമായും ആശ്രയിക്കുന്നത് അന്താരാഷ്ട്ര വാർത്താ ഏജൻസികളെയാണ്. ദരിദ്ര രാജ്യങ്ങളിലേക്കുള്ള വിഭവങ്ങ ളെല്ലാം വികസിത രാജ്യങ്ങളുടെ വീക്ഷണത്തിലുള്ളതായിരിക്കും.

അമേരിക്ക ആധിപത്യം പുലർത്തുന്ന വിജ്ഞാന യുഗം സാംസ്കാ രിക വ്യവസായമായി (Cultural Industry). വ്യവസായ സമ്പ്രദായങ്ങൾ വഴി സാംസ്ക്കാരിക വിഭവങ്ങളും കലാരൂപങ്ങളും മാധ്യമങ്ങളിൽ പുനഃ രാവിഷ്ക്കരിച്ച് ഭൂമിയുടെ അറ്റത്തോളം വിനിമയം ചെയ്യുന്ന രീതി പ്രബ ലപ്പെട്ടു. വിവരം, വിനോദം, വിജ്ഞാനം, സംസ്ക്കാരം എന്നിവ ചരക്കു കൾ പോലെ ഉല്പാദിപ്പിച്ച് ആഗോള കമ്പോള ശൃംഖലകളുടെ ഭാഗ മാക്കി വിപണിയിൽ കൊള്ള ലാഭത്തിൽ വിപണനം ചെയ്യുന്നു. മാധ്യമ ശക്തിയും (Media Power) ജനങ്ങളും തമ്മിൽ സംസ്ക്കാര യുദ്ധത്തിന് (Cultural War) തുടക്കമിട്ടിട്ട് കാലമേറെയായി. ഉപഭോഗ വസ്തുക്കളും യുദ്ധോപകരണങ്ങളും വിതരണം ചെയ്യുവാൻ മാധ്യമങ്ങൾ ആഗോള

കമ്പോളങ്ങളായി തീർന്നു. മനുഷ്യനെ വസ്തുവായി കാണുന്ന സമീപനമാണ് കമ്പോളങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ 1995-ൽ ഡന്മാർക്കിൽ നടത്തിയ സാമൂഹിക വികസന ഉച്ചകോടി (Social Development Summit) മനുഷ്യ മഹത്ത്വത്തെ ഹനിക്കുന്ന കമ്പോള സമൂഹത്തിന്റെ സവിശേഷതകൾ പ്രതിപാദിക്കുന്നു:

1. കമ്പോള സമൂഹം ഭൗതിക ക്ഷേമത്തിലധിഷ്ഠിതമായ സുഖഭോഗാസക്തിയാണ്.
2. വ്യക്തിബന്ധങ്ങളിലെ പവിത്രമായ ധാർമ്മിക മൂല്യങ്ങൾ ക്ഷയിക്കുകയും പരസ്പര വിശ്വാസവും അർപ്പണബോധവും നഷ്ടപ്പെടുകയും ചെയ്യുന്നു. ജീവിതത്തിന്റെ സമസ്ത രംഗത്തും പണം ആധിപത്യം പുലർത്തുന്നു.
3. ലാഭവും അധികാരവും ശക്തിയും കമ്പോളം സേവനം, വിദ്യാഭ്യാസം, ആതുര രംഗം, ശാസ്ത്ര ഗതി എന്നിവയെ നയിക്കുന്നു.
4. സാമൂഹ്യ പ്രതിബദ്ധത നഷ്ടപ്പെടുകയും വ്യാജ സുരക്ഷ നൽകുന്ന പുതിയ മതങ്ങളും സംഘങ്ങളും പ്രചാരത്തിലാകുകയും ചെയ്യുന്നു.
5. ആദ്ധ്യാത്മികവും ധാർമ്മികവുമായ ശൂന്യതയും 'വിഗ്രഹാരാധനയും' കമ്പോള സമൂഹത്തിൽ ശക്തിപ്പെടുന്നു.

മാധ്യമങ്ങൾ നടത്തുന്ന ഈ കമ്പോളവൽക്കരണ പ്രക്രിയ സാംസ്ക്കാരിക അധീശത്വവും കമ്പോളമൂല്യങ്ങളും ബഹുജന സംസ്ക്കാരത്തിലേക്ക് തള്ളിക്കയറ്റുന്നു. ഉപഭോക്താക്കൾക്കാവശ്യമായ ഉല്പന്നങ്ങൾ സൃഷ്ടിക്കുന്നവരെ ദാനിയേൽ ബെൽ, 'കൾച്ചറൽ മാസ്സ്' എന്നു വിളിക്കുന്നു. 'ഇവർ സംസ്ക്കാരം സൃഷ്ടിക്കുന്നവരല്ല; അത് പ്രക്ഷേപണം ചെയ്യുന്നവരാണെന്ന്' പറയുന്നു. 'ഈ പുതിയ മധ്യവർഗ്ഗം' ഇൻഫർമേഷൻ ഉല്പാദനത്തിലും വിതരണത്തിലും ഉപഭോഗത്തിലും മാനേജ്മെന്റിലും, സാമൂഹിക നിയന്ത്രണ പ്രക്രിയയിലും ഏർപ്പെട്ടിരിക്കുന്നതായി ദാനിയേൽ ബെൽ പറയുന്നു. ഈ സാംസ്ക്കാരിക ക്രമത്തിൽ മനുഷ്യന്റെ അന്തസ്സും മഹത്ത്വവും ചൂഷണം ചെയ്യുവാനും അപമാനവീകരിക്കുവാനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

## സംവേദനവും ജനാധിപത്യവൽക്കരണവും

ആശയവിനിയം വ്യവസായമായി. വാർത്താവിതരണത്തിലെ വൈവിധ്യം, വാർത്താ ഉൽപ്പാദനത്തിലും വിതരണത്തിലുമുള്ള ആധിപത്യ പ്രവണത, സമൂഹത്തെ സ്വാധീനിക്കുവാനുള്ള ശക്തി എന്നിവ

യെല്ലാം ആശയ സംവേദനം, വ്യവസായം (Communication Industry) എന്ന ചിന്തയിലെത്തിച്ചു. സെൻ മാക്ബ്രഡ് റിപ്പോർട്ടിൽ ആശയവിനിമയ വ്യവസായം ഒരു 'സാംസ്ക്കാരിക വ്യവസായമായി' തീർന്നു എന്ന് പറയുന്നുണ്ട്.

വ്യവസായ സമ്പ്രദായങ്ങൾ ഉപയോഗിച്ച് സാംസ്ക്കാരിക വിഭവങ്ങളും കലാരൂപങ്ങളും പുനരാവിഷ്ക്കരിക്കുന്നു. സാംസ്ക്കാരികോൽപ്പന്നങ്ങളുടെ വ്യവസായവൽക്കരണവും വിപുലമായ വിതരണവും നടക്കുന്നു. വിഭവ സ്രോതസുകളുടെ നിയന്ത്രണത്തിലുള്ള ആധിപത്യത്തെ ചെറുക്കുവാനാണ് സംവേദനത്തിൽ ജനാധിപത്യവൽക്കരണം. വൻകിട സ്വകാര്യ വാർത്താവിതരണ ശൃംഖലകളെ വികേന്ദ്രീകരിക്കണമെന്ന ആവശ്യം മുന്നോട്ടു വെച്ചത് മൂന്നാം ലോക രാഷ്ട്രങ്ങളാണ്.

മനുഷ്യാവകാശങ്ങളിൽ സ്ത്രീ – പുരുഷ സമത്വത്തിനും വർണ്ണ സമത്വത്തിനും ഊന്നൽ നൽകുന്ന ജനാധിപത്യവൽക്കരണം, മാധ്യമങ്ങളുടെ കർത്തവ്യമാണെന്ന് സെൻ മാക്ബ്രഡ് റിപ്പോർട്ട് വ്യക്തമാക്കുന്നു. ആശയവിനിമയത്തിന് ജനാധിപത്യ സ്വഭാവം ഉണ്ടെങ്കിലേ മനുഷ്യന്റെ മഹത്ത്വത്തെയും മനുഷ്യാവകാശത്തേയും ചോദ്യം ചെയ്താൽ, ശക്തമായി എതിർക്കുവാൻ കഴിയൂ. അധികാരം പങ്കിടുന്നതിനും സ്വായത്തമാക്കുന്നതിനുമുള്ള പോരാട്ടത്തിൽ മാധ്യമങ്ങൾ മനുഷ്യ മഹത്ത്വം വിസ്മരിക്കുന്നു. സാധാരണക്കാരെയും, ഒറ്റപ്പെട്ടവരെയും, ശക്തിപ്പെടുത്തുവാനും, വർദ്ധിക്കുന്ന ആശയവിനിമയത്തിലെ മേധാവിത്വ വിനിമയ സമ്പ്രദായങ്ങളെ വിമർശനപൂർവ്വം സമീപിക്കുവാനും ജനങ്ങളിൽ നിന്നുള്ള ആഗോളവൽക്കരണം (Globalisation from below) കൂടി ഉണ്ടാകണം. മാധ്യമങ്ങളുടെ പുത്തൻ ഉണർവ് പീഡിത ജനതയുടെ കണ്ണീരൊപ്പണം. ദരിദ്രരുടെ പക്ഷം ചേർന്ന് ഐക്യവും മനുഷ്യ മഹത്വവുമുള്ള സമൂഹത്തിന്റെ ഘടനയെയും സൃഷ്ടിക്കണം.

## പുത്തൻ മാധ്യമ പരിസ്ഥിതി

ആഗോള ആശയ സംവേദനത്തിൽ മനുഷ്യന്റെ അന്തസ്സ് സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നു ലോക ക്രൈസ്തവ ഐക്യവേദികൾ ശ്രദ്ധാപൂർവ്വം വീക്ഷിച്ചിട്ടുണ്ട്. മാനവരാശി ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതാണ്. ഏവരിലും ദൈവസാദൃശ്യവും സ്വരൂപവും ഉണ്ട്. അത് സംരക്ഷിക്കുക, മനുഷ്യാവകാശത്തിന്റെ ഭാഗമാകണം. മനുഷ്യന്റെ മഹത്ത്വം ആക്രമിക്കപ്പെടുമ്പോൾ ജീവിതത്തിന്റെ മഹിമ തകരുന്നു. അടിസ്ഥാനപരമായ ഈ പ്രമാണം മാധ്യമ ഉപഭോക്താക്കളേയും മാധ്യമ നിയന്ത്രകരേയും ബോധ്യപ്പെടുത്തുവാൻ സഭകൾ ചെറിയ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

വേൾഡ് അസോസിയേഷൻ ഫോർ ക്രിസ്ത്യൻ കമ്മ്യൂണിക്കേഷന്റെ (WACC) രണ്ടാം ലോക സമ്മേളനം 1995-ൽ മെക്സിക്കോയിൽ നടത്തി. 'ആശയവിനിമയം മനുഷ്യന്റെ മഹത്ത്വത്തിന്' എന്ന വിഷയം അടിസ്ഥാനമാക്കി നടത്തിയ സമ്മേളനത്തിലെ പ്രഖ്യാപനങ്ങളുടെ സംക്ഷിപ്തം ശ്രദ്ധേയമാണ്.

1. മാധ്യമത്തിന്റെ അധികാരവും ശക്തിയും എല്ലാ സംസ്ക്കാരങ്ങളിലുമുള്ള ജനതയെയും മനസ്സിലാക്കിയുള്ളതാകണം. മാധ്യമങ്ങളിലുള്ള അപമാനവീകരണത്തെ (dehumanisation) ശക്തിയോടെ എതിർക്കണം.

2. മനുഷ്യ മഹത്ത്വവും മൂല്യങ്ങളും ഉൾപ്പെടുത്തുന്നതിനായി മാധ്യമങ്ങളിലെ അധികാര ശ്രേണികളുമായി പോരാടണം. എല്ലാ മേഖലകളിലുമുള്ള സ്ത്രീ-പുരുഷന്മാരുടെ മഹത്ത്വം നിഷേധിക്കുന്ന, നശിപ്പിക്കുന്ന മാധ്യമങ്ങൾക്കെതിരെയുള്ള ധർമ്മ സമരത്തിൽ സഭകൾ പങ്കുചേരണം.

3. ആഗോള മാധ്യമങ്ങളുടെ ആന്തര ഘടനയുടെ സാധ്യതകളും പരിമിതികളും ജനങ്ങൾക്ക് വിമർശനാത്മകമായി വിശദീകരിക്കുവാനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കണം.

സമ്പന്ന-ദരിദ്ര അനുപാതം വർദ്ധിപ്പിക്കുന്നതിനാൽ മാധ്യമങ്ങൾ വികസനത്തിന്റെ സമഗ്ര പാതയിൽ ഭീഷണി പരത്തുന്നതായി 1995 -ലെ 'മെക്സിക്കോ അസംബ്ലി' വ്യക്തമാക്കുന്നുണ്ട്. ലോകസഭാ കൗൺസിൽ (WCC) 1983-ൽ വാൻകൂവറിൽ നടത്തിയ സമ്മേളനവും മാധ്യമങ്ങളുടെ വളർച്ചയും അവ സൃഷ്ടിക്കുന്ന അസമത്വവും ആഴമായി ചർച്ച ചെയ്തിട്ടുണ്ട്. 1991-ൽ കാൻബറായിൽ നടന്ന ലോകസഭാ കൗൺസിൽ സമ്മേളനം വാൻകൂവർ അസംബ്ലി (1983) തീരുമാനത്തോട് യോജിച്ചു പുതിയ പ്രമാണരേഖ എഴുതി: "പരിശുദ്ധാത്മാവിലുള്ള പ്രവാചക ശബ്ദമാകണം ആശയസംവേദനം. ഇത് സത്യത്തിന്റെ ആത്മാവിനെ തടഞ്ഞുവയ്ക്കുന്ന ശക്തികൾക്കെതിരെ പോരാടി നീതിയിൽ അധിഷ്ഠിതമായ സമൂഹത്തെ സൃഷ്ടിക്കണം."

ക്രിസ്ത്യൻ കമ്മ്യൂണിക്കേഷന്റെ ലോകസമിതി 'ആശയവിനിമയവും സമൂഹവും' എന്ന വിഷയം 1989-ൽ മനിലായിൽ ചർച്ച ചെയ്തു. 'ആശയവിനിമയം സമൂഹത്തിന്റെയും മാനവരാശിയുടെയും ശുശ്രൂഷ ആയതിനാൽ ക്രിയാത്മക സംവേദനം ഏവരുടെയും ഉത്തരവാദിത്തമാണെന്നും, എന്നാൽ സാധാരണക്കാർ മാധ്യമ ശക്തിക്കു മുമ്പിൽ ബലിമൃഗങ്ങളാകുന്നു എന്നും വ്യക്തമാക്കി."

1992-ൽ ന്യൂയോർക്കിൽ 'ആഗോള ആശയവിനിമയം നീതിക്കും സമാധാനത്തിനും' എന്ന ലോകസഭകളുടെ പ്രഖ്യാപനം വളരെ തീവ്രതയു

ള്ളതാണ്: "മേധാവിത്വ സംസ്ക്കാരം കൊണ്ട് തള്ളപ്പെട്ടവരും ഒറ്റപ്പെടുന്നവരുമായ അടിച്ചമർത്തപ്പെടുന്നവർക്ക് ശക്തി പകരണം. മാധ്യമങ്ങളുടെ കടന്നാക്രമണത്തെ ചെറുക്കണം."

ലോകസഭാ വേദികളിൽ ആശയവിനിമയത്തിലെ വെല്ലുവിളികൾക്കെതിരെയുള്ള പോരാട്ടങ്ങളും സമീപനങ്ങളും എങ്ങനെയാകണം എന്നതിന്റെ സംക്ഷിപ്തമിതാണ്:

"തനതു സംസ്കാരങ്ങളിൽ ആഞ്ഞടിക്കുന്ന ആധിപത്യ സ്വഭാവങ്ങൾക്കെതിരെ പ്രതിപ്രവർത്തനവും ബദൽ ആശയ സംവേദന മാധ്യമങ്ങളും (Alternative media) വളർത്തിയെടുക്കണം. തുല്ല്യത പുലർത്തുന്ന ലംബവും തിരശ്ചീനവുമായ സംവേദന സമ്പ്രദായങ്ങൾ സൃഷ്ടിക്കണം. ജനപങ്കാളിത്തമില്ലാത്ത ഒരു സംവേദന കൂട്ടായ്മയും ക്രിസ്തീയമല്ല. ദൈവസാദൃശ്യത്തിലുള്ള ജനതയുടെ അന്തസ്സും മഹത്ത്വവും നഷ്ടപ്പെടുത്തുവാൻ ശ്രമിക്കരുത്. മനുഷ്യർക്ക് സത്യവും പ്രത്യാശയും നൽകിയുള്ള കൂട്ടായ്മയും പങ്കാളിത്തവുമാണ് സംവേദനത്തിന്റെ പരമലക്ഷ്യം."

സഭകളുടെ ലോക സമിതികളിൽ മാധ്യമം ചർച്ചക്ക് മുഖ്യവിഷയമാണെങ്കിലും പ്രാദേശികവേദികളിൽ ഈ വിഷയത്തോട് വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല. യുവജനതയെ മാധ്യമങ്ങൾ വിഴുങ്ങുവാൻ തുടങ്ങിയിട്ടും സഭാ നേതൃത്വം ശാന്തമായി ഉറങ്ങുകയാണ്. ഇവിടെ മാധ്യമ രംഗത്തുണ്ടായ വളർച്ച മനസ്സിലാക്കി പ്രതിപ്രവർത്തനങ്ങൾ ആരംഭിച്ചേ മതിയാകൂ. "സഭകളുടെ പ്രാഥമിക ഉത്തരവാദിത്വം സുവിശേഷം യഥാസമയം അറിയിക്കുകയാണെന്ന്" പ്രശസ്ത മാധ്യമ ചിന്തകൻ വില്യം ഫോർ പറയുന്നു. സ്ഥലകാല സംസ്ക്കാരത്തിന് ഉചിതമായി സുവിശേഷം അറിയിക്കുന്നതിനുള്ള പാടവം സഭകൾക്ക് ഉണ്ടാകണം. സഭകൾ സാമൂഹിക പ്രതിബദ്ധതയോടെ കണ്ണുകൾ തുറക്കണം. അതിന്:

1. മാധ്യമ സംസ്ക്കാരത്തിന്റെ സ്വാധീനത്തിൽ വ്യക്തികൾ തമ്മിലുള്ള അഗാധമായ ബന്ധങ്ങളും പാരമ്പര്യങ്ങളും ഒലിച്ചുപോകുന്നു. ഇതു മനസ്സിലാക്കി സാമൂഹിക - സാംസ്ക്കാരിക പരിസ്ഥിതികൾക്കനുസൃതമായി ക്രിസ്തീയ സന്ദേശങ്ങൾ ആകർഷകമായി രൂപപ്പെടുത്തണം.

2. മനുഷ്യന്റെ മഹത്ത്വം, അനുരഞ്ജനം, കൂട്ടായ്മ, നീതി, സമാധാനം എന്നിവ മനസ്സിലാക്കുന്നതിനും മാധ്യമങ്ങളിലെ വിഭവങ്ങൾ നിരീക്ഷണപൂർവ്വം തിരിച്ചറിയുന്നതിനും മാധ്യമ ബോധനം (Media Education) പാഠ്യവിഷയമാക്കണം.

3. സഭകളുടെ ആശയവിനിമയ സമ്പ്രദായങ്ങളിൽ സമൂഹത്തിന്റെയും

വ്യക്തികളുടെയും മഹത്ത്വവും (ദൈവസാദൃശ്യവും സ്വരൂപവും) നന്മയും ഉയർത്തിക്കാട്ടി പരസ്പരം ശുശ്രൂഷിക്കുവാൻ കഴിയണം. സ്നേഹം, ഐക്യം, നീതി എന്നിവ സംവേദനങ്ങളിൽ തെളിയണം.

ആഗോളവൽക്കരിക്കുന്ന മാധ്യമ ശൈലി, മനുഷ്യബന്ധവും കൂട്ടായ്മയും തകർക്കുന്നു. മാധ്യമ മൂല്യങ്ങളിൽ കേന്ദ്രീകൃതമായി മാനവ സമൂഹത്തെ ഉടച്ചു വാർക്കുന്ന മാധ്യമ സംസ്കാരത്തിൽ സഭകൾക്ക് എങ്ങനെ നിശബ്ദമാകുവാൻ കഴിയും....?

**ഉപസംഹാരം**

യേശു ക്രിസ്തുവിൽ സുതാര്യമായ ദൈവസാദൃശ്യം പുതിയ മാനവികത സൃഷ്ടിക്കുന്നു. ആ 'സത്താപരമായ കൂട്ടായ്മ പൂർണ്ണമാകുന്നത് മാനവികതയുടെ സമത്വവും അന്തസ്സും സംരക്ഷിക്കപ്പെടുമ്പോഴാണ്.' ആഗോള മാധ്യമ പരിസ്ഥിതി സൃഷ്ടിക്കുന്ന 'മാധ്യമകണ്ണുകൾ' മനുഷ്യ മഹത്ത്വത്തിനും ദൈവീകരണത്തിലേക്കുള്ള വളർച്ചക്കും പര്യാപ്തമാകണം. നന്മ നിറഞ്ഞത് തിരഞ്ഞെടുക്കാൻ മാധ്യമ പ്രവർത്തകർക്കും ഉപഭോക്താക്കൾക്കും കഴിയണം. വിവര വിജ്ഞാനത്തെ വക്രീകരിക്കുന്ന മാധ്യമങ്ങളിലെ മൂന്നാം കണ്ണിന്റെ രാഷ്ട്രീയവും നാം തിരിച്ചറിയണം.

❑

## പാഠം 2

# സംവേദനം പ്രസംഗകലയിൽ

❑ പ്രസംഗകല ❑ പ്രസംഗത്തിലെ സംവേദനം ❑ ശരീര ഭാഷ ❑ ശബ്ദ ക്രമം ❑ സഭാകമ്പം ❑ പ്രസംഗം ❑ ഇലക്ട്രോണിക് സംവേദനം ❑ പ്രസംഗം: പുതിയ സമീപനങ്ങൾ

പ്രസംഗം ഒരു സംവേദന കലയാണ്. ഫലപ്രദമായ സംവേദനമാണ് പ്രസംഗത്തെ മഹത്വരമാക്കുന്നത്. ഇതിന് സഹായിക്കുന്ന ശക്തമായ മാധ്യമമാണ് ഭാഷ. ആശയം, അവതരണം, പ്രസംഗ ഭാഷ, ശരീര ഭാഷ, ശബ്ദക്രമം എന്നിവയുടെ സവിശേഷ പ്രതിഭ പ്രസംഗത്തെ ശ്രേഷ്ഠമാക്കുന്നു. വ്യക്തികളെയും സമൂഹത്തെയും പരിവർത്തിപ്പിക്കുവാൻ കഴിയുന്ന ശക്തമായ മാധ്യമമാണ് പ്രസംഗം.

### പ്രസംഗകല

പ്രസംഗ സിദ്ധി ജന്മഗുണമാണ്. എന്നാൽ സമർത്ഥവും പ്രഗത്ഭവുമായ പ്രസംഗ ശേഷി ആർജ്ജിതമാണ്. നിരന്തരമായ അഭ്യസനത്തിലൂടെയും തപസ്യയിലൂടെയും സ്വായത്തമാക്കുവാൻ കഴിയുന്ന കലയാണ് പ്രസംഗം. ആശയങ്ങൾ മറ്റുള്ളവരിലേക്ക് സംവേദിക്കുന്ന ശക്തമായ കലാസിദ്ധി എന്ന നിലയിൽ പ്രാചീനകാലം മുതലേ പ്രസംഗം പ്രാധാന്യം നേടിയിരുന്നു. ബി. സി. എട്ടാം നൂറ്റാണ്ടിൽ ജീവിച്ച വിശ്വമഹാകവി ഹോമറിന്റെ കാലത്ത് യവന സംസ്ക്കാരത്തിൽ പ്രസംഗകല തഴച്ചു വളർന്നിരുന്നു. പ്രസംഗങ്ങളും വിവാദങ്ങളും ഹോമറിന്റെ ഇതിഹാസങ്ങളായ ഈലിയഡി (Iliad) ലും ഓഡിസി (Odyssey) യിലും പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു.

പെരിക്ലിസ് (500 – 429 ബി. സി.), ജോർജിയസ് (485 – 380 ബി. സി.), പ്രൊട്ടഗോറസ് (485 – 415 ബി. സി.), സോക്രട്ടീസ് (470 – 399 ബി. സി.), പ്ലേറ്റോ (428 – 348 ബി. സി.), അരിസ്റ്റോട്ടിൽ (384 – 322 ബി. സി.) തുടങ്ങിയ തത്വചിന്തകന്മാർ പ്രസംഗകലയുടെ മഹത്ത്വം തിരിച്ചറിഞ്ഞവരാണ്. അരിസ്റ്റോട്ടിലിന്റെ റട്ടറിക്ക് (Rhetoric) പ്രസംഗകലയെക്കുറിച്ച് എഴുതിയ വേദഗ്രന്ഥമാണ്. പ്രസംഗത്തിന്റെ ഫലപ്രദമായ പ്രായോഗിക നിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു.

അരിസ്റ്റോട്ടിൽ പ്രസംഗത്തെ 'പ്രചോദനകല' എന്നാണ് വിളിച്ചത്. പ്രസംഗകൻ, പ്രസംഗ വിഷയം, സദസ്സ് എന്നീ തലങ്ങൾ വിശദീകരിച്ചാണ് പ്രസംഗ കലയുടെ പാഠം അവതരിപ്പിക്കുന്നത്. ബൗദ്ധികവും ധാർമ്മികവും വൈകാരികവുമായ സമീപനം പ്രസംഗത്തിൽ ഉണ്ടാക

ണമെന്ന് അരിസ്റ്റോട്ടിൽ നിർദ്ദേശിച്ചു. പ്രസംഗകന്റെ ജീവിതം (ethos) പ്രസംഗത്തിലെ യുക്തിശക്തി (logos) ശ്രോതാക്കളിൽ ഉല്പാദിപ്പിക്കപ്പെടുന്ന വൈകാരികത (pathos) എന്നിവയുടെ അളവ് അനുസരിച്ചായിരിക്കും പ്രസംഗത്തിന്റെ സംവേദനമെന്ന് അദ്ദേഹം നിർണ്ണയിക്കുന്നു.

സാമ്രാജ്യങ്ങൾ കീഴടക്കിയ പല ഭരണാധികാരികളും പ്രസംഗകലയുടെ പ്രസക്തി അറിഞ്ഞിരുന്നു. മതങ്ങളുടെ വളർച്ചയിൽ പ്രസംഗകലയ്ക്ക് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യേശു ക്രിസ്തുവിന്റെ പ്രസംഗ ശൈലികളും പ്രസംഗങ്ങളും ലോകത്തെ മാറ്റി മറിച്ചവയാണ്. ഹെറോദോസിനെതിരെ സ്നാപക യോഹന്നാനും, പെന്തിക്കോസ്തിയിൽ പത്രോസും, മിഷനറി യാത്രയിൽ പൗലോസും നടത്തിയ പ്രസംഗങ്ങളുടെ പൂർണ്ണരൂപം ബൈബിളിലുണ്ട്.

'മിതം ച സാരം – ച വചോഹി വാഗ്മിതം' എന്നാണ് ആചാര്യമതം. അതായത് മിതമായും സാരവത്തായും പ്രസംഗിക്കുന്നവനാണ് വാഗ്മി എന്നർത്ഥം. ആവശ്യമായ വാക്ക് കൃത്യസ്ഥലത്ത് വേണ്ടതു പോലെ പ്രയോഗിക്കുകയാണ് പ്രസംഗകലയിൽ. അധികമായ ഒരു വാക്കും ഉണ്ടാകുന്നില്ല. ഈ വചന ചാതുരിയാണ് വാഗ്മിയുടെ പ്രസംഗസിദ്ധി.

മിതവും സാരവുമായി സംസാരിക്കുന്ന വാഗ്മിയിൽ ആഴമുള്ള വിചിന്തനങ്ങൾ സമഞ്ജസമായ വികാരാവിഷ്ക്കാരങ്ങൾ, സ്വാഭാവിക നാടകീയത, സ്വരഭേദാത്മകമായ താളക്രമം, സൂക്ഷ്മവും സമഗ്രവുമായ വിഷയ വിജ്ഞാനം, അവതരണ പാടവം, ലളിതവും ആകർഷകവുമായ ഭാഷ എന്നിവ ഉണ്ടാകും. പ്രസംഗം ആസൂത്രിതമാകുമ്പോൾ വിചാര മധുരമാകും. ആവിഷ്ക്കാരം സ്വാഭാവികമായ താളക്രമത്തിലും. പ്രസംഗകനും ശ്രോതാവും തമ്മിൽ വൈകാരികബന്ധം രൂഢമൂലമാക്കണം. ശ്രോതാക്കളെ അറിഞ്ഞ് പ്രസംഗം രൂപപ്പെടുത്തണം. ആംഗിക വിനിമയങ്ങൾ സ്വതസിദ്ധമാക്കണം. ഇത് ശ്രോതാക്കളിൽ വ്യക്തമായ ആശയ വിചാരങ്ങൾ സൃഷ്ടിക്കണം. പ്രസംഗം ഹൃദയസ്പർശിയാകുമ്പോൾ പ്രചോദന കലയാകുന്നു. പ്രസംഗകന്റെ വ്യക്തിത്വമാണ്, ആത്മാർത്ഥതയും പ്രതിബദ്ധതയും. പ്രസംഗത്തിൽ ഉള്ളടക്കവും (content) അവതരണരീതിയും (Manner) ആകർഷകവും ദൈവികവുമാകുന്നെങ്കിൽ സമൂഹത്തെ സമഗ്രമായി രൂപാന്തരപ്പെടുത്തുവാൻ (social transformation) കഴിയും.

ആശയ വിനിമയരംഗത്തെ പരമ്പരാഗതമായ ആവിഷ്ക്കാരമാണ് പ്രസംഗം. നൈസർഗ്ഗിക വരസിദ്ധിയാണ് പ്രസംഗകല. തപസ്യയും സാധനയും ഉണ്ടെങ്കിൽ പ്രസംഗ പാടവം ആർജ്ജിക്കാം. നിരന്തരമായ പഠന -നിരീക്ഷണങ്ങൾ പ്രസംഗത്തെ സജീവവും സചേതനവുമാക്കുന്നു. അനുഗൃഹീത വാഗ്മി കവിയും ഋഷിയുമാണ്. പ്രവാചക പ്രതിഭയും!

പ്രസംഗം ആശയ പ്രചാരണ രംഗത്തെ മൂർച്ചയേറിയ ആയുധമാണ്. ആസൂത്രിതമായ പ്രസംഗങ്ങളിൽ ആശയ പ്രചാരണം ദ്രുത ഗതിയിൽ സംഭവിക്കുന്നു. ഇന്റർനെറ്റും ഇ-കൊമേഴ്സും കുതിച്ചു കയറ്റം നടത്തുമ്പോഴും പ്രസംഗത്തിന്റെ പ്രസക്തി വർദ്ധിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് വമ്പിച്ച മുതൽ മുടക്ക് ആവശ്യമാണെങ്കിൽ; പ്രസംഗം ലളിതവും ശക്തവുമായ സംവേദന സങ്കേതമാണ്.

**പ്രസംഗം: സംവേദനം**

പ്രസംഗം സംവേദന പ്രക്രിയയാണ്. സംവേദന തത്ത്വങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രസംഗകന് കഴിയണം. വ്യക്തമായി സംവേദനം നടത്തണമെങ്കിൽ മനസ്സിൽ ആശയം സുവ്യക്തമായി ഉണ്ടാകണം. മനസ്സിൽ വിചാരിക്കുന്ന ആശയം വാക്കുകളിൽ കൂടി പുറത്തു വരുമ്പോൾ വ്യത്യാസപ്പെടാം. സംവേദന പ്രക്രിയയിൽ പ്രസംഗകൻ ഉദ്ദേശിക്കുന്ന അർത്ഥം തന്നെ ശ്രോതാക്കളിൽ എത്തിക്കുവാൻ കഴിയണം. പ്രസംഗകൻ കൃത്യതയോടെ വാക്കുകൾ സംവേദിപ്പിക്കുകയും അവ കൃത്യതയോടെ ശ്രോതാക്കൾ ശ്രദ്ധിക്കുകയും ചെയ്യണം. അപ്പോൾ പ്രസംഗകല സംവേദന കലയായി തീരും. പ്രസംഗകൻ വിനിമയം ചെയ്യുന്ന സന്ദേശം അതേ അർത്ഥത്തിലും ആഴത്തിലും ഉൾക്കൊള്ളുവാൻ ശ്രോതാക്കൾക്ക് കഴിയണം. സംവേദകനും സ്വീകർത്താക്കളും തമ്മിൽ ആഴമായ ബന്ധവും വളർത്തണം. സംവേദന പ്രക്രിയയിൽ ഇതുണ്ടാകണം.

പ്രസംഗം ഫലപ്രദമാക്കുവാൻ ശ്രോതാക്കൾക്കും മുഖ്യപങ്ക് വഹിക്കാനുണ്ട്. പ്രസംഗകനെ തുറന്ന മനസ്സോടെ ഉൾക്കൊള്ളുവാനും ശ്രദ്ധാപൂർവ്വം ശ്രവിക്കുവാനും പരിശ്രമിക്കണം. പ്രസംഗകന്റെ സംവേദന ശൈലികൾ, മനോഭാവം, വിജ്ഞാന മേഖലകൾ, സാമൂഹിക - സാംസ്കാരിക പശ്ചാത്തലം എന്നിവ ശ്രോതാക്കളും മനസ്സിലാക്കണം. പ്രസംഗകൻ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ തന്നെ സന്ദേശം സ്വീകരിക്കുവാൻ കഴിയണം. ഏകപക്ഷീയ മനോഭാവവും അലംഭാവവും ശ്രോതാക്കളിൽ ഉണ്ടാകരുത്. പ്രസംഗകനും ശ്രോതാക്കളെ മനസ്സിലാക്കി സംവേദനം ഫലപ്രദമാക്കിത്തീർക്കണം. പ്രസംഗകനും ശ്രോതാക്കളും തമ്മിലുള്ള നീതിപൂർവ്വവും ഹൃദയപൂർവ്വവുമായ ബന്ധത്തിൽ വെളിപ്പെടുന്നതാണ് പ്രസംഗത്തിലെ ഫലപ്രദമായ സംവേദനം. ഇത് ശുശ്രൂഷാ മനോഭാവത്തോടും ഉത്തരവാദിത്വത്തോടും ഇരുവരും സ്വീകരിക്കണം. പ്രസംഗത്തിന്റെ സംവേദനത്വം നഷ്ടപ്പെടുമ്പോൾ അത് നിർജ്ജീവമാകും. പ്രസംഗത്തിന്റെ ചാലക ശക്തി ആശയ സംക്രമണത്തിന്റെ സുതാര്യതയും വിശ്വാസ്യതയുമാണ്. പ്രസംഗം ഫലപ്രദമായി സംവേദിക്കുവാൻ നിരവധി കാര്യങ്ങൾ മനസ്സിലാക്കണം. ചില പ്രധാന ഘട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

**1. പ്രസംഗത്തിന്റെ രൂപശില്പം**

പ്രസംഗത്തിന്റെ രൂപശില്പം സാവധാനം ക്രോഡീകരിക്കേണ്ടതാണ്. നിരന്തര ധ്യാനത്തിന്റെയും മൗനത്തിന്റെയും ആവിഷ്ക്കാരമാകണം പ്രസംഗത്തിന്റെ രൂപരേഖ. വായന, നിരീക്ഷണം, അറിവ്, വിജ്ഞാനം, അനുഭവം തുടങ്ങിയവ പ്രസംഗത്തിന്റെ രൂപശില്പത്തെ സ്വാധീനിക്കണം.

പ്രാർത്ഥന, ധ്യാനം, വേദപഠനം, മനനം എന്നിവ രൂപശില്പ നിർമ്മിതിക്ക് പ്രേരകമാകണം. ജനജീവിതവുമായുള്ള പങ്കുചേരലിൽ നിന്ന് ആർജ്ജിച്ച അനുഭവങ്ങൾ, ചോദ്യങ്ങൾ, ഉപചോദ്യങ്ങൾ, മറുചോദ്യങ്ങൾ, പരാതികൾ, നിഗമനങ്ങൾ, പ്രായോഗിക നിർദ്ദേശങ്ങൾ എന്നിവയ്ക്ക് പ്രസംഗകൻ സ്വയം ഉത്തരം കണ്ടെത്തുന്നു. ആന്തരിക സംഘർഷത്തിന്റെ അനുഭവമാണിത്. പ്രസംഗകനിൽ തന്നെ നടക്കുന്ന സംവേദനമാണിത് (Intrapersonal communication). പ്രസംഗം ഫലപ്രദമാകുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന തലമാണിത്. പ്രസംഗകലയെക്കുറിച്ച് പഠനം നടത്തിയ എൻ. കൃഷ്ണൻ നായർ പറയുന്നത് ശ്രദ്ധേയമാണ്:

'സ്വന്തം അറിവിന്റെ ഖനിയിൽ നിന്നും അയിര് കുഴിച്ചെടുക്കുക. അനുഭവത്തിന്റെ കൂടം കൊണ്ടടിച്ച് ആ അയിര് ധൂളിയാക്കുക. ആത്മവിശ്വാസത്തിന്റെ ഉലയിൽ അവ ഊതിക്കാച്ചുക. യാഥാർത്ഥ്യ ബോധത്തിന്റെ ചുറ്റിക കൊണ്ട് തട്ടിത്തട്ടി അവയ്ക്ക് തിളക്കം കൂട്ടുക.' ആന്തരികമായ അന്വേഷണവും മനനവും പ്രസംഗത്തിന്റെ രൂപശില്പ നിർമ്മിതിയെ സഹായിക്കുന്നു.

**2. ആശയ സമാഹരണം**

വിഷയം സംബന്ധിച്ച് പ്രസംഗകൻ, സ്വന്തം അനുഭവത്തിലും വിജ്ഞാനത്തിലും തിരിച്ചറിഞ്ഞ കാര്യങ്ങൾ ക്രോഡീകരിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. വാദമുഖങ്ങൾ ശക്തമായി സംക്രമിപ്പിക്കുവാനും സ്വാധീനിപ്പിക്കുവാനും കഴിയുന്ന ഉദാഹരണങ്ങൾ, ഉദ്ധരണികൾ, കഥകൾ, കവിതകൾ, നിർവ്വചനങ്ങൾ, താരതമ്യങ്ങൾ, സ്ഥിതി വിവരങ്ങൾ, സാമൂഹിക വിശകലനങ്ങൾ, ജീവിതാനുഭവങ്ങൾ, നിരീക്ഷണങ്ങൾ തുടങ്ങിയ വിഭവങ്ങൾ സമാഹരിക്കുക. വാദമുഖങ്ങൾ സമർത്ഥിക്കുവാനും സന്ദേശം ശക്തമായി സംവേദിപ്പിക്കുവാനും ഇവ സഹായിക്കും.

പ്രസംഗകൻ ശ്രോതാക്കളെ മനസ്സിലാക്കി വേണം സമാഹരിച്ച വിഭവങ്ങൾ അവതരിപ്പിക്കുവാൻ. ശ്രോതാക്കളുടെ സാമൂഹിക - സാംസ്കാരിക പശ്ചാത്തലം പ്രസംഗകൻ മനസ്സിലാക്കണം. രാഷ്ട്രീയവും മതപരവുമായ അവസ്ഥയും തിരിച്ചറിയണം. ശ്രോതാക്കളുടെ വയസ്സ്,

വിദ്യാഭ്യാസം, സാമൂഹിക സ്ഥിതി എന്നിവയുടെ അനുപാതവും മന സ്സിലാക്കിയിരിക്കണം. ആശയ സമാഹരണത്തിന് മുമ്പേ ഇവയെക്കുറിച്ച് സാമാന്യബോധം ഉണ്ടാകണം.

സാമൂഹിക അപഗ്രഥനവും ജനങ്ങളുടെ ജീവിത സംഘർഷങ്ങളും ഉൾക്കൊണ്ടുള്ള വേദവിശകലന സമ്പ്രദായത്തിനാണ് ഇന്ന് പ്രാധാന്യം നൽകുന്നത്. വേദവാക്യങ്ങൾ ജനങ്ങളുടെ മേൽ ബുദ്ധിപരമായി അടി ച്ചേൽപ്പിക്കുന്നതിനേക്കാൾ അഭികാമ്യം ജനങ്ങളിലുള്ള പ്രശ്നങ്ങൾ പ്രതി സന്ധികൾ, പോരാട്ടങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് അവയ്ക്ക് വേദശാസ്ത്ര വിശകലനം നൽകുകയാണ്. ഇത്തരം സമീപനത്തിൽ ജനങ്ങളുടെ സാന്നിധ്യവും പോരാട്ടവും പ്രസംഗ വിഷയത്തിൽ സമാഹരിക്കുവാൻ കഴിയും. വേദപഠനങ്ങൾക്ക് നൽകുന്ന പുനർവായനയാണ് ഇത്തരം സമീ പനങ്ങൾ. പ്രസംഗത്തിലെ സംവേദനം ശക്തിയും സൗന്ദര്യവും നേട ണമെങ്കിൽ ജനകേന്ദ്രീകൃതമാകണം.

### 3. ആശയ ക്രമീകരണം

പ്രസംഗത്തിന്റെ അവതരണത്തെ ശക്തിപ്പെടുത്തുന്ന ഘടകമാണ് ആശയ ക്രമീകരണം. പ്രസംഗ വിഷയം സുവ്യക്തമായി സംവേദിപ്പി ക്കുവാൻ ഇതു സഹായിക്കുന്നു. ഓരോ പ്രസംഗവും ആദിമദ്ധ്യാന്തങ്ങ ളുള്ള സുന്ദര കലാസൃഷ്ടിയാകണം. പ്രാരംഭം, മദ്ധ്യം, സമാപനം എന്നിവ ബോധപൂർവ്വം ക്രമീകരിക്കുകയും ഇവ തമ്മിലുള്ള അനുപാതം ശരിയായിരിക്കുകയും വേണം. സമയത്തിന്റെ 15% ആമുഖത്തിനും 75% ആശയ വിശകലനത്തിനും 10% സമാപനത്തിനുമായി വേർതിരിക്കാം. പ്രാരംഭവും സമാപനവും ഹ്രസ്വവും ആകർഷകവും ആകണം. പതി നഞ്ചു മിനിട്ടുള്ള പ്രസംഗത്തിൽ ഇവ രണ്ടും കൂടെ അഞ്ചു മിനിട്ടു പോലും അപഹരിക്കരുത്.

**A. ആമുഖം:** പ്രസംഗത്തിന്റെ പ്രാരംഭത്തിൽ ശബ്ദം കുറച്ച് സാവ ധാനമാവുകയാണ് ഉത്തമം. പിന്നീട് ശബ്ദ ക്രമവും വേഗതയും ഉയ ർത്താം. അനുക്രമമായ ശബ്ദ വികാസത്തിന് മാന്ത്രികമായ ശക്തിയുണ്ട്. ആമുഖം സദസ്സിനെ ആകർഷിക്കുവാൻ തക്കവിധം വശ്യമാകണം. ശ്രോതാക്കളുടെ ജിജ്ഞാസ ഉണർത്തണം. ഇത് സംവേദനത്തെ ത്വരി തപ്പെടുത്തും.

ആമുഖം, വിഷയവുമായി ബന്ധപ്പെട്ട ചോദ്യമാകാം, രസകരമായ ഉദ്ധരണിയോ പദ്യശകലമോ ആകാം, ജീവിതത്തെ സാരമായി ബാധി ക്കുന്ന പ്രശ്നങ്ങൾ ഉന്നയിക്കാം, ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം ശ്രദ്ധ യിൽപ്പെടുത്തിയാവാം, പ്രസംഗ വിഷയവുമായി ബന്ധപ്പെട്ട ഒരു വസ്തു പ്രദർശിപ്പിച്ചുകൊണ്ടാവാം, സമീപ പ്രദേശത്ത് നടക്കുന്ന ഒരു സംഭവം

ചൂണ്ടിക്കാണിച്ചുകൊണ്ടാവാം, പ്രസംഗ സ്ഥലവുമായോ സ്ഥാപനവുമായോ ബന്ധമുള്ളത് സൂചിപ്പിച്ചുകൊണ്ടാവാം. പ്രസംഗവുമായി ബന്ധപ്പെട്ട കഥയോ, സംഭവമോ ആകാം. സംവേദന പ്രക്രിയയിൽ ജനങ്ങളെ ആകർ ഷിക്കുന്നതിനായി പ്രസംഗകൻ നിരവധി തന്ത്രങ്ങൾ ബോധപൂർവ്വം സന്നിവേശിപ്പിക്കുന്നു.

**B. ആശയ വിശകലനം:** വിഷയത്തിന്റെ വിശകലനമാണ് പ്രസംഗത്തിന്റെ ജീവൻ. ഓരോ വിചാര മുഖവും അപഗ്രഥിച്ച് ഒന്നൊന്നായി കോർത്തിണക്കി ശക്തമായി സമർത്ഥിച്ച് അവതരിപ്പിക്കുവാൻ കഴിയുന്ന കലയാണിത്. സംവേദനം ഫലപ്രദമാക്കുന്നതിന് വിഷയ വിശകലനം മൂന്നോ നാലോ ഘട്ടം ആയി തരം തിരിക്കാവുന്നതാണ്. പരമാവധി അഞ്ച് ഘട്ടം അഥവാ ഉപവിഭാഗങ്ങൾ മതിയാകും. പ്രസംഗം കഴിയുമ്പോൾ ആശയ വിശകലനത്തിലെ ഈ ഉപവിഭാഗങ്ങൾ ശ്രോതാക്കൾക്ക് ഓർത്തിരിക്കുവാൻ കഴിയണം. അവ കഴിയുന്നത്ര ലളിതമായ പദങ്ങൾ കൊണ്ട് രൂപപ്പെടുത്തുന്നതാകണം. ഇവ വിഷയത്തിന്റെ അന്തസത്തയാവണം.

**C. സമാപനം:** പ്രസംഗത്തിന്റെ സമാപനം ഹൃദ്യമാകണം. മുഖ്യ ആശയങ്ങൾ ആവർത്തിക്കണം. ആശയ ശൃംഖല കൃത്യമായി ഘടിപ്പിച്ച് സന്ദേശം ശക്തമായി സന്നിവേശിപ്പിക്കാം. സമാപനം ഒരു തരത്തിലും വലിച്ചുനീട്ടി അരോചകമാക്കി തീർക്കരുത്. 'നിർത്താറായില്ലേ?' എന്നു തോന്നും മുമ്പ് പ്രസംഗം നിർത്തണം. 'പ്രസംഗം ഇത്ര പെട്ടെന്നു തീർന്നു പോയല്ലോ' എന്ന തോന്നൽ ശ്രോതാക്കളിൽ ജനിപ്പിക്കണം.

സംവേദനം ഒരു പ്രക്രിയയാണ്. അതിനാൽ പ്രസംഗം ഒരിക്കലും അവസാനിക്കുന്നില്ല. സന്ദേശം ശ്രോതാക്കളിൽ അനുസ്യൂതം സംക്രമിക്കും. അതിന്റെ ധ്വനികളും ചലനങ്ങളും ജീവിതത്തിൽ ഉണ്ടാകും. അപ്പോൾ സന്ദേശം ഫലപ്രദമായി ജീവിതത്തിലേക്ക് സംക്രമിച്ചുകൊണ്ടിരിക്കും.

### 4. വിഷയാവതരണം

പ്രസംഗത്തിന്റെ വിജയം അവതരണത്തിലാണ്. എത്ര നല്ല ആശയങ്ങളായാലും അവതരണത്തിൽ പാളിപ്പോകുന്നെങ്കിൽ സംവേദന ശ്രമം വിഫലമാകും. വിഷയാവതരണത്തെ നിയന്ത്രിക്കുന്നത് പ്രധാനമായും ഭാഷയും അവതരണ ശൈലിയുമാണ്. സഭാകമ്പം ഉണ്ടെങ്കിലും അവതരണം പിഴയ്ക്കും. ഇവ പ്രത്യേകം പഠനം അർഹിക്കുന്നവയാണ്.

#### 1. വാമൊഴി ഭാഷ (Verbal Language)

ആശയ സംവേദനത്തിന് ഭാഷ അനിവാര്യമാണ്. ഇത് ദൈവദത്ത

മാണ്. ഒരാളുടെ വിജ്ഞാനം, വിവേകം, സംസ്കാരം, സ്വഭാവം എന്നിവയുടെ നിദർശനമാണ് ഭാഷ. ആചാരഭേദം, ദേശഭേദം, വർഗ്ഗ വ്യത്യാസം, തൊഴിൽ സ്വഭാവം എന്നിവയ്ക്ക് അനുസൃതമായി ഭാഷയിലും പ്രത്യേകതകൾ ഉണ്ടാകും. എന്നാൽ പ്രസംഗകൻ ശുദ്ധ ഭാഷയിൽ സംവേദനം നടത്തുവാൻ കടപ്പെട്ടിരിക്കുന്നു. ആശയ വിനിമയത്തിൽ ഭാഷ വികാരവും വിചാരവും വിവേകവും വിവരവും വിനിമയം ചെയ്യുന്നു.

ക്രൈസ്തവരുടെ പ്രസംഗങ്ങളിൽ ഒരു തരം 'പള്ളിഭാഷ' കടന്നാക്രമിക്കുന്നുണ്ട്. 'കടന്നുവരിക, കേട്ടതായ, കണ്ടതായ, പറഞ്ഞതായ ശൈലികളും കാണുവാൻ സാധിക്കും, കേൾക്കുവാൻ സാധിക്കും എന്ന പ്രയോഗങ്ങളും വളരെയാണ്. വാസ്തവത്തിൽ, അങ്ങനെ, ആയതുകൊണ്ട്, അതായത്, സത്യം പറഞ്ഞാൽ, നിങ്ങൾക്കറിയാം, പ്രിയപ്പെട്ടവരെ' തുടങ്ങിയ പ്രയോഗങ്ങളും അവയിൽ ചിലതാണ്.

അർത്ഥശൂന്യമായ വാക്കുകൾ ആവർത്തിക്കുന്നത് ചില പ്രസംഗകരുടെ ബലഹീനതയാണ്. 'പക്ഷേ, പിന്നെ, എന്നാൽ, എന്തെന്നാൽ, എന്നുവെച്ചാൽ, നിശ്ചയമായും, തീർച്ചയായും, ചുരുക്കിപ്പറഞ്ഞാൽ' തുടങ്ങി എത്രയോ ആവശ്യമില്ലാത്ത വാക്കുകൾ പ്രയോഗിച്ച് ശ്രോതാക്കളെ ബദ്ധപ്പെടുത്തുന്നു. യേശു സംസാരിച്ച വാക്കുകൾ എത്ര ലളിതവും സുന്ദരവുമായിരുന്നു. ആവർത്തന വിരസതയില്ലാത്ത ജീവനുള്ള ലഘു വാക്യങ്ങളായിരുന്നു അത്. യേശുവിന്റെ പ്രസംഗ ശൈലി ഹൃദ്യവും ആകർഷകവുമായിരുന്നു.

ശുദ്ധമായ ഭാഷയിൽ പ്രസംഗിക്കുവാൻ തെറ്റില്ലാത്ത ഭാഷ പഠിക്കണം. ശ്രോതാക്കൾ പ്രസംഗകനെ വിലയിരുത്തുമ്പോൾ ഭാഷാ സ്വാധീനം കൂടി കണക്കിലെടുക്കും. 'ആശയങ്ങൾ വ്യക്തമായി പ്രകടിപ്പിക്കുവാൻ സഹായിക്കുന്ന ലളിത വാക്കുകൾ ഉപയോഗിക്കണം. ഇവ ശ്രോതാക്കൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നതാകണം. ഏറ്റവും ചെറിയ വാക്കുകളും വാചകങ്ങളുമാണ് ശ്രോതാക്കൾക്ക് എളുപ്പം മനസ്സിലാകുന്നത്. പ്രസംഗത്തിലെ ഭാഷ എങ്ങനെ ആയിരിക്കണം? അതിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്.

**a. സദസ്സും സന്ദർഭവും:** പ്രസംഗകൻ സദസ്സും സന്ദർഭവും അറിഞ്ഞ് ഭാഷ ക്രമപ്പെടുത്തണം. സ്ത്രീകൾ, യുവജനങ്ങൾ, കുട്ടികൾ, പുരുഷന്മാർ, ഗ്രാമവാസികൾ, നഗരവാസികൾ, ആദിവാസികൾ – ഇത്തരം വേദികളിലെല്ലാം ഒരേ ഭാഷാ ശൈലി പ്രയോജനപ്രദമല്ല. സദസ്സിനെ തിരിച്ചറിഞ്ഞ് ഭാഷ പ്രയോഗിക്കണം.

നീചഭാഷയും (slang) വർഗ്ഗ ഭാഷയും ഒഴിവാക്കണം. ലുപ്ത പ്രചാരത്തിലുള്ള ശൈലികളും പ്രയോഗങ്ങളും പ്രാചീന പദങ്ങളും പ്രസംഗ

ഭാഷയെ കടന്നാക്രമിക്കരുത്. ഇവ ആവശ്യമുള്ളപ്പോൾ മാത്രം ഉപയോഗിക്കുക. സദസ്സും സന്ദർഭവും പ്രസംഗ ഭാഷയെ നിയന്ത്രിക്കുന്ന ഘടകങ്ങളാകണം.

**b. ഋജുവും സ്വാഭാവികവും:** പ്രസംഗ ഭാഷ ഋജുവാകണം. വളച്ചുകെട്ടുണ്ടാകരുത്. നൈസ്സർഗ്ഗികമായി പ്രവഹിക്കുന്നതാകണം. പദ ദാരിദ്രം അനുഭവപ്പെടരുത്. നിരവധി പ്രാവശ്യം ഒരു പദം ആവർത്തിച്ചാൽ ശ്രോതാക്കൾക്ക് അരോചകമായിരിക്കും. ലളിതം (simple), സങ്കീർണ്ണം (complex), മഹാവാക്യം (compound) എന്നിവ ഒന്നിനു പിറകെ ഒന്നായി പ്രയോഗിച്ചാൽ ശ്രോതാക്കൾ വിഷമിക്കും. ഇവ ഇടകലർത്തിയുള്ള വാചകങ്ങൾ സൃഷ്ടിക്കണം. കട്ടിയുള്ള വാക്കുകളും കടമെടുത്ത ശൈലികളും സങ്കീർണ്ണ വാക്യഘടനകളും ഒഴിവാക്കണം. സാങ്കേതിക ഭാഷ (jargon) കൃത്രിമത്വമുള്ളതായിത്തീരുന്നു.

**c. ഉജ്ജ്വലവും സ്ഫുടവും:** പ്രസംഗകന്റെ ഭാഷ ഉജ്ജ്വലവും സ്ഫുടവും ആകണം. ഉച്ചാരണ സ്ഫുടതയാണ് ഭാഷയെ ഉജ്ജ്വലമാക്കുന്നത്. ഭാഷയുടെ ജീവനാണ് സ്ഫുടമായ ഉച്ചാരണം. പ്രസംഗത്തിൽ ഇതു പലരും പാലിക്കുന്നില്ല. പ്രസംഗകർ ഭാഷാനൈപുണ്യം സ്വായത്തമാക്കണം. ഉച്ചാരണ വൈകല്യം പ്രസംഗത്തിന്റെ സംവേദനത്വം തകർക്കും.

ആശയവും ഭാഷയും കഥയും ഉണ്ടായതു കൊണ്ട് പ്രസംഗം ഉജ്ജ്വലമാകില്ല. നല്ല ഉച്ചാരണത്തോടെ അവതരിപ്പിക്കുവാൻ കഴിയണം. തെറ്റായി ശീലിച്ചെങ്കിൽ തിരുത്തുവാൻ സന്മനസ്സുണ്ടാകണം. വ്യാകരണ തെറ്റു വരാതെ പ്രസംഗിക്കണം.

**d. ഹൃദ്യവും മൂർച്ചയും:** ഹൃദയത്തിലേക്ക് തുളച്ചു കയറുന്ന ഭാഷയാണ് ഉണ്ടാകേണ്ടത്. വാക്കുകൾക്ക് പ്രവാചക ധ്വനി ഉണ്ടാകണം. അപചയം വന്ന ശൈലിയും പ്രയോഗവും (cliche) വലിച്ചെറിയണം. ഭാഷയുടെ ഘടനയും ഏകാഗ്രതയും നഷ്ടപ്പെടരുത്. ദ്വയാർത്ഥ പ്രയോഗങ്ങൾ (Double meanings), ആഭാസശൈലി (vulgarism), ഗ്രാമ്യപദങ്ങൾ (colloquialism), ദേശ്യഭാഷ (Dialect) എന്നിവ പ്രസംഗത്തിലുണ്ടാകരുത്. പദങ്ങളുടെ നീട്ടലുകളും കുറുക്കലുകളും പ്രത്യേക തരം ഈണങ്ങളും ശ്രോതാക്കളിൽ ഹാസ്യം ജനിപ്പിക്കും. നാടിന്റെ എല്ലാ ഭാഗത്തും സാർവ്വത്രികമായിട്ടുള്ള പദങ്ങൾ പ്രസംഗകർ ഉപയോഗിക്കണം. ഇതര ഭാഷാപദങ്ങൾ പ്രയോഗിക്കുമ്പോൾ അവയുടെ ഉച്ചാരണം പ്രത്യേകം ശ്രദ്ധിക്കണം. അർത്ഥവും വ്യക്തമാക്കണം.

**d. ഓജസ്സും തേജസ്സും:** പ്രസംഗകന്റെ ഭാഷയ്ക്ക് ഓജസ്സും തേജസ്സും ഉണ്ടാകണം. പുതുമയും നൈർമ്മല്യവുമുള്ള വാക്കുകളും ശൈലികളും

തേടിപ്പിടിക്കണം. പഴമൊഴി, ആപ്തവാക്യം, രസകരമായ ലഘുവാക്യം, ഫലിതം എന്നിവ ഭാഷയ്ക്ക് ഓജസ്സ് നൽകുവാൻ സഹായിക്കും. പുതുമയുള്ള ഉപമയും ഉൽപ്രേക്ഷയും രൂപകവും ഭാഷയെ ആകർഷകമാക്കും. ആകർഷകമായ അലങ്കാരങ്ങളും ബിംബ സംവിധാനങ്ങളും ഭാഷയ്ക്ക് പ്രത്യേക ചൈതന്യം നൽകും. സാഹിത്യ കൃതികളിൽ നിന്നും തെളിച്ചമുള്ള ശൈലികൾ സ്വായത്തമാക്കുവാൻ കഴിയണം.

വ്യാക്ഷേപ ശബ്ദങ്ങൾ (exclamations), അപശബ്ദങ്ങൾ എന്നിവ ഭാഷയുടെ ഓജസ്സ് നഷ്ടപ്പെടുത്തും. വളച്ചുകെട്ടിയുള്ള വാചകങ്ങളെ 'ഇടിയപ്പം ശൈലി' എന്നാണ് പ്രൊഫ. പന്മന രാമചന്ദ്രൻ വിളിക്കുന്നത്. ഇടിയപ്പത്തിന് ഇഴകൾ അനവധിയുണ്ട്. എന്നാൽ അവ കുരുങ്ങിക്കിടക്കും. ഇഴകളുടെ തുമ്പുകൾ കണ്ടെത്തുക എളുപ്പമല്ല. ഓജസ്സും തേജസ്സും നഷ്ടപ്പെടുത്തുന്ന പ്രസംഗത്തിന്റെ ആദ്യമദ്ധ്യാന്തങ്ങൾ കണ്ടെത്തുക ദുഷ്ക്കരമാണ്.

പ്രസംഗ ഭാഷയിൽ ഘനശൈലികൾ, സാങ്കേതിക പദങ്ങൾ (gargons), അപചയം വന്ന ശൈലി, പഴഞ്ചൻ ഭാഷ, അർത്ഥഭേദങ്ങൾ, ദേശ്യ ഭാഷ (dialect), പുറംതള്ളുന്ന ഭാഷ (exclusive language), പുരുഷാധിപത്യ സ്വഭാവം വെളിപ്പെടുത്തുന്ന വ്യാഖ്യാനശൈലി, ഉച്ചാരണ വൈകല്യം, എന്നിവ വിട്ടുമാറാതെ പിൻതുടരുന്നില്ലേ? പ്രസംഗത്തെ ദൈവിക ശുശ്രൂഷയ്ക്കായി രൂപാന്തരപ്പെടുത്തുന്നതിന് സമഗ്രമായ പഠന മനന സമ്പ്രദായങ്ങൾ ആസൂത്രണം ചെയ്യണം.

### 2. ശരീരഭാഷ (Body language)

പ്രസംഗകന്റെ വ്യക്തിത്വം ശബ്ദരഹിതമായി സംവേദിക്കുന്നതാണ് ശരീരഭാഷ. കൈകളുടെ ചലനം, മുഖഭാവം, തലയനക്കം, ശരീരചലനം എന്നിവ ഇതിലുൾപ്പെടും. അംഗവിക്ഷേപം ഇല്ലാതെ പ്രസംഗം അവതരിപ്പിക്കുവാൻ സാധിക്കുകയില്ല. സ്വഭാവികവും അർത്ഥപൂർണ്ണവുമായ ശരീരഭാഷ ആശയ സംവേദനത്തെ ത്വരിതപ്പെടുത്തും. ഇത് ചിന്തയ്ക്ക് മൂർച്ചയും ശബ്ദത്തിന് വൈവിധ്യവും നൽകും. പ്രസംഗകന്റെ ഭാവ വിനിമയത്തിലൂടെ ആശയ സംവേദനത്തിന്റെ അർത്ഥം കൂടുതൽ വ്യക്തമാകും. പ്രസംഗകനും ശ്രോതാക്കളും തമ്മിലുള്ള ദൃഢമായ ബന്ധം സ്ഥാപിക്കുവാൻ ശരീരഭാഷയ്ക്ക് കഴിയും. വാക്കുകൾക്ക് അതീതമായി ആശയ ഗ്രഹണത്തിന് ശരീര ഭാഷ സഹായിക്കുന്നു. ശരീര ഭാഷ പ്രധാനമായും വെളിപ്പെടുന്നത് മുഖം, കണ്ണുകൾ, കൈകൾ എന്നിവയിലൂടെയാണ്. ഇവ ഫലപ്രദമായി പ്രസംഗം അവതരിപ്പിക്കുമ്പോൾ ഉൾക്കൊള്ളുവാൻ കഴിയണം.

**A. മുഖം:** ഭാവാവിഷ്ക്കാരത്തിന്റെ ശക്തമായ സ്ഥാനം മുഖത്തിനുണ്ട്. ആശയങ്ങളുടെ ശക്തിയും ചൈതന്യവും അനുസരിച്ച് പ്രസംഗകന്റെ മുഖഭാവത്തിന് മാറ്റമുണ്ടാകണം. വിഷയത്തിന്റെ ആഴത്തിലേക്കിറങ്ങുമ്പോൾ മനസ്സിന്റെ സംക്രമണം മുഖഭാവത്തിൽ തെളിയും. പ്രസംഗകന്റെ സത്യസന്ധത, ആത്മാർത്ഥത, വിശ്വാസ്യത എന്നിവ മുഖത്ത് പ്രകാശം പരത്തും. ബോധപൂർവ്വം സൃഷ്ടിക്കുന്ന മുഖത്തെ ഭാവപരിണാമങ്ങൾ ശ്രോതാക്കളിൽ സ്വാധീനം സൃഷ്ടിക്കുകയില്ല. മുഖഭാവം പ്രസന്നമാകുമ്പോൾ സംവേദനത്വം ഊർജ്ജിതമാകും.

**B. കണ്ണുകൾ:** സംവേദനത്തിൽ കണ്ണുകൾ പ്രമുഖ സ്ഥാനം വഹിക്കുന്നു. പ്രസംഗകന്റെ മനസ്സിൽ ഉദ്ദീപിക്കപ്പെടുന്ന വിദ്വേഷം, കാരുണ്യം, പ്രത്യാശ, വാത്സല്യം എന്നിവ കണ്ണുകളിൽ തെളിയും. പ്രസംഗകന് കണ്ണുകളെക്കുറിച്ച് ബോധ്യമുണ്ടാകണം. സദസ്സിനെ മുഴുവനായും കണ്ണുകളിൽ ഉൾക്കൊള്ളിക്കുവാൻ കഴിയണം. സദസ്യരുമായി നിരന്തരവും അവിച്ഛേദിതവുമായ ദൃഷ്ടിബന്ധം (eye contact) ഉണ്ടായിരിക്കണം. സദസ്സിലെ ഓരോ വ്യക്തിയോടുമാണ് പ്രസംഗകൻ സംവേദിക്കുന്നതെന്ന തോന്നൽ സൃഷ്ടിക്കണം. കണ്ണുകൾ ബോധപൂർവ്വം തുറന്നിരിക്കുമ്പോൾ ശ്രോതാക്കളുടെ പ്രതികരണങ്ങൾ (feed back) തിരിച്ചറിയുവാൻ സാധിക്കും.

**C. കൈകൾ:** പ്രസംഗകന്റെ അംഗവിക്ഷേപങ്ങളിൽ കൈകൾക്കുള്ള പങ്ക് വളരെയാണ്. പ്രസംഗത്തിലെ ആശയങ്ങളും വികാരങ്ങളുമാണ് അംഗവിക്ഷേപങ്ങൾക്ക് രൂപം നൽകുന്നത്. ഇതിന്റെ ഏറ്റക്കുറച്ചിലുകൾ സംവേദന പ്രക്രിയയിൽ വ്യത്യസ്ത തലങ്ങൾ സൃഷ്ടിക്കും. അതിരു കടന്നാൽ അനൗചിത്യവുമാകും. സ്വാഭാവികമായ അംഗചലനങ്ങൾ അഭികാമ്യമാണ്. കൈകൾ കൊണ്ടുള്ള അംഗവിക്ഷേപങ്ങൾ ശ്രദ്ധാപൂർവ്വം നിയന്ത്രിക്കുകയും എന്നാൽ നൈസർഗ്ഗികമായി സൃഷ്ടിക്കുകയും ചെയ്യണം.

**3. ശബ്ദക്രമം**

പ്രസംഗകലയിൽ ശബ്ദത്തിന്റെ പ്രാധാന്യം വളരെയാണ്. പ്രസംഗകന്റെ ഹൃദ്യമായ ശബ്ദം സംവേദനത്തെ ഫലപ്രദമാക്കുവാൻ സഹായിക്കും. പ്രസംഗകൻ ശബ്ദസാധന പരിശീലിക്കണം. ശബ്ദ വൈചിത്ര്യത്തോടെ പ്രസംഗിക്കുമ്പോൾ ശ്രോതാക്കളിൽ വിരസത അനുഭവപ്പെടത്തില്ല. ശബ്ദത്തിന്റെ ആരോഹണ അവരോഹണത്തിലും (pitch) നിർത്തിലും (pause) ഊന്നലിലും (stress) വൈവിധ്യം സൃഷ്ടിക്കണം.

ശബ്ദത്തിന്റെ സ്വരവും സ്വഭാവവും നിരന്തരമായ അഭ്യസനത്തിലൂടെ സമാർജ്ജിക്കാം. പ്രസംഗത്തിൽ വീർപ്പുമുട്ടുക, കിതയ്ക്കുക,

അണയ്ക്കുക, വാക്യം പൂർത്തിയാവുന്നതിന് മുമ്പ് വാക്കുകൾ മുറിയുക, അവസാന വാക്കുകൾക്ക് വേഗത വർദ്ധിക്കുക, അവ വിഴുങ്ങുക എന്നിവ ശ്വാസ - ശബ്ദ നിയന്ത്രണങ്ങളുടെ അപര്യാപ്തതയാണ്. പരുഷമായ ശബ്ദം, അവ്യക്തമായ വാക്കുകൾ, കറകറ ശബ്ദം, കൊഞ്ഞയും വിക്കും, ഗതിവേഗം, താളവും ലയവും (Rhythum), സ്വരഘനം (volume) എന്നിവ ശബ്ദ ക്രമത്തെ ബാധിക്കുന്ന തകരാറുകളാണ്. സ്വരചികിത്സാ മാർഗം വഴി സംവേദനം ആകർഷകമാക്കുവാൻ കഴിയും.

**4. സഭാകമ്പം**

പ്രസംഗകനും ശ്രോതാക്കളും തമ്മിലുള്ള ബന്ധത്തിലെ ഏറ്റക്കുറച്ചിലാണ് സഭാകമ്പത്തിന്റെ അടിസ്ഥാനം. ശാരീരികവും മാനസികവും വൈകാരികവുമായ ബന്ധം സൃഷ്ടിക്കുവാൻ പ്രസംഗകന് കഴിയാതെ വരുമ്പോൾ ആത്മവിശ്വാസം നഷ്ടപ്പെട്ട് സഭാ കമ്പത്തിന് അടിമയാകും.

അലക്ഷ്യമായ തയ്യാറെടുപ്പ്, അനാരോഗ്യം, അപകർഷത, ചിത്തക്ഷോഭം (emotionality), അതിസംവേദനക്ഷമത (sensitivity), ആത്മസംഘർഷം (self conflict), അഹംഭാവം (egotism) എന്നിവ സഭാകമ്പത്തിനിടയാക്കുന്നു. നിരന്തരം അഭ്യസനവും ആത്മവിശ്വാസവുമാണ് മുഖ്യ പരിഹാരമാർഗ്ഗങ്ങൾ. നല്ല പരിശീലനവും ശ്രദ്ധാപൂർവ്വമായ അവതരണവും ആത്മവിശ്വാസത്തിലേക്ക് നയിക്കും. ഫലപ്രദമായ മുന്നൊരുക്കവും ദൈവത്തിലുള്ള പ്രത്യാശയും സഭാകമ്പത്തെ അപ്രത്യക്ഷമാക്കും.

**5. പ്രസംഗാവലോകനം**

പ്രസംഗം കഴിഞ്ഞ് പ്രസംഗകൻ സ്വയമായി പ്രസംഗം അവലോകനം ചെയ്യണം. മൂന്നു തരത്തിൽ അവലോകനം ചെയ്യാം. 1. തയ്യാറാക്കിയ പ്രസംഗം. 2. സംവേദനം ചെയ്ത പ്രസംഗം. 3. സംവേദിപ്പിക്കേണ്ടിയിരുന്ന പ്രസംഗം. ഇവയുടെ അടിസ്ഥാനത്തിൽ പ്രസംഗത്തെ സമഗ്രമായി അപഗ്രഥിക്കുന്നു. പ്രസംഗ സംക്ഷിപ്തം, പ്രസംഗ ഉള്ളടക്കം, പ്രസംഗ വിഷയത്തിന്റെ ലക്ഷ്യങ്ങൾ, ശ്രോതാക്കളുടെ സാമൂഹികസ്ഥിതി, പ്രസംഗകൻ, ശ്രോതാക്കളുടെ സ്ഥിതിവിവരങ്ങൾ (demography), പ്രതികരണം (Feed back) എന്നിവ വിശകലനം ചെയ്യുന്നു. ഫലപ്രദമായ നിരീക്ഷണത്തിനും പ്രസംഗ പരിശീലനത്തിനുമായി ഇവ മറ്റുള്ളവരുടെ സഹായത്തോടെയും അവലോകനം ചെയ്യാം. ഓഡിയോ - വീഡിയോ സമ്പ്രദായങ്ങൾ ഉപയോഗിച്ചും പ്രസംഗം അവലോകനം നടത്താം. ഓരോ അവലോകനവും പ്രസംഗകന് പുതിയ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഏറ്റവും കൂടുതൽ പ്രസംഗ വിഷയമാകുന്നത് യേശുക്രിസ്തുവാണ്. ഏറ്റവും കൂടുതൽ പ്രസംഗങ്ങൾ നടക്കുന്നത് സഭകളിലും. ഇന്ന് വിവിധ പ്രസംഗ ശൈലികൾ സഭകളിൽ ശക്തിപ്പെടുന്നുണ്ട്. എന്നാൽ ഇന്നത്തെ പ്രസംഗങ്ങൾ ശ്രോതാക്കളിൽ നിന്നും അകലുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. കേരളത്തിലെ 14 ഭദ്രാസനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ ഗവേഷണ സർവ്വേയിൽ വിശ്വാസികൾ പ്രസംഗത്തോട് പുലർത്തുന്ന സമീപനം വെളിപ്പെടുന്നു. വ്യക്തിജീവിതത്തെ സ്പർശിക്കുന്ന പ്രസംഗങ്ങൾ ഇഷ്ടപ്പെടുന്നത് 66.75% ആളുകളാണ്. വിശ്വാസികളുടെ അനുദിന ജീവിതവുമായി ബന്ധപ്പെട്ട പ്രസംഗങ്ങൾക്ക് പ്രാധാന്യം നല്കുന്ന ശ്രോതാക്കളുടെ എണ്ണം വർദ്ധിക്കുന്നു എന്നർത്ഥം. ഇത്തരം പ്രസംഗങ്ങളിൽ ആകൃഷ്ടരാകുന്നത് 35 മുതൽ 65 വയസു വരെ പ്രായമുള്ള സ്ത്രീ (66%) പുരുഷന്മാരാണ് (34%). സാമൂഹ്യ നീതിയും വിമർശനങ്ങളും ഉൾക്കൊള്ളുന്ന പ്രസംഗങ്ങൾ കേൾക്കാൻ ആർക്കും വലിയ താല്പര്യമില്ല (4.5%). സമകാലിക ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളോട് താല്പര്യം പുലർത്തുന്നവർ 16.75% ഉണ്ട്. വേദശാസ്ത്ര വിശകലനങ്ങളും വ്യാഖ്യാന പഠനങ്ങളും 12% ത്തിനു മതി. വ്യക്തികേന്ദ്രീകൃതമായ പ്രസംഗശൈലിയാണ് ഇന്ന് ശക്തിപ്പെടുന്നത്.

## പ്രസംഗത്തിലെ ഇലക്ട്രോണിക് സംവേദന തന്ത്രങ്ങൾ

ടെലിവിഷൻ, കേബിൾ ചാനൽ, റേഡിയോ, ഓഡിയോ - വീഡിയോ കാസറ്റുകൾ, ഇന്റർനെറ്റ് - സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള ഓൺലൈൻ പ്രസംഗങ്ങൾ എന്നിവ ശക്തിപ്പെട്ടു. ലഭ്യമാകുന്ന എല്ലാ സാങ്കേതികതയും പ്രസംഗത്തിന്റെ ഫലപ്രദമായ സംവേദനത്തിനായി ഉപയോഗിക്കുന്നു. എന്നാൽ സാങ്കേതികതയുടെ അമിതമായ തന്ത്രങ്ങളും സ്വാധീനവും സംവേദന ക്രമത്തെ വികലവും വിചിത്രവുമാക്കാറുണ്ട്. കരിസ്മാറ്റിക്ക് നവീകരണ പ്രസംഗങ്ങളിൽ സാങ്കേതികതയാണ് സംവേദനത്തെ നിയന്ത്രിക്കുന്നതും ശക്തിപ്പെടുത്തുന്നതും. ഇത് സാങ്കേതികമായി സൃഷ്ടിക്കപ്പെടുന്നതാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അത് മുഖ്യമായും ശബ്ദ - സംഗീത സംവിധാനങ്ങളുടെ ബോധപൂർവ്വമായ സമന്വയമാണ്.

കരിസ്മാറ്റിക്ക് കൂട്ടായ്മകൾ സൃഷ്ടിക്കുന്നത് ശബ്ദ വിപ്ലവമാണ്. ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ ശബ്ദം ക്രമീകരിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നു. സാദാ ആംപ്ലിഫിയറും ഹോണുകളും പുത്തൻ സാങ്കേതികതയ്ക്ക് വഴിമാറി. ശബ്ദത്തിന് പ്രത്യേക ധ്വനികളും മുഴക്കങ്ങളും സൃഷ്ടിക്കുന്നതിനായി ശക്തി കൂടിയ ആംപ്ലിഫിയറുകളും സാങ്കേതിക സാമഗ്രികളും ഉപയോഗിക്കുന്നു. മിക്സർ (Mixer), ഡിലേ

(Delay), സംവിധാനങ്ങളും ത്രീവേ സൗണ്ട് സിസ്റ്റവും (Three way sound system) ശബ്ദ സംവിധാനങ്ങളിൽ മുഖ്യസ്ഥാനം വഹിക്കുന്നു. ഇവിടെ 5000 മുതൽ 10,000 വോൾട്ട് വരെ ശക്തിയുള്ള സാങ്കേതിക സംവിധാനങ്ങളും ഉപയോഗിക്കുന്നു.

ശബ്ദം പുറപ്പെടുവിക്കുന്ന ഹോണുകൾക്കു പകരം ബോക്സുകൾ സ്ഥാനം പിടിച്ചു. ഒരു കൺവൻഷന് 30-50 ബോക്സുകളാണ് ക്രമീകരിക്കുന്നത്. ശ്രോതാക്കളുടെ സമീപത്തായി ഇവ സജ്ജീകരിക്കുന്നു. ഇതിന് ഉയർന്ന ഫ്രീക്വൻസി (Frequency) ആയതിനാൽ ശബ്ദ വീചികളെ ദൂരെ തള്ളിവിടുന്നു. എന്നാൽ ബോക്സുകളിൽ നിന്നുള്ള ശബ്ദം ശ്രവണസുഖം പകരുന്നതാണ്. ബോക്സുകൾ ശബ്ദം ദൂരെ തള്ളി വിടാത്തതിനാൽ (Low frequency) ഹൃദ്യത ലഭിക്കുന്നു. പ്രസംഗ ശബ്ദം മിക്സർ, ഡിലേ എന്നീ സാങ്കേതികതകളിൽ കയറിയിറങ്ങി പ്രത്യേക മുഴക്കത്തിൽ പ്രവഹിക്കുന്നു. ഇവ വലിയ മാറ്റൊലിയായി (Echo) പ്രതിഫലിക്കുമ്പോൾ മറ്റെല്ലാ ശബ്ദങ്ങളെയും നിഷ്പ്രഭമാക്കുന്നു. മനുഷ്യന് ഉൾക്കൊള്ളുവാൻ കഴിയാത്ത ശബ്ദപ്രവാഹം ശ്രോതാക്കളിൽ അലൗകിക അനുഭൂതി പകരുന്നു. സാങ്കേതികമായി സൃഷ്ടിക്കുന്ന ഇത്തരം അദ്ധ്യാത്മികത, ശബ്ദോർജ്ജത്തിന്റേതാണ് (sound Energy). ചില കൺവൻഷനുകളിൽ നാല്പതിനായിരം മുതൽ എഴുപതിനായിരം വോൾട്ട് വരെയുള്ള ശബ്ദം പ്രവഹിക്കുന്നു.

പോപ്പ് സംഗീതജ്ഞർ നടത്തുന്ന 'സംഗീത സ്ഫോടന'ങ്ങളിൽ എഴുപതിനായിരവും എൺപതിനായിരവും വോൾട്ട് ശബ്ദമാണുള്ളത്. ബോക്സുകളിൽ കൂടി എത്തുന്ന ഈ ശബ്ദം മനുഷ്യ മനസ്സുകളിൽ സൃഷ്ടിക്കുന്നത് അനുഭൂതികളുടെ വേലിയേറ്റമാണ്. അപ്പോൾ പരിസരം മറന്ന് ഡാൻസ് ചെയ്യും. ഈ സാങ്കേതികതയാണ് കരിസ്മാറ്റിക്ക് ആദ്ധ്യാത്മികതയിലും. രണ്ടിടത്തും കൃത്യമായ ശബ്ദ സംവിധാനമാണ് മുഖ്യം. ആദ്ധ്യാത്മിക പ്രഭാഷണങ്ങളിൽ ആധുനിക സാങ്കേതികത സൃഷ്ടിക്കുന്ന കൃത്രിമത്വം തിരിച്ചറിയണം.

### പ്രസംഗം: പുതിയ സമീപനങ്ങൾ

പരമ്പരാഗതമായി പ്രസംഗം ആത്മഭാഷണമാണ് (monologue). പ്രസംഗകൻ പറയുന്നത് ശ്രോതാക്കൾ ശ്രവിക്കുന്നു. പ്രസംഗ കലയിൽ ശ്രോതാക്കൾക്കും പ്രാധാന്യം ലഭിക്കുന്ന സംവാദപരമായ (dialogue sermon) പ്രസംഗം, നാടകീയ അവതരണമുള്ള പ്രസംഗം, കത്തു രൂപത്തിലുള്ള പ്രസംഗം, ഉപമാപ്രസംഗം, കഥകൾ, ലഘുനാടകങ്ങൾ, ഗദ്യകവിത, പത്രറിപ്പോർട്ടുകൾ, കഥാഖ്യാനം തുടങ്ങിയ രൂപത്തിലുള്ള പ്രസംഗങ്ങൾ എന്നിവ പരീക്ഷണാർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്.

ഭാരതീയ പശ്ചാത്തലത്തിൽ പ്രസംഗത്തിന് പകരം നിലനിന്നിരുന്ന കലാരൂപങ്ങളെയും പ്രസംഗത്തിൽ പുനഃസംവിധാനം ചെയ്യുന്നുണ്ട്. യോഹ. 14.6, അപ്പോ. 4:12 തുടങ്ങിയ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഇതര വിശ്വാസങ്ങളെ പുറന്തള്ളുന്ന സമീപനം (Exclusive Position) പ്രസംഗത്തിൽ പ്രോത്സാഹിപ്പിക്കുന്നില്ല. പകരം എല്ലാ മതങ്ങളിലും സംസ്കാരങ്ങളിലുമുള്ള നല്ല മൂല്യങ്ങളെ ഉൾക്കൊള്ളുന്ന (Inclusive Position) സമീപനവും ഇതര മതങ്ങളിലെയും സംസ്കാരങ്ങളിലെയും സത്യങ്ങളോടും മൂല്യങ്ങളോടുമുള്ള ബഹുലമായ സമീപനവും (Pluralistic Position) ഇന്ന് എക്യുമെനിക്കൽ വേദപഠനത്തിലും പ്രസംഗത്തിലും മുൻഗണന നൽകി പഠിപ്പിക്കുന്നു.

**ഉപസംഹാരം**

ആധുനിക ഇലക്ട്രോണിക് സങ്കേതങ്ങൾ സംവേദന രംഗത്ത് വളരെ ശക്തിപ്പെട്ടെങ്കിലും ഇന്നും പ്രസംഗം ഫലപ്രദവും സ്വാധീനവത്തുമായ സംവേദന രൂപമാണ്. സാമൂഹിക - രാഷ്ട്രീയ മത ജീവിതത്തിൽ പ്രസംഗത്തിന്റെ സ്ഥാനം അദ്വിതീയമാണ്. അവ ദൈവികമായി വിശുദ്ധിയിലും സാമൂഹിക പ്രതിബദ്ധതയിലും നീതിബോധത്തിലും പ്രവാചക ദർശനത്തോടെ അവതരിപ്പിക്കുവാൻ നിരന്തരമായ പരിശീലനവും ആത്മീയ പക്വതയും അനിവാര്യമാണ്.

❑

### പാഠം 3

# സംവേദനവും വിദ്യാഭ്യാസവും

❑ സംവേദന പ്രവണതകൾ ❑ വിവര സാങ്കേതിക വാഗ്ദാനങ്ങൾ ❑ വിവര സാങ്കേതികയുടെ ആശങ്കകൾ ❑ സംവേദനവും ക്രിസ്തീയ വിദ്യാഭ്യാസവും ❑ സംവേദനവും വേദശാസ്ത്ര പഠനവും.

"അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും ജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് ഞങ്ങളെ നയിക്കണമേ" എന്ന് പ്രാർത്ഥിക്കുന്ന സംസ്കാരമാണ് ഭാരതത്തിന്റേത്. അജ്ഞതയുടെ അന്ധകാരത്തെ ഇപ്പോൾ പ്രകാശമാക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്നത് പുത്തൻ സംവേദന സമ്പ്രദായങ്ങളാണ്. വിവര സാങ്കേതികവിദ്യ വിദ്യാഭ്യാസ സമ്പ്രദായത്തെ സമഗ്രമായി ഉടച്ചുവാർക്കുകയാണ്. പരമ്പരാഗതമായ വിദ്യാഭ്യാസ നയങ്ങളും രീതികളും കമ്പ്യൂട്ടർ - ഇന്റർനെറ്റ് തുടങ്ങിയ സാങ്കേതികവിദ്യ തകിടം മറിച്ചു. അദ്ധ്യാപകനും സ്കൂളുമില്ലാത്ത, ഇംപോസിഷനും ശിക്ഷയുമില്ലാത്ത പഠനം നിലവിൽ വന്നു. അതാണ് ഇ.-ലേണിംഗ് (Electronic learning). ഒരു അദ്ധ്യാപകന് ലക്ഷക്കണക്കിന് ആളുകളെ ഒരേ സമയം പഠിപ്പിക്കാം. ഈ അദ്ധ്യാപകൻ ഇന്റർനെറ്റുമായി ബന്ധിപ്പിച്ചുള്ള കമ്പ്യൂട്ടറാണ്. വിദ്യാഭ്യാസരംഗത്ത് കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവ പ്രമുഖ സ്ഥാനം നേടിക്കഴിഞ്ഞു.

ആഗോള കമ്പ്യൂട്ടർ ശൃംഖലകൾ വിജ്ഞാന വ്യാപനത്തിന് പ്രകാശവേഗത സൃഷ്ടിച്ചു. വിദ്യാഭ്യാസത്തിന്റെ മുഖ്യധർമ്മം വിവര വിനിമയത്തിന്റെ ഒഴുക്കായി (information flow) രൂപപ്പെട്ടു. വിവരം ശേഖരിച്ച് വിശകലനം ചെയ്ത് ഏകോപിപ്പിക്കുന്നതിനും തരംതിരിച്ച് വിതരണം ചെയ്യുന്നതിനുമുള്ള വിസ്മയ ശേഷിയാണ് വിവര വിനിമയത്തിനുള്ളത്. അതിബൃഹത്തായ അളവിലും അതിവേഗത്തിലും വിവര വിനിമയ പ്രക്രിയ നടത്തുവാൻ കഴിയും എന്നതാണ് പ്രത്യേകത.

പുത്തൻ സംവേദന ക്രമങ്ങൾ വിദ്യാഭ്യാസത്തെ എങ്ങനെ സ്വാധീനിക്കുന്നു. ക്രിസ്തീയ വിദ്യാഭ്യാസത്തിലും ദൈവശാസ്ത്ര പഠന സമ്പ്രദായങ്ങളിലും വിവര സാങ്കേതികവിദ്യ സൃഷ്ടിക്കുന്ന വെല്ലുവിളികളും സാധ്യതകളും എന്തെല്ലാമാണ്. ഇവ ഗൗരവപൂർവ്വം വിശകലനം ചെയ്യേണ്ടതാണ്.

## വിദ്യാഭ്യാസത്തിലെ പുത്തൻ സംവേദന പ്രവണതകൾ

അദ്ധ്യാപക - വിദ്യാർത്ഥി ബന്ധമാണ് വിദ്യാഭ്യാസത്തിലെ സംവേദനത്തിന്റെ അടിസ്ഥാനം. വിദ്യയുടെ അനുസ്യൂതമായ കൊടുക്കൽ

വാങ്ങലാണ് പരമ്പരാഗത വിദ്യാഭ്യാസം. ഇവിടെ അദ്ധ്യാപകന് മുഖ്യ പങ്കുണ്ട്. അദ്ധ്യാപകന്റെ വിവേചനാധികാരം, പാണ്ഡിത്യം, ഭാവ വിനിമയ ശേഷി, സംവേദന പാടവം, ആത്മാർത്ഥത, സ്വാഭാവ മഹിമ എന്നിവയാണ് അധ്യയന നിലവാരത്തെ നിർണ്ണയിക്കുന്നത്. ഇപ്പോൾ അദ്ധ്യാപകരിൽ കേന്ദ്രീകൃതമായ വിദ്യാഭ്യാസം കമ്പ്യൂട്ടറുകൾ ഏറ്റെടുത്തിരിക്കുകയാണ്. അറിവിന്റെ വിനിമയം വർണ്ണ, ദൃശ്യ, ശബ്ദ സംവിധാനങ്ങൾ സമന്വയിപ്പിച്ച് ഏറ്റവും ഫലപ്രദവും ആകർഷകവുമായി അവതരിപ്പിക്കുകയാണ്. പഠന പ്രക്രിയയിൽ ശബ്ദ – ദൃശ്യങ്ങൾ ഏകോപിപ്പിക്കുന്നതിനാൽ വിദ്യാഭ്യാസം രസകരമായ അനുഭവമാകുന്നു.

പുത്തൻ വിദ്യാഭ്യാസ സംവേദന പ്രക്രിയയിൽ ഏതു വിഷയത്തെക്കുറിച്ചുള്ള അറിവും ഞൊടിയിടയിൽ നൽകുവാനുള്ള കമ്പ്യൂട്ടറുകളുടെ കഴിവ് വിവര വിനിമയത്തിൽ ലഭ്യമാകുന്നു. വിവര വിജ്ഞാനങ്ങൾ സംഭരിച്ചിരിക്കുന്ന കമ്പ്യൂട്ടർ ശൃംഖലയായ ഇന്റർനെറ്റ് സർവ്വ വിജ്ഞാന ഭണ്ഡാരമാണ്. പഠന പരീക്ഷണങ്ങൾ ആവർത്തിക്കുവാനും പകർപ്പെടുക്കുവാനും അവസരം ലഭിക്കുന്നു. വിജ്ഞാന വിനിമയത്തിന്റെ അതിവേഗത, വിജ്ഞാന മേഖലകളുടെ വ്യാപ്തി, വിജ്ഞാനത്തിന്റെ ആഗോളതല സാധ്യതകൾ എന്നിവ ഇന്റർനെറ്റ് പ്രദാനം ചെയ്യുന്നു. ഇന്റർനെറ്റിലെ സേർച്ച് എൻജിനുകൾ ആവശ്യമുള്ള ഏതു വിവരങ്ങളും നിമിഷങ്ങൾക്കുള്ളിൽ മുങ്ങി എടുത്തുതരും. ഗൂഗിൾ, ആൾട്ടാ, വിസ്റ്റാ, യാഹൂ, ഹോട്ട് ബ്യൂട്ട്, ലൈക്കോസ്, ഇൻഫോ സീക്ക് തുടങ്ങിയ നിരവധി സേർച്ച് എൻജിനുകൾ സുലഭമാണ്. ആവശ്യമുള്ള വിവരങ്ങൾ ആവശ്യമുള്ള രീതിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഇവ തിരഞ്ഞെടുത്ത് നൽകും. അതിനാൽ വിവര വിജ്ഞാന വിനോദങ്ങൾ ഒരുപോലെ ദർശിക്കാവുന്ന ഇന്റർനെറ്റ് വിദ്യാഭ്യാസത്തെ പുതിയ തലത്തിലെത്തിച്ചു. ഇതിനെ വിജ്ഞാന യുഗമെന്ന് വിശേഷിപ്പിക്കുന്നു. ഇവിടെ വിജ്ഞാനമാണ് ശക്തി. മാധ്യമമാണ് അധികാരം. അതായത് മാധ്യമം അറിവും അധികാരവും ആയിത്തീരുന്നു (Media: knowledge and power). ഇതിൽ പങ്കുചേരാത്തവർ ജ്ഞാനത്തിന്റെയും അധികാരത്തിന്റെയും പുറത്തായിത്തീരുന്നു.

### വിവര സാങ്കേതിക വാഗ്ദാനങ്ങൾ

വിദ്യാഭ്യാസ രംഗത്ത് വിവര സാങ്കേതികത ഉപയോഗിച്ചുള്ള നിരവധി പഠന സമ്പ്രദായങ്ങളുണ്ട്. ഇവ വികസിത രാജ്യങ്ങളിലെ വിദ്യാലയങ്ങളിൽ നൂറു ശതമാനവും ആവിഷ്ക്കരിച്ചപ്പോൾ അവികസിത രാജ്യങ്ങളിൽ അവ വേണ്ടത്ര ഉപയോഗിക്കുവാൻ കഴിയുന്നില്ല. വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചത് വികസിത രാജ്യങ്ങളിലാണ്. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സഹായത്തോടെ

പഠിക്കുവാനും വീട്ടിലിരുന്ന് പരീക്ഷ എഴുതുവാനും സാധിക്കുന്നു. ഓൺലൈൻ പരീക്ഷകൾ (Online Exams) സർവ്വത്ര പ്രചാരത്തിലായിട്ടുണ്ട്.

പഠന പ്രക്രിയയ്ക്ക് റേഡിയോ, ടെലിവിഷൻ, ഓഡിയോ, വീഡിയോ കാസറ്റുകൾ, വീഡിയോ ഡിസ്ക്ക്, വീഡിയോ ടെക്സ്റ്റ്, കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ സംവിധാനങ്ങളും ഉണ്ട്. ഇവിടെ വിദ്യാഭ്യാസ പാഠ്യക്രമങ്ങൾ അനുസരിച്ചുള്ള തത്സമയ പ്രക്ഷേപണങ്ങളും (Live Broadcast), പരീക്ഷകളും (Online Examinations) നടത്തുന്നു. യു ട്യൂബ് ചാനലുകളിൽ നിരവധി വീഡിയോകൾ വിവിധ പാഠ്യപദ്ധതികൾ കേന്ദ്രീകരിച്ച് ക്രമീകരിച്ചിട്ടുണ്ട്.

വിദൂര വിദ്യാഭ്യാസത്തിലൂടെ ലോകത്തിലെ ഏതു കോളജിലും പഠനം നടത്തുവാനുള്ള സാധ്യതകളും ലഭ്യമായി. ഇതോടെ പരമ്പരാഗത രീതിയിലുള്ള അദ്ധ്യാപക കേന്ദ്രീകൃത പഠന സമ്പ്രദായം, വിദ്യാർത്ഥി കേന്ദ്രീകൃതമായ രീതിക്ക് വഴിമാറിക്കൊടുത്തു. ഇവിടെ അദ്ധ്യാപകൻ ഒരു വഴികാട്ടി മാത്രമാകുന്നു. വിദ്യാഭ്യാസ രംഗത്ത് വിവര സാങ്കേതികത നൽകുന്ന വാഗ്ദാനങ്ങളും സാധ്യതകളും പ്രത്യേകം പഠനം അർഹിക്കുന്നു.

### 1. ഫലപ്രദമായ അദ്ധ്യാപനം

പഠന - പരീക്ഷണങ്ങൾ നിരവധി തവണ ആവർത്തിക്കാം. അധ്യാപനം ആയാസ രഹിതവും ഫലപ്രദവുമാകുന്നു. ഉദാഹരണത്തിന് തവളയെ കീറിമുറിച്ച് പഠിക്കുവാൻ ഭയമുള്ള വിദ്യാർത്ഥിക്ക് കമ്പ്യൂട്ടറിൽ കൃത്രിമ തവളയെ സൃഷ്ടിച്ച് നിർഭയമായി കീറിമുറിക്കാം. കമ്പ്യൂട്ടർ കല്പിത (simulated) തവളയിൽ പരീക്ഷണ കീറലിലെ (Disection) ഓരോ പ്രവൃത്തിയും ആവർത്തിച്ചു പഠിക്കാം. അദ്ധ്യാപകന്റെ വാചകങ്ങൾക്കും ഭാവവിനിമയങ്ങൾക്കും ഉപരിയായി ഫലപ്രദമായി പാഠങ്ങൾ പഠിപ്പിക്കുവാൻ മൾട്ടി മീഡിയായ്ക്കു കഴിയും.

### 2. ശക്തമായ പരസ്പര വിനിമയം

ലോകത്തിന്റെ ഏതു സ്ഥലത്തിരുന്നും പരസ്പരം വിനിമയം ചെയ്യുവാനും പഠിക്കുവാനും കമ്പ്യൂട്ടറുകൾ സഹായിക്കുന്നു. ഇത് സ്ഥല - കാല - സംസ്കാരങ്ങളുടെ അതിരുകൾ ലംഘിച്ചുള്ള വിനിമയ സമ്പ്രദായമാണ്. ഇന്റർനെറ്റ് ചാറ്റ് റൂമുകൾ (Internet chat rooms) വഴി ഏതു പ്രായത്തിലുള്ളവർക്കും ഏതു സ്ഥലത്തിരുന്നു കൊണ്ടും പരസ്പരം ചോദിച്ചു പഠിക്കുവാൻ കഴിയുന്നു. പ്രത്യേക സിലബസിന്റെ ചട്ടക്കൂട്ടിൽ നിന്നും പുറത്തു വന്ന് താല്പര്യമുള്ള വിഷയങ്ങൾ സൗകര്യാർത്ഥം അഭ്യസിക്കാം.

### 3. അറിവിന്റെ സ്വതന്ത്രമായ ഒഴുക്ക്

അറിവും വിജ്ഞാനവും സ്വതന്ത്രമായി ലോക അതിരുകൾ ഭേദിച്ച് ഒഴുകുകയാണ്. ആർക്കും ഞൊടിയിടയിൽ ഏതു തരം വിജ്ഞാനവും അറിവും സ്വന്തമാക്കാം. ഏത് വിഷയത്തെക്കുറിച്ച് അന്വേഷിച്ചാലും അതിനെക്കുറിച്ച് ലോകത്ത് ലഭ്യമാകാവുന്ന മുഴുവൻ വിഭവങ്ങളും നിമിഷങ്ങൾക്കുള്ളിൽ കമ്പ്യൂട്ടർ സ്ക്രീനിൽ തെളിയിക്കുവാൻ കഴിയുന്നു. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഇന്റർനെറ്റിൽ സൗജന്യമായും വില നൽകിയും ഇവ സ്വന്തമാക്കുവാൻ കഴിയും. അറിവ് ഏവർക്കും ഏതു സമയവും (24 X 7) പകരുക എന്നതാണ് ലക്ഷ്യം.

### 4. ഗൃഹപഠന സംവിധാനം

വിദ്യാഭ്യാസം വീട്ടിലിരുന്ന് നടത്തുവാൻ കഴിയുന്നു. ഇതിന് വിദ്യാഭ്യാസ സോഫ്ട്‌വേറുകളുടെയും ഇന്റർനെറ്റിന്റെയും സഹായം ഉണ്ടാകണം. വീട്ടിലിരുത്തി മക്കളെ പഠിപ്പിക്കുവാനും സ്വയം പഠിക്കുവാനും ഇവ അവസരം സൃഷ്ടിക്കുന്നു. ഇതിനായി നിരവധി ജാലികകളുണ്ട് (Website). സ്കൂളുകളിലെ സാംസ്കാരിക അധഃപതനങ്ങളിൽ നിന്നും സ്വഭാവ വൈകൃതങ്ങളിൽ നിന്നും മക്കളെ രക്ഷിക്കുവാനായി 'ഹോം സ്കൂളിങ്ങ്' സമ്പ്രദായം വികസിത രാജ്യങ്ങളിൽ ശക്തമായി.

### 5. ഭവനങ്ങളിലെ ആഗോള ഗ്രന്ഥപ്പുര

ആഗോളതലത്തിൽ അറിവ് സഞ്ചരിക്കുന്നു. അറിവിന്റെ രാജപാത (Information Super High Way) ലോകത്തിന്റെ ഏതു സ്ഥലത്തുമുള്ള ഗ്രന്ഥപ്പുരയിൽ നിന്നും വിജ്ഞാന വിശകലനങ്ങൾ ഭവനങ്ങളിലേക്ക് എത്തിക്കുന്നു. ലോകത്തുള്ള ഏതു ലൈബ്രറിയുമായും ബന്ധപ്പെടാം. വീട്ടിലിരുന്ന് കമ്പ്യൂട്ടറിൽ കൂടി വെബ്സൈറ്റുകളിൽ നിന്നും പുസ്തകങ്ങളും ലേഖനങ്ങളും പ്രഭാഷണങ്ങളും ദൃശ്യങ്ങളും ഡിസ്കിലേക്ക് പകർത്താം.

വാർത്താ വിവര വിനിമയത്തിന്റെ നിർണ്ണായക ഉപാധിയായിരുന്ന ടെലിവിഷന്റെ ആധിപത്യം തകർക്കുന്നത് വിവര സാങ്കേതിക വിദ്യ ഉൾക്കൊള്ളുന്ന കമ്പ്യൂട്ടറുകളാണ്. ഇവ വിദ്യാഭ്യാസ രംഗത്തും നൂതനങ്ങളായ പരിവർത്തനങ്ങൾ സൃഷ്ടിക്കുന്നു. ഇപ്പോൾ കമ്പ്യൂട്ടറും ടെലിവിഷനും സംയോജിപ്പിച്ചുള്ള (Web - Television) സംവേദന സംവിധാനം വിദ്യാഭ്യാസ രംഗത്ത് വളരെ ശ്രദ്ധിക്കപ്പെട്ടു. അതായത് ടെലിവിഷൻ പരിപാടികൾ കാണാവുന്ന കമ്പ്യൂട്ടറും ഇന്റർനെറ്റ് ബ്രൗസ് ചെയ്യാൻ കഴിയുന്ന ടെലിവിഷനും യാഥാർത്ഥ്യമായിക്കഴിഞ്ഞു. അതിവേഗതയിലുള്ള വിവര വിനിമയവും സൗകര്യപ്രദമായി കൊണ്ടുനടക്കാവുന്ന

കമ്പ്യൂട്ടറുകളും സമൂഹത്തിൽ അതിവേഗം സ്ഥാനം പിടിച്ചു. സ്മാർട്ട് ഫോണുകൾ വഴി ഇന്റർനെറ്റിന്റെ സഹായത്തോടെ ലഭ്യമാകുന്ന വിജ്ഞാന വിനോദ വിഭവങ്ങൾക്ക് അനന്ത സാധ്യതയാണ്. വിദ്യാഭ്യാസ രംഗത്ത് ഇവ സൃഷ്ടിക്കുന്ന മാറ്റങ്ങൾ വ്യാപകമാണ്.

## വിവര സാങ്കേതികതയുടെ ആശങ്കകൾ

വിദ്യാഭ്യാസ രംഗത്ത് അപാര സാധ്യതകളുള്ള കമ്പ്യൂട്ടർ സാങ്കേതികത നിരവധി ആശങ്കകൾ ഉയർത്തുന്നു. വിദ്യാഭ്യാസം കമ്പോളമായി തീരുന്നതും കമ്പോളത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നതു പോലെ വിദ്യാഭ്യാസ മേഖലയിലും അറിവും വിവരവും വിറ്റഴിക്കപ്പെടുന്നു. മനുഷ്യബന്ധങ്ങളുടെ സ്ഥാനത്ത് ടെക്നോളജി കടന്നു കയറുകയാണ്. ജീവിക്കുന്ന സാമൂഹിക - സാംസ്കാരിക - ചുറ്റുപാടുകൾ വിസ്മരിച്ചുള്ള പഠന സംവിധാനമായിത്തീരുന്നു വിദ്യാഭ്യാസം.

എന്നാൽ ഇന്റർനെറ്റിൽ കൂടിയുള്ള വിജ്ഞാന വിപ്ലവം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സർക്കാരിന്റെ നിലനിൽപ്പു മുതൽ കുടുംബ സ്വകാര്യത വരെ അപകടത്തിലാക്കുവാൻ ഇതിനു ശക്തിയുണ്ട്. വ്യാജ ജാലികകളുടെ കടന്നു കയറ്റത്താൽ വിജ്ഞാന സ്രോതസ്സുകളുടെ സങ്കേതങ്ങൾ തിരിച്ചറിയുക ദുഃഷ്ക്കരമാണ്. മാധ്യമ ഫോർമാറ്റുകൾ അനുദിനം മാറിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യ മൂല്യങ്ങൾക്കനുസൃതമായ വിവര സാങ്കേതികത സാമൂഹിക - മത ജീവിതത്തിൽ വരുത്തുന്നത് നിരവധി പ്രശ്നങ്ങളാണ്.

1. ഇന്റർനെറ്റിന് അടിമകളാകുന്ന (addiction) യുവതലമുറ ബാഹ്യ ലോകവുമായി ബന്ധമറ്റ് മൗനത്തിലേക്കും സ്വകാര്യ ലോകത്തേക്കും ഉൾവലിയുന്നു.

2. ഇന്റർനെറ്റ് ജാലികകളിലേക്കുള്ള (website) അതിശീഘ്ര പ്രയാണത്തിൽ പുത്തൻ തലമുറ, സാമൂഹിക ബന്ധങ്ങൾ വിസ്മരിച്ച് അണു പ്രേക്ഷകരായിത്തീരുന്നു (atomised audience).

3. ഇലക്ട്രോണിക് കുറ്റകൃത്യങ്ങൾ, അശ്ലീല സാഹിത്യ പ്രകാശനം (Cyber Sex), ബൗദ്ധിക സ്വത്തവകാശ പ്രശ്നങ്ങൾ (Intellectual Property right), പകർപ്പവകാശ ലംഘനങ്ങൾ (Copy Right) എന്നിവയിൽ ഇന്റർനെറ്റ് വിവാദങ്ങൾ നിരവധിയാണ്.

4. ആണവ - താര യുദ്ധങ്ങൾക്ക് പകരം വിജ്ഞാന യുദ്ധം ഇന്റർനെറ്റ് വഴി (Cyber War) അരങ്ങേറുന്നു. ശത്രുരാജ്യങ്ങളിലെ കമ്പ്യൂട്ടർ വിവരങ്ങൾ നശിപ്പിച്ച് പ്രവർത്തനങ്ങൾ ശിഥിലീകരിക്കുന്ന വൈറസും (Virus) കമ്പ്യൂട്ടർ പ്രോഗ്രാമിൽ തെറ്റുകൾ വരുത്തുന്ന ബഗ്ഗുകളും (Bug) കടത്തിവിടുന്ന കമ്പ്യൂട്ടർ വിദഗ്ധരുമാണ് പുതിയ യുദ്ധമുറയിലെ യോദ്ധാക്കൾ.

5. ഇന്റർനെറ്റിൽ ഇംഗ്ലീഷ് ആധിപത്യം നേടിയത് വിവര സാങ്കേതിക രംഗത്ത് പാശ്ചാത്യ സാമ്രാജ്യത്വം വിളിച്ചറിയിക്കുന്നു. ഇന്റർനെറ്റിലെ 90 ശതമാനം വിവരങ്ങളും ഇംഗ്ലീഷിലാണ്. ഇപ്പോൾ പ്രാദേശിക ഭാഷ കളിലും വിഭവങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും ഇംഗ്ലീഷ് അറിയാത്തവർ ഇന്റർനെറ്റ് യുഗത്തിൽ പുറന്തള്ളപ്പെടും.

6. ഇന്റർനെറ്റ് വിജ്ഞാനം ജനങ്ങളുടെ സർഗ്ഗശക്തിയും വിവേചനാ പാടവവും നിർജ്ജീവമാക്കും കമ്പ്യൂട്ടറിന്റെ സഹായത്താൽ സൃഷ്ടി ക്കുന്ന നിർമ്മിത ബുദ്ധി (Artificial Intelligence) മനുഷ്യസമൂഹത്തെ നിഷ് ക്രിയമാക്കും. അതിനാൽ ഇന്റർനെറ്റ് വിജ്ഞാനം അരാജകത്വമായി (Anarcy) ചിത്രീകരിക്കുന്നു.

7. ഇന്റർനെറ്റ് വിവരത്തിന്റെ അളവ് നിരവധി ഉണ്ടെങ്കിലും പ്രസക്തവും ഔദ്യോഗികവുമായവ ശേഖരിക്കുന്നതിനുള്ള ശ്രമം ക്ലേശകരമാകുന്നു. ഇന്റർ നെറ്റിൽ വിവരങ്ങൾ കൂടുതൽ സാങ്കേതികമാകുന്നതോടൊപ്പം അവ സങ്കീർണ്ണവുമാകുന്നു. അത് താങ്ങാവുന്നതിൽ അധികവുമാണ് (Information overload). ഇപ്പോൾ ഇവ അനായാസം ശേഖരിക്കുവാനും സംഭരിക്കുവാനും കഴിയുന്നു.

8. ഇൻഫർമേഷൻ ടെക്നോളജിയുടെ പിന്നിലെ രാഷ്ട്രീയം വൻകിട രാഷ്ട്രങ്ങളുടേതാണ്. അത് സമ്പദ്ക്രമത്തിന്റെ ഭദ്രതയും വാണിജ്യ താല്പര്യവും ലക്ഷ്യമിടുന്നു. അതിനാൽ അമേരിക്കൻ മേധാവിത്വ ശൃംഖ ലകളുടെ നയങ്ങൾ വികസിത രാഷ്ട്രങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരികതയ്ക്ക് പ്രയോജനപ്പെടുന്നു.

9. വിദേശ വിദ്യാഭ്യാസ സോഫ്ട്വേറുകൾ സൃഷ്ടിക്കുന്നത് സാംസ്കാ രിക അധിനിവേശമാണ്. ഇതിൽ ഇന്ത്യൻ സംസ്കാരങ്ങളും, കലകളും തനിമകളും അന്യമാകുന്നു.

10. ജ്ഞാന സമ്പാദനം, തൊഴിൽ സമ്പാദനം എന്നിവയ്ക്കുപരി സാമൂ ഹികാവബോധം, മൂല്യബോധം, സാംസ്കാരിക അഭിവൃദ്ധി, വ്യക്തിത്വ വികസനം തുടങ്ങി ജീവിതത്തിന്റെ സമഗ്രമായ വ്യക്തിത്വത്തിലേക്കുമുള്ള വളർച്ചയെ വിവര സാങ്കേതികവിദ്യ അപ്രാപ്യമാക്കുന്നു.

1990-കളുടെ തുടക്കത്തിൽ ആരംഭിച്ച ഇന്റർനെറ്റ് സ്വതന്ത്രവും ശക്ത വുമായ മാധ്യമമായി. എന്നാൽ ഇത് വികസിത-വികസ്വര രാഷ്ട്രങ്ങൾ തമ്മിലുള്ള അന്തരം അനുദിനം വർദ്ധിപ്പിക്കുന്നു. ഭാഷയും സംസ്കാ രവും വികസിത രാജ്യങ്ങളിൽ കേന്ദ്രീകൃതമായുള്ളതാകുന്നു. ഇന്നു നില വിലുള്ള ആറായിരം ഭാഷകളിൽ വികസിത രാജ്യങ്ങളിലെ ഭാഷകൾ മാത്രമേ ഇനിയും നിലനിൽക്കാൻ സാധ്യതയുള്ളൂ. ചില ഭാഷകൾ ഡിജി റ്റൽ സംവിധാനത്തിൽ രേഖപ്പെടുത്തി കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കപ്പെ

ടുമെന്ന് സാരം! വിവര സാങ്കേതികത നേടാത്തവർ ടെക്നോ അണ്ടർ ക്ലാസ്സ് (Techno under class) എന്ന് അറിയപ്പെടും.

ദേശീയ പുരോഗതിക്കായി ഇന്ത്യ ഇൻഫർമേഷൻ ടെക്നോളജിയിൽ 'വമ്പിച്ച മൂലധനം മുടക്കുവാൻ' പദ്ധതി തയ്യാറാക്കി. വാർത്താ വിതരണ, ഇന്റർനെറ്റ് പ്രവർത്തനങ്ങൾക്കാണിത്. പഠന പ്രക്രിയയിൽ പരമ്പരാഗതമായുള്ള 'ചോക്ക് - ബ്ലാക്ക് ബോർഡ്' എന്നിവയ്ക്കു പകരം ഉപഗ്രഹചാനലുകൾ നൽകുന്ന ഓൺലൈൻ വിദ്യാഭ്യാസവും ഇന്റർനെറ്റ് മുഖേനയുള്ള വിദൂര വിദ്യാഭ്യാസവുമാണ് ലക്ഷ്യം. പരമ്പരാഗത ബോധന രീതിക്കുള്ള സർവ്വ പരിമിതികളേയും തരണം ചെയ്യുവാൻ ഇത്തരം ടെക്നോളജിക്ക് കഴിയുന്നു. വൻകിട പത്രങ്ങളുടെ ഉപഗ്രഹ എഡീഷനുകളിൽ കൂടി പ്രചരിക്കുന്ന സംസ്കാരവും വിദ്യാഭ്യാസവും ആരുടേതാണ്? വികസ്വര രാജ്യങ്ങളിലേക്ക് വിനിമയം ചെയ്യുന്ന വിദ്യാഭ്യാസം വൻകിട രാഷ്ട്രങ്ങളുടേതാണ്. വികസിത രാജ്യങ്ങളുടെ വീക്ഷണവും ദർശനവും പുലർ ത്തുന്ന സന്ദേശ പാക്കേജുകളാണ് (Message Package) ഇന്ത്യയിൽ ലഭിക്കുന്നത്. സംസ്കാരങ്ങളുടെ തനിമയിൽ അറിവിന്റെ മലിനീകരണം (Pollution of Information) ശക്തിപ്പെടുകയാണ്.

## സംവേദനവും ക്രിസ്തീയ വിദ്യാഭ്യാസവും

ക്രിസ്തുമതം വിദ്യാഭ്യാസത്തിന് മുഖ്യ പ്രാധാന്യം നൽകി. യേശു ക്രിസ്തു ശ്രേഷ്ഠ ഗുരുവാണ്. ഫലപ്രദമായ അധ്യാപന സമ്പ്രദായത്തിന് നിരവധി മാർഗ്ഗരേഖകൾ യേശു വെളിപ്പെടുത്തി. സുവിശേഷത്തിന്റെ ധർമ്മങ്ങളിൽ ഒന്നാണ് പഠിപ്പിക്കൽ. പ്രഭാഷണം (preaching), അദ്ധ്യാപനം (Teaching), സൗഖ്യദാനം (Healing) എന്നിവ യേശു ശിഷ്യന്മാരെ ഏല്പിച്ച മുഖ്യ ദൗത്യങ്ങളാണ്.

ആദിമസഭയിൽ കുടുംബവും സംഘാലയവും വിദ്യാഭ്യാസത്തിനുള്ള പ്രധാന വേദികളായിരുന്നു. സഭയിൽ ചേരുന്നവരെ വിശ്വാസപാഠങ്ങൾ അഭ്യസിപ്പിക്കുന്നതിനായി പ്രത്യേകം അധ്യയന സംവിധാനങ്ങൾ നിലനിന്നിരുന്നു. ഇവ ചോദ്യോത്തര പാഠശാലകളായി (Catechetical School) അറിയപ്പെട്ടു. വേദപുസ്തകം, വിശ്വാസം, പാരമ്പര്യം, ദൈവശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവ വിശകലനം ചെയ്യുന്നതിന് പ്രധാന ഗുരുക്കന്മാരുടെ നേതൃത്വത്തിൽ വിവിധ പാഠശാലകൾ വളർന്നു. ഗുരുക്കന്മാരുടെ പേരിലും സ്ഥലങ്ങളുടെ പേരിലും ഇത്തരം പാഠശാലകൾ ഇന്നും അറിയപ്പെടുന്നു. അലക്സന്ത്രിയാ, അന്ത്യോഖ്യാ, എഡേസ്സാ, നിസിബിസ് എന്നിവയായിരുന്നു ആദ്യകാല ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങൾ. സുറിയാനി, ഗ്രീക്ക്, എബ്രായ, ലത്തീൻ എന്നിവയായിരുന്നു ആദ്യകാല ക്രിസ്തീയ വിദ്യാഭ്യാസ രംഗത്തെ ഭാഷാ

മാധ്യമം. ഈ ഭാഷകളിലാണ് 'ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ' പ്രമാണ രേഖകളും വിശദീകരണങ്ങളും വിശകലനങ്ങളും ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇവ പിന്നീട് ആധുനിക ഭാഷകളിലേക്കും പ്രാദേശിക ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

വാമൊഴിയായും വരമൊഴിയായുമാണ് ക്രിസ്തീയ വിദ്യാഭ്യാസം ആദ്യകാലത്ത് നടന്നത്. വാമൊഴിയിലുള്ള 'പാഠഭാഗങ്ങൾ' വരമൊഴിയാക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇവ കൈയെഴുത്തു രൂപത്തിൽ ക്രോഡീകരിച്ചിരുന്നു. പിന്നീട് അച്ചടി നിലവിൽ വന്നതോടെ ക്രിസ്തീയ വിദ്യാഭ്യാസ രംഗത്തും പുത്തൻ ഉണർവുണ്ടായി. ആധുനിക മാധ്യമങ്ങൾ ഉപയോഗിച്ചും വിദ്യാഭ്യാസരംഗം സജീവമാക്കുവാൻ സഭകൾ ശ്രദ്ധിക്കുന്നു. കൊച്ചു കൊച്ചു പത്രികകൾ മുതൽ ഇന്റർനെറ്റു വരെയുള്ള മാധ്യമങ്ങൾ മത വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുന്നു. ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നത് മുഖ്യധാരാ സഭകളേക്കാൾ വ്യക്തികളും കരിസ്മാറ്റിക് ഗ്രൂപ്പുകളുമാണ്. ബഹുജന മാധ്യമങ്ങളുടെ (Mass media) സ്വാധീനവും ശക്തിയും സഭകൾ തിരിച്ചറിയുന്നതേയുള്ളൂ.

വിവിധ മാധ്യമ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് സഭയുടെ സുവിശേഷ പ്രവർത്തനങ്ങളും മതവിദ്യാഭ്യാസവും രൂപപ്പെടുത്തുവാൻ കഴിയും. ചില മാതൃകകൾ ശ്രദ്ധേയമാണ്.

**A. വാമൊഴി:** അഭിമുഖം, ടെലിഫോൺ സംഭാഷണം -ഇന്റർവ്യൂ, കോൺഫറൻസ്, വാർത്താസമ്മേളനം, ഓഡിയോ കാസ്സെറ്റ്, റേഡിയോ, റിക്കോർഡർ, സമ്മേളനങ്ങൾ, പരസ്യയോഗങ്ങൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ, സമൂഹ ചർച്ച, ഇലക്ട്രിക്ക്-ഇലക്ട്രോണിക്-ഇന്റർനെറ്റ് സാങ്കേതികത ഉപയോഗിച്ചുള്ള മാർഗ്ഗങ്ങൾ എന്നിവ വാമൊഴി സംവേദനത്തിന് ഉപയോഗിക്കാം.

**B. വരമൊഴി:** എഴുത്ത്, ലഘുലേഖ, പുസ്തകം, പ്രസ്താവന, നിവേദനം, കല്പന, പോസ്റ്റർ, പത്രം, ബുള്ളറ്റിൻ, കാറ്റലോഗ്, ബ്രോഷർ എന്നിവ വരമൊഴി മേഖലകളാണ്. ഇപ്പോൾ ഇ ബുക്സും (E Books) പ്രചാരത്തിലായി.

**C. ദൃശ്യമൊഴി:** ദൃശ്യ ഉപാധികൾ (Visual aids), ചാർട്ടുകൾ, മാതൃകകൾ, പോസ്റ്ററുകൾ, സ്ലൈഡുകൾ, അച്ചടിച്ച ചിത്രങ്ങൾ, കാർട്ടൂണുകൾ, രേഖാചിത്രങ്ങൾ, ബോർഡുകൾ, ബാനറുകൾ, പട്ടികകൾ, ഉല്പന്ന പ്രദർശനം തുടങ്ങിയവ ദൃശ്യമൊഴിക്കുള്ള ഉപാധികളാണ്.

സംവേദനത്തിൽ ഇവയെല്ലാം സംയോജിപ്പിക്കുന്നവയാണ് പുത്തൻ

മാധ്യമങ്ങൾ. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിലാണ് സംവേദന രംഗത്തെ വിവിധ മാർഗ്ഗങ്ങളും രീതികളും സഭയുടെ ശുശ്രൂഷയിൽ ഉൾക്കൊള്ളുവാൻ കഴിയുന്നതിനെക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കുന്നത്.

## സംവേദനവും വേദശാസ്ത്ര പഠനവും

ലോകസഭാ കൗൺസിൽ (WCC), ലൂഥറൻ വേൾഡ് ഫെഡറേഷൻ (LWF), വേൾഡ് അസോസിയേഷൻ ഫോർ ക്രിസ്ത്യൻ കമ്മ്യൂണിക്കേഷൻ (WACC) എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 1989 –ൽ സോളിൽ നടന്ന സമ്മേളനമാണ് വേദശാസ്ത്ര പാഠ്യപദ്ധതിയിൽ സംവേദനം (Communication) ഉൾക്കൊള്ളിക്കുവാൻ നിർദ്ദേശിച്ചത്. കത്തോലിക്കാ സഭ ഇതിനു മുമ്പേ സംവേദന രംഗത്ത് ബഹുദൂരം എത്തിക്കഴിഞ്ഞു. സഭകളുടെ പൊതുവായ ധാരണയും ആവശ്യവും പരിഗണിച്ചാണ് 1990 കളിൽ ഇന്ത്യയിലെ എല്ലാ വേദശാസ്ത്ര പഠനകേന്ദ്രങ്ങളിലും 'സംവേദനത്തിന്റെ ശാസ്ത്രവും പ്രയോഗവും' പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചത്.

പ്രൊഫ. ജോൺ മക്വയർ (John Macquarrie) ക്രിസ്തീയ വേദശാസ്ത്രത്തിന്റെ തത്വങ്ങൾ (Principles of Christian Theology) വിശകലനം ചെയ്യുമ്പോൾ അനുഭവം (Experience), വെളിപാട് (Revelation), വേദപുസ്തകം (Scripture), പാരമ്പര്യം (Tradition), സംസ്കാരം (Culture) എന്നിവ അവിഭാജ്യ ഘടകങ്ങളായി നിർണ്ണയിക്കുന്നുണ്ട്. വേദശാസ്ത്രം എല്ലാ വിജ്ഞാന ശാഖകളിലും ഉൾക്കൊള്ളുന്നതും ഇതര വിജ്ഞാനശാഖകളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യേണ്ടതുമാണ്. സമൂഹം, സംസ്കാരം, മനുഷ്യജീവിതം എന്നിവയിലെ സ്വാധീനങ്ങളും വെല്ലുവിളികളും സാധ്യതകളും തിരിച്ചറിഞ്ഞ് മനുഷ്യവേദനകളോടു താദാത്മ്യപ്പെട്ട് വേദശാസ്ത്രം രൂപപ്പെടുത്തണം. വേദശാസ്ത്ര വിശകലനങ്ങൾക്ക് മനുഷ്യ ജീവിതത്തിന്റെ നിറവും മണവും ഉണ്ടാകണമെന്നർത്ഥം. ഇത്തരം വേദശാസ്ത്ര വിശകലനങ്ങൾക്ക് എല്ലാ വിജ്ഞാന ശാഖകളും പ്രയോജനപ്പെടുത്താം.

സംവേദന പഠനവും സ്വാധീന തലങ്ങളും പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. ആധുനിക മാധ്യമങ്ങൾ സമൂഹം, സംസ്കാരം, മതജീവിതം, വിശ്വാസക്രമങ്ങൾ എന്നിവയിൽ ഉയർത്തുന്ന പുത്തൻ സാധ്യതകളും വെല്ലുവിളികളും തിരിച്ചറിയണം. മാധ്യമ ഭാഷ, സംവിധാനം, സാങ്കേതികത, സ്വാധീന മേഖല, സാധ്യത, പരിമിതി എന്നിവ മനസ്സിലാക്കി ക്രൈസ്തവ സാക്ഷ്യം നിർവ്വഹിക്കുവാൻ പരിശീലിപ്പിക്കുകയാണ് വേദശാസ്ത്ര വിദ്യാഭ്യാസത്തിൽ സംവേദന പഠനത്തിന്റെ ദൗത്യം.

സമൂഹത്തിൽ മാധ്യമ സംവേദനം സൃഷ്ടിക്കുന്ന വെല്ലുവിളികളോടു ക്രിയാത്മകമായി പ്രതികരിക്കുവാനും വേദശാസ്ത്ര പശ്ചാത്തലത്തിൽ വിലയിരുത്തുവാനുമുള്ള ശക്തിയും പാടവവും പുതിയ തലമുറ നേടിയെടുക്കണം. മാധ്യമങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ പദ്ധതി, രീതി, ഉപാധി, മാർഗ്ഗം, സമ്പ്രദായം എന്നിവ മനസ്സിലാക്കി സംവേദനത്വം പരിപോഷിപ്പിക്കണം. മാധ്യമ അവബോധത്തെക്കുറിച്ച് പുത്തൻ കാഴ്ചപ്പാടുകൾ പ്രാദേശിക തലത്തിൽ പഠിപ്പിക്കുവാൻ കരുത്ത് ആർജ്ജിക്കണം. മുഖ്യധാരാ മാധ്യമങ്ങളും ബദൽ മാധ്യമങ്ങളും ജനകീയ മാധ്യമങ്ങളും ആവശ്യാനുസൃതം ഉപയോഗിക്കുവാനും പ്രയോജനപ്പെടുത്തുവാനും കഴിയണം. ഇങ്ങനെ മാധ്യമ സംവേദനം വിവിധ തരത്തിൽ സഭാ ശുശ്രൂഷയിൽ ഫലപ്രദമാക്കാവുന്നതാണ്. ഇവയെക്കുറിച്ചുള്ള താത്ത്വികവും പ്രായോഗികവും വേദശാസ്ത്രപരവുമായ സമീപനമാണ് വേദശാസ്ത്ര കലാലയങ്ങളിൽ സംവേദന പഠനം ലക്ഷ്യമാക്കുന്നത്.

വേദശാസ്ത്ര കലാലയങ്ങളിൽ സംവേദന ശാഖ ഫലപ്രദമാകണമെങ്കിൽ വൈജ്ഞാനിക പ്രബുദ്ധതയും (Academic excellence), സംവേദന നിപുണതയും (Communication skills) സമന്വയിക്കുന്ന അദ്ധ്യാപകവൃന്ദം ഉണ്ടാകണം. ബുദ്ധിപരമായ അറിവും അനുഭവവും മാത്രമോ സംവേദന നിപുണത മാത്രമോ പോരാ. ഒരാളിൽ ഇവ രണ്ടും ഫലപ്രദമായി പ്രയോഗിക്കുവാനുള്ള പാടവം വേണം. സംവേദനാദ്ധ്യാപകരിൽ അറിവും (Knowledge) നൈപുണ്യവും (Skills) ഫലപ്രദമായി സമന്വയിച്ചിരിക്കണം. സംവേദനത്തിന്റെ വിവിധ മാർഗ്ഗങ്ങൾ പരിശീലിപ്പിക്കുവാനുള്ള സാങ്കേതിക സംവിധാനങ്ങളും പരിശീലന ശാലകളും പരീക്ഷണകേന്ദ്രങ്ങളും ഉണ്ടാകണം. സംവേദന സിദ്ധാന്തങ്ങളും മാതൃകകളും മാത്രം അഭ്യസിപ്പിക്കുന്ന രീതി ഉടച്ചു വാർക്കണം. സംവേദന സിദ്ധാന്തങ്ങളും പ്രയോഗ രീതികളും ഒരുമിച്ച് പഠിക്കുവാനും പഠിപ്പിക്കുവാനും കഴിയണം. ഇവയ്ക്ക് തുല്യപ്രാധാന്യം നൽകണമെന്നർത്ഥം.

വേദശാസ്ത്ര വിദ്യാഭ്യാസത്തിൽ സംവേദന പഠനത്തിന്റെ വിവിധ മേഖലകൾ നിർണ്ണയിച്ചിട്ടുണ്ട്. അവയിൽ ചിലത് ശ്രദ്ധേയമത്രെ: സംവേദന സിദ്ധാന്തങ്ങൾ, സംവേദന തലങ്ങൾ, സംവേദന വേദശാസ്ത്രം, സംവേദന ഗവേഷണരീതികൾ, ഇൻഫർമേഷൻ ടെക്നോളജി, പ്രഭാഷണകല, ഭാഷാപഠനം, മാധ്യമ വിദ്യാഭ്യാസം, മാധ്യമ അവബോധം, ഫോട്ടോഗ്രഫി, പത്രപ്രവർത്തനം, റേഡിയോ പ്രോഗ്രാം, ടെലിവിഷൻ പ്രോഗ്രാം, മൾട്ടിമീഡിയ, ടെലിക്കമ്മ്യൂണിക്കേഷൻ, സിനിമാശാസ്ത്രം, സിനിമാ സംവിധാനം, ജനകീയ കലാരൂപങ്ങളുടെ പുനഃസംവിധാനം, ബദൽ മാധ്യമങ്ങളുടെ സാധ്യതകൾ തുടങ്ങി എത്രയധികം മേഖലകൾ കീഴടക്കുവാൻ സംവേദന പഠനത്തിന് കഴിയും. മാധ്യമ സംസ്കാര

പശ്ചാത്തലത്തിൽ ഉത്തമ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുവാൻ വിശ്വാസികളെ പ്രാപ്തമാക്കുകയാണ് മുഖ്യ ലക്ഷ്യം. മാധ്യമ സംവേദന പഠനങ്ങൾ വഴി ലഭ്യമാകുന്ന മേഖലകളെ മൂന്നു തരത്തിൽ തിരിക്കാവുന്നതാണ്.

**1. വ്യക്തിതലത്തിൽ:** വ്യക്തിതലത്തിൽ സംവേദനത്വം തിരിച്ചറിയുവാനും പരിപോഷിപ്പിക്കുവാനും കഴിയും. വിവര വിനിമയത്തിലുള്ള സാങ്കേതികതയിൽ പരിചയം ലഭിക്കുന്നു. കമ്പ്യൂട്ടർ – മാധ്യമ സാക്ഷരത ആർജ്ജിക്കാം. സംഭവങ്ങൾ വാർത്തകളായും ഫീച്ചറുകളായും റിപ്പോർട്ടു ചെയ്യുന്നതിനും വ്യാഖ്യാനിക്കുന്നതിനും ശക്തി നേടുന്നു. ഇംഗ്ലീഷ് ഭാഷയിലും പ്രാദേശിക ഭാഷയിലും പ്രാവീണ്യവും ഫലപ്രദ സംവേദനത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ സ്വാംശീകരിക്കുവാനും സാധിക്കുന്നു.

**2. സഭാ തലത്തിൽ:** സഭയുടെ സംവേദന ശുശ്രൂഷ ഗുണപരമായി നടത്തുവാനും സഭയുടെയും വിവിധ സമിതികളുടെയും സംവേദന ആവശ്യങ്ങൾ നിർവ്വഹിക്കുവാനും കഴിയുന്നു. സഭയിലും സമൂഹത്തിലും സുവിശേഷം അർത്ഥവത്തും സമകാലികവുമായി വ്യാഖ്യാനിക്കാം. സഭയുടെ സാമൂഹിക സമ്പർക്കത്തിൽ അർത്ഥവത്തായ സംവേദന ശൈലികൾ രൂപപ്പെടുത്താം. സഭകൾക്ക് തദ്ദേശിയമായ സാംസ്കാരിക ഉപാധികൾ ഏതെന്ന് കണ്ടെത്തുവാൻ കഴിയും. ഇടവക – സഭാ ശുശ്രൂഷയിലും അജപാലനത്തിലും ബഹുജന മാധ്യമങ്ങളുടെ പ്രയോഗവും സാധ്യതകളും പ്രയോജനപ്പെടുത്താം.

**3. സാമൂഹിക തലത്തിൽ:** സമൂഹത്തിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന നന്മതിന്മകൾ വിമർശനപൂർവ്വം നിരീക്ഷിക്കുവാനും മാധ്യമ അവബോധം വളർത്തുവാനും കഴിയും. ബൗദ്ധികവും സാമൂഹികവും വിശ്വാസപരവുമായ കാര്യങ്ങളിൽ പ്രായോഗിക സംവേദന സമീപനങ്ങൾ സ്വീകരിക്കുവാൻ പ്രാപ്തമാക്കും. സമൂഹത്തിൽ മാധ്യമ സംവേദനം സൃഷ്ടിക്കുന്ന രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായ കാര്യങ്ങൾ വിശകലനം ചെയ്യാം. സാമൂഹിക കൂട്ടായ്മ, മതാന്തര സംവാദം (Inter-Religious dialouge), സാംസ്കാരിക പരിപോഷണം, ബഹുജന മാധ്യമങ്ങൾ വഴിയുള്ള സമ്പർക്ക മാതൃകകൾ എന്നിവയിൽ നൈപുണ്യം നേടുന്നു. സമൂഹത്തിന്റെ പരിവർത്തനത്തിനും ശക്തീകരണത്തിനുമായി ജീവിക്കുവാനും പ്രവർത്തിക്കുവാനും സംവേദന പഠനം പ്രേരിപ്പിക്കും.

## ഉപസംഹാരം

സംവേദന പഠനം ബഹുമുഖമാണ്. മാനവ സംവേദനത്തിന്റെ സങ്കീർണ്ണവും വിവിധവുമായ തലങ്ങൾ മനസ്സിലാക്കുക, സംവേദന തത്ത്വങ്ങളും വിവിധ തരത്തിലുള്ള സംവേദന തലങ്ങളും തിരിച്ചറിയുക,

സഭയിലും സമൂഹത്തിലുമുള്ള സംവേദന സ്വഭാവങ്ങൾ ഏതെന്ന് മന സ്സിലാക്കുക, മനുഷ്യ ജീവിതത്തിലും ഭാരത സംസ്കാരത്തിലും സാമൂ ഹിക ക്രമത്തിലുമുള്ള മാധ്യമ സ്വാധീനങ്ങൾ നിർണ്ണയിക്കുക, സംവേ ദന കഴിവുകൾ വർദ്ധിപ്പിക്കുക തുടങ്ങിയവ സംവേദന പഠനം ലക്ഷ്യമി ടുന്നു. ഇവയുടെ പരിശീലനവും പ്രയോഗവും സഭകൾ ഗൗരവമായി പരിഗണിക്കണം. വിദ്യാഭ്യാസ രംഗത്ത് വിവര സാങ്കേതികത നിർണ്ണായക ശക്തിയായിത്തീർന്നു. ക്രിസ്തീയ വിദ്യാഭ്യാസത്തിലും ഇവ ഫലപ്രദ മായി ഉപയോഗിക്കുവാൻ കഴിയണം. മാധ്യമങ്ങളോടുള്ള നിഷേധ സമീ പനങ്ങൾ കഴിവതും വർജ്ജിക്കപ്പെടണം. ഫലപ്രദമായ 'സംവേദന ശുശ്രൂഷ' പുത്തൻ സഹസ്രാബ്ദത്തിൽ രൂപപ്പെടണം.

❑

## പാഠം 4

# സഭയും മാധ്യമ ബോധനവും

❑ മാധ്യമ വിദ്യാഭ്യാസം ❑ മാധ്യമ ബോധനം ❑ മാധ്യമ അവബോധനം ❑ മാധ്യമ പാഠം

മൂന്നാം സഹസ്രാബ്ദം മാധ്യമ വിപ്ലവത്തിന്റെ കാലമാണ്. മാധ്യമങ്ങൾ അവതരണത്തിൽ നൂതനത്വവും വൈവിധ്യവും അനുദിനം സൃഷ്ടിക്കുകയാണ്. ശബ്ദവും ദൃശ്യവും സൗന്ദര്യവും ഒന്നിച്ചെത്തുന്ന മാധ്യമ സംസ്കാരം വിനോദത്തിന് മുഖ്യ പ്രാധാന്യം നൽകുന്നു. മാധ്യമങ്ങളുടെ വശ്യത ആബാലവൃദ്ധം ജനങ്ങളെയും സ്വാധീനിക്കുന്നു.

ഉപഗ്രഹചാനലുകൾ വഴി എത്തുന്ന ടെലിവിഷൻ ദൃശ്യങ്ങളിൽ വികസിത രാജ്യങ്ങളുടെ മേൽക്കോയ്മയും സാംസ്കാരിക ആക്രമവും കടന്നു വരുന്നു. അക്രമാസക്തതയും ലൈംഗികതയും അമിതമായി കലർത്തിയ പരിപാടികൾ ധാരാളമായി പ്രദർശിപ്പിക്കുന്നു. പരസ്യങ്ങളുടെ കോലാഹലവും വർദ്ധിക്കുന്നു. നമ്മുടെ സംസ്കാരത്തെയും ക്രൈസ്തവ മൂല്യങ്ങളെയും തകിടം മറിക്കുന്ന തരത്തിലുള്ള സന്ദേശങ്ങളാണ് മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്. മാധ്യമങ്ങളിൽ എത്തുന്ന പുത്തൻ സമീപനങ്ങൾ അനുകരിക്കുവാൻ വിദ്യാർത്ഥികൾ ശ്രമിക്കുന്നു. അവ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളാണെന്നു തെറ്റിദ്ധരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ മാധ്യമങ്ങളെ വിമർശനാത്മകമായി അപഗ്രഥിക്കുവാനും അവയോട് ക്രിയാത്മകമായി പ്രതികരിക്കുവാനുമുള്ള കരുത്ത് നേടിയെടുക്കണം. മിഥ്യയിൽ പൊതിഞ്ഞിരിക്കുന്ന മാധ്യമ സത്യങ്ങളെ വിവേചിച്ചറിയുവാൻ കഴിയണം. മാധ്യമങ്ങളിലെ നന്മ തിന്മകൾ തിരിച്ചറിയുവാനുള്ള ബോധന പ്രക്രിയയിൽ സഭകൾക്ക് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയും.

### മാധ്യമ ബോധനം

മാധ്യമങ്ങളെക്കുറിച്ചുള്ള പഠനവും ബോധന പ്രക്രിയയും രണ്ട് തലങ്ങളിലുള്ളതാണ്. ഒന്ന്, മാധ്യമ വിദ്യാഭ്യാസം (Media Studies), രണ്ട്, മാധ്യമ അവബോധനം (Media Education).

**1. മാധ്യമ വിദ്യാഭ്യാസം:** ബഹുജന സമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ആധികാരികവും പ്രായോഗികവുമായ പരിശീലനമാണ് മാധ്യമ വിദ്യാഭ്യാസം. മാധ്യമ ഉല്പന്നങ്ങളുടെ ഘടന (structure), വിതരണം (Distribution), വിനിമയം (Exchange), ഉപഭോഗം (Consumption), അധികാരം (Power) എന്നീ മേഖലകളെക്കുറിച്ച് വസ്തുനിഷ്ഠവും ഗുണപരവു

മായി മാധ്യമ വിദ്യാഭ്യാസത്തിൽ വിശകലനം ചെയ്യുന്നു. ഇവയുടെ ദ്രുത ഗതിയിലുള്ള പ്രവർത്തനങ്ങൾക്ക് വിവര സാങ്കേതിക വിദ്യയും കമ്പ്യൂട്ടറുകളും എങ്ങനെ പ്രയോജനപ്പെടുത്താം എന്നതായിരിക്കും മാധ്യമ വിദ്യാഭ്യാസത്തിന്റെ മുഖ്യ അന്വേഷണം.

മാധ്യമ വിദ്യാഭ്യാസത്തിൽ പ്രായോഗിക പ്രാധാന്യമുള്ള റേഡിയോ, ടി.വി., സിനിമ, സീരിയൽ, പരസ്യം എന്നിവയ്ക്കുള്ള റിപ്പോർട്ടിങ്ങ്, എഡിറ്റിങ്ങ്, രചനാ സമ്പ്രദായം (Script Writing), മാധ്യമത്തിലെ അധികാര ശ്രേണി, മാധ്യമ ചരിത്രം, മാധ്യമ മാനേജ്മെന്റ്, പബ്ലിക് റിലേഷൻസ്, മാധ്യമ ഗവേഷണം എന്നിവയ്ക്കുള്ള പരിശീലനവും നൽകുന്നു.

മാധ്യമ വിദ്യാഭ്യാസത്തിൽ പ്രേക്ഷകരുടെയും ശ്രോതാക്കളുടെയും മനഃശാസ്ത്രവും സാമൂഹിക ശാസ്ത്രവും അപഗ്രഥിച്ച് സ്വീകർത്താക്കളുടെ ആവശ്യാനുസൃതമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുവാൻ പഠിപ്പിക്കുന്നു. ബഹുജന മാധ്യമങ്ങൾ, വികസനത്തിലും സംസ്കാരത്തിലും സൃഷ്ടിക്കുന്ന മാറ്റങ്ങൾ, പുത്തൻ വിവര സാങ്കേതികവിദ്യ എന്നിവയും അഭ്യസിപ്പിക്കുന്നു. ഇന്ത്യയിലെ 100-ൽ പരം സർവ്വകലാശാലകളിൽ ബിരുദ-ബിരുദാനന്തര തലങ്ങളിൽ സംവേദന പഠനം തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണ്. മാധ്യമ രംഗത്ത് പ്രവർത്തിക്കുവാൻ പരിശീലിപ്പിക്കുകയാണ് മുഖ്യ ദൗത്യം. ഏവരും പ്രൊഫഷണൽ രംഗം തിരഞ്ഞെടുക്കുന്നതിനാൽ ഇന്ത്യയിലെ കലാശാലകളിൽ സംവേദന പഠനത്തിൽ ഗവേഷണ സൗകര്യങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം ഇന്നും ലഭ്യമായിട്ടില്ല.

**2. മാധ്യമ ബോധനം:** ബഹുജന മാധ്യമങ്ങളുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ അദ്ധ്യാപകൻ, കാവൽക്കാരൻ (watch dog), പൊതുവേദി, വിനോദ - വിവര ഉപാധി, വിൽപ്പനക്കാരൻ എന്നിങ്ങനെ അഞ്ചു വിധത്തിലുള്ളതാണ്. എന്നാൽ മാധ്യമങ്ങൾ മുഖ്യമായും വിനോദ ഉപാധിയായി തീരുന്നു. പ്രത്യേകിച്ച് സിനിമയും ടെലിവിഷനും. ഇവ സമൂഹത്തിലും വിദ്യാർത്ഥികളിലും സൃഷ്ടിക്കുന്ന ദോഷവശങ്ങളെക്കുറിച്ചുള്ള ഭീതിയാണ് മാധ്യമ ബോധനത്തിന് വഴി ഒരുക്കിയത്.

അമേരിക്ക, ഇംഗ്ലണ്ട്, ജർമ്മനി എന്നീ രാജ്യങ്ങളിലാണ് 1950 കളിൽ മാധ്യമ അവബോധനത്തിന്റെ പാഠങ്ങൾ ആരംഭിച്ചത്. മാധ്യമങ്ങളിൽ എത്തുന്ന ഓരോ പരിപാടിയും വിമർശനാത്മകമായി പഠിക്കുന്നതാണ് മാധ്യമ ബോധനം (Media Education). ഒരു സന്ദേശത്തെ സ്വീകരിക്കുക, അപഗ്രഥിക്കുക, വ്യാഖ്യാനിക്കുക, അതിനോട് പ്രതികരിക്കുക എന്നിവ മാധ്യമ ബോധനത്തിൽപ്പെടുന്നു. മാധ്യമ സന്ദേശങ്ങളെ വിമർശനാത്മകമായി സ്വീകരിക്കുവാൻ സ്വീകർത്താവിനെ (Reciever) പ്രാപ്തമാ

ക്കുന്നു. ഇതിനായി മാധ്യമങ്ങളിലെത്തുന്ന പരിപാടികൾ അപഗ്രഥിക്കുവാനും തിരിച്ചറിയുവാനുമുള്ള പരിശീലനം സ്വീകർത്താവിന് ആവശ്യമാണ്. ഇതുവഴി മാധ്യമത്തിലെ ഗുണദോഷങ്ങളെ മനസ്സിലാക്കി ചൂഷണത്തിൽ നിന്നും രക്ഷപ്പെടാം.

മാധ്യമങ്ങളെ വിമർശനപൂർവ്വം നിരീക്ഷിക്കുകയും വീക്ഷിക്കുകയും ചെയ്യുന്ന സമ്പ്രദായത്തെ മാധ്യമ അവബോധനം (Media Awareness) മാധ്യമ സാക്ഷരത (Media literacy), മാധ്യമ പരിസ്ഥിതി (Media Ecology), മാധ്യമ വിമർശന പാരായണം (Critical Reading of the Media) എന്നീ പേരുകളിൽ അറിയപ്പെടുന്നു. വ്യത്യസ്ത പേരുകളുണ്ടെങ്കിലും പൊതുവേ 'മാധ്യമബോധനം' (Media Education) എന്നാണ് പറയുന്നത്.

മാധ്യമ ബോധനത്തെക്കുറിച്ച് ഇന്ത്യൻ പശ്ചാത്തലത്തിൽ പഠനം നടത്തിയ ഡോ. കേവൽ ജെ. കുമാർ വിശദീകരിക്കുന്നു:

"സമൂഹത്തിന്റെയും ഓരോ വ്യക്തിയുടെയും വികാസ വിമോചനങ്ങൾക്ക് സംവേദനം ശക്തി പകരുന്നു. സംവേദനം ജനാധിപത്യപരമാക്കുവാനും വിമർശനാത്മകവും ക്രിയാത്മകവുമായി വിനിയോഗിക്കുവാനും സമൂഹത്തെ പ്രാപ്തരാക്കുവാനുള്ള പരിശീലന പ്രക്രിയ യാണ് മാധ്യമബോധനം." സാമൂഹിക തലത്തിൽ മാധ്യമ ബോധനത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുന്നതാണ് ഈ നിർവ്വചനം. അതിൻ പ്രകാരം:

1. മാധ്യമ ബോധനത്തിൽ സമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും വിമോചനത്തിനും പ്രാധാന്യം നൽകുന്നു.
2. സംവേദനം ജനാധിപത്യപരമാക്കുവാൻ നിർദ്ദേശിക്കുന്നു.
3. മാധ്യമങ്ങളെ നിയന്ത്രിക്കുന്ന പരസ്യങ്ങളെക്കുറിച്ച് വിമർശന ബോധം വളർത്തുന്നു.
4. മാധ്യമ വീക്ഷണത്തിലുള്ള അവതരണങ്ങളും വക്രീകരണങ്ങളും സൂക്ഷ്മ നിരീക്ഷണം നടത്തുന്നു.
5. മാധ്യമ സന്ദേശങ്ങളുടെ അധികാര മേൽക്കോയ്മയും നിയന്ത്രണവും തിരിച്ചറിയുന്നു.

മാധ്യമ ബോധനത്തിന്റെ ആവശ്യകത വേൾഡ് അസോസിയേഷൻ ഫോർ ക്രിസ്ത്യൻ കമ്മ്യൂണിക്കേഷൻ (WACC) 1989 -ൽ മനിലയിൽ നടത്തിയ പ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നുണ്ട്:

'മാധ്യമാവബോധം സൃഷ്ടിക്കുവാനുള്ള പരിശീലനം ബഹുജന സംവേദനത്തിന്റെ നിഗൂഢതകൾ അനാവരണം ചെയ്യുന്നു. സഭാസ്ഥാപനങ്ങളും വൈദിക സെമിനാരികളും ഉൾപ്പെടെ എല്ലാ വിദ്യാലങ്ങളു

ടെയും പാഠ്യപദ്ധതിയിൽ മാധ്യമ ബോധനം ഉൾപ്പെടുത്തണം. അതിനു അനുരൂപമായി കുടുംബത്തിലും യുവജന-വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലും സ്ത്രീ പുരുഷന്മാരുടെ സാംസ്ക്കാരിക സമിതികളിലും സഭാ പ്രസ്ഥാനങ്ങളിലും മാധ്യമബോധനം നടത്തണം. മാധ്യമ പ്രവർത്തകരും മാധ്യമ ഉപഭോക്താക്കളും തമ്മിൽ നൂതനവും രചനാത്മകവുമായ ബന്ധത്തിനു മാധ്യമ ബോധനം വഴിയൊരുക്കണം.'

'മാധ്യമ ബോധന'ത്തെ വിവിധ കാഴ്ചപ്പാടുകളിൽ വിശകലനം ചെയ്ത് നിരവധി പഠനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവയുടെ പ്രധാന ആശയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം:

1. മാധ്യമ ഘടന, പാഠം, സാങ്കേതികത എന്നിവയിൽ അവബോധം വളർത്തണം.
2. സമൂഹത്തിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന വസ്തുതാപരവും നിഷേധപരവുമായ സ്വാധീനങ്ങൾ തിരിച്ചറിയണം.
3. മാധ്യമ സംവിധാനം മനസ്സിലാക്കി ഉത്തരവാദിത്തത്തോടെ അതിൽ പങ്കുചേരുവാൻ പരിശീലനം നേടണം.
4. സമൂഹത്തിന്റെ വിവിധ പദ്ധതികളിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക്, ധർമ്മം, സ്വാധീനം എന്നിവ വിശകലനം ചെയ്യണം.
5. മാധ്യമ ശില്പത്തിലും അവതരണത്തിലും സന്ദേശത്തിലുമുള്ള 'ഹിഡൻ അജൻഡാകൾ' വിവേകപൂർവ്വം വായിച്ചറിയണം.
6. മാധ്യമ സന്ദേശങ്ങൾ ബുദ്ധിപൂർവ്വം തിരഞ്ഞെടുക്കുന്നതിലും വിമർശനപൂർവ്വം നിരീക്ഷിക്കുന്നതിലും പ്രാവീണ്യം നേടണം.
7. തനതു സംസ്കാരങ്ങളിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സാംസ്കാരിക ആക്രമണവും നിഷേധവും വിവേചിച്ചറിയണം.
8. സംവേദന ഉള്ളടക്കത്തിലും പരിപാടികളിലും ബദൽ മാതൃകകൾ രൂപപ്പെടുത്തി അവതരിപ്പിക്കുവാൻ കഴിയണം.
9. മാധ്യമ പ്രതീകങ്ങളിൽ അറിവും അധികാരവും സൃഷ്ടിക്കുന്ന ആധിപത്യ പ്രവണതകളും അസമത്വങ്ങളും തിരിച്ചറിയണം.
10. മാധ്യമങ്ങളിലെത്തുന്ന വിഭവങ്ങളിലെ ദൃശ്യ-ശബ്ദ സന്ദേശങ്ങളിൽ ശക്തീകരണം, മനുഷ്യാവകാശം, ജനാധിപത്യം എന്നിവ എത്ര മാത്രം സംരക്ഷിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കണം.

മാധ്യമബോധനത്തിൽ അപഗ്രഥന പ്രക്രിയ നിർവ്വഹിക്കപ്പെടുന്നത് സ്വീകർത്താക്കളുടെ പക്ഷം ചേർന്നായിരിക്കും. മാധ്യമ സന്ദേശങ്ങൾ ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്തുന്നു. മാധ്യമങ്ങളുടെ ദുർസ്വാധീനത്തിൽ നിന്നും ചൂഷണത്തിൽ നിന്നും ബഹുജനങ്ങളെ വിമോചിപ്പിക്കുന്ന പ്രക്രിയയാണിത്.

മാധ്യമങ്ങൾ സാമൂഹിക സ്ഥാപനങ്ങളാണ്. ഇവയ്ക്ക് സംഘടിത ഘടനയും പ്രത്യയ ശാസ്ത്ര ഘടനയും ഉണ്ട്. ഇവ മാധ്യമ പക്ഷത്തു നിന്നും സ്വീകർത്താക്കളുടെ (Recievers) പക്ഷത്തു നിന്നും വിശകലനം ചെയ്യേണ്ടതാണ്. സ്വീകർത്താക്കളുടെ വീക്ഷണത്തിൽ മാധ്യമങ്ങളെ മനസ്സിലാക്കുന്ന പ്രക്രിയയെ മാധ്യമ അവബോധമെന്നും (Media Awareness) മാധ്യമങ്ങൾ വിനിമയം ചെയ്യുന്ന പാഠത്തെയും സന്ദേശത്തെയും വിശകലനം ചെയ്യുന്നത് മാധ്യമ പാഠം (Media text) എന്നും പറയുന്നു.

### 1. മാധ്യമ അവബോധം

മാധ്യമങ്ങളുടെ അവാന്തര ഘടനയും അധികാര ശ്രേണികളും മനസ്സിലാക്കിയെങ്കിലേ മാധ്യമ അവബോധം പൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിയൂ. മാധ്യമങ്ങളുടെ സംഘടിത ഘടനയിൽ നിരവധി ശ്രേണികളുണ്ട്. ഏതു മാധ്യമവും പ്രത്യേകമായ അധികാരത്തിനും പ്രത്യയ ശാസ്ത്രത്തിനുമായി നിലകൊള്ളുന്നു. ബഹുജന താല്പര്യങ്ങളേക്കാൾ മാധ്യമങ്ങൾ ലക്ഷ്യമിടുന്നത് മാധ്യമ താല്പര്യങ്ങളാണ്. ഉള്ളടക്കവും സന്ദേശവും മാധ്യമങ്ങൾ ക്രമപ്പെടുത്തുന്നത് മാധ്യമ പ്രത്യയ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. ഇവ അപഗ്രഥിക്കുന്നതിന് മാധ്യമങ്ങളിലുള്ള അഞ്ച് ഘടനയെക്കുറിച്ച് അവബോധമുണ്ടാകണം.

### 1. ഉല്പാദന ഘടന (Production Structure)

മാധ്യമങ്ങൾ വിവര വിജ്ഞാനവും വിനോദ സാംസ്കാരികതയും (Cultural Goods) ഉല്പാദിപ്പിക്കുകയാണ്. ഒരു ഫാക്ടറിയിൽ ഉല്പന്നങ്ങൾ തയ്യാറാക്കുന്ന രീതിയിലുള്ള പ്രവർത്തന സംവിധാനങ്ങളാണുള്ളത്. വിജ്ഞാനത്തെ വിവരമാക്കിത്തീർക്കുകയാണ് പുത്തൻ മാധ്യമങ്ങളുടെ (Information Technology) ലക്ഷ്യം. ആഗോള തലത്തിൽ ഉല്പാദന വ്യവസായങ്ങളിൽ ഏറ്റവും ശക്തമായിട്ടുള്ളത് വിവര വ്യവസായമാണ് (Information Industry). ഈ പ്രക്രിയയിൽ ഉല്പാദന ഉപാധികൾ (Means of Production), പ്രേരക ശക്തികൾ (forces of production), ഉല്പാദന സമ്പ്രദായം (Mode of Production) എന്നിവ ഉൾക്കൊള്ളുന്നു.

മാധ്യമങ്ങളുടെ ആന്തരിക ഘടനയും സാങ്കേതിക സംവിധാനങ്ങളുമാണ് ഉല്പാദന ഉപാധികൾ. ദാതാവും സ്വീകർത്താവും എന്ന രീതിയിൽ മാത്രം മാധ്യമങ്ങൾ പ്രേരകശക്തികളെ വിഭജിക്കുന്നു. ഉല്പാദന സമ്പ്രദായങ്ങൾ ദൃശ്യത്തിന്റെയും ശബ്ദത്തിന്റെയും (Sight & Sound) സൗന്ദര്യത്തിന്റെയും അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്നു. ഓരോ സന്ദേശവും രൂപപ്പെടുത്തുന്നതിൽ ഈ ഘടനകൾ മുഖ്യ പങ്കു വഹിക്കുന്നുണ്ട്.

**2. വിതരണ ഘടന (Distribution Structure)**

മാധ്യമങ്ങളിൽ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ വിതരണം ചെയ്യുന്ന ഘടനകൾ നിരവധിയാണ്. പുത്തൻ സാങ്കേതികതകൾ സുസാധ്യമായതോടെ വിതരണം എളുപ്പവും സ്വകാര്യവുമായി. മുതലാളിത്തത്തിന്റെ പുതിയ മുഖച്ഛായ സ്വതന്ത്ര വിപണിയിൽ ശക്തിപ്പെട്ടതോടെ ബഹുരാഷ്ട്ര കമ്പനികൾ നിയന്ത്രിക്കുന്നതായി ആഗോള വാർത്താവിനിമയ രംഗങ്ങൾ. ഇത് ദൃശ്യ-ശ്രാവ്യ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യപ്പെടുന്ന വ്യവസായമായിത്തീർത്തു. ആഗോള തലത്തിൽ വിതരണം ചെയ്യുന്ന മാധ്യമ ഉല്പന്നങ്ങളുടെ 95% വും നിയന്ത്രിക്കുന്നതും ഉല്പാദിപ്പിക്കുന്നതും വികസിത രാജ്യങ്ങളാണ്. മാധ്യമങ്ങളിലെത്തുന്ന സന്ദേശം വിതരണം ചെയ്യുന്നതും നിയന്ത്രിക്കുന്നതും ആരെന്ന് തിരിച്ചറിയുവാൻ സ്വീകർത്താവിന് കഴി യണം.

**3. വിനിമയ ഘടന (Exchange Structure)**

മാധ്യമ സന്ദേശം വിനിമയം ചെയ്യുന്നതിലെ സാമ്പത്തികവും രാഷ്ട്രീയവുമായ മാറ്റങ്ങൾ മനസ്സിലാക്കണം. വിവര വിനിമയത്തിലൂടെ വൻ ലാഭം കൊയ്യുന്നതിനുള്ള സമ്പ്രദായങ്ങളാണ് നിലവിലുള്ളത്. മാധ്യമ സംവേദനം വാണിജ്യ വ്യവസായമായി തീരുന്നു. വിവരം (Information), വിനോദം (Entertainment), വിദ്യാഭ്യാസം (Education) തുടങ്ങിയ മാധ്യമങ്ങളുടെ പ്രഖ്യാപിത ലക്ഷ്യങ്ങളെ നിയന്ത്രിക്കുന്നത് വാണിജ്യക്കണ്ണുകളാണ്. ഉല്പന്നങ്ങൾ എളുപ്പം വിറ്റഴിക്കപ്പെട്ട് ലാഭം നേടുന്നതിനായി സ്ത്രീ ശരീരവും സൗന്ദര്യവും മാധ്യമങ്ങളിൽ മുഖ്യ ഉപാധികളാക്കി തീർക്കുന്നു. വിവര ഉല്പന്നങ്ങൾ ദ്രുതഗതിയിൽ കൈമാറ്റം ചെയ്യപ്പെടുകയാണ് ലക്ഷ്യം.

**4. ഉപഭോഗ ഘടന (Consumption Structure)**

മാധ്യമ സന്ദേശങ്ങളും ദൃശ്യങ്ങളും കേന്ദ്രീകരിക്കുന്നത് മധ്യവർഗ്ഗത്തേയും (Middle Class), വരേണ്യവർഗ്ഗത്തേയും (Elite Class) ആണ്. ദരിദ്രരും ദലിതു വിഭാഗങ്ങളും മാധ്യമങ്ങളിൽ സ്ഥാനം നേടാറില്ല. മാധ്യമ ഉപഭോക്താക്കളായ മധ്യ-വരേണ്യ വർഗ്ഗത്തിന്റെ അഭിലാഷങ്ങളും ആവശ്യങ്ങളും പ്രചോദിപ്പിക്കുന്നതിനും നിറവേറ്റുന്നതിനും മാധ്യമങ്ങൾ ശ്രദ്ധിക്കുന്നു. ശബ്ദം, ദൃശ്യം, പശ്ചാത്തലം, പ്രതീകം, വർണ്ണം, ഭാഷ, ഭാവം എന്നിവയെല്ലാം സമൂഹത്തിലെ മുഖ്യധാരയുടെ ആവശ്യത്തിലും ആഗ്രഹപൂർത്തീകരണത്തിലും അധിഷ്ഠിതമായിരിക്കും.

മാധ്യമ ഉള്ളടക്കവും വിഭവങ്ങളും ക്രോഡീകരിക്കുമ്പോൾ ദലിത് സ്ത്രീ പുരുഷന്മാരും ദരിദ്രരും അധികാരമില്ലാത്തവരും മാധ്യമങ്ങളിൽ

നിന്നും പുറന്തള്ളപ്പെടുന്നു. അവർക്ക് വാർത്താ പ്രാധാന്യവും മാധ്യമ പ്രതിച്ഛായയും മാധ്യമ പ്രവർത്തകർ നൽകാറില്ല. മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നവരുടെയും സ്വീകർത്താക്കളുടെയും മാധ്യമ ഉപഭോഗ തോത് പ്രത്യേകം പരിഗണിക്കണം.

### 5. അധികാര ഘടന (Power Structure)

മാധ്യമങ്ങളുടെ അധികാരഘടന സങ്കീർണ്ണമായ പ്രക്രിയയാണ്. നിയമം, ചട്ടം, നിയമ നിർമ്മാണ സമിതി, നിയമ നിർദ്ദേശങ്ങൾ, നിയമ നിർവ്വഹണക്കാർ, നിയമ നിയന്ത്രണം എന്നിവയെല്ലാം മാധ്യമങ്ങളെയും സ്വാധീനിക്കുന്നു. മാധ്യമ മാനേജ്മെന്റ്, പങ്കാളികൾ, ബഹുരാഷ്ട്ര ക്കമ്പനികൾ, വിവിധ സമൂഹങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, നയ - പ്രത്യയ ശാസ്ത്രങ്ങൾ, സർക്കാർ, പരസ്യ ഏജൻസികൾ തുടങ്ങി നിരവധി ഘടകങ്ങൾ മാധ്യമങ്ങളിൽ അധികാര നിർവ്വഹണം നടത്തുന്നു. ഇവയിൽ മാധ്യമ മാനേജ്മെന്റിന്റെ നയ - നിയന്ത്രണങ്ങളും പരസ്യ ഏജൻസികളുടെ സ്വാധീനവും വളരെയാണ്. രാഷ്ട്രീയ പാർട്ടികളും അധികാരികളും മാധ്യമങ്ങളെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നു. മാധ്യമങ്ങളിൽ തെളിയുന്ന ദൃശ്യവും ശബ്ദവും ആരുടെ അധികാരത്തിന്റെ സ്വാധീനമാണെന്ന് തിരിച്ചറിയണം. വിവിധ അധികാരശ്രേണികൾ മാധ്യമ സന്ദേശവും നിർവ്വഹണവും എപ്രകാരം തടസ്സപ്പെടുത്തുന്നു എന്നും മനസ്സിലാക്കണം.

### 6. അവസ്ഥാ ഘടന (Status Structure)

മാധ്യമങ്ങളിലെ അന്തസ്സ് അഥവാ അവസ്ഥ നിർണ്ണയിക്കുന്നത് മധ്യവർഗ്ഗത്തിന്റെയും വരേണ്യ വർഗ്ഗത്തിന്റെയും ദൃശ്യ ഘടനകളാണ്. മനുഷ്യ വർഗ്ഗത്തിനും സമൂഹത്തിനും മദ്ധ്യേയുള്ള മാധ്യമങ്ങൾ നിറം പിടിപ്പിക്കുന്നത് ഒരു വിഭാഗത്തിന്റെ ദൃശ്യങ്ങൾ മാത്രമാണ്. പണം (Money), അധികാരം (Power), സൗന്ദര്യം (Beauty) എന്നിവ മാധ്യമങ്ങളിലെ ദൃശ്യ ചിഹ്നങ്ങളായി രൂപപ്പെടുന്നു. മാധ്യമങ്ങളിലെ അവസ്ഥാ ഘടനയെ നിയന്ത്രിക്കുന്നത് പാശ്ചാത്യ സൗന്ദര്യരീതികളും സംസ്കാരങ്ങളുമായി തീരുന്നു. അധിനിവേശ സംസ്കാരം മാധ്യമങ്ങളുടെ അവസ്ഥയെ ശക്തമായി നിയന്ത്രിക്കുന്നു. ഇത്തരം കപടമുഖങ്ങളെ തിരിച്ചറിയുവാൻ സ്വീകർത്താക്കൾക്ക് കഴിയണം.

മനുഷ്യന്റെ ബോധം, വിചാരം, മനസ്സ്, ആത്മാവ് എന്നിവയെ ശക്തമായി സ്വാധീനിക്കുന്ന മാധ്യമങ്ങളുടെ തന്ത്രങ്ങൾ വിവേചനാപൂർവ്വം വിലയിരുത്തണം. സാധാരണ ജനങ്ങളുടെ ശബ്ദവും ദൃശ്യവും വിസ്മരിക്കുന്ന മാധ്യമ ഘടനയുടെ വിവേചന സ്വഭാവത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ നിയന്ത്രണങ്ങളും സമീപനങ്ങളും

അപഗ്രഥിക്കപ്പെടണം. മാധ്യമങ്ങളിലെ സന്ദേശത്തോടൊപ്പം മാധ്യമങ്ങളുടെ പ്രത്യയശാസ്ത്രവും സമീപനവും സ്വീകർത്താവ് മനസ്സിലാക്കിയെങ്കിൽ മാത്രമേ സന്ദേശത്തെ സമഗ്രമായി വിലയിരുത്തുവാൻ കഴിയുകയുള്ളൂ.

**2 മാധ്യമ പാഠം**

മാധ്യമങ്ങൾ സംവേദിപ്പിക്കുന്ന സന്ദേശത്തെ അപഗ്രഥിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സ്വീകരിക്കുന്ന സമീപനമാണ് മാധ്യമപാഠം. സന്ദേശത്തെ സ്വീകരിക്കുവാനും തിരസ്ക്കരിക്കുവാനും വിമർശിക്കുവാനുമുള്ള പൗര ധർമ്മത്തിന്റെ സ്വാതന്ത്ര്യമാണിത്. മാധ്യമ സന്ദേശങ്ങളിലെ അവതരണത്തിലും വിനിമയത്തിലും ഒളിഞ്ഞിരിക്കുന്ന തന്ത്രങ്ങളും ചൂഷണങ്ങളും ഗൗരവപൂർവ്വം വിശകലനം ചെയ്യുവാൻ പ്രാപ്തി നേടുകയാണ് ലക്ഷ്യം. സ്വീകർത്താക്കൾ സംവേദന പ്രക്രിയയിൽ അതിക്രമിച്ചു കയറി പ്രതികരണശേഷിയും ശക്തീകരണവും പ്രാപിക്കുന്ന ജൈവാവസ്ഥയാണിത്. മാധ്യമങ്ങളിലുള്ള എല്ലാ പരിപാടികളും മാധ്യമ പാഠത്തിലുൾപ്പെടുത്താം. പ്രോഗ്രാമുകളും പരസ്യങ്ങളും പ്രത്യേകം പഠിക്കണം.

ടെലിവിഷനിൽ ചാനലുകളിൽ എത്തുന്ന പരിപാടികളേക്കാൾ ഏവരേയും ആകർഷിക്കുന്നത് പരസ്യങ്ങളാണ്. ഇവ പല പ്രാവശ്യം കാണുമ്പോൾ ആ ഉല്പന്നത്തോട് പ്രത്യേക താല്പര്യം ഉണ്ടാകുന്നു. പരസ്യത്തിൽ ഉപയോഗിക്കുന്ന നിറക്കൂട്ട്, പശ്ചാത്തല സംഗീതം, കഥാപാത്രങ്ങൾ, സംഭാഷണം എന്നിവ വളരെ വശ്യമായ രീതിയിലാകും അവതരിപ്പിക്കുന്നത്. ഈ കാഴ്ചകൾ അബോധമനസ്സിൽ ലയിച്ച് നമ്മുടെ ജീവിത വീക്ഷണത്തെ സ്വാധീനിക്കുന്നു.

മാധ്യമങ്ങളിലെത്തുന്ന ഏതു പരിപാടികളെയും തിരിച്ചറിയുവാൻ ചില ചോദ്യങ്ങൾ ചോദിക്കണം. അവയുടെ ഉത്തരം നാം കാണുന്ന പരിപാടികളിൽ നിന്നും കണ്ടെത്തണം.

**1 പ്രായോജകർ:** ഓരോ പരിപാടിയും വൻകിട ബിസിനസ്സുകാർ സ്പോൺസർ ചെയ്തിരിക്കും. എന്തുകൊണ്ടിവർ ഈ പ്രത്യേക പ്രോഗ്രാം സ്പോൺസർ ചെയ്തിരിക്കുന്നു? ഓരോ പരിപാടിയുടെയും പിന്നിലെ ഏജൻസിയെ തിരിച്ചറിയണം. ഇത് മാധ്യമ സന്ദേശത്തെ നിരൂപണാത്മകമായി ഉൾക്കൊള്ളാൻ സഹായിക്കും.

**2. സാങ്കേതിക വിദ്യ:** ഏതു തരം സാങ്കേതിക വിദ്യകളാണ് ഓരോ പ്രോഗ്രാമിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്. സാങ്കേതിക വിദ്യകൾ ബോധപൂർവ്വം നടത്തിയ കൗശലങ്ങൾ എന്തെല്ലാം. സംവേദന സ്വാധീനത്തിന് വിവര സാങ്കേതികത സൃഷ്ടിക്കുന്ന മായാജാലങ്ങൾ എതെല്ലാമെന്നും തിരിച്ചറിയണം.

**3. വിഭാഗം:** ഓരോ പ്രോഗ്രാമും ഏതു വിഭാഗത്തിൽ പെടുന്നു എന്നു കണ്ടെത്തണം. ഏതു വിഭാഗത്തിലാണെന്ന് തിരിച്ചറിയുന്നത് അതിന്റെ ലക്ഷ്യം മനസിലാക്കുവാൻ ഉപകരിക്കും. ഓരോ പ്രോഗ്രാമും ഒരു പ്രത്യേക വിഭാഗം സ്വീകർത്താക്കളെ ലക്ഷ്യമിട്ടുള്ളതായിരിക്കും. അവ ആരെന്ന് അറിയണം.

**4. ശൈലി:** അവതരണത്തിൽ ഏതു തരം രചനാശൈലിയാണ് ഉപയോഗിച്ചിട്ടുള്ളത്. നിറക്കൂട്ട്, പശ്ചാത്തല സംഗീതം, സംഭാഷണ രീതികൾ, ഭാവ ചേഷ്ടകൾ, വേഷ വിധാനം, ഭാഷാ ശൈലി എന്നിവ എല്ലാം തിരിച്ചറിയണം. അവ ശ്രദ്ധാപൂർവ്വം കാണുവാനും കേൾക്കുവാനും ശ്രമിക്കണം.

**5. സന്ദേശം:** ഭാഷയിലൂടെയും ഭാവത്തിലൂടെയും എന്തെല്ലാം സന്ദേശമാണ് പങ്കുവെയ്ക്കുന്നത്. ഇതിന്റെ ഉല്പാദകർ ഏത് അർത്ഥത്തിലാണ് സന്ദേശത്തെ ക്രമീകരിച്ചിരിക്കുന്നത്. ആ അർത്ഥതലം തന്നെയാണോ സ്വീകർത്താക്കൾക്ക് മനസ്സിലാക്കുവാൻ സാധിച്ചത് എന്ന് പരിശോധിക്കണം.

**6. സൂചനകൾ:** മാധ്യമ സന്ദേശം ശക്തമായി സ്വാധീനിക്കുവാൻ പ്രോഗ്രാമിൽ നിരവധി സൂചനകൾ ഉൾക്കൊള്ളിക്കും. ഭാഷ, ബിംബം, പശ്ചാത്തലം, രംഗകല, ചിത്രീകരണം, പ്രദർശനം, ശബ്ദക്രമം എന്നിവ സന്ദേശത്തിന്റെ സൂചനകളാണ്. ഇവയുടെ ഏറ്റക്കുറച്ചിൽ സാരമായി ബാധിക്കും.

**7. ഗ്രഹിതാവ്:** മാധ്യമ സന്ദേശ സ്വീകരണത്തിൽ ഗ്രഹിതാവിന്റെ കഴിവും പോരായ്മയും തിരിച്ചറിയണം. മാധ്യമ സന്ദേശ ചുറ്റുപാടുകളും സ്വീകർത്താവിന്റെ സാമൂഹിക - സാംസ്കാരിക പരിസ്ഥിതിയും വൈവിധ്യത പുലർത്തുന്നുവോ? അധിനിവേശ സാംസ്കാരവും മൂല്യങ്ങളും സ്വീകർത്താവിൽ മാധ്യമങ്ങൾ അടിച്ചേൽപ്പിക്കുന്നുവോ എന്ന് തിരിച്ചറിയണം.

**8. സ്വാധീനം:** മാധ്യമങ്ങൾക്ക് ഗുണപരമായും നിഷേധപരമായും സ്വീകർത്താക്കളെ സ്വാധീനിക്കുവാൻ കഴിയും. ദ്രുതഗതമായ സ്വാധീനവും സാവകാശ സ്വാധീനവും ഉണ്ട്. ശക്തമായ സ്വാധീനമാണ് മാധ്യമ ലക്ഷ്യം. എന്നാൽ സ്വീകർത്താക്കളുടെ ബൗദ്ധിക-സാമൂഹിക-സാംസ്കാരിക-മാനസിക-പശ്ചാത്തലം അനുസരിച്ച് സ്വാധീന സംക്രമണത്തിന് ഏറ്റക്കുറച്ചിലുകളുണ്ടാവും. അവയുടെ അളവും വ്യാപ്തിയും നിർണ്ണയിക്കുവാൻ കഴിയണം.

**ഉപസംഹാരം**

മാധ്യമങ്ങളിലൂടെ എത്തിച്ചേരുന്ന പരിപാടികളെയും പരസ്യങ്ങളെയും വിമർശനപൂർവ്വം തിരിച്ചറിയുവാനുള്ള ശക്തി സ്വീകർത്താക്കൾക്ക് ഉണ്ടാകണം. മാധ്യമങ്ങൾ അവതരിപ്പിക്കുന്ന വിഭവങ്ങൾ സ്വതന്ത്രമായി സ്വീകരിക്കുന്ന സമീപനത്തിൽ നിന്നും സ്വീകർത്താക്കളെ വിമോചിപ്പിക്കുന്ന പ്രക്രിയയാണ് മാധ്യമ ബോധനം. സമൂഹത്തിൽ മാധ്യമ സ്വാധീനവും മാധ്യമ ധർമ്മവും മനസ്സിലാക്കി ക്രിയാത്മകവും വിമോചക ശക്തിയുള്ളതുമായ മാധ്യമ യാഥാർത്ഥ്യങ്ങളെ പുനഃസൃഷ്ടിക്കുവാൻ പരിശീലിപ്പിക്കണം. ഈ പ്രക്രിയ സജീവവും ഫലപ്രദവുമാക്കുവാൻ സഭാതല പാഠ്യക്രമങ്ങളിൽ 'മാധ്യമ ബോധനം' പ്രത്യേക പഠന വിഷയമായി ഉൾക്കൊള്ളിച്ച് പുതിയ തലമുറയ്ക്ക് ബോധന - പരിശീലനങ്ങൾ നൽകേണ്ടതാണ്.

❑

## പാഠം 5

# സംവേദനവും നേതൃത്വവും

❑ വിവിധ തരം നേതാക്കന്മാർ ❑ നേതാവും സംവേദനവും ❑ നേതൃത്വ ശൈലികൾ.

സംവേദനം നേതൃത്വ പാടവത്തിന് അത്യന്താപേക്ഷിതമാണ്. നേതാവിന്റെ കഴിവും മഹത്വവും വെളിപ്പെടുന്നത് സംവേദന ശൈലിയിൽ കൂടിയാണ്. അനുയായികളെ ഹഠാദാകർഷിക്കുവാൻ നേതാവിന് കഴിയുന്നത് ആശയങ്ങളുടെ സംവേദനത്വം കൊണ്ടാണ്.

ചരിത്രത്തെ കീഴടക്കിയിട്ടുള്ള എല്ലാ നേതാക്കന്മാരും നല്ല സംവേദകരായിരുന്നു. ആശയ സംവേദന കലയിൽ പ്രാവീണ്യവും പ്രാഗൽഭ്യവും തെളിയിച്ച അവർ ജീവിച്ചിരുന്നപ്പോൾ തന്നെ ചരിത്രത്തിനു മുൻപെ സഞ്ചരിച്ചു. ഒരു നേതാവിന്റെ വ്യക്തി പ്രഭാവം തെളിയുന്നതിന്റെ പ്രധാന അളവുകോലാണ് സംവേദനം. ആശയങ്ങൾ എങ്ങനെ അവതരിപ്പിക്കുന്നു? പ്രശ്നങ്ങളും വിഷയങ്ങളും എങ്ങനെ മനസ്സിലാക്കുന്നു? അവയോട് എങ്ങനെ പ്രതികരിക്കുന്നു? ഇങ്ങനെ നേതാവിനുണ്ടാകേണ്ട വിവിധ വശങ്ങൾ നിർണ്ണയിക്കുന്നത് സംവേദനശൈലി അടിസ്ഥാനമാക്കിയാണ്. സംവേദനം ഒരു നേതാവിന്റെ കഴിവും വ്യക്തിത്വവും വെളിപ്പെടുത്തുന്നു.

നേതൃത്വം (Leadership) എന്നതിന്റെ വിശദീകരണം 'കപ്പിത്താനിൽ' (Captain) നിന്നും ഉണ്ടായതാണ്. നേതാവ് (Leader), കപ്പൽ (Ship) യാത്രികരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി യത്നിക്കണം. യാത്രക്കാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പിക്കുന്നത് കപ്പിത്താന്റെ കഴിവും ദീർഘവീക്ഷണവും അടിസ്ഥാനമാക്കിയാണ്. ഇതുപോലെ ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്ത്വമാണ് നേതാവ് ഏറ്റെടുക്കുന്നത്. പരിജ്ഞാനം, ഊർജ്ജസ്വലത, പ്രതിബദ്ധത, വിശ്വാസ്യത, ത്യാഗ മനോഭാവം, സംവേദനശേഷി എന്നിവ നേതാവിന് അവശ്യം വേണ്ട ഗുണങ്ങളാണ്. സ്വന്തം കഴിവുകളും പരിമിതികളും തിരിച്ചറിയുവാനും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിശാല ഹൃദയമുള്ളവൻ ആയിരിക്കണം നേതാവ്.

ഒരു നേതാവിന് ഉണ്ടാകേണ്ട സർവ്വ സത്ഗുണങ്ങളും വെളിപ്പെടുന്നത് യേശു ക്രിസ്തുവിലാണ്. യേശുവിന്റെ നേതൃത്വ മാതൃക ശുശ്രൂഷയുടേതായിരുന്നു. സമൂഹത്തിന്റെ ശുശ്രൂഷയായിരുന്നു യേശുവിന്റെ നേതൃത്വ ഗുണം. യേശു പറയുന്നു: 'നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം' (മത്താ. 20:26).

ആരാണ് വലിയവൻ എന്ന ചോദ്യത്തിന് യേശു നൽകുന്ന ഉത്തരം 'ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തെവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം' എന്നു പറഞ്ഞു (മർക്കോ. 9:35). നേതാവിന് ഉണ്ടാകേണ്ട ശുശ്രൂഷയുടെ ഉദാത്തമായ മാതൃക യേശു വെളിപ്പെടുത്തുന്നുണ്ട്. യേശു, അത്താഴത്തിൽ നിന്നും എഴുന്നേറ്റു വസ്ത്രം ഊരിവെച്ചു. ഒരു തുവർത്തു എടുത്തു അരയിൽ ചുറ്റി. ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണി കൊണ്ട് തുവർത്തുവാനും തുടങ്ങി (യോഹ. 13:4-5). തുടർന്ന് യേശു പ്രഖ്യാപിക്കുന്നു: കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽകഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു (യോഹ. 13:14-15). യേശു പങ്കിടുന്ന നേതൃത്വത്തിന്റെ മാതൃക ശുശ്രൂഷയുടേതാണ്. അത് സ്വയം വെറുമയാക്കുന്നതിന്റെ മനോഭാവമാണ് (ഫിലി: 2:5-11). പൗലോസ് ശ്ലീഹാ നേതാക്കന്മാരോട് പറയുന്നു: ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്ത ഗുണമല്ല മറ്റുള്ളവരുടെ ഗുണവും കൂടെ നോക്കണം (ഫിലി. 2:3-4).

യേശുവിന്റെ നേതൃത്വ ശൈലിയിൽ സംവേദനത്തിന് മുഖ്യ പ്രാധാന്യം ഉണ്ട്. യേശു സാധാരണക്കാരുടെ ഭാഷയിൽ സംസാരിച്ചു. അവരുടെ ജീവിത സാഹചര്യങ്ങളിൽ നിന്നും ഉദാഹരണങ്ങൾ ഉദ്ധരിച്ച് ആശയങ്ങൾ രൂപപ്പെടുത്തി. ഉപമകൾ യേശുവിന്റെ സംവേദന ശൈലിയുടെ ശക്തി കേന്ദ്രങ്ങളായിരുന്നു. യേശു ജനങ്ങളുടെ ഭാഷയും ജീവിതവും ഉൾക്കൊണ്ടു. യേശു ജനഭേദമെന്യേ ഏവരോടും സംഭാഷണം നടത്തി. അവരോടൊപ്പം സഞ്ചരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. മീൻപിടുത്തക്കാരും, ചുങ്കക്കാരും, പരീശന്മാരും, വേശ്യാ സ്ത്രീകളും, ശിശുക്കളും, ദലിത് വിഭാഗങ്ങളും വിവിധ തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരും യേശുവിനോടൊപ്പം പങ്കുചേർന്നു. യേശു അവരെ പഠിപ്പിച്ചു. വിമർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. യേശുവിന്റെ സംവേദന പാടവത്തിൽ പുരുഷാരം അത്ഭുതപ്പെടുകയാണ് (ലൂക്കോ. 2:47). യേശുവിന്റെ നേതൃത്വ മാതൃകയാണ് ഏറ്റവും ആകർഷകവും അനുകരണീയവുമായിട്ടുള്ളത്.

### വിവിധതരം നേതാക്കന്മാർ

ഓരോരുത്തരിലുമുള്ള നേതൃത്വ ഗുണങ്ങൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കപ്പെടേണ്ടതാണ്. നേതാക്കന്മാർ ജനിക്കുകയല്ല; ജനിപ്പിക്കു

കയാണ് എന്ന വാമൊഴി വഴക്കം പ്രസിദ്ധമാണ്. വിവിധതരം നേതാക്കന്മാരുണ്ട്.

### 1. കരിസ്മാറ്റിക് നേതാവ് (Charismatic Leader)

'കരിസ്മ' എന്നാൽ അനുയായികളിൽ സ്വാധീനം ചെലുത്തുന്ന നൈസ്സർഗ്ഗികമായ വ്യക്തിപ്രഭാവം എന്നാണ്. കരിസ്മാറ്റിക് നേതാവിന് ഈ നേതൃത്വ ഗുണം സ്വതസിദ്ധമായി ലഭിച്ചിരിക്കും. അല്പം പരിശീലനവും പ്രോത്സാഹനവും കൂടി ലഭിച്ചാൽ നേതൃത്വ ഗുണം ഇരട്ടിക്കും. രാഷ്ട്രീയ-സാമൂഹിക-മതരംഗത്ത് നൈസ്സർഗ്ഗികമായ നേതൃത്വ വിശേഷമുള്ള വ്യക്തികൾ ധാരാളം ഉണ്ട്. അവരുടെ കഴിവും ജീവിതവും സമൂഹത്തിന്റെ സമഗ്രമായ വികസനത്തിന് ലക്ഷ്യമിട്ടുള്ളതായിരിക്കും. ഇത്തരം നേതാക്കളെ ഒരു തരത്തിലും തളച്ചിടുവാൻ കഴിയില്ല. എവിടെ ഒതുക്കിയാലും അവർ ശക്തി പ്രാപിച്ചെഴുന്നേൽക്കും. കാരണം നൈസർഗ്ഗികമായി നേതൃത്വപാടവം വ്യക്തിത്വങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. അവ തളയ്ക്കപ്പെടുവാൻ ഇക്കൂട്ടർ ആഗ്രഹിക്കുന്നില്ല.

### 2. പരമ്പരാഗത നേതാവ് (Traditional Leader)

നേതാവ് എന്ന പദവി പരമ്പരാഗതമായി ഒരാളിൽ ലഭ്യമായി തീരുന്നു. ഇത് ജന്മത്തിലൂടെ നേതാവ് ആകുവാനുള്ള സാധ്യതകൾ തെളിയുകയാണ്. ഗോത്ര വർഗ്ഗങ്ങളിലും രാജകുടുംബങ്ങളിലും നേതൃത്വം നിക്ഷിപ്തമാകുന്നത് ഏതെങ്കിലും ഒരു വിഭാഗത്തിൽപ്പെട്ട വ്യക്തിയിൽ ആയിരിക്കും. നേതൃത്വ പാടവവും താല്പര്യവും ഇല്ലെങ്കിലും ഇത്തരം വ്യക്തികൾ നേതാവായിത്തീരും. നേതൃത്വത്തിന്റെ വിജയ പരാജയങ്ങൾ ഇവിടെ മുൻ വിധിയോടെ സമീപിക്കുവാൻ കഴിയില്ല. നേതാവിന് വേണ്ട എല്ലാ സാഹചര്യങ്ങളും വളരെ അനായാസം എത്തിച്ചേരുന്നു. ഇത് പരമ്പരാഗതമായി തലമുറകൾക്ക് പങ്കിടുന്ന പതിവാണുള്ളത്. നേതൃവൈഭവം തികയാത്തവരെ സഹായിക്കുവാൻ പണ്ഡിതന്മാരെയും വിദ്വൽ സദസ്സിനേയും ഭരണകാര്യങ്ങളിൽ ഇവർ ഉൾപ്പെടുത്തുന്നു.

### 3. സാഹചര്യപരമായ നേതാവ് (Situational Leader)

സമൂഹത്തിലും മത-രാഷ്ട്രീയത്തിലും സംഭവിക്കുന്ന പ്രത്യേക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വളർന്നു വരുന്ന നേതാക്കന്മാരാണിത്. വളരെ അപ്രതീക്ഷിതമായി നേതൃത്വ സ്ഥാനം ഏറ്റെടുക്കുന്നവരാണ് ഇക്കൂട്ടർ. പ്രതികൂല സാഹചര്യങ്ങൾ അതിജീവിക്കുവാനും, നേരിടുവാനും പ്രശ്ന സങ്കീർണ്ണതകൾക്ക് പോംവഴി കണ്ടെത്താനും സാഹചര്യങ്ങളിൽ ഉയർന്നു വരുന്ന നേതാക്കന്മാർക്ക് കഴിയും. അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ മുതലാക്കി ഇവർ നേതൃത്വസ്ഥാന

ത്തേക്ക് കയറിപ്പറ്റുകയാണ്. കൃത്യമായ സ്ഥലവും സന്ദർഭവും തക്ക സമയത്ത് ഉപയോഗിച്ചെങ്കിലേ നേതൃത്വത്തിലേക്ക് എത്തിച്ചേരുവാൻ കഴിയൂ.

### 4. നിയോഗിത നേതാവ് (Appointed Leader)

ഒരു പ്രത്യേക സ്ഥാനത്തേയ്ക്ക് പ്രത്യേക ദൗത്യനിർവ്വഹണത്തിനായുള്ളവനാണ് നിയോഗിത നേതാവ്. നേതൃത്വത്തിന്റെ വൈദഗ്ധ്യവും പാടവവും വെളിപ്പെടുത്തുന്നത് ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വത്തിന്റെ പശ്ചാത്തലത്തിലായിരിക്കും. ഇത്തരം നേതാക്കന്മാരെ ഉന്നത അധികാരികൾ നിയോഗിക്കുകയോ തെരഞ്ഞെടുപ്പിൽ കൂടി സ്ഥാനത്തേയ്ക്ക് എത്തിച്ചേരുകയോ ചെയ്യും. രണ്ടും സ്ഥാന കേന്ദ്രീകൃതമായുള്ള നേതൃത്വമായിരിക്കും. അധികാരത്തിലിരിക്കുന്ന കാലം ഭംഗിയായി കൃത്യനിർവ്വഹണം നടത്തണമെന്ന് ഇവർ ആഗ്രഹിക്കാറുണ്ട്.

### 5. നിർവ്വഹണ നേതാവ് (Functional Leader)

ദൗത്യനിർവ്വഹണത്തിന് ഭരമേൽപ്പിക്കപ്പെടുന്ന വ്യക്തിയാണ് നിർവ്വഹണ നേതാവ്. മറ്റൊരാൾക്കു വേണ്ടി കൃത്യനിർവ്വഹണം നടത്തുന്ന വ്യക്തിയുമാകാം. നിർവ്വഹണ നേതാക്കന്മാരുടെ ചുമതല മാറിക്കൊണ്ടിരിക്കും. ഒന്നിൽ നിന്നും മറ്റൊന്നിലേയ്ക്ക് നീങ്ങുമ്പോൾ സാഹചര്യവും ഉത്തരവാദിത്വവും അനുസരിച്ച് സ്വഭാവരീതികളിലും മാറ്റമുണ്ടാകാറുണ്ട്. ഏല്പിക്കുന്ന ദൗത്യങ്ങൾ ഏറ്റവും ഭംഗിയായും പ്രതിബദ്ധതയോടും വിശ്വാസ്യതയോടും നിർവ്വഹിക്കുവാൻ ഇവർ ശ്രമിക്കും.

## നേതാവും സംവേദനവും

സംവേദന പാടവം ഒരാളെ നേതൃസ്ഥാനത്തേയ്ക്ക് പിടിച്ചുയർത്തുന്നു. ആശയ സംവേദനത്തിനുള്ള പ്രാവീണ്യവും മാധ്യമങ്ങളെ യുക്തിപൂർവ്വം ഉപയോഗിക്കുവാനുള്ള കഴിവും ഒരാളെ നേതൃത്വത്തിലേക്ക് ഉയർത്തുന്നു. രാഷ്ട്രീയ-സാമൂഹിക രംഗത്ത് നേതാക്കന്മാരെ സൃഷ്ടിക്കുവാനും വളർത്തുവാനും കഴിയുന്ന ഏറ്റവും ശക്തമായ ഉപാധിയാണ് മാധ്യമങ്ങൾ. ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിൽ തെളിയുന്ന വ്യക്തിത്വങ്ങൾക്ക് നേതൃത്വത്തിലേക്ക് അതിശക്തമായി വളരുവാൻ കഴിയും. മാധ്യമങ്ങൾ മാത്രം ലക്ഷ്യമിട്ടു സർവ്വ മൂല്യങ്ങളും തിരസ്കരിക്കുന്നവരെ യഥാർത്ഥ നേതാക്കന്മാരായി അംഗീകരിക്കുവാൻ പ്രയാസമാണ്. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന നേതാവിന്റെ പ്രതിച്ഛായ താല്ക്കാലികവും ഊതിവീർപ്പിക്കുന്നതുമായിരിക്കും. ഇത് ഏതു നിമിഷത്തിലും തകർന്നുവീഴാം.

സംവേദനത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ നേതൃത്വത്തിലും നിറയ്ക്കുവാൻ ശ്രമിക്കണം. അറിവ് നല്കുകയും സ്വീകരിക്കുകയും

ചെയ്യണം. എല്ലാവരുമായി സംഭാഷണം നടത്തുവാൻ തയ്യാറാകണം. മനുഷ്യബന്ധങ്ങൾ ആഴവും തീവ്രതയും ഉള്ളതാകണം. ജനങ്ങളെ നന്മയുടെ വക്താക്കളാക്കുവാൻ പ്രേരിപ്പിക്കുവാനും സ്വാധീനിക്കുവാനും കഴിയണം. ജനങ്ങളേയും പ്രശ്നങ്ങളേയും വേണ്ടവിധം മനസ്സിലാക്കുവാൻ സാധിക്കണം. നേതാവു പറയുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങളിൽ വിശ്വാസ്യത (Credibility), വ്യക്തത (Clarity), പ്രാപ്യത (Capability) എന്നിവ ഉണ്ടാകണം.

സ്വീകർത്താക്കളെ ഉൾക്കൊള്ളുവാനും മനസ്സിലാക്കുവാനും നേതാവിന് കഴിയണം. നേതാക്കന്മാർ ബഹുജനപരമായ സമീപനം (Massline Approach) സ്വീകരിക്കണം. ജനങ്ങളുടെ ഭാഷ, സംസ്കാരം, ആവശ്യം എന്നിവ ഉൾക്കൊള്ളണം. നേതാക്കന്മാരെ സൃഷ്ടിക്കുവാനും നശിപ്പിക്കുവാനും കഴിയുന്ന 'ഇരുതല മൂർച്ചയുള്ള വാൾ' പോലെയാണ് സംവേദനം. സന്ദർഭം അനുസരിച്ച് സൂക്ഷിച്ച് പ്രയോഗിച്ചാൽ എന്തും പരുവപ്പെടുത്തി എടുക്കുവാൻ കഴിയും. സ്വഭാവവും മനോഭാവവും അനുസരിച്ച് നേതാക്കന്മാരുടെ ആശയ സംവേദന ശൈലികളെ പ്രധാനമായും അഞ്ചായി തിരിക്കാം.

### 1. കൈയേറ്റ ശൈലി (Agressive Style)

നേതാവിന്റെ സംഭാഷണശൈലിയുടെ സ്വഭാവമാണിത് വെളിവാക്കുന്നത്. എപ്പോൾ എന്തിനും പ്രതിരോധിക്കുകയും പ്രത്യാക്രമണം നടത്തുകയും ചെയ്യുന്ന ശൈലി, ആക്രമണത്തിന്റേതാണ്. നേതാവ് മറ്റുള്ളവരിൽ കുറ്റം കണ്ടെത്തുകയും അവ തിരുത്തുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ സ്വന്തം കുറ്റങ്ങളെക്കുറിച്ച് ബോധ്യവുമില്ല. മറ്റുള്ളവരുടെ ആശയങ്ങളേയും പ്രവർത്തനങ്ങളേയും വിമർശനപൂർവ്വം മാത്രം നിരീക്ഷിച്ച് നേരിടുന്നു. ഇത് കൈയേറ്റ ശൈലിയാണ്. ഇക്കൂട്ടർക്ക് ഒരിക്കലും മറ്റുള്ളവരുമായി നല്ല സൗഹൃദ ബന്ധത്തിലോ കൂട്ടായ്മയിലോ സ്വീകരണത്തിലോ ജീവിക്കുവാൻ സാധിക്കുകയില്ല. എവിടെ എന്തിനു ചെന്നാലും ആക്രമണ സ്വഭാവം ആയിരിക്കും സംവേദനത്തിൽ കൂടി പുറത്തുവരുന്നത്.

### 2. ബുദ്ധിജീവി ശൈലി (Intellectual Style)

ബുദ്ധിജീവി ശൈലിയുള്ള നേതാക്കന്മാർക്ക് കൂർമ്മ ബുദ്ധിയും അപഗ്രഥന പാടവവും ഉണ്ടായിരിക്കും. കേൾക്കുന്ന കാര്യങ്ങൾ അതിവേഗം ഗ്രഹിക്കുവാൻ കഴിയും. എല്ലാക്കാര്യങ്ങളേയും ബുദ്ധിപരമായി സമീപിക്കാൻ ഇഷ്ടപ്പെടുന്നു. സംസാരം, വായന, ചിന്ത, പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ബുദ്ധിപരമായ സവിശേഷതകൾ വെളിവാക്കുന്നവയായിരിക്കും. ഇത്തരക്കാർ സാധാരണക്കാരിൽ നിന്നും അകലുകയും

വ്യക്തിബന്ധം സൃഷ്ടിക്കുവാൻ താല്പര്യം പ്രകടിപ്പിക്കാറുമില്ല. ജീവിതത്തിന്റെ ശൈലിയും രീതികളും 'ബുദ്ധിപരത' വെളിപ്പെടുത്തുന്നവയായിരിക്കും. നേതൃത്വനിരയിൽ എത്തിച്ചേരുന്നവരുടെ ബുദ്ധിപരമായ സംവേദന ശൈലി പലപ്പോഴും ബഹുജനങ്ങളിൽ നിന്നും ഒറ്റപ്പെടുത്തും. ആവശ്യ സന്ദർഭങ്ങളിൽ മാത്രം ബുദ്ധിജീവി ശൈലി ഉപയോഗിച്ചാൽ മതിയാകും എന്നാണ് പഠനങ്ങൾ പറയുന്നത്.

### 3. കൗശല ശൈലി (Manipulative Style)

സംവേദന ശൈലി മുഖ്യമായും കൗശലത്തിൽ കേന്ദ്രീകരിച്ചുള്ളതായിരിക്കും. വ്യക്തി താല്പര്യങ്ങളും സ്ഥാന മോഹങ്ങളുമാണ് കൗശല ശൈലിയിലേക്ക് നേതാക്കളെ നയിക്കുന്നത്. കൗശലവും അസത്യവും നിറഞ്ഞതായിരിക്കും സംഭാഷണ ശൈലി. തെറ്റിദ്ധരിപ്പിക്കുന്ന കൃത്രിമത്വ ശൈലിയാണ് ഉപയോഗിക്കുന്നത്. സത്യത്തിൽ പൊതിഞ്ഞിരിക്കുന്നതിന്റെ ഉള്ളടക്കം കൗശലമായിരിക്കും. സൗഹൃദപൂർവ്വമായ ബാഹ്യ പ്രകടനങ്ങളും മധുര വാക്കുകളും കൗശലപൂർവ്വം പ്രയോഗിക്കുന്നു. സമയവും സന്ദർഭവും സാഹചര്യവും അനുസരിച്ച് വാക്കുകളും പ്രവൃത്തികളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ബോധപൂർവ്വം നടത്തുന്ന കൗശല ശൈലിയാണ് ഇന്നത്തെ നേതാക്കന്മാരെ വേട്ടയാടുന്നത്.

### 4. അവകാശവാദ ശൈലി (Assertive Style)

ധാർമ്മികതയും സദാചാരമൂല്യങ്ങളും പരിരക്ഷിക്കുവാൻ വാഗ്ദാനം ചെയ്തിട്ടുള്ള നേതാക്കന്മാരാണ് അവകാശവാദ ശൈലിയിലുള്ളവർ. ഇവർ എപ്പോഴും അവകാശങ്ങൾക്കായും പ്രത്യയ ശാസ്ത്രങ്ങൾ പരിരക്ഷിക്കുന്നതിനായും നിലകൊള്ളും. ഇവർ പറയുന്നത് പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നത് നീതിപൂർവ്വമായിരിക്കുകയും ചെയ്യും. ആത്മാഭിമാനം, മറ്റുള്ളവരോടുള്ള ബഹുമാനം, ആദരവ്, വിശ്വസ്തത എന്നിവ പുലർത്തുന്നവരായിരിക്കും. അവകാശവാദ ശൈലിയുള്ള നേതാക്കന്മാരുടെ സംവേദന ശബ്ദവും ഭാവവും ജീവിതവും പ്രത്യേകം തിരിച്ചറിയുവാൻ കഴിയും. ഭൗതിക പ്രലോഭനങ്ങളിൽ വഴുതി വീഴാറില്ല. ധർമ്മത്തിന്റെയും നീതിയുടെയും പക്ഷം ചേരുന്ന മനോഭാവമായിരിക്കും എപ്പോഴും നിലനിർത്തുന്നത്.

### 5. അനുരഞ്ജിപ്പിക്കുന്ന ശൈലി (Placative Style)

ശാന്തപ്രകൃതരും സമാധാന കാംക്ഷികളുമായ നേതാക്കന്മാരാണ് അനുരഞ്ജന ശൈലി സ്വീകരിക്കുന്നത്. ഏവരോടും ഹൃദ്യമായി പെരുമാറുകയും സംഭാഷണത്തിൽ മൃദുലമായ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യും. സംഘർഷങ്ങളും ആശയ സംഘട്ടനങ്ങളും ഒഴിവാക്കും.

എല്ലായിപ്പോഴും എന്തിനും സമ്മതിക്കുന്നവരായിരിക്കും (Yes People). പ്രത്യേകമായ അഭിപ്രായങ്ങൾ പൊതുവേദികളിൽ പ്രകടിപ്പിക്കാറില്ല. തികച്ചും അവിവാദരായിരിക്കും (Non Controversial People). ഇക്കൂട്ടരെ എന്തിനും കൊള്ളിക്കുവാനും (Accommodative) ക്രമീകരിക്കുവാനും (Adjustability) സാധിക്കും. ഏതു സാഹചര്യങ്ങളോടും വളരെ പെട്ടെന്ന് ഇണങ്ങിച്ചേരും (Adaptability). അനുരഞ്ജനമാണ് നേതൃത്വത്തിന്റെ മുഖ്യ ലക്ഷ്യം.

നേതാവിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയായിരിക്കണം ശ്രദ്ധ. ഇത് ഒരു കലയാണ്. ആശയങ്ങൾ, വിവരണങ്ങൾ, അഭിപ്രായങ്ങൾ, വികാരങ്ങൾ എന്നിവ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുവാനും ഉൾക്കൊള്ളുവാനും നേതാവിനു സാധിക്കണം. ജനങ്ങളെ ശ്രദ്ധിക്കുവാനുള്ള താല്പര്യം വളർത്തണം. മുൻവിധിയോടു കൂടി ആരെയും ആശയപരമായി സമീപിക്കരുത്. സംഭാഷണത്തിലെ വരികൾക്കിടയിലൂടെയുള്ള മനോഭാവം, സ്വഭാവം, വികാരം, ഭാവ വിനിമയം എന്നിവ തിരിച്ചറിയുവാൻ ശ്രദ്ധിക്കണം. വാക്കുകൾക്കതീതമായുള്ളവ വായിച്ചറിയുവാൻ നേതാവിനു കഴിയണം.

നേതാവ് എല്ലായ്പ്പോഴും മറ്റുള്ളവരെ ശ്രദ്ധിക്കുകയും അംഗീകരിക്കുകയും ചെയ്യണം. സംഭാഷണത്തിൽ അശ്രദ്ധ കാണിക്കരുത് (Non Listner). ഭാഗികമായി മനസ്സിലാക്കുകയും അരുത് (Marginal Listner). സംഭാഷണം അപഗ്രഥനാപൂർവ്വം (Evaluvative Listner) വിലയിരുത്തണം. എന്നാൽ ആദിയോടന്തം ക്രിയാത്മകമായി ശ്രദ്ധിക്കുവാൻ (Active Listner) നേതാവിനു കഴിയണം. ഇത് നിരന്തരമായ പരിശ്രമത്തിൽ കൂടി മാത്രമേ സ്വായത്തമാക്കുവാൻ കഴിയൂ.

സംഭാഷണങ്ങളിൽ നേതാവ് ഉപയോഗിക്കുന്ന വാക്കുകൾ സൃഷ്ടിപരവും പ്രോത്സാഹനം ജനിപ്പിക്കുന്നതുമാകണം (Building Words). ആശ്വാസ വാക്കുകളും (Healing Words), ആദരവുണർത്തുന്ന വാക്കുകളും (Hounour Bringing Words) അനസ്യൂതം പ്രവഹിക്കണം. നശീകരണ വാക്കുകളും (Destructive Words) മുറിപ്പെടുത്തുന്ന വാക്കുകളും നേതാവിന്റെ സംഭാഷണത്തിൽ പ്രതിധ്വനിക്കരുത്. സംവേദന പ്രക്രിയയിൽ നേതാവ് തികച്ചും ഗുണപരമായ നിലപാട് സ്വീകരിക്കണം. നേതൃത്വ നിരയിൽ എത്തിയാൽ നേതാവിൽ ഉന്നതൻ എന്ന ചിന്ത ഉണ്ടാകരുത്. അനുയായികളെ അവഗണിക്കുകയും അവരോട് സംവേദിക്കാതിരിക്കുകയും ചെയ്യുമ്പോൾ പ്രശ്നങ്ങൾ ആരംഭിക്കും.

ഉന്നതമായ മൂല്യങ്ങളോടെ നല്ല നേതാവായിരിക്കുവാനും എന്നാൽ ആ സ്ഥാനം ശിഥിലീകരിക്കുവാനും കഴിയും. നേതൃത്വ നിരയിലുള്ള

വർ സ്ഥാനവും ദൗത്യവും അനുദിനം മനസ്സിലാക്കി മുന്നേറണം. തീരുമാനങ്ങൾ സ്ഥിരീകരിക്കുമ്പോഴും അഭിപ്രായങ്ങൾ സ്വരൂപിക്കുമ്പോഴും ദൗത്യബോധം വിസ്മരിക്കരുത്.

രാഷ്ട്രീയ സാമൂഹിക സാമുദായിക രംഗങ്ങളിൽ നേതൃത്വത്തിൽ മാത്രം വാണരുളുന്നവർ, ഞാൻ നല്ല നേതാവാണോ എന്നും നേതൃത്വനിരയിൽ എത്തിച്ചേരുവാനുള്ള ഗുണമേന്മ എന്നിൽ ഉണ്ടായിരുന്നുവോ എന്നും സ്വയം ചോദിക്കണം.

നല്ല ദർശനവും ചിന്താ വീക്ഷണവുമുള്ള നേതാക്കന്മാർ നല്ല സമൂഹത്തെ സൃഷ്ടിക്കുന്നു. കുടിലവും കുൽസ്യതവുമായ മാർഗ്ഗങ്ങൾ അവർക്ക് അന്യമാണ്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നേതാക്കന്മാർ ഏതുതരത്തിലുള്ള ശൈലിയിലാണ് അനുയായികളോട് ഇടപെടുന്നത്. മൈറൻ റൂഷ് എന്ന ചിന്തകൻ നാല് തരത്തിലുള്ള നേതൃത്വ ശൈലിയെക്കുറിച്ച് വിലയിരുത്തുന്നു.

## 1. സ്വേച്ഛാധിപത്യ ശൈലി (Dictatorial Style)

നേതാവ് സ്വേച്ഛാധിപതിയെപ്പോലെ പ്രവർത്തിക്കുന്നു. തീരുമാനങ്ങൾ സ്വയം പ്രഖ്യാപിക്കും. അഭിപ്രായ രൂപീകരണമോ ആശയ സംവേദനമോ ഇല്ല. സ്വന്തയിഷ്ടപ്രകാരം എന്തും ഏതു സമയത്തും ചെയ്യും. സ്വന്തം അനുയായികളെ കൂടെ കൊണ്ടു നടക്കുമെങ്കിലും തീരുമാനങ്ങൾ സ്വന്തമായി എടുക്കുന്നു. അസാധ്യമായ കാര്യങ്ങൾ അനുയായികളോട് ചെയ്യുവാൻ ആവശ്യപ്പെടാറുണ്ട്. ശിക്ഷണ നടപടികൾക്ക് ഇത്തരക്കാർ മുൻതൂക്കം നൽകും. നേതാവിന്റെ തീരുമാനങ്ങളെ വിമർശിക്കുവാനോ വിലയിരുത്തുവാനോ അനുയായികളെ അനുവദിക്കാറില്ല.

നേതാവിന്റെ സ്വേച്ഛാധിപത്യ ശൈലിക്കുദാഹരണമാണ് നെബൂഖദ് നേസർ രാജാവ് (ദാനി. 2:1-13). രാജാവ് കണ്ട സ്വപ്നം അറിയിക്കുവാൻ രാജസദസിനോട് ആവശ്യപ്പെടുന്നു. സ്വപ്നവും അർത്ഥവും അറിയിക്കാഞ്ഞാൽ നിങ്ങളെ കഷണം കഷണമായി ശകലിക്കുകയും വീടുകളെ കുപ്പക്കുന്നാക്കുകയും ചെയ്യും എന്ന് പ്രഖ്യാപനം. എത്ര ക്രൂരമായ വിധി. അതിരറ്റ സ്വേച്ഛാധിപത്യ താണ്ഡവം!

## 2. ആധിപത്യ ശൈലി (Authoratative Style)

സ്വേച്ഛാധിപത്യ ശൈലിയുടെ മറുവശമാണിത്. ഇവിടെയും നേതാവ് തന്നെ പ്രധാന ഘടകം. നാവിൻ തുമ്പിൽ പ്രാമാണികത്വം സ്ഫുരിക്കുന്ന വാക്കുകൾ മാത്രം. സ്വന്തം ദർശനങ്ങളും വീക്ഷണങ്ങളും മൂല്യവത്ത് എന്ന ധാരണയോടെ അനുയായികളിൽ പങ്കുവയ്ക്കുവാൻ ശ്രമിക്കും. നേതാവിന്റെ ചിന്താധാരയ്ക്കു വിരുദ്ധമായവരോട് വിമർശനബുദ്ധ്യാ

സമീപിക്കും. അനുയായികളുടെ കഴിവുകളെ അംഗീകരിക്കുകയോ അവരിൽ വിശ്വസിക്കുകയോ ചെയ്യുന്നില്ല. എന്നാൽ മറ്റുള്ളവരെ സ്വന്ത ഇച്ഛയ്ക്കും ലാഭത്തിനുമായി ഉപയോഗപ്പെടുത്തും.

യിസ്രായേലിലെ ആദ്യത്തെ രാജാവായ ശൗൽ ജനത്തെ തന്നോട് ഒപ്പം യുദ്ധക്കളത്തിലേക്ക് നയിക്കുവാൻ കർക്കശമായി നിർബന്ധിച്ചു (1 ശമു.11). സ്വന്തം അഭീഷ്ടത്തിനും യുദ്ധത്തിനുമായി ദാവീദിനെ സ്വീകരിക്കുവാൻ ശൗൽ തയ്യാറാകുന്നു (1 ശമു. 17). എന്നാൽ ആധിപത്യ ശൈലി പിൻതുടരുന്ന ശൗൽ, അധികാരവും അവകാശവും അന്യർക്കു പങ്കുവയ്ക്കുവാൻ മുതിരുന്നില്ല (ദിന. 18:17).

### 3. ഉപദേശക ശൈലി (Consultative Style)

അനുയായികളുടെ കഴിവും അഭിപ്രായങ്ങളും രൂപീകരിച്ച് നേതാവ് തീരുമാനത്തിലെത്തുന്നു. സൃഷ്ടിപരമായ അഭിപ്രായങ്ങൾ എപ്പോഴും സ്വാഗതം ചെയ്യും. വിദഗ്ധോപദേശങ്ങൾ ലഭ്യമാകാതെ തീരുമാനം എടുക്കുകയില്ല. ആശയ വിനിമയം രചനാത്മകമായിരിക്കും. അഭിപ്രായങ്ങൾ പരസ്പരം വിനിമയം ചെയ്യും. സൃഷ്ടിപരവും ഉചിതവുമായ അഭിപ്രായങ്ങളിൽ തീർപ്പു കല്പിക്കുന്നു. ഒരു പ്രശ്നം പരിഹരിക്കണമെങ്കിൽ അതിന്റെ ആഴത്തിലേക്ക് ഇറങ്ങി ജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കും.

യറുശലേം സഭയിൽ വിധവമാരെ അവഗണിക്കുന്നതു സംബന്ധിച്ചു അഭിപ്രായ ഭിന്നത വന്നപ്പോൾ (അപ്പോ. 6:1–6) 'പന്തിരുവർ' ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി. അറിവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ, നിങ്ങൾ തന്നെ തിരഞ്ഞെടുത്തു കൊള്ളുവാൻ ആവശ്യപ്പെടുന്നു. അഭിപ്രായ ഭിന്നതയുണ്ടാകുമ്പോൾ നേതൃത്വത്തിലുള്ളവർ സഹപ്രവർത്തകരെ വിളിച്ചു വരുത്തി അഭിപ്രായ സമന്വയം നടത്തണം.

### 4. പങ്കാളിത്ത ശൈലി (Participative Style)

നേതൃത്വ നിരയിലുള്ളവർക്കു വേണ്ട അതിവിശിഷ്ടമായ ശൈലിയാണിത്. നേതാവ് എല്ലാവരുടെയും ആശയങ്ങൾ സ്വരൂപിക്കുകയും തുല്യ പ്രാധാന്യം നൽകി വിശകലനം ചെയ്യുകയും വേണം. സഹപ്രവർത്തകരുടെ അഭിപ്രായങ്ങൾ തനിക്കെതിരാണെങ്കിൽ കൂടി അത് ശ്രദ്ധിക്കുന്നതിനും ആവശ്യമെങ്കിൽ സ്വീകരിക്കുന്നതിനും തയാറാകണം.

സഹയാത്രികരോട് ഒപ്പം നേതാവും സഹകരിക്കുന്നു. പ്രത്യേകിച്ച് സംഘടനയുടെ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുമ്പോഴും പ്രവർത്തനങ്ങൾ വിശകലനം ചെയ്യുമ്പോഴും ഇത്തരം സമീപനം അനിവാര്യമാണ്.

യേശു ക്രിസ്തു വിവിധങ്ങളായ നേതൃത്വ ശൈലിയാണുപയോഗിച്ചത്. ദേവാലയ ശുദ്ധീകരണ സമയത്ത് (യോഹ. 2:13-16) മാത്രം അല്പം സ്വേച്ഛാധിപത്യപരമായ സമീപനം സ്വീകരിക്കുന്നു. മറ്റെല്ലാ അവസരങ്ങളിലും ശിഷ്യന്മാരെ ഒപ്പം കൊണ്ടുപോകുന്നു. യേശു ശിഷ്യന്മാരുടെ ഭാഗമായിത്തീരുന്നു.

## ഉപസംഹാരം

നേതൃത്വനിരയിലുള്ളവരിൽ പ്രകടമാകുന്നത് ഏതു തരം ശൈലിയാണ്? എല്ലാവരും നേതാക്കന്മാരാണ്. ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഓരോരുത്തർക്കും നേതൃത്വം നൽകുവാനും സംവേദിക്കുവാനുമുള്ള അവസരമുണ്ട്. നല്ല നേതൃത്വ ഗുണം പ്രകടമാക്കണം. നേതാവ് ഇടയനാണ്. ഗുരുവാണ്. ആചാര്യനാണ്. ജനങ്ങളെ ശുദ്ധീകരിക്കുന്നവനും നല്ല സംവേദകനുമാകണം. നേതൃത്വ നിരയിൽ സ്ത്രീ-പുരുഷ പങ്കാളിത്തവും സംതുലിതമാക്കണം.

❑

## പാഠം 6

# മലങ്കരസഭയും സംവേദനവും

❑ പരമ്പരാഗത സംവേദനം ❑ ബൈബിൾ സംവേദനം ❑ ആരാധനാ സംവേദനം ❑ മുദ്രണ സംവേദനം ❑ മാധ്യമ സംവേദനം

മലങ്കര സഭയിലെ സംവേദന ചരിത്രം മാർത്തോമ്മാ ശ്ലീഹായുമായി ബന്ധപ്പെട്ടുള്ളതാണ്. മലങ്കര സഭയുടെ സ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രവർത്തനങ്ങളും വീരേതിഹാസങ്ങളും വർണ്ണിച്ചുള്ള നിരവധി പാട്ടുകളിലാണ് മലങ്കരസഭയുടെ സംവേദന ചരിത്രം ആരംഭിക്കുന്നത്. അതിനു ശേഷമാണ് വേദപുസ്തകവുമായി ബന്ധപ്പെട്ടുള്ള സംവേദന സംസ്കാരത്തിന്റെ പ്രാരംഭം.

മലങ്കരയിലെ ക്രിസ്ത്യാനികളുടെ ആശയസംവേദനത്തിന് വിവിധ ഘട്ടങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടത് പരമ്പരാഗത സംവേദനം, ബൈബിൾ സംവേദനം, ആരാധനാ സംവേദനം, മുദ്രണ സംവേദനം, മാധ്യമ സംവേദനം എന്നിവയാണ്.

### 1. പരമ്പരാഗത സംവേദനം

മലങ്കരയിൽ വാമൊഴി രൂപത്തിലുള്ള അനേകം പരമ്പരാഗത സംവേദന ശൈലികൾ നിലനിന്നിരുന്നു. കേരള ക്രൈസ്തവരുടെ മതജ്ഞാനവും പാരമ്പര്യവും പാട്ടു വഴി സംവേദിച്ചു. 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' എന്നു മതചര്യകളെ വിശേഷിപ്പിച്ചു. മാർത്തോമ്മാ ശ്ലീഹായുമായുള്ള വൈകാരിക ബന്ധം വിവക്ഷിക്കുന്ന 'വഴിപാട്' എന്ന പദത്തിന് 'പാരമ്പര്യം' എന്നും അർത്ഥമുണ്ട്. പരമ്പരാഗതമായിട്ടുള്ള 'മാർഗ്ഗങ്ങളും വഴിപാടുകളു'മാണ് സംവേദന പ്രക്രിയയിൽ ശക്തിപ്പെട്ടിരുന്നത്. പിതാക്കന്മാരുടെ പാരമ്പര്യമാണ് മലങ്കര നസ്രാണികളുടെ മതജീവിതത്തെ വഴികാട്ടിയത്. മതഗ്രന്ഥങ്ങൾ രചിക്കാതെ തലമുറകളിലേക്ക് പകർന്ന പാരമ്പര്യമായിരുന്നു ആദിമ മലങ്കര നസ്രാണികളുടെ ശക്തി സ്രോതസ്സ്. ഇത് മാർത്തോമ്മാ പാരമ്പര്യത്തിൽ അധിഷ്ഠിതവുമായിരുന്നു.

മലയാള സാഹിത്യത്തിന്റെ ആദ്യ രൂപങ്ങളിൽ പാട്ടുകളും കീർത്തനങ്ങളും പ്രമുഖ സ്ഥാനം വഹിക്കുന്നു. മലങ്കര നസ്രാണികളുടെ മതജീവിതത്തിൽ പാട്ടുകളും കീർത്തനങ്ങളും വാമൊഴിയായി നിലനിന്നിരുന്നു. അവ കേരള സംസ്ക്കാരത്തിലുള്ള പാട്ടിന്റെ മാതൃകൾ പിൻപ്പറ്റിയുള്ളവയാണ്. വിവാഹം, പള്ളിപ്പെരുന്നാൾ, മതാനുഷ്ഠാനങ്ങൾ, ദേശഗാനങ്ങൾ, വീരഗാഥകൾ എന്നിവ മലങ്കര നസ്രാണികളുടെ സംവേദന

ചരിത്രത്തിൽ സ്ഥാനം പിടിച്ചു. വിവാഹത്തോട് അനുബന്ധിച്ചുള്ള മംഗല്യ വട്ടക്കളി, അന്തം ചാർത്തു പാട്ട്, മൈലാഞ്ചിപ്പാട്ട്, അയനിപ്പാട്ട്, പന്തൽപ്പാട്ട്, വാഴുപ്പാട്ട്, എണ്ണപ്പാട്ട്, കുളിപ്പാട്ട്, എട്ടുന്തിര വട്ടക്കളി, അടച്ചു തുറപ്പാട്ട്, വിളക്കു തൊടീൽപ്പാട്ട്, പാണൻ വരവ്പാട്ട് തുടങ്ങി എത്രയോ പാട്ടുകൾ നിലനിന്നിരുന്നു. ഇവ കാല ദേശാനുസൃതം ഭാഷയിലും ഈണത്തിലും ഘടനയിലും വൈവിധ്യം പുലർത്തിയിരുന്നു. വധൂ വരന്മാരുടെ ഗൃഹങ്ങളിലും പള്ളിപ്പരിസരത്തും ഇത്തരം പാട്ടുകൾ ആഘോഷപൂർവ്വം പാടിയിരുന്നു. തുടർന്നും കുറെ ദിവസം പാട്ടുകൾ ആലപിക്കും.

മലങ്കരയിലെ പള്ളികളുടെ സ്ഥാപനവും ചരിത്രവും ഉദ്ഘോഷിക്കുന്ന നിരവധി പാട്ടുകളാണ് പള്ളിപ്പാട്ടുകൾ. കേരളത്തിലെ പഴയ പള്ളികളെ സംബന്ധിച്ച് നിരവധി പാട്ടുകൾ ഉണ്ട്. ഇവ പള്ളി ചരിത്രങ്ങൾ വെളിപ്പെടുത്തുന്നവയാണ്. മാർത്തോമ്മാശ്ലീഹായുടെ പ്രേക്ഷിത സാക്ഷ്യവും ചരിത്രവും വിളിച്ചറിയിക്കുന്നവയാണ് വീരടിയാൻ പാട്ട്, മാർഗ്ഗം കളിപ്പാട്ട്, റമ്പാൻ പാട്ട്, നിരണം പാട്ടുകൾ (മെമ്രാകൾ) എന്നിവ. മാർത്തോമ്മാ ശ്ലീഹായുടെ ഇതിഹാസം തലമുറകളിലേക്ക് സംവേദിച്ചത് ഇത്തരം പാട്ടുകളിൽ കൂടിയായിരുന്നു. സുന്ദരമായ താളലയങ്ങളിൽ ഇവ ചൊല്ലുമ്പോൾ ഹൃദ്യമായ അനുഭവം ശ്രോതാക്കൾക്ക് ലഭ്യമാകും.

ഗൃഹാഘോഷങ്ങളിലും പള്ളി പെരുന്നാളുകളിലും പാട്ടുകൾ, വട്ടക്കളി എന്നിവയ്ക്ക് ഒപ്പം മേളങ്ങളും ആട്ടങ്ങളും ഉണ്ടായിരുന്നു. ആയോധന പാടവം വെളിപ്പെടുത്തുന്ന പരിച മുട്ടുകളിയും മാർത്തോമ്മാ ശ്ലീഹായുടെ ചരിത്രം പ്രതിപാദിക്കുന്ന മാർഗ്ഗം കളിപ്പാട്ടും മലങ്കര നസ്രാണികളുടെ സംവേദനത്തിന്റെ അടിത്തറയായിരുന്നു. മലങ്കര നസ്രാണികളുടെ പൈതൃകവും കേരളത്തനിമയും ഇത്തരം പാട്ടുകൾ വെളിപ്പെടുത്തുന്നു. ഏവർക്കും പങ്കാളിത്തവും കൂട്ടായ്മയും പ്രദാനം ചെയ്യുന്ന ജനകീയ സംവേദന മാതൃകകളാണിത്. പൊതുവേ പരമ്പരാഗത മാധ്യമങ്ങൾ എന്ന് ഇത്തരം കലാരൂപങ്ങൾ അറിയപ്പെടുന്നു. ബദൽ മാധ്യമങ്ങൾ (Alternative Media) എന്നും വിളിക്കുന്നുണ്ട്.

പള്ളികളിലുള്ള ചുമർ ചിത്രങ്ങൾ അഭൗമിക അനുഭൂതി സൃഷ്ടിക്കുവാൻ പര്യാപ്തമാണ്. വിശ്വാസം, വേദശാസ്ത്രം, വേദപുസ്തകചരിതം, തുടങ്ങിയവ സംവേദിക്കുന്നതിനായി പള്ളിക്കകത്തെ ഭിത്തികളിലും മദ്ബഹായിലും പ്രത്യേക മേൽക്കൂരകളിലും മനോഹരങ്ങളായ ചിത്രങ്ങൾ വരച്ചു ചേർത്തിരുന്നു. കല്ലിലും മരത്തിലുമുള്ള കൊത്തു പണികളും മാതൃകകളും സംവേദനത്തിന്റെ വിവിധ മുഖങ്ങളാണ്.

മലങ്കര നസ്രാണികളുടെ തനിമയിൽ നിന്നും മുറിഞ്ഞുപോയ പ്രാചീനവും പരമ്പരാഗതവുമായ ഇത്തരം കലാരൂപങ്ങളും സംവേദന മാതൃക

കളും പരിരക്ഷിക്കപ്പെടണം. ഈ മേഖലകളിൽ ഗവേഷണവും വിവിധ തരം പാട്ടുകളുടെ സമാഹരണവും പരിശീലനവും സത്വരമായി നൽകേണ്ടതാണ്. ആധുനിക മാധ്യമങ്ങൾക്കുള്ള ബദൽ മാതൃകകളായി ഇവയെ സഭകൾ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യണം.

### 2. ബൈബിൾ സംവേദനം

ആദ്യകാലം മുതൽ ക്രൈസ്തവരുടെ സംവേദനത്തിന്റെ അടിസ്ഥാനം 'വേദപുസ്തക'മായിരുന്നു. ക്രിസ്തുമതത്തിന്റെ മുഖ്യമാർഗ്ഗം ബൈബിളാണ്. ക്രൈസ്തവ വിശ്വാസവും സംസ്കാരവും ഇതിൽ പ്രതിഫലിക്കുന്നു. ബിബ്ളിയ (ta Biblia) എന്ന ഗ്രീക്കു പദത്തിൽ നിന്നും രൂപപ്പെട്ട ബൈബിളിന് പുസ്തകം എന്നർത്ഥം. പ്രാചീനകാലത്ത് ഫിനീഷ്യയിലെ പ്രധാന തുറമുഖ പട്ടണമായ 'ബിബ്ളോസിൽ' നിന്നും എഴുതുവാനുള്ള ഈജിപ്ഷൻ പപ്പൈറസ് (papyrus) കയറ്റുമതി ചെയ്തിരുന്നു. പ്രത്യേക പേരു ലഭിക്കാതിരുന്ന ഇത് പിന്നീട് ബിബ്ളോസ് എന്നറിയപ്പെട്ടു. കാലാന്തരത്തിൽ പപ്പൈറസിൽ എഴുതിയ സമാഹാരത്തിനും 'ബിബ്ളോസ്' എന്ന പേരു ലഭിച്ചു. ഇത് ലത്തീൻ, ഇംഗ്ലീഷ് ഭാഷകളിലൂടെ കടന്നപ്പോൾ 'ബൈബിൾ' ആയിത്തീർന്നു. വിശുദ്ധ ഗ്രന്ഥം, വിശുദ്ധ ലിഖിതങ്ങൾ, തിരുവെഴുത്ത്, വേദാഗമം, സത്യവേദപുസ്തകം എന്നീ പേരുകളിലും ബൈബിൾ മലയാളത്തിൽ അറിയപ്പെടുന്നു.

മിഷണറിമാർ ബൈബിൾ മലയാളത്തിലേക്ക് വ്യവസ്ഥാപിതമായി വിവർത്തനം ചെയ്യുന്നതിന് വളരെ മുൻപേ, ബൈബിളിന്റെ ഭാഗികമായ മലയാള വിവർത്തനങ്ങൾ മലങ്കരയിൽ നിലനിന്നിരുന്നു. ഇതിന് നേതൃത്വം നൽകിയത് മല്പാന്മാരാണ്. 'മല്പാൻ' എന്നത് മലയാളീകരിച്ച സുറിയാനി പദമാണ്. പഠിച്ചു, പഠിപ്പിച്ചു എന്നർത്ഥം വരുന്ന ഈലേഫ്, ആലേഫ് എന്നീ സുറിയാനി പദത്തിൽ നിന്നുമാണ് പഠിപ്പിക്കുന്നവൻ എന്നർത്ഥം വരുന്ന 'മൽഫോനോ' എന്ന പദം ഉത്ഭവിച്ചത്. 'മൽഫോനോ' എന്ന പദം ലോപിച്ചാണ് മല്പാൻ ആയത്. മല്പാൻ എന്നതിന് ഗുരു, വിദ്വാൻ, ഇടയൻ, വൈദികൻ, അദ്ധ്യാപകൻ, ശിക്ഷണം നൽകുന്നവൻ എന്നെല്ലാം അർത്ഥം വരും. മല്പാൻ വേദജ്ഞാനിയാണ്. ശിഷ്യന്മാരെ അഭ്യസിപ്പിക്കുന്നതിൽ തൽപ്പരനും ജാഗ്രവാനുമാണ്.

കേരളത്തിലെ സാംസ്കാരികവും മതപരവുമായ വളർച്ചയുടെ തായ്വേരുകൾ മതപാഠശാലകളിലാണ്. മതപാഠശാലകൾ വിദ്യാർത്ഥികളുടെ ബഹുമുഖ വളർച്ചയെ ലക്ഷ്യമാക്കി ക്രമീകരിച്ചിരുന്നു. ഗുരു–ശിഷ്യ ബന്ധത്തിന് ആഴവും ദൃഢതയും നൽകിയ ഗുരുകുല വിദ്യാഭ്യാസ മാതൃകയിലുള്ള ക്രൈസ്തവ മത പഠന കേന്ദ്രം മല്പാൻ പാഠശാല അഥവാ മല്പാൻ ഭവനം എന്നറിയപ്പെട്ടു. 'പഠിത്തവീട്' എന്നും

പറഞ്ഞുവന്നിരുന്നു. ഇവിടെ, മല്പാനോടൊപ്പം ശിഷ്യന്മാർ താമസിച്ച് വേദപ്രമാണങ്ങൾ അഭ്യസിച്ചു.

മല്പാൻ ഭവനങ്ങൾ വിദ്യാനികേതനമാണ്. ആദ്ധ്യാത്മികതയുടെ പ്രഭാവ സ്ഥാനമാണ്. വേദജ്ഞാനികളായ മല്പാന്മാർ തനതായ വിദ്യാഭ്യാസ ശൈലി ഇവിടെ വികസിപ്പിച്ചെടുത്തു. ക്രിസ്തീയ വേദശാസ്ത്രം ഭാരതത്തിൽ ആദ്യമായി പഠന വിധേയമാക്കിയത് മല്പാൻ പാഠശാലകളിൽ ആയിരുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ ജ്ഞാന സമാർജനത്തിന്റെ സാക്ഷാൽ സംഗമ വേദിയായിരുന്നു മല്പാൻ ഭവനങ്ങൾ. ഇത്തരം മല്പാൻ ഭവനങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകം വരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു.

മല്പാൻ ഭവനങ്ങൾ ക്രൈസ്തവ സംസ്കാരത്തിന്റെ ഈറ്റില്ലങ്ങളായിരുന്നു. മലയാള ഗദ്യത്തിന്റെ വികസനത്തിനും ബൈബിൾ ഭാഷാന്തരത്തിനും മല്പാൻ ഭവനങ്ങൾ വേദിയായി. ഇവിടെ വികസിതമായ മലയാള ഗദ്യമാണ് 'മല്പാൻ ഗദ്യം' അഥവാ 'മല്പാൻ മലയാളം' എന്നറിയപ്പെടുന്നത്. മല്പാന്മാരുടെ അടുക്കൽ പഠനം നടത്തിയ ശിഷ്യന്മാർ ബൈബിൾ വിവർത്തനത്തിൽ കൂടി രൂപപ്പെടുത്തിയ ഗദ്യശൈലിയാണിത്.

ആദ്യകാല മലയാള ബൈബിൾ വിവർത്തന ചരിത്രം പരിശോധിക്കുമ്പോൾ *നിരണം ഗ്രന്ഥവരി* എഴുതിയ കാലഘട്ടത്തിൽ (1708 – 1829) ബൈബിളിന്റെ മലയാള വിവർത്തനങ്ങൾ ലഭ്യമായിരുന്നില്ല. *നിരണം ഗ്രന്ഥവരി*യിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ വിവർത്തനത്തെപ്പറ്റി പറയുന്നുണ്ട്. എന്നാൽ അതിൽ സുവിശേഷങ്ങളും അപ്പോസ്തോല പ്രവൃത്തികളുമേ ഉണ്ടായിരുന്നുള്ളൂ. അത് 1811 -ലാണ് അച്ചടിച്ചു പ്രസിദ്ധീകരിച്ചതും.

*നിരണം ഗ്രന്ഥവരി*യുടെ അവസാന ഭാഗത്ത് ബെഞ്ചമിൻ ബെയ്‌ലിയുടെ (1795–1871) ബൈബിൾ വിവർത്തനത്തെക്കുറിച്ചുള്ള വിവരണങ്ങളുമുണ്ട്. എന്നാൽ ബെയ്‌ലി നടത്തിയ ബൈബിൾ വിവർത്തനം 1829–ലാണ് പ്രസിദ്ധീകരണം പൂർത്തിയായത്. ഹെർമ്മൻ ഗുണ്ടർട്ടിന്റെ (1814–1893) ബൈബിൾ വിവർത്തനം 1857 ലുമാണ് ലഭ്യമാകുന്നത്. അപ്പോൾ *നിരണം ഗ്രന്ഥവരി*യിൽ ഉദ്ധരിച്ചിരിക്കുന്ന മലയാള ബൈബിൾ വിവർത്തന ഭാഗങ്ങൾ എവിടെ നിന്നും ലഭ്യമായി?

മിഷനറിമാർ ബൈബിൾ വിവർത്തനം ചെയ്യുന്നതിനു മുമ്പേ (1821 – 1857) കേരളത്തിൽ ബൈബിൾ വിവർത്തനങ്ങൾ നില നിന്നിരുന്നു എന്നതിന്റെ തെളിവാണ് *നിരണം ഗ്രന്ഥവരി*യിൽ ഉദ്ധരിച്ചിരിക്കുന്ന ബൈബിൾ ഉദ്ധരണികൾ.

കേരളത്തിലെ വൈദികരായ മല്പാന്മാർ സുറിയാനിയിൽ നിന്നും ബൈബിൾ ഭാഗങ്ങൾ തത്സമയം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു വായിക്കുന്ന രീതി നിലവിലിരുന്നു. ആരാധനാ സമയത്ത് മല്പാന്മാരായ വൈദികർ സുറിയാനി ബൈബിൾ മലയാളത്തിൽ വിവർത്തനം ചെയ്തു വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. സാധാരണ ജനങ്ങൾക്ക് ബൈബിൾ വായിച്ചു കേൾക്കുന്നതിനും പഠിക്കുന്നതിനുമുള്ള അവസരം കൂടിയായിരുന്നു ക്രിസ്തീയ ആരാധന.

മലയാളത്തിൽ ആദ്യമായി ബൈബിൾ വിവർത്തനം ചെയ്ത കായംകുളം ഫീലിപ്പോസ് റമ്പാന്റെ ( -1812) തർജ്ജമ ആയിരിക്കും *നിരണം ഗ്രന്ഥവരി*യിലുള്ളത്. കായംകുളം ഫീലിപ്പോസ് റമ്പാന്റെ ശിഷ്യന്മാർ സൂക്ഷിച്ചിരുന്ന വിവർത്തന ഭാഗങ്ങളായിരിക്കും കത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. അക്കാലത്ത് കായംകുളം ഫീലിപ്പോസ് റമ്പാനെപ്പോലെ ബൈബിൾ വിവർത്തനത്തിന് പ്രാഗൽഭ്യം തെളിയിച്ചവർ കേരളത്തിൽ ആരും ഉണ്ടായിരുന്നില്ല.

മലയാള ബൈബിൾ സംവേദന ചരിത്രത്തിന് പ്രധാനമായും അഞ്ച് ഘട്ടങ്ങളുണ്ട്.

ഒന്ന്: സുറിയാനി ബൈബിൾ മല്പാൻ പാഠശാലകളിൽ വച്ച് മലയാളത്തിലേയ്ക്ക് നടത്തിയ ഭാഷാന്തരം (  -1807).

രണ്ട്: റവ. ഡോ. ബഞ്ചമിൻ ബയിലിയുടെ (1795 - 1871) നേതൃത്വത്തിൽ ചർച്ച് മിഷനറി സൊസൈറ്റിയുടെ ഇംഗ്ലീഷിൽ നിന്നുള്ള ഭാഷാന്തരം.

മൂന്ന്: റവ. ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിലുള്ള ബാസൽ മിഷനറിമാരുടെ (1814 - 1893) ഗ്രീക്ക് - ഇംഗ്ലീഷ് - ഹീബ്രു ബൈബിളുകൾ കേന്ദ്രീകരിച്ചുള്ള ഭാഷാന്തരം.

നാല്: സി. എം. എസ്. - ബാസൽ മിഷനറിമാരുടെ സംയുക്താഭിമുഖ്യത്തിൽ ബൈബിൾ സൊസൈറ്റി, മദ്രാസ് ഓക്സിലറിയുടെ നേതൃത്വത്തിലുള്ള (1871-1910) സംയുക്ത തർജ്ജമ.

അഞ്ച്: ഹീബ്രു-ഗ്രീക്ക്-ഇംഗ്ലീഷ് ബൈബിൾ മൂലങ്ങൾ ആധാരമാക്കിയുള്ള സ്വതന്ത്രവും ജനകീയവുമായ വിവർത്തനങ്ങൾ (1910 - 2000).

### 3. ആരാധനാ സംവേദനം

മലങ്കരസഭയിൽ ആരാധന മലയാളത്തിലാക്കി സംവേദനത്തിന് പുതിയ തലം സൃഷ്ടിക്കുന്നത് ബൈബിൾ മലയാളത്തിൽ തർജ്ജമ ചെയ്തതിനുശേഷമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യ ദശകങ്ങളിലാണ്. ആരാധന മലയാളത്തിലാക്കണമെന്ന ബോധ്യം ഉണ്ടായത്.

മലങ്കരസഭയിൽ നിലവിലുള്ളത് സുറിയാനി ആരാധനകളുടെ തർജ്ജമകൾ മാത്രമാണ്. ആരാധനയും ഗാനങ്ങളും പാശ്ചാത്യ സുറിയാനി (West - Syriac) പാരമ്പര്യത്തിൽപ്പെട്ടതാണ്. മലങ്കര - അന്ത്യോഖ്യൻ ബന്ധത്തിൽ സംക്രമിക്കപ്പെട്ടതാണ് ഇത്തരം സുറിയാനി ആരാധനകൾ. ഇതിന് മുമ്പ് പൗരസ്ത്യ സുറിയാനിയിലുള്ള (East - Syriac) ആരാധനകൾ മലങ്കരയിൽ നിലനിന്നതായി പഠനങ്ങൾ തെളിയിക്കുന്നു. സുറിയാനി സഭാ ബന്ധങ്ങൾക്ക് മുമ്പ് മലങ്കരയിൽ നിലനിന്ന ആരാധനാ ശൈലി, ഭാഷാ രീതി എന്നിവയെക്കുറിച്ച് സുവ്യക്തമായ രേഖകൾ ലഭ്യമല്ല. ഉദയംപേരൂർ സുന്നഹദോസിനു മുമ്പുള്ള മലങ്കരയിലെ ആരാധനാ രീതികളെക്കുറിച്ചുള്ള ശാസ്ത്രീയമായ അന്വേഷണം ഉണ്ടാകണം.

ആരാധന ഭാഷ മലയാളത്തിലാണെങ്കിലും സുറിയാനി സംസ്കാരവും സ്വാധീനവുമാണ് സംവേദനം ചെയ്യപ്പെടുന്നത്. മലങ്കരസഭയിലെ ആരാധനയിൽ തനതായ പ്രാർത്ഥനകളോ കീർത്തനങ്ങളോ രൂപപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സ്വതന്ത്രവും ദേശീയവുമായ സഭയെന്ന് അവകാശപ്പെടുന്നെങ്കിലും ആരാധന വൈദേശിക സ്വഭാവമുള്ളതായി നിലനിൽക്കുന്നു. എങ്കിലും മലയാളത്തിലുള്ള ആരാധന, സംവേദനം ശക്തിപ്പെടുത്തുന്നു.

മലങ്കരസഭയിൽ മലയാളത്തിൽ ആരാധനാക്രമങ്ങൾ ഉണ്ടാകുന്നത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ (1833–1909) കാലം മുതലാണ്. അതിനു മുമ്പ് ആരാധനക്രമങ്ങളുടെ ഭാഗിക മലയാള വിവർത്തനങ്ങൾ നിലനിന്നിരുന്നു. പരുമല മാർ ഗ്രിഗോറിയോസ് (1848–1902), വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് (1858–1934), കോനാട്ട് മാത്തൻ മല്പാൻ (1860–1928), പത്രോസ് മാർ ഒസ്താത്തിയോസ് (1886–1968) എന്നിവർ ആരാധനക്രമങ്ങൾ മലയാളത്തിലാക്കുന്നതിന് മുഖ്യ നേതൃത്വം നല്കി. പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ, ഫാ. മട്ടയ്ക്കൽ അലക്സന്ത്രയോസ്, ഫാ. അബ്രഹാം കോനാട്ട്, പ. ഔഗേൻ ബാവാ, യൂഹാനോൻ മാർ സേവേറിയോസ്, സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടി എന്നിവരുടെ ശ്രമ ഫലമായി മലങ്കരസഭയിലെ ആരാധനാക്രമങ്ങൾ മലയാളത്തിലാക്കി പ്രസിദ്ധീകരിച്ചു. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും, വള്ളത്തോളും, കൊട്ടാരത്തിൽ ശങ്കുണ്ണിയും ആരാധനക്രമങ്ങൾ മലയാളത്തിലാക്കുന്ന പരിശ്രമത്തെ പ്രോത്സാഹിപ്പിച്ചു.

കേരളത്തിന് പുറത്തു ജനിച്ചു വളരുന്ന മലങ്കരസഭയിലെ യുവജനങ്ങളിൽ ആരാധനയെക്കുറിച്ച് നടത്തിയ ഒരു ഗവേഷണ സർവ്വേ ആരാധന മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ബാഹ്യ കേരളത്തിലെ മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട എന്നീ നഗരങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പഠനം. സർവ്വേയിൽ പങ്കെടുത്ത 79% യുവജനങ്ങളും

16-നും 25-നും മദ്ധ്യേ പ്രായമുള്ള യുവതീ (49%) യുവാക്കൾ (51%) ആണ്. ആരാധനഭാഷ മലയാളത്തിലായിരിക്കണമെന്ന പ്രവാസി യുവജനങ്ങളുടെ (diaspora youth) വിലയിരുത്തലുകൾ ശ്രദ്ധേയമത്രേ.

മലങ്കരസഭയിലെ പ്രവാസികളായ യുവതലമുറയെ മലയാളം പഠിപ്പിക്കുന്നതിന് സഭാതലത്തിൽ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സർവ്വേയിൽ പങ്കെടുത്ത 77% പേരും നിർദ്ദേശിച്ചു. ബാഹ്യകേരളത്തിൽ ആരാധനാക്രമങ്ങൾ ഭാവിയിലും മലയാളത്തിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടവർ 74% മാണ്.

ആരാധനക്രമങ്ങൾ ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് ഭാരതീയ ഭാഷകളിലും ആക്കുവാനുള്ള ശ്രമങ്ങൾ സഭയിൽ ആരംഭിച്ചിട്ടുണ്ട്. സഭയിൽ വിവിധ ഭാഷകളിലുള്ള ആരാധനയും വളർത്തിയെടുക്കണം. അവ സ്വതന്ത്ര തർജ്ജിമകളും തനതായ സംസ്ക്കാരങ്ങൾ ഉൾക്കൊള്ളുന്നതുമാകണം.

### 4. മുദ്രണ സംവേദനം

മലങ്കര നസ്രാണികളുടെ സാംസ്കാരിക വളർച്ചയിൽ 'മുദ്രണകല' പ്രമുഖ സ്ഥാനം വഹിക്കുന്നു. ക്രിസ്തുമത പ്രചരണ ഭാഗമായാണ് അച്ചടി ലോകത്ത് വ്യാപകമായത്. ഇന്ത്യയിൽ ആദ്യകാല അച്ചടികേന്ദ്രങ്ങൾ ഗോവ മുതൽ കന്യാകുമാരി വരെയുള്ള തീര ദേശങ്ങളാണ് - ഗോവ, കൊല്ലം, കൊച്ചി, വൈപ്പിൻകോട്ട, അമ്പഴക്കാട് എന്നിവ അതിൽപ്പെടും.

തെക്കൻ തിരുവിതാംകൂറിൽ മൈലടി കേന്ദ്രമാക്കി 'ലണ്ടൻ മിഷൻ സൊസൈറ്റിയും' (1795+) മദ്ധ്യകേരളത്തിൽ കോട്ടയം കേന്ദ്രമാക്കി 'ചർച്ച് മിഷൻ സൊസൈറ്റി'യും (1806+), ഉത്തര കേരളത്തിൽ തലശ്ശേരി ഇല്ലിക്കുന്ന് കേന്ദ്രമാക്കി 'ബാസൽ മിഷനും' (1839+) ആധുനിക മലയാള ഗദ്യവികസനത്തിന് വഴി ഒരുക്കി. നിഘണ്ടു, വ്യാകരണം, അച്ചടി, പത്രപ്രവർത്തനം, വിവർത്തനം, നിരൂപണം, നോവൽ, ശാസ്ത്ര സാഹിത്യം, പ്രഭാഷണം എന്നീ മേഖലകളിൽ മിഷനറിമാർ ശ്രദ്ധിച്ചതോടെ മലയാളത്തിൽ വ്യവസ്ഥാപിതമായ ഭാഷാഘടന ആവിർഭവിച്ചു. അച്ചടിയും പത്രപ്രവർത്തനവും ഇതിന് പ്രേരക ശക്തിയായി തീർന്നു.

മലങ്കര സഭയിലെ മുദ്രണ സംവേദനത്തിന്റെ ചരിത്രത്തിൽ പ്രാധാന്യം അർഹിക്കുന്ന മൂന്ന് മെത്രാപ്പോലീത്തന്മാരുടെ സംഭാവനകൾ പ്രത്യേകം പഠനം അർഹിക്കുന്നു. ഒന്ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ (1833-1909), രണ്ട് പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (1848-1902), മൂന്ന് അൽവാറീസ് മാർ യൂലിയോസ് (1887-1913).

കോനാട്ട് മലങ്കര മല്പാന്മാരുടെ (1780-1987) സേവനവും പ്രത്യേകം പഠനം അർഹിക്കുന്നു.

## I. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ

അച്ചടി, പത്രപ്രവർത്തനം എന്നീ മേഖലകളിൽ അസാധാരണ വൈഭവം പുലർത്തുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന് കഴിഞ്ഞു. സഭാപരമായി വിശ്വാസികളെ പ്രബുദ്ധമാക്കുന്നതിനും സാമൂഹിക നവോത്ഥാനം ലക്ഷ്യമാക്കി അച്ചടിയും പത്രപ്രവർത്തനവും ലക്ഷ്യമിട്ടു.

കൊച്ചിയിൽ 1870-ൽ സെന്റ് തോമസ് അച്ചുകൂടം എന്ന പേരിൽ അദ്ദേഹം പ്രസ്സ് ആരംഭിച്ചു. പിന്നീട് അത് കോട്ടയം പഴയ സെമിനാരിയിലേക്ക് മാറ്റി സ്ഥാപിച്ചു. മലയാളം, ഇംഗ്ലീഷ്, സുറിയാനി എന്നീ ഭാഷകളിൽ അച്ചടി നിർവ്വഹിക്കുവാൻ സംവിധാനം ഉണ്ടായിരുന്നു.

1870-ൽ 'കേരളപതാക' എന്ന വൃത്താന്തപത്രവും 1890-ൽ കേരള പത്രിക എന്ന പത്രവും 1892-ൽ ഇടവകപത്രികയും സുറിയാനി സുവിശേഷകൻ എന്ന മാസികയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചു. കോഴിക്കോട്ടു നിന്നും കല്ലച്ചിൽ മുദ്രണം ചെയ്ത് കുർബ്ബാനക്രമവും പിന്നീട് ആരാധനാക്രമവും പ്രസിദ്ധീകരിച്ചു. മലയാള മനോരമയും (1890) ഭാഷാപോഷിണിയും (1892) ആരംഭിക്കുന്നതിൽ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസും ഒരുമിച്ചു പ്രവർത്തിക്കുകയും മനോരമ കമ്പനിയിൽ മെത്രാപ്പോലീത്താ ഓഹരികൾ എടുക്കുകയും ചെയ്തു.

## II. പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്

മലയാളത്തിൽ പത്രപ്രവർത്തനത്തിന്റേയും അച്ചടിയുടെയും നവോത്ഥാന കാലഘട്ടമാണ് പരുമല തിരുമേനിയുടെ കർമ്മകാണ്ഡം. പത്രപ്രവർത്തനത്തോടും സാഹിത്യത്തോടും പരുമല തിരുമേനി പ്രത്യേകം താല്പര്യം പുലർത്തി. മലങ്കരസഭയിൽ തെക്കൻ മേഖലയിൽ ഒരു പ്രിന്റിംങ് പ്രസ് തുടങ്ങി അച്ചടി ആരംഭിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിൻപ്രകാരം പ്രസ് വാങ്ങുന്നതിനായി 1878-ൽ നിരണം തുടങ്ങിയ പള്ളികളിൽ പോയി പണപ്പിരിവ് നടത്തി. 1892 കർക്കടകം 23-ന് പരുമല സെമിനാരിയിൽ നിന്നും അയച്ച കല്പനയിൽ വിശ്വാസ സ്ഥിരതയ്ക്കും അറിവിനും തക്കതായ പുസ്തകങ്ങൾ തർജ്ജമ ചെയ്തുണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നു. സുറിയാനി ഗ്രന്ഥങ്ങളും അപൂർവ്വ കൃതികളും പകർത്തി എഴുതുന്നതിനും ബയന്റു ചെയ്തു സൂക്ഷിക്കുന്നതിനും പരുമല തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം നിരവധി

ആരാധനാക്രമങ്ങൾ സുറിയാനിയിൽ നിന്നും തർജ്ജമ ചെയ്തിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയുടെ നമസ്ക്കാരക്രമം സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തിയത് പരുമല തിരുമേനിയാണ്. കത്തുകൾ, സ്വകാര്യ കല്പനകൾ, പ്രഭാഷണങ്ങൾ എന്നിവ എഴുതുന്നതിൽ പ്രത്യേകം ജാഗ്രത പുലർത്തി.

പരുമലയിൽ നിന്നും ഗീവറുഗീസ് മാർ ഗ്രീഗോറിയോസിന്റെ നേതൃത്വത്തിൽ ഒരു തീർത്ഥയാത്രാ സംഘം വിശുദ്ധ നഗരമായ ഊർശ്ലേമിലേക്ക് 1895 ജനുവരി 28-ന് തിങ്കളാഴ്ച പുറപ്പെട്ട് മെയ് 13-ന് ബോംബെയിൽ തിരിച്ചെത്തിയതു വരെയുള്ള യാത്രയുടെ അനുഭവങ്ങളും വിവരണങ്ങളും ലളിതസുന്ദരമായ ഭാഷയിൽ '*ഊർശ്ലേം യാത്രാ വിവരണം*' എന്ന ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു. തിരിച്ചെത്തിയ ഉടൻ തന്നെ പരുമല തിരുമേനി *ഊർശ്ലേം യാത്രാ വിവരണം* എഴുതിത്തീർത്തു. അത് അച്ചടിച്ച് 'മാർ ഗ്രീഗോറിയോസ് ഗീവറുഗീസ്: *ഊർശ്ലേം യാത്രാ വിവരണം*' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഇത് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണമാണ്. പരുമല തിരുമേനി 1895 -ൽ പ്രസിദ്ധീകരിച്ച പ്രഥമ പതിപ്പ് അതേ രൂപത്തിൽ ഇപ്പോൾ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യം, ഭാഷ, അച്ചടി, പത്രപ്രവർത്തനം എന്നിവയെ പരുമല തിരുമേനി അഗാധമായി സ്നേഹിക്കുകയും അതിനായി പ്രവൃത്തിക്കുകയും ചെയ്തു. ഇത്തരം സംവേദന ശ്രമങ്ങളിൽ മലങ്കരസഭ കർമ്മനിരതമായി തീരണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു.

### III. അൽവാറീസ് മാർ യൂലിയോസ്

ഗോവയിലെ സാൻസെറ്റ് താലൂക്കിൽ വെർണ്ണാ ഗ്രാമത്തിൽ 1836 ഏപ്രിൽ 29-ന് ജനിച്ചു. ലാറ്റിൻ, പോർട്ടുഗീസ്, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നീ ഭാഷകളിലും വേദശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും 23-ാം വയസ്സിൽ പ്രാവീണ്യം നേടി. 1862-ൽ ബോംബെയിൽ വച്ച് വൈദികനായി. 1887-ൽ കത്തോലിക്കാ വിശ്വാസം വിട്ട് മലങ്കര ഓർത്തഡോക്സ് സഭയിൽ ചേർന്നു. 1889 ജൂലൈ 29-ന് അൽവാറീസ് മാർ യൂലിയോസ് എന്ന പേരിൽ ഗോവ-സിലോൺ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

സാമൂഹിക - ആദ്ധ്യാത്മിക മേഖലകളിൽ ശ്രദ്ധ പതിപ്പിച്ച അൽവാറീസ് മാർ യൂലിയോസ് പ്രതിഭാശാലിയായ പത്രപ്രവർത്തകൻ ആയിരുന്നു. ധീരദേശാഭിമാനി, സാമൂഹിക നവോത്ഥാന നായകൻ, രാഷ്ട്രീയ നിരീക്ഷകൻ, സാഹസിക വിപ്ലവകാരി (daring social revolutionary) എന്നീ വിശേഷണങ്ങൾ ലഭിച്ചത് തൂലിക പടവാളാക്കി പത്രപ്രവർത്തനം നിർവഹിച്ചതിനാലാണ്. നിലവിലുള്ള പത്രരചനാ ശൈലിയുടെ ബദൽ മാതൃ

കയാണിത്. സാമൂഹിക - മത വിമർശനങ്ങൾ ഉൾക്കൊള്ളുന്ന നിരവധി പത്രറിപ്പോർട്ടുകളും പ്രബന്ധങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. സാമൂഹിക - വിദ്യാഭ്യാസ പ്രവർത്തനങ്ങളും പത്രപ്രവർത്തനവും ഒരുമിച്ച് നടത്തുവാനുള്ള ബഹുമുഖ വ്യക്തി പ്രഭാവം ഫാ. അൽവാറീസിനുണ്ടായിരുന്നു.

ദി ക്രോസ് (1877), ദി ട്രൂത്ത് (1882), ഗോവാസ് പ്രോഗ്രസ് (1883), ദി ടൈംസ് ഓഫ് ഗോവ (1885), ദി ഇന്ത്യൻ ഔട്ട് ക്രൈ (1894) എന്നീ മാധ്യമങ്ങൾ ഫാ. അൽവാറീസ് എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചു. സാമുദായിക - രാഷ്ട്രീയ വിമർശനങ്ങൾ വന്നതിനാൽ പലതും പോർട്ടുഗീസ് മേധാവികൾ കണ്ടുകെട്ടി. അധികം താമസിയാതെ പുതിയ പേരിൽ അദ്ദേഹം പത്രങ്ങൾ പുനർജീവിപ്പിച്ചിരുന്നു.

'ദി ക്രോസ്' എന്ന രാഷ്ട്രീയ - മത വാരികയുടെ എഡിറ്റർ ആയതോടെ രാഷ്ട്രീയ - മത നിരീക്ഷണങ്ങൾക്ക് മൂർച്ച വർദ്ധിച്ചു. 1882 -ൽ ആർച്ച് ബിഷപ്പ് വലന്റി (1882 - 1902) ഫാ. അൽവാറീസിന്റെ എഴുത്തുകളിൽ അസംതൃപ്തി പ്രകടിപ്പിക്കുകയും 'ദി ക്രോസ്' വാരിക നിരോധിക്കുകയും ചെയ്തു. എന്നാൽ ആ വർഷം തന്നെ 'ദി ട്രൂത്ത്' എന്ന പേരിൽ പുതിയ വാരിക ആരംഭിച്ചു. 1894 -ൽ ആരംഭിച്ച 'ദി ഇന്ത്യൻ ഔട്ട് ക്രൈ' എന്ന വാരിക മെത്രാപ്പോലീത്താ ആയ ശേഷം പ്രസിദ്ധപ്പെടുത്തിയതാണ്.

ഫാ. അൽവാറീസിന് പത്രപ്രവർത്തനം അക്ഷരങ്ങളിൽ കൂടിയുള്ള പോരാട്ടമായിരുന്നു. അക്ഷരങ്ങളിൽ പോർ വിളിക്കുന്ന പത്രധർമ്മമാണ് ഫാ. അൽവാറീസ് നിർവഹിച്ചത്. മിഷനറി പത്രപ്രവർത്തനങ്ങളെല്ലാം സഭാപരവും വേദപുസ്തകപരവുമായിരുന്നു. എന്നാൽ ഫാ. അൽവാറീസ് മതേതരമായ കാഴ്ചപ്പാടാണ് പത്ര നയത്തിൽ സ്വീകരിച്ചത്. ഫാ. അൽവാറീസ് ആരംഭിച്ച എല്ലാ പത്രങ്ങൾക്കും സെക്കുലർ പേരുകളാണ് നൽകിയത്. രാഷ്ട്രീയ സാമൂഹിക ചലനങ്ങൾ പ്രവാചകബോധത്തോടെ നിരീക്ഷിക്കുന്ന ദർശനമാണ് ഫാ. അൽവാറീസിനെ പത്രരംഗത്ത് നയിച്ചത്.

സാമൂഹിക നവോത്ഥാനത്തിനും സാംസ്കാരിക അഭ്യുന്നതിക്കുമായി അധികാരികളെ ഭയക്കാത്ത പത്രപ്രവർത്തകനാണ് (Fearless Journalist) അൽവാറീസ് മാർ യൂലിയോസ് എന്ന് പത്രപ്രവർത്തന ചരിത്രത്തിൽ രേഖപ്പെടുത്താം. അംശവടിയും കുരിശും വഹിച്ച കൈകളിൽ അക്ഷരങ്ങളും ആശയങ്ങളും ധീരമായി വിനിമയം ചെയ്തു. സാമൂഹിക-രാഷ്ട്രീയ ചലനങ്ങൾ സസൂക്ഷ്മം അപഗ്രഥിച്ച് ശക്തമായ ഭാഷയിൽ പത്രധർമ്മം നിർവഹിച്ച അദ്ദേഹം ധീര ദേശാഭിമാനിയാണ്.

## IV. മലങ്കര മല്പാന്മാർ

ക്രൈസ്തവ സാഹിത്യ രംഗത്തും പത്രപ്രവർത്തന രംഗത്തും കോനാട്ട് മല്പാന്മാർ പ്രമുഖ സ്ഥാനം വഹിച്ചിട്ടുണ്ട്. മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ നിരവധി ആരാധനക്രമങ്ങൾ മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തിയത് കോനാട്ട് മല്പാന്മാരായിരുന്നു. ഗ്രന്ഥങ്ങൾ പകർത്തി എഴുതുക, സുറിയാനിയിൽ നിന്നും കൃതികൾ ഭാഷാന്തര പ്പെടുത്തുക, വിശ്വാസ പ്രബോധന ഗ്രന്ഥങ്ങൾ രചിക്കുക, ഗ്രന്ഥപ്പുര (Library) ഭദ്രമായി സൂക്ഷിക്കുക എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു കോനാട്ട് മല്പാന്മാരുടെ മാധ്യമ പ്രവർത്തനം.

കോനാട്ട് അബ്രഹാം മല്പാനും (1780–1865), കോനാട്ട് യൂഹാനോൻ മല്പാനും (1809–1890) ആരാധനാ സാഹിത്യ രംഗത്ത് മാത്രമാണ് ശ്രദ്ധിച്ചിരുന്നത്. എന്നാൽ ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോ ലീത്താ (1829–1884) മുതലാണ് പത്രപ്രവർത്തന രംഗത്തേക്ക് വരുന്നത്. മലയാള പത്രപ്രവർത്തന രംഗത്ത് വൃത്താന്ത പത്രങ്ങൾ രംഗത്തെത്തി യതും ഈ കാലഘട്ടത്തിലാണ്. 1879-ൽ പാമ്പാക്കുടയിൽ 'കേരളദീപം' എന്ന പ്രസ്സും പ്രസിദ്ധീകരണശാലയും ആരംഭിച്ചു. വി. കുർബ്ബാന തക്സാ, ആനീദാ എന്നിവ ഇവിടെ നിന്നും പ്രസിദ്ധപ്പെടുത്തി. പിന്നീട് ഈ അച്ചുകൂടം 'മാർ യൂലിയോസ് പ്രസ്സ്' എന്ന് അറിയപ്പെട്ടു.

പത്രപ്രവർത്തന രംഗത്ത് ഏറ്റവും വ്യക്തിമുദ്ര പതിപ്പിച്ചത് കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പായാണ് (1860–1928). അദ്ദേഹം 1891-ൽ പാമ്പാ ക്കുട നിന്നും 'സീമത്ഹായേ' എന്ന സുറിയാനി മാസിക പ്രസിദ്ധീക രിച്ചു. ഭാരതത്തിൽ പ്രസിദ്ധീകരിച്ച പ്രഥമ സുറിയാനി ഭാഷാ മാസിക യാണിത്. സഭാചരിത്രത്തിലോ സാഹിത്യ-പത്രപ്രവർത്തന ചരിത്ര ത്തിലോ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. സുറിയാനി ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി 'ജിവനിക്ഷേപം' മാസിക 1905 മേടം മുതൽ അദ്ദേഹം പ്രസിദ്ധീകരിച്ചു. സുറിയാനി ഭാഷയിലുള്ളതും മലയാളത്തിൽ തർജ്ജിമ ചെയ്തിട്ടില്ലാ ത്തതുമായ കൃതികൾ മലയാളത്തിലാക്കി പ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയാണ് ഈ മാസിക ആരംഭിച്ചത്. മലയാളത്തിലും സുറിയാനി യിലും വ്യുൽപ്പത്തി നേടിയ അദ്ദേഹം 1923 -ൽ പുതിയനിയമം മലയാള ത്തിലേയ്ക്ക് ഭാഷാന്തരപ്പെടുത്തി. 1936-ൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചു.

കോനാട്ട് ഏബ്രഹാം മല്പാനും (1908–1987) ആരാധനാഭാഷ മലയാ ളത്തിൽ ആക്കി സാധാരണക്കാർക്ക് മനസ്സിലാകത്തക്കവിധം പ്രസിദ്ധ പ്പെടുത്തി. മലങ്കര സുറിയാനി സഭയുടെ ആരാധനാ സാഹിത്യം, പത്ര പ്രവർത്തനം, പ്രസിദ്ധീകരണം എന്നിവയിൽ കോനാട്ട് മല്പാന്മാർ ചെയ്ത സേവനം വിലപ്പെട്ടതാണ്. ഇവർ വിവർത്തനം ചെയ്ത ആരാധന

ക്രമങ്ങൾ അന്ത്യോഖ്യൻ പാരമ്പര്യത്തിൽപെട്ടവ ആയിരുന്നു. ഇവ അന്ത്യോഖ്യൻ പാരമ്പര്യം മലങ്കരയിൽ ഉറപ്പിക്കുവാൻ ഇടയാക്കി. എന്നാൽ ഇവയെ പ്രതിരോധിക്കുവാനുള്ള ദർശനവും ആവശ്യവും ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നില്ല.

### 5. ആദ്യകാല മാസികകൾ

മലങ്കരയിലെ സുറിയാനിക്കാരുടെ വിശ്വാസാനുഷ്ഠാനങ്ങളെ റോമൻ കത്തോലിക്കരും നവീകരണക്കാരും അക്ഷരങ്ങളിൽക്കൂടി എതിർത്തപ്പോൾ, 'അക്ഷരങ്ങളിൽക്കൂടിയുള്ള വെല്ലുവിളികൾ അക്ഷരങ്ങളിൽക്കൂടി തന്നെ' നേരിടാൻ സുറിയാനി ക്രിസ്ത്യാനികൾക്കു കഴിഞ്ഞിരുന്നു. സുറിയാനിക്കാരോടുള്ള മിഷനറിമാരുടെ വൈരമാണ് സുറിയാനി ക്രിസ്ത്യാനികളുടെ പത്രപ്രവർത്തനത്തിന് ആരംഭം കുറിച്ചത്. സാമുദായിക പ്രതിബദ്ധതയാണ് ആദ്യകാല പ്രസിദ്ധീകരണ രംഗത്തെ കർമ്മോന്മുഖമാക്കുവാൻ സഹായിച്ച ഘടകം. കാലഘട്ടത്തിനനുസൃതമായി പത്രമാസികകളാരംഭിക്കുന്നതിനും വേദവിപരീതികളെ എതിർക്കുന്നതിനും തൂലിക വിനിയോഗിച്ച സഭാ പ്രസിദ്ധീകരണങ്ങളുടെ സാമുദായിക പ്രതിബദ്ധത അതുല്യമത്രെ.

സി.എം.എസ്. മിഷനറിമാരുടെ കടന്നാക്രമണം കൊണ്ട് സുറിയാനി സഭ ശിഥിലമായി തുടങ്ങിയപ്പോൾ വിശ്വാസ കൂറുള്ളവരെ അരക്കിട്ടുറപ്പിക്കുന്നതിനാണ് പ്രസിദ്ധീകരണങ്ങൾക്ക് ആരംഭമിട്ടത്. സത്യവിശ്വാസം പഠിപ്പിക്കുന്നതിനും വിശ്വാസ വിപരീതികളോട് എതിർക്കുന്നതിനും ശ്രമിച്ച ആദ്യകാല പ്രസിദ്ധീകരണങ്ങൾ പലതും മൺമറഞ്ഞു. ഹ്രസ്വകാലത്തിനുള്ളിൽ ഉദയം ചെയ്ത് ദൗത്യാനന്തരം വിസ്മൃതമായ അവ ചരിത്രകാരന്മാരുടെ അമൂല്യ രത്നങ്ങളാണ്. അക്ഷരങ്ങളുപയോഗിച്ച് എതിരാളികളുടെ നാവിനെ പിഴുതെറിയുവാൻ തക്ക ചങ്കൂറ്റമുള്ള തൂലികാധാരികളും വിമർശകരും ആദ്യകാല സഭാ പ്രസിദ്ധീകരണങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു.

ആദ്യകാലത്ത് പ്രസിദ്ധീകൃതമായ എല്ലാ സഭാമാസികകൾക്കും സഭയോടും ജനങ്ങളോടും പ്രതിബദ്ധതയും കൂറും ഉണ്ടായിരുന്നു. ജനങ്ങളെ സത്യവിശ്വാസം പഠിപ്പിക്കുന്നതിനും പ്രതിയോഗികളെ എതിർക്കുന്നതിനും സഭാപ്രസിദ്ധീകരണങ്ങൾ യത്നിച്ചിരുന്നു. പ്രസിദ്ധീകൃതമായ എല്ലാ സുറിയാനി സഭാ പ്രസിദ്ധീകരണങ്ങൾക്കും അതുല്യമായ സമുദായ പ്രതിബദ്ധത ഉണ്ടായിരുന്നു. സഭാപ്രസിദ്ധീകരണങ്ങളുടെയും അവയുടെ പ്രധാന ചുമതലക്കാരുടെയും പട്ടിക ചുവടെ ചേർക്കുന്നു:

1. കേരളപതാക (1870), 2. ഇടവകപത്രിക (1892), 3. സുറിയാനി സുവിശേഷകൻ (1902) (ഇവ മൂന്നിന്റെയും സ്ഥാപകൻ പുലിക്കോട്ടിൽ

ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ), 4. സഭാകാഹളം (1902: പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ), 5. ജീവനിക്ഷേപം (1905: കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പാ), 6. ആത്മപോഷിണി (1909: ഡീക്കൻ പി. ജോസഫ് കുന്നംകുളം), 7. കാതോലികസഭ (1910: ഫാ. വി. ജെ. മാത്യൂസ് തിരുവനന്തപുരം), 8. വേദാദ്ധ്യാപകൻ (1910: കോട്ടയം), 9. മലയാള വിനോദിനി (1911: ഇ. എം. ഫീലിപ്പോസ് കോട്ടയം), 10. ബഥനി മാസിക (1921: പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ), 11. കഥാകൗമുദി (പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ), 12. സുറിയാനി സഭാ കാഹളം (1922: പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ), 13. സഭാദാസൻ (1926: കോട്ടയം), 14. സുറിയാനി സഭാമാസിക (1927: കോട്ടയം), 15. വൈദികൻ (1929: ഫാ. കെ. വി. വർഗീസ്), 16. ഓർത്തഡോക്സ് സഭ (1938: കെ. ഒ. ഫിലിപ്പ്, തിരുവല്ല), 17. പൗരപ്രഭ (1938: ഇസഡ്. എം. പാറേട്ട്), 18. The Star of the East (1939: Dr. C. T. Eapen, Sasthamkotta, Kollam), 19. ചർച്ച് വീക്കിലി (1946: എൻ. എം. ഏബ്രഹാം), 20. മലങ്കരസഭാ മാസിക (1946: പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ, കോട്ടയം) ... (ലിസ്റ്റ് അപൂർണ്ണം).

ഒരു കാലഘട്ടത്തിന്റെ ശബ്ദമായിരുന്ന ആദ്യകാല പ്രസിദ്ധീകരണങ്ങൾ മിഷൻ ദൗത്യവുമായാണ് രംഗപ്രവേശനം ചെയ്തത്. സത്യവിശ്വാസത്തിന്റെ പൊരുൾ രൂപപ്പെടുത്തി ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനും മൺമറഞ്ഞ സഭാപ്രസിദ്ധീകരണങ്ങൾ പ്രതിജ്ഞാബദ്ധമായിരുന്നു.

**6. ഇന്റർനെറ്റ് സംവേദനം**

വിവര സാങ്കേതിക വിദ്യയുടെ പ്രാരംഭം ടിം ബർനേഴ്സ്-ലീ (Tim Berners-Lee) 1980 മാർച്ച് 13-ന് വേൾഡ് വൈഡ് വെബ് (www) രൂപപ്പെടുത്തിയതോടെയാണ് ആരംഭിച്ചത്. വേൾഡ് വൈഡ് വെബ് സൃഷ്ടിച്ച ഇന്റർനെറ്റിന്റെയും മാധ്യമങ്ങളുടെയും 'ആഗോള ലോകത്ത്' വേണ്ടത്ര സ്വാധീനിക്കുവാൻ മൂന്നു പതിറ്റാണ്ടു കഴിഞ്ഞിട്ടും മലങ്കരസഭയ്ക്ക് സാധിച്ചിട്ടില്ല (1989-2019).

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സ്വന്തമായ വെബ്സൈറ്റ് www.orthodoxsyrianchurch.org എന്ന പേരിൽ 1998 സെപ്റ്റംബർ 15-ന് ആരംഭിച്ചത് ഫാ. ജോൺസൺ പുഞ്ചക്കോണമാണ്. ഇതിന്റെ ഉദ്ഘടനം കോട്ടയം ബസേലിയോസ് കോളജിൽ വച്ച് പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. സഭയെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ ഇന്റർനെറ്റിൽ ആരംഭിക്കുന്നതിനുള്ള സഭയുടെ അംഗീകാരമായിരുന്നു ഇത്. 2002-ൽ ഇത് www.indianchriatianity.org എന്ന പേരിൽ വികസിപ്പിച്ചു. ഏബ്രഹാം ചിറക്കലിന്റെ നേതൃത്വത്തിൽ 2000 നവംബർ

6-ന് ആരംഭിച്ച Indian Orthodox Internet Forum (ICON), ജോൺ കുന്നത്ത് 2003-ൽ ആരംഭിച്ച ഗ്രിഗോറിയൻ സ്റ്റഡി സർക്കിൾ, 2006-ൽ പുനരാരംഭിച്ച മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് ഓൺലൈൻ എഡിഷൻ, ജോയ്സ് തോട്ടയ്ക്കാട് 2007-ൽ ആരംഭിച്ച മാർത്തോമ്മൻ ടി. വി. (www.malankaraorthodox.tv) മലങ്കര ഒർത്തഡോക്സ് സഭ ഔദ്യോഗികമായി 2008-ൽ ആരംഭിച്ച www.malankaraorthodoxchurch.in, പരുമല സെമിനാരിയുടെ ആഭിമുഖ്യത്തിൽ 2008-ൽ ആരംഭിച്ച ഗ്രിഗോറിയൻ റേഡിയോ, ഗ്രിഗോറിയൻ ടി.വി. (www.orthodoxchurch.tv), 2014-ൽ ആരംഭിച്ച www.ovsonline.in, മലങ്കര ഓർത്തഡോക്സ് സഭയുടെ മാധ്യമ സമിതിയുടെ ആഭിമുഖ്യത്തിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ 2018 ജനുവരി 3-ന് ആരംഭിച്ച മലങ്കര ഓർത്തഡോക്സ് ന്യൂസ് ബുള്ളറ്റിൻ (www.moscmedia.com) എന്നിവ സാമൂഹിക മാധ്യമ രംഗത്തെ കാൽവെയ്പുകളാണ്. ഇവ കൂടാതെ സ്ഥാപനങ്ങൾക്കും പള്ളികൾക്കും വ്യക്തികൾക്കും നിരവധി വെബ് പേജുകളുണ്ട്.

അനൗദ്യോഗികമായി നിരവധി വെബ് പേജ് ഫോറങ്ങൾ ശക്തമാണ്. വാട്ട്സാപ്പ് ഗ്രൂപ്പുകൾ ശക്തിപ്പെട്ടതോടെ തത്സമയ ചർച്ചകളും സംവാദങ്ങളും ഗുണപരമായും നിഷേധപരമായും നടക്കുന്നുണ്ട്. എന്നാൽ അവയുടെ ഗുണപരമായ സ്വാധീനം കേന്ദ്രീകൃതമായി വേണ്ടത്ര പ്രതിഫലിക്കുന്നില്ല. സാമൂഹിക മാധ്യമ കൂട്ടായ്മകൾ വിപുലമായതോടെ പൊതുവേദികളിലെ ക്രിയാത്മക സംവാദങ്ങൾ പലതും ശുഷ്ക്കിച്ചു. എന്നാൽ കേന്ദ്രീകൃതമായി സാമൂഹിക മാധ്യമ പ്രവർത്തനങ്ങൾ ഫലപ്രദമായി ക്രോഡീകരിക്കുവാനുള്ള ഒരു സംവിധാനവും ഇല്ല. മലങ്കര സഭയ്ക്ക് നൂതന സംവിധാനങ്ങളോടു കൂടി സാമൂഹിക മാധ്യമങ്ങളിൽ ഇടപെടാനുള്ള സംവിധാനങ്ങൾ സുസജ്ജമാക്കേണ്ട കാലമാണിത്. അതിനുള്ള സംവിധാനങ്ങൾ കേന്ദ്രീകൃതമായി രൂപപ്പെടുത്തുവാൻ കഴിയണം. സ്ഥലകാല പരിധികളെ കീഴടക്കുന്ന സൈബർ ചർച്ചിന്റെ (Cyber Church) സിദ്ധാന്തവും പ്രയോഗവും തിരിച്ചറിയണം.

### 7. മാധ്യമ സംവേദനം

മാധ്യമങ്ങൾ അടിസ്ഥാനമാക്കിയുള്ള സംവേദനശൈലിക്ക് രൂപം നൽകുവാൻ മലങ്കരസഭയ്ക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഒറ്റപ്പെട്ട ചില ശ്രമങ്ങൾ അവിടവിടെ നടന്നിട്ടുണ്ട്. വി. കുർബ്ബാനയുടെ ഓഡിയോ - വീഡിയോ കാസറ്റുകൾ, ആരാധനാ സംഗീത കാസറ്റുകൾ, ആരാധനയെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ, പരുമല തിരുമേനിയെക്കുറിച്ചുള്ള സി.ഡി., ചില മെത്രാപ്പോലീത്താമാരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ തുടങ്ങിയവ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ

മുഖ്യധാരാ മാധ്യമങ്ങളിൽ വേണ്ടത്ര പങ്കാളിത്തം വഹിക്കുവാനോ പരിപാടികളിൽ പങ്കുചേരുവാനോ സാധിച്ചിട്ടില്ല.

മാധ്യമ രംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിവുറ്റ വ്യക്തികളെയും വൈദികരെയും വാർത്തെടുക്കുവാൻ സഭ അടിയന്തരമായി പരിശ്രമിക്കേണ്ടതാണ്. മാധ്യമ രംഗത്ത് പ്രാവീണ്യം തെളിയിച്ചിട്ടുള്ളവരുടെ സേവനം കരാർ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്നതാണ്. മാധ്യമ ബോധനവും പരിശീലനവും നൽകുവാനായി ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ കേന്ദ്ര - ഭദ്രാസന തലങ്ങളിൽ ശ്രദ്ധിക്കണം. കേന്ദ്രീകൃതമായി സഭാ തലത്തിൽ വിവിധ തരത്തിൽപ്പെട്ട സഭാംഗങ്ങൾക്ക് സമ്പൂർണ്ണമായ മാധ്യമ പരിശീലനം നൽകണം. വൈദികർക്കും മെത്രാപ്പോലീത്തന്മാർക്കും ഹ്രസ്വകാല മാധ്യമ അവബോധ പാഠങ്ങൾ അഭ്യസിപ്പിക്കുവാനുള്ള വേദികളും ക്രമീകരിക്കണം.

**ഉപസംഹാരം**

മാധ്യമ രംഗത്ത് മികച്ച ബോധനവും പരിശീലനവും നൽകുവാനുള്ള ഉത്തരവാദിത്വം സഭ ഏറ്റെടുക്കണം. അടുത്ത തലമുറയിലെങ്കിലും മികച്ച മാധ്യമ പ്രവർത്തകരെ വാർത്തെടുക്കുവാനുള്ള സംവിധാനം മലങ്കര സഭയിൽ ഉണ്ടാകണം. മാധ്യമങ്ങൾ വഴിയുള്ള സഭാ ദൗത്യ ശുശ്രൂഷ ഫലപ്രദമായി ആവിഷ്ക്കരിക്കുവാനുള്ള കർമ്മ പദ്ധതികൾക്കും രൂപം നൽകണം.

❑

# യൂണിറ്റ് 4

# സഭയും മാധ്യമങ്ങളും

## പാഠം 1

## ബഹുജന മാധ്യമങ്ങൾ

❑ മുദ്രണ മാധ്യമങ്ങൾ ❑ സംപ്രേക്ഷണ മാധ്യമങ്ങൾ ❑ സംപ്രേഷണ ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ ❑ ബദൽ മാധ്യമങ്ങൾ ❑ ബഹുമുഖ പാരമ്പര്യ മാധ്യമങ്ങൾ ❑ ബഹുജന മാധ്യമ കർത്തവ്യങ്ങൾ

ബഹുജനങ്ങളിലേക്ക് അറിവ്, വിജ്ഞാനം, വിനോദം എന്നിവ വിനിമയം ചെയ്യുന്നവയാണ് ബഹുജന മാധ്യമങ്ങൾ (Mass Media). ഇത് നിരവധി സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ച് ഒരു സന്ദേശം അനേകരിലേക്ക് ഒരേ സമയം സംവേദിപ്പിക്കുന്നു. മാധ്യമം എന്നത് 'സാങ്കേതികത'യാണ് അർത്ഥമാക്കുന്നത്. ഇത് സന്ദേശ വ്യാപനത്തിന്റെ ഉപാധിയാണ്. ഇലക്ട്രോണിക് - വിവര സാങ്കേതിക വിദ്യകളുടെ അഭൂതപൂർവ്വമായ മുന്നേറ്റം ബഹുജന മാധ്യമങ്ങൾക്ക് അന്യാദൃശ്യമായ ശക്തിയും സ്വാധീനവും ലഭ്യമാക്കി.

പതിനാലാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യം വരെയാണ് ബഹുജന മാധ്യമ ഘട്ടത്തിന്റെ വികാസ പരിണാമങ്ങൾ സംഭവിച്ചത്. മാധ്യമങ്ങളുടെ വികസനം ദ്രുതഗതിയിലായിരുന്നു. ഇപ്പോൾ സാങ്കേതികതയുടെ വളർച്ച അനുദിനം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ബഹുജന മാധ്യമ തരംഗത്തെ പ്രധാനമായും ആറ് ഘട്ടങ്ങളായി വിഭജിക്കാം.

ഒന്ന്: മുദ്രണഘട്ടം (1454-1904), രണ്ട്: ടെലിഗ്രാഫ് (1831), ടെലിഫോൺ (1876), ഫോട്ടോഗ്രാഫി (1813) എന്നിവയുടെ വളർച്ചയുടെയും വികസനത്തിന്റെയും ഘട്ടം, മൂന്ന്: റേഡിയോ (1894), സിനിമ (1895), ടെലിവിഷൻ (1884) തുടങ്ങിയ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ ഘട്ടം, നാല്: കമ്പ്യൂട്ടറുകളുടെ ഘട്ടം (1925-1975), അഞ്ച്: ഇന്റർനെറ്റ് വഴിയുള്ള വിവര സാങ്കേതിക വിജ്ഞാന വിതരണത്തിന്റെ ഘട്ടം (1990 - 2005), സാമൂഹിക മാധ്യമങ്ങളുടെ സ്വാധീന ഘട്ടം (2005-2018).

ആധുനിക മാധ്യമങ്ങളെ നയിക്കുന്നതും നിയന്ത്രിക്കുന്നതും കമ്പ്യൂട്ടർ ശൃംഖലകൾ നിറഞ്ഞ ഇന്റർനെറ്റ് സാങ്കേതികതയാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള സംവേദന പ്രക്രിയ ഇപ്പോൾ മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ളതായി തീർന്നു. സിനിമ, റേഡിയോ, ടെലിവിഷൻ,

പത്രം തുടങ്ങിയ ബഹുജന മാധ്യമങ്ങളെ നയിക്കുന്നതും നിയന്ത്രിക്കുന്നതും വിവര സാങ്കേതിക വിദ്യയാണ്. ഇവ പുതുമാധ്യമം (New Media) എന്നറിയപ്പെടുന്നു. ഇവ പാരസ്പര്യ ബന്ധത്തിന്റെയും സംവേദനത്തിന്റെയും പുതിയ മാതൃകയാണ് (interactive media). ഒരു സന്ദേശം ഒരു സമയം അനേകരിലേക്ക് ക്രമീകൃതമായി വിനിമയം ചെയ്യുന്നു. അവ അനേകർക്ക് പകർന്നെടുക്കുവാൻ അവസരവും ലഭിക്കുന്നു. ഇതിൽ പ്രതികരണം, വിനിമയം, പങ്കാളിത്തം എന്നിവ സജീവമായി തീരുന്നു.

'ഒരു കൂട്ടം ആളുകൾ ഒരു സന്ദേശം ഒരു സമയം ക്രമബദ്ധമായി അനേകരിലേക്ക് സംവേദിപ്പിക്കുന്ന പ്രക്രിയയ്ക്കുള്ള ഉപാധിയാണ് ബഹുജനമാധ്യമം' എന്ന് മാധ്യമ ചിന്തകനായ വിൽബർ ഷാം (Wilbur Schramm) നിർവ്വചിക്കുന്നു. ഇതിൽ പരമ്പരാഗത മാധ്യമവും സമൂഹ സംവേദനവും വ്യക്തികൾ തമ്മിലുള്ള വ്യക്ത്യാന്തര സംവേദനവും (Inter Personal Communication) ഉൾക്കൊള്ളുന്നില്ല.

എന്നാൽ മാധ്യമ പഠനത്തിൽ ബഹുജന മാധ്യമങ്ങൾ എന്നത് സർവ്വ പദ സമുച്ചയമാണ് (Collective Phrase). വിവിധങ്ങളായ സംവേദന ശൈലികളെ സംയോജിപ്പിക്കുന്ന പ്രക്രിയയാണ് ബഹുജന മാധ്യമങ്ങൾ. അതിരുകൾ ലംഘിച്ച് ബഹുജനങ്ങളിലേക്ക് സന്ദേശത്തെ സംവേദിപ്പിക്കുവാൻ ഇവയ്ക്ക് കഴിയുന്നു.

ബഹുജന മാധ്യമങ്ങൾക്ക് അനവധി സാങ്കേതികത ആവശ്യമാകുന്നതിനാൽ സാമ്പത്തിക ചെലവ് അമിതമായി ഉണ്ടാകുന്നു. സർക്കാർ, ധനാഢ്യരായ സ്വകാര്യവ്യക്തികൾ, സംഘടനകൾ എന്നിവയാണ് ബഹുജനമാധ്യമങ്ങളുടെ കുത്തക നിലനിർത്തുന്നത്. വിജ്ഞാന - വിനോദ ഉല്പാദനം, ശേഖരണം, വിന്യാസം, വിനിമയം എന്നിവയിൽ പരിശീലനം സിദ്ധിച്ച വിദഗ്ദ്ധർ ഉണ്ടാകണം. ബഹുജന മാധ്യമ സംവേദനത്തിൽ മാധ്യമവും ദാതാവും (Sender) സ്വീകർത്താക്കളിൽ അമിതമായ സ്വാധീനവും പ്രേരണയും ചെലുത്തുന്നതിനാൽ ഏകദിശാ വിനിമയം (One - way) ആയിത്തീരുന്നു. സ്വീകർത്താക്കളുമായുള്ള പാരസ്പര്യ വിനിമയ സാധ്യത ലഭ്യമാകാത്തതിനാൽ അധീശത്വ സ്വഭാവം പുലർത്തുന്നു.

വ്യവസായ വിപ്ലവത്തിന്റെ (Industrial Revolution) അടിസ്ഥാന ഘടകങ്ങളിൽ നിന്നും സ്വാംശീകരിച്ചതാണ് വിവര വിജ്ഞാന സമൂഹത്തിലെ (Information Society) മാതൃകകൾ. വിവര സമൂഹത്തിൽ അറിവിനെ 'വിവരമാക്കി' ഉല്പാദിപ്പിച്ച് വൻ തോതിൽ വിതരണം ചെയ്യുന്ന വ്യവസായമാക്കി തീർത്തു. ലോകത്തെ നിയന്ത്രിക്കുന്നത് ഇത്തരം വ്യവസായത്തിൽ ശക്തി തെളിയിക്കുന്നവരാണ്. വിവര - വിജ്ഞാന - വിനോദങ്ങളെ

ഉല്പന്നങ്ങളാക്കുന്ന പ്രക്രിയയാണ് ബഹുജന മാധ്യമങ്ങളിലുള്ളത്. ബഹുജന മാധ്യമങ്ങളെ അഞ്ച് തരത്തിൽ വിഭജിച്ച് വിശകലനം ചെയ്യാം.

### 1. മുദ്രണ മാധ്യമങ്ങൾ

വൃത്താന്ത-വിജ്ഞാന-വിനോദ-വിനിമയ ദൗത്യമാണ് പത്രമാസികാ മാധ്യമങ്ങളുടെ ലക്ഷ്യം. വർത്തമാന യാഥാർത്ഥ്യങ്ങൾ പത്രമാസികകൾ വിവരണാത്മകമായി പ്രതിഫലിപ്പിക്കുന്നു. വാർത്താ വിതരണ രംഗത്ത് വിവിധ ചാനലുകൾ പോർവിളിക്കുമ്പോഴും പത്രങ്ങൾ വളർച്ചയിൽ കുതിച്ചു കയറുകയാണ്. മുഖ്യധാരാ പത്രങ്ങൾ (Main Stream) സ്വന്തം കക്ഷിക്കാരെ സർക്കാർ രൂപീകരിക്കുവാൻ സഹായിക്കുന്നവരും വൻകിട ബിസിനസ്സുകാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവരുമായിത്തീരുന്നു. സമൂഹത്തിന്റെ രൂപാന്തരീകരണത്തിനോ (Social Transformation) മനുഷ്യരുടെ സമഗ്രമായ വികസനത്തിനോ ലക്ഷ്യമിടാതെ, സമൂഹത്തിന്റെ തൽസ്ഥിതി (Status quo) സംരക്ഷിക്കുന്നതിന് ഇഷ്ടപ്പെടുന്നു. ഇവർ വൻകിട വ്യവസായം പത്രശൃംഖലകൾ വഴി വിറ്റഴിക്കപ്പെടുന്നതിനുള്ള ലാഭക്കണ്ണുള്ളവരത്രേ. പത്രരംഗത്തെ ഇത്തരം പാശ്ചാത്യ സമീപനത്തെ (Western approach) വികസനോന്മുഖ (Development journalists) മാധ്യമ പ്രവർത്തകർ നിഷേധിക്കുന്നു.

പത്രസംസ്ക്കാരത്തെ വൃത്താന്ത വ്യവസായമാക്കുന്നതിൽ (Information industry) സാമുദായികവും രാഷ്ട്രീയവുമായ പക്ഷംചേരൽ നിർണ്ണായക പങ്കു വഹിക്കുന്നു. സമൂഹത്തോട് ശുശ്രൂഷയും പ്രതിബദ്ധതയും പുലർത്തേണ്ട പത്രധർമ്മം വാണിജ്യവല്ക്കരിക്കപ്പെടുന്നു. പത്ര പൊയ്മുഖങ്ങൾ വഴി ജനാധിപത്യ പ്രക്രിയയുടെ തൂണുകൾ പിഴുതെറിയുന്ന പത്ര മുതലാളിമാർ വിശ്വാസ്യതയുള്ള വാർത്തകളും വിശകലനങ്ങളും മറച്ചുപിടിക്കുന്നു. സ്വന്തം നേതാക്കളെ പ്രസാദിപ്പിച്ച് ലാഭം കൊയ്യുന്ന പത്ര മാതൃകകൾ സൃഷ്ടിക്കുന്നു.

വിശ്വാസ്യത (credibility) പത്രധർമ്മത്തിന്റെ ജീവരക്തമാണ്. ഇത് പത്രഭാഷയിൽ നിന്നും പടിയിറങ്ങി. സംവേദനത്തിൽ സ്വതന്ത്രവും നീതിപൂർവ്വവുമായ വൃത്താന്തങ്ങൾ അന്യമാകുന്നു. വർത്തമാന സംഭവങ്ങളുടെ സത്യം തിരിച്ചറിയുവാൻ ഇപ്പോൾ 'ബദൽ മാധ്യമങ്ങൾ' അന്വേഷിക്കേണ്ടി വരുന്നു.

### 2. സംപ്രേക്ഷണ ശ്രാവ്യ മാധ്യമങ്ങൾ

സംപ്രേക്ഷണ ശ്രാവ്യ മാധ്യമങ്ങളിൽ പ്രമുഖമായത് റേഡിയോയാണ്. ഓഡിയോ കാസറ്റുകളും, കോംപാക്റ്റ് ഡിസ്ക്കുകളും ഇതിൽപ്പെടും. ഏറ്റവും കൂടുതൽ പ്രചരിച്ച ജനകീയ ബഹുജന മാധ്യമമാണ്

റേഡിയോ. വികസ്വര രാജ്യങ്ങളിൽ സാധാരണക്കാർക്ക് ഏറ്റവും ചുരുങ്ങിയ ചെലവിൽ ലഭ്യമാകുന്ന മാധ്യമമാണിത്. വിവരങ്ങൾ കേൾക്കുവാൻ റേഡിയോ സൗകര്യാർത്ഥം എവിടേയും കൊണ്ടുപോകാം. വാമൊഴി രൂപങ്ങൾക്കും സംഗീത ശില്പങ്ങൾക്കുമാണ് റേഡിയോയിൽ പ്രമുഖ സ്ഥാനമുള്ളത്. സംഗീത പരിപാടികൾ അധികവും ചലച്ചിത്രത്തിൽ അധിഷ്ഠിതമായിട്ടുള്ളതാണ്. ഭക്തിഗാനങ്ങളും, ദേശഭക്തിഗാനങ്ങളും ഉൾപ്പെടുത്താറുണ്ട്.

റേഡിയോ വാർത്തകളിൽ 85% വും രാഷ്ട്രീയ വാർത്തകളാണ്. ഇതിൽ വാർത്തയ്ക്ക് നല്കുന്ന സ്ഥാനം, ദൈർഘ്യം, വീക്ഷണം എന്നിവയിൽ ഭരിക്കുന്ന സർക്കാരിന് അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നത്. മിഥ്യാ വാർത്തകളും വാർത്താ തമസ്ക്കരണവും ഉണ്ടാകുന്നു. ഭരണകൂടത്തിന് അനുകൂലമായ വാർത്തകളാണ് റേഡിയോ ക്രോഡീകരിക്കുന്നത്. രാഷ്ട്രീയ താല്പര്യങ്ങളും സർക്കാർ കൃത്യനിർവ്വഹണങ്ങളും സംരക്ഷിക്കുന്നതിനാൽ റേഡിയോയിൽ പൊതുജന പ്രശ്നങ്ങൾ വേണ്ടവിധം അവതരിപ്പിക്കുവാൻ പദ്ധതികൾ ഇല്ല.

### 3. സംപ്രേക്ഷണ ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ

ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളിൽ പ്രധാനപ്പെട്ടവയാണ് ടെലിവിഷൻ, സിനിമ എന്നിവ. ഒരു സ്ഥലത്തു നിന്നും ദൃശ്യങ്ങളും ശബ്ദങ്ങളും തത്സമയത്തു തന്നെ മറ്റൊരു സ്ഥലത്തേയ്ക്ക് അവതരിപ്പിക്കുവാനുള്ള ഉപാധിയാണ് ടെലിവിഷൻ. കാല-ദേശ അതിരുകൾ ലംഘിച്ച് സന്ദേശങ്ങൾ ഇതു വഴി വിനിമയം ചെയ്യുവാൻ കഴിയും. ടെലിവിഷൻ പരിപാടികൾ നിർമ്മിക്കുന്നതിന് ഭാരിച്ച സാമ്പത്തിക ചെലവുണ്ട്. വിവിധ ചാനലുകളും ദിവസം മുഴുവൻ പരിപാടികളും ആകുമ്പോൾ പലതും ഇറക്കുമതി ചെയ്യപ്പെടണം. ടെലിവിഷൻ പരിപാടികളിൽ 70% വും ഇപ്പോൾ പ്രാദേശികമായി രൂപശില്പം ചെയ്യുന്നവയല്ല. വിദേശങ്ങളിൽ നിന്നും വിവിധ ചാനലുകളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. വികസിത രാജ്യങ്ങളുടെ നിയന്ത്രണവും വിനിമയ സമ്പ്രദായങ്ങളുമാണ് നമ്മുടെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെ കീഴടക്കുന്നത്. സിനിമ-വീഡിയോ രംഗത്തും ഈ പ്രവണത കുതിച്ചുയരുകയാണ്. ബഹുജന മാധ്യമങ്ങളുടെ ഉള്ളടക്കം, സന്ദേശം, അവതരണം, മൂല്യങ്ങൾ എന്നിവയിൽ പ്രാദേശിക സ്വഭാവം നഷ്ടപ്പെടുന്നു. വിദേശ സംസ്ക്കാരത്തിന്റേയും സന്ദേശത്തിന്റേയും അധിനിവേശമാണ് മാധ്യമങ്ങളെ വേട്ടയാടുന്നത്. സാംസ്ക്കാരിക അധഃപതനത്തിന്റെ ഉപാധികളായി ഇവ പരിണമിക്കുന്നു.

### 4. ബദൽ മാധ്യമങ്ങൾ

മുഖ്യധാരാ മാധ്യമത്തിനും സംവേദനത്തിനുമുള്ള ബദൽ സംവേദന മാതൃകയാണിത്. ഇത് പ്രതി മാധ്യമങ്ങളാണ്. ബഹുജന മാധ്യമങ്ങളുടെ ചൂഷണം, പക്ഷപാതം, അധീശത്വസ്വഭാവം എന്നിവയ്ക്ക് എതിരെ ജനങ്ങളെ ബോധവൽക്കരിക്കുകയും സംവേദനത്തെ ജനകീയമാക്കുകയും ചെയ്യുന്ന പ്രവണതയാണ് ബദൽ മാധ്യമങ്ങൾ. ഇതിന് നിലവിലുള്ള ബഹുജന മാധ്യമങ്ങളാണ് ഉപയോഗിക്കുന്നത്. ഒപ്പം, നാടകം, നൃത്തം, തെരുക്കൂത്ത്, പാവകളി, ലഘുചലച്ചിത്രം, വീഡിയോ, ചിത്രകഥ, വാർത്താപത്രിക, ലഘുലേഖ, ചുവരെഴുത്ത്, പരമ്പരാഗത മാധ്യമങ്ങൾ എന്നിവ ബദൽ സംവേദന ഉപാധികളാണ്.

ബദൽ മാധ്യമങ്ങൾ സംവേദിപ്പിക്കുന്നത് ബദൽ സന്ദേശമായിരിക്കും. ബഹുജന മാധ്യമങ്ങൾ നല്കുന്നതിന്റെ ബദൽ സന്ദേശമായിരിക്കും ഇത്. വികസനവും ജനകീയതയും ഉൾക്കൊള്ളുന്ന സന്ദേശങ്ങൾ വിമർശനാത്മകവും ജനനന്മ ലക്ഷ്യമാക്കിയതുമാകും. പാശ്ചാത്യ സംസ്ക്കാരത്തിന് ബദൽ പാഠങ്ങൾ നല്കുവാൻ മുഖ്യധാരാ ബഹുജന മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും.

### 5. സാമൂഹിക മാധ്യമങ്ങൾ

ബഹുജന മാധ്യമങ്ങൾ സംവേദനത്തിൽ ഏകദിശാപരം എന്ന ആക്ഷേപം ബഹുമുഖ (Multi - Media) മാധ്യമങ്ങളുടെ വരവോടെ അപ്രത്യക്ഷമായി. വിവര വിനിമയ സാങ്കേതികതയിൽ രൂപപ്പെട്ട അത്യാധുനിക മാധ്യമങ്ങളാണ് പാരസ്പര്യ മാധ്യമങ്ങൾ. ഇതിനെ ബഹുമുഖ മാധ്യമങ്ങൾ, നവ മാധ്യമങ്ങൾ എന്നും സാമൂഹിക മാധ്യമങ്ങളെന്നും പറയുന്നു. കമ്പ്യൂട്ടർ-ഇന്റർനെറ്റ് അധിഷ്ഠിതമായ മാധ്യമങ്ങളിൽ 24 മണിക്കൂറും വിവര-വിജ്ഞാന-വിനോദങ്ങളുടെ ഒഴുക്കാണ്. ഇവ ആവശ്യാനുസൃതം പകർന്നെടുക്കുവാൻ സ്വീകർത്താക്കൾക്ക് കഴിയും.

മാധ്യമവും സ്വീകർത്താവും തമ്മിലുള്ള പാരസ്പര്യതയാണ് ബഹുമുഖ മാധ്യമങ്ങളിൽ സംവേദനത്തെ നയിക്കുന്നതും നിയന്ത്രിക്കുന്നതും. സ്വീകർത്താവിന്റെ അഭീഷ്ടത്തിന് അനുസൃതമായി വിഭവങ്ങൾ തിരഞ്ഞെടുക്കുവാൻ ബഹുമുഖ മാധ്യമങ്ങൾ വഴി സാധിക്കുന്നു. ഇവിടെ മനുഷ്യനും മാധ്യമവും തമ്മിലുള്ള ബന്ധവും സംവേദനവുമാണുള്ളത്. മാധ്യങ്ങൾ അറിവിന്റെ അതിരുകളില്ലാത്ത ലോകം തുറക്കുകയാണ്. ലോകത്തിന്റെ ഏതു കോണിലായാലും മനുഷ്യർക്കു പരസ്പരം ചർച്ചകളും വാദപ്രതിവാദങ്ങളും മുഖാമുഖം നടത്തുവാൻ സാമൂഹിക മാധ്യമങ്ങൾ സഹായിക്കുന്നു.

## 6. ബഹുജന മാധ്യമ കർത്തവ്യങ്ങൾ

സമൂഹത്തിൽ മാധ്യമങ്ങൾക്കു ശക്തി വർദ്ധിക്കുകയാണ്. മനുഷ്യർ തമ്മിലുള്ള സംവേദന പ്രക്രിയ ഇപ്പോൾ മാധ്യമങ്ങൾ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. മാധ്യമങ്ങളെ നാലാം എസ്റ്റേറ്റ് (Fourth estate) ആയി ചിത്രീകരിക്കുന്നു. ജുഡീഷറി, എക്സിക്യൂട്ടീവ്, ലെജിസ്ലേറ്റീവ് എന്നിവയ്ക്ക് ഒപ്പം പൊതുജനങ്ങളോട് ഉത്തരവാദിത്തം മാധ്യമങ്ങൾക്ക് ഉണ്ട്. പൊതുതാല്പര്യങ്ങൾ സംബന്ധിച്ച് പൂർണ്ണവും കൃത്യവുമായ വിവരണങ്ങളും ദൃശ്യങ്ങളുമാണ് മാധ്യമങ്ങൾ പങ്കിടേണ്ടത്.

ബഹുജന മാധ്യമങ്ങൾ പാശ്ചാത്യ മാധ്യമ സിദ്ധാന്തപ്രകാരം സാഹചര്യങ്ങളെക്കുറിച്ചുള്ള പര്യവേഷണം, വൃത്താന്തത്തിന്റെ വ്യാഖ്യാനവും നിർവ്വഹണവും, പാരമ്പര്യത്തിന്റെ വിനിമയം എന്നീ ചുമതലകൾ നിർവ്വഹിക്കണം. യൂറോപ്പ് - അമേരിക്കൻ മാധ്യമ സിദ്ധാന്തപ്രകാരം (Euro - American Media Theory) വികസനം, വിമോചനം, ശക്തീകരണം എന്നിവയിൽ കേന്ദ്രീകരിച്ചുള്ള കർത്തവ്യങ്ങളാണ് വിശദീകരിക്കുന്നത്. ദക്ഷിണ അമേരിക്കൻ ചിന്തയിൽ വിമോചന ദർശനവും, ആഫ്രിക്കൻ - ഏഷ്യൻ ദർശനങ്ങളിൽ ദേശീയ വികസനവും (National Development) ബഹുജന മാധ്യമങ്ങളുടെ ചുമതലയിൽപെടുന്നു.

സാമൂഹിക പരിവർത്തനത്തിനും ശക്തീകരണത്തിനും ഉപാധികളായി തീരുവാൻ കഴിയുന്ന ബഹുജന മാധ്യമങ്ങളെക്കുറിച്ചുള്ള ദർശനവും സിദ്ധാന്തവും ഇന്ത്യൻ സാഹചര്യത്തിൽ രൂപപ്പെടുത്തണം. പുത്തൻ മാധ്യമ ഉൾക്കാഴ്ച്ചയിലൂടെ ഇത്തരം പഠനങ്ങൾ രൂപശില്പം ചെയ്യുവാൻ കഴിയും. മാധ്യമങ്ങളുടെ ചാലകത്വവും ശക്തീകരണവും തിരിച്ചറിയുവാനും അവ സമൂഹത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുവാനായി പ്രായോഗിക സമീപനങ്ങൾ വളർത്തുവാനും സാധിക്കണം.

വിനോദത്തിന് പ്രാധാന്യം നൽകുന്ന പരിപാടികളും സമ്പ്രദായങ്ങളുമാണ് മാധ്യമങ്ങൾ ആവിഷ്ക്കരിക്കുന്നത്. ഇപ്പോൾ ചലച്ചിത്രാധിഷ്ഠിത പരിപാടികൾക്കും പരസ്യ വിനിമയത്തിനുമാണ് പ്രാധാന്യം. ധനം (money), ലൈംഗികത (Sex), കുറ്റകൃത്യം (crime) എന്നിവയിൽ കേന്ദ്രീകരിച്ചാണ് മാധ്യമ വിഭവങ്ങൾ രൂപശില്പം ചെയ്യുന്നത്.

മാധ്യമങ്ങൾ സമൂഹത്തിലെ മധ്യവർത്തികളെയും വരേണ്യവർഗ്ഗത്തെയും ലക്ഷ്യമിടുന്നു. ദരിദ്രർ, ദലിതർ, ആദിവാസികൾ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട ജനത ഒരിക്കലും മാധ്യമങ്ങളിൽ ദൃശ്യവൽക്കരിക്കാറില്ല. അതിനാൽ മാധ്യമങ്ങൾ വരേണ്യവർഗ്ഗത്തിന്റേതാകുന്നു. അവരുടെ അഭിരുചികൾക്കനുസൃതമായ പദ്ധതികളാണ് ബഹുജന മാധ്യമങ്ങൾ പങ്കിടുന്നത്. സാധാരണക്കാരായ പ്രേക്ഷകരും ശ്രോതാക്കളും

മാധ്യമങ്ങളിൽ നിർവഹിക്കുന്ന ഇത്തരം സമീപനങ്ങളെ തിരിച്ചറിയേണ്ട താണ്.

## 7. ബഹുജന മാധ്യമങ്ങൾ: മാറിവരുന്ന മാതൃകകൾ

ബഹുജന മാധ്യമങ്ങൾ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ഇൻഫർമേഷൻ സൂപ്പർ പവ്വറിലേക്ക് സംവേദനം കുതിക്കുകയാണ്. ആണവ ശാസ്ത്രം, മിസൈൽ സാങ്കേതിക വിദ്യ, ജനിതക എൻജിനീ യറിംഗ്, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എന്നിവയിലാണ് പുരോഗതി. വിദൂര സംവേദന ഉപഗ്രഹങ്ങളും തീവ്രവേഗതയും വൈവിധ്യവുമുള്ള കമ്പ്യൂ ട്ടറുകളും സമയം, ദൂരം എന്നിവയെ അതിജീവിക്കുന്നു. രാജ്യങ്ങൾ തമ്മി ലുള്ള അകലം കുറഞ്ഞു. ആഗോളവൽക്കരണത്തിന്റെ ഭാഗമായി, ആഗോള വിപണി (Global Market) സൃഷ്ടിച്ച് ഇൻഫർമേഷൻ ടെക്നോ ളജി 'പുതിയ ആകാശവും പുതിയ സ്ക്രീനും' ശക്തമായി തുറക്കുക യാണ്. ദ്രുതമാകുന്ന ജനസംഖ്യാ നിരക്ക്, ഉയർന്ന നിരക്ഷരത, വൈവിധ്യ മുള്ള ഭാഷാ-സംസ്കാരം, വിട്ടുമാറാത്ത ദാരിദ്രം എന്നിവ ഗ്രാമീണരിൽ ഭീതി പരത്തുമ്പോഴും നഗരങ്ങളിൽ വികസനത്തിന്റെ മറവിൽ ഇൻഫർ മേഷൻ ടെക്നോളജി തഴച്ചു വളരുന്നു. അതിനാൽ ബഹുജന മാധ്യമ ങ്ങൾ ഉയർത്തുന്ന ചില പുത്തൻ പ്രവണതകൾ താഴെപ്പറയുന്നവയാണ്:

### 1. സംവേദന വ്യവസായം

രാഷ്ട്രങ്ങൾ 'വ്യാപാരം' അടിസ്ഥാനമാക്കി സമ്പദ്ഘടന നിർണ്ണയി ച്ചെങ്കിൽ ഇന്ന് 'വിവര-വിനോദ' ഉല്പന്നങ്ങൾ കേന്ദ്രീകരിച്ചാണ് സമ്പദ് വ്യവസ്ഥ നിശ്ചയിക്കുന്നത്. സംവേദനം വ്യവസായമായിത്തീർന്നു. സംവേദനത്തിലെ വ്യവസായവൽക്കരണം നഗരങ്ങളും ഗ്രാമങ്ങളും തമ്മിലും വിവിധ രാഷ്ട്രങ്ങൾ തമ്മിലും വൈവിധ്യം സൃഷ്ടിച്ചു. വാർത്താ വിതരണം സാംസ്കാരികമായ പക്ഷപാതങ്ങൾക്ക് വിധേയമായി. വാർ ത്തകളും ദൃശ്യങ്ങളും വിദേശ താൽപര്യങ്ങളും യാഥാർത്ഥ്യങ്ങളും മാത്ര മായി തീർന്നു. സംവേദന വ്യവസായത്തിൽ ഉത്തരവാദിത്വത്തോടും ജനാ ധിപത്യ വീക്ഷണത്തോടുമുള്ള സമീപനം നഷ്ടമാകുന്നു.

### 2. ദൃശ്യവൽക്കരണം

ബഹുജന മാധ്യമങ്ങളിൽ ദൃശ്യ - ശ്രാവ്യ സംവിധാനങ്ങളുള്ളവ സമൂ ഹത്തിൽ പ്രാധാന്യം നേടി. ദൃശ്യവും സൗന്ദര്യവും മാധ്യമങ്ങളിൽ സ്ഥാനം പിടിച്ചു. വൃത്താന്ത വിവരണങ്ങൾക്ക് അഴകും അർത്ഥവും നൽ കുവാൻ കഴിയുന്ന ദൃശ്യങ്ങൾ സമാഹരിക്കുന്നതും വിപണനം ചെയ്യു ന്നതും പ്രത്യേക മേഖലയായി വളർന്നു. സിനിമ-ടെലിവിഷൻ സ്ക്രീനു കളിൽ സ്ത്രീ ശരീരം ക്യാമറാക്കണ്ണുകൾ കൗശലപൂർവ്വം ചൂഷണം

ചെയ്ത് ദൃശ്യമാക്കുന്നു. മാനുഷിക ദൗർബല്യം, ഹാസ്യാത്മകത, ലൈംഗിക ചോദന എന്നിവ ബഹുജന മാധ്യമങ്ങളിൽ ദൃശ്യവൽക്കരിക്കുന്നു. ഇവ മിക്കപ്പോഴും ജനങ്ങൾ പരിശീലിച്ച ധാർമ്മിക - സാംസ്കാരിക മൂല്യങ്ങളുമായി പൊരുത്തപ്പെടാറില്ല. ധർമ്മത്തിനും നീതിക്കും നിരക്കാത്തതാണ് മാധ്യമ ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്നത്.

### 3 വാർത്താ വിതരണത്തിലെ കുത്തക

വാർത്താ വിഭവ സമാഹരണവും വിതരണവും ഇന്ന് ഏകോപിപ്പിച്ച് നിർവ്വഹിക്കുവാൻ കഴിയുന്നു. അന്താരാഷ്ട്രാ വാർത്താ ഏജൻസികളുടെ സുസംഘടിതമായ വാർത്താവിനിമയ ശൃംഖല ഈ രംഗത്ത് ആധിപത്യം പുലർത്തുകയാണ്. വാർത്താ ശേഖരണ - സംസ്കരണ - വിതരണ രംഗത്ത് ബ്രിട്ടനിലെ റോയിട്ടർ, അമേരിക്കൻ ഏജൻസികളായ അസോസിയേറ്റഡ് പ്രസ്സ് (AP) യുണൈറ്റഡ് പ്രസ്സ് ഇന്റർനാഷണൽ (UPI) ഫ്രാൻസിലെ എ.എഫ്.പി. എന്നിവയാണ് കുത്തക നിലനിർത്തുന്നത്. കൂടുതൽ ഉല്പന്നം (Mass Production) കൂടുതൽ വിതരണം (Mass Distribution) എന്നിവ ലക്ഷ്യമാക്കുന്ന വികസിത രാജ്യങ്ങളിൽ നിന്നും വാർത്തകൾ ദരിദ്ര രാജ്യങ്ങളിലേക്ക് പ്രവഹിക്കുകയാണ്. എന്നാൽ ചെറിയ വാർത്താ ഏജൻസികളിൽ നിന്നും വലിയ ഏജൻസികളിലേക്ക് വാർത്തകളും ദൃശ്യങ്ങളും പ്രവഹിക്കാറില്ല. വാർത്താ വിതരണത്തിൽ നിലനിൽക്കുന്നത് വിദേശ കുത്തക മനോഭാവമാണ്.

### 4. വിവര സാങ്കേതികതയുടെ സംയോജനം

വിവര വിതരണത്തിൽ പുതിയ ലോകം തുറന്നിരിക്കുകയാണ്. ഡിജിറ്റൽ കമ്പ്യൂട്ടറിന്റെ വരവ് വിവര വിസ്ഫോടനം (Information explosion) സാധ്യമാക്കി. വിവരങ്ങളുടെയും വാർത്തകളുടെയും വിപുലമായ ശേഖരവുമായി ആർക്കും അതിവേഗം സംവേദനം ചെയ്യാം. വിവിധ സാങ്കേതികതയുടെ സംയോജനമാണ് വിവര വിപ്ലവം സൃഷ്ടിക്കുന്നത്. വാർത്താ വിനിമയങ്ങൾ യന്ത്രങ്ങൾ സ്വയമായി നിർവ്വഹിക്കുവാൻ തക്ക സാങ്കേതിക ജ്ഞാനവും ആർജ്ജിച്ചു കഴിഞ്ഞു. ബിഗ് ഡേറ്റ (Big data), നിർമ്മിത ബുദ്ധി (artificial intelligence), സൈബർ സെക്യൂരിറ്റി, വെർചൽ അസിസ്റ്റന്റ് തുടങ്ങിയ നവീന സങ്കേതങ്ങൾ വിവര സാങ്കേതികതയിലെ പുത്തൻ സംരംഭങ്ങളാണ്.

### 5. ബഹുരാഷ്ട്രവൽക്കരണം

ആഗോള തലത്തിൽ സംവേദനത്തിന്റെ ഉടമസ്ഥാവകാശം വളരെ ന്യൂനപക്ഷത്തിന്റെ അധീനതയിൽ ആയിത്തീരുന്നു. ബഹുരാഷ്ട്ര കുത്തകകൾ സംവേദനത്തെ നിയന്ത്രിക്കുന്നു. വിവിധ മാധ്യമ സ്ഥാപനങ്ങൾ

തമ്മിലുള്ള സമന്വയം, സംവേദനത്തെ നിയന്ത്രിക്കുന്ന ബഹുരാഷ്ട്ര സംഘടനകൾ, വ്യവസായങ്ങൾ എന്നിവ മാധ്യമ സംവേദന പ്രക്രിയയെ ബഹുരാഷ്ട്രവൽക്കരിക്കുന്നു. ആഗോള കമ്പോളങ്ങളിലെ മൂലധന പ്രവാഹത്തിലുള്ള വ്യതിയാനം, സാങ്കേതിക മേഖലയിലുള്ള പുത്തൻ വികസനം എന്നിവ ബഹുരാഷ്ട്ര കുത്തകയെ വളർത്തുകയും സംയോജിപ്പിക്കുകയും ചെയ്യുന്നു. സംവേദനത്തിന് വ്യവസായ സ്വഭാവം ലഭ്യമായതാണ് ബഹുരാഷ്ട്രവൽക്കരണത്തിന് ഇടയാക്കിയത്.

### 8. മാധ്യമ സ്വാധീന ഘട്ടങ്ങൾ

സാമൂഹിക ജീവിതത്തിൽ ബഹുജന മാധ്യമങ്ങൾ വരുത്തുന്ന നൂതനമായ പരിവർത്തനഘട്ടത്തെക്കുറിച്ച് എവററ്റ് റോജേഴ്സൺ (Everett Rogers) 1950-ൽ നടത്തിയ പഠനം വളരെ ശ്രദ്ധേയമാണ്. സ്വാധീനത്തിന്റെ അഞ്ച് ഘട്ടങ്ങൾ അദ്ദേഹം വ്യക്തമാക്കുന്നു.

#### 1. അവബോധ ഘട്ടം (Awareness Stage)

വ്യക്തികൾക്ക് പുതിയ ഫാഷനെക്കുറിച്ച് വിവര വിജ്ഞാന അവബോധം നൽകുന്നത് മാധ്യമങ്ങളാണ്. പ്രത്യേകിച്ച് ടെലിവിഷനിൽ എത്തുന്ന പരസ്യങ്ങൾ. പത്ര മാസികകളും പുതിയ ഉല്പന്നങ്ങൾ പൊതുവേദിയിൽ അണിയിച്ചൊരുക്കുന്നു. കൗമാര-യൗവന പ്രായക്കാർ ഏറ്റവും അധികം വീക്ഷിക്കുന്നതും മാധ്യമ പരസ്യങ്ങളാണ്. ഇപ്പോൾ ടെലിവിഷൻ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളേക്കാൾ അധികം ജനശ്രദ്ധയാകർഷിക്കുന്നതും ഹരം പകരുന്നതും പരസ്യങ്ങൾക്കാണ്. ഇതിന്റെ സ്വാധീനം വ്യക്തികളിൽ അലിഞ്ഞുചേരുന്നു. വ്യക്തിജീവിതത്തിലൂടെയാണ് ഈ അവബോധവും സ്വാധീനവും സമൂഹത്തിലേക്ക് വ്യാപിക്കുന്നത്.

#### 2. പ്രതിപത്തി ഘട്ടം (Interest Stage)

ബഹുജന മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഫാഷനോടോ പുതിയ ഉൽപ്പന്നത്തോടോ ശ്രദ്ധിക്കുന്നവർക്കതിൽ താല്പര്യം ജനിച്ചാൽ കൂടുതൽ അന്വേഷിക്കും. ഇത് എന്താണ്? എങ്ങനെയാണ്? തുടങ്ങിയ ചോദ്യങ്ങൾ മനസ്സിൽ ഉയരുമ്പോൾ കൂടുതൽ അന്വേഷണത്തിനായി വ്യഗ്രത കാട്ടും. മാധ്യമങ്ങളിൽ നിന്ന് മാധ്യമങ്ങളിലേക്ക് ആ തിരച്ചിൽ നീങ്ങും. എങ്ങനെയും മാധ്യമ ഉല്പന്നങ്ങളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കണമെന്ന ചിന്ത മനസ്സിനെ നയിക്കുകയും അതിനോടു പ്രതിപത്തി വളർത്തിയെടുക്കുകയും ചെയ്യും.

#### 3. മൂല്യ നിർണ്ണയ ഘട്ടം (Evaluation Stage)

മാനസിക താല്പര്യം പുതിയ ഫാഷനോടോ മാധ്യമ ഉല്പന്നങ്ങളോടോ ഉണ്ടായാൽ അതിനെക്കുറിച്ച് മാത്രമാകും ചിന്ത. അതു

സ്വീകരിച്ചാൽ എങ്ങനെ ഇരിക്കും. അതിനു എത്ര മാത്രം നിലവാരം ഉണ്ടാകും. എന്നിങ്ങനെ ഇവയുടെ വിവിധ വശങ്ങൾ വിലയിരുത്തും. അതുവരെ പ്രചാരം നേടിയ മറ്റു ഫാഷനുകളുമായി താരതമ്യം ചെയ്ത് മെച്ചമായത് കണ്ടുപിടിക്കുകയും ചെയ്യും. ഇവയുടെ മൂല്യം സ്വയം നിർണ്ണയിക്കും. എന്നാൽ അതിന്റെ ഏറ്റക്കുറച്ചിൽ ഓരോരുത്തരുടേയും മാനസിക ഭാവം അനുസരിച്ചിരിക്കും. ഇതിന് ദീർഘമായ സമയം ആവശ്യമില്ല.

### 4. പരീക്ഷണ ഘട്ടം (Trial Stage)

വ്യക്തികളെ മാധ്യമ ഉല്പന്നങ്ങൾ ഹഠാദാകർഷിക്കുമ്പോൾ അതൊന്നു പരീക്ഷിക്കുവാൻ ശ്രമിക്കും. ആദ്യം ഒരു സാമ്പിൾ മാത്രം സ്വീകരിക്കും. അതിന്റെ ഗുണ നിലവാരം അഥവാ ചേർച്ച എത്ര മാത്രം ഉണ്ടെന്ന് മനസ്സിലാക്കുവാൻ ശ്രമിക്കും. മിക്കപ്പോഴും ഇതിന്റെ പ്രതികരണം സുഹൃത്തുകളിൽ നിന്നുമാകും ലഭ്യമാകുക. പുതിയ ഫാഷൻ അവതരിപ്പിച്ചാലുടൻ സഹയാത്രികരുടെ കമന്റ് ലഭിക്കും. അത് നിഷേധപരമാണെങ്കിലും അതിലുറച്ച് നിൽക്കുവാൻ പ്രേരിപ്പിക്കും. മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന സംസ്കാരം ജീവിതത്തിൽ പരീക്ഷിക്കുവാൻ ശ്രമിക്കുമ്പോൾ വ്യത്യസ്തങ്ങളായ പ്രതികരണങ്ങൾ ഉണ്ടാകും. എന്നാൽ മാധ്യമ സ്വാധീനം ശക്തിപ്പെടുമ്പോൾ അവ ധൈര്യപൂർവ്വം ഉൾക്കൊള്ളും.

### 5. ദത്തെടുക്കൽ ഘട്ടം (Adoption Stage)

പുതിയ മാധ്യമ വിഭവങ്ങൾ മനസ്സിനിണങ്ങിയാൽ തുടർച്ചയായി ഉപയോഗിക്കുവാൻ നിർബന്ധിതമാകും. ഇത് ജീവിത ശൈലിയായി മാറും. മാധ്യമങ്ങളുടെ വൈവിധ്യവും മത്സരവും അനുദിനം നൂതന പ്രവണതകളെ ഉൾക്കൊള്ളാൻ പ്രേരിപ്പിക്കും. ഇതറിയാവുന്ന പരസ്യക്കാർ നൂതനത്വം ആവിഷ്ക്കരിച്ച് മാധ്യമങ്ങൾക്ക് നൽകുമ്പോൾ കൊച്ചു ഗ്രാമങ്ങളിൽ പ്രതിഫലിക്കുന്നത് നാഗരിക സംസ്കാരമാകും.

### 9. ഉപസംഹാരം

ബഹുജന മാധ്യമങ്ങളുടെ ശക്തിയും സ്വാധീനവും മാനവ നന്മയ്ക്കും പുരോഗതിക്കുമായി ഉപയോഗിക്കുവാൻ കഴിയണം. മാധ്യമങ്ങളിലെ പാശ്ചാത്യ സംസ്കാരവും മൂല്യവിഭവവും വ്യക്തിത്വങ്ങൾ വികൃതമാക്കുകയും സാംസ്ക്കാരിക അധഃപതനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ബഹുജന മാധ്യമങ്ങൾ അവയുടെ കർത്തവ്യങ്ങളും ദർശനങ്ങളും പരിപാലിക്കുന്നില്ല. സമൂഹത്തെ കൗശലപ്പെടുത്തുന്ന മനോഭാവങ്ങളാണ് എല്ലാ മാധ്യമങ്ങളും സ്വീകരിക്കുന്നത്. ലാഭം കൊയ്യുന്ന വ്യവസായത്തിന്റെ കണ്ണികളാണ്, എല്ലാ ബഹുജന മാധ്യമങ്ങളും. ഇവിടെ തിരസ്കൃതമാകുന്നത് സനാതനമായ മൂല്യങ്ങളും മനുഷ്യത്വവുമാണ്. മാധ്യമങ്ങളിൽ സത്യവും ധർമ്മവും പരിപാലിക്കപ്പെടുന്നില്ല. ❑

## പാഠം 2

# മാധ്യമങ്ങളും മൂല്യങ്ങളും

❑ ഗുണപരമായ സ്വാധീനങ്ങൾ ❑ നിഷേധപരമായ സ്വാധീനങ്ങൾ
❑ മാധ്യമ മൂല്യങ്ങളും ക്രിസ്തീയതയും

സമൂഹത്തിൽ ബഹുജന സമ്പർക്ക മാധ്യമങ്ങൾ കുടുംബം, ജീവിതം, ദർശനം എന്നീ മേഖലകളെ കീഴടക്കുകയാണ്. മാധ്യമങ്ങളിലെ ഇഷ്ട വിഭവങ്ങളുമായി അതിവേഗം താദാത്മ്യം പ്രാപിക്കത്തക്കരീതിയിലാണ് അവതരണം. മനുഷ്യ വികാരങ്ങളെ ഉദ്ദീപിപ്പിച്ച് അനുഭൂതി പ്രദാനം ചെയ്യുവാൻ തക്കവിധം മാധ്യമങ്ങൾ 'ഇന്ദ്രീയപരമായി' തീരുന്നു. ദൃശ്യങ്ങളും സന്ദേശങ്ങളും ബുദ്ധിപരമാകുന്നതിനേക്കാൾ നിർമ്മല വികാരങ്ങളെയാണ് ലക്ഷ്യമാക്കുന്നത്. അവ ഇന്ദ്രീയ സംസ്ക്കാരം (Sensate Culture) വളർത്തുന്നു. മാധ്യമങ്ങൾ സമന്വയിപ്പിക്കുന്ന സാങ്കേതികതയിൽ ക്യാമറ കണ്ണുകളുടെ തന്ത്രങ്ങളും സ്വാധീനത്തെ ശക്തീകരിക്കുന്നു. മാധ്യമങ്ങളുടെ സ്വാധീനവും, മൂല്യവിനിമയവും ഗുണപരമായും നിഷേധപരമായും ഉള്ളവയാണ്.

## I. ഗുണപരമായ സ്വാധീനങ്ങൾ

മാധ്യമങ്ങളും പുത്തൻ സാങ്കേതികതയും മനുഷ്യ ജീവിതത്തിന് അനവധി സഹായങ്ങൾ നൽകുന്നു. ബന്ധങ്ങളും ചിന്തകളും ആഗോളതലത്തിൽ ഉയർത്തുവാൻ സഹായിച്ചത് മാധ്യമങ്ങളും വികസിതമായ സാങ്കേതികതയുമാണ്. ആഗോള തലത്തിലുള്ള രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, മതപരമായ പ്രശ്നങ്ങളും സംഭവവികാസങ്ങളും തത്സമയം ലോകത്തെവിടെയുമുള്ള 'സ്വീകർത്താക്കളിൽ' എത്തിക്കുവാൻ മാധ്യമങ്ങൾക്ക് കഴിയുന്നു. മാധ്യമങ്ങൾ പ്രാധാന്യം നല്കുന്നത് 'തത്സമയ' പരിപാടികൾക്കാണ്. അനുനിമിഷം സംഭവിക്കുന്നവ തത്സമയം വൃത്താന്തവും ദൃശ്യവുമാക്കി വിനിമയം ചെയ്യുന്നു. ഇതിനായി എത്രയോ മാധ്യമപ്രവർത്തകരും ഫോട്ടാഗ്രാഫറന്മാരുമാണ് കഠിനാദ്ധ്വാനം ചെയ്യുന്നത്. വിവരങ്ങൾ അതിവേഗം സ്വീകർത്താക്കളിൽ എത്തിക്കുന്നതിനുള്ള മത്സരമാണ് മാധ്യമ നടത്തിപ്പുകളിലുള്ളത്. ബഹുജന മാധ്യമങ്ങളുടെ വളർച്ച 'ഇപ്പോൾ ലോകത്ത്' എന്തു നടക്കുന്നു എന്ന് കാണുവാനും കേൾക്കുവാനും ഇടയാക്കുന്നു. മാധ്യമ കണ്ണുകളിൽ ഫോക്കസ് ചെയ്തു ലോകത്തെ മുഴുവൻ ചെറുതാക്കി നിർത്തിയിരിക്കുകയാണ്. അതിനാലാണ് വിവര വിനിമയം തത്സമയം സാധ്യമായിത്തീരുന്നത്.

വാർത്താ വിഭവങ്ങളുടെ ഉള്ളടക്കം, ദൃശ്യങ്ങളിലെ ഗുണമേന്മ, അവതരണം എന്നിവ ഗുണപരമായി തീർന്നത് സാങ്കേതികതയുടെ വളർച്ച

യാണ്. ബഹുജന സംവേദനത്തിന് പുതിയ ഉൾക്കാഴ്ച പകർന്നത് കമ്പ്യൂട്ടർ സാങ്കേതികതയാണ്. വിവരങ്ങൾ തത്സമയം അറിയിക്കുവാനുള്ള ശക്തി മാധ്യമങ്ങൾ സ്വായത്തമാക്കി. ഇത് 'മാധ്യമങ്ങൾ ശക്തിയാകുന്നു' (Media is power) എന്ന സമവാക്യം രൂപപ്പെടുത്തി.

മനുഷ്യ ജീവിതത്തിലും സാമൂഹിക നിർമ്മിതിയിലും മാധ്യമങ്ങൾ പങ്കാളിത്തം വഹിക്കുന്നു. സത്യം വെളിപ്പെടുത്തുവാനും നിജസ്ഥിതി കണ്ടെത്താനും മാധ്യമങ്ങൾക്ക് കഴിയും. സമൂഹത്തിന്റെ വളർച്ചയുടെ വിവിധ കണ്ണികളെ സംയോജിപ്പിച്ച്, 'തെറ്റും ശരിയും' വെളിപ്പെടുത്തി പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിൽ മാധ്യമങ്ങൾക്കും പങ്കുണ്ട്. മാധ്യമങ്ങൾ സമൂഹത്തിലെ എല്ലാ ശക്തികളോടും നീതി പുലർത്തണം. ജാതി - രാഷ്ട്രീയ-പ്രാദേശിക വേർതിരിവുകൾ ഇല്ലായ്മ ചെയ്യണം. മാധ്യമങ്ങൾ ഒരു പരിധി വരെ ഇവ നിലനിർത്തുന്നു. അതിനാൽ സാമൂഹിക ദ്രോഹികൾക്ക് 'മാധ്യമങ്ങളെ ഭയമാണ്.' മാധ്യമങ്ങളുടെ കണ്ണുവെട്ടിക്കുവാൻ പല തരത്തിലും ഇക്കൂട്ടർ ശ്രമിക്കാറുണ്ട്.

ഇപ്പോൾ മാധ്യമങ്ങൾ വൻശക്തികൾക്ക് അടിമയായിരിക്കുകയാണ്. മത - വർഗ്ഗ-രാഷ്ട്രീയ-പരസ്യ ഏജൻസികളാണ് മാധ്യമ സന്ദേശങ്ങളെയും മൂല്യങ്ങളെയും നിയന്ത്രിക്കുന്നത്. ഇവിടെ മാധ്യമങ്ങൾ പക്ഷം ചേരുകയും ഓന്തിനെപ്പോലെ നിറം മാറ്റുകയും ചെയ്യുന്നു. സാമൂഹിക നിർമ്മിതിയിലും പരിവർത്തനത്തിലും മുഖ്യ പങ്കാളിത്തം വഹിക്കേണ്ട മാധ്യമങ്ങൾക്ക് നിറമുണ്ട്. അവതരണത്തിലെ സെൻസേഷണൽ സ്വഭാവം മാധ്യമങ്ങളുടെ നിറം മാറ്റുന്നു. വർഗ്ഗീയത, സങ്കുചിതത്വം, കക്ഷി രാഷ്ട്രീയ ചിന്താഗതി, പൈങ്കിളി പ്രവണത, അധികാര പ്രീണനം എന്നിവ പൊതു സ്വഭാവമായി രൂപപ്പെടുമ്പോൾ മാധ്യമങ്ങൾ ജീർണ്ണതയിലേക്ക് വഴുതി വീഴും. വാർത്തകളിലെ വക്രീകരണവും തമസ്ക്കരണവും അനുദിനം മാധ്യമങ്ങളിലെ നേർക്കാഴ്ചയാണ്.

മാധ്യമങ്ങൾക്ക് ജാതിയും മതവും ഉണ്ട്. മഞ്ഞക്കണ്ണടയുണ്ട്. ബിസിനസ്സ് ഗ്രൂപ്പുകളുടെ സ്വാധീനമുണ്ട്. കമ്പോള സംസ്കാരത്തിന്റെ ദൃശ്യങ്ങളുണ്ട് - ഇവയുടെ അടിസ്ഥാനത്തിലാണ് മാധ്യമങ്ങളിലെ മൂല്യങ്ങൾ നിർദ്ദേശിക്കപ്പെടുന്നതും വിനിമയം ചെയ്യുന്നതും. മാധ്യമങ്ങളുടെ ഗുണപരമായ മഹത്വത്തേക്കാൾ നിഷേധ സമീപനമാണ് സമൂഹത്തെ ഗ്രസിക്കുന്നത്. അവ തിരിച്ചറിയുവാൻ മനുഷ്യ സമൂഹത്തിന് കഴിയണം.

### II. നിഷേധ സ്വാധീനങ്ങൾ

മാധ്യമങ്ങൾ സമൂഹത്തിന്റെ മൂല്യങ്ങളെ നശിപ്പിച്ച് നിഷേധ മാതൃകകൾ പർവ്വതീകരിക്കുകയാണ്. സമൂഹത്തിലെ അക്രമവാസനകളെ വളർത്തി ഹിംസാത്മക സമൂഹത്തെ സൃഷ്ടിക്കുന്നതായി പഠനങ്ങൾ

തെളിയിക്കുന്നു. മാധ്യമങ്ങൾക്ക് അടിമയാകുന്നവർ അക്രമാസക്തരും നിഷേധികളുമാകുന്നു. അമിത മാധ്യമ ഉപഭോഗവും ഇന്റർനെറ്റ് ഉപയോഗവും യുവജനങ്ങളിൽ അക്രമവാസനയും ലൈംഗികാസക്തിയും വളർത്തുന്നു. കുടുംബ ബന്ധങ്ങളും സംഭാഷണങ്ങളും മാധ്യമങ്ങൾ കവർന്നെടുക്കുന്നു. മാധ്യമങ്ങളിൽ അധിഷ്ഠിതമായ വിനോദവും ജീവിതചര്യകളും അതിശീഘ്രം ഗ്രാമങ്ങളിൽ പോലും പടർന്നു കയറി.

മാധ്യമങ്ങൾ ജീവിതത്തിന്റെ താളം (rhythm of life) തെറ്റിക്കുന്നുണ്ട്. മാധ്യമങ്ങൾക്കനുസൃതമായി മനുഷ്യർ ജീവിതത്തെ പുനക്രമീകരിക്കുകയാണ്. സാമൂഹിക ബന്ധത്തിന് മാധ്യമങ്ങൾ വിഘ്നം സൃഷ്ടിക്കുന്നു. അവ മനുഷ്യരെ അസമൂഹത്തിലേക്ക് (demassiffication) നയിക്കുന്നു. കുടുംബങ്ങൾ ദ്വീപുകളായിത്തീരുന്നു. വീടുകളിൽ പോലും സംഭാഷണമോ, 'സംവേദനമോ' ഇല്ല. അവ സാമൂഹിക മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്.

മാധ്യമങ്ങൾ പുതിയ ലഹരിയായി (New drug) ജനങ്ങളെ സ്വാധീനിക്കുന്നു. ജനങ്ങളുടെ വിശ്രമവേള അപഹരിക്കുന്ന 'ആധുനിക രാക്ഷസൻ' എന്നാണ് ടെലിവിഷനെവിശേഷിപ്പിക്കുന്നത്. 'മാതാവ്, പിതാവ്' എന്നിവർക്ക് ഒപ്പം (Parents) 'ടെലിവിഷൻ' എന്നും ചേർത്തു വായിക്കണം. കുടുംബത്തിന്റെ അവിഭാജ്യഘടകമായി ടെലിവിഷൻ! ഇപ്പോൾ ഇതുവഴി വിവിധ ചാനലുകളും ഇന്റർനെറ്റും പ്രവർത്തിക്കുവാൻ കഴിയും വിധം സുസജ്ജമായിട്ടുണ്ട്. ഇവിടെ ടെലിവിഷൻ സ്ക്രീൻ സ്മാർട്ട് ഫോൺ സ്ക്രീനായി തീരുന്നു. ഇപ്പോൾ മനുഷ്യജീവിതത്തിൽ മാധ്യമ സ്വാധീനം വർദ്ധിക്കുകയാണ്.

മാധ്യമങ്ങളുടെ നിഷേധ സ്വാധീനം മനുഷ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സാരമായി സ്പർശിക്കുന്നു. അവയിൽ പലതും മാധ്യമങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുന്നവയാണ്.

### 1. പുത്തൻ സാമ്രാജ്യത്വം

വികസിത രാജ്യങ്ങളായ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ സാമ്രാജ്യങ്ങളുടെ അധീശത്വമാണ് മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. അവികസിതവും ദരിദ്രവുമായ രാജ്യങ്ങളെ കൂടുതൽ പാർശ്വവൽക്കരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് വികസിത രാജ്യങ്ങളാണ്. മാധ്യമങ്ങളിലൂടെ 'ആഗോളവൽക്കരണ'ത്തിന്റെ പ്രക്രിയ ത്വരിതപ്പെടുകയാണ്. ലോകം മുഴുവൻ ആധിപത്യം ഉറപ്പിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ മാധ്യമങ്ങളാണ് മുഖ്യ ഉപാധി. അതിനാൽ അമേരിക്കയിൽ നിന്നോ ഇംഗ്ലണ്ടിൽ നിന്നോ ഉള്ള ഏതു ഉല്പന്നവും അവികസിത രാജ്യങ്ങളിൽ ലഭ്യമാകുന്നു. 'സ്വതന്ത്ര വിപണി' പ്രാബല്യത്തിൽ

വന്നതോടെ ലോകവാണിജ്യ സംഘടന (WTO) വാണിജ്യോല്പ്പന്നങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന 'ചരക്കുകളുടെ' കൂട്ടത്തിൽ ബഹുജന സമ്പർക്ക മാധ്യമങ്ങളെയും ഉൾപ്പെടുത്തി. ദൃശ്യ - ശ്രാവ്യ ഉല്പന്നങ്ങളുടെ ആഗോള വിപണിയുടെ 80 ശതമാനവും നിയന്ത്രിക്കുന്നത് അമേരിക്കയാണ്. ഇത് പുത്തൻ സാമ്രാജ്യത്വമാണ്. രാജ്യങ്ങളുടെ മേലുള്ള അധീശത്വവും മാധ്യമ കേന്ദ്രീകരണവുമാണ്. സാമ്പത്തിക മൂല്യങ്ങൾ നിർണ്ണയിക്കുന്നത് ഡോളറിന്റെ അടിസ്ഥാനത്തിലാണ്. ലോകത്തെ നിയന്ത്രിക്കുന്ന പുത്തൻ സാമ്രാജ്യത്വ നയങ്ങൾ ദൃശ്യവൽക്കരിക്കുകയും സംവേദിക്കുകയും ചെയ്യുന്നത് മാധ്യമങ്ങളാണ്.

**2. സാംസ്കാരിക അധീശത്വം**

മാധ്യമങ്ങളിലെ ഉള്ളടക്കവും സന്ദേശവും സാംസ്കാരിക അധീശത്വം വെളിപ്പെടുത്തുന്നവയാണ്. വികസിത രാജ്യങ്ങളുടെ അഭിരുചിക്കും വീക്ഷണത്തിനും അനുസൃതമായി മാധ്യമ ഉള്ളടക്കം ക്രമീകരിക്കുന്നു. ജനങ്ങൾക്ക് തനതായ സംസ്കാരങ്ങളേക്കാൾ കൂടുതൽ പരിജ്ഞാനം വിദേശ രാഷ്ട്രങ്ങളെക്കുറിച്ചും സംസ്കാരങ്ങളെക്കുറിച്ചുമാണ്. സ്വന്തം രാജ്യത്തേക്കാളും സംസ്കാരത്തേക്കാളും അമിതമായ പ്രതിപത്തി വിദേശ രാജ്യങ്ങളോടാണ്. മാധ്യമങ്ങൾ കൂടുതൽ ആഗോളവൽക്കരിക്കുന്തോറും വൈദേശിക സ്വാധീനങ്ങൾ വർദ്ധിക്കുകയും സ്വദേശത്തോടുള്ള പ്രതിബദ്ധത നഷ്ടപ്പെടുകയും ചെയ്യും. മാധ്യമ സ്വാധീനത്തിന്റെ പരിണിത ഫലമാണ് ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റം (Migration). അതിനാൽ മാധ്യമ സംസ്കാരം ഗ്രാമങ്ങളെ വിഴുങ്ങുകയാണ്. ഹിംസയും അക്രമവും സെക്സും പുതിയ തലമുറകളുടെ ബോധത്തെയും വിചാരത്തെയും പീഡിപ്പിക്കുകയും മുരടിപ്പിക്കുകയും ചെയ്യും. മാധ്യമങ്ങളിൽ മുഴങ്ങി കേൾക്കുന്നത് വികസിത രാജ്യങ്ങളുടെ മേൽക്കോയ്മയും സാംസ്കാരിക ആക്രമണവുമാണ്. 'ഡിഷ് ആന്റിന' വഴിയും കേബിൾ വഴിയും ഇറക്കുമതി ചെയ്യുന്നത് അക്രമാസക്തിയും സെക്സും കലർന്ന വികസിത രാജ്യത്തെ കൾച്ചറൽ കോളോണിയലിസമാണ്. ഇതിന്റെ വശ്യത പട്ടണങ്ങളിൽ ദൂരദർശന് പ്രേക്ഷകരെ നഷ്ടമാക്കുന്നു. ഇങ്ങനെ ഉപഗ്രഹ ചാനലുകൾ ദൂരദർശന് വെല്ലുവിളിയായി തീർന്നിരിക്കുന്നതിനാൽ, ഉഗ്രൻ പോരാട്ടത്തിന് ഒരുങ്ങുന്ന ദൂരദർശൻ 'സെക്സും സ്റ്റണ്ടും' കുറയ്ക്കുമെന്ന് കരുതേണ്ട. നമ്മുടെ സംസ്കാരത്തെയും പൈതൃകത്തെയും ഹനിക്കുന്ന തരത്തിൽ പരസ്യകലകളിലെ സെക്സ് ഒരു പടി കൂടി മുന്നിലാണ്. ഉപഗ്രഹ ചാനലുകൾ ഉള്ളതിനാൽ ഇക്കാര്യത്തിൽ കർക്കശമായ നിയമം കൊണ്ടുവരാനും സാധിക്കുന്നില്ല.

### 3. കുടുംബ ശിഥിലീകരണം

മാധ്യമങ്ങൾ മനുഷ്യന്റെ ജീവിത ശൈലിയും സംസ്കാരവും രൂപപ്പെടുത്തുന്നതിൽ നിർണ്ണായക സ്ഥാനം വഹിക്കുന്നെങ്കിലും അഭിരുചികളെയും മൂല്യബോധത്തെയും ചിന്താധാരയെയും നിഷേധാത്മകമായി സ്വാധീനിക്കുന്നു. കുടുംബ ശിഥിലീകരണത്തിന്റെ മുഖ്യഹേതു മാധ്യമങ്ങളാണ്. മാധ്യമങ്ങളിൽ നിന്നുമുള്ള മൂല്യസങ്കല്പങ്ങളും ദൃശ്യങ്ങളും ജീവിതത്തെ ക്രമീകരിക്കുമ്പോൾ അടർന്നു വീഴുന്നത് പവിത്രമായ ബന്ധങ്ങളാണ്. മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്ന കൊലപാതകങ്ങൾ, രതിവൈകൃതങ്ങൾ, അശ്ലീല സംഭാഷണം, കള്ളക്കടത്ത്, ആത്മഹത്യ, മാദകനൃത്തങ്ങൾ, ബലാൽസംഗങ്ങൾ, കിടപ്പറ രംഗങ്ങൾ, സംഘട്ടനങ്ങൾ, തട്ടിപ്പ്-വെട്ടിപ്പ്, ഭീകര സംഘടനാ പ്രവർത്തനങ്ങൾ എന്നിവ കുടുംബമായി ആസ്വദിക്കുന്നു. അച്ഛനും മുത്തച്ഛനും, മക്കളും കൊച്ചു മക്കളും, മരുമക്കളും ഇവ ഒന്നിച്ചിരുന്ന് ആസ്വദിക്കുന്നു. ഇവ കുടുംബ ബന്ധങ്ങളിൽ സൃഷ്ടിക്കുന്ന വികലമായ കാഴ്ചപ്പാടുകളാണ് ബന്ധങ്ങളെ ശിഥിലീകരിക്കുന്നത്.

### 4. കമ്പോള സംസ്കാരം

മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മുഖ്യയിനം പരസ്യങ്ങളാണ്. ബഹുജന മാധ്യമങ്ങളുടെ നിലനില്പ്പിന് സഹായിക്കുന്ന പ്രധാന ഘടകമാണിത്. ഉപഭോഗ സംസ്ക്കാരമാണ് മാധ്യമങ്ങൾ നൽകുന്നത്. കമ്പോള സംസ്കാരവും അയഥാർത്ഥ ജീവിതവുമാണ് അവ അവതരിപ്പിക്കുന്നത്. പരസ്യങ്ങൾ നിരവധി പ്രാവശ്യം ആവർത്തിക്കുന്നത് ഓരോ വ്യക്തിയുടേയും ആന്തരിക സംവേദന സമ്പ്രദായത്തെ സ്വാധീനിക്കുവാൻ പര്യാപ്തമാക്കി തീർക്കും. വസ്തുക്കൾ വാങ്ങുന്നതിനുള്ള അമിത വാസനയും ഔത്സ്യക്യവുമാണ് ഉപഭോഗ തൃഷ്ണ വളർത്തുന്നത്. ബഹുജനങ്ങളെ സ്വാധീനിക്കാനായി പരസ്യങ്ങൾ സസൂക്ഷ്മം വാർത്തെടുക്കുന്ന കലാരൂപങ്ങളാണ്.

കമ്പോള സംസ്കാരം ലക്ഷ്യമിടുന്നത് ഏതു വിഭാഗത്തെയാണ്? മധ്യവർത്തികളേയും മേലേക്കിടയിൽപ്പെട്ടവരേയും, ആധുനിക ജീവിതത്തിലേക്ക് നയിക്കുകയാണ് ലക്ഷ്യം. ക്യാനിലും കുപ്പിയിലുമുള്ള ലഘുപാനീയങ്ങൾ, ആരോഗ്യ-സൗന്ദര്യ സംവർദ്ധകവസ്തുക്കൾ, ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയാണ് പരസ്യങ്ങൾ വഴി ഉപഭോക്താക്കളുടെ ബലഹീനതകളെ ചൂഷണം ചെയ്യുന്നത്. ഇവ കമ്പോള സംസ്കാരം, സുഖജീവിതം, വൈവിധ്യം എന്നീ മൂല്യങ്ങളെ പിൻതുടരുവാൻ പ്രേരിപ്പിക്കുന്നവയാണ്. ജീവിതത്തിന്റെ പരമോന്നത ലക്ഷ്യം ആനന്ദവും ഭൗതിക സുഖങ്ങളുമാണെന്ന 'ഭോഗലാലസ' (Hedonism) ചിന്തകളാണ്, ഭൂരിഭാഗം

പരസ്യങ്ങളേയും നയിക്കുന്നത്. കമ്പോള സംസ്ക്കാരം 'കൊതിവിപ്ലവവും' ലഹരി തരംഗവും ജനിപ്പിക്കുന്നവയാണ്. 'അതിരു കവിഞ്ഞ ഉപഭോഗം' - ഇതാണ് കമ്പോള സംസ്കാരത്തിന്റെ മുദ്രാവാക്യം.

### 5. സംവേദന വക്രീകരണം

മാധ്യമങ്ങൾ ശബ്ദമില്ലാത്തവരുടെ ശബ്ദമാകേണ്ടവയാണ് (Voice of Voiceless). എന്നാൽ സംവേദനത്തിന്റെ കുത്തക അവകാശം ബഹുരാഷ്ട്ര കമ്പനികളും വികസിത രാഷ്ട്രങ്ങളും നിയന്ത്രിക്കുന്നതിനാൽ സത്യസന്ധ വാർത്തകളും വിശകലനങ്ങളും ലഭ്യമാകുന്നില്ല. വികസിത രാജ്യത്തിന്റെ ശബ്ദവും ദൃശ്യവുമാണ് ലഭിക്കുന്നത്. സംവേദന വക്രീകരണം (distortion), വിവരങ്ങളുടെ തെറ്റായ വിനിമയം (Mis Communication), സംവേദന നിഷേധം (De information) തുടങ്ങിയ പ്രവണതകളാണ് വളർന്നു വരുന്നത്. സംവേദനവും മാധ്യമങ്ങളും പുതിയ ആയുധങ്ങളായിത്തീരുന്നു. അമേരിക്ക എന്ന ഗോലിയാത്തിനെ ക്യൂബ എന്ന ദാവീദിന് തോല്പിക്കുവാൻ സാധിക്കും. ബുദ്ധിപൂർവം സംവേദന വക്രീകരണം നടത്തിയാൽ മതിയാകും. മാധ്യമങ്ങളുടെ എല്ലാ തലങ്ങളിലും ധാർമ്മിക സദാചാര മൂല്യങ്ങളിലുള്ള സംവേദന വക്രീകരണമാണ്. ഇത് അറിവിന്റെ മലിനീകരണമാണ് (Pollution of Information). മാധ്യമങ്ങൾ വിനിമയം ചെയ്യുന്ന വൈവിധ്യമായ സന്ദേശങ്ങൾ തിരിച്ചറിഞ്ഞ് വിമർശനാത്മകമായി മാധ്യമങ്ങളെ സമീപിക്കുവാൻ പ്രേക്ഷകരേയും ശ്രോതാക്കളേയും ഇനിയും സജ്ജമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സഭകൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയും. എന്നാൽ മാധ്യമങ്ങളെ നിരീക്ഷിക്കുവാനും വിമർശനാത്മകമായി പഠിക്കുവാനും എത്ര പേർ തയ്യാറാവുന്നു?

## III. മാധ്യമ മൂല്യങ്ങളും ക്രിസ്തീയതയും

മാധ്യമങ്ങൾ മൂല്യങ്ങൾ സൃഷ്ടിക്കുന്നു. സമൂഹത്തിൽ തലമുറകളായി നിലനിൽക്കുന്ന പല മൂല്യങ്ങളും മാധ്യമങ്ങൾ തകിടം മറിക്കുന്നു. പുത്തൻ മൂല്യങ്ങളും സമീപനങ്ങളും സംവേദിപ്പിക്കുകയാണ് ദൃശ്യങ്ങളും സന്ദേശങ്ങളും പരോക്ഷമായി നിർവ്വഹിക്കുന്നത്. മാധ്യമങ്ങളിലൂടെ സാംശീകരിക്കപ്പെടുന്നവയാണ് മാധ്യമ മൂല്യങ്ങൾ. ഇവ ക്രിസ്തീയ മൂല്യങ്ങളിൽ നിന്നും വളരെ വിദൂരമാണ്. മാധ്യമങ്ങൾ മത മൂല്യങ്ങളെ നിഷേധിക്കുകയും വിഴുങ്ങുകയും ചെയ്യുന്നുണ്ട്. ഇവയുടെ സ്വാധീനത്തിലാണ് ഇന്നത്തെ യുവ തലമുറ. മാധ്യമ സ്വാധീനം മൂന്നു തരത്തിൽ ഉണ്ടാകുന്നു. ചില മൂല്യങ്ങൾ തത്സമയം സ്വായത്തമാകും. മറ്റു ചിലത് ഹ്യസ്വ കാലത്തിനുള്ളിലാകും (Short Term) സ്വീകരിക്കുന്നത്. വേറെ ചിലത് ദീർഘ കാലത്തെ സംക്രമണത്തിൽ (Long Term) ജീവിതത്തിൽ

ഇഴുകി ചേരുന്നവയായിരിക്കും. മാധ്യമങ്ങൾ പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങൾ ഏതെല്ലാം. അവ ക്രിസ്തീയ മൂല്യങ്ങളുമായി എങ്ങനെ വേറിട്ടു നിൽക്കുന്നു എന്ന് തിരിച്ചറിയണം. ചില പ്രധാന മാധ്യമ മൂല്യങ്ങൾ താഴെപ്പറയുന്നവയാണ്. അവയ്ക്കെതിരെയുള്ള വേദപുസ്തക വാക്യങ്ങൾ കൂടി ഉൾക്കൊള്ളിക്കുന്നു. വേദവാക്യങ്ങൾ ചേർത്തു വായിച്ച് കൂടുതൽ പഠനം നടത്തേണ്ടതാണ്. ഇവിടെ സംക്ഷിപ്തമായ സൂചനകൾ മാത്രമേ നൽകുന്നുള്ളു.

**1. ഉപഭോഗം (Consumerism):** മാധ്യമങ്ങൾ സംവേദിപ്പിക്കുന്ന ഉപഭോഗ മൂല്യങ്ങൾ വളരെയാണ്. ഇവ അസൂയ, ഉത്കണ്ഠ, ശാരീരിക ക്ലേശം എന്നിവ വർദ്ധിപ്പിക്കും. ലളിതജീവിതം (Simple Life), ഔദാര്യം, ദൈവാശ്രയം, മഹാമനസ്കത തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങൾ ഉപഭോഗ സംസ്കാരം തടസ്സപ്പെടുത്തുന്നു (ലൂക്കോ. 9:57-62, 12:13-21, 16:1-15, മത്താ. 7:13-14, 6:19-21, യോഹ. 5:1-6, മർക്കോ. 12:41-44, 2 കൊരി. 9:6-15).

**2. അന്ധമായ ആഗ്രഹം (Blind Ambition):** മാധ്യമങ്ങൾ അമിതവും അന്ധവുമായ ആഗ്രഹങ്ങളെ ഉദ്ദീപിപ്പിക്കുന്നു. ദൃശ്യങ്ങളും പരസ്യങ്ങളും താല്പര്യങ്ങളും ആഗ്രഹങ്ങളും ഉണർത്തുന്നവയാണ്. ശ്രദ്ധ (Attention), താല്പര്യം (Interest), മോഹം (Desire), പ്രവൃത്തി (Action) എന്നിവയിൽ അടിസ്ഥാനപ്പെട്ടാണ് പരസ്യങ്ങളും ദൃശ്യങ്ങളും രൂപശില്പം ചെയ്യുന്നത്. ഉല്പന്നങ്ങൾ എന്തു വില കൊടുത്തും നേടണമെന്ന, മത്സരബുദ്ധി വർദ്ധിപ്പിക്കുന്നു. താഴ്മ, ലാളിത്യം, ഔദാര്യം, ക്ഷമ, സഹനശക്തി (tolerence) തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങൾ തകർക്കുന്നു (മത്താ. 9:35-38, 10:35-45, 20: 20-28, ലൂക്കോ. 12:35-48, 14:7-14, മർക്കോ. 9:33-37, റോമ. 12:1-8, ഫിലി 2: 5-11).

**3. അഹന്ത (Pride):** മാധ്യമങ്ങൾ അഹന്തയും അഹങ്കാരവും പ്രസരിതമാക്കുന്നു. ശരീരസൗന്ദര്യവും യുവത്വവും, കായ ബലവും മാധ്യമ മൂല്യങ്ങളിൽ അഹന്ത ജനിപ്പിക്കുന്നു. ആത്മപ്രശംസ (self glorifications), ആത്മാരാധന (narcissism), പൊങ്ങച്ചം (self - conceit) എന്നിവ വർദ്ധിപ്പിക്കുന്നു. ത്യാഗം (Sacrifice), വിനയം, എളിമ, മഹാമനസ്കത എന്നീ മൂല്യങ്ങൾ മാധ്യമങ്ങൾ വിസ്മരിക്കുന്നു (ലേവ്യ. 19:9-18, ലൂക്കോ. 9:23 -27, യോഹ. 13:1-17, റോമ. 13:8-10, 1 യോഹ. 3:11-18).

**4. അനുവർത്തനം (Conformity):** മാധ്യമങ്ങൾ അനുകരണവും അനുവർത്തനവും വ്യാപിപ്പിക്കുന്നു. മാധ്യമങ്ങളിലെ ദൃശ്യ-ശബ്ദ ഭാവങ്ങൾ അനുവർത്തിക്കുവാൻ പ്രേരണ നൽകുന്നു. ഇത് വീരാരാധനയും (hero worship) ലക്ഷ്യമില്ലായ്മയും പ്രദാനം ചെയ്യുന്നു. ആത്മാഭിമാനം (Self Esteam), സ്വയഅംഗീകാരം, ധൈര്യം എന്നിവ വ്യക്തികളിൽ നിന്നും

അകന്നുപോകുന്നു. മാധ്യമ ദൃശ്യങ്ങളിലും വ്യക്തികളിലും പലരുടേയും മനസ്സുടക്കി കിടക്കും (മത്താ. 25:14-30, ലൂക്കോ. 7:36-50, 15:11-32, 1 പത്രോ. 2:9-10, റോമ. 6:1-5).

**5. അനീതി (Injustice):** മാധ്യമങ്ങളിൽ വിവിധ തരത്തിലുള്ള അനീതികളാണ് ദൃശ്യമാകുന്നത്. കുടുംബബന്ധവും സ്ത്രീത്വവും മനുഷ്യമഹത്വവും നീതിപൂർവ്വമായി ദൃശ്യവൽക്കരിക്കാറില്ല. അസമത്വം, അഴിമതി, അധികാര ദുർവിനിയോഗം എന്നിവ മാധ്യമങ്ങളിൽ വാഴുന്നു. സത്യം, നീതി (Justice) തുടങ്ങിയ മൂല്യങ്ങളെ മാധ്യമങ്ങളിൽ വെളിപ്പെടുത്താറില്ല (യിര. 9:23-24, ആമോ. 5:21-24, മീഖ 6:6-8, ലൂക്കോ. 6:27-36, 16:1-13, 16:19-31, മർക്കോ. 11:15-19, മത്താ. 21:33-46, യോഹ. 15:18).

**6. മുൻവിധി (Prejudice):** മാധ്യമങ്ങൾ മുൻവിധിയിൽ അടിസ്ഥാനപ്പെട്ടാണ് പരിപാടികൾ അവതരിപ്പിക്കുന്നത്. പ്രത്യേക തരം സ്വീകർത്താക്കളെ ലക്ഷ്യം വെച്ചായിരിക്കും ഓരോന്നും ക്രമീകരിക്കുന്നത്. യൗവനം, സൗന്ദര്യം എന്നിവയിൽ മുൻവിധി വളരെയാണ്. ശരീര ശോഭയും യുവത്വവും നഷ്ടപ്പെടുന്നവർക്ക് മാധ്യമങ്ങളിൽ എത്തുവാൻ പ്രയാസമാണ്. വിശ്വാസം, സംസ്കാരം, വർഗ്ഗം, മതം എന്നിവയോടും മാധ്യമങ്ങൾ മുൻവിധി പുലർത്തുന്നു. ഇത് മതഭ്രാന്തും മതവൈരവും സൃഷ്ടിച്ച് സാമൂഹിക അരാജകത്വം വർദ്ധിപ്പിക്കുന്നു. സ്നേഹം, തുറന്ന സമീപനം (Openness), സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ ഇവ ബഹിഷ്ക്കരിക്കുന്നു (ലൂക്കോ. 6:37-45, 10:25-37, 11:34-36, മത്താ. 7:1-5, 12:1-14, 25:31-46).

**7. ലിംഗ പക്ഷപാതം (Gender bias):** മാധ്യമങ്ങൾ ലിംഗപക്ഷപാതം നടത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. യൗവ്വനക്കാരുടെ ശരീരം വിൽപ്പനചരക്കാക്കുകയാണ് ക്യാമറാക്കണ്ണുകൾ. സ്ത്രീയെ വസ്തുവൽക്കരിക്കുകയും (Subjectification of Women) പാർശ്വവൽക്കരിക്കുകയും ചെയ്യുന്നു. മനുഷ്യ മഹത്വം, സ്ത്രീ സമത്വം, ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ മാധ്യമങ്ങൾ ബോധപൂർവ്വം തിരസ്ക്കരിക്കുന്നു (ഉല്പ. 1:26-31, യോഹ. 4:7-15, 27, 8:1-14, മത്താ. 5: 27-32, ലൂക്കോ. 7:36-50, 8:1-3, മർക്കോ. 7:24-30).

**8. പരമാവധി സ്വാതന്ത്ര്യം (permissiveness):** മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട ഒരു കാര്യവും നിഗൂഢമാക്കുന്നില്ല. പ്രത്യേകിച്ച് ലൈംഗിക കാര്യങ്ങൾ. പരമാവധി സ്വാതന്ത്ര്യത്തോടെ സമീപിക്കുന്ന നയമാണ് മാധ്യമങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഒരിക്കൽ ലൈംഗികത സ്വകാര്യമായിരുന്നു. ഇന്ന് പരസ്യമാക്കുന്ന, ഉല്പന്നമായി തീർന്നിരിക്കുന്നു. ഇവിടെ സ്നേഹം, പ്രതിബദ്ധത, ആത്മശിക്ഷണം (Self Discipline) എന്നീ മൂല്യങ്ങൾ ചോർന്നുപോകുന്നു (1 കൊരി. 6:12-20, 13:1-13, ഗലാ. 5:13-24, മത്താ. 26:6-13, യോഹ. 15:9-17, ലൂക്കോ. 6:27-36, മർക്കോ. 9:42-48).

**9. ഉണ്ടായിരിക്കണം എന്ന സംസ്കാരം (Culture of having):** മനുഷ്യർ നന്മയും അന്തസ്സും ഉള്ളവരാകണം (being) എന്നതിനേക്കാൾ ഉല്പന്നങ്ങൾ ഉള്ളവരാകണമെന്ന് മാധ്യമങ്ങൾ പഠിപ്പിക്കുന്നു. അന്തസ്സായി ജീവിക്കുവാൻ ഇറക്കുമതി ചെയ്ത ആഡംബര വസ്തുക്കൾ സ്വന്തമാക്കുവാൻ മാധ്യമ സംസ്കാരം ദൃശ്യത്തിലൂടെയും ശബ്ദത്തിലൂടെയും ആഹ്വാനം ചെയ്യുന്നു. ഇത് മധ്യവർഗ്ഗ സമൂഹത്തെ കോളനിവത്ക്കരിക്കുകയാണ് (ലൂക്കോ. 9:1-10, മർക്കോ. 10:46-52, മത്താ. 25:31-46, 1 കൊരി. 12:12-30, ഗലാ. 6:8). ആയിത്തീരുക (Culture of being) എന്നതാണ് ഉദാത്തമായ ക്രിസ്തീയ മൂല്യം.

**10. ആക്രമണം (Violence):** മാധ്യമങ്ങൾ വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങളും ആക്രമണ സ്വഭാവങ്ങളും വർദ്ധിപ്പിക്കുന്നു. ആത്മഹത്യ, സ്ത്രീപീഡനം, മാഫിയാ, കള്ളക്കടത്ത്, കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്ക് മാധ്യമങ്ങൾ പ്രേരണ നൽകുന്നു. ഇത് പ്രതികാരത്തിനും അക്രമാസക്തമായ പെരുമാറ്റങ്ങൾക്കും ഇടയാക്കുന്നു. ശാന്തിയും ക്ഷമയും നഷ്ടപ്പെടുന്നു (മർക്കോ 2:1-12, മത്താ. 5:21-26, 5:38-48, 10:34-39, 2 കൊരി. 13:11).

## IV. സൈബർ ചർച്ചും (Cyber Church) സാധ്യതകളും

നവസാങ്കേതിക വിദ്യയുടെ സംഭാവനയാണ് സൈബർ ചർച്ച്. ഇത് ഇന്റർനെറ്റ് ചർച്ച് എന്നും ഓൺലൈൻ ചർച്ച് എന്നും അറിയപ്പെടുന്നു. സഭകൾ ആരാധന, സാക്ഷ്യം എന്നിവയ്ക്കായി ഇന്റർനെറ്റ് സാധ്യതകൾ ഉപയോഗിക്കുമ്പോഴാണ് സൈബർ ചർച്ചിന്റെ പരിധിയിൽ പെടുന്നത്. സഭകൾ ഇന്റർനെറ്റിന്റെ പരിധിയിൽ 2007 മുതൽ എത്തിച്ചേർന്നു. ആരാധനയും, പ്രഭാഷണവും, വിശ്വാസപാഠങ്ങളും, സുവിശേഷ പ്രവർത്തനങ്ങളും എല്ലാം ഇന്റർനെറ്റിൽ പങ്കിട്ടപ്പോൾ സൈബർ ചർച്ചിന്റെ അനന്ത സാധ്യതകൾ തിരിച്ചറിഞ്ഞു. പുതുതലമുറ ഇന്റർനെറ്റിലെ ‘സഭാസാന്നിധ്യം’ ഉൾക്കൊണ്ട് ഓൺലൈൻ ഓഡിയോ വീഡിയോ പ്രോഗ്രാമിലേക്ക് കേന്ദ്രീകരിച്ചു. വിശ്വാസത്തിനും ആരാധനാനുഭവത്തിനും പുത്തൻ സങ്കേതങ്ങൾ വികസിപ്പിച്ച ‘സൈബർ ചർച്ച്’ ഭൗതികമായ സഭയുടെ തുടർച്ചയും ബദലുമായി ശക്തിപ്പെട്ടു. സഭയും വൈദികരും, നേതാക്കന്മാരും ജനങ്ങളും, എല്ലാം സൈബർ ചർച്ചിൽ സജീവമായപ്പോൾ പരമ്പരാഗത സഭകൾ പോലും വി. കുർബ്ബാനയും പെരുന്നാളും വചനപ്രബോധനങ്ങളും എല്ലാം ലൈവായി (Live) സംപ്രേഷണം ചെയ്യുവാൻ തുടങ്ങി. സാമൂഹിക മാധ്യമങ്ങളായ ഫെയ്സ്ബുക്കും യൂട്യൂബും ലൈവ് സംപ്രേഷണങ്ങൾക്ക് ജനകീയമുഖം നൽകിയതോടെ സൈബർ ചർച്ചിന്റെ അനന്തസാധ്യതകൾ ആഗോള വ്യാപകമായി. ഒരു

പ്രോഗ്രാമിന്റെ തന്നെ ഔദ്യോഗികവും അനൗദ്യോഗികവുമായ നിരവധി സംപ്രേഷണങ്ങൾ വിവിധ വീക്ഷണത്തിൽ ഇപ്പോൾ പ്രചരിപ്പിക്കുന്നു. വിശ്വാസികളുടെ ഓൺലൈൻ കൂട്ടായ്മകളും സംവാദങ്ങളും സൈബർ സ്പെയ്സിലെ (Cyber Space) അതിശക്തമായ സാന്നിധ്യമാണ്.

സൈബർ ചർച്ചിൽ അംഗങ്ങൾക്ക് അതിവേഗം സംവേദിക്കുവാനും വിശ്വാസ പ്രബോധനങ്ങളും ആരാധനയും പങ്കിടുവാനും കഴിയുന്നു. ലോകത്ത് എവിടെ ആയിരുന്നാലും ഏതുനേരത്തും സഭാംഗങ്ങളെ ഇതിൽ പരസ്പരം ബന്ധിപ്പിക്കുവാൻ കഴിയുന്നു. എന്നാൽ ന്യൂജെന റേഷൻ പരമ്പരാഗതമായ സഭകളുടെ അധികാരത്തേയും ഘടനയേയും പൊളിച്ചെഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. തലമുറകൾ പങ്കിട്ട 'സഭാ പാരമ്പര്യം' ഗൂഗിൾ പാരമ്പര്യം (Google Tradition) ഏറ്റെടുത്തതോടെ സഭകൾ ആഗോള സ്പെയ്സിൽ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും സ്വത ന്ത്രമായ പുത്തൻ ധാരകളിലൂടെ സഞ്ചരിക്കുവാൻ തുടങ്ങി. വിശ്വാസ-വേദ വ്യാഖ്യാനങ്ങളിൽ സഭയുടെ അധികാരത്തേക്കാൾ ഗൂഗിൾ അവ തരിപ്പിക്കുന്ന ജ്ഞാനസിദ്ധാന്തങ്ങൾ പ്രകാശവേഗത്തിൽ വ്യാപകമാ കുന്നു. ഉപയോക്താവിന് ആവശ്യാനുസരണം അവ തെരഞ്ഞെടുക്കു വാനും പ്രചരിപ്പിക്കുവാനും സ്വീകരിക്കുവാനുമുള്ള അവസരവും ലഭ്യ മാകുന്നു. അതിനാൽ വേദപ്രബോധനങ്ങളിലും സഭാശുശ്രൂഷയിലും ഗൂഗിൾ അതിർത്തി നിശ്ചയിക്കുന്നതിനാൽ ചർച്ച് ഇൻ ദി ഏജ് ഓഫ് ഗൂഗിൾ (Church in the Age of Google) ചർച്ച് ആഫ്റ്റർ ഗൂഗിൾ (Church After Google), തിയോളജി ആഫ്റ്റർ ഗൂഗിൾ ഏജ് (Theology After Google Age) എന്നുമുള്ള പഠനങ്ങൾ സൈബർ ചർച്ചിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുവാൻ ആരംഭിച്ചു. ഗൂഗിൾ പുനർനിർമ്മിക്കുന്ന ലോക ത്തിൽ (Google Reshaped World) സൈബർ ചർച്ച് ഒരു ഗൂഗിൾ ചർച്ചായി (Google Church) വിശ്വാസ, പ്രബോധന, സംസ്കാര ഭേദങ്ങൾക്കതീത മായി വളർന്നു വികസിക്കുകയാണ്. സഭാഭേദമെന്യേ പൊതു വിശ്വാസ പ്രബോധനങ്ങളുടെയും വേദവിജ്ഞാനങ്ങളുടെയും പൊതു ഉറവിട മായിതീർന്നു ഗൂഗിൾ.

പരമ്പരാഗത സഭകൾക്ക് ഇത്തരം പ്രവണതകളെ നിയന്ത്രിക്കുവാനും അവയുടെ സ്വാധീനം തിരിച്ചറിയുവാനും സാധിക്കുന്നുമില്ല. ഇത് സഭ കളുടെ തുടർച്ചയായി പരിഗണിക്കാമെങ്കിലും സ്വതന്ത്രമായ 'ബദൽ സഭ കളായി' (Alternative Church)വളരുകയാണ്. ഇതിലേക്കാണ് പുതുതല മുറ ആകൃഷ്ടരായി തീരുന്നത്. ഇത്തരം സാഹചര്യത്തിൽ 'സൈബർ ചർച്ചിന്റെ' ഗുണപരമായ മൂല്യങ്ങളും സാധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ദൗത്യനിർവഹണത്തിൽ പങ്കുചേരുവാൻ കഴിയണം. വേഗ ത്തിലും എളുപ്പത്തിലും ആഗോളതലത്തിൽ സംവേദനം യാഥാർത്ഥ്യ

മാക്കുവാൻ കഴിയും എന്നതാണ് സൈബർ ചർച്ചിന്റെ ആഗോള സാധ്യത. വിവര സാങ്കേതിക വിദ്യയും സാമൂഹിക മാധ്യമങ്ങളും ഉൾക്കൊള്ളിച്ചുള്ള സൈബർ ചർച്ചിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി ക്രോഡീകരിക്കുവാനുള്ള ഫലപ്രദമായ സാധ്യതകൾ സഭകൾ കണ്ടെത്തണം.

ഇന്റർനെറ്റിന്റെയും ഇൻഫർമേഷൻ ടെക്നോളജിയുടെയും യുഗത്തിൽ ഒരു സൈബർ എക്ളിസിയോളജിയുടെ (Towards a Cyber Ecclesiology) അന്വേഷണമാണ് ത്വരിതപ്പെടുത്തുന്നത്. സൈബർ ആരാധനയും (Cyber Worship),സൈബർ ആദ്ധ്യാത്മികതയും (Cyber Spirituality), സൈബർ വ്യാഖ്യാനശാസ്ത്രവും (Cyber Hermeneutics), സൈബർ മിഷനും (Cyber Mission), സൈബർ സാൽവേഷൻ (Cyber Salvation) എന്നിവ സൈബർ ചർച്ചിന്റെ സംവാദങ്ങളിൽ പ്രമുഖ സ്ഥാനം നേടി. നാല് അതിർത്തികളിൽ ഒതുങ്ങുന്ന പരമ്പരാഗത സഭാസങ്കൽപ്പത്തിന് അതിർത്തികളില്ലാത്ത വിശ്വാസസമൂഹത്തിന്റെ മാനം സൃഷ്ടിക്കുന്നതാണ് സൈബർ ചർച്ചിന്റെ ഉൾക്കരുത്ത്. അയുടെ അർത്ഥവും വ്യാപ്തിയും തിരിച്ചറിയുവാനുള്ള വിശാലമായ കാഴ്ചപ്പാടും കർമ്മപദ്ധതികളും നടപ്പാക്കുവാൻ കഴിയണം.

**ഉപസംഹാരം**

സമൂഹത്തിലെ എല്ലാ തിന്മകളുടെയും അടിസ്ഥാനം മാധ്യമങ്ങളിൽ അടിച്ചേൽപ്പിക്കുവാൻ കഴിയുകയില്ല. സമൂഹത്തിലെ സ്പന്ദനങ്ങൾ മാധ്യമങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. മാനുഷിക മൂല്യങ്ങൾക്ക് ക്ഷതം ഉണ്ടാകുമ്പോൾ അത് മാധ്യമങ്ങളിലും തെളിയും. എന്നാൽ മാധ്യമങ്ങൾ ബോധപൂർവ്വം മനുഷ്യ ബന്ധങ്ങളെയും മൂല്യങ്ങളേയും ഹനിക്കുന്ന തരത്തിൽ ദൃശ്യവും ശബ്ദവും ആവിഷ്ക്കരിച്ചാൽ നഷ്ടപ്പെടുന്നത് പവിത്രമായ പല സാംസ്കാരിക തനിമകളും മൂല്യങ്ങളും ആയിരിക്കും.

❑

### പാഠം 3

# സഭയും മാധ്യമ സംസ്കാരവും

❑ അധിനിവേശ സംസ്കാരം ❑ മാധ്യമ കേന്ദ്രീകരണം ❑ കുത്തക ശക്തിശ്രോതസ്സുകൾ ❑ പുത്തൻ മാധ്യമ മൂല്യങ്ങൾ ❑ കമ്പോള ശക്തികളുടെ സ്വാതന്ത്ര്യം.

വിവര സാങ്കേതികത സൃഷ്ടിക്കുന്ന 'മാധ്യമ സമൂഹം' ആഗോളവൽക്കരണത്തിന്റെ ഉപോല്പന്നമാണ്. വ്യവസായ സമൂഹത്തെ സൃഷ്ടിച്ചതിന് ആവിയന്ത്രം (Steam Engine) പോലെ വിവര സമൂഹത്തെ കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയവ സൃഷ്ടിക്കുന്നു. ഗുട്ടൻബർഗ് വ്യൂഹത്തിൽ നിന്നും (Guttenburg Galaxy) ആഗോള ഗ്രാമത്തിലേക്കുള്ള (Global Village) പ്രയാണം ആരംഭിച്ചത് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ്. ബഹിരാകാശ ഗവേഷണങ്ങളുടെ വികസനവും ടെലികമ്മ്യൂണിക്കേഷനും ബഹുജന മാധ്യമങ്ങളുടെ വളർച്ചക്ക് സഹായകമായി. സൈനിക സാങ്കേതികതയുടെയും (Military Technology) ഗവേഷണത്തിന്റെയും ഫലമായി വിവര സാങ്കേതികത വികസിച്ചു.

വിവര സാങ്കേതിക വിപ്ലവത്തിൽ കച്ചവടത്തിന്റെയും കമ്പോളത്തിന്റെയും ധർമ്മം പ്രചരിപ്പിക്കുന്ന 'മിഷനറിമാരായി' ആഗോള മാധ്യമങ്ങൾ. ഇവ ആഗോള മുതലാളിത്തത്തിന്റെയും ഘടകമായി. അധിനിവേശ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് മുഖ്യപങ്കു വഹിക്കുന്നത് ആഗോള മാധ്യമങ്ങളാണ്.

മാധ്യമ സമൂഹം സൃഷ്ടിക്കുന്ന അധിനിവേശ സംസ്കാരത്തിന്റെ അടിസ്ഥാന സ്വഭാവവും രീതിയും എന്തെല്ലാമാണ്? മാധ്യമ അധിനിവേശം സൃഷ്ടിക്കുന്ന സാമൂഹ്യ പരിവർത്തനങ്ങൾ എന്തെല്ലാം? മാധ്യമ അധിനിവേശ പ്രക്രിയയ്ക്ക് തദ്ദേശീയ സംസ്കാര പശ്ചാത്തലത്തിൽ ബദൽ അന്വേഷണം എപ്രകാരം ഫലപ്രദമാക്കാം?

സംസ്കാരത്തിലും സംവേദനത്തിലും പരസ്പരാശ്രിതത്വം പ്രകടമാണ്. എല്ലാ ജീവിതചര്യകളുടെയും സംസ്കാരങ്ങളുടെയും അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമായത് സംവേദനമാണ്. സാംസ്കാരിക നയങ്ങളുടെ ആവിഷ്ക്കാരത്തിലും സംസ്കാരത്തിന്റെ ജനാധിപത്യ പ്രക്രിയയിലും മാധ്യമങ്ങൾക്ക് പങ്കുണ്ട്. സമൂഹത്തിന്റെ സാംസ്കാരിക ഘടനയെ ഉടച്ചു വാർക്കുവാനുള്ള കരുത്തും മാധ്യമങ്ങൾക്കുണ്ട്. അവ സംസ്കാരത്തിന്റെ ഉള്ളടക്കത്തെ നിയന്ത്രിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നു.

## 1. മാധ്യമ സംസ്കാരം അഥവാ അധിനിവേശ സംസ്കാരം

മാനവ സംസ്കാരത്തിൽ പ്രകാശം പരത്തിയ 'കാർഷിക വിപ്ലവം' (Agricultural Revolution) 'വ്യാവസായിക വിപ്ലവം' (Industrial Revolution), 'വിവര വിപ്ലവം' (Information Revolution) എന്നിവയിലൂടെ പ്രസരിതമായത് അധിനിവേശ സംസ്കാരമാണ്. ഭൂമിശാസ്ത്രപരമായ അതിരുകൾ ലംഘിച്ച് വ്യാപാര പ്രക്രിയ വ്യാപകമാക്കുകയായിരുന്നു ലക്ഷ്യം.

കഴിഞ്ഞ അഞ്ചു നൂറ്റാണ്ടിലെ ആഗോളവൽക്കരണത്തിന്റെ മൂന്നു ഘട്ടങ്ങൾ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. എം. എ. ഉമ്മൻ വ്യക്തമാക്കുന്നു.

1. ക്രിസ്റ്റഫർ കൊളംബസിന്റെ നാവിക പര്യടനം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പകുതി വരെ പാശ്ചാത്യശക്തികൾ അടിച്ചേൽപ്പിച്ച അധീശത്വം.

2. കൊളോണിയലിസത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ മുതലാളിത്തത്തിന്റെ പാത സ്വീകരിച്ചിട്ടുള്ള സാമ്പത്തിക ദേശീയത്വം.

3. അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ ആശീർവാദത്തോടെ മൂല ധനത്തിന്റെ സ്വാതന്ത്ര്യവും മേൽക്കോയ്മയും സ്ഥാപിച്ചെടുക്കുന്ന വർത്തമാന പരിതസ്ഥിതിയായ കൊളോണിയലിസത്തിന്റെ പുനർജന്മം.

കാലാനുക്രമമായുണ്ടായ അധിനിവേശ സംസ്കാര പ്രക്രിയയും ആഗോളവൽക്കരണവും പരസ്പരബന്ധിതമാണ്. ഇവയെ ശക്തീകരിക്കുന്ന ആഗോള മാധ്യമങ്ങൾ അതിർത്തികൾ ലംഘിച്ച് വിപണിയും മുതലാളിത്തവും വികസിപ്പിക്കുന്നു. ഏവർക്കും ആഗോള വിപണിയാണ് ലക്ഷ്യം. ഇതിൽ ബഹുഭൂരിപക്ഷം ജനങ്ങളും പുറന്തള്ളപ്പെടുന്നു. വ്യവസായ ഭീമന്മാരുടെ സ്വകാര്യ സമ്പത്തായി ആഗോള മാധ്യമങ്ങൾ.

ലോക ജനതയെ ഒരു പൊതുസംസ്കാരത്തിലേക്ക് നയിക്കുന്നതിനാൽ ഭൂമിക്ക് സ്ഥലകാല സങ്കോചങ്ങൾ വരുത്തി ആഗോള ഗ്രാമമാക്കുന്നു (Global Village). ഇന്ത്യയും (?) അതിശീഘ്രം കാളവണ്ടി യുഗത്തിൽ നിന്നും സൈബർ കമ്പോളത്തിലേക്ക് വളരുകയാണ്. 'കാളവണ്ടി' - ഗ്രാമം, പഴമ, പാരമ്പര്യം, അവികസിതം, കാർഷികം, മന്ദഗതി, പ്രാദേശികം എന്നിവയെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു. ' സൈബർ കമ്പോളം' (Cyber Marts) - ആധുനികം, നഗരം, വരേണ്യം, വിവരസമൂഹം, ഭാവി, വേഗത, സംയുക്തം, ആഗോളം എന്നിവയെ കുറിക്കുന്നു. ആഗോള വ്യാപാരം വികസിപ്പിക്കുവാനും അധിനിവേശ സംസ്കാരം പ്രബലപ്പെടുത്തുവാനുമുള്ള കുതിപ്പാണ് സൈബർ കമ്പോളത്തിലുള്ളത്. ഇത് ഒരു ഇലക്ട്രോണിക് ചിലന്തി വലയായി (Electronic Spider Web) രൂപപ്പെടുന്നു. ഒരിടത്തുണ്ടാകുന്ന സംഭവ വികാസങ്ങൾ ലോകം മുഴുവൻ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു.

## 2. മാധ്യമ കേന്ദ്രീകരണം

മാധ്യമ കേന്ദ്രീകരണം വികസിത - വികസ്വര രാഷ്ട്രങ്ങൾ തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുന്നുവെന്ന് ചില ദൃഷ്ടാന്തങ്ങൾ കാണിച്ച് ഡാഫ്നേ സബാനിസ് പ്ലോ (1996) തെളിയിക്കുന്നു:

'ലോകത്തുള്ള ആകെ കമ്പ്യൂട്ടറുകളിൽ 95 ശതമാനവും വികസിത രാഷ്ട്രങ്ങളിലാണ്. ലോകത്തുള്ള മൊത്തം വർത്തമാന പത്രങ്ങളിൽ 30 ശതമാനം മാത്രം വികസ്വര രാഷ്ട്രങ്ങളിൽ നിന്നും പ്രസിദ്ധീകരിക്കുന്നുള്ളു. ലോകത്ത് 75 ശതമാനം പ്രദേശത്തും പുസ്തക ക്ഷാമമുണ്ട്. ലോകത്ത് മൊത്തം ടെലിഫോൺ ലൈനുകളിൽ 71 ശതമാനവും വികസിത രാഷ്ട്രങ്ങളിലാണ്. കുറഞ്ഞ വരുമാനമുള്ള രാഷ്ട്രങ്ങളിൽ നാലു ശതമാനം ഫോൺ ലൈനുകൾ മാത്രം. ലോകത്ത് 96 ശതമാനം വാർത്താ പ്രവാഹവും നിയന്ത്രിക്കുന്നത് നാല് അന്താരാഷ്ട്ര വാർത്താ ഏജൻസികളാണ്.'

സമ്പന്ന രാഷ്ട്രങ്ങളും ദരിദ്ര രാഷ്ട്രങ്ങളും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നു. വികസനവും സമ്പത്തും എത്തുന്നത് ന്യൂനപക്ഷത്താണ്. പുത്തൻ സാങ്കേതികത നിറഞ്ഞ മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് വികസിത രാഷ്ട്രങ്ങളാണ്. വിവര വിപ്ലവത്തിൽ 'ഇല്ലാത്തവർ' (have - nots) വർദ്ധിക്കുന്നു. പലരും ശബ്ദമില്ലാത്തവരും (voiceless) ബധിരരുമായി (un - heard) ആയി കഴിയുന്നു.

## 3. മാധ്യമ സമ്പുഷ്ട സമൂഹം

സമൂഹത്തിലെ ധനികർക്കും അധികാരികൾക്കും ആവശ്യമായ അറിവും സംസ്കാരവും വിഭവവും ആഗോള മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്നു. ഈ വരേണ്യ വർഗ്ഗമാണ് പാവങ്ങളും ദരിദ്രരും എന്ത് അറിയണമെന്ന് നിശ്ചയിക്കുന്നത്. വരേണ്യ വർഗ്ഗം രൂപപ്പെടുത്തുന്നതും പ്രതിഫലിപ്പിക്കുന്നതുമായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരികതയാണ് മാധ്യമ സമ്പുഷ്ടമായ സമൂഹങ്ങളിൽ (Media saturated societies) പങ്കു വെയ്ക്കുന്നത്. ഇത് രാജ്യത്തെ വലിയ വിഭാഗം ജനങ്ങളെ പുറന്തള്ളിയുള്ള ഭാഗികവും അപര്യാപ്തവും വികലവുമായ രീതിയാണ്.

രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലും അധികാരത്തിലും സാമ്രാജ്യത്വ സമീപനം തുടരുകയാണ്. സംവേദനത്തിലും വിജ്ഞാന വിതരണത്തിലുമുള്ള അസമത്വം സാമ്രാജ്യത്വ മനോഭാവത്തിന്റെ ഉപോല്പന്നമാണ്. ദരിദ്ര രാജ്യങ്ങളിൽ ഇത് നവ സാമ്രാജ്യത്വ സംസ്കാരമായി (Neo Colonial Culture) പുനരവതരിക്കുന്നു. പുത്തൻ വിവരവിപ്ലവം ഇതിന് ശക്തി പകരുന്നു.

മാധ്യമങ്ങൾ വഴി ലഭിക്കുന്നത് ബഹുജന സംസ്കാരമായി രൂപപ്പെടുന്നു. ചാലകശക്തിയും സ്വാധീനവുമുള്ള മാധ്യമങ്ങൾ ബഹുജനങ്ങളുടെ സംസ്കാരവുമായി ആഴമായ ബന്ധം സ്ഥാപിക്കാറില്ല. എന്നാൽ മാധ്യമങ്ങൾ രൂപപ്പെടുത്തുന്ന സംസ്കാരവും സാംസ്കാരിക ഉള്ളടക്കങ്ങളും (cultural contents) ജനങ്ങളിലേക്ക് സംക്രമിപ്പിക്കുന്നു. ഇത് ഏതു വിഭാഗം ജനങ്ങളിലും അതിബൃഹത്തായ സ്വാധീനം ഉണ്ടാക്കുന്നു. വരേണ്യ വർഗ്ഗത്തെ തൃപ്തിപ്പെടുത്തുന്ന വൻതോതിലുള്ള സാംസ്കാരിക വിഭവങ്ങളുടെ ഉല്പാദനവും വിതരണവും ലക്ഷ്യമാക്കുന്നതിനാൽ സാംസ്കാരിക ഉല്പന്നങ്ങൾക്ക് സൗന്ദര്യവും സാഹിത്യമൂല്യവും കുറവായിരിക്കുമെന്ന് പ്രശസ്ത മാധ്യമ ചിന്തകൻ ഡെന്നീസ് മക്വയൻ പറയുന്നു. മാധ്യമങ്ങളിൽ ദൃശ്യമാകുന്ന ജനപ്രീതി നേടുന്ന ഓരോ പരിപാടിയും പ്രചരിപ്പിക്കുന്നത് ബഹുജനങ്ങളുടെ സംസ്കാരതനിമയല്ല. പാശ്ചാത്യ സ്വഭാവങ്ങളും മൂല്യങ്ങളും എല്ലാ രംഗത്തും സമന്വയിപ്പിക്കുന്നവയാണ് ദൃശ്യമാധ്യമങ്ങളിലെ ഭാഷയും വ്യാകരണവും. അതിനാൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സങ്കീർണ്ണമായ പ്രതിഭാസമാണ് മാധ്യമ സംസ്കാരം. ഇത് ബഹുജന മാധ്യമ സംസ്കാരമാണ് (Mass Media Culture). രാജ്യത്തിന്റെ ഭൂരിപക്ഷം സംസ്കാരങ്ങളേയും ഒറ്റപ്പെടുത്തുന്ന ഈ സംസ്കാരം ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണത്തിന്റെ ഭാഗമാണ്.

### 4. കുത്തക ശക്തി സ്രോതസ്സുകൾ

മാധ്യമ സമൂഹം സൃഷ്ടിക്കുന്ന അധിനിവേശ സംസ്കാരത്തിന്റെ അടിസ്ഥാന സ്വഭാവങ്ങൾ പാശ്ചാത്യ ലോകത്തിന്റെ കുത്തക സ്രോതസ്സുകളുമായി ബന്ധപ്പെട്ടതാണ്. പ്രശസ്ത സാമ്പത്തിക വിദഗ്ധൻ സമീർ അമീൻ (Samir Amin) പാശ്ചാത്യ കുത്തകകളുടെ സ്വഭാവം വിശദീകരിക്കുന്നു:

1. ലോകവ്യാപാര സംഘടന നടപ്പാക്കുന്ന ബൗദ്ധിക സ്വത്തവകാശവും സാങ്കേതികതയും അമേരിക്ക, യൂറോപ്പ്, ജപ്പാൻ തുടങ്ങിയ ശക്തികളിൽ കേന്ദ്രീകരിച്ചുള്ളതാണ്.
2. അമേരിക്കയിലും യൂറോപ്പിലുമുള്ള ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും വിദേശ കറൻസികളുടെ വിനിമയ നിരക്ക് നിർണ്ണയിക്കുന്ന ലോകത്തിന്റെ ധനകാര്യ സിരാകേന്ദ്രങ്ങളായി.
3. ലോകത്തിന്റെ പ്രകൃതി വിഭവം കൈകാര്യം ചെയ്യാനുള്ള കുത്തക അവകാശം വികസിത രാജ്യങ്ങൾ നേടി.
4. ആഗോളതല മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിനും സാംസ്കാരിക ഏകീകരണത്തിനുമുള്ള മാധ്യമ വാർത്താ വിനിമയ കുത്തക അവകാശം വികസിത രാജ്യങ്ങൾക്കാണ്.

5. ആണവായുധങ്ങളുടെയും മറ്റ് സാങ്കേതികതയുടെയും കുത്തക അവകാശവും വികസിത രാജ്യങ്ങൾക്കാണ്.

പാശ്ചാത്യ കുത്തകകളുടെ പ്രചാരകരും 'അധിനിവേശ സംസ്കാര' ത്തിന്റെ പ്രയോക്താക്കളുമായിത്തീർന്നു മാധ്യമങ്ങൾ. സംസ്കാര ത്തിന്റെ ഏറ്റവും വിലപ്പെട്ട ഗുണ വിശേഷങ്ങളിൽ ഒന്നാണ് അതിന്റെ വൈവിധ്യം. മാധ്യമങ്ങളിലെ സാംസ്കാരികാധിപത്യം ലോകത്തെ സാംസ്കാരികമായി കൂടുതൽ ദരിദ്രമാക്കുന്നു. ഓരോ സമൂഹവും സാംസ്കാരികമായ തനിമ വളർത്തുകയും സംരക്ഷിക്കുകയും ചെയ്യണം. സാംസ്കാരികാധിപത്യത്തിലേക്ക് നയിക്കുന്ന മാധ്യമങ്ങളിലെ എല്ലാ സ്വാധീന ശക്തികളേയും ചെറുക്കണമെന്ന് സംവേദന പ്രശ്നങ്ങ ളെക്കുറിച്ചുള്ള അന്താരാഷ്ട്ര കമ്മീഷന്റെ റിപ്പോർട്ടിൽ സെൻ മാക് ബ്രൈഡ് ആഹ്വാനം ചെയ്യുന്നു. രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലും അധികാരത്തിലും സാംസ്കാരിക വിഭവ വിനിമയത്തിലും പുലർത്തുന്ന സാമ്രാജ്യത്വ മനോഭാവങ്ങൾ തിരിച്ചറിയുവാൻ ഏവർക്കും കഴിയണം.

## 5. സംസ്കാരവും അറിവിന്റെ രാജപാതയും

മാധ്യമങ്ങളിലെ അധിനിവേശ സംസ്കാരം സാമൂഹിക പരിവർ ത്തനത്തെ ത്വരിതപ്പെടുത്തുന്നു. സാംസ്കാരിക വ്യതിയാനങ്ങളുടെ ഗതിവേഗം ആഗോളവൽക്കരണം വഴി 1990 കളോടെ വ്യാപകമായി. ആഗോളവൽക്കരണം, ഉദാരവൽക്കരണം, വിപണിവൽക്കരണം, സ്വകാര്യ വൽക്കരണം എന്നിവ എല്ലാം പരസ്പര ബന്ധിതമാണ്.

കമ്പ്യൂട്ടർ കേന്ദ്രീകൃത ഇൻഫർമേഷൻ രംഗത്തെ വളർച്ചയാണ് അധി നിവേശ സംസ്കാരത്തിന് പുനർജന്മം നൽകിയത്. ഇൻഫർ മേഷനിൽ വൃത്താന്തം, വിവരം, വിജ്ഞാനം എന്നിവ ഉൾപ്പെടുന്നു. ഇൻഫർമേഷൻ ഉല്പാദനം, വിതരണം, ശേഖരണം എന്നിവയ്ക്ക് ഉപയോഗിക്കുന്ന സാങ്കേതികതയാണ് ഇൻഫർമേഷൻ ടെക്നോളജി.

ആഗോള തലത്തിലുള്ള കമ്പ്യൂട്ടർ ശൃംഖലകളായ 'ഇന്റർനെറ്റ്' സൃഷ്ടിച്ചതാണ് സൈബർ സ്പേസ് (Cyber Space) അഥവാ 'അറിവിന്റെ രാജ പാത' (Information super highway). ഇത് ദൂരത്തിന്റെയും സമയ ത്തിന്റെയും അന്ത്യത്തിന് വഴിയൊരുക്കി. ഒരു വിജ്ഞാന ശകലം ഭൂമിയുടെ വ്യാസമായ 12,739.2 കിലോമീറ്റർ സഞ്ചരിക്കുവാൻ ഒന്നര സെക്കൻഡ് മതി. ആധുനിക വിനിമയ പ്രക്രിയ ദ്രുതഗതവും (quicker) ചെലവു കുറഞ്ഞതും (cheaper) ഒരു പരിധി വരെ വിശ്വസനീയവും (reliable) ആയതോടെ വിപുലമായ പ്രചാരമാണ് ലഭിക്കുന്നത്. ഇന്റർനെ റ്റിന്റെ വികസനമാണ് ഇ-ബാങ്കിങ്ങ്, ഇ-മാർക്കറ്റ്, ഇ-കൊമേഴ്സ് എന്നിവ. എന്നാൽ ഇതിൽനിന്നും സ്വാംശീകരിക്കുന്ന സംസ്കാരങ്ങൾ അധികവും

അധിനിവേശ സ്വഭാവമുള്ളതാണ്. അതായത് മാധ്യമ ആഗോളവൽക്കരണത്തിലൂടെ മനുഷ്യ മനസിനെ വിദേശ മൂല്യങ്ങളുടെയും സംസ്കാരങ്ങളുടെയും അടിമയാക്കുന്നു. ഈ പ്രക്രിയ പുതിയ അധിനിവേശ മൂല്യങ്ങളും സമീപനങ്ങളും പ്രചരിപ്പിക്കുന്നു.

### 6. പുത്തൻ മാധ്യമ സംസ്കാര മൂല്യങ്ങൾ

പ്രശസ്ത മാധ്യമ ചിന്തകൻ ഡോ. മൈക്കിൾ ട്രൈബർ ബഹുജന സമ്പർക്ക മാധ്യമങ്ങളുടെ ആഗോളവൽക്കരണം സൃഷ്ടിച്ച പുത്തൻ മൂല്യങ്ങളെക്കുറിച്ച് പറയുന്നു.

1. അന്തസ്സും നന്മയും ഉള്ളവർ 'ആയിരിക്കുക' എന്നതിനേക്കാൾ 'ഉണ്ടായിരിക്കുക' എന്ന് പഠിപ്പിക്കുന്നു. ഇത് ആഡംഭര വസ്തുക്കൾ കൂടുതൽ ഉണ്ടായിരിക്കണം എന്ന വ്യാമോഹം ജനിപ്പിക്കുന്നു.
2. ഉല്പന്നങ്ങളുടെ ഉള്ളടക്കത്തേക്കാൾ ബാഹ്യാവരണത്തിന് പ്രാധാന്യം നൽകുന്നു. 'കാഴ്ചയ്ക്കു ഭംഗി'യുള്ളത് (Package) അമിത സ്വാധീനം നേടുന്നു.
3. ഇറക്കുമതി ചെയ്ത ഉല്പന്നങ്ങൾ ഏറെ മെച്ചം എന്ന ചിന്ത മനസ്സിനെ കോളനിവൽക്കരിക്കുന്നു.
4. ആഭാസകരമായ അശ്ലീലതകൾ പ്രദർശിപ്പിച്ച് സ്ത്രീ സൗന്ദര്യത്തെ വില്പന ചരക്കാക്കി തീർക്കുന്നു. സ്നേഹത്തിന്റെ സ്ഥാനം ലൈംഗികത (sex) കീഴടക്കുന്നു.
5. അക്രമവും വികാരതാരള്യവും സൃഷ്ടിക്കുന്ന ചീത്തവാർത്തകളും അസാധാരണ വാർത്തകളും മാധ്യമങ്ങളിൽ മൂല്യം നേടുന്നു.

### 7. സാംസ്കാരിക അസമത്വവും വിവര വിടവും

അധിനിവേശ സംസ്കാരം വിവിധ തരത്തിൽ മാധ്യമങ്ങൾ വഴി സംക്രമിക്കപ്പെടുന്നു. അതിന്റെ അനന്തരഫലവും നിരവധിയാണ്.

1. തദ്ദേശീയ സംസ്കാരവും പൈതൃകവും അപരിഷ്കൃതവും ആവശ്യ മില്ലാത്തതും എന്ന ചിന്ത ശക്തിപ്പെടുത്തുന്നു. പകരം വിദേശ സംസ്കാരങ്ങളോടുള്ള വിധേയത്വവും പ്രതിബദ്ധതയും വർദ്ധിക്കുന്നു.
2. സമൂഹത്തിൽ ഉപഭോഗ സംസ്കാരങ്ങളും മൂല്യങ്ങളും പ്രചാരം നേടി. സ്നേഹം, കരുണ, സഹകരണം തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങളേക്കാൾ മത്സരം, ലാഭം, വാങ്ങിക്കൂട്ടൽ എന്നിവയ്ക്ക് പ്രാമുഖ്യം ലഭിച്ചു.

3. വാണിജ്യ സംസ്കാരത്തിന്റെ ഭാഗമായി സംസ്കാരം, അഭിരുചി, ഉല്പാദനം എന്നിവയിൽ ആഗോള തലത്തിൽ പാശ്ചാത്യമായ ഒരു തരം ഏകജാതീയത (homogenisation) രൂപപ്പെടുന്നു.
4. വികസനപ്രക്രിയയിൽ മധ്യവർത്തി സമൂഹത്തേക്കാൾ മുമ്പിൽ കമ്പോളമാണ്. സമ്പത്തുള്ളവർക്കേ അതിൽ പങ്കാളിയാകുവാൻ കഴിയൂ. ഉല്പാദനവും വിപണനവും ലക്ഷ്യമാക്കുന്നത് ലാഭമാണ്.
5. ബഹുജനങ്ങൾക്ക് ഉൾക്കൊള്ളുവാൻ സാധിക്കാത്തവിധം അസമത്വവും വിവര വിടവും (Inequalities and growing information gaps) വർദ്ധിക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലും അധികാരത്തിലും സാമ്രാജ്യത്വയുഗം തുടരുന്നു.

മാധ്യമങ്ങളിൽ ശക്തിപ്പെടുന്നത് അവമാനവീകരണവും (dehumanization) ദുഷ്പ്രവണതകളുമാണ്. മാധ്യമ ഉള്ളടക്കത്തിലെ ലൈംഗികതയും അക്രമാസക്തതയും ജനങ്ങളിൽ അധഃപതനവും (desensitize) ഭീകരതയും (terrorize) മൃഗീയതയും (brutalize) വളർത്തുന്നു. ഇതിനെതിരെ പരമ്പരാഗത രാജ്യങ്ങളോ വികസിത രാജ്യങ്ങളോ സഭകളോ ശബ്ദമുയർത്തിയിട്ടില്ല. പരസ്യങ്ങളും ആഗോളപരമായ ഏകജാതീയ സംസ്കാരം പ്രചരിപ്പിക്കുന്നു (Global Mono - Culture).

## 8. മാധ്യമ സംസ്കാരം: കമ്പോള ശക്തികൾക്ക് സ്വാതന്ത്ര്യം

മാധ്യമ അധിനിവേശത്തെ ചെറുത്തു നിൽക്കുവാൻ കഴിയുമോ? വികസ്വര രാജ്യങ്ങളിലെ മാധ്യമ ചിന്തകർ അതിനുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ലോകസമ്പത്തും സുഖവും കുറെ ആളുകൾക്കു മാത്രമായി ധ്രുവീകരിക്കപ്പെടുമ്പോൾ സമൂഹത്തിന്റെ വിഭവസമ്പത്ത് പൊതുനന്മക്കായി നിർവ്വഹിക്കുവാൻ കഴിയാതെ വരും. അതിനാൽ മൂന്നാം രാജ്യങ്ങൾ സാംസ്കാരികാധിനിവേശത്തിനെതിരെ ജാഗ്രത പുലർത്തി തദ്ദേശീയ സംസ്കാരങ്ങൾ സംരക്ഷിക്കുവാൻ ശ്രമിക്കണമെന്ന് പഠിപ്പിക്കുന്നു.

സാംസ്കാരിക അധിനിവേശത്തെ ചെറുക്കുന്നതും വിമോചന ദൗത്യമുള്ളതുമായ ബദൽ മാധ്യമങ്ങളെക്കുറിച്ചുള്ള അന്വേഷണം പ്രാദേശിക തലങ്ങളിൽ രൂപപ്പെടുത്തുകയും സഭകളിൽ വികസിപ്പിക്കുകയും ചെയ്യണം. വിവരസമൂഹം വളരെ സ്വാധീന ശക്തിയുള്ളതാണ്. അത് ദരിദ്രരാജ്യങ്ങളിൽ എല്ലാവർക്കും പ്രയോജനപ്പെടുന്നില്ല. പ്രത്യേകിച്ച് ഇന്ത്യൻ പശ്ചാത്തലത്തിൽ വിവരവൽക്കരണം (informatization) ആർക്ക് പ്രയോജനപ്പെടുന്നു? ആഗോളവൽക്കരണവും മാധ്യമ സമൂഹവും സൃഷ്ടിച്ച സാമൂഹ്യസ്ഥിതി എപ്രകാരമുള്ളതാണ്? പണവും അധികാരവും ആധിപത്യം പുലർത്തുന്ന ഒരു വ്യവസ്ഥിതി വളരെപ്പെട്ടെന്ന്

വളർന്നു. അധാർമ്മികമായി വൻലാഭം വ്യക്തികളിലും കുത്തക കമ്പനികളിലും എത്തിച്ചേരുന്നു. ധനികരും സമ്പന്നരും ആദരിക്കപ്പെടുന്ന രീതി ശക്തിപ്പെട്ടു. ദരിദ്രർ കൂടുതൽ ഒറ്റപ്പെടുകയും സ്ത്രീകൾ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. കുട്ടികളോടുള്ള കടമകൾ തള്ളിക്കളയുന്നു. കുടുംബബന്ധങ്ങൾ എവിടെയും തകരുകയാണ്.

കമ്പോള ശക്തികൾക്ക് സ്വാതന്ത്ര്യം വർദ്ധിക്കുന്നു. തൊഴിലില്ലായ്മയും അസമത്വവും കൂടുന്നു. ആവശ്യക്കാർ (Needy) എപ്പോഴും പാർശ്വവത്ക്കരിക്കപ്പെടുന്നു. 'പണവും കമ്പോളവും സംതൃപ്തി പകരും' എന്ന സമവാക്യം എവിടേയും വ്യാപകമാകുന്നു.

മാധ്യമ ചിന്തകനായ മാർഷൽ മാക് ലൂഹൻ 'ആഗോള ഗ്രാമം' (Global Village) എന്ന സങ്കല്പവുമായി 1960 കളിൽ നടത്തിയ പ്രവചനം മാധ്യമ അധിനിവേശത്തെക്കുറിച്ചുള്ള ദർശനം കൂടിയാണ്. ഇന്ന് ലോകം മുഴുവൻ ഇന്റർനെറ്റ് വഴി ഇംഗ്ലീഷ് ഭാഷ, അമേരിക്കവൽക്കരണം (Americanization), പാശ്ചാത്യവൽക്കരണം (westernization) എന്നിവയിൽ ഒന്നിച്ചു നിർത്തിയിരിക്കുന്നു. ആഗോളഗ്രാമത്തിന്റെ അധീശന്മാർക്ക് രാഷ്ട്രീയ-സാമ്പത്തിക താല്പര്യങ്ങൾ വ്യക്തമായുണ്ട്. അതിന്റെ പശ്ചാത്തലം തിരിച്ചറിഞ്ഞാവണം വികസ്വര രാഷ്ട്രങ്ങൾ ഏതു സമീപനവും വിലയിരുത്തേണ്ടത്.

ഇന്ത്യയിൽ 37 ശതമാനം ജനത നിരക്ഷരരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമാണ്. ഇന്റർനെറ്റു വഴിയുള്ള വിവരവൽക്കരണം ഈ വിഭാഗത്തെ ഒരു തരത്തിലും സഹായിക്കുകയില്ല. തൊഴിലാളികൾക്കു പകരം കമ്പ്യൂട്ടറുകൾ ജോലി ഏറ്റെടുത്തതോടെ ജോലിയിലും ജീവിതത്തിലും ശൈലികൾ വ്യത്യാസപ്പെട്ടു. എവിടെയും ഹൈടെക് തൊഴിലാളി (high - tech employees) മേഖലയാണ് വികസിക്കുന്നത്.

ബഹുഭൂരിപക്ഷം ലോകജനതയും വ്യവസായ-മാധ്യമ വിപ്ലവങ്ങളുടെ പ്രയോജനങ്ങളിൽ നിന്നും പുറന്തള്ളപ്പെട്ടവരാണ്. ദാരിദ്ര്യം, നിരക്ഷരത, അജ്ഞത, സാമൂഹിക തള്ളിമാറ്റൽ, അധികാര രാഹിത്യം എന്നിവയെല്ലാം സമൂഹത്തിലെ ഒരു വലിയ വിഭാഗം ജനതയെ വിവരസമൂഹത്തിൽ നിന്നും പുറന്തള്ളുന്നു.

**9. ഉപസംഹാരം**

ആഗോളതലത്തിൽ ദ്രുതഗതിയിൽ വികസിക്കുന്ന മാധ്യമ സമൂഹത്തെ നിരസിക്കുക അസാധ്യമാണ്. വാണിജ്യ താൽപര്യങ്ങൾ ലക്ഷ്യമാക്കി വിവിധതരം ഉല്പന്നങ്ങൾ അടിച്ചേൽപ്പിക്കുകയാണ് അവയുടെ ധർമ്മം. ജനാധിപത്യപരവും നീതിപൂർവ്വവുമായ ലോകവിനിമയ

വ്യവസ്ഥ സ്ഥാപിതമാക്കുന്നതിനുള്ള പ്രതിരോധശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആഗോള സംസ്കാരത്തെ വിപണന വ്യവസ്ഥയ്ക്കു വിധേയമാക്കുന്നതിനെതിരെ അമേരിക്കയിൽ തന്നെ 'കൾച്ചറൽ എൻവയർമെന്റ് മൂവ്മെന്റ്' ഉണ്ടായിട്ടുണ്ട്. യൂറോപ്പിൽ മാധ്യമ ബോധന പരിപാടികൾ ആരംഭിച്ചിട്ട് വളരെക്കാലമായി. ഇന്ത്യയിലും ആഗോള വാണിജ്യ വിനിമയ കുത്തകകളെ നിയന്ത്രിക്കുവാനും അധിനിവേശ സംസ്കാരത്തോട് പ്രതികരിക്കുവാനും പ്രാദേശിക സംഘടനകളും പഠന സംഘങ്ങളും രൂപപ്പെടേണ്ടതുണ്ട്. സഭകൾക്കും ഇതിൽ മുഖ്യ പങ്കാളിത്തം വഹിക്കുവാൻ കഴിയും.

❑

## പാഠം 4

# മാധ്യമങ്ങളിലെ സ്ത്രീ പ്രതിച്ഛായ

❑ മാധ്യമങ്ങളും സ്ത്രീകളും ❑ മാധ്യമങ്ങളിലെ സ്ത്രീ വാർപ്പു തരങ്ങൾ.

മാധ്യമങ്ങളും സ്ത്രീ ശരീരവും പരസ്പര പൂരകമായി നിലനിൽക്കുന്നു. മാധ്യമങ്ങളുടെ വളർച്ചക്കും വികസനത്തിനും മുഖ്യ ഉപാധിയാണ് സ്ത്രീ ശരീരം. അതിനാൽ സ്ത്രീ രൂപങ്ങളില്ലാതെ മാധ്യമങ്ങളില്ല. മാധ്യമ വിഭവങ്ങൾ ഉല്പന്നങ്ങളെപ്പോലെ വിപണനം ചെയ്യുന്നതിനായി സ്ത്രീ ശരീര പ്രദർശനവും ലൈംഗികതയും വിവിധ തരത്തിൽ മാധ്യമങ്ങളിൽ ദൃശ്യവൽക്കരിക്കുന്നു. ഇൻഫർമേഷൻ വിപ്ലവം 'വിപണിയും ലാഭവും' ലക്ഷ്യമിടുന്നതിനാൽ ലൈംഗിക മസാലകൾ നിറച്ചാണ് മാധ്യമങ്ങളിൽ അവതരിപ്പിക്കുന്നത്. മാധ്യമങ്ങളിലെ വിനോദത്തിന്റെയും വാർത്താ വിവര വിവരണങ്ങളുടെയും അടിസ്ഥാനം 'കാഴ്ചയുടെ സംസ്കാര'മാണ്. കാഴ്ചയേയും സംവേദനത്തേയും നിസ്തന്ദ്രമായി ഉത്തേജിപ്പിക്കുകയാണ് മാധ്യമങ്ങളിലെ സ്ത്രീശരീരത്തിന്റെ ദൗത്യം. പ്രവർത്തന ക്ഷമമായ സദസ്സിനെ (Active and Creative Audience) സൃഷ്ടിക്കുവാൻ മാധ്യമ വിഭവ ശില്പികൾ ബോധപൂർവ്വം സന്നിവേശിപ്പിക്കുന്ന വിപണി തന്ത്രമാണിത്.

### I. മാധ്യമങ്ങളും സ്ത്രീകളും

ബഹുജന മാധ്യമങ്ങളുടെ വളർച്ചയും ഉപഗ്രഹ ചാനലുകളുടെ സംക്രമണവുമാണ് പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നു കയറ്റം ശക്തമാക്കിയത്. 1991-ൽ ഇന്ത്യൻ മാധ്യമ രംഗത്ത് ആഗോളവൽക്കരണത്തിന്റെ ഭാഗമായി സി.എൻ.എൻ. വന്നതോടെ കുടുംബ സാമൂഹ്യ ബന്ധങ്ങളിൽ നിരവധി പരിവർത്തനങ്ങളുണ്ടായി. ഭവനത്തിലെ സ്വീകരണ മുറിയിൽ വിനോദ വിവര വിജ്ഞാന പരിപാടികൾ കാണുവാനായി ഇരുന്നൂറിലധികം വിദേശ സ്വദേശ ചാനലുകൾ ലഭ്യമായി. ഇത് ആഗോള സംസ്കാരത്തിന്റെ വേഗത വർദ്ധിപ്പിക്കുകയും സ്ത്രീ പ്രതിച്ഛായയ്ക്ക് പുത്തൻ രൂപഭാവ പരിണാമങ്ങൾ വരുത്തുകയും ചെയ്തു.

ഭവനാന്തരീക്ഷത്തിൽ മാത്രം കഴിഞ്ഞിരുന്ന സ്ത്രീയെ ഉദ്യോഗസ്ഥയും മികച്ച ഉപഭോക്താവും ആക്കിത്തീർക്കുന്നതിന് മാധ്യമങ്ങൾ മുഖ്യപങ്കുവഹിച്ചു. വിപണിയിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങിക്കൂട്ടുന്ന പ്രധാന ഉപഭോക്താവ് എന്ന റോളിലേക്ക് സ്ത്രീയെ എത്തിക്കുന്നതിൽ മാധ്യമങ്ങൾ വിജയിച്ചു. വരേണ്യ വർഗ്ഗത്തിന്റെ സംസ്കാരവും

ഉല്പന്നവും അതിവേഗം സ്വന്തമാക്കുവാൻ ഏതു തരം സ്ത്രീയെയും മാധ്യമങ്ങൾ പ്രാപ്തമാക്കുന്നു. വിപണിയിലെ ഉല്പന്നങ്ങളും പരസ്യങ്ങളും സ്ത്രീകളെ ലക്ഷ്യമിടുന്നു. ഉല്പന്നങ്ങൾ വാങ്ങുന്നതിൽ സ്ത്രീകൾ നിർണ്ണായക പങ്കു വഹിക്കുന്നതിനാൽ ഉൽപാദകർ, സ്ത്രീകളെ ലക്ഷ്യം വെച്ച് പരസ്യങ്ങൾ രൂപശില്പം ചെയ്യുന്നു. ഇതിൽ സ്ത്രീശരീരം ദൃശ്യവൽക്കരിക്കപ്പെടുന്നു.

മാധ്യമങ്ങളിലെ സ്ത്രീ പ്രതിച്ഛായയെ നിർണ്ണയിക്കുന്നത് മാധ്യമങ്ങളുടെ പ്രത്യയശാസ്ത്രം അനുസരിച്ചാണ്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ നിലപാടുകളാണ് കൂടുതൽ സ്വാധീനം സൃഷ്ടിക്കുന്നത്. സ്ത്രീ പ്രതിച്ഛായ പകരുന്ന പ്രധാന മാധ്യമങ്ങൾ താഴെപ്പറയുന്നവയാണ്.

**1. ടെലിവിഷൻ:** ജനങ്ങളെ ശക്തമായി സ്വാധീനിക്കുന്ന മാധ്യമമാണ് ടെലിവിഷൻ. 1982-ൽ കളർ ടെലിവിഷന്റെ വരവാണ്, ഇതിന് ആകർഷകത്വം പകർന്നത്. 1992 കൾക്കു ശേഷം നിരവധി മുഴുവൻ സമയ ചാനലുകൾ കാണുവാൻ അവസരം ലഭിക്കുന്നു. ഉപഗ്രഹ ചാനലുകൾ ആയതിനാൽ സ്വദേശ നിയന്ത്രണങ്ങൾ അസാധ്യമാണ്. വാണിജ്യ താത്പര്യങ്ങൾ ഉന്നംവെച്ച് ഉല്പന്നങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിക്കുവാനുള്ള മുഖ്യ ഉപാധിയായി ടെലിവിഷൻ. വിനോദ വിജ്ഞാന പരിപാടികളെ നിയന്ത്രിക്കുന്നതും നയിക്കുന്നതും ബഹുരാഷ്ട്ര കമ്പനികളും അവയുടെ ഉല്പന്നങ്ങളുമാണ്. ഇവ ജനങ്ങളിൽ ആകർഷകമായി അവതരിപ്പിക്കുന്നതിനായി 'സ്ത്രീ പ്രതിച്ഛായ' വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു. ലൈംഗിക വസ്തു (Sex object), അലങ്കാര വസ്തു എന്ന രീതിയിലാണ് ഇതിൽ സ്ത്രീ പ്രതിച്ഛായ ദൃശ്യമാകുന്നത്. വിദേശ സ്ത്രീത്വ സങ്കല്പവും അതിശക്തമായി ടെലിവിഷൻ വിനിമയം ചെയ്യുന്നു.

**2. സിനിമ:** ദൃശ്യ തലത്തിൽ സംവേദന സ്പർശനം ഫലപ്രദമായി പകരുന്നതാണ് സിനിമ. ചലനാത്മകത, ശബ്ദ വിന്യാസം, സംഗീത സന്നിവേശം, ദൃശ്യത്തിന്റെ വിവിധ തലങ്ങൾ എന്നിവ സിനിമയെ ആകർഷകമാക്കുന്നു. സിനിമയിൽ ലോകവും ജീവിതവും യഥാർത്ഥ രീതിയിൽ ചിത്രീകരിക്കാറില്ല. ഇതിൽ ദൃശ്യം, ദൃശ്യ സങ്കലനം, ശബ്ദം, ചലനം, സംഗീതം, വെളിച്ചം, ഇരുട്ട്, വർണ്ണം, മായാ പ്രതീതി എന്നിവ സവിശേഷമായ രീതിയിൽ സമന്വയിപ്പിച്ച് ദൃശ്യഭാഷ ആവിഷ്ക്കരിക്കുന്നു. സിനിമയിലെ സ്ത്രീ പ്രതിച്ഛായ നിശ്ചയിക്കുന്നത് ക്യാമറാക്കണ്ണുകളാണ്. സമീപദൃശ്യം (Close-up), അതിസമീപ ദൃശ്യം (Tight close-up), മദ്ധ്യ വിദൂര ദൃശ്യം (medium long shot), മദ്ധ്യ സമീപ ദൃശ്യം (medium close-up), ഉയർന്ന ദിശ (High angle), താഴ്ന്ന ദിശ (low angle) എന്നീ തരത്തിൽ ക്യാമറായുടെ കണ്ണുകൾ സ്ത്രീശരീരം ക്രമീകരിക്കുന്നു. സ്ത്രീയുടെ പ്രതിച്ഛായയും സ്ത്രീ ശരീര പ്രദർശനവും സ്ത്രീ അറിയാതെയുള്ള

വീക്ഷണകോണുകളിൽ 'ക്യാമറ കണ്ണുകൾ സൃഷ്ടിക്കുന്ന' പ്രത്യേക തരം ദൃശ്യങ്ങളാണ്. ഇരുട്ടിന്റെ പശ്ചാത്തലത്തിൽ സിനിമയിൽ ഇവ ദൃശ്യമാകുമ്പോൾ ലൈംഗികത ഉദ്ദീപിപ്പിക്കപ്പെടുന്നു.

**3. പരസ്യങ്ങൾ:** ജനജീവിതത്തെ പരസ്യങ്ങൾ സാരമായി ബാധിക്കുന്നു. മനുഷ്യന്റെ അഭിരുചി, വസ്ത്രധാരണം, ജീവിത രീതി, ദർശനം എന്നിവയെല്ലാം പരസ്യങ്ങൾ നിയന്ത്രിക്കുന്നു. അച്ചടി മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലുമുള്ള പരസ്യങ്ങളാണ് ആകർഷകമായി തീരുന്നത്. ശ്രാവ്യ മാധ്യമങ്ങളും പരസ്യങ്ങൾക്കൊണ്ട് നിറഞ്ഞു നിൽക്കുന്നു. പരസ്യങ്ങളിലെ വികാരപരമായ സന്ദേശങ്ങളും ദൃശ്യങ്ങളും ഉല്പന്നങ്ങൾ വിപണനം ചെയ്യുവാൻ സഹായിക്കുന്നു. ഇത് സ്ത്രീശരീരത്തിന്റെ നഗ്നവും അർദ്ധനഗ്നവുമായ പ്രദർശനം വഴി ഒരുക്കുന്നു. ഏതുല്പന്നങ്ങളുടെ പരസ്യത്തിനും സ്ത്രീയുടെ സ്ത്രൈണഭാവം ഉൾക്കൊള്ളുന്ന പരസ്യം ആവശ്യപ്പെടുന്നു. ദൃശ്യ മാധ്യമങ്ങളിൽ ശബ്ദം, ദൃശ്യം, ദൃശ്യദിശ, പശ്ചാത്തലം, വർണ്ണം, ചലനം എന്നിവയെല്ലാം സമന്വയിക്കുന്നു. പരസ്യത്തിൽ സ്ത്രീക്ക് ശരീര സൗന്ദര്യവും മുഖകാന്തിയും അത്യന്താപേക്ഷിതമാണ്. കൗമാര-യൗവ്വന യുക്ത ശരീര ലൈംഗികതയാണ് പ്രദർശന വസ്തു. ഇതിന്റെ പിന്നാമ്പുറത്ത് മാധ്യമ ഉടമസ്ഥർ, വിപണിയുടെ കുത്തക മുതലാളിമാർ, പുരുഷാധിപത്യം, ലാഭം, കമ്പോളം എന്നിവയുടെ നിയന്ത്രണമാണുള്ളത്.

**4. ഇന്റർനെറ്റ്:** വിനോദ വിജ്ഞാന വാർത്താ വിനിമയങ്ങളുടെ സ്വതന്ത്രമായ ഒഴുക്കാണ് ഇന്റർനെറ്റിലുള്ളത്. ഉപഭോക്താവിന് താല്പര്യമുള്ള വിഭവങ്ങൾ സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ ഇതിൽ തെരഞ്ഞെടുക്കുവാൻ കഴിയും. പ്രകാശ വേഗത്തിലാണ് ഇതിൽ വിവരങ്ങളും ദൃശ്യങ്ങളും പ്രവഹിക്കുന്നത്. ഇന്റർനെറ്റിലും പരസ്യങ്ങളുടെ പ്രളയമാണ്. അശ്ലീല ചിത്രങ്ങളും അനാശാസ്യ പ്രവർത്തനങ്ങളും ധാരാളം ഉണ്ട്. സ്ത്രീശരീരത്തിന്റെ നഗ്നത സമ്പൂർണ്ണമായും വെളിപ്പെടുത്തിയിരിക്കുന്ന അനവധി ശേഖരം ഇന്റർനെറ്റിലുണ്ട്. ഇത്തരത്തിലുള്ള ലൈംഗികതയെ സൈബർ സെക്സ് (Cyber Sex) എന്ന് വിളിക്കുന്നു അശ്ലീല വെബ്സൈറ്റുകൾക്ക് യുവജനത അടിമയാകുന്നു. ജീവിതരീതി, സ്വഭാവ ശൈലി, പെരുമാറ്റങ്ങൾ എന്നിവയെ ഇവ സ്വാധീനിക്കുന്നത് ഗൗരവമായി ചിന്തിക്കേണ്ടതാണ്. യുവതലമുറ മാധ്യമങ്ങൾക്ക് അടിമകളാകുന്ന (Media Addiction) പ്രവണത വർദ്ധിച്ചുവരുന്നു. സ്ത്രീപ്രതിച്ഛായ വളരെ പ്രാകൃതമായി ഇന്റർനെറ്റ് ദൃശ്യങ്ങളിൽ ഊതിവീർപ്പിക്കുന്നു. സാമൂഹിക മാധ്യമങ്ങളുടെ വരവോടെ സെക്സ് ദൃശ്യങ്ങൾക്കും വീഡിയോകൾക്കും വ്യാപകമായ പ്രചാരം ലഭ്യമായി. ഏതു പ്രായക്കാർക്കും ഏത് അവസരത്തിലും ഇത് അനായാസം ലഭ്യമാകുന്നു.

## II. മാധ്യമങ്ങളിലെ സ്ത്രീവാർപ്പു തരങ്ങൾ (Woman Stereotypes)

ആധുനിക ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ജനങ്ങളുടെ ജീവിതരീതി, മനോഭാവം, മൂല്യങ്ങൾ എന്നിവയെ സ്വാധീനിക്കുകയും ബാധിക്കുകയും ചെയ്യുന്നു. സ്ത്രീയുടെ അന്തസ്സും മഹത്വവും തമസ്കരിച്ച് സ്ത്രീകളുടെ നഗ്നത കച്ചവടച്ചരക്കായി പ്രദർശിപ്പിക്കുന്നു. സ്ത്രീ വാർപ്പുതരങ്ങൾ പുനരാവിഷ്കരിക്കുകയാണ് മാധ്യമങ്ങൾ.

മാധ്യമങ്ങളിൽ പ്രദർശിപ്പിക്കപ്പെടുന്ന സ്ത്രീ പ്രതിച്ഛായ നിഷേധപരമാണ്. സ്ത്രീയുടെ കഴിവും മഹത്ത്വവും വെളിപ്പെടുത്തുന്ന ദൃശ്യങ്ങളും വിവരണങ്ങളും മാധ്യമങ്ങളിൽ വളരെ വിരളമാണ്. മാധ്യമങ്ങളിലെ സ്ത്രീ പ്രതിച്ഛായയുടെ സ്വഭാവം താഴെപ്പറയുന്നവയാണ്.

### 1. സ്ത്രീ ഗാർഹിക പരിപാലകയാണ് (Woman as a Home Maker)

മാധ്യമങ്ങൾ സ്ത്രീ പ്രതിച്ഛായ ദൃശ്യവൽക്കരിക്കുന്നത് ഗാർഹിക ജീവിത പരിപാലനവുമായി ബന്ധപ്പെട്ടാണ്. പരമ്പരാഗത സ്ത്രീരൂപങ്ങളുടെ വാർപ്പുതരങ്ങളായി (Stereo types) മാധ്യമങ്ങൾ വീണ്ടും അവതരിപ്പിക്കുന്നു. വീട്ടമ്മ, അമ്മ, അമ്മായിയമ്മ, ഭാര്യ, കാമുകി, ഇര, കാല്പനിക പ്രേമം അരങ്ങേറാനുള്ളവൾ, ലൈംഗിക വസ്തു തുടങ്ങിയ രൂപങ്ങളിലാണ് പ്രത്യക്ഷപ്പെടുക. അടിസ്ഥാനപരമായ ഈ രൂപങ്ങളിൽ ചില പുതുമകളും അലങ്കാരങ്ങളും ബോധപൂർവ്വം സൃഷ്ടിക്കുകയാണ്. സ്ത്രീയുടെ ഇടം വീടാണ്. സുപ്രധാനമായ കാര്യങ്ങളിൽ സ്ത്രീയ്ക്ക് തീരുമാനം എടുക്കുവാൻ കഴിയുകയില്ല. ഗാർഹിക ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുവാൻ സ്ത്രീകൾ ഉത്തരവാദിത്തപ്പെട്ടവളാണ്. സ്ത്രീകൾ ആശ്രിതരും പുരുഷ സംരക്ഷണം എപ്പോഴും വേണ്ടവളുമാണ്. സ്ത്രീകൾ കരയുവാനും കഷ്ടപ്പെടുവാനും വിധിക്കപ്പെട്ടവളാണ്. ഗാർഹിക പരിപാലനത്തിൽ സ്ത്രീ രണ്ടാം തരമാണ് തുടങ്ങിയ മൂല്യങ്ങളാണ് മാധ്യമങ്ങൾ അടിച്ചേൽപ്പിക്കുന്നത്.

മാധ്യമ വിഭവങ്ങൾ സൃഷ്ടിക്കുന്ന പുരുഷ മേൽക്കോയ്മയുടെ സ്വാധീനമാണ് ഇത്തരം പ്രവണതകൾ വർദ്ധിപ്പിക്കുന്നത്. സാമൂഹിക ജീവിതത്തിൽ പരമ്പരാഗത സ്ത്രീ രൂപങ്ങൾക്ക് യോജിക്കാത്ത 'പുതിയ സ്ത്രീ രൂപ'മാണ് വളർന്നു വരുന്നത്. പുരോഗമന ചിന്തകളും സാമൂഹിക രാഷ്ട്രീയ നിയമാവകാശങ്ങളെക്കുറിച്ചുള്ള ബോധ്യവും ഉന്നത വിദ്യാഭ്യാസവും ഉദ്യോഗവും സ്ത്രീയെ പുത്തൻ വ്യക്തിത്വത്തിലേക്ക് നയിക്കുന്നു. എന്നാൽ ഇവ ലഭ്യമല്ലാത്ത സ്ത്രീ ഇന്നും കുടുംബ ചുറ്റു

പാടിലെ വിവേചനത്തിനും ചൂഷണത്തിനും പീഡനത്തിനും ഇരയായി ത്തീരുന്നു. മാധ്യമങ്ങളിൽ ഭവനാന്തരീക്ഷത്തിലെ സ്ത്രീ രൂപങ്ങൾക്കാണ് മുഖ്യ പ്രാധാന്യം.

## 2. സ്ത്രീ ഒരു വസ്തുവാണ് (Woman as an Object)

മാധ്യമങ്ങളിൽ സ്ത്രീയെ വസ്തുക്കളായി, ചരക്കുകളായി ചിത്രീക രിക്കുന്നു. പുരുഷനു വേണ്ടിയുള്ള ലൈംഗിക വസ്തുക്കളായി ദൃശ്യ വൽക്കരിക്കുന്നു. ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുമ്പോൾ കമ്പോള സംസ്കാ രത്തിന്റെ മുഖ്യ ഉപാധി സ്ത്രീ ശരീരമാണ്. മാധ്യമങ്ങളിലെ മസാല മണം സ്ത്രീയെ ഒരു ഉല്പന്നത്തിന്റെ പദവിയിലാക്കി. ഇവിടെ സ്ത്രീക ളല്ല, വെറും സാധനങ്ങളായി തീരുന്നു സ്ത്രീ പ്രതിച്ഛായ!

സ്ത്രീയുടെ പ്രതിച്ഛായയ്ക്ക് സൗന്ദര്യവും യൗവ്വനത്വവും ആവശ്യ മാണെന്ന മിഥ്യാ ധാരണ മാധ്യമങ്ങൾ അതിശക്തമായി വ്യാപിപ്പിക്കുന്നു. ഇത് സൗന്ദര്യ സങ്കല്പങ്ങളിലെ മൂല്യങ്ങളുടെ ഒഴുക്കിനും (Erosion of values) കുടുസ്സായ വ്യക്തിവാദത്തിനും (Rigid individualisam) ഇടയാ ക്കുന്നു. സൗന്ദര്യ സങ്കല്പത്തിൽ 'കോസ്മെറ്റിക് സംസ്കാരവും' ആഡം ഭര ജീവിതവും ധൂർത്തും അതിശക്തമായി. ഇത് സ്ത്രീ പ്രതിച്ഛായയ്ക്ക് പുതിയ നിർവ്വചനങ്ങൾ സൃഷ്ടിച്ചു. സ്ത്രീ; സുന്ദരം, സുതാര്യം, അവ്യ ക്തിത്വം എന്നിവ നിറഞ്ഞതാകണമെന്ന് മാധ്യമങ്ങൾ പഠിപ്പിക്കുന്നു. അതിനാൽ മാധ്യമങ്ങളിൽ സ്ത്രീയെ, ലൈംഗിക ബിംബമായി ഉയർത്തി ക്കാട്ടുന്നു.

സൗന്ദര്യ വർദ്ധക വസ്തുക്കൾ, തുണിത്തരങ്ങൾ, സ്വർണ്ണാഭരണ ങ്ങൾ, വീട്ടുപകരണങ്ങൾ, ബൈക്കുകൾ, കാറുകൾ, ടയറുകൾ, വീട്ടു പാചക-ഭക്ഷണ സാധനങ്ങൾ ഇങ്ങനെ എന്തിനും സ്ത്രീയുടെ ശരീര ഭാഗങ്ങളെ തന്ത്രപരവും വികാരപരവുമായി ആവിഷ്കരിക്കുന്നു. ഇത് ഉല്പന്നങ്ങളുടെ വിപണനവും സ്ത്രീത്വത്തിന്റെ നിഷേധവുമാണ്. സ്ത്രീയെ സൗന്ദര്യ വസ്തുവായി മാധ്യമങ്ങൾ അവതരിപ്പിക്കുന്നു. സൗന്ദര്യവും യൗവ്വനത്വവും സ്ത്രീ പ്രതിച്ഛായയുടെ അടിസ്ഥാനമായി വളരുന്നു. അതിനാൽ സൗന്ദര്യവർധക ഉല്പന്നങ്ങൾ എല്ലാം ഇവ നില നിർത്തുവാൻ പര്യാപ്തമായതെന്ന് പ്രചരിപ്പിക്കുന്നു. ഇതിന്റെ പ്രലോഭ നത്തിൽ യുവതലമുറ അടിമപ്പെട്ടിരിക്കുകയാണ്.

## 3. സ്ത്രീ ആശ്രിതയാണ് (Woman as a Dependent)

മാധ്യമങ്ങളുടെ നിയന്ത്രണവും ഭാഷയും ദൃശ്യവും ആൺകോയ്മ യുടേതാകുമ്പോൾ സ്ത്രീ ആശ്രിതയാകും. മാധ്യമങ്ങളിൽ സ്ത്രീയുടെ പ്രവേശനം നിലവിളക്ക്, ചുറ്റുവിളക്ക്, തൂക്കുവിളക്ക്, ദീപസ്തംഭം, കളി

വിളക്ക് എന്നിങ്ങനെയുള്ള പശ്ചാത്തലത്തിലാണ്. നാലുകെട്ട്, ചന്ദന ക്കുറി, കാവിമുണ്ട്, അമ്പലക്കുളം, കസവുമുണ്ട് തുടങ്ങിയവ ദൃശ്യഭാ ഷയിലെ സവർണ്ണ ചിഹ്നങ്ങളാണ്. സർവ്വാഭരണ വിഭൂഷിതരും തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ചവരുമായ സ്ത്രീകൾ സമ്പന്നതയുടെയും ആഢ്യത്വ ത്തിന്റെയും ദൃശ്യഘടനയുടെ സൂചനകളാണ്. ഇത് അധികാര ഉച്ചനീ ചത്വങ്ങളുടെ വെളിപ്പെടുത്തലാണ്. മാധ്യമങ്ങളിൽ സ്ത്രീ സ്വതന്ത്രമായ വ്യക്തിത്വം പ്രകടിപ്പിക്കാറില്ല. ചിന്തകളിൽ ഉറച്ചുനിൽക്കുവാനോ തീരു മാനങ്ങൾ എടുക്കുവാനോ കഴിയില്ല. പുരുഷന്റെ തണലിൽ വളരുന്ന വ്യക്തിത്വമാണ് സ്ത്രീക്കുള്ളത്. സ്ത്രീകൾ ആശ്രിതരും പുരുഷന്റെ സംരക്ഷണം എപ്പോഴും വേണ്ടവരുമാണെന്ന് പഠിപ്പിക്കുന്നു. സ്ത്രീകൾ പുരുഷനു വേണ്ടിയുള്ള ലൈംഗിക വസ്തു എന്ന ദൃശ്യങ്ങൾക്കാണ് മുഖ്യ പ്രാധാന്യം. സാമൂഹിക-സാമ്പത്തിക-മാനസിക-ബുദ്ധിപരമായ അവസ്ഥകളിലും സ്ത്രീയെ ആശ്രിതയായി അവതരിപ്പിക്കുന്നു.

സ്ത്രീയുടെ കഴിവ്, മഹത്ത്വം, സൃഷ്ടിപരത, വിശകലന പാടവം, സ്നേഹം എന്നിവ തമസ്കരിക്കുകയും വികാര, സൗന്ദര്യ പ്രകടനങ്ങ ൾക്ക് മാധ്യമങ്ങൾ പ്രാധാന്യം നൽകുകയും ചെയ്യുന്നു. ഇത് സ്ത്രീയുടെ ആശ്രിതത്വത്തെ ഇരട്ടിപ്പിക്കുകയും അത്തരം ചിന്തകൾ സമൂഹത്തിൽ ഉറപ്പിക്കുകയും ചെയ്യുന്നു.

### 4. സ്ത്രീ ജീവാർപ്പിതയാണ് (Woman as a Sacrificer)

മാധ്യമങ്ങളിലെ സ്ഥിരമുള്ള സ്ത്രീ-പുരുഷ പദവിയിൽ, സ്ത്രീ ജീവാർപ്പിതയാകണമെന്നുള്ള വാർപ്പുതര മനോഭാവമാണുള്ളത് (Stereo type attitude). ജനനം മുതൽ കഷ്ടവും നഷ്ടവും സഹിച്ച് ത്യാഗി യായി ജീവിതം അനുഭവിച്ച് തീർക്കുവാൻ വിധിക്കപ്പെട്ടവളാണെന്ന ചിന്താഗതി മാധ്യമങ്ങളിൽ സ്ത്രീ രൂപങ്ങൾക്ക് നൽകുന്നു. 'എല്ലാം സഹിക്കുന്നവളും ക്ഷമിക്കുന്നവളുമാണ് ഉത്തമ സ്ത്രീ' എന്ന പുരുഷ മേൽക്കോയ്മയുടെ ചിന്താഗതിയാണിത്. പുരുഷ-സ്ത്രീ ദൃശ്യങ്ങൾ മാധ്യമങ്ങളിൽ അവതരിപ്പിക്കുമ്പോഴും ഈ വൈവിധ്യം നിലനിർത്തുന്നു. പുരുഷന്റെ മനസ്, തല, യുക്തി, ചിന്ത, ശക്തി, ദൃഢത എന്നീ തല ങ്ങൾ അടിസ്ഥാനമാക്കി ചിന്തയും ദൃശ്യവും പകർത്തുമ്പോൾ സ്ത്രീ രൂപങ്ങൾക്ക് നൽകുന്നത് ശരീരം, ഹൃദയം, വികാരം, വിചാരം, ദുർബ ലത, മൃദുല ഭാവം എന്നിവയാണ്. പുരുഷന്റെ ബുദ്ധിയും ശക്തിയും അടിസ്ഥാനമാകുമ്പോൾ സ്ത്രീയുടെ വികാരവും ശരീരവുമാണ് പ്രദർശി പ്പിക്കുന്നത്. ജീവശാസ്ത്രപരമായി തന്നെ സ്ത്രീകൾ ആത്മത്യാഗികളും ജീവിത ത്യാഗികളുമായി തീരണമെന്ന് മാധ്യമ ദൃശ്യഘടന വിധിയെഴു തുന്നു. സാംസ്കാരികമായി നിർമ്മിച്ചെടുക്കുന്ന സ്ത്രീ പ്രതിച്ഛായയാ ണിത്.

### 5. സ്ത്രീ ഉദ്യോഗസ്ഥയാണ് (Woman as a Professional)

മാധ്യമങ്ങളിൽ സ്ത്രീകളെ ഉദ്യോഗസ്ഥകളായി ചിത്രീകരിക്കാറുണ്ട്. പരമ്പരാഗതവും ആധുനികവുമായ ഉദ്യോഗ തസ്തികകൾ മാധ്യമങ്ങളിൽ കാണിക്കുന്നു. നേഴ്സ്, അദ്ധ്യാപിക, സെക്രട്ടറി, എഞ്ചിനിയർ, അഡ്വക്കേറ്റ്, ശാസ്ത്രജ്ഞ തുടങ്ങി ഏതു സ്ഥാനങ്ങൾ ആയാലും അതിൽ നീതി പുലർത്തുന്ന രീതിയിലല്ല മിക്കതും ദൃശ്യവൽക്കരിക്കുന്നത്. ലൈംഗികമായ ആകർഷണീയതയും ഉത്തേജനവും പകരുന്ന രണ്ടാം തരം റോളുകളായിരിക്കും അവതരിപ്പിക്കുക. ഉദ്യോഗ രംഗത്തും ഗാർഹിക രംഗത്തും ചുമതലകൾ അടിച്ചേല്പിക്കപ്പെട്ടിട്ടുള്ള വ്യക്തിത്വമാണ് സ്ത്രീകൾക്ക് നൽകുന്നത്.

മാധ്യമങ്ങളുടെ നടത്തിപ്പിലോ അവതരണത്തിലോ സ്ത്രീകൾക്ക് ഉത്തരവാദിത്വപരമായ ചുമതലകൾ ഇല്ല. മാധ്യമ നടത്തിപ്പിലും നിർവ്വഹണത്തിലും സ്ത്രീകൾക്ക് കാര്യമായ പങ്കാളിത്തവുമില്ല. പരമ്പരാഗത ഫ്യൂഡൽ സമൂഹത്തിന്റെ വേരുകളുറച്ച കുടുംബ ഘടനക്കുള്ളിൽ ഭർത്താവിന്റെ ആധികാരികതയ്ക്ക് മുന്നിൽ വഴങ്ങേണ്ടി വരുന്നതും മുതലാളിത്തത്തിന്റെ പുറത്ത് തഴച്ചു വളർന്ന ഉപഭോക്തൃ സമൂഹത്തിൽ കച്ചവട ചൂഷണങ്ങൾക്ക് വഴങ്ങിക്കൊടുക്കേണ്ടതുമാണ് ഇന്ത്യയിലെ സ്ത്രീകൾ നേരിടുന്ന പ്രധാന ദുരന്തങ്ങൾ എന്ന് സ്ത്രീ പക്ഷവാദികൾ പറയുന്നു. ഇതിന്റെ പ്രതിഫലനം മാധ്യമങ്ങളിലും വെളിപ്പെടുന്നു.

എന്തുകൊണ്ടാണ് മാധ്യമങ്ങളിൽ ഇങ്ങനെയുള്ള സ്ത്രീ പ്രതിച്ഛായ നൽകുന്നത്. മാധ്യമ നിരീക്ഷകർ നൽകുന്ന ഉത്തരം: സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യങ്ങളും സമ്പ്രദായങ്ങളും മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത് എന്നാണ്. സാമൂഹിക പ്രതിഭാസങ്ങൾ യഥാർത്ഥമായി ചിത്രീകരിക്കുന്നതായും അവകാശപ്പെടുന്നു. മാധ്യമ പഠനത്തിൽ ജാലകം, ഫ്രെയിം, ദർപ്പണം എന്നീ മൂന്നു വ്യത്യസ്ത രൂപങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

നിത്യജീവിത യാഥാർത്ഥ്യങ്ങൾ അതേപടി പ്രതിനിധാനം ചെയ്യുന്നതാണ് ജാലകം. എന്നാൽ യാഥാർത്ഥ്യങ്ങളെ സൗന്ദര്യാത്മകവും ഉത്തേജനാത്മകവുമായി പ്രതിനിധീകരിക്കുന്നതാണ് ഫ്രെയിം. ഒരു കണ്ണാടിയുടെ അടിസ്ഥാന ധർമ്മമായ പ്രതിബിംബനമാണ് ദർപ്പണം. മാധ്യമങ്ങളിലെ സ്ത്രീ പ്രതിച്ഛായകളിൽ ജാലകവും ഫ്രെയിമും സ്ഥാനം പിടിക്കുമ്പോൾ സമൂഹത്തിൽ കാണുന്ന സ്ത്രീയുടെ യഥാർത്ഥചിത്രം കണ്ണാടിയിലെന്നപോലെ പ്രതിഫലിപ്പിക്കുവാൻ മാധ്യമങ്ങൾക്ക് കഴിയുന്നില്ല. നിത്യജീവിതത്തിൽ സ്ത്രീ അനുഭവിക്കുന്ന വേദനയും രോദനവും പീഡനവും പോരാട്ടവും സത്യസന്ധമായി അവതരിപ്പിക്കുവാനും മാധ്യമ

വിഭവ ശില്പികൾക്ക് താല്പര്യമില്ലാതെ വരുന്നു. സ്ത്രീയ്ക്ക് സൗന്ദ ര്യവും സ്ത്രൈണതയും പകരുന്ന പ്രതിച്ഛായകളുടെ ദിശയാണ് മാധ്യമ പ്രവർത്തകർക്ക് സ്വീകാര്യമായിത്തീരുന്നത്. ഇത് കമ്പോള മനോഭാവ ത്തിന്റേതാണ്. മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് വൻകിട കമ്പോളങ്ങ ളാണ്.

പുരുഷ മേധാവിത്തം അംഗീകരിച്ച് കുടുംബത്തിലും സമൂഹത്തിലും ആശ്രിതത്വത്തിന്റെ ഭാവമായി സ്ത്രീകളെ മാധ്യമങ്ങൾ അവതരിപ്പി ക്കുന്നു. സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം രണ്ടാം നിരയിലെന്ന് മാധ്യമങ്ങൾ ഉറക്കെ പ്രഖ്യാപിക്കുകയാണ്. സ്ത്രീകളുടെ പുരോഗമന സ്വഭാവത്തെ അംഗീകരിക്കുവാൻ മാധ്യമങ്ങൾ താല്പര്യം പ്രകടിപ്പിക്കു ന്നില്ല. സമൂഹത്തിൽ ലഭ്യമാകേണ്ട സ്ത്രീ - പുരുഷ തുല്യ പങ്കാളി ത്തവും ഉറപ്പുവരുത്തുന്നില്ല.

ഫ്യൂഡലിസത്തിന്റെയും കോളനി വാഴ്ചയുടെയും പശ്ചാത്തലത്തിൽ ആധിപത്യം നേടിയ പുരുഷ മേധാവിത്ത പ്രവണത സ്ത്രീകളെ പീഡി പ്പിച്ച് കീഴടക്കിയ ചരിത്രം വീണ്ടും ആവർത്തിക്കുകയാണ്. ജാതി മേൽ ക്കോയ്മയും സാമ്രാജ്യ സംസ്കാരവും വനിതകളുടെ ശക്തിയെ ബല ഹീനമാക്കി. എന്നാൽ വ്യവസായ വിപ്ലവത്തിന്റെ അനന്തരഫലങ്ങളും സ്വാതന്ത്ര്യാനന്തര സാമൂഹികക്രമങ്ങളും വനിതാ മുന്നേറ്റത്തിന് ശക്തി പകർന്നു. പുരുഷനോടൊപ്പം കർമ്മമണ്ഡലങ്ങളിൽ സ്ത്രീ എത്തി ച്ചേർന്നു. വനിതകളുടെ സാമൂഹിക ശക്തിപ്പെടൽ അനിവാര്യമാണെന്നു ബോധ്യപ്പെട്ടു. ഇന്ത്യൻ ഭരണഘടന 15-ാം അനുച്ഛേദം സ്ത്രീകൾക്ക് പുരുഷന്മാരുമായി എല്ലാ അർത്ഥത്തിലും തുല്യാവകാശം നൽകിയിട്ടു ള്ളത് നടപ്പാക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടു കഴിഞ്ഞു. എന്നിട്ടും പീഡനവും അവഗണനയും സ്ത്രീകൾ അനുഭവിക്കുന്നു. സ്ത്രീ ഉപ ഭോഗവസ്തു എന്ന ധാരണ തിരുത്തപ്പെടണം. പുരുഷന്റെ തുല്യ പങ്കാ ളിയായും സാമൂഹികധാരയിലെ ശക്തമായ കണ്ണിയായും തീരേണ്ട സ്ത്രീയ്ക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കണം.

സംവേദന പ്രശ്നങ്ങളെക്കുറിച്ച് 1980 -ൽ യുനെസ്കോ തയ്യാറാക്കിയ 'നാനാ നാദം, ഒരേ ലോകം' എന്ന മാക്ബ്രെഡ് കമ്മീഷൻ റിപ്പോർട്ടിൽ മാധ്യമങ്ങളിലെ സ്ത്രീ പ്രതിബിംബങ്ങളെക്കുറിച്ച് വിമർശനപൂർവ്വം വില യിരുത്തുന്നു: "സ്ത്രീകളെ സംബന്ധിച്ചു പ്രത്യേക പ്രാധാന്യമുള്ള വിഷ യങ്ങൾ മാധ്യമങ്ങളിൽ വേണ്ടത്ര ശ്രദ്ധയാർജ്ജിക്കുന്നില്ല. വനിതാ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും സ്വതന്ത്രരും പ്രതിഭാധനരുമായ സ്ത്രീകൾ സമൂഹത്തിൽ നൽകിയിട്ടുള്ള സംഭാവനകളും വിവരിക്കാ റില്ല. മാധ്യമങ്ങളിൽ സ്ത്രീകൾ പ്രത്യക്ഷപ്പെടുന്നത് സ്വയം തരംതാഴ്ന്ന

വരും ആശ്രിതരും യുക്തിചിന്താ രഹിതരും അന്ധവിശ്വാസികളും വികാരതരളിതരും ആയിട്ടാണ്. പരസ്യങ്ങളിലാകട്ടെ ഗാർഹികാവശ്യങ്ങളിൽ മാത്രം താല്പര്യങ്ങൾ ഒതുക്കി നിർത്തുന്ന വീട്ടമ്മമാരോ, ഉപഭോഗവസ്തുക്കളെ കൂടുതൽ ആകർഷകങ്ങളാക്കുന്ന ലൈംഗിക വശീകരണ ശേഷിയുള്ള പശ്ചാത്തല ദൃശ്യങ്ങളോ ആയിട്ടാണ് മാധ്യമങ്ങൾ സ്ത്രീകളെ പ്രദർശിപ്പിക്കാറുള്ളത്.... മാധ്യമങ്ങളിലെ സ്ത്രീകളെ ചിത്രീകരിക്കുന്ന രീതി മൊത്തത്തിൽ ഉളവാക്കുന്ന ഫലം മുൻവിധികളേയും പതിവു സമ്പ്രദായങ്ങളേയും കുറയ്ക്കുന്നതിന് പകരം ശക്തിപ്പെടുത്തുന്നതാണ്. ഈ വികൃതമായ ചിത്രീകരണം ഇന്നു നിലവിലുള്ള അസമത്വങ്ങളെ സാധൂകരിക്കുകയും ശാശ്വതമാക്കുകയും ചെയ്യുന്നു." സ്ത്രീകൾക്ക് പൂർണ്ണമായ തുല്യത കൈവരിക്കുകയെന്നത് നീതിയുടെയും മനുഷ്യാവകാശത്തിന്റെയും കാര്യമാണ്. സ്ത്രീകളുടെ ശേഷികളും സിദ്ധിവിശേഷങ്ങളും പ്രതിനിധാനം ചെയ്യുന്ന വമ്പിച്ച വിഭവങ്ങളെ പാഴാക്കിക്കളയാൻ ലോകത്തിന് സാധ്യമല്ലായെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

മാധ്യമങ്ങളിലെ സ്ത്രീപ്രതിച്ഛായകളോട് സഭകൾക്ക് അനുകൂലിക്കുവാൻ കഴിയില്ല. ദൈവസ്വരൂപം ഉൾക്കൊള്ളുന്ന സ്ത്രീയുടെ വ്യക്തിത്വവും തനിമയും വികൃതമാക്കപ്പെടുമ്പോൾ വീഴ്ചയും പാപവും നിലനിർത്തുകയാണ്. സ്ത്രീയുടെ അന്തസ്സും മഹത്വവും അംഗീകരിക്കുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യുമ്പോഴാണ് സ്ത്രീ-പുരുഷ ആളത്വങ്ങളിലെ ദൈവസ്വരൂപം പൂർണ്ണത പ്രാപിക്കുന്നത്. സൃഷ്ടി കർമ്മത്തിൽ ലഭ്യമായ ദൈവസ്വരൂപം പാപത്തിന്റെ പരിണിത ഫലമായി അപ്രാപ്യമാകും. സ്ത്രീ-പുരുഷ ആളത്വങ്ങളിലെ ദൈവസ്വരൂപം നിലനിർത്തുക മനുഷ്യ ധർമ്മമാണ്. ബാഹ്യപ്രലോഭനങ്ങളും കൃത്രിമത്വമുള്ള നിലപാടുകളും ആശാസ്യമല്ല.

### III. ഉപസംഹാരം

സ്ത്രീകൾക്കെതിരായ അക്രമണവും പീഡനവും മനുഷ്യാവകാശ ലംഘനവും മനുഷ്യന്റെ അന്തസിനു നിരക്കാത്തതുമാണെന്നു ബോധ്യപ്പെടുത്തണം. മാധ്യമങ്ങളിലെ സ്ത്രീ ശരീര പ്രദർശനം നിയന്ത്രിക്കണം. മാധ്യമങ്ങളിലെ സ്ത്രീ-പുരുഷ ബന്ധങ്ങളിൽ പുരുഷമേധാവിത്വവും സ്ത്രീകളെ ലൈംഗിക പദാർത്ഥമാക്കുന്ന പ്രവണതകളും തിരിച്ചറിയുവാൻ ജനങ്ങളെ പഠിപ്പിക്കണം. ഇതിന് സഭകൾക്ക് മുഖ്യ ചുമതല ഉണ്ട്.

❑

പാഠം 5

# ഉത്തരാധുനികതയും മാധ്യമങ്ങളും

❑ ഉത്തരാധുനികത ❑ ആഗോളവൽക്കരണം ❑ മേധാവിത്വ പ്രവണതകൾ ❑ ആഗോള കമ്പനികൾ ❑ മൗലിക അവകാശങ്ങൾ.

മാനവരാശിയുടെ വികാസ പരിണാമത്തിൽ ഇരുപതാം നൂറ്റാണ്ട് വിപ്ലവകരമായ മാറ്റത്തിന് സാക്ഷ്യം വഹിച്ചു. ചരിത്രത്തിന് വഴിത്തിരിവായ കാർഷിക വിപ്ലവം, വ്യാവസായിക വിപ്ലവം, വിവര സാങ്കേതിക വിപ്ലവം എന്നിവ സംഭവിച്ചത് കഴിഞ്ഞ നൂറ്റാണ്ടിലാണ്. വിവര വിജ്ഞാന സാമ്പത്തിക വ്യാപാര രംഗത്ത് 1990 കളിലുണ്ടായ പരിഷ്കാരങ്ങൾ ആഗോളവൽക്കരണം എന്ന പേരിൽ പ്രചാരം സിദ്ധിച്ചു. ആഗോള മാധ്യമങ്ങളുടെ സ്വാധീനവും നിയന്ത്രണവും ഇത്തരം പ്രതിഭാസത്തിന് പ്രചുര പ്രചാരം നൽകി.

വിജ്ഞാന ഉല്പാദനം, ശേഖരണം, വിന്യാസം, വിനിയോഗം എന്നിവയിൽ ഡിജിറ്റൽ സങ്കേതങ്ങൾ സൃഷ്ടിച്ച നൂതനത്വമാണ് വിവര സാങ്കേതികത (Information Techonology). ഇതിൽ അറിയിപ്പ് മാത്രമല്ല, അറിവ്, വിജ്ഞാനം, വിനോദം, വിശകലനം എല്ലാം ലഭിക്കുന്നു....! വേഗത, വ്യക്തത, സൂക്ഷ്മത എന്നിവ വിവര സാങ്കേതികത അവകാശപ്പെടുന്നു.

ആഗോള കമ്പ്യൂട്ടർ ശൃംഖലകൾ ലോകത്തെ ചെറുതാക്കി. പ്രപഞ്ചത്തിനു ചുറ്റും നിർമ്മിച്ച കമ്പ്യൂട്ടർ വല മനുഷ്യ ശൃംഖലയായി രൂപപ്പെട്ടു. അറിവിന്റെ മേഖലകൾ വർദ്ധിപ്പിച്ച്, ഭൂമിശാസ്ത്രപരമായ അതിരുകൾ അതിലംഘിച്ച് വിജ്ഞാന - വിനോദ - വിവരങ്ങൾ വിനിമയം ചെയ്യുവാനും വ്യാപാര പ്രക്രിയയിൽ മാധ്യമങ്ങൾ പ്രമുഖ സ്ഥാനം നേടുവാനുമുള്ള സമവാക്യങ്ങൾ രൂപപ്പെടുത്തി. മാധ്യമ ഭീമന്മാരുടെ മൂന്നാം കണ്ണു തുറന്ന് മനുഷ്യസമൂഹത്തെ മാധ്യമങ്ങളുടെ ഇരകളാക്കിത്തീർത്തിരിക്കുന്നു. ഉത്തരാധുനിക സമൂഹത്തെ സൃഷ്ടിച്ചതും നിലനിർത്തുന്നതും മാധ്യമങ്ങളുടെ ശക്തമായ നിയന്ത്രണവും സ്വാധീനവുമാണ്.

## 1. ഉത്തരാധുനികത

കലാ സാഹിത്യ രംഗങ്ങളിലെ നൂതന പ്രവണതകൾ, വൈജ്ഞാനിക മണ്ഡലത്തിലെ പുതിയ സമീപനങ്ങൾ, ആധുനികതയിൽ നിന്നും വ്യത്യസ്തമായ സാമൂഹികാവസ്ഥ, ഭൗതിക രാഷ്ട്രീയത്തിലെ പുത്തൻ പ്രവണതകൾ, സാംസ്കാരിക - ബൗദ്ധിക രംഗങ്ങളിലെ വിപ്ലവകരമായ ചിന്താധാരകൾ, വിവര - സാങ്കേതികവിദ്യ സാധ്യമാക്കുന്ന ജീവിതാനുഭവങ്ങൾ എന്നിവ സൂചിപ്പിക്കുവാൻ 'ഉത്തരാധുനികത' എന്ന പദം

ഉപയോഗിക്കുന്നു. ഇത് ആധുനികാനന്തരം, ആധുനികോത്തരം എന്നീ സംജ്ഞകളിലും അറിയുന്നു.

മാധ്യമ സാമൂഹിക ശാസ്ത്രജ്ഞന്മാർ ഈ പ്രതിഭാസത്തെ ഉപ ഭോക്തൃസമൂഹം, വിവര സമൂഹം (Information Society), മാധ്യമ സമൂഹം, പ്രതിബിംബ സമൂഹം, കാഴ്ചകളുടെ സമൂഹം (Society of Spectacles) എന്നിങ്ങനെ വിളിക്കുന്നു. ഇത് വ്യക്തിഗതവും സാങ്കേതിക വിജ്ഞാന ശൃംഖലകളിൽ കേന്ദ്രീകൃതവുമായ ആഗോള സമൂഹവുമാണ്. ബഹു രാഷ്ട്ര മുതലാളിത്തം (Multi National Capitalism), പിൽക്കാല മുതലാ ളിത്തം (Post Capitalism), പിൽക്കാല നവീകരണം (Post Protestantism), വ്യവസായികോത്തര സമൂഹം (Post Industrial Society) എന്നിങ്ങനെ ഇവയെ വിശകലനം ചെയ്തു പഠനങ്ങൾ അവതരിപ്പിക്കുന്നു.

വൈജ്ഞാനിക - സാങ്കേതിക മണ്ഡലങ്ങളിലെ പുതിയ ജീവിതാനു ഭവങ്ങളും സാമൂഹിക പ്രവണതകളും സൂചിപ്പിക്കുന്ന സമകാലീക സമൂ ഹത്തെ ഉത്തരാധുനികമെന്ന് വിശേഷിപ്പിക്കുന്നു. ഇതൊരു സാംസ്കാ രിക മാറ്റമായും സൂചിപ്പിക്കുന്നു. ജീവിതത്തിന്റെ സർവ്വരംഗത്തും പ്രത്യ ക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്ന ഒരവസ്ഥയാണിത്. വിവര സാങ്കേതികതയ്ക്കും മാധ്യമങ്ങൾക്കുമുള്ള പ്രാധാന്യവും കമ്പോള വൽക്കരണത്തിന്റെ ആധിക്യവും ഉത്തരാധുനികാവസ്ഥ സൃഷ്ടിക്കുന്നു.

ഉത്തരാധുനികതയും മാധ്യമ സംസ്കാരവും പരസ്പരം ബന്ധപ്പെട്ട താണ്. ആഗോളവത്കരണം (Globalisation) സംവേദന രംഗങ്ങളിൽ കൂടി മുതലാളിത്ത സമ്പ്രദായ ക്രമങ്ങളെ ത്വരിതപ്പെടുത്തുന്നു. മാധ്യമ ചാന ലുകൾ കമ്പോള സമ്പദ്ക്രമവും (Market Economy) കമ്പോള സമൂഹവും (Market Society) ഉറപ്പിക്കുന്നു. ബഹുരാഷ്ട്ര കമ്പനികളിലും മുതലാ ളിത്ത മൂല്യ ക്രമങ്ങളിലും അടിത്തറയിട്ട ഉത്തരാധുനിക-മാധ്യമ സംസ്കാരം രാജ്യാതിർത്തികൾ ലംഘിച്ച് ശക്തമായി വിനിമയം ചെയ്യുന്നു. പ്രശസ്ത സാമൂഹിക ചിന്തകൻ ആൽവിൻ ടോഫ്ളർ, ഇതൊരു അധികാര മാറ്റമായി (Power Shift) 1990-ൽ പ്രവചിച്ചു. അക്രമം (Violence), ധനം (Wealth), അറിവ് (knowledge) എന്നിവ അധികാരമാ റ്റത്തെ നയിക്കുന്നു. ബുദ്ധി ആയുധവും വിജ്ഞാനം ശക്തിയുമായി, അധികാരത്തെ സംസ്കാര വ്യവസായമാക്കി വിജ്ഞാനയുഗം നിയന്ത്രി ക്കുന്നു. ആൽവിൻ ടോഫ്ളർ ഈ വിവര സാങ്കേതിക യുഗത്തെ മൂന്നാം തരംഗമെന്നും (Third Wave) വിശേഷിപ്പിക്കുന്നു.

'ഉത്തരാധുനിക'മെന്ന പദം 1870-കളിൽ പ്രചാരത്തിലുണ്ടെന്ന് സ്റ്റീവൻ ബെസ്റ്റും, ഡഗ്ളാസ് കെൽഹറും അവകാശപ്പെടുന്നു. എന്നാൽ ഇന്നത്തെ അർത്ഥം ഈ പദത്തിന് ലഭ്യമായിരുന്നില്ല. പ്രസിദ്ധ ചരിത്രകാരനായ

അർനോൾഡ് ടോയൻബി 1947-ൽ പാശ്ചാത്യ നാഗരികതയുടെ പുതിയ യുഗത്തെ വിശേഷിപ്പിക്കുവാൻ ഉത്തരാധുനികത എന്ന പദം ഉപയോഗിച്ചു. എന്നാൽ ടോയൻബി അവതരിപ്പിക്കുന്ന ചിന്തകൾ പിന്നീടുള്ള ചർച്ചകളിൽ സ്ഥാനം പിടിച്ചില്ല. മൈക് ഫെതർ സ്റ്റോൺ, ആധുനികതയ്ക്ക് എതിരായ ചെറിയ പ്രതികരണത്തെ സൂചിപ്പിക്കുവാനാണ് 1930-കളിൽ ഉത്തരാധുനികത എന്ന പദം ഉപയോഗിച്ചത്.

ഉത്തരാധുനിക കാലാവസ്ഥയുടെ നാല് മുഖമുദ്രകൾ വാൾട്ടർ ട്രുയറ്റ് ആന്റേഴ്സൺ (1996) വ്യക്തമാക്കുന്നു. അനവധി സാംസ്കാരിക സ്രോതസ്സുകളിൽ നിന്നും ഉരുത്തിരിയുന്ന നിർമ്മിത വ്യക്തിത്വം (Made Identity), ഒറ്റപ്പെട്ട പൈതൃകത്തിൽ നിന്നും കണ്ടെത്തിയ സദാചാരത്തിൽ നിന്നും (Found Morality) രൂപപ്പെടുത്തുന്ന നിർമ്മിത സദാചാരം (Made Morality), കല, സംസ്കാരം എന്നിവയിലെ വൈവിധ്യം, ആഗോളവത്കരണം എന്നിവ ഉത്തരാധുനികത വെളിപ്പെടുത്തുന്നു.

**2. ആഗോളവത്കരണം**

ഉത്തരാധുനിക സമൂഹത്തെ സൃഷ്ടിക്കുന്നതിൽ മുഖ്യ പങ്കാളിത്തമാണ് ആഗോളവത്കരണം നടത്തുന്നത്. ഇത് മുതലാളിത്തത്തിന്റെ പുത്തൻ ഘട്ടമാണ്. സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ സാംസ്കാരിക മത ജീവിതത്തെ ശക്തമായി ആഗോളവത്കരണം സ്വാധീനിക്കുന്നു. മാധ്യമ സംവേദന രംഗത്തെ പ്രത്യാക്രമണങ്ങളും വളരെയാണ്. ആഗോളവൽക്കരണത്തിന്റെ അർത്ഥവും വ്യാപ്തിയും ഡോ. എം. എ. ഉമ്മൻ വിശദീകരിക്കുന്നത് ഇതിന്റെ സവിശേഷതകൾ വെളിപ്പെടുത്തിയാണ്. അവ ഇപ്രകാരം സംഗ്രഹിക്കാം.

**1. മൂലധനം രാഷ്ട്രാന്തരീയമായിത്തീരുന്നു (Transnational):** പരമാവധി ലാഭം ഉണ്ടാക്കുക എന്ന ലക്ഷ്യമാണുള്ളത്. രാജ്യാന്തര കമ്പനികളുടെ (Transnational Corporations) ധനകാര്യ മൂലധനത്തിനാണ് ആഗോളവത്കരണ യുഗത്തിൽ പ്രാധാന്യം. ഇത് മൂലധനത്തിന്റെ ആഗോളവത്കരണമെന്ന് (Transnationalisation of Capital) എന്നറിയപ്പെടുന്നു.

**2. ഉൽപ്പാദനത്തിന്റെ രാജ്യാന്തരീകരണം:** തദ്ദേശീയമായ ഉല്പാദന പ്രക്രിയ രാജ്യാന്തരീയ പ്രക്രിയയാക്കി. ഉൽപ്പന്നങ്ങളുടെ വിവിധ ഭാഗങ്ങൾ നിരവധി രാജ്യങ്ങളിൽ ഉല്പാദിപ്പിച്ച് ഒരിടത്ത് കൂട്ടിച്ചേർക്കുന്ന പതിവ് വർദ്ധിക്കുന്നു. എന്നാലും ഉൽപ്പാദന കമ്പനിയുടെ ആസ്ഥാനവും ബ്രാൻഡും വികസിത രാജ്യങ്ങളുടേതാകുന്നു.

**3. ഉപഭോക്താക്കളുടെ അഭിരുചിയുടെ രാജ്യാന്തരീകരണം:** മാധ്യമങ്ങളുടെ സ്വാധീനം ലോകത്തെമ്പാടുമുള്ള ഉപഭോക്താക്കളുടെ രുചി

കളെ ഏകീകരിക്കുന്നു. ഭക്ഷണം, വസ്ത്രം, പാനീയം, സംഗീതം, സൗന്ദര്യം, അലങ്കാരം എന്നിവയിൽ ലോകത്തെവിടെയും സാജാത്യം വർദ്ധിക്കുന്നു. ആഗോള മാധ്യമങ്ങളിലെ പരസ്യങ്ങളാണ് ഇത് ദ്രുതഗ തമാക്കുന്നത്.

**4. സേവന മേഖലയുടെ മുന്നേറ്റം:** വിദേശ മൂലധനം, ഖനനം, വ്യവസായ ഉല്പന്നങ്ങൾ എന്നിവയ്ക്ക് നൽകിയിരുന്ന മുൻതൂക്കം ഇന്ന് മൊത്തവ്യാപാരം, ബാങ്കിങ് ഇൻഷ്വറൻസ്, ധന വ്യാപാരം, വ്യോമ ഗതാ ഗതം, വിവര സാങ്കേതിക വിദ്യ എന്നിവയ്ക്ക് നൽകുന്നു. ഉല്പാദന രംഗത്തെ പിൻതള്ളി സേവനരംഗങ്ങൾ പ്രാധാന്യം നേടി. അന്തർ ദേശീയ സമൂഹം വിവര – വിജ്ഞാനത്തെ അടിസ്ഥാനമാക്കി സേവന നയം രൂപപ്പെടുത്തുന്നു.

**5. വിവര സാങ്കേതികത സൃഷ്ടിച്ച അതിരുകളുടെ അന്ത്യം:** ലോകം മുഴുവൻ ഒരു കമ്പോളം. ലോകത്തിന്റെ അതിരുകൾ ചെറുതാക്കി. കാല ദേശങ്ങൾക്കപ്പുറമായി തത്സമയ സംവേദനം സാധ്യമായത് സമയത്തെ ചുരുക്കുന്നു. ജെറ്റ് വ്യോമ ഗതാഗതം, ഇന്റർനെറ്റ് സംവേദനം എന്നിവ ഇലക്ട്രോണിക് വ്യാപാരത്തെ (E - Commerce) സൃഷ്ടിച്ചു. കമ്പോളം ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

**6. കമ്പോള കുത്തകയുടെ നീതിമത്ക്കരണം:** ആഗോള കമ്പോള കുത്തകയുടെ സ്വഭാവം നീതീകരിക്കുകയും സാധൂകരിക്കുകയും ചെയ്യുന്നു. അന്തർദേശീയ നാണ്യനിധി (International Monetary Fund), ലോകബാങ്ക്, ലോക വ്യാപാര സംഘടന (WTO) എന്നീ ത്രിമൂർത്തിക ളാണ് ആഗോളവത്കരണത്തെ സാധൂകരിക്കുന്നത്. ഇതിന്റെ ശക്തീക രണത്തെ സഹായിക്കുന്നത് മാധ്യമങ്ങളാണ്. കമ്പോള മൂല്യങ്ങൾ അര ക്കെട്ടുറപ്പിച്ച് ദൃശ്യവൽക്കരിക്കുന്നത് മാധ്യമങ്ങളിലൂടെയാണ്.

ആഗോളവൽക്കരണം ഒരു പുതിയ പ്രതിഭാസമല്ല. ഇതിന് അഞ്ഞൂറു വർഷത്തെ പഴക്കമുണ്ട്. മനുഷ്യ അദ്ധ്വാനങ്ങൾക്കും ദേശങ്ങൾക്കും കുറുകെയുള്ള കടന്നുകയറ്റമായിരുന്നു ആദ്യം. എന്നാൽ ഇതിന് ശക്ത മായ മുന്നേറ്റം 1990–കളോടെ ലഭ്യമായി. രാഷ്ട്രങ്ങളുടെ ഭൂമിശാസ്ത്ര പരവും രാഷ്ട്രീയവുമായ അതിരുകൾക്കു മുകളിലൂടെയുള്ള സാമ്പ ത്തിക അധിനിവേശത്തിനും നിയന്ത്രണത്തിനുമുള്ള വിവിധ തരം പ്രവർത്തനങ്ങളാണ് ആഗോളവത്കരണം. ആഗോളവത്കരണത്തിന്റെ വ്യാപനത്തിനും വളർച്ചക്കുമുള്ള കാവൽക്കാരും ഉപാധികളുമായി ആധു നിക മാധ്യമങ്ങൾ. ഇവയുടെ പരസ്പര കൂട്ടായ്മയാണ് ഉത്തരാധുനിക സമൂഹത്തെ സൃഷ്ടിക്കുന്നത്. ഇവ സഭയിലും സമൂഹത്തിലും ഉയർ ത്തുന്ന വെല്ലുവിളികൾ നിരവധിയാണ്.

**3. വിവര വിജ്ഞാന വിനോദങ്ങൾ തെരഞ്ഞെടുത്ത് വിതരണം ചെയ്യുന്നതാര്? എന്താണവരുടെ രീതിയും ലക്ഷ്യവും? വിവര വിതരണം വഴി നേടുന്ന പ്രയോജനങ്ങൾ എന്തെല്ലാം?**

വിവര സാങ്കേതികതയും ആശയ വിനിമയ ശൃംഖലകളും ചേർന്ന് ലോകത്തെ ഗ്രാമത്തിൽ (Global Village) നിന്നും ലോക നഗരത്തിലേക്കും (Global City) ലോകവിപണിയിലേക്കും (Global Market) നയിച്ചു. ഒരു ലോകം ഒരു വിപണി (One World One Market) എന്ന മുദ്രാവാക്യം വ്യാപകമാകുന്നു. ഭൂഗോളം സാങ്കേതിക വിദ്യ കൊണ്ട് കൈക്കുമ്പിളിലൊതുക്കുന്നതിന് വികസിത രാജ്യങ്ങൾക്ക് കഴിയുന്നു.

മാധ്യമ വിപ്ലവത്തിന്റെ വൻതോതിലുള്ള വിതരണ ശൃംഖല നിയന്ത്രിക്കുന്നത് അമേരിക്കയും ബ്രിട്ടനുമാണ്. മൂന്നാംകിട രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്ന വാർത്താ വിനോദ – വിജ്ഞാന വിഭവങ്ങൾ വൻകിട രാഷ്ട്രങ്ങളുടേതാണ്. മാധ്യമ ശക്തിയും (Media Power) ജനങ്ങളും തമ്മിൽ സംസ്കാര യുദ്ധത്തിന് (Cultural War) തുടക്കമിട്ടിട്ട് കാലമേറെയായി. ഉപഭോഗവസ്തുക്കളും യുദ്ധോപകരണങ്ങളും വിതരണം ചെയ്യുവാൻ മാധ്യമങ്ങൾ ആഗോള കമ്പോളമായി തീർന്നു.

മാധ്യമങ്ങൾ നടത്തുന്ന കമ്പോളവൽക്കരണ പ്രക്രിയ ഉത്തരാധുനിക സംസ്ക്കാരം പ്രദാനം ചെയ്യുന്നു. സാംസ്കാരിക അധീശത്വവും കമ്പോള മൂല്യങ്ങളും ബഹുജന സംസ്കാരത്തിലേക്ക് തള്ളിക്കയറുന്നു. ഉപഭോക്താക്കൾക്കാവശ്യമായ ഉല്പന്നങ്ങൾ സൃഷ്ടിക്കുന്നവരെ ദാനിയേൽ ബെൽ 'കൾച്ചറൽ മാസ്സ്' എന്ന് വിളിക്കുന്നു. ഇവർ സംസ്കാരം സൃഷ്ടിക്കുന്നവരല്ല. അത് പ്രക്ഷേപണം ചെയ്യുന്നവരാണെന്ന് പറയുന്നു. ഉത്തരാധുനികതയിലെ പുതിയ മധ്യവർഗ്ഗമാണിത്. ഈ പുതിയ മധ്യവർഗം ഇൻഫർമേഷൻ ഉല്പാദനത്തിലും വിതരണത്തിലും ഉപഭോഗത്തിലും മാനേജ്മെന്റിലും സാമൂഹിക നിയന്ത്രണ പ്രക്രിയയിലും ഏർപ്പെട്ടിരിക്കുന്നതായി ദാനിയേൽ ബെൽ പറയുന്നു.

1980 ൽ യുനെസ്കോ പ്രസിദ്ധീകരിച്ച അന്തർദ്ദേശീയ ആശയ വിനിമയ പ്രശ്ന പഠന കമ്മീഷന്റെ റിപ്പോർട്ടിൽ മാധ്യമ രംഗത്തെ ഭീമമായ അസമത്വങ്ങളും മേധാവിത്ത പ്രവണതകളും വ്യക്തമാക്കുന്നു.

1. വാർത്താ – വിവര – വിതരണ സമ്പ്രദായങ്ങളിൽ രാജ്യങ്ങൾ തമ്മിലുള്ള അസംതുലിതത്വം വർദ്ധിപ്പിക്കുന്നു.
2. വികസിത രാജ്യങ്ങളുടെ സാംസ്കാരിക മേൽക്കോയ്മയും പക്ഷപാതവും ആശയവിനിമയം ഏകദിശാപര സ്വഭാവമുള്ളതാക്കുന്നു.
3. നീതിപൂർവ്വവും ജനാധിപത്യപരവുമായ സമീപനം വിജ്ഞാന വിവര വ്യവസായങ്ങളിൽ നഷ്ടപ്പെടുന്നു.

4. നഗരങ്ങൾ കേന്ദ്രീകരിച്ച് വിവര വിജ്ഞാന പ്രചാരം ദ്രുതഗതമാക്കുന്നതിനാൽ ബഹുഭൂരിപക്ഷം ജനങ്ങളും അറിവിന്റെ മുഖ്യധാരയിൽ നിന്നും അകലുന്നു.
5. ആന്തരിക ജനാധിപത്യവും ദേശീയ സ്വാതന്ത്ര്യവും ഹനിക്കത്തക്ക വിഭവ കേന്ദ്രീകരണ പ്രവണതയിൽ വികസ്വര രാജ്യങ്ങളുടെ നിയന്ത്രണം നഷ്ടപ്പെടുന്നു.

ഉത്തരാധുനികത സാംസ്കാരിക സാമ്രാജ്യത്വം (Cultural Colonialism) വികസിപ്പിക്കുന്നതിനാൽ മൂന്നാം ലോക സംസ്ക്കാരം സമർത്ഥമായി വികസിത രാജ്യങ്ങളുടെ സ്വീകാര്യ ബിംബങ്ങളായി പുനഃപ്രതിഷ്ഠിക്കുന്നു. ഈ ജാരവത്കരണം ഉത്തരാധുനികതയിൽ അനുസ്യൂതം തുടരുകയാണ്.

**4. ആധുനിക സാങ്കേതികത വഴിയുള്ള വിവരങ്ങൾ (Information) സമൂഹത്തിലെ ഏതു വിഭാഗത്തിനാണ് ആവശ്യം? ഏതുതരം വിഭവങ്ങൾ? എന്തിന്? ഇവയുടെ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക പ്രയോജനങ്ങൾ എന്തെല്ലാം?**

ആധുനിക സാങ്കേതികത വഴിയുള്ള വിവരങ്ങൾ സമൂഹത്തിലെ വരേണ്യവർഗ്ഗത്തിന്റെ അവശ്യ ഘടകമാണ്. ലോക കമ്പോളം നിയന്ത്രിച്ച് വിഭവങ്ങൾ വിറ്റഴിക്കുന്നത് കച്ചവട ഭീമന്മാരാണ്. പ്രകാശ വേഗത്തിൽ വിവരങ്ങൾ പ്രവഹിപ്പിക്കുവാൻ വികസിത രാജ്യത്തെ സ്വകാര്യ കമ്പനികൾ മത്സരിക്കുകയാണ്. ബുദ്ധിയും സാങ്കേതിക ജ്ഞാനവും, വികസിത രാജ്യങ്ങൾക്ക് ആയുധവും ശക്തിയുമായി. ഇത് പ്രദാനം ചെയ്യുന്ന വർത്തമാന ജീവിതക്രമം, ടെലിവിഷൻ ചാനലുകൾ, സൂപ്പർ മാർക്കറ്റുകൾ, ക്രെഡിറ്റ് കാർഡുകൾ, സെല്ലുലാർ ഫോണുകൾ, ഇന്റർനെറ്റ് കഫേ എന്നിവയിൽ അധിഷ്ഠിതമായിത്തീരുന്നു.

മാധ്യമ സംസ്കാരം ഒരു രാജ്യത്തെ സംസ്കാരമല്ല. മാധ്യമങ്ങളിൽക്കൂടി എത്തുന്ന അഞ്ഞൂറിൽപ്പരം ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ സംസ്കാരമാണ്. ഇവിടെ തനത് പാരമ്പര്യങ്ങളെ തമസ്കരിച്ച് സാംസ്കാരിക അധീശവത്കരണവും (Hegemonization) ഒന്നാംകിട രാഷ്ട്രങ്ങളുടെ സ്ഥാപിത താല്പര്യങ്ങളും ആഗോള കമ്പനികളുടെ കച്ചവട കാര്യങ്ങളും ശക്തിയോടെ ആവർത്തിച്ച് ദൃഢീകരിക്കുന്നു. സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക വിഭവങ്ങളും മൂല്യങ്ങളും നിരവധി പ്രാവശ്യം ദൃശ്യവൽക്കരിച്ച് മനുഷ്യ ഹൃദയങ്ങളിൽ ദൃഢീകരിക്കുന്ന മാധ്യമ സിദ്ധാന്തം (Re - inforcement theory) വളരെ ശക്തമാണ്. മൂലധന നിക്ഷേപം, ഉയർന്ന സാങ്കേതികത്വം, വിപുലമായ മാർക്കറ്റിംഗ് എന്നിവ ആഗോള സംസ്കാരത്തെ നിയന്ത്രിക്കുന്ന മൂന്നു പ്രബല

ശക്തികളാണ്. ടെലിവിഷനാണ് ഇതിന് മുഖ്യ പ്രചരണ മാധ്യമം. ഇന്റർനെറ്റു വഴി ഉപഭോക്തൃ സമൂഹത്തെ നിയന്ത്രിക്കുവാൻ വാണിജ്യ ശക്തികൾക്കു കഴിയുന്നു.

ഉപഭോഗ വസ്തുക്കളുടെ വിപണന തന്ത്രങ്ങളും സങ്കേതങ്ങളും അടിസ്ഥാനപ്പെടുത്തി സാംസ്കാരിക വിഭവങ്ങൾ രൂപകല്പന ചെയ്യുന്ന രീതി ഉത്തരാധുനികതയിൽ പ്രബലമായി. അതിനാൽ പഴയ ബുദ്ധിജീവികൾക്കു പകരം സാംസ്കാരിക നിയന്ത്രണം ഏറ്റെടുത്തിരിക്കുന്നത് പ്രസാധകരും മാധ്യമങ്ങളും ഗാലറി ഉടമകളും അവയെ നിയന്ത്രിക്കുന്ന മുതലാളിത്ത ശക്തിയുമാണ്. ഏതു വിവരവും ഏതു സമയത്തും ലഭിക്കുന്ന വിജ്ഞാനത്തിന്റെ അതിലഭ്യതയും (information overload) ശീഘ്ര വിനിമയ സംവിധാനങ്ങളുടെ വർദ്ധനവും വിവര വിജ്ഞാനങ്ങൾ നിമിഷങ്ങൾക്കുള്ളിൽ ജാലികയിൽ നിന്നും സ്വന്തം കമ്പ്യൂട്ടറിലേക്ക് പകർത്താവുന്നതും (Down Load) ബൗദ്ധിക തലങ്ങളിൽ സങ്കീർണ്ണത സൃഷ്ടിക്കുന്നു.

**5. നവീന മാധ്യമ സാങ്കേതികത ഇന്ത്യയിൽ ഏതു വിഭാഗമാണ് ഫലപ്രദമായി വിനിമയം ചെയ്യുന്നത്? സമൂഹത്തിൽ ഇവ സൃഷ്ടിക്കുന്ന ഫലങ്ങൾ എന്തെല്ലാം? വികസ്വര രാജ്യങ്ങൾക്ക് ഇവ പ്രാപ്യമാണോ?**

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലുണ്ടായ ആശയ വിനിമയ രംഗത്തെ വളർച്ച യൂറോപ്പ്, അമേരിക്ക, ജപ്പാൻ എന്നിവിടങ്ങളിൽ വമ്പിച്ച പുരോഗതി സൃഷ്ടിച്ചു. അമേരിക്കയിൽ ഇൻഫർമേഷൻ യുഗത്തിന്റെ യുഗ സംക്രമണം രണ്ടു ദശകങ്ങളായി വർദ്ധിക്കുകയാണ്. എന്നാൽ ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ സാങ്കേതിക വിപ്ലവം അതിശക്തമായി കുതിക്കുകയാണ്. ഇന്ത്യയെ ഡിജിറ്റൽ ഇന്ത്യ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ബ്രിട്ടീഷ് ഭരണകാലം പോലെ ആഗോളവൽക്കരണത്തിന് ശേഷം (1990) അമേരിക്കൻ ആധിപത്യമുള്ള പുതിയ ലോകക്രമം (New World Order) ഉരുത്തിരിഞ്ഞ് ഇന്ത്യയേയും നിയന്ത്രിക്കുന്നു. അമേരിക്കൻ കോളനിവൽക്കരണത്തിന് ഇന്ത്യ അടിമയായി. മാധ്യമങ്ങൾ വഴിയാണ് ഈ പുത്തൻ ആധിപത്യം സുസ്ഥിരമാക്കുന്നത്. ആഗോള കമ്പനികളുടെ കച്ചവട കേന്ദ്രത്തിന്റെ (Shopping Centre) ഇരകളായിത്തീരുന്നു ഇന്ത്യൻ സമൂഹം!

സാമൂഹിക സ്ഥിതിവിവരണങ്ങൾ വഴി ഇതു വ്യക്തമാക്കാം. പ്രാഥമിക ആവശ്യങ്ങളിൽ പോലും സ്വയംപര്യാപ്തമാകാത്ത ഇന്ത്യ ഇന്റർനെറ്റിന്റെ ബാലപാഠങ്ങൾ കേട്ട് ഉത്തരാധുനിക സമൂഹമെന്നും മാധ്യമ സമൂഹമെന്നും വിളിച്ചു പറയുവാൻ ശ്രമിക്കുന്നു.

ഇന്ത്യയിൽ ഇന്റർനെറ്റും ബഹുജനങ്ങളും തമ്മിലുള്ള വിടവ് അനന്തമായി തുടരും. ഇന്ത്യയിൽ അര ലക്ഷം ഗ്രാമങ്ങളുണ്ട്. ഗ്രാമ നിവാസികൾക്കിന്ന് റേഡിയോ പോലും അപ്രാപ്യമാണ്. ഇന്ത്യൻ ജനത 27.4 ശതമാനം മാത്രമേ നഗരങ്ങളിലുള്ളൂ. മാധ്യമ മുന്നേറ്റം പ്രയോജനപ്പെടുത്തുന്നത് നഗരവാസികളാണ്. ഇന്ത്യയിലെ കാർഷിക വിഭാഗം (64%) ഇന്നും ഗ്രാമങ്ങളിലാണ് (72.6%). ഇന്ത്യൻ ജനതയുടെ സാക്ഷരത 53.5 ശതമാനം മാത്രമാണ്!

ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ദലിത് വിഭാഗങ്ങൾക്കും ഗ്രാമീണർക്കും വിലക്കു വാങ്ങുവാനോ (non - affordability) എത്തിപ്പിടിക്കുവാനോ (non - accessibility) കഴിയാത്തതാണ് വിവര സാങ്കേതികതയും അതുല്പാദിപ്പിക്കുന്ന ഉത്തരാധുനിക സംസ്കാരവും. സാങ്കേതിക വിദ്യയുടെ വികാസക്രമത്തിൽ ഉയർന്ന (high tech) നിമ്ന (low tech) സാങ്കേതിക രാജ്യങ്ങൾ എന്നുള്ള വേർതിരിവു വരെയുണ്ടായി. വികസ്വര രാജ്യങ്ങളിൽ പലതും ഇന്നും പ്രാഥമിക സാങ്കേതികത പോലും ആർജ്ജിച്ചിട്ടില്ല.

ഇന്ത്യയിൽ ദാരിദ്ര്യ രേഖയ്ക്കു താഴെ (Under Poverty Line) 35.77% ജനങ്ങളുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, യാത്രാ സൗകര്യങ്ങൾ, ആരോഗ്യ പരിപാലനം, കുടിവെള്ളം, സാക്ഷരത, തൊഴിൽ തുടങ്ങിയ മൗലിക അവകാശങ്ങൾ (Fundamental Rights) ലഭ്യമാക്കുവാൻ ഒരു ഗവൺമെന്റിനും കഴിയുന്നില്ല. സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് ദാരിദ്ര്യ രേഖ വിശകലനം ചെയ്താൽ ഞെട്ടിക്കുന്ന യാഥാർത്ഥ്യം വെളിപ്പെടും. ബീഹാർ (54.96%), ഒറീസ്സാ (48.56%), ഉത്തർപ്രദേശ് (40.86%), മദ്ധ്യപ്രദേശ് (42.52%), ആസ്സാം (40.86%) എന്നിവിടങ്ങളിലെ നിരക്ഷരതയ്ക്ക് കാലം കഴിയുന്തോറും ചെറിയ മാറ്റം പോലും സംഭവിക്കുന്നില്ല. ഇന്ത്യയിലെ പരമ്പരാഗത - ഗ്രാമീണ സമൂഹങ്ങളിൽ അറിവിന്റെ സങ്കേതം വാമൊഴിയായും വരമൊഴിയായും അഭിപ്രായ വിദഗ്ധരിൽ (opinion leader) നിന്നുമേ പാവപ്പെട്ടവർക്ക് ലഭ്യമാകുന്നുള്ളൂ. മാധ്യമ സന്ദേശങ്ങൾക്ക് ദ്വിതല രീതിയും (Two Step flow of communication), ബഹുതല രീതിയും (Multi Step Flow of Communication) ഇന്നും പ്രാധാന്യം അർഹിക്കുന്നു. പരമ്പരാഗത നാടൻ കലാരൂപങ്ങൾ (Folk and Traditional Media) ഇന്ത്യൻ ജനതയുടെ ശക്തമായ മാധ്യമമായി ഇന്നും നിലനില്ക്കുന്നു.

വിവര സാങ്കേതിക സാമഗ്രികൾക്ക് വിലയിടിവും പ്രാഥമിക അവശ്യസാധനങ്ങൾക്ക് വില വർദ്ധനവുമുള്ള സാമ്പത്തിക സമീപനമാണ് ഇന്ത്യയുടേത്. പുതിയ സാങ്കേതികത ഇന്ത്യയിലെ ഏതു വിഭാഗം ജനതയുടെ വികസനമാണ് ലക്ഷ്യമാക്കുന്നത്. ആഗോള വിപണിയും മാധ്യമ സംസ്കാരവും ഇന്ത്യയിലെ വരേണ്യ ജനതക്കു മാത്രം പ്രയോജനപ്പെ

ടുന്നു. മാധ്യമ സംവേദന സംവിധാനങ്ങളോട് മതങ്ങൾ നീതിപൂർവ്വം പ്രതികരിക്കുകയോ ക്രിയാത്മകമായി സമീപിക്കുകയോ ചെയ്തിട്ടില്ല.

മാധ്യമ സംസ്കാരം സൃഷ്ടിക്കുന്ന ജീവിതക്രമം മനുഷ്യ കൂട്ടായ്മകളെ ജാതി, മതം, വർഗം, ലിംഗം എന്നിവയാൽ വിഭജിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിലെ അസമത്വവും സംഘർഷവും ഇല്ലായ്മ ചെയ്ത് അടിച്ചമർത്തപ്പെടുന്ന സമൂഹങ്ങൾക്ക് രാഷ്ട്രീയ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ പങ്കാളിത്തവും അന്തസ്സും നൽകുവാനും തദ്ദേശീയ സംസ്കാരങ്ങൾ സംരക്ഷിക്കുന്നതിനും സംവേദന വക്രീകരണത്തെ (distortion) ചെറുക്കുന്നതിനുമുള്ള പ്രവാചക ധർമ്മം സഭകളുടെ സമകാലീക അജണ്ടായിൽ ഉണ്ടാകണം. ഈ പ്രവാചക ദൗത്യം എല്ലാ മതങ്ങളിലും ശക്തിപ്പെടണം.

വിവര സ്വീകരണവും വിനിമയവും സംവേദന അവകാശത്തിൽപ്പെട്ടതാണ്. മാധ്യമങ്ങളുടെ ആഗോളവത്ക്കരണം, അറിവ് ശേഖരണം, സംഭരണം, വിശ്ലേഷണം എന്നിവയിൽ ഏകദിശാപരമായ സംവേദന ക്രമവും സാംസ്കാരിക അധീശത്വ മൂല്യങ്ങളുമാണുള്ളത്. ഇത് പരസ്പരം പങ്കുവയ്ക്കൽ, സ്വയ സമർപ്പണം, പരസ്പര സഹായം, പരിപോഷണം എന്നീ മൂല്യങ്ങളിൽ ഉയർത്തിപ്പിടിക്കുമ്പോൾ സത്യസന്ധവും ക്രിയാത്മകവും സുഭദ്രവുമായ സംവേദന വേദിയായി മാധ്യമ ലോകം രൂപാന്തരപ്പെടും. നീതി, സമാധാനം, സ്വാതന്ത്ര്യം, തുല്യ പങ്കാളിത്തം, മനുഷ്യമഹത്ത്വം, സാമൂഹിക കൂട്ടായ്മ, മനുഷ്യ വിഭാഗങ്ങൾ തമ്മിൽ നീതിയിലും തുല്യതയിലും അടിസ്ഥാനമായ ബന്ധം എന്നിവയിൽ അധിഷ്ഠിതമായ മനുഷ്യ സംസ്കാരത്തെ വാർത്തെടുക്കുവാൻ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തണം. ഇത് താഴെ നിന്നുമുള്ള ആഗോളവത്ക്കരണ പ്രക്രിയ (Globalisation from below) ആകും. മനുഷ്യ സമൂഹങ്ങളുടെ അന്തസ്സും പങ്കാളിത്തവും ഇത് ഉയർത്തിക്കാട്ടും. ആളത്വത്തിന്റെ സമ്പൂർണ്ണ വികസനവും വിമോചനവും രൂപാന്തരവും സൃഷ്ടിക്കുന്ന മാനവികത വിവര സമൂഹത്തിൽ നഷ്ടപ്പെടരുത്.

**6. സാമൂഹിക മാധ്യമങ്ങൾ വഴി ഇടയ ശുശ്രൂഷ എങ്ങനെ ഫലപ്രദമാക്കുവാൻ കഴിയും? ഇതിലെ ഗുണപരവും നിഷേധപരവുമായ സമീപനങ്ങൾ എന്തെല്ലാം?**

നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (മാർക്കോസ് 16:15) എന്ന യേശുക്രിസ്തുവിന്റെ അന്ത്യസന്ദേശം സമ്പൂർണ്ണമായി പ്രാവർത്തികമാക്കുവാൻ കഴിയുന്ന ഒരു യുഗമാണിത്. 'സാമൂഹിക മാധ്യമങ്ങൾ' വഴി ഭൂലോകം മുഴുവൻ ക്രിസ്തുസന്ദേശവും ഇടയശുശ്രൂഷയും നൽകുവാൻ കഴിയും.

ദൈവം മനുഷ്യസമൂഹത്തിൽ വെളിപ്പെട്ടത് സംവേദനത്തിലൂടെയാണ്. 'ജീവനുള്ള ദൈവം' (The living world) എന്നതിൽ വെളിപ്പെടൽ (Revelation) മാത്രമല്ല ദൈവം ആരെന്നും വ്യക്തമാക്കുന്നു. ദൈവത്തിന്റെ ആത്യന്തിക സംവേദനം വെളിപ്പെടുന്നത് യേശുക്രിസ്തുവിലൂടെയാണ്. വചനം ജഢമായിത്തീർന്നു (എബ്രാ. 1:1-3, യോഹ. 1:14). സഭയുടെ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നാണ് സംവേദനം. ദൈവസ്നേഹം ലോകത്ത് സംവേദിപ്പിക്കുക എന്ന ഉത്തരവാദിത്ത്വമാണ് പ്രധാനം. ആരാധിക്കുന്നവരുടെ കൂട്ടായ്മയും (Koinonia) സ്നേഹത്തിന്റെ ശുശ്രൂഷയും (Diokonia), ക്രിസ്തുസുവിശേഷം പ്രഖ്യാപിക്കുകയും (Kerygma) ചെയ്യുന്ന ഇടയശുശ്രൂഷയാണ് സഭയ്ക്കുള്ളത്. ഇത് ക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹത്തിൽ അധിഷ്ഠിതമായ ശുശ്രൂഷയായിത്തീരണം. സത്യം, സ്നേഹം, നീതി, സമത്വം, ത്യാഗം, സമാധാനം എന്നിവയുടെ പൂർണ്ണതയാണ് ഇടയശുശ്രൂഷയിൽ പ്രതിഫലിക്കേണ്ടത്.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ചിതറിപ്പാർക്കുന്ന വിശ്വാസസമൂഹത്തിന് എങ്ങനെ ഫലപ്രദമായി ഇടയപരിപാലനം നൽകുവാൻ കഴിയും എന്നുള്ള അന്വേഷണം ശക്തിപ്പെടുത്തേണ്ടതാണ്. സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള ഇടയശുശ്രൂഷയുടെ വിവിധതലങ്ങൾ ശാസ്ത്രീയമായി പരിപോഷിപ്പിക്കുവാൻ സഭകൾക്ക് കഴിയണം. അനേകകാലം ജന്മദേശത്തുനിന്നും അകന്നുകഴിയുന്ന, വിദൂരസ്ഥരായ, വിശ്വാസസമൂഹത്തെ സഭാപാരമ്പര്യത്തിലും തനിമയിലും നിലനിർത്താൻ പ്രേരിപ്പിക്കുന്ന ഏകസാധ്യത സാമൂഹിക മാധ്യമങ്ങൾ മാത്രമാണ്. സാമൂഹിക മാധ്യമരംഗത്ത് ഫേസ് ബുക്ക്, ട്വിറ്റർ, ഗൂഗിൾ പ്ലസ് ഉൾപ്പെടെയുള്ള ഇന്റർനെറ്റ് കൂട്ടായ്മകൾ അഥവാ സാമൂഹിക മാധ്യമങ്ങൾ (social media) സൃഷ്ടിക്കുന്നത് വമ്പിച്ച സാമൂഹിക മാറ്റങ്ങളാണ് ഇന്റർനെറ്റിലെ സാമൂഹിക കൂട്ടായ്മകൾ (social media) വഴിയുള്ള ഇടയശുശ്രൂഷ ഗൗരവമായി സ്വീകരിക്കുവാൻ സഭകൾക്ക് കഴിയണം. 'ലോകത്തിന്റെ അറ്റത്തോളം...' വ്യാപിച്ച പ്രവാസി സമൂഹത്തിന് ഫലപ്രദമായ ഇടയ ശുശ്രൂഷ പങ്കിടുവാൻ (diaspora mission) നവമാധ്യമങ്ങൾക്ക് കഴിയുന്നു. ഇനിയും ഇതിൽ അനന്തമായ സാധ്യതകൾക്ക് വഴിതെളിക്കുകയാണ്. പ്രവാസികളായ സഭാ മക്കളോട് ഏതുതരത്തിലുള്ള കടപ്പാടാണുള്ളത്.

### 7. സാമൂഹിക മാധ്യമങ്ങളുടെ ഗുണപരമായ സാധ്യതകൾ

സാമൂഹിക മാധ്യമങ്ങൾക്കും വിവിധ തലങ്ങളുണ്ട്. അവയുടെ നന്മയും തിന്മയും നാം അവയെ എങ്ങനെ സമീപിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ഇടയശുശ്രൂഷയിൽ നവമാധ്യമങ്ങളുടെ ഗുണപരമായ സാധ്യതകൾ കഴിയുന്നത്ര ഫലപ്രദമാക്കി തീർക്കുവാൻ കഴിയണം[7].

**1. സാമൂഹിക മാധ്യമങ്ങൾ സംവേദനത്തിൽ ശക്തമായി ഇട പെടുന്നു:** കാല-ദേശ-പ്രായഭേദമെന്യെ പരസ്പരം ബന്ധിപ്പിക്കുവാൻ സാമൂഹിക മാധ്യമങ്ങൾക്ക് കഴിയുന്നു. ഇവ പരസ്പരം ബന്ധിതമാകുന്ന തിനാൽ ഒരേ താല്പര്യക്കാർക്ക് ആശയാവിഷ്ക്കാരങ്ങൾ ദ്രുതഗതിയിൽ ലഭ്യമാകുന്നു. സമാഭിപ്രായമുള്ള നിരവധിപ്പേരിലേക്ക് അത് വ്യാപിപ്പി ക്കുവാനും കഴിയും. സോഷ്യൽ നെറ്റ്വർക്കുകളുടെ സ്വാധീനം ഇപ്പോൾ വളരെയാണ്. ബറാക് ഓബാമയുടെയും നരേന്ദ്ര മോദിയുടെയും ഇല ക്ഷൻ പ്രചരണം ഇതിന് വ്യാപകമായ പ്രചാരം നൽകി. പൊതുവിഷയ ങ്ങളോ ഇഷ്ടപ്പെട്ട വിഷയങ്ങളോ പരസ്പരം പങ്കിടുന്നതിനാൽ സാമൂ ഹിക മാധ്യമങ്ങൾ ഒരേ സമയം വ്യക്തിപരവും സാങ്കേതികപരവുമായി രിക്കും. ഇവ ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയാണ്. ഇന്ത്യയിലെ ടെലിഫോൺ കമ്പനികൾ Connecting India, Connecting People എന്നാണ് മുദ്രാവാക്യം ഉയർത്തുന്നത്.

ബഹുജനങ്ങളെ പൊതുവിഷയങ്ങളിൽ പരസ്പരം ബന്ധിപ്പിക്കുവാൻ കഴിയുന്ന സാമൂഹിക മാധ്യമങ്ങൾ ചില വിഷയങ്ങളിൽ സാമൂഹിക മുന്നേറ്റമായി (Social Movements) മാറാറുണ്ട്. സാമൂഹിക മാധ്യമങ്ങളി ലൂടെ പടർന്നു കയറിയ ആവേശമാണ് ടുണിഷ്യ. ഈജിപ്റ്റ്, ഇന്ത്യ എന്നിവിടങ്ങളിലെ ജനകീയ വിപ്ലവങ്ങൾ. ഇതിൽ സാമൂഹിക സാങ്കേ തിക കൂട്ടായ്മകൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഡൽഹിയിൽ സർക്കാരിന്റെ അഴിമതിക്കെതിരെ നടന്ന അണ്ണാ ഹസാരേയുടെ സത്യാ ഗ്രഹവും ബാബാ രാംദേവിന്റെ സമരവും കേരളത്തിലെ മഹാപ്രളയ അതിജീവന പ്രവർത്തനങ്ങളും സ്ത്രീ വിമോചന സമരങ്ങളും ജനകീ യമാക്കിയത് സാമൂഹിക സാങ്കേതിക കൂട്ടായ്മയാണ്. പൊതുസമൂഹ ത്തിന്റെ സംവേദന പ്രക്രിയയിലേക്ക് പ്രത്യക്ഷമായും പരോക്ഷമായും ഇടപെടുവാൻ സാമൂഹിക മാധ്യമങ്ങൾക്കുള്ള കരുത്ത് അനന്തമാണ്.

**2. സാമൂഹിക മാധ്യമങ്ങൾ സംവേദന പ്രക്രിയയെ ത്വരിതപ്പെടു ത്തുന്നു:** സാമൂഹിക മാധ്യമങ്ങൾക്ക് സ്ഥലകാലങ്ങളെ ഭേദിക്കുവാൻ കഴിയുന്നു. ഞൊടിയിടയിൽ ബഹുസഹസ്രം വിഭവങ്ങൾ സംവേദിപ്പി ക്കപ്പെടുവാൻ കഴിയുന്നു. എവിടെയും എപ്പോൾ വേണമെങ്കിലും ഏതു തരം ഡിജിറ്റൽ ഉപകരണങ്ങളിലും (digital device) വിഭവങ്ങൾ ലഭ്യമാ കുന്നു. ഇപ്പോൾ ഇതിന് മുഖ്യപങ്കാളിത്തം വഹിക്കുന്നത് 4 ജി, 5 ജി മൊബൈൽ ഫോണുകളാണ്. ടെക്നോളജിയുടെ മികവ് ഉപകരണങ്ങളെ ചെറുതാക്കി. ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങൾ, ഇ-ബുക്കുകൾ, ഇ-ബുള്ളറ്റിനുകൾ, വീഡിയോ ചിത്രങ്ങൾ എന്നിവയെല്ലാം ദ്രുതഗതി യിൽ ആഗോളതലത്തിൽ പ്രചരിക്കപ്പെടുന്നു.

**3. സാമൂഹിക മാധ്യമങ്ങൾ സംവേദനത്തെ ആഗോളീകരിക്കുന്നു:** സാമൂഹിക മാധ്യമ കൂട്ടായ്മകളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ ഒരുസമയം സാങ്കേതികമായി പരസ്പരം കണ്ട് സംസാരിക്കുവാനും സന്ദേശങ്ങൾ വാമൊഴിയായും വരമൊഴിയായും പങ്കിടാനും കഴിയുന്നു. ചെറുതും വലുതുമായ സന്ദേശങ്ങളും ദൃശ്യങ്ങളും അതിർത്തികൾ ഭേദിച്ച് നെറ്റുവർക്കിലുള്ള ഏവർക്കും ലഭ്യമാകുന്നു. ആഗോളതലത്തിൽ വ്യാപകമായ ഇലക്ട്രോണിക് വലയിൽ സംവേദനം പരസ്പരം വിനിമയം ചെയ്യപ്പെടുന്നു. ഇപ്പോൾ ഇന്റർ നെറ്റ് ഉപയോഗം കമ്പ്യൂട്ടറിലോ ലാപ്ടോപ്പിലോ അല്ല. മൊബൈൽ ഫോണിലാണ്. ഇന്ത്യയിൽ 2018-ൽ 114 കോടി സെൽഫോൺ ഉപഭോക്താക്കൾ ഉണ്ട്. അനുദിനം ഇത് വർദ്ധിക്കുകയാണ്. മൊബൈൽ സാമൂഹിക മാധ്യമമായതോടെ ഏവർക്കും അനായാസം ഉപയോഗിക്കുവാൻ കഴിയുന്നു.

**4. സാമൂഹിക മാധ്യമങ്ങൾ സംവേദനത്തെ ഫലപ്രദമായി ആവിഷ്ക്കരിക്കുന്നു:** സാമൂഹിക മാധ്യമങ്ങൾ സംവേദനത്തെ ഫലപ്രദവും ജനകീയവുമാക്കി. സൈബർ സംസ്കാരം എന്നത് പാരസ്പര്യതയാണ് (Interactivity). ഒന്നിൽ നിന്ന് പലരിലേക്കുമുള്ള സംവേദന സമ്പ്രദായത്തെ (one-to-many) പലരിൽ നിന്ന് പലരിലേക്ക് (many to many) വഴിതിരിച്ചു. വ്യക്തിതല സംവേദനം (interpersonal communication) ഒരാളും മറ്റൊരാളും (one-to-one) ആണെങ്കിൽ ബഹുജനമാധ്യമങ്ങൾ ഒന്നിൽ നിന്നും പലരിലേക്ക് (one - to -many) ആണ്. എന്നാൽ സാമൂഹിക മാധ്യമങ്ങൾ പലരിൽ നിന്നും പലരിലേക്കും (many to many) സംവേദിക്കുന്നു. ആഗോളതല നെറ്റ്വർക്കിന്റെ വലയത്തിൽ ഇവ ഉൾപ്പെട്ടിരിക്കുന്നു. സാമൂഹിക മാധ്യമങ്ങൾ വ്യക്തിപരാധിഷ്ഠിതമാകുന്നതിനാൽ (individuation) ഉദ്ദേഗത സംവേദനത്തിൽ സജ്ജീവ സാന്നിദ്ധ്യമാകുന്നു.

**5. സാമൂഹിക മാധ്യമങ്ങളിലെ ഭാഷ ലളിതവും ഹൃദ്യവുമാണ്:** സാമൂഹിക മാധ്യമ ഭാഷയിൽ ഇംഗ്ലീഷാണ് ആധിപത്യം പുലർത്തുന്നത്. പ്രാദേശിക ഭാഷകളിലും സംവേദന സുസാദ്ധ്യമാണ്. ഇപ്പോൾ 'മാധ്യമ ഭാഷ ശൈലി' ശക്തിപ്പെട്ടിട്ടുണ്ട്. അത് ലളിതവും ഹൃദ്യവുമായുള്ള അവതരണ രീതിയാണ്. എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ വിജ്ഞാനവിഭവങ്ങൾ അവതരിപ്പിക്കുവാൻ കഴിയുന്നു. ഭാഷയിലും അവതരണത്തിലും നൂതന പരിവർത്തനങ്ങളാണ് അനുദിനം വികസിക്കുന്നത്. സാമൂഹിക മാധ്യമങ്ങൾ ഭാഷയുടെ അവതരണവും പ്രചരണവും നിർവ്വഹിക്കുന്ന രീതി വളരെ വ്യത്യസ്തമാണ്. ദ്രുതഗതിയിൽ സന്ദേശങ്ങൾ സംവേദിപ്പിക്കുക എന്നതാണ് പൊതുതത്ത്വം.

സംവേദനത്തിന്റെ ശക്തമായ അടിത്തറ പൗരബോധമുള്ള പൊതുസമൂഹത്തിലാണ് (civil society) നിലനിൽക്കുന്നത്. എന്നാൽ സാമൂഹിക

മാധ്യമങ്ങൾ തകർക്കുന്നത് പൊതുസമൂഹത്തെയാണ്. ആധുനികവൽക്കരണവും ആഗോളവൽക്കരണവും സൃഷ്ടിച്ച പുത്തൻ സാഹചര്യങ്ങൾ രാഷ്ട്രം (Nation), പൊതുസമൂഹം (Public sphere), വിപണി (Market) എന്നിവയ്ക്ക് സമഗ്രമായ പരിവർത്തനം ഉണ്ടാക്കി. ഇപ്പോൾ വിപണിയുടെ മുമ്പിൽ രാഷ്ട്രവും പൊതുസമൂഹവും സഭയും നിഷ്പ്രഭമായി. ബഹുരാഷ്ട്ര കമ്പിനികൾക്കുമുമ്പിൽ രാഷ്ട്രം വാണിജ്യതാല്പര്യങ്ങൾക്ക് കരാർ എഴുതിയപ്പോൾ തകർത്തതും പൊതുസമൂഹത്തെയാണ്. വിപണിയുടെ അപ്രമാദിത്വം ശക്തിപ്പെടുമ്പോൾ ശിഥിലമാകുന്നത് രാഷ്ട്രവും പൊതുസമൂഹവുമാണ്. വിപണി ഇപ്പോൾ പൊതുസമൂഹത്തെ (civil society) കീഴ്പ്പെടുത്തി ഉപഭോഗ സമൂഹത്തെ സൃഷ്ടിച്ചു (Consumer society). ഈ സാമൂഹികപരിവർത്തനത്തിൽ മുഖ്യ പങ്കുവഹിച്ചത് നവവിവരസാങ്കേതിക വിദ്യയാണ് (New information techonology). പൊതുസമൂഹത്തെ അട്ടിമിറിച്ച് സാങ്കേതികമായ പരസ്പരാശ്രയ സമൂഹത്തെ (Networking society) സൃഷ്ടിച്ചപ്പോൾ 'പൊതുസമൂഹം' ഒറ്റയാന്മാരും അണു പ്രേക്ഷകരുമായി (Atomised audience). പൊതുസമൂഹം ഒന്നിച്ചുചേർന്നിരുന്ന ഗ്രാമങ്ങൾ, ഉത്സവപറമ്പുകൾ, പെരുന്നാളുകൾ, വായനശാലകൾ എന്നിവിടങ്ങളിൽ നിലനിന്ന സംഘബോധവും സംഘാത്മകതയും അന്യമായി. ഇവിടങ്ങളിൽ നിന്ന് വൻതോതിൽ ആളൊഴിഞ്ഞുകൊണ്ടിരിക്കുന്നു. ജനസഞ്ചയമായ പൊതുവിടങ്ങളിൽ നിന്നും ആളൊഴിച്ച് അരാജകത്വം സൃഷ്ടിക്കുന്നതിൽ ഇപ്പോൾ മുഖ്യപങ്കുവഹിക്കുന്നത് സാമൂഹിക മാധ്യമങ്ങളാണ്. പൊതുസമൂഹത്തെ ശിഥിലമാക്കുന്ന സമ്പ്രദായങ്ങളും ദർശനങ്ങളും അടിസ്ഥാനമാക്കിയാണ് ഇവയുടെ ആഗോളവ്യാപകമായ പ്രവർത്തനങ്ങൾ.

**8. സാമൂഹിക മാധ്യമങ്ങളുടെ നിഷേധ നിലപാടുകളെ എങ്ങനെ വിമർശനാത്മകമായി സമീപിക്കാം?**

സാമൂഹിക മാധ്യമങ്ങൾ അനുദിനം പൊതുസമൂഹത്തെ അണുപ്രേക്ഷകരാക്കുന്നു. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് (separated), ശിഥിലമാകുന്നവർ (fragmented) ജീർണ്ണിച്ച അധികാരഘടനയോ, സാമൂഹിക തിന്മയെയോ ചോദ്യം ചെയ്യുകയോ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുകയോ ചെയ്യാതെ പലപ്പോഴും തികച്ചും 'മൗനികളും' 'നിഷ്പക്ഷരും' ആയിതീരുന്നു. പൊതുസമൂഹത്തിൽ നിന്നും, അന്യമായ, 'വേറിട്ട നിലപാടുകൾ' ഇക്കൂട്ടർ സ്വീകരിക്കും. അത് സാമൂഹിക ബന്ധങ്ങൾക്ക് ചേർന്നവ ആയിരിക്കുകയുമില്ല.

സാമൂഹിക മാധ്യമങ്ങൾ സൃഷ്ടിക്കുന്ന അയഥാർത്ഥ പൊതുസമൂഹത്തിൽ (virtual public sphere)[8] 'പൗരസമൂഹം' ഉപഭോക്താക്കളായി

തീർന്നു. ഇപ്പോൾ ശക്തിപ്പെടുന്ന 'ലാഭാധിഷ്ഠിതമായ വിപണി'യുടെ സ്വാധീനമാണ് സഭയിലും സമൂഹത്തിലും പ്രകടമാകുന്നത്. വിപണിയുടെ പ്രത്യയ ശാസ്ത്രത്തിലാണ് ഇപ്പോൾ ഇടയശുശ്രൂഷയും പുനക്രമീകരിക്കുന്നത്. അതിനാൽ സഭയും സമൂഹവും സാമൂഹിക മാധ്യമങ്ങൾ സൃഷ്ടിച്ച വിപണിയുടെ കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. ഇത് തിരിച്ചറിയുവാൻ കഴിയുകയെന്നതാണ് ഇടയശുശ്രൂഷയുടെ സത്വരമായ നടപടിക്രമം. സാമൂഹിക മാധ്യമങ്ങളിലെ നിഷേധനിലപാടുകൾക്ക് എതിരേ പ്രതിരോധിക്കുവാനുള്ള കരുത്തും ഇടയശുശ്രൂഷയിൽ വികസിപ്പിക്കണം. സാമൂഹിക മാധ്യമങ്ങളിലെ ചില നിഷേധസമീപനങ്ങളെ വിമർശനപൂർവ്വം സമീപിക്കേണ്ടതാണ്:

1. സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള ഇടയ ശുശ്രൂഷ അവ്യക്തിപരമാണ് (impersonal). വ്യക്തേതരമായ (depersonalizing) സംവേദന ക്രമത്തിനാണ് പ്രാധാന്യം.

2. വിശ്വാസ സമൂഹത്തിന് വിഭവങ്ങൾ നേരിട്ട് (interpersonal) ലഭ്യമാകാത്തതിനാൽ വിശ്വാസ വിപരീതങ്ങൾ വർദ്ധിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യും. ആവശ്യമായ തിരുത്തലുകൾ നൽകുവാൻ കഴിയാതെ വരുന്നു.

3. സമൂഹത്തെ ഏക ജാതീയതയുള്ള (Homogenious) ചെറു സമൂഹമാകുന്നു. അണു പ്രേക്ഷകർ (atomised audience) എന്നും സമൂഹത്തെ നാരുനാരാക്കുന്ന, തുണ്ടുതുണ്ടാക്കുന്ന (digitalization) ഒറ്റയാൾ പ്രക്രിയ എന്നും ഈ സംസ്കാരം അറിയപ്പെടുന്നു.

4. സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെടുന്ന സന്ദേശങ്ങൾ, സുഭക്ഷിത സുവിശേഷത്തിന്റേതാണ് (Prosperity Gospel).

5. സംവേദനം വരേണ്യവർഗ്ഗത്തിന്റെതായി തീരുന്നു. ഇംഗ്ലീഷ് അറിയാത്തവരും ദരിദ്രരും സൈബർ സ്പെയിസിനു (Cyber space) പുറത്താണ്.

6. സാമൂഹിക മാധ്യമങ്ങളിലെ ചർച്ചകളും വ്യാഖ്യാനങ്ങളും അധികാരകേന്ദ്രങ്ങൾക്ക് ബദലായിട്ടും (Anti hierarchical) ബദൽ ചർച്ചകൾക്കുള്ള പൊതുവേദിയായും (public platform) കണക്കാക്കപ്പെടുന്നുണ്ട്.

7. പാശ്ചാത്യ മൂല്യങ്ങളും ദൃശ്യങ്ങളും സന്ദേശങ്ങളും അതിവ്യാപകമായി പ്രചരിക്കപ്പെടുന്നു (Cyber Sex, Cyber Crime). സഭകൾക്ക് ഇവയെ പ്രതിരോധിക്കുവാനുള്ള സംവിധാനങ്ങളും ഇല്ല.

8. കണ്ടും കേട്ടും കൊടുത്തുമുള്ള യഥാർത്ഥസഭയുടെ (Real Church) ബദൽ മാതൃകയാകുന്നു സൈബർ ചർച്ച് (Cyber Church). ഇതിൽ

മുഖാമുഖ വ്യക്തിബന്ധം ഇല്ല (interpersonal relations). സാങ്കേതിക തമായ അവ്യക്തിബന്ധങ്ങൾ മാത്രം (impersonal relations). ഇവ ഇല ക്ട്രോണിക് ചർച്ച് (electronic church) എന്നും സൈബർ ചർച്ച് (Cyber Church) എന്നും അറിയപ്പെടുന്നു.

9. സാമൂഹിക മാധ്യമങ്ങൾ ജനങ്ങളെ വിവിധതരത്തിൽ വിഭജിതരാ ക്കുന്നു. സാങ്കേതിക അകൽച്ച (digital divide) എന്നും സാമൂഹിക മായ പുറത്താക്കൽ (social exclusion) എന്നും ഇത് അറിയപ്പെടുന്നു. അറിവിൽ സമ്പന്നരും അറിവിൽ ദരിദ്രരും തമ്മിലുള്ള അനുപാതവും വർദ്ധിക്കുന്നു (Information Rich and Information Poor).

10. മനുഷ്യാവകാശവും മനുഷ്യാന്തസ്സും സാമൂഹിക മാധ്യമങ്ങളിൽ നിഷേധിക്കപ്പെടുന്നു. അയഥാർത്ഥ സ്വത്വം (Virtual Identity) വർദ്ധി ക്കുകയും സ്വാതന്ത്ര്യവും (freedom) സ്വകാര്യതയും (privacy) സ്ത്രീത്വവും (Womenhood) നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

സാമൂഹിക മാധ്യമങ്ങളിൽ അനേക നന്മകൾ ഉണ്ടെങ്കിലും സത്യസ ന്ധത, സാമൂഹിക പ്രതിബദ്ധത, സാമൂഹിക നീതി, ജനാധിപത്യത്തോ ടുള്ള വിശ്വാസം, നൈസ്സർഗ്ഗികമായ മനുഷ്യബന്ധം, തുടങ്ങി പല മൂല്യ ങ്ങളും നിഷേധിക്കപ്പെടുന്നു. ഇതിൽ അനേക സൗകര്യങ്ങൾ ലഭ്യമാ ണെങ്കിലും മനുഷ്യന്റെ സ്വകാര്യത തന്നെ തകർക്കുകയാണ്.

**ഉപസംഹാരം**

വിവര സമൂഹവും ഉത്തരാധുനികതയും ഇന്ത്യയിൽ അതിസമ്പന്ന രുടെ ബൗദ്ധിക തലങ്ങളിൽ ശക്തമായി പ്രവഹിക്കുന്നു. സാമൂഹിക മാധ്യമങ്ങൾ ശക്തമായതോടെ സംവേദനം ജനകീയമായി. ഉത്തരാധു നിക ഘടകങ്ങളുടെ രാഷ്ട്രീയവും വേദശാസ്ത്രപരവുമായ വെല്ലുവിളി കളും മാധ്യമങ്ങളുടെ ആഗോളവത്ക്കരണം സൃഷ്ടിക്കുന്ന അറിവിന്റെ മലിനീകരണവും സമഗ്രമായി തിരിച്ചറിയണം. മാധ്യമ - ആഗോളവത്ക്ക രണങ്ങൾക്ക് ബദൽ ഫലപ്രദമല്ലെങ്കിലും പ്രാദേശികമായ ബദൽ വായ നയും നിരീക്ഷണങ്ങളും സഭയിലും സമൂഹത്തിലും ശക്തിപ്പെടുത്തണം.

❑

## പാഠം 6

# മാധ്യമ സ്വാധീനം പുതു തലമുറയിൽ

❑ 1. മാധ്യമങ്ങളുടെ പൊതുസ്വഭാവം ❑ 2. നവീന സാങ്കേതിക വിദ്യ ❑ നവമാധ്യമങ്ങൾ ❑ മാധ്യമ ലഹരി ❑ സമ്മത നിർമ്മിതി ❑ മാധ്യമ സൃഷ്ടി ❑ ഐടി ആക്ടുകൾ ❑ സൈബർ അഡിക്ഷൻ

മനുഷ്യമനസ്സിൽ മാധ്യമ ലഹരിയുടെ അതിസംക്രമണം ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ടായി. ആഗോളവൽക്കരണത്തിനൊപ്പമെത്തിയ ഉപഗ്രഹ ചാനലുകൾ ബോധ വിചാരങ്ങളെ സ്വാധീനിച്ചു. പൊതുസമ്മത നിർമ്മിതിയിൽ അച്ചടി മാധ്യമങ്ങൾ വഹിച്ച ജനപ്രീതിയുടെ മേൽക്കൈ അതിശീഘ്രം മാധ്യമ ചാനലുകൾ കീഴടക്കി. പാശ്ചാത്യരാജ്യത്ത് 1980കളിൽ ആരംഭിച്ച 24 X 7 വാർത്താ ചാനലുകൾ ഇന്ത്യയിൽ തൊണ്ണൂറുകളിലെത്തി, രണ്ടായിരത്തോടെ ശക്തിപ്പെട്ടു. ഇന്ത്യയിൽ 2010-ഓടെ സാമൂഹിക മാധ്യമങ്ങൾ ആധിപത്യം ഉറപ്പിച്ചു തുടങ്ങി.

മാധ്യമങ്ങളിലെ കാഴ്ചകൾ വെറും കാഴ്ചകളല്ല. വിസ്മയ കാഴ്ചകളും മായിക കാഴ്ചകളുമാക്കി തീർക്കുന്നുവെന്ന് ഴാങ്ങ് ബ്രോദിയാർ നിരീക്ഷിക്കുന്നു. മാധ്യമങ്ങളിൽ യാഥാർത്ഥ്യങ്ങളില്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. കമ്പോളം ലക്ഷ്യമാക്കിയുള്ള കാഴ്ചകളുടെ അതിയാഥാർത്ഥ്യത്തിന്റെ മുമ്പിൽ സത്യവും നീതിയും വിസ്മൃതമാക്കപ്പെടുന്നു. അങ്ങനെ പൊതുസമൂഹത്തെ അരാഷ്ട്രീയവൽക്കരിക്കുവാനും ശിഥിലീകരിക്കുവാനും മാധ്യമങ്ങൾ ബോധപൂർവ്വം ശ്രമിക്കുന്നു. കൂടാതെ മാധ്യമങ്ങളിൽ സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കുമാണ് പ്രാമുഖ്യം എന്നും വെളിപ്പെടുത്തുന്നു.

### 1. മാധ്യമങ്ങളുടെ ഇപ്പോഴത്തെ പൊതുസ്വഭാവം എന്താണ്?

ബഹുരാഷ്ട്ര വാണിജ്യകുത്തകകൾ മാധ്യമങ്ങളിൽ ആധിപത്യം ഉറപ്പിക്കുന്നു. വിവര വിജ്ഞാന വിനോദങ്ങളിൽ ദൃശ്യ വിസ്മയം സൃഷ്ടിച്ച് മനുഷ്യമനസ്സ് സംഘർഷഭരിതമാക്കുന്നു. ക്രൈം, പീഡനം, അഴിമതി, ദുരന്തം, ഭീകരത, മത സംഘർഷം എന്നിവയ്ക്ക് 'അമിത കവറേജ്' നൽകി മാധ്യമം, വിപണി സംസ്ക്കാരത്തിന്റെ പ്രചാരകരായി. മാധ്യമങ്ങൾ തമ്മിലുള്ള കടുത്ത മത്സരവും പോർവിളിയും ശക്തിപ്പെട്ടു. വാർത്താ വിതരണവും വ്യാഖ്യാനവും തമസ്ക്കരണവും വിവിധ മാധ്യമ പ്രത്യയശാസ്ത്രങ്ങളിൽ കേന്ദ്രീകൃതമായി. സമൂഹ മനസാക്ഷിയുടെ കാവൽക്കാരാണ് പത്ര-ടെലിവിഷൻ മാധ്യമങ്ങൾ എന്ന് 'സ്വയം പ്രഖ്യാപിക്കുന്നു'. എന്നാൽ പുതുതലമുറ എല്ലാത്തരം പൊതുചർച്ചകളിൽ

നിന്നും സാമൂഹിക ബന്ധങ്ങളിൽ നിന്നും ഉൾവലിഞ്ഞ് നവസാങ്കേതികതയുടെ ഇരകളായിത്തീർന്നു. വിനോദ-വാർത്താചാനലുകളും പത്രമാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളും വിവിധതരം അജണ്ട കേന്ദ്രീകരിച്ച് വാർത്താവിശകലനങ്ങൾ അവതരിപ്പിക്കുന്നതിനാൽ ജനാധിപത്യ പൊതുമണ്ഡലങ്ങൾ ശിഥിലീകരിക്കപ്പെടുന്നു.

**2. നവീന സാങ്കേതിക വിദ്യ മാധ്യമങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു?**

നവീന വിവരസാങ്കേതികത വിജ്ഞാന, വിനോദ, വിവര, വിഭവങ്ങൾക്ക് പ്രകാശ വേഗത സൃഷ്ടിച്ച് ലോകത്തെ ചെറുതാക്കി. സംവേദനം ദ്രുതഗതിയിലും. ഏതു ഉല്പന്നമായാലും ഏതുതര വിഭവങ്ങളായാലും ദൃശ്യങ്ങളായാലും എന്തും എവിടെയും എപ്പോൾ വേണമെങ്കിലും ലഭിക്കുന്നു. ഇന്റർനെറ്റ് അറിവിന്റെയും ദൃശ്യത്തിന്റെയും അതിധാരാളിത്തമാണ് ഒരുക്കുന്നത്. എല്ലാ വിവരങ്ങളും വിഭവങ്ങളും ഇപ്പോൾ ഒരു മൊബൈൽ ഫോണിലൂടെ ലഭ്യമാകുന്നു. ഇന്റർനെറ്റ് സംവിധാനമുള്ള മൊബൈൽ ഒരു കമ്പ്യൂട്ടർ തന്നെയാണ്. വ്യക്തമായ ദൃശ്യങ്ങളും വിഭവങ്ങളുമാണ് അതിശീഘ്രം ഇതിൽ ലഭ്യമാകുന്നത്. കൊച്ചു കുട്ടികളും ഇത്തരം സ്മാർട്ട് ഫോണുകളിൽ സജീവമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്തമായ വളർച്ചയും സ്വാധീനവും അതിരുകളില്ലാത്ത ലോകം യാഥാർത്ഥ്യമാക്കി. പുതു തലമുറയുടെ അവിഭാജ്യഘടകമായി നവീന സാങ്കേതികത ഉൾക്കൊള്ളുന്ന സ്മാർട്ട് ഫോണുകൾ!

**3. നവമാധ്യമങ്ങൾ കൗമാര മനസ്സുകളെ ബാധിക്കുന്നത് എങ്ങനെ?**

കൗമാരക്കാരിൽ നവ മാധ്യമ സ്വാധീനം അതി ശക്തമാണ്. ക്ഷുഭിത കൗമാരങ്ങളെയാണ് ഇവ സൃഷ്ടിക്കുന്നത്. സാമൂഹിക മാധ്യമങ്ങളുടെ അമിത സ്വാധീനം കൗമാരക്കാരിൽ സാമൂഹിക ബന്ധങ്ങൾ വിഛേദിക്കുവാൻ ഇടയാക്കുന്നു. പൊതു സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട കൗമാരക്കാർ സാങ്കേതികമായ പരസ്പരാശ്രയ സംസ്ക്കാരത്തിൽ (Net working culture) കണ്ണിയാകുന്നു. കൗമാരപ്രായത്തിൽ തന്നെ ഒറ്റയാന്മാരും അണുപ്രേക്ഷകരുമാകുന്നു. ഇവർ ഒന്നിച്ചുള്ള ആഘോഷങ്ങളിൽ നിന്നും കൂട്ടായ്മകളിൽ നിന്നും അന്യമാകുന്നു. പുതുതലമുറ സംഘബോധവും സംഘാത്മകതയും നഷ്ടമാക്കി, അയഥാർത്ഥ പൊതു സമൂഹത്തിന്റെ ഭാഗമായപ്പോൾ (Virtual Public Sphere) ദൈവിക ബന്ധങ്ങളും മനുഷ്യബന്ധങ്ങളും സന്മാർഗ്ഗിക മൂല്യങ്ങളും തിരസ്ക്കരിച്ചു. സാമൂഹിക മാധ്യമങ്ങളുടെ അതിസംവേദനവും കൗമാര മനസ്സുകളെ കീഴടക്കിയപ്പോൾ മാനസിക സംഘർഷങ്ങൾ പിൻതുടർന്ന് വേട്ടയാടുന്നു. ആഗോളവൽക്കരണം സൃഷ്ടിച്ച പുത്തൻ സാമ്പത്തിക ക്രമവും കമ്പോള സംസ്ക്കാരവും മാധ്യമ പശ്ചാത്തലവും കൗമാര ജീവിത സാഹചര്യങ്ങളെ സമ

ഗ്രമായി മാറ്റിമറിച്ചു. ഇത് 'ക്ഷുഭിത കൗമാരങ്ങൾ' സൃഷ്ടിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

**4. മാധ്യമങ്ങൾ, 'ലഹരിയായി'തീരുന്നത് എങ്ങനെ?**

ഒരാളെ ആവശ്യത്തിലധികം സ്വാധീനിക്കുന്നതെന്തും 'ലഹരി' ഗണത്തിൽ ഉൾപ്പെടും. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും അതിസ്വാധീനം കൗമാരക്കാരെ 'മാധ്യമ ലഹരി'ക്ക് അടിമയാക്കുന്നു. ഇവരിൽ ദ്വൈയ്തഭാവവും കാണാം. വീട്ടിനുള്ളിൽ 'സുന്ദരനും സുന്ദരിയും'. അനുസരണശീലം, ആദ്ധ്യാത്മിക ഭാവം, ശാന്ത സ്വഭാവം എല്ലാം പ്രകടമാക്കും. എന്നാൽ ഇവർ വീട് വിട്ടാൽ മറ്റൊരുമുഖം. ലഭ്യമാകുന്ന അവസരവും സ്വാതന്ത്ര്യവും ആസ്വദിക്കുവാനുള്ള അഭിവാഞ്ഛയാണ്. ആക്രമണം, മദ്യം, മയക്കുമരുന്ന്, ഇന്റർനെറ്റ്, ലഹരി, ലൈംഗികത, അസന്മാർഗ്ഗികത എന്നിവയിലേയ്ക്ക് ആൺ-പെൺ ഭേദമെന്യേ ചിലർ വഴുതി വീഴുന്നു. അക്രമാസക്തി പടർത്തുന്ന വീഡിയോ ഗെയിമുകൾ, ക്രൈം റിപ്പോർട്ടുകൾ, അശ്ലീല ഗാന രംഗങ്ങൾ, വെബ്ചാറ്റിങ്ങ്, അതിരുവിട്ട ഫെയ്സ് ബുക്ക് ബന്ധങ്ങൾ എന്നിവ കൗമാരക്കാരേ പൊതുസമൂഹത്തിൽ നിന്നും ഉൾവലിക്കുന്നു. നവസംവേദന സംസ്ക്കാരം കൗമാരത്തെ ശാരീരികവും വൈകാരികവുമായി ക്ഷുഭിതമാക്കുന്നു.

അമിത സ്വാതന്ത്ര്യവും നവീന സാങ്കേതികതയിലുള്ള പരിജ്ഞാനവും യഥേഷ്ടം പണം വിനിയോഗിക്കുവാനുള്ള അവസരവും ഇത്തരം സാഹചര്യങ്ങൾക്ക് കരുത്ത് പകരുന്നു. ഇവ ആത്യന്തികമായി കൗമാരക്കാരിൽ ഉപഭോഗ സംസ്ക്കാരം സൃഷ്ടിക്കുന്നു. അന്ധമായ ആഗ്രഹവും ശരീര സൗന്ദര്യ വർദ്ധക വസ്തുക്കളിലുള്ള താല്പര്യവും സ്വാർത്ഥ മോഹങ്ങളും വളർത്തുന്നു. ആർഭാടവും സുഖലോലുപതയും ജീവിതത്തിന്റെ ഭാഗമാക്കുവാൻ ശ്രമിക്കുന്നു. ആക്രമണസ്വഭാവം, ലൈംഗിക വൈകൃതം, വീരാരാധന, അഴിമതി, അനീതി എന്നിവ കൗമാരത്തിൽ ഏറ്റുവാങ്ങുന്നു. കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ഇന്റർനെറ്റിനും ഫെയ്സ് ബുക്കിനും ഇരയായി തീരുന്നു. കുടുംബ ബന്ധങ്ങളോ സാമൂഹിക ചലനങ്ങളോ അറിയാതെ പോകുന്നു. ഇവർ ടെക്നോളജിയുടെ മുമ്പിലെ ഒറ്റപ്പെട്ട സാന്നിധ്യമായിതീരുന്നു. ഇത് ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കും. മനുഷ്യമഹത്വം, നീതി, സ്നേഹം, സാമൂഹിക പ്രതിബദ്ധത, ആത്മശിക്ഷണം തുടങ്ങിയവ 'മാധ്യമ ലഹരിക്ക്' ഇരകളാകുന്നവർ മറന്നു പോകുന്നു. ഇവർ ഒരു മായിക ലോകത്തിന്റെ പ്രതിനിധികളായി തീരുന്നു. സ്വകാര്യതയിലേക്ക് ചേക്കേറുവാൻ ഇവർ ശ്രമിക്കുന്നതിനാൽ സാമൂഹിക ബന്ധങ്ങൾ വിഛേദിക്കുന്നു.

**5. മാധ്യമങ്ങളിലെ തെറ്റും ശരിയും എങ്ങനെ തിരിച്ചറിയണം?**

കൗമാരക്കാരിൽ മാധ്യമങ്ങളുടെ സ്വാധീനം പൂർണ്ണമായും ഒഴിവാക്കുവാൻ കഴിയില്ല. ഗുണപരമായ അനന്തസാധ്യതകളാണ് 'ഗൂഗിൾ' തുടങ്ങിയ ഇന്റർനെറ്റ് സങ്കേതങ്ങൾ ഒരുക്കുന്നത്. എന്നാൽ ചതിക്കുഴികൾ അനേകമാണ്. 'എന്തു കാണണം' 'എന്തു കേൾക്കണം' എന്ന് തിരിച്ചറിയുവാനുള്ള പ്രജ്ഞ വേണം. അതിനുള്ള 'മാധ്യമ ബോധനം,' സ്ക്കൂൾ-കോളേജു തലത്തിൽ ഉണ്ടാകണം. മാധ്യമങ്ങളിലെ നന്മ തിന്മകൾ തിരിച്ചറിയുവാൻ പ്രാപ്തമാക്കുന്ന വിമർശന പാരായണവും വീക്ഷണവും വളർത്തണം. സാമൂഹിക ബന്ധങ്ങളിൽ സ്നേഹം, വാത്സല്യം, കരുതൽ, സൗഹൃദം എന്നിവ പരിപോഷിപ്പിക്കണം.

മാധ്യമങ്ങൾ വിഷയ വിശകലനങ്ങളിലും അവതരണത്തിലും നീതിയുടെ പക്ഷം ചേരുമ്പോൾ ആത്യന്തികമായി സമാധാനവാഹകരായി തീരും. എന്നാൽ ഇപ്പോൾ ശക്തിപ്പെടുന്ന 'മതതീവ്രവാദം, മതഭീകരത, ഭീകരാക്രമണം, രാഷ്ട്രീയ സംഘർഷം, മാഫിയാ ബന്ധങ്ങൾ, ലൈംഗിക കാഴ്ചകൾ തുടങ്ങിയവയിൽ മാധ്യമങ്ങൾ ഉയർത്തുന്ന ദൃശ്യകോലാഹലങ്ങൾ അനവധിയാണ്. രാഷ്ട്രീയ-മത-രംഗങ്ങളിൽ വളർന്നുവരുന്ന 'വിലയ്ക്കെടുത്ത' (Paid News) മാധ്യമ പ്രവർത്തനവും സംസ്ക്കാരികമായ 'വികൃത മാധ്യമ പ്രവർത്തനവും' ശാന്തിക്കും സ്വസ്ഥതയ്ക്കും ജീവിതാന്തസ്സിനും മുഖ്യ വെല്ലുവിളി ഉയർത്തുന്നു. ഇവ ആത്യന്തികമായി മാധ്യമ സംസ്കാരത്തിന്റെ ധാർമ്മികതയേയും ജനാധിപത്യ സ്വഭാവത്തെയും ഹനിക്കുകയാണ്. വസ്തുനിഷ്ഠവും സുതാര്യവുമായ വാർത്താ വിവരണങ്ങൾ നൽകേണ്ട മാധ്യമങ്ങൾ പണം, അധികാരം, ലൈംഗികത, രാഷ്ട്രീയം എന്നിവയ്ക്ക് കീഴടങ്ങുമ്പോൾ മാധ്യമ ധാർമ്മികതയുടെ അടിസ്ഥാന പ്രമാണങ്ങൾക്ക് തുരങ്കം വെയ്ക്കുന്നു.

**6. മാധ്യമങ്ങൾ പൊതുസമൂഹത്തിൽ 'സമ്മത നിർമ്മിതി' സൃഷ്ടിക്കുന്നതെങ്ങനെ?**

സമ്മതനിർമ്മിതി ബോധപൂർവ്വം സൃഷ്ടിക്കുന്ന പ്രക്രിയയാണ്. മാധ്യമങ്ങളിലെ 'ഭീകരതയുടെ ശബ്ദ ദൃശ്യങ്ങൾ' 'സമ്മതങ്ങളുടെ നിർമ്മിതി' യായിത്തീരുന്നു. പൊതുസമൂഹത്തെ മാധ്യമങ്ങൾ വിവിധതരത്തിൽ 'സമ്മതിപ്പിക്കുകയാണ്". വിമർശനാത്മകതയും സർഗ്ഗാത്മകതയും പൊതുസമൂഹത്തിൽ നിന്നും അന്യമാക്കുന്നതിൽ മാധ്യമങ്ങൾ ബോധപൂർവ്വം ഇടപെടുന്നു. പൊതുസമൂഹത്തെ നിഷ്ക്രിയരാക്കുന്നതിലും ഈ 'സമ്മതനിർമ്മിതി' മുഖ്യപങ്കുവഹിക്കുന്നു.

അടുത്ത നിമിഷത്തിൽ പൊതുസമൂഹം എന്തുചിന്തിക്കണം, എങ്ങനെ

ചിന്തിക്കണം എന്നു നിർണ്ണയിക്കുന്നത് മാധ്യമങ്ങളാണ്. എന്നാൽ 'മാധ്യമ വായനകളിൽ' എത്തുന്നത് അല്പ സത്യങ്ങളും അർദ്ധ സത്യങ്ങളുമാണ്. യഥാർത്ഥ വിവരണങ്ങളുടെ വക്രീകരണം, തമസ്ക്കരണം, പർവ്വതീകരണം, നിസ്സാരവൽക്കരണം എന്നിവ മാധ്യമ താല്പര്യാനുസൃതം സൃഷ്ടിക്കുന്നു. മാധ്യമങ്ങളിൽ എത്തുന്ന വിഭവ കാഴ്ചകളുടെ അവതരണവും വിതരണവും അതതു മാധ്യമങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടിൽ കേന്ദ്രീകരിച്ചുള്ളതായിരിക്കും.

ആസൂത്രിതവും കൗശലവുമായ വാർത്തകളുടെ നിർമ്മിതിയും പുനരവതരണവും അനുദിനം ശക്തിപ്പെടുകയാണ്. ആഗോളവൽക്കരണം, കേന്ദ്രീകരണം, വാണിജ്യവൽക്കരണം, ബഹുരാഷ്ട്രീകരണം എന്നിവയുടെ മൂല്യങ്ങൾ മാധ്യമ വ്യവസായത്തിന്റെ പുത്തൻ അജൻഡയായി വളരുന്നു. വൻകിട മാധ്യമ സ്ഥാപനങ്ങൾ മുതലാളിത്ത ഘടനയുമായി ബന്ധിതമാണ്. അതിനാൽ അത് വ്യവസായമാണ്. പല മാധ്യമങ്ങൾക്കും ജാതിയുണ്ട്. രാഷ്ട്രീയമുണ്ട്. വസ്തുതകൾ ശേഖരിച്ച് വാർത്തകൾ സൃഷ്ടിക്കുകയാണ് കർമ്മം. ഇത്തരം 'സമ്മത നിർമ്മിതി' അനുസ്യൂതം വ്യാപകമാകുന്നു.

**7. സമ്മത നിർമ്മിതിയല്ലേ 'മാധ്യമ സൃഷ്ടി...'?**

'സമ്മത നിർമ്മിതി' എപ്പോഴും പ്രത്യേക അജണ്ടായിൽ കേന്ദ്രീകൃതമായിരിക്കും. ഇതാണ് 'മാധ്യമ സൃഷ്ടി', 'മാധ്യമ സിൻഡിക്കേറ്റ്' എന്ന് പറയുന്നത്. 'മാധ്യമ ഭീകരത' എന്നും ഇപ്പോൾ പറയുന്നുണ്ട്. ബഹുജനങ്ങളെ ബലഹീനരും ഉദാസീനരുമാക്കുന്ന ഏകജാതീയ സാംസ്ക്കാരിക വ്യവസായത്തിന്റെ പ്രചാരകരായി മാധ്യമങ്ങൾ. വാണിജ്യ താല്പര്യത്തോടെയുള്ള 'സമ്മതങ്ങളുടെ നിർമ്മിതിയിൽ' ഇവ മുഖ്യ പങ്കാളിത്തം വഹിക്കുന്നു. ഇത് സൃഷ്ടിക്കുന്നത് വ്യാജ സമ്മത നിർമ്മിതിയാണെന്ന് നോം ചോംസ്കിയുടെ പക്ഷം. മാധ്യമങ്ങൾ ബോധപൂർവ്വം നിർമ്മിക്കുന്ന വിവിധതര പക്ഷപാതങ്ങളും ചായ്‌വുകളുമാണ് 'മാധ്യമ സൃഷ്ടി'. സ്വജനപക്ഷപാതവും നിക്ഷിപ്ത താല്പര്യങ്ങളുമാണ് ലക്ഷ്യം. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം 'വ്യാജ സമ്മത നിർമ്മിതികളിൽ' നിന്നും പൊതു സമൂഹത്തെ വിമോചിപ്പിക്കണം.

**8. സാമൂഹിക മാധ്യമങ്ങളുമായി ബന്ധപ്പെട്ട ഐടി ആക്ട് 66 എ വകുപ്പ്, 2015 മാർച്ച് 24-ന് സുപ്രീംകോടതി റദ്ദാക്കിയല്ലോ. സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ ഇനി അവതരിപ്പിക്കാമോ?**

സാമൂഹിക മാധ്യമങ്ങളിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾ

നടത്തുവാൻ കഴിയും. എന്നാൽ അതിരുകടന്നാൽ നിയമക്കുരുക്കിൽ അകപ്പെടും. സാങ്കേതിക വിദ്യ ദുരുപയോഗം ചെയ്താൽ സൈബർ കുറ്റകൃത്യങ്ങളിൽപ്പെടും. അശ്ലീല വീഡിയോ ചിത്രങ്ങൾ അനുവാദമില്ലാതെ സ്വകാര്യവ്യക്തികൾക്ക് അയയ്ക്കുക, ചിത്രങ്ങൾ മോർഫ് ചെയ്ത് ഭീഷണിപ്പെടുത്തുക, സോഫ്റ്റ്‌വെയറുകളുടെ വ്യാജപതിപ്പ് ഉണ്ടാക്കുക, വ്യാജ അഡ്രസ് ഉപയോഗിച്ച് സാമൂഹിക മാധ്യമങ്ങളിൽ വിദ്വേഷ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, ഔദ്യോഗിക വെബ് പേജുകളിൽ നുഴഞ്ഞു കയറി വിഭവങ്ങൾ മോഷ്ടിക്കുക, വിവരങ്ങൾ തകർക്കുക, ഏറ്റവും പുതിയ സിനിമകൾ ഡൗൺലോഡ് ചെയ്ത് പ്രചരിപ്പിക്കുക തുടങ്ങി എത്രയോ തരം സൈബർ കുറ്റകൃത്യങ്ങളാണ് ശക്തിപ്പെടുന്നത്. ഐ.ടി. ആക്ടിലെ 66 എ വകുപ്പ് മാത്രമാണ് സുപ്രീംകോടതി വിധിയിൽ റദ്ദാക്കിയത്.

ഇന്ത്യൻ പൗരന്റെ അഭിപ്രായ സ്വാതന്ത്ര്യവും സാമൂഹിക മാധ്യമങ്ങളിൽ കൂടിയുള്ള ക്രിയാത്മക ഇടപെടലുകളും ഭരണഘടന ഉറപ്പാക്കുന്ന മൗലിക അവകാശത്തിൽപ്പെട്ടതാണെന്ന് സുപ്രീംകോടതി വിധി ഉറപ്പിക്കുന്നു. സുപ്രീംകോടതി വിധി, പൗരസ്വാതന്ത്ര്യത്തിന്റെയും സൈബർ സംവേദനത്തിന്റെയും പ്രകാശ രേഖയാണെങ്കിലും ഐ.ടി. ആക്ടിൽ നിരവധി ജനാധിപത്യ നിഷേധങ്ങളും കരിനിയമങ്ങളും ഉൾക്കൊള്ളുന്നു. ഇന്റർനെറ്റിലെ അസ്വീകാര്യമായ ഉള്ളടക്കം തടയുന്ന 69-ാം വകുപ്പും സ്വകാര്യ കമ്പ്യൂട്ടർ പരിശോധിക്കുവാനും പോലീസിന് ആവശ്യമെങ്കിൽ പിടിച്ചെടുക്കുവാനും കഴിയുന്ന 76-ാം വകുപ്പും ഐടി ആക്ടിലുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ, കമ്പ്യൂട്ടറുകളിൽ നിയമവിരുദ്ധമായി നുഴഞ്ഞു കയറി വിവരങ്ങൾ മോഷ്ടിക്കുന്ന *ഹാക്കിംഗ്*, അനധികൃതമായിഒരാളുടെ ഇന്റർനെറ്റ് വിവരങ്ങൾ കവരുന്ന സൈബർ *സ്റ്റാക്കിംങ്*, കമ്പ്യൂട്ടർ തകർക്കുന്ന *വൈറസ്* വിനിമയം, സ്വകാര്യ വിവരങ്ങൾ ചോർത്തുന്ന *ഫിഷിംങ്*, അനുമതിയില്ലാതെ സോഫ്റ്റ്‌വെയറുകളുടെ വിപണനം അഥവാ *പൈറസി* തുടങ്ങി അനവധി സൈബർ കുറ്റകൃത്യങ്ങൾ അനുദിനം ശക്തിപ്പെടുകയാണ്. ആഗോളവൽക്കരണം സൃഷ്ടിച്ച പുത്തൻ വാണിജ്യകരാർ നയങ്ങളിൽ ആഗോള കുത്തക കമ്പിനികൾക്കും മാധ്യമ ഭീമന്മാർക്കും വ്യക്തികളുടെ സ്വകാര്യതയിലേക്ക് നുഴഞ്ഞു കയറുവാനും വിവരങ്ങൾ ആവശ്യാനുസൃതം ശേഖരിക്കുവാനും നിഷ്പ്രയാസം കഴിയും എന്നത് പരമയാഥാർത്ഥ്യമാണ്.

കമ്പ്യൂട്ടർ മോഷ്ടിച്ച് വിവരങ്ങൾ ശേഖരിക്കുക (66 B), കമ്പ്യൂട്ടർ വഴിയുള്ള വിവിധ തട്ടിപ്പ് (66 C, 66 D), അനുമതിയില്ലാതെ സ്വകാര്യ

ചിത്രമെടുത്ത് പ്രചരിപ്പിക്കുക (66 E), രാജ്യഭീഷണി ഉയർത്തുന്ന സൈബർ തീവ്രവാദം (66 F), അശ്ലീല പ്രചരണം (67 A), കുട്ടികളുടെ ലൈംഗികത പകരുന്ന ചിത്രങ്ങളുടെ വ്യാപനം (67 B) ഇങ്ങനെ നിര വധി വകുപ്പുകൾ ചുമത്തി 'അനധികൃതമായി കംപ്യൂട്ടറും സാമൂഹിക മാധ്യമവും 'ഉപയോഗിക്കുന്നവർക്ക്' തടവും പിഴയും നൽകുവാൻ വകു പ്പുകൾ ഉണ്ട്. ഏറ്റവും പുതിയ സിനിമകൾ ഇന്റർനെറ്റിൽ കാണുകയും ഡൗൺലോഡ് ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ശിക്ഷാർഹ മാണ്. ടൊറെൻസ് (Torrentz) സാങ്കേതികത വഴി അനധികൃത വിഭവ ങ്ങൾ സ്വന്തമാക്കുന്നതും വിപണനം നടത്തുന്നതും കുറ്റകരമാണ്. അന വധി യുവജനങ്ങൾ ഇത്തരം കുറ്റകൃത്യങ്ങളിൽ അകപ്പെടാറുണ്ട്. പൗര ന്മാരുടെ മൗലിക അവകാശമായ അഭിപ്രായ-ആവിഷ്ക്കാര സ്വാതന്ത്ര്യം തടയുവാനുള്ള അധികാരം ഇന്ത്യൻ ഭരണഘടന ആർക്കും അനുവദി ക്കുന്നില്ല.

**9. മാധ്യമ സാക്ഷരത എന്താണ്?**

മാധ്യമങ്ങളെ വിശകലനം ചെയ്യുന്ന പദ്ധതിയാണ് 'മാധ്യമ സാക്ഷ രത'. മാധ്യമങ്ങളെ വിമർശനപൂർവ്വം നിരീക്ഷിക്കുന്ന ഈ സമ്പ്രദായം 'മാധ്യമ അവബോധം' (awareness), 'മാധ്യമ വായന' (critical reading), 'മാധ്യമ ബോധനം' (education) എന്നും അറിയപ്പെടുന്നു. മാധ്യമ സന്ദേ ശങ്ങളിലെ സാംസ്ക്കാരിക അധികാര മേൽക്കോയ്മകളേയും നിയന്ത്ര ണങ്ങളെയും കണ്ടെത്തുവാനും മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സംസ്ക്കാ രത്തിലെ ഗുണപരവും നിഷേധപരവുമായ സ്വാധീനങ്ങളെ തിരിച്ചറിയു വാനും മാധ്യമബോധനം സ്വീകർത്താക്കളെ പ്രാപ്തമാക്കുന്നു. മാധ്യമ ങ്ങളുടെ ഉല്പാദനം, വിതരണം, വിനിമയം, ഉപഭോഗം, അധികാരം, അവസ്ഥ എന്നീ ഘടനകൾ ഇതിൽ വിമർശന പൂർവ്വം വിലയിരുത്തപ്പെ ടുന്നു.

മാധ്യമങ്ങൾ സംവേദിപ്പിക്കുന്ന സന്ദേശത്തെ അപഗ്രഥിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സ്വീകരിക്കുന്ന സമീപനമാണിത്. സന്ദേശത്തെ സ്വീകരിക്കുവാനും തിരസ്ക്കരിക്കുവാനും വിമർശിക്കുവാനുമുള്ള പൗര ധർമ്മത്തിന്റെ സ്വാതന്ത്ര്യമാണിത്. മാധ്യമ സന്ദേശങ്ങളിലെ അവതര ണത്തിലും വിനിമയത്തിലും ഒളിഞ്ഞിരിക്കുന്ന തന്ത്രങ്ങളും ചൂഷണ ങ്ങളും ഗൗരവപൂർവ്വം വിശകലനം ചെയ്യുവാൻ പ്രാപ്തി പകരുകയാണ് ബോധന ലക്ഷ്യം. സ്വീകർത്താക്കൾ സംവേദന പ്രക്രിയയിൽ അതിക്ര മിച്ചു കയറി പ്രതികരണ ശേഷിയും ശക്തീകരണവും പ്രാപിക്കുന്ന ജൈവാവസ്ഥയാണിത്.

മാധ്യമ ഉള്ളടക്കങ്ങൾ പലതും രാഷ്ട്രീയ സംസ്ക്കാരിക, സാമുദായിക സംസ്ക്കാരത്തിന് അനുസൃതമായി സൃഷ്ടിക്കുന്നവയാണ്. അവ ലാഭം ലക്ഷ്യമാക്കിയുള്ള വിപണിയുടെ വാണിജ്യ താല്പര്യപ്രകാരം സംവേദിക്കപ്പെടുന്നു. മാധ്യമങ്ങൾക്ക് രാഷ്ട്രീയ ചായ്‌വുകളുള്ളതിനാൽ വക്രീകരണങ്ങളും വളച്ചൊടിക്കലുകളും രാഷ്ട്രീയ ഇടപെടലുകളും ശക്തമാണ്. മാധ്യമ സ്ഥാപനത്തിന്റെ പ്രത്യയശാസ്ത്രം വിവര വിജ്ഞാന വൃത്താന്ത വിനിമയത്തിലൂടെ അടിച്ചേൽപ്പിക്കപ്പെടുന്നു. ഇവ മാധ്യമത്തിന്റെ ശബ്ദമായിത്തീരുന്നു. വ്യക്തികൾ അവയുടെ കണ്ണുകളിലൂടെയാണ് സാമൂഹിക യാഥാർത്ഥ്യത്തെ തിരിച്ചറിയുന്നത്. മാധ്യമങ്ങളുടെ രഷ്ട്രീയ–സാമുദായിക ചായ്‌വും, വിവരണ സങ്കേതങ്ങളിലെ ദൃശ്യവും അദൃശ്യവുമായ ഭാഷയും സൂചനയും തിരിച്ചറിയണം. മാധ്യമ വിഭവങ്ങളുടെ പിന്നിലെ നിർമ്മിതിയിലും വിവരണത്തിലും അവതരണത്തിലുമുള്ള വാണിജ്യ താല്പര്യങ്ങൾ വായിച്ചറിയണം. മാധ്യമ ഉള്ളടക്കത്തിലെ സാംസ്ക്കാരികവും വാണിജ്യപരവും രാഷ്ട്രീയവുമായ തന്ത്രങ്ങളും കണ്ടെത്തണം.

ഇഷ്ട മാധ്യമത്തിന്റെ പിന്നിലെ നിയന്ത്രണശക്തികളേയും കൗശല സമ്പ്രദായങ്ങളേയും തിരിച്ചറിയുവാനുള്ള കരുത്താണ്മാധ്യമ സാക്ഷരത. ഒരു വാർത്തയുടെ വിവരണം, വിശകലനം, അവതരണം എന്നിവയിൽ ഒളിഞ്ഞിരിക്കുന്ന മാധ്യമ പ്രത്യയ ശാസ്ത്രം തിരിച്ചറിയുന്നതിനുള്ള സർഗ്ഗശക്തി ബോധപൂർവ്വം വളർത്തുമ്പോഴാണ് 'മാധ്യമ സാക്ഷരത' യാഥാർത്ഥ്യമാകുന്നത്. മാധ്യമങ്ങളിലെ കൗശലങ്ങളെ വിമർശന പൂർവ്വം സമീപിക്കുന്ന പ്രക്രിയയാണ് മാധ്യമ ബോധനം. മാധ്യമ സ്വാധീനവും മാധ്യമ ധർമ്മവും തിരിച്ചറിഞ്ഞ് ക്രിയാത്മകമായി 'മാധ്യമ സൃഷ്ടികളെ' പൊളിച്ചെഴുതുവാൻ ശാസ്ത്രീയമായ പാഠ്യപദ്ധതിയും പരിശീലനവും സ്ക്കൂൾ കോളജ് തലങ്ങളിൽ ആവിഷ്ക്കരിക്കണം. അതിന് ബോധന പ്രക്രിയകളിൽ മാധ്യമ വിശകലനങ്ങൾ അനിവാര്യമാണ്.

## 10. ഗൂഗിൾ കൾച്ചറിന്റെ അർത്ഥവും വ്യാപ്തിയും

ആഗോളതലത്തിലുള്ള വിവര വിനിമയങ്ങളുടെ കുത്തക ഇപ്പോൾ ഗൂഗിളിലാണ് (Google). കാലിഫോർണിയായിലെ സ്റ്റാൻഫഡ് സർവ്വകലാശാലയിലെ പി.എച്ച്.ഡി. ഗവേഷണ പഠനത്തിലെ സഹപാഠികളായ ലാറി പേജും സെർജി ബ്രിന്നും 1998 സെപ്റ്റംബർ 4–ന് രജിസ്റ്റർ ചെയ്ത് രൂപപ്പെടുത്തിയ ആഗോള ഇന്റർനെറ്റ് വിവര ശേഖരണ സംവിധാനമാണ് ഗൂഗിൾ. ഇന്റർനെറ്റിന്റെ പര്യായമായ ഗൂഗിൾ 2018–ൽ രണ്ട് പതിറ്റാണ്ട് പിന്നിട്ടു.

ഉപയോക്താക്കൾക്ക് ആവശ്യമായ വിവരങ്ങൾ ഞൊടിയിടയിൽ ശേഖരിച്ച് സ്ക്രീനിലെത്തിക്കുന്ന സംവിധാനമാണ് ഗൂഗിളിനുള്ളത്. മൈക്രോ സെക്കൻഡുകളിൽ കോടാനുകോടി വെബ്സൈറ്റുകളിൽ നിന്ന് പ്രകാശവേഗത്തിൽ വിവരങ്ങൾ നൽകുന്ന ഗൂഗിൾ വിവര ശേഖരണ രംഗത്ത് മഹത്തായ സ്വാധീനമാണ് ഉറപ്പിച്ചിരിക്കുന്നത്. ഇന്റർനെറ്റിലെ മുഴുവൻ ഉള്ളടക്ക വിവരങ്ങൾ സൂക്ഷിക്കുവാനും ആവശ്യാനുസരണം പങ്കിടുവാനും ഗൂഗിളിന് കഴിയുന്നു.

ഗൂഗിളിന്റെ ക്രമാനുഗതമായ വളർച്ച താഴെപ്പറയുന്ന സേവനങ്ങളിൽ വെളിപ്പെടുന്നു. ഗൂഗിൾ ഇമേജ് (2001), ജി മെയിൽ, ഓർകൂട്ട് (2004), ഗൂഗിൾ മാപ്സ്, ഗൂഗിൾ എർത്ത് (2005), യൂട്യൂബ് (2006), ആൻഡ്രോയ്ഡ് ഗൂഗിൾ (2007), ഗൂഗിൾ ക്രോം (2008), ഗൂഗിൾ പ്ലസ് (2011), ഗൂഗിൾ പ്ലേ, ഗൂഗിൾ ഡ്രൈവ് (2012) തുടങ്ങി എത്രയോ സംവിധാനങ്ങളാണ് ഗൂഗിൾ പ്രദാനം ചെയ്യുന്നത്. 2016-ൽ നിർമ്മിത ബുദ്ധി (Artificial Intellegence) ശക്തമായതോടെ ഉപഭോക്താവ് വിവരശേഖരണം നടത്തുന്നതിന് മുമ്പേ ഗൂഗിൾ വിഷയം തിരിച്ചറിഞ്ഞ് വിവരം നൽകുവാനുള്ള സാധ്യതകൾ തെളിഞ്ഞുവരുന്നുണ്ട്. ഉപയോക്താവിന്റെ വ്യക്തിപരമായ വിവരങ്ങൾ നിയന്ത്രിക്കുന്ന, ബുദ്ധിയും കർമ്മശേഷിയുമുള്ള ഇന്റലിജന്റ് പേഴ്സണൽ അസിസ്റ്റന്റ് ഭാവിയിൽ മനുഷ്യജീവിതത്തിന്റെ ഭാഗമായിതീരും.

നിർമ്മിതബുദ്ധിയുടെ സഹായത്താൽ അധികം താമസിക്കാതെ സർവ്വവും സ്വയം തിരിച്ചറിയുന്ന സാങ്കേതികതയായിതീരും ഗൂഗിൾ. അതിനാൽ അനുദിനം ഗൂഗിൾ എന്ന സേർച്ച് എഞ്ചിൻ ലോകത്തെ അതിവേഗം മാറ്റിമറിക്കുന്നതിനാൽ ഗൂഗിൾ വേൾഡ് (Google World) എന്ന പദത്തിന്റെ അർത്ഥവും വ്യാപ്തിയും വ്യാപകമായിതീർന്നു. ഗൂഗിൾ വിവര-വിനോദ-വിഭവങ്ങളുടെ അനന്തസാധ്യതകളും അതിരുകളില്ലാത്ത ലോകവും തുറന്നു തരുന്നതിനാൽ ഇപ്പോൾ കാലഘട്ടത്തിന്റെ അതിർത്തി നിർണ്ണയത്തിൽ 'ഗൂഗിൾ കാലവും' യാഥാർത്ഥ്യമായി. എന്തും എവിടെയും എപ്പോഴും ലഭ്യമാകുന്ന 'ഗൂഗിൾ സംസ്കാരം' സംവേദിപ്പിക്കുന്നത് അതിർത്തികളില്ലാത്ത ലോകത്തിന്റെ മായിക കാഴ്ചകളാണ്. ഒരു ചെറിയ 5 ജി ഫോണിലൂടെ ലോകത്തെ കൈകളിൽ ഒതുക്കുവാൻ കഴിയുന്ന സംവിധാനം 'ഗൂഗിൾ കൾച്ചർ' യാഥാർത്ഥ്യമാക്കി.

### 11. സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം പുതിയ തലമുറയിൽ എപ്രകാരമാണ്

സംവേദനരംഗത്ത് 21-ാം നൂറ്റാണ്ട് സമഗ്ര മാറ്റത്തിന്റെ വാതിൽ തുറന്നത് സാമൂഹിക മാധ്യമങ്ങളിലൂടെയാണ്. ഇത് സാമൂഹിക മാധ്യമങ്ങളുടെ യുഗമായി തീർന്നു. ആഗോള പൊതുവേദിയായും (Global Public

Sphere), ആഗോള വിപണിയായും (Global Market) തീർന്നു സാമൂഹിക മാധ്യമങ്ങൾ. സംവേദന ശൈലികളിൽ സമഗ്രവ്യതിയാനം സൃഷ്ടിക്കുവാൻ വെബ്സൈറ്റുകളും ഗൂഗിളും 5 ജി സ്മാർട്ട് ഫോണുകളും വഴി ഒരുക്കി. പുതിയ തലമുറ നവീന സാങ്കേതിക വിദ്യയിൽ ആകൃഷ്ടരായി. സംവേദനം 24 x 7-ൽ എത്തി. വേഗത്തിലും എളുപ്പത്തിലും ആഗോള തലത്തിൽ വിവര, വിനോദ, വിജ്ഞാന വിഭവങ്ങൾ പങ്കിടുവാൻ കഴിയുന്നതിനാൽ പുതുതലമുറയിൽ ഇതിന്റെ ആകർഷകത്വം വർദ്ധിച്ചു. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, മതപരമായ വിഭവങ്ങൾ അധിവേഗം സംവേദിപ്പിക്കുവാൻ സാമൂഹിക മാധ്യമങ്ങൾക്ക് കഴിയുന്നു. ഇതിൽ ഏറ്റവും പ്രധാന്യം അർഹിക്കുന്നത് ഫെയ്സ് ബുക്കാണ്. 2018-ൽ 200 കോടി അംഗങ്ങൾ ഇതിൽ ക്രിയാത്മകമായി പങ്കുചേരുന്നു. ഫെയ്സ് ബുക്ക് (2004), ടിറ്റ്വർ (2006), വാട്സാപ്പ് (2009), ഇൻസ്റ്റാംഗ്രാം (2010), യൂട്യൂബ് (2005), ലിങ്ക്ഡിൻ (2002), ഗൂഗിൾ പ്ലസ് (2014), പിൻട്രെസ്റ്റ് (2009), ട്രൂബ്ലർ (2012), ക്വാറാ (2009) എന്നിവയാണ് 2018-ൽ ഏറ്റവും പ്രചാരമേറിയ ആദ്യത്തെ പത്ത് സാമൂഹിക മാധ്യമങ്ങൾ. ഇവ കൂടാതെ ഒട്ടനവധി സാമൂഹിക മാധ്യമങ്ങൾ ഓരോ രാജ്യത്തിന്റെ പശ്ചാത്തലത്തിലും പ്രചാരത്തിലുണ്ട്.

പുതുതലമുറ സാമൂഹിക മാധ്യമങ്ങളിൽ അതീവതാല്പര്യം പുലർത്തുന്നതിനാൽ വായനയിലും പഠനത്തിലും വേണ്ടത്ര ജാഗ്രത പുലർത്തുവാനും സാമൂഹിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുവാനും കഴിയുന്നില്ല. വ്യക്തി ബന്ധങ്ങളെക്കാൾ മായിക യാഥാർത്ഥ്യങ്ങളുമായുള്ള (hyper realities) ഇടപെടൽ വർദ്ധിക്കുന്നതിനാൽ പരസ്പര സൗഹൃദവും വ്യക്തിബന്ധങ്ങളും നിലനിർത്തുവാനും ഏവരേയും ഉൾക്കൊള്ളുവാനും ശ്രദ്ധിക്കാറില്ല. പുതുതലമുറ പരമാവധി സമയവും സാമൂഹിക മാധ്യമങ്ങളിൽ സജീവമായി പങ്കുചേരുന്നതിനാൽ മുഖാമുഖമായുള്ള സംവേദനത്തിലും വ്യക്തിബന്ധത്തിലും അകൽച്ച പാലിക്കുന്നു. അതിനാൽ അവരിൽ മാനസിക ആരോഗ്യപ്രശ്നങ്ങളും വിഷാദവും ഉത്കണ്ഠയും വർദ്ധിക്കുന്നു.

പുതുതലമുറയെ പ്രധാനമായും സാമൂഹിക മാധ്യമങ്ങൾ ഏഴുതരത്തിൽ സ്വാധീനിക്കുന്നുണ്ട്:

**1. മായിക യാഥാർത്ഥ്യം** (Virtual Reality): സാമൂഹിക മാധ്യമങ്ങൾ സാങ്കേതികത വഴി കാഴ്ചയും കേൾവിയും ഇന്ദ്രീയങ്ങളെ വൈകാരിക അനുഭൂതിയാൽ നിറയ്ക്കുന്നു. യഥാർത്ഥ ലോക കാഴ്ചകളെക്കാൾ വൈകാരിക തീവ്രതയും ഇന്ദ്രീയപരതയും വ്യാപിപ്പിക്കുന്നതിനാൽ പുതുതലമുറ മായിക യാഥാർത്ഥ്യങ്ങളുടെ കാഴ്ചകളിൽ ആകൃഷ്ടരായി

തീരുന്നു. സാമൂഹിക മാധ്യമങ്ങൾ സാങ്കേതികതയിൽ രൂപപ്പെടുത്തുന്ന അയഥാർത്ഥ കാഴ്ചകൾക്ക് അടിമപ്പെടുന്നു.

2. **അമിതവണ്ണം** (Teen Obesity) : കൗമാരക്കാരിൽ അമിതവണ്ണം വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം സാമൂഹിക മാധ്യമങ്ങളിൽ ആരോപിക്കപ്പെടുന്നുണ്ട്. ഇത് കൗമാരക്കാരുടെ ആരോഗ്യത്തേയും ഭാരത്തേയും സ്വാധീനിക്കുന്നു. യുവജനങ്ങൾ ഇന്റർനെറ്റും സാമൂഹിക മാധ്യമങ്ങളും ദിവസം ഏഴുമണിക്കൂറിലധികം ഉപയോഗിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഇവരുടെ ഭക്ഷണക്രമത്തിലെ ശീതളപാനീയങ്ങൾ, ഫാസ്റ്റ് ഫുഡ്, ലഘുഭക്ഷണം എന്നിവയിലെ പുതുശീലങ്ങൾ അമിതവണ്ണം വർദ്ധിപ്പിക്കുന്നു. സാമൂഹിക മാധ്യമങ്ങളിലെ പരസ്യങ്ങളിൽ ഇവർ ആകൃഷ്ടരായിതീരുന്നു.

3. **സൈബർ ഭീഷണി** (Cyber Bullying): സാമൂഹിക മാധ്യമങ്ങൾ വഴി ഒരു വ്യക്തിയെ ഭയപ്പെടുത്തുന്ന സന്ദേശങ്ങളാണ് സൈബർ ഭീഷണി അഥവാ സൈബർ ബുള്ളിയിങ്ങ്. ഇത് വർദ്ധിച്ചാൽ വിഷാദം, ഉത്കണ്ഠ, ഏകാന്തത എന്നിവ വർദ്ധിപ്പിക്കും. സ്വഭാവ ചേഷ്ടകളിൽ പോലും വൈവിധ്യങ്ങളും അസ്വഭാവികതകളും ഉണ്ടാക്കും. സൈബർ ഭീഷണി നേരിട്ടാൽ ആത്മഹത്യയ്ക്കോ മനോവൈകല്യങ്ങൾക്കോ ഇരയാകാൻ സാധ്യത ഉണ്ട്.

4. **ലൈംഗിക ചുവയുള്ള സന്ദേശം** (Sexting): സാമൂഹിക മാധ്യമങ്ങൾ വഴി സംവേദിപ്പിക്കുന്ന ലൈംഗികചുവയുള്ള സന്ദേശങ്ങൾ ഉപയോക്താവിനെ സ്വാധീനിക്കാറുണ്ട്. ലൈംഗികത, കുറ്റകൃത്യങ്ങൾ, ആക്രമണം എന്നിവ ഉൾക്കൊള്ളുന്ന സന്ദേശങ്ങൾ അയയ്ക്കുകയോ സ്വീകരിക്കുകയോ, പങ്കിടുകയോ (forward) ചെയ്യരുത്. എന്നാൽ ഇവ സന്ദേശമായും ചിത്രമായും ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവയിൽ കൂടി പങ്കിടുന്ന പ്രവണത വർദ്ധിക്കുന്നു. ശരീരത്തിന്റെ സ്വകാര്യഭാഗങ്ങളുടെ ചിത്രങ്ങൾ പോലും സ്വയം പങ്കിടുന്ന തലമുറയാണ് വളർന്നു വരുന്നത്.

5. **മുഖപുസ്തക വിഷാദം** (Facebook Depression): ഫെയ്സ് ബുക്കിന്റെ അമിത ഉപയോഗം ഒരു പരിധിവരെ വിഷാദത്തിലേക്ക് നയിക്കുന്നു. ഭീഷണി, അന്യരുമായി താരതമ്യപ്പെടുത്തൽ, അസൂയ എന്നിവ ഫെയ്സ് ബുക്ക് വിഷാദത്തിൽപ്പെടുന്നു. ആത്മാഭിമാനത്തെ തകർക്കുന്ന തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളും ട്രോളുകളും സാമൂഹിക മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ വിഷാദത്തിന്റെ തീവ്രത വ്യക്തികളിൽ പ്രബലമാകും. ഇന്റർനെറ്റ് കണക്ഷൻ കിട്ടാതെ, ഓഫ്ലൈൻ ആകുമ്പോഴും ചിലരിൽ വിഷാദം വർദ്ധിപ്പിക്കും.

**6. സാമൂഹിക വിച്ഛേദനം** (Disconnect Syndrome): സാമൂഹിക മാധ്യമങ്ങൾ ശക്തിപ്പെട്ടതോടെ പുതുതലമുറ സാമൂഹിക ബന്ധങ്ങളിൽ നിന്നു വിച്ഛേദിക്കപ്പെടുന്നു. കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും ഉൾവലിയുന്ന ശൈലിയാണിത്. ഇന്റർനെറ്റിലും സാമൂഹിക മാധ്യമങ്ങളിലും 24 x 7 സമയത്തും ഇക്കൂട്ടർ ഇരിപ്പുറപ്പിക്കുന്നതിനാൽ സാമൂഹിക ബന്ധങ്ങളിൽ നിന്നും ഒറ്റപ്പെടുകയും അണുപ്രേക്ഷകരായിതീരുകയും ചെയ്യുന്നു.

**7. പൊതുവിട ശിഥിലികരണം** (Disintegration of Public Sphere): സാമൂഹിക മാധ്യമങ്ങളുടെ അമിതമായ സ്വാധീനം പൊതുവേദികൾ ശിഥിലികരിക്കുകയും ഉപയോക്താക്കളെ നിഷ്ക്രിയരാക്കി തീർക്കുകയും ചെയ്യുന്നു. ഇവ ജനങ്ങളെ സമൂഹികമായി ഒറ്റപ്പെടുത്തുകയും സാമൂഹിക-കുടുംബ ബന്ധങ്ങളെ ആഴമായി ശിഥിലീകരിക്കുകയും ചെയ്യുന്നു. സാമൂഹിക ബന്ധങ്ങളെ 'കണക്റ്റിവിറ്റി' ആഴമായി ശിഥിലീകരിക്കുന്ന പ്രവണതയാണ് പുത്തൻ സാങ്കേതിക സംവിധാനങ്ങളിൽ വളർത്തിയെടുക്കുന്നത്.

സാമൂഹിക മാധ്യമങ്ങൾ പുതുതലമുറയെ ഗുണപരമായി നിരവധി തലങ്ങളിൽ സ്വാധീനിക്കാറുണ്ടെങ്കിലും നിഷേധ സമീപനങ്ങൾ വർദ്ധിക്കുകയാണ്. സാമൂഹിക മാധ്യമങ്ങളിലെ തെറ്റും ശരിയും തിരിച്ചറിഞ്ഞ് ഗുണപരമായ മൂല്യങ്ങൾ ഉൾക്കൊള്ളുവാൻ കഴിയണം. സാമൂഹിക മാധ്യമങ്ങളിലെ നിഷേധ നിലപാടുകളെ തിരിച്ചറിയുവാനും ക്രിയാത്മകമായി പ്രതിരോധിക്കുവാനും പുതുതലമുറയ്ക്ക് കഴിയണം. അതിനായി വിവിധ തരത്തിലുള്ള മാധ്യമ ബോധന പദ്ധതികൾ ശാസ്ത്രിയമായി വളർത്തിയെടുക്കണം.

## 12. സാമൂഹിക മാധ്യമങ്ങളിലെ പൊതുവായ നിഷേധ സ്വഭാവങ്ങൾ എന്തെല്ലാമാണ്

സാമൂഹിക മാധ്യമങ്ങളിൽ അംഗത്വമുള്ളവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയാണ്. ഒന്നിലധികം സാമൂഹിക മാധ്യമങ്ങളിൽ പുതുതലമുറ ആകൃഷ്ടരാകുന്നു. ഉദാഹരണത്തിന് ഫെയ്സ്ബുക്കും, വാട്ട്സാപ്പും, യൂ ട്യൂബും ഒരുപോലെ സംവേദനത്തിനായി ഉപയോഗിക്കുന്നവർ നിരവധിയാണ്. ഇത്തരക്കാർ അച്ചടി മാധ്യമങ്ങളെ പൂർണ്ണമായും ഒഴിവാക്കി മുഴുവൻ സമയവും സാമൂഹിക മാധ്യമങ്ങളിലാണ്. സാമൂഹിക മാധ്യമങ്ങളിൽ ചിലർ പുലർത്തുന്ന നിഷേധ സമീപനങ്ങൾ താഴെപ്പറയും വിധമാണ്:

**1. വിധ്വംസക പ്രസംഗം** (Hate Speech): വെറുപ്പും വിദ്വേഷവും സംവേദിപ്പിക്കുന്ന പ്രസംഗങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നവർ

അനവധിയാണ്. മതം, ജാതി, രാഷ്ട്രീയം, ദേശം തുടങ്ങി നിരവധി വിഷയങ്ങളിൽ വിദ്വേഷവും പകയും വൈരാഗ്യവും പ്രചരിപ്പിക്കുന്ന സന്ദേശങ്ങൾ പലരും സൃഷ്ടിക്കാറുണ്ട്. ഇതിൽ പലതും വ്യാജസന്ദേശങ്ങളായിരിക്കും.

**2. സാമൂഹിക അവിശ്വസ്ത** (Social Distrust): സാമൂഹിക മാധ്യമങ്ങളിൽ അവിശ്വസ്ത സൃഷ്ടിക്കുന്നതും വക്രീകരിക്കപ്പെടുന്നതുമായ സന്ദേശങ്ങളും ദൃശ്യങ്ങളും പങ്കിടുന്ന സ്വഭാവം. ഇത് ഓൺലൈൻ സംവേദനങ്ങളിൽ ആക്രമണ സ്വഭാവത്തിനും കുറ്റകൃത്യങ്ങൾക്കും പ്രേരണ നൽകുന്നു. സാമൂഹിക മാധ്യമങ്ങളിൽ നുണപ്രചരണങ്ങൾ വർദ്ധിക്കുന്നതിനാൽ സത്യവും മിഥ്യയും തിരിച്ചറിയുവാൻ കഴിയാതെ വരുന്നു.

**3. വ്യക്തിവിവരണ മോഷണം** (Identity Theft): സാമൂഹിക മാധ്യമങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യക്തിവിവരണങ്ങൾ, ചിത്രങ്ങൾ, സ്വകാര്യരേഖകൾ എന്നിവ മോഷ്ടിച്ച് മറ്റ് കാര്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണതയും വിവരണങ്ങൾ പകർത്തിയെടുത്ത് മറ്റുള്ളവർക്ക് പങ്കിടുന്ന സ്വഭാവവും വ്യക്തികളിൽ വർദ്ധിക്കുകയാണ്. സാമൂഹിക മാധ്യമങ്ങളിലെ വ്യക്തികളുടെ സ്വകാര്യ വിവരണങ്ങൾ ബോധപൂർവ്വം മോഷ്ടിച്ച് പ്രചരിപ്പിക്കുന്ന പ്രവണതയും ശക്തിപ്പെടുന്നു.

**4. അക്രമാസക്തമായ ദൃശ്യം** (Violent imagery): രാഷ്ട്രീയ-മത സ്പർദ്ധ വർദ്ധിപ്പിക്കുന്നതും അക്രമാസക്തത സൃഷ്ടിക്കുന്നതും ലൈംഗികപരവുമായ ദൃശ്യങ്ങൾ പകർത്തിയും സൃഷ്ടിച്ചും സംവേദിപ്പിക്കുന്നത് കുറ്റകരമാണ്. ഇവ സ്ത്രീകളിലും കുട്ടികളിലും പലപ്പോഴും ഭീതി നിറയ്ക്കാറുണ്ട്. ഭീക്ഷിണിപ്പെടുത്തി പണം തട്ടാറുമുണ്ട്.

**5. വിവര മലിനീകരണം** (Pollution of Information): അർത്ഥ വൈവിധ്യവും ആശയക്ലിഷ്ടതയും സൃഷ്ടിക്കുന്ന വിവര വിവരണങ്ങളിലെ മാലിന്യം തിരിച്ചറിയുവാൻ കഴിയാതെ വരുന്നു. ഉള്ളടക്കങ്ങളിലും ദൃശ്യങ്ങളിലും വിവര വക്രീകരണം അരാജകത്തവും സൃഷ്ടിക്കുന്നു. തെറ്റായ വിവരങ്ങളും വിവരതമസ്കരണവും (deinformation) നടത്താറുണ്ട്.

**6. വിവരങ്ങളുടെ അതിധാരാളിത്തം** (Information Overload): ഒരു വിഷയത്തിൽ ആവശ്യത്തിലധികം വിവരങ്ങൾ ലഭ്യമാകുകയും അതിന്റെ നിജസ്ഥിതി അറിയാതിരിക്കുകയും ചെയ്യുന്ന അവസ്ഥ. സാമൂഹിക മാധ്യമങ്ങൾ വഴി സാധാരണ ജീവിതത്തിൽ ആവശ്യമില്ലാത്ത ഒട്ടനവധി വിവരങ്ങൾ ലഭ്യമാക്കുന്ന രീതികൾ വർദ്ധിക്കുകയാണ്.

**7. ഓൺലൈൻ ചമയങ്ങൾ** (Online Grooming): വ്യാജചിത്രങ്ങളും

വിവരങ്ങളും ഉൾക്കൊള്ളിച്ച് സാമൂഹിക മാധ്യമങ്ങളിൽ ഓൺലൈൻ അക്കൗണ്ടുകൾ ഉണ്ടാക്കി അന്യരെ ദ്രോഹിക്കുന്ന പ്രവണതയാണിത്. പെൺകുട്ടികളുടെ വ്യാജ വിവരണങ്ങളും പ്രൊഫൈൽ ചിത്രങ്ങളും ഉപയോഗിച്ച് ആൺകുട്ടികളെ വശീകരിക്കുവാൻ ഇത്തരം ചമയങ്ങൾക്ക് കഴിയും. ആൺകുട്ടികളുടെ വ്യാജചിത്രങ്ങളും ചമയങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്.

സാമൂഹിക മാധ്യമങ്ങളിലെ ഇത്തരം നിഷേധ സ്വഭാവ സമീപനങ്ങൾ വ്യക്തികളുടെ ആത്മാഭിമാനം തകർക്കുകയും വൈകാരിക തീവ്രത സൃഷ്ടിക്കുകയും ചെയ്യും. സാമൂഹിക മാധ്യമങ്ങളിലെ ബന്ധങ്ങൾ മിക്കപ്പോഴും അപരിചിത വ്യക്തികളുടേതായിരിക്കും. അവയിലെ വ്യാജപതിപ്പ് തിരിച്ചറിയുവാൻ ഇപ്പോഴും വേണ്ടത്ര സംവിധാനങ്ങളില്ല. അതിനാൽ സാമൂഹിക മാധ്യമങ്ങളിലെ ഇടപെടൽ സത്യസന്ധവും നീതിപൂർവ്വവും ആയിരിക്കണം.

**13. ഇന്റർനെറ്റും സാമൂഹിക മാധ്യമങ്ങളും സൃഷ്ടിക്കുന്ന 'സൈബർ കുറ്റകൃത്യങ്ങൾ' ഏതെല്ലാം വിധത്തിലുള്ളതാണ്?**

ആഗോളതലത്തിൽ വ്യപകമായ കമ്പ്യൂട്ടർ നെറ്റിവർക്കാണ് ഇന്റർനെറ്റ്. ഇന്റർനെറ്റ് സ്മാർട്ട് ഫോണിലൂടെ ദ്രുതഗതിയിൽ ആഗോളതലത്തിലുള്ള സംവേദന സംവിധാനങ്ങളെ സാമൂഹിക മാധ്യമങ്ങൾ എന്നറിയപ്പെടുന്നു. ഇവയിൽ കൂടി വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളാണ് 'സൈബർ ക്രൈം'.

ഒരു ഫോൺ വിളിയിലൂടെയുള്ള ശല്യപ്പെടുത്തൽ മുതൽ ശാസ്ത്രീയമായ സൈബർ യുദ്ധം വരെ ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെടും. അപകീർത്തിപരമായ സന്ദേശങ്ങൾ അയയ്ക്കുക, സാമ്പത്തിക തട്ടിപ്പ്, സ്വകാര്യ വിവരങ്ങൾ ചോർത്തുക, വൈറസുകൾ കടത്തി വെബ്സൈറ്റുകൾ തകർക്കുക തുടങ്ങി എത്രയോ തരം സൈബർ കുറ്റകൃത്യങ്ങളാണുള്ളത്. വിവിധ തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങളുടെ (Cyber Crime) ചെറിയ വിവരണമാണ് താഴെ ചേർക്കുന്നത്:

**1. സൈബർ സ്റ്റാക്കിങ്** (Cyber Stalking): ഇന്റർനെറ്റ്, ഇലക്ട്രോണിക് വിവരസാങ്കേതിക വിദ്യ വഴി വ്യക്തിഹത്യ നടത്തുന്നതാണ് സൈബർ സ്റ്റാക്കിങ്. മാനസിക പീഡനവും വ്യാജസന്ദേശം വഴിയുള്ള പണം തട്ടിപ്പും ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെടും.

**2. വൈറസ്** (Virus): കമ്പ്യൂട്ടറിലും സ്മാർട്ട് ഫോണിലും കടന്നുകയറി അവയുടെ പ്രവർത്തനങ്ങൾ തകർക്കുന്ന പ്രോഗ്രാമുകളാണ് വൈറസുകൾ (Vital Information Resources Under Siege: VIRUS). ഇന്റർനെറ്റ്,

പെൻഡ്രൈവ്, നെറ്റുവർക്ക്, സി.ഡി., ബ്ലൂടൂത്ത് എന്നിവ വഴി വൈറസ് സംക്രമിപ്പിക്കുവാൻ കഴിയും.

**3. വേം** (Worm): കമ്പ്യൂട്ടറിൽ സ്വയം പെരുകി പെരുകി പടർന്നു പിടിക്കുന്ന ദുഷ്ടപ്രോഗ്രാമുകളാണ് വേം. ഇതര പ്രോഗ്രാമുകളെ തകർക്കുവാനും അപഹരിക്കുവാനും നെറ്റ്വർക്കുകൾ ശിഥിലീകരിക്കുവാനും ഇവയ്ക്ക് കഴിയുന്നു.

**4. മാൽവെയർ** (Malware): കമ്പ്യൂട്ടറിന്റെയും സ്മാർട്ട് ഫോണിന്റെയും പ്രവർത്തനങ്ങൾ തകർത്ത് വിവരങ്ങൾ ചോർത്തുന്ന സംവിധാനമാണിത്. ഉടമസ്ഥൻ പോലും അറിയാതെ കമ്പ്യൂട്ടറിൽ നിന്നു വിവരങ്ങൾ മോഷ്ടിക്കുവാൻ മാൽവെയറുകൾക്ക് കഴിയും.

**5. ട്രോജൻ ഹോഴ്സ്** (Trojen Hourse): ഇന്റർനെറ്റ് വഴി കമ്പ്യൂട്ടറിൽ പ്രവേശിക്കുന്ന വ്യാജപ്രോഗ്രാമാണ് ട്രോജൻ. കമ്പ്യൂട്ടർ വിവരങ്ങൾ ചോർത്തി എടുക്കുവാനും ഹാക്കർമാർക്ക് കമ്പ്യൂട്ടർ ബന്ധം സ്ഥാപിച്ചു കൊടുക്കുവാനും സഹായിക്കുന്നു. ഗ്രീക്ക് മിത്തോളജിലെ ട്രോജൻ കുതിരയിൽ നിന്നാണ് പേര് ലഭ്യമായത്.

**6. ഹാക്കിങ്ങ്** (Hacking): ഇലക്ട്രോണിക് സംവിധാനങ്ങളിലേക്ക് അതിക്രമിച്ചു കയറുന്നവരാണ് ഹാക്കറന്മാർ. വിദ്വേഷത്തോടെ പ്രവർത്തിക്കുന്ന കറുത്ത തൊപ്പിക്കാർ (Black hat hackers), സുരക്ഷാപരിശോധനയുടെ ഭാഗമായോ പ്രശ്നപരിഹാരമായോ കയറുന്ന വെള്ള തൊപ്പിക്കാർ (White hat hackers), ഇവയ്ക്ക് ഇടയിലായി പ്രവർത്തിക്കുന്ന ചാരകളർ തൊപ്പിക്കാർ (Grey hat hackers) എന്നിവ ഇലക്ട്രോണിക് സംവിധാനങ്ങളിൽ അതിക്രമിച്ച് കയറുന്നവരാണ്.

**7. ഫിഷിങ്ങ്** (Phishing): കമ്പ്യൂട്ടറിലെ വിവരമോഷണം (Data Theft) ഒരുതരം ചൂണ്ടയിടലാണ് (phishing). വ്യാജ ഇ-മെയിലും എസ്. എം. എസും. അയച്ച് വിവരങ്ങൾ സ്വന്തമാക്കി വൻതട്ടിപ്പുകൾ നടത്തുന്ന സംവിധാനമാണിത്. ഇപ്പോൾ വാട്ട്സാപ്പ് വഴിയും സന്ദേശങ്ങൾ പകർന്ന് സ്വകാര്യ വിവരങ്ങൾ ചോർത്താറുണ്ട്.

**8. സ്പൂഫിങ്** (Spoofing): വ്യാജ ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ ഉപയോഗിച്ചുള്ള തട്ടിപ്പാണിത്. വ്യാജ ഇ-മെയിൽ നിർമ്മിച്ച് കബളിപ്പിക്കുന്ന ഈ വിദ്യ ബാങ്കുകളുടെയും സ്വകാര്യ ധനസ്ഥാപനങ്ങളുടെയും പേരിൽ വൻ ക്രമക്കേടുകൾ നടത്താറുണ്ട്.

**9. ബ്ലൂസ്നാർഫിങ്ങ്** (Bluesnarfing): രണ്ട് ഇലക്ട്രോണിക് ഉപകരണങ്ങൾ തമ്മിൽ ബന്ധം സ്ഥാപിക്കുന്ന സംവിധാനമാണ് ബ്ലൂടൂത്ത്. ഇത് വയർലെസ് ആയതിനാൽ ഒരാളുടെ ഡേറ്റാകൾ ആരും അറിയാതെ ഇതുവഴി ശേഖരിക്കുവാൻ കഴിയുന്ന സംവിധാനമാണ് (Bluesnarfing).

**10. സിം ക്ലോണിങ്ങ്** (Sim Cloning): പുതിയ സിം കാർഡുകൾ ഉപയോഗിച്ച് നിലവിലുള്ള സിം കാർഡിന്റെ പകർപ്പുണ്ടാക്കുന്ന വിദ്യയാണ് സിം ക്ലോണിങ്ങ്. ഒരു നമ്പരിൽ ഒരേ സമയം രണ്ട് സിം ഉപയോഗിച്ചുള്ള തട്ടിപ്പാണിത്. നിരവധി വ്യാജപതിപ്പുകളും സൃഷ്ടിക്കുവാൻ കഴിയും.

**11. ഇ-മെയിൽ ബോംബിങ്ങ്** (Email Bombing): ഇ-മെയിലിന്റെ ഇൻബോക്സിലേക്ക് അമിതമായി മെയിലുകൾ അയച്ച് സ്ഥലം പരിമിതിപ്പെടുത്തുന്ന രീതിയാണിത്. തുടർന്ന് സ്ഥലപരിമിതി മൂലം പുതിയ മെയിലുകൾ സ്വീകരിക്കുവാൻ കഴിയാതെ ഇ-മെയിൽ വിലാസം തകർക്കുന്നു.

**12. ഡിഫെയ്സിങ്** (Defaceing): വെബ് സൈറ്റുകളുടെ സെർവറുകളിലും നിയന്ത്രണ സംവിധാനങ്ങളിലും സുരക്ഷാ തകരാറുകൾ സൃഷ്ടിച്ച് അതേ അഡ്രസ്സിൽ ചാര വെബ് പേജ് സ്ഥാപിക്കുന്ന രീതിയാണിത്. ഇതുവഴി വിവിര വിജ്ഞാന വിനോദങ്ങൾ മോഷ്ടിക്കുന്നു.

വിവര സാങ്കേതിക വിദ്യയിൽ ഇപ്പോൾ വിവിധ തരത്തിൽ കൃത്രിമത്വം സൃഷ്ടിച്ച് നിരവധി തട്ടിപ്പുകൾ നടക്കുന്നുണ്ട്. രാഷ്ട്രീയ-മത-ശത്രുതയുടെ പേരിൽ എതിരാളിയുടെ കമ്പ്യൂട്ടറിൽ നുഴഞ്ഞു കയറുന്ന രീതികളെ സൈബർ ആക്രമണം എന്നും സൈബർ കുറ്റകൃത്യം എന്നും അറിയപ്പെടുന്നു. ഇതിനായി അധിക ശമ്പളം നൽകി വളർത്തുന്ന വിദഗ്ദ്ധരായ ഹാക്കർമാരുമുണ്ട്.

സാങ്കേതിക വിദ്യ വളരെ സുതാര്യതയും വേഗതയും പ്രാപ്യതയും എല്ലാം പ്രദാനം ചെയ്യും എങ്കിലും നിരവധി സൈബർ കുറ്റകൃത്യങ്ങൾക്ക് വേഗത്തിൽ വേദി ഒരുക്കുവാനും കഴിയും. അതിനാൽ വിവരസാങ്കേതിക വിദ്യയിലെ പ്രതിരോധ സംവിധാനങ്ങൾ തിരിച്ചറിയുവാനും ഫലപ്രദമായി വിനിയോഗിക്കുവാനും ശ്രദ്ധിക്കണം. പോലീസിന് 'സൈബർ ക്രൈം' വളരെ വേഗത്തിൽ കണ്ടെത്തുവാൻ കഴിയുന്ന കാര്യം ആരും വിസ്മരിക്കരുത്.

## 14. സാമൂഹിക മാധ്യമങ്ങളുടെ വളർച്ച ഇപ്പോൾ ഏതെല്ലാം മേഖലകളിലേക്കാണ്?

നവീന സാങ്കേതികത വഴി മാധ്യമങ്ങളിൽ പൂർണ്ണമായും അയഥാർത്ഥ ലോകം സൃഷ്ടിക്കുന്ന മായിക യാഥാർത്ഥ്യം (Virtual Reality) ശക്തിപ്പെട്ടതിനാൽ യഥാർത്ഥ ലോക കാഴ്ചകൾ തിരസ്കൃതമാകുന്നു. സിനിമകളും ഡോക്യുമെന്ററികളും വെർചൽ റിയാലിറ്റിയിൽ സൃഷ്ടിക്കുന്നതിനാൽ സ്ഥലകാല ബോധം തന്നെ കാഴ്ചക്കാർക്ക് നഷ്ടപ്പെട്ട്,

സാങ്കേതിക വിദ്യ അവതരിപ്പിക്കുന്ന അയഥാർത്ഥ ലോകത്തിൽ പങ്കു ചേരുന്നു. ഇതിനായി പ്രത്യേകതരം വി. ആർ. കണ്ണടകളും ഹെഡ്സെറ്റുകളും ഉപയോഗിച്ച് 360 ഡിഗ്രി കാഴ്ചകൾ അവതരിപ്പിക്കുന്നു.

യഥാർത്ഥ ലോകത്തേക്ക് മൊബൈൽ ക്യാമറ തുറന്നാൽ മായിക യാഥാർത്ഥ്യത്തിൽപ്പെട്ട കഥാപാത്രങ്ങളെയും വസ്തുക്കളെയും കാണുന്ന ഓഗ്മെന്റഡ് റിയാലിറ്റിയിൽ (Augmented Reality) പെടുന്ന ചിത്രങ്ങളും വിനോദങ്ങളും ഇപ്പോൾ പ്രചാരത്തിലുണ്ട്. *പോക്കിമോൻ ഗോ* പോലുള്ള വിനോദങ്ങൾ ഇത്തരത്തിൽപെട്ടതാണ്. ഇതിനായി പ്രത്യേകതരം എ.ആർ. കണ്ണടകളും മറ്റും ലഭ്യമാണ്.

ഓഗ്മെന്റഡ് റിയാലിറ്റിയും (Augmented Reality) മായിക യാഥാർത്ഥ്യവും (Virtual Reality) ചേർത്ത് യഥാർത്ഥ ചുറ്റുപാടുകളിലേയ്ക്ക് സംവേദിക്കുന്ന സമ്മിശ്ര യാഥാർത്ഥ്യങ്ങളും (Mixed Reality) സാങ്കേതികതയിലെ പുതിയ സാദ്ധ്യതകളാണ്. മൈക്രോസോഫ്റ്റിന്റെ ഗോളോ ലെൻസ് വഴി ഇതിൽ പങ്കുചേരുവാൻ കഴിയും. ഇങ്ങനെ അനുദിനം സാങ്കേതികവിദ്യ വികാസം പ്രാപിക്കുകയാണ്. അതിന്റെ നന്മയും തിന്മയും വിമർശനാത്മകമായി നാം തിരിച്ചറിയണം.

### 15. ഉപസംഹാരം

സാമൂഹിക മാധ്യമങ്ങളുടെ അതിവേഗ മുന്നേറ്റവും സാങ്കേതിക വിദ്യകളുടെ നൂതനമായ സംയോജനവും അതിശക്തമാണ്. സംവേദന പ്രക്രിയ സ്ഥലകാല അതിർത്തികൾ ഭേദിച്ച് ആഗോള തലത്തിൽ ഒരു സമയം അതിവേഗം സംവേദിപ്പിക്കുവാൻ കഴിയുന്നു. വിജ്ഞാന വ്യാപനത്തിന് നവമാധ്യമങ്ങളിൽ പ്രവഹിക്കുന്ന വിവര വിനിമയത്തിന്റെ അനന്ത സാധ്യതകൾ ഗുണപരമായി ഉൾക്കൊള്ളുവാൻ കഴിയണം. നവ മാധ്യമങ്ങളിലെയും ഇന്റർനെറ്റിലെയും അനീതിയുടെ ഘടനയും അധാർമ്മികതയും തിരിച്ചറിയുവാൻ യുവജനങ്ങൾക്ക് സാധിക്കണം.

പുതുതലമുറ *സൈബർ അഡിക്ഷൻ* നേരിടുവാൻ ശാസ്ത്രീയവും ഫലപ്രദവുമായ സമീപനം വളർത്തണം. എന്നാൽ വിവര സാങ്കേതിക വിദ്യയോടും സാമൂഹിക മാധ്യമങ്ങളോടുമുള്ള അന്ധമായ വിരോധവും അസഹിഷ്ണുതയും പുലർത്തുന്നവർ ഉണ്ട്. ആഗോളവൽക്കരണം സൃഷ്ടിച്ച സർവ്വ ഉൽപ്പന്നങ്ങളെയും ആശ്ലേഷിക്കുന്നവർ സാമൂഹിക മാധ്യമങ്ങളെ തിരസ്ക്കരിക്കുന്നു. അതിനാൽ മാധ്യമ സംസ്ക്കാരത്തിലെ തെറ്റും ശരിയും തിരിച്ചറിയുവാനുള്ള സൈബർ സാക്ഷരതയും മാധ്യമ ബോധനവും എല്ലാവർക്കും അനിവാര്യമാണ്. വിദ്യാർത്ഥി സമൂഹത്തെ മാധ്യമങ്ങളിലെ തെറ്റും ശരിയും അഭ്യസിപ്പിക്കുവാനും മൗലിക അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുവാനും പഠന പദ്ധതികൾ ആസൂത്രണം ചെയ്യണം.

ആഗോളവത്ക്കരണവും സാമൂഹിക മാധ്യമങ്ങളും സൃഷ്ടിച്ച സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലത്തിലാണ് സഭയുടെ ദൗത്യം നിർവ്വഹിക്കപ്പെടുന്നത്. എന്നാൽ സാമൂഹിക രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തുണ്ടാകുന്ന വ്യതിയാനങ്ങളോ കാലത്തിന്റെ സൂചനകളോ തിരിച്ചറിയാതെ പരമ്പരാഗത ശൈലികളും സമീപനങ്ങളും ദർശന - പ്രവർത്തന പന്ഥാവുകളിൽ നിലനിർത്തിയാൽ സഭയ്ക്ക് അന്യമാകുന്നത് പുത്തൻ തലമുറയെ (new generation) ആയിരിക്കും. സഭയിൽ സംവേദനത്തിന്റെ വിവിധ തലങ്ങൾ സമഗ്രവും ഫലപ്രദവുമായി ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ കഴിയണം. അതിനായി സേവന സന്നദ്ധതയും കർമ്മശേഷിയും സർഗ്ഗപ്രതിഭയുമുള്ളവരെ കണ്ടെത്തി പരിശീലിപ്പിച്ച് സംവേദന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ കഴിയണം. ദൈവദത്തമായ സർഗ്ഗ സൃഷ്ടിയാണ് സംവേദനം. അത് ഫലപ്രദവും ദൈവികവുമായി സംവേദിപ്പിക്കുവാൻ കഴിയുമ്പോൾ സഭയുടെ സംവേദനം മനുഷ്യന്റെ നന്മയ്ക്കും സമാധാനത്തിനും ശാശ്വത ശാന്തിക്കും മുഖാന്തിരമായി തീരും. ആത്യന്തികമായി ദൈവസ്നേഹം പങ്കിടുന്ന സംവേദന സമ്പ്രദായങ്ങൾ രൂപപ്പെടുത്തുവാൻ സഭയ്ക്ക് കഴിയണം. അതിനായി ഏവരെയും ദൈവം സജ്ജമാക്കട്ടെ.

❑

# Select Bibliography


Babin, Pierre. *The New Era in Religious Communication* (USA: Fortrees Press, 1991).

Bandhu Pranjali. *Dancing to Global Capital Media in India* (Chennai: Vikas, 2001).

Bhatia, Arun. *Media and Communication Ethics* (New Delhi: Akansha, 2005)

Bluck, John. *Christian Communication Re-considered* (Geneva: WCC, 1989).

Boud - Barrett, Oliver and Peter Braham. *Media: knowledge and power* (London: Routledge, 1995).

Chaturvedi, Swati. *I am a Troll, Inside the Secret World of the BJP's digital army* (New Delhi: yuggernaut, 2016

Chirs Arthur. *The Globalization of Communication*, (Geneva: WCC, 1998).

Connor, Steven. *Post Modernist Culture: An Introduction to Theories of the Contemporary* (New York: Blackwell, 1989)

Cross, F. L. *The Oxford Dictionary of the Christian Church* (New York: Oxford University Press, 1974).

David, C. R. W. *Communication in Theological Education* (Bangalore: BTESSC, 1986).

Davies, J. G. *A Dictionary of Liturgy and Workship* (London: SCM, 1980).

Defleur, Melvin L. Ball; Rokeach Sandra. *Theories of Mass Communication* (Newyork: Longman, 1989).

Dennis, Defleur. *Understanding Mass Communication* (New Delhi : Goyl, 1991).

Dietrich, Garbrile; Bas Wielenge. *Towards Understanding Indian Soceity* (Madurai: CSAT, 1997).

Dominick, Joseph R, Roger D Wimmer, *Mass Media Research An Introduction* (New Delhi: Cengage Learning, 2012)

Dullers, Avery. *The Church is Communication* (USA: Multimedia International, 1971).

D' Abreo, Desmond. *The Mass Media and You* (Bombay: Better, 1994).

Eilers, Franz - Josef. *Communicating Between Cultures* (Indore: Satprakasham, 1993).

Eilers, Franz - Josef. *Communicating in Community* (Indore: Satprakasham, 1996).

Empereur, James. *Models of Liturgical Theology* (Nothingham: Grove Books, 1987).

Featherstone, Mike. *Consumer Culture & Post Modernity* (London: Sage, 1991).

Fore, W. F. *Television and Religion* (USA: Augstburg Press, 1987).

Fuchs, Christian. *Social Media, A critical Introduction* (New Delhi: Sage 2017)

George, K. M. *The Silent Roots* (Geneva: Risk, 1994).

Gonsalves, Peter. *Exercises in Media Education* (Bombay: Tej - Prasarini, 1995).

Gregorios, Paulos Mar. *The Secular Ideology* (Delhi: ISPCK, 1998).

Gunter, Barrie and Jill Mc Aleer. *Children and Television* (London: Routage, 1997).

Hall, Stewart etc. (ed) *Modernity An Introduction to Modern Societies* (USA: Black Well, 1997).

Herman, Edwards and Noam Chomsky. *Manufacturing Consent: The Political Economy of Mass Media* (Newyork: Random house, 2008)

Hoover, Stewart, Knut Lundby. *Rethinking Media*, *Religion and Cultur*e (London: Sage, 1997).

Jeffrey, Robin. *Media and Modernity Communications, women and the state in India* (New Delhi: Permanent Black, 2016)

Joseph, M. K. *Modern Media and communication* (NewDelhi: Anmol, 1996).

Joshi, Uma, *Text Book of Mass Communication and Media* (New Delhi: Anmol, 1999).

Karingattil, John Thomas. *The Liturgical Celebration of St. James Anaphora: An analysis from communication perspective* (Unpublished MTh thesis, 1995).

Kraemer, Hendrik. *The Communication of the Christian faith* (London: Luther Worth, 1957).

Kumar, Keval J. *Mass Communication in India* (Mumbai: Jaico, 2000).

Kumar, Keval J. *Media Education Communication and Public Policy* (Bombay: Himalaya, 1995).

Lisa, Blackman and Valeie, Walkerdine. *Mass Hysteria Critical Psychology and Media Studies* (New York: Palgrale, 2001).

Lonergam, Bernard J. F. *Method in Theology* (London: Longman and Todd, 1975).

Mac Bride, Sen. *One World, Many Voice* (Mal) (Trivandrum: SIL, 1990).

Massey, James. *Communication and Community and prophecy* (New Delhi: ISPCK, 1989).

Maurus, J. *The Art of Communicating Effectively* (Mumbai: Better, 1996).

Mc Luhan, Marshall. *Understanding Media* (London: Sphere, 1973).

McQuail, Denis. *McQuail's Mass Communication Theory* (New Delhi: Sage, 2010)

Mc Quail, Dennis. *Towards a Sociology of Mass communications* (USA: Coiller, 1975).
Meshack, Samuel. *Communication in Voluntary Action* (Chennai: Gurukul, 2000).
Meshack, Samuel (ed*). Christian Communications: Ecumenical Challenges in 21st Century* (Yogyakara: WACC Asia Region, 2011)
Narula, Uma. *Mass Communication Theory and Practice* (New Delhi: Haranad, 1998).
Oommen, M. A. *Aagolavalkaranam: Artham Vyapthy Sidhantham* (Mal) (Trivandrum: SIL, 2000).
Palakeel, Joseph (ed). *The Bible and the Technologies of the word* (Bangalore: ATC, 2007)
Plou, Dafne Sabanes. *Global Communication: Is there a place for Human Dignity* (Geneva: Risk, 1996).
Raja, John Johuva Margaret Kalaiselvi. *Introducing Communication and Media Studies to Theological Students* (Bangalore: BTESSC, 2013)
Raja, John Joshva. *Facing the Reality of Communication* (Delhi: ISPCK, 2001).
Rayudu, C. S. *Media and Communication Management* (Bombay: Himalaya, 1994).
Robinson, Gnana. *Communicating the Gospel Today* (Madurai: TTS, 1986).
Rodgers, John Bryden. *Liturgy and Communication* (England: St. Pauls, 1975).
Schramm, Wilbur. *The Story of Human Communication* (Cambridge: Harper & Row, 1988).
Singhal, Aravind. *India's Communication Revolution from Bullock Carts to Cyber Marts* (New Delhi: Sage, 2001).
Sitaram, K. S. *Culture and Communication: A world view* (Mysore: Associated, 1991).
Sogaard, Viggo. *Media in Church and Mission* (Bangalore: TBT, 1998).
Soukup, Paul A. *Communication and Theology* (London: WACC, 1983).
Srinivasan, Ramesh. *Whose Global Village, Rethinking, How Technology Shapes our world* (New Delhi: Sage 2018)
Thangaraj, M. Thomas. *Preaching as Communication* (Madurai: TTS, 1986).
Thomas, Pradip. (ed) *Communication and Human Dignity* (New Delhi: ISPCK, 1995).
Tillich, Paul. *Theology of culture* (NewYork: Oxford, 1959).
Traber, Michael (ed). *Communication in Theological Education, New Directions* (New Delhi: ISPCK, 2005)
Turner, Bryan S. *The Routledge International Hand Book of Globalization Studies* (Newyork: Routledge, 2010)

Unnikrishnan, Namita and Shailaja Bajpai. *The Impact of Television Advertising on Children* (New Delhi: Sage, 1998).

Valle, Carlos A. *Challenges on Communication* (Delhi: ISPCK, 1995).

Varghese, B. The Syriac Version of the Liturgy of St. James (Cambridge: Grove, 2001).

Vilanilam J. V. *Mass Communication Basics: A Reader for students and Practitioners* (Kochi: Kerala Press Academy, 2014)

Vivian, John. *The Media of Mass Communication* (New Delhi: PHI Learning, 2011)

Watson, James and Anne Hill. *Communication and Media Studies* (New Delhi: Universal, 1991).

World Association for Christian Communication. *Statements on Communication*(London: WACC, 1990).

Yadava, J. S. and Pradeep Mathur. *Issues in Mass Communication* (New Delhi: Kanishka, 1998).